# കേരളത്തിലെ തമിഴ്ചെട്ടികളുടെ
# ഭാഷ–ആദേശവും ഭാഷാസംരക്ഷണവും

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന പ്രബന്ധം

**മുരുകേശൻ എസ്. എസ്.**

മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല
2007

# LANGUAGE MAINTENANCE AND LANGUAGE SHIFT AMONG THE TAMIL CHETTIYARS OF KERALA

Thesis submitted to the
University of Calicut for the Degree of
Doctor of Philosophy

**MURUKESAN S. S.**

DEPARTMENT OF MALAYALAM
UNIVERSITY OF CALICUT
2007

# പ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി **മുരുകേശൻ എസ്. എസ്.**

# സാക്ഷ്യപത്രം

**ഡോ. ആർ. പി. ആസാദ്**
ലക്ചറർ (സെലക്ഷൻ ഗ്രേഡ്)
മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ് മഞ്ചേരി
(റിസർച്ച് ഗൈഡ്,
മലയാളവിഭാഗം, കോഴിക്കോട് സർവ്വകലാശാല)

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **കേരളത്തിലെ തമിഴ്ചെട്ടികളുടെ ഭാഷ–ആദേശവും ഭാഷാസംരക്ഷണവും** എന്ന ഈ പ്രബന്ധം **മുരുകേശൻ എസ്. എസ്.** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി **ഡോ. ആർ. പി. ആസാദ്**

# കൃതജ്ഞത

അപക്വമായ ആശയങ്ങളെ ഔചിത്യത്തോടെ പാകപ്പെടുത്തിയ മാർഗ്ഗനിർദ്ദേശകൻ ഡോ. ആർ.പി. ആസാദ്, ലക്ചറർ (സെലക്ഷൻ ഗ്രേഡ്), മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ്, മഞ്ചേരി, എന്നിൽ ചൊരിഞ്ഞ സ്നേഹവായ്പിനുള്ള നന്ദി വാക്കുകളിൽ പരിമിതപ്പെടുത്താവുന്നതല്ല.

മുൻ മാർഗ്ഗനിർദ്ദേശകൻ ഡോ. ജി. ബാലസുബ്രമണിയന്റെ സഹായത്തോടെയാണ് ഭാഷാശാസ്ത്രത്തെ ഗൗരവത്തോടെ സമീപിക്കാൻ ശീലിച്ചത്. അദ്ദേഹത്തോടുള്ള നന്ദിയും ബഹുമാനവും ഞാൻ വ്യക്തമാക്കുന്നു.

ആത്മവിശ്വാസം നഷ്ടപ്പെട്ടപ്പോഴെല്ലാം വീണ്ടെടുത്തുതന്ന് വിദ്യാർത്ഥി മാത്രമായിരുന്ന എന്നെ ഗവേഷകനാക്കിയത് ആത്മസുഹൃത്ത് ഗിരീഷാണ്. അദ്ദേഹത്തോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു.

ഗവേഷണത്തിനാവശ്യമായ സാഹചര്യങ്ങളൊരുക്കിത്തന്ന മലയാളവിഭാഗം വകുപ്പധ്യക്ഷൻ ഡോ. പി.എം. വിജയപ്പൻ സാറിനോടും, മുൻവകുപ്പധ്യക്ഷന്മാരായ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. എൻ. ഗോപിനാഥൻനായർ എന്നിവരോടുമുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തുന്നു.

പ്രതിസന്ധികളിൽ സമാശ്വസിപ്പിച്ചും സദുപദേശങ്ങൾ തന്നും ധൈര്യംപകർന്ന ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, രാജലക്ഷ്മി ടീച്ചർ, ഡോ. എസ്. നാരായണൻ എന്നിവരോടും ഞാൻ നന്ദിയുള്ളവനാണ്.

മലയാളവിഭാഗത്തിലെ വേലായുധേട്ടൻ, ലൈബ്രറി ജീവനക്കാർ എന്നിവരോടുള്ള നന്ദിയും ഞാൻ രേഖപ്പെടുത്തുന്നു.

ഈ പ്രബന്ധത്തിന്റെ ടൈപ്പിംഗ് വർക്കുകൾ ഭംഗിയായി നിർവ്വഹിച്ചുതന്ന ചാറ്റ്ബോക്സിലെ സിജുവിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

അച്ഛൻ, അമ്മ, അനുജൻ, ജ്യേഷ്ഠത്തി എന്നിവരോടും എനിക്ക് കടപ്പാടുണ്ട്. സുഹൃത്തുക്കളായ പ്രദീപ്, ഷാജഹാൻ, ഫ്രാൻസിസ്, യശോധരൻ എന്നിവരോടും എനിക്ക് നന്ദിയുണ്ട്. കുടുംബഭാരങ്ങൾ മുഴുവൻ സ്വയം ഏറ്റെടുത്ത് എന്നെ സ്വതന്ത്രനാക്കിവിട്ട സഹധർമ്മിണിയോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

# ഉള്ളടക്കം


**അധ്യായം 1**
## പ്രവേശിക 1–25

1.1 ഭാഷാന്യൂനപക്ഷം 1

1.1.1. അന്തർദേശീയം

1.1.2. ഇന്ത്യൻ സാഹചര്യം

1.2. പരികൽപ്പന 7

1.3 പഠനലക്ഷ്യം 8

1.4 പഠനപ്രസക്തി 9

1.5 പൂർവ്വപഠനങ്ങൾ 10

1.5.1. വൈദേശികം

1.5.2. ഭാരതീയ പഠനങ്ങൾ

1.6. പ്രബന്ധഘടന 22

1.7 പഠനപരിമിതി 25

**അധ്യായം 2**
## സൈദ്ധാന്തികപശ്ചാത്തലം 26–60

2.1 ആമുഖം 26

2.2. സാമൂഹികഭാഷാശാസ്ത്രം 26

2.3 സമൂഹവും ഭാഷയും 27

2.4 സമൂഹസമ്പർക്കവും ഭാഷാപരിണാമവും 31

2.4.1. ഭാഷാപരിണാമഹേതുക്കൾ

2.5 മാതൃഭാഷയും ഒന്നാംഭാഷയും 34

2.6 സങ്കരഭാഷയും വെങ്കലഭാഷയും 34

2.6.1. സങ്കരഭാഷ

2.6.2. വെങ്കലഭാഷ

2.7 ദ്വിഭാഷിത്വവും ബഹുഭാഷിത്വവും 35

2.8 ദ്വിഭാഷാസാഹചര്യങ്ങൾ 38

2.8.1. ദ്വിഭാഷിത്വ വിഭാഗങ്ങൾ

2.9 ഭാഷാ തിരഞ്ഞെടുപ്പ് 39

2.10 ദ്വിഭാഷിത്വവും ഇരട്ടമൊഴിയും 40

2.11 മൊഴിമാറ്റം 41

2.12 കടംവാങ്ങൽ 42

2.13 ഭാഷാസംരക്ഷണവും ആദേശവും 43

2.14 ഭാഷാപരിണാമം 45

2.15 ഭാഷാമരണം 46

2.16 ഭാഷവസ്ഥകളെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങൾ അഥവാ സാഹചര്യങ്ങൾ 50

2.17. ദ്വിഭാഷിത്വവും ബുദ്ധിവികാസവും 59

## അധ്യായം 3
## ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം

61–137

3.1. ചെട്ടികൾ 61

3.1.1. സമാനസമുദായങ്ങൾ

3.2 കേരളത്തിലെ ചെട്ടികൾ 64

3.2.1. അവാന്തര വിഭാഗങ്ങൾ

3.3. കേരളത്തിലെ തമിഴ് ചെട്ടികൾ 69

3.4. തമിഴ് വാണിയർ 72

3.5 ജാതിനാമവും തൊഴിലും 78

3.6. വാണിയ ചെട്ടികളുടെ കേരളത്തിലേക്കുള്ള കുടിയേറ്റം 79

3.7 ജനസംഖ്യ 88

3.8 തൊഴിൽ 89

3.9 സാമൂഹികസ്ഥിതി 89

3.10. സാമ്പത്തികസ്ഥിതി 99

3.11. വിദ്യാഭ്യാസം 100

3.12. സാഹിത്യം 100

3.13. വാങ്മയങ്ങൾ 103

3.14. ആരാധന 112

3.15. ആചാരങ്ങൾ 114

3.15.1. വൈവാഹികചടങ്ങുകൾ

3.15.2. ജാതകർമ്മം

3.15.3. തെരുകുളി

3.15.4. പിറന്നാൾ

3.15.5. ഉപവീത (പൂണൂൽ) ധാരണം

3.15.6. മരണാനന്തര ചടങ്ങുകൾ

3.16. ഭക്ഷണരീതി 130

3.17. വസ്ത്രധാരണം 131

3.18. ആഭരണം 132

3.19. ഇന്നത്തെ അവസ്ഥ 132

3.20. ഭാഷ 136

**അധ്യായം 4**

**രീതിശാസ്ത്രം**

**138–152**

4.1 വിഷയസമീപനം 138

4.2. റാൻഡം സാംപ്ലിംഗ് 139

4.3. സാംഖ്യികാപഗ്രഥനവും വിവരണാത്മകരീതിയും 139

4.4. പഠനമേഖല 140

4.5. ആവേദകരെ തെരഞ്ഞെടുത്തത് 141

4.6. ദത്തസംഭരണം 144

4.7. പഠനോപകരണങ്ങൾ 146

**അധ്യായം 5**

**ഭാഷാസംരക്ഷണവും ആദേശവും**

**153–339**

**മനോഭാവവും**

5.1 വ്യത്യസ്ത ഭാഷാമേഖലകളിലെ സംരക്ഷണവും ആദേശവും 153

5.1.1. ആമുഖം 153

5.1.2. വൈയക്തികം 155

5.1.3. കുടുംബപരം 162

5.1.4. സാമുദായികം 178

5.1.5. സാമൂഹികം 189
5.1.6. മാധ്യമ ഉപയോഗവും സാമൂഹികചരങ്ങളും 203
5.1.7. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാസംരക്ഷണവും ആദേശവും 226
5.2 ഭാഷാമനോഭാവം 261
5.2.1. ആമുഖം 261
5.2.2. പ്രത്യക്ഷ ഭാഷാമനോഭാവ വിശകലനം 263
5.2.3. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാമനോഭാവം 277
5.3 സംഗ്രഹം 287
5.3.1. വ്യത്യസ്ത ഭാഷാമേഖലകളിലെ സംരക്ഷണവും ആദേശവും 287
5.3.1.1. വൈയക്തികം 287
5.3.1.2. കുടുംബപരം 288
5.3.1.3. സാമുദായികം 294
5.3.1.4. സാമൂഹികം 298
5.3.1.5. മാധ്യമങ്ങളും സാമൂഹികചരങ്ങളും 302
5.3.1.6. വ്യത്യസ്ത സാമൂഹികചരങ്ങളുടെയും ഭാഷാമേഖലകളുടെയും ഭാഷാസംരക്ഷണവും ആദേശവും 311
5.3.2. ഭാഷാമനോഭാവം 325
5.3.2.1. പ്രത്യക്ഷ ഭാഷാമനോഭാവ വിശകലനം 325
5.3.2.2. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാമനോഭാവം 331

## അധ്യായം 6
## ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും
**340–396**

6.1 ആമുഖം 340
6.2 ശ്രവണം 341
6.3. ഭാഷണം 347
6.4 വായന 356
6.5 ലേഖനം 365

6.6 ഭാഷാന്തരണശേഷി 372

6.7. സംഗ്രഹം 380

**അധ്യായം 7**
## ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും 397–458

7.1 ആമുഖം 397

7.2. സ്വനിമങ്ങൾ 398

7.3. പദതലം 411

7.4. വാക്യതലം 447

7.5. സംഗ്രഹം 455

**അധ്യായം 8**
## സാംസ്കാരിക സമന്വയം 459–467

8.1 ഭക്ഷണം 460

8.2 വസ്ത്രം 460

8.3 ആഭരണങ്ങൾ 461

8.4 അലങ്കാരങ്ങൾ 461

8.5 ആചാരങ്ങൾ 462

8.6 ആരാധന 463

8.7 ഉത്സവാഘോഷങ്ങൾ 463

8.8 അധിവാസരീതി 464

8.9 കലയും സാഹിത്യവും 465

8.10 ജാതിപ്പേര് 465

8.11 പാത്രങ്ങൾ 466

8.12 സംഗ്രഹം 467

**അധ്യായം 9**
## ഉപസംഹാരം 468–475

9.1 ആമുഖം 468

9.2. നിഗമനങ്ങൾ 469

9.3 പഠനപരിമിതി 475

## ഗ്രന്ഥസൂചി 476–495

## അഭിമുഖം നൽകിയവരുടെ പേരുവിവരങ്ങൾ 496

## പദസൂചി 497

അനുബന്ധം 498–514

അധ്യായം 1

# പ്രവേശിക

# അധ്യായം 1

# പ്രവേശിക

## 1.1 ഭാഷാന്യൂനപക്ഷം

ആശയവിനിമയത്തിനായി സമൂഹം രൂപപ്പെടുത്തിയ വാചികചിഹ്ന വ്യവസ്ഥയായ ഭാഷ ആശയവിനിമയത്തിനുള്ള മുഖ്യ ഉപാധി എന്നതിലുപരി സാമൂഹിക-സാംസ്കാരിക സ്വത്വപ്രകടനോപാധി കൂടിയാണ്. ഭാഷയിലൂടെ വ്യക്തി സമൂഹാംഗമാകുന്നതുപോലെ തന്നെ സമൂഹങ്ങളിൽനിന്ന് ഉപസമൂഹങ്ങളിലേക്കും അവിടെനിന്ന് വ്യക്തിസ്വത്വത്തിലേക്കും വേർതിരിയുകയും ഒറ്റപ്പെടുകയും ചെയ്യുന്നു. ഇത്തരം വേർപെടുത്തലുകളിലൂടെയാണ് ഭാഷ സ്വത്വപ്രകടനോപാധിയാകുന്നത്.

ആഗോളവത്കരണത്തിന് ഏറ്റവും ആക്കമേറിയ ഇന്ന്, ലോകത്തിന്റെ ഏതു കോണിലുള്ള ഏതൊരാൾക്കും ഏതൊരാളുമായും ആശയവിനിമയത്തി നുതകുന്ന ഭാഷയ്ക്കുവേയുള്ള ശ്രമം തീവ്രമാണ്. പ്രാദേശിക സമൂഹ ങ്ങൾക്കും ഉപസമൂഹങ്ങൾക്കും പ്രസക്തി നഷ്ടമായിക്കൊിരിക്കുകയാണ് എന്നൊരു മറുവശവുമു്.

വിദ്യാഭ്യാസം, തൊഴിൽ, മാന്യത എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള ഉന്നമനം ലക്ഷ്യമിട്ട് സമൂഹം പുരോഗമിക്കുമ്പോൾ പ്രാദേശികഭാഷയേക്കാൾ മാനകഭാഷയും മാനകഭാഷയേക്കാൾ ആഗോളഭാഷയും തുണയാവുന്നതോടൊപ്പം പ്രാദേശിക ഭാഷകൾ ക്രമേണ പുറന്തള്ളപ്പെടുകയും ചെയ്യുന്നു.

ആഗോള മാനവസമൂഹം രൂപപ്പെടുമ്പോൾ ദേശീയവും പ്രാദേശികവും മറ്റുമായ സാംസ്കാരിക സ്വത്വസവിശേഷതകൾ ഓരോന്നായി അവഗണിക്കപ്പെടുന്നു്. ഈ മാറ്റം ഉൾക്കൊള്ളാത്തവർ ഒറ്റപ്പെട്ട ന്യൂനപക്ഷങ്ങളായി മാറുന്നു. ഭാഷയിൽ സംഭവിക്കുന്ന ഇത്തരം ഒറ്റപ്പെടലുകളുടെ പ്രകടിതരൂപമാണ് ഭാഷാന്യൂനപക്ഷ ങ്ങൾ.

ഒരു ഭാഷാസമൂഹത്തിൽ ഒരു ഭാഷയുടെ ഭാഷകർക്ക് മറ്റൊരു ഭാഷയുടെ ഭാഷകരുമായുള്ള ആപേക്ഷിക അംഗബലമാണ് ഭാഷാന്യൂനപക്ഷത്തെ നിർണ്ണയി ക്കാൻ സർവ്വസാധാരണയായി ഉപയോഗിക്കുന്ന മാനദണ്ഡം. എന്നാൽ അംഗ ബലവും ഭൂപ്രദേശപരമായ വിതരണവും സമൂഹത്തിന്റെ ഭാഷാനിർവ്വഹണത്തെ ഉൾക്കൊള്ളാത്തതിനാൽ ഭാഷാന്യൂനപക്ഷത്തിന്റെ അവസ്ഥ വിശദീകരിക്കാൻ പ ര്യാപ്തമല്ല. (1) നിശ്ചിതഭാഷാമേഖലകളിലെ പ്രയോഗപരിധി, (2) മറ്റൊരു ഭാഷാ സമൂഹത്തിന്മേലുള്ള വലിയ തോതിലുള്ള നിയന്ത്രണം, (3) സമൂഹത്തിലെ ഉന്നതപദവിയും മാന്യതയും എന്നിവ കൂടി പരിഗണിക്കേതു്. എന്നിരു ന്നാലും ഭാഷാന്യൂനപക്ഷത്തിന്റെ സ്വഭാവരൂപീകരണത്തിൽ ഭാഷാധികാര സങ്കല്പം പ്രയോഗിക്കുന്നതിന് ചില പരിമിതികളു്. ജനസംഖ്യ, പ്രാദേശിക വിതരണം, സാമൂഹികചലനാത്മകത, സമ്പത്ത്, പ്രത്യയശാസ്ത്രം, സംസ്കാരം, നഗരവല്കരണം, സാക്ഷരത, വിദ്യാഭ്യാസനിലവാരം, സജാതീയ ജനസംഖ്യ, രാഷ്ട്രീയ ചലനാത്മകത എന്നിവയാണ് സാധ്യതയുള്ള ഇതര സൂചകങ്ങൾ (Dua, 1986: 6).

ഒരു ഭാഷ സംസാരിക്കുന്ന ഭൂരിപക്ഷസമൂഹത്തിനിടയ്ക്ക് വർത്തിക്കുന്ന അംഗബലം കുറഞ്ഞ അന്യഭാഷാസമൂഹം എന്നാണ് ഭാഷാന്യൂനപക്ഷം എന്നതു കൊ് സാമാന്യമായി അർത്ഥമാക്കുന്നത്. കേരളനിവാസികളായ തമിഴരും

തമിഴകനിവാസികളായ മലയാളികളും ഭാഷാന്യൂനപക്ഷ സമൂഹങ്ങളാണ്. ലോകത്തിന്റെ ഏതാല്ലൊ കോണിലും വ്യത്യസ്ത ഭാഷാന്യൂനപക്ഷങ്ങളുണ്ട്.

ഭാഷാന്യൂനപക്ഷങ്ങൾ ലോകം മുഴുവനുണ്ട് എന്നതുകൊുതന്നെ ഭാഷാന്യൂനപക്ഷപ്രശ്നങ്ങൾ ആഗോളവ്യാപകമാണ്. ഭാഷാന്യൂനപക്ഷങ്ങളുടെ ഭാഷാസ്വത്വം, ഭാഷാസംരക്ഷണം, ആദേശം, ഭാഷാനഷ്ടം, ഭാഷാ ആസൂത്രണം, വിദ്യാഭ്യാസത്തിലെ ഉപയോഗം, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പുരോഗതി മുതലായ ഒട്ടനവധി ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ (Ibid: 1).

### 1.1.1. അന്തർദേശീയം

> ഒരുഭാഗത്ത് ലോകമാകമാനമുള്ള ഭാഷാന്യൂനപക്ഷങ്ങൾ വൻതോതിൽ സ്വത്വബോധവും സാമൂഹിക്യൈക്യബോധവും സാംസ്കാരിക സ്വയംഭരണാവകാശവും വ്യത്യസ്ത രാഷ്ട്രീയ സ്വത്വാവകാശവാദവും വ്യത്യസ്ത അളവിൽ ഗൗരവപൂർണ്ണമായും തീവ്രതയോടെയും പ്രകടിപ്പിക്കുന്നു്. മറ്റൊരു ഭാഗത്ത് ഭൂരിപക്ഷ സമൂഹങ്ങൾ ന്യൂനപക്ഷങ്ങളെ സ്വാംശീകരിക്കാനോ ന്യൂനപക്ഷ-ഭൂരി പക്ഷ ഉദ്ഗ്രഥനത്തിനോ സഹായകമാംവിധം പരിഗണന നൽകു ന്നു്. മാറ്റത്തിന്റെയും ആധുനീകരണത്തിന്റെയും പ്രക്രിയയിൽ ഭാഷയും സംസ്കാരവും സംരക്ഷിക്കുമ്പോൾ ഭാഷാന്യൂനപക്ഷ ങ്ങളുടെ പ്രശ്നങ്ങളും ന്യൂനപക്ഷ ഭൂരിപക്ഷ ബന്ധവും വളരെ പ്രാധാന്യമർഹിക്കുന്നു. ഒരുഭാഗത്ത് ഭാഷാ ഉപയോഗം, ഭാഷാ മാറ്റം, ഭാഷാ പുരോഗതി എന്നിവയും മറുഭാഗത്ത് സാമൂഹിക മാറ്റം, ചലനാത്മകത, ആധുനികവല്കരണം, ആശയവിനിമയം എന്നിവയും പ്രധാനമാണ് (Ibid: 1).

### 1.1.2. ഇന്ത്യൻ സാഹചര്യം

പാശ്ചാത്യലോകത്തിലെ ഭാഷാസാഹചര്യത്തിൽനിന്ന് ഏറെ വ്യത്യസ്ത മാണ് ഇന്ത്യൻ സാഹചര്യം. അനേകം ജാതികളാലും ഉപജാതികളാലും വിഭജിത മായ ഹിന്ദുക്കൾക്കു പുറമെ ഇസ്ലാം, ക്രിസ്ത്യൻ മുതലായ സ്വദേശമതങ്ങളായും പ്രാദേശികത, സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസ നിലവാരം, തൊഴിൽ മുതലായ അനവധി ഘടകങ്ങളാലും തികച്ചും സങ്കീർണ്ണമാണത്. ഇതിന്റെയെല്ലാം അടി സ്ഥാനത്തിൽ ഒരു സമൂഹത്തിന്റെ ഭാഷ വ്യത്യസ്തമാകുന്നു്.

ഹിന്ദുക്കളിൽത്തന്നെ അവർണഭാഷാഭേദം, സവർണഭാഷാഭേദം എന്നിങ്ങ നെയും അഹിന്ദുക്കളിൽ മുസ്ലീംഭാഷാഭേദവും ക്രിസ്ത്യൻ ഭാഷാഭേദവുമെല്ലാം നിലനിൽക്കുന്നതായി നിരീക്ഷിച്ചിട്ടു് (ഗിരീഷ്, 2001: 45–49).

> ഇന്ത്യയിലെ ജനങ്ങൾ നാല് ഭാഷാകുടുംബത്തിൽ പെടുന്നു: ആര്യൻ, ദ്രവീഡിയൻ, ടിബറ്റോ–ബർമൻ, ആസ്ട്രോ–ഏഷ്യാറ്റിക് എന്ന് സാമാന്യമായി പറയാമെങ്കിലും ഇന്ത്യൻ ഭാഷാവസ്ഥയുടെ യഥാർത്ഥ ചിത്രം വൈവിധ്യപൂർണ്ണവും അതിസങ്കീർണ്ണവുമാണ്. വംശീയം, സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം, മതപരം എന്നിവയാൽ വൈവിധ്യം പുലർത്തുന്ന ഇന്ത്യ ലോകത്തിലെ ഏറ്റവും പഴയതും സങ്കീർണ്ണവുമായ ബഹുഭാഷാസമൂഹങ്ങളിൽ ഒന്നാണ്. ഗിരിവർഗ്ഗങ്ങൾ, കുടിയേറ്റക്കാർ, ജിപ്സികൾ, അഭയാ ർത്ഥികൾ, ന്യൂനപക്ഷങ്ങൾ, വിവിധതരം ഭൂരിപക്ഷങ്ങൾ എന്നിവ യുടെ സാകല്യമാണത് (Bayer, 1986: 1).

ഇരുപത്തിര് ഔദ്യോഗികഭാഷയും നൂറുകണക്കിന് ന്യൂനപക്ഷഭാഷകളും നിലനിൽക്കുന്ന ഇന്ത്യൻ സമൂഹത്തിൽ അനേകം ദ്വിഭാഷാമേഖലകളും ബഹു ഭാഷാമേഖലകളും ഉ്.

> ഒരേ ഭാഷയിൽത്തന്നെ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത മാതൃഭാഷാ സമൂഹങ്ങളുമായുള്ള സമ്പർക്കഫലമായി വ്യത്യ

സ്തവും വിശാലവുമായ ദ്വിഭാഷിത്വം നിലനിൽക്കുന്നതായി 1961-ലെ സെൻസസ് വ്യക്തമാക്കുന്നു (Dua, 1986: 2).

അനേകം ന്യൂനപക്ഷങ്ങൾ ഉള്ള ഇന്ത്യൻ സമൂഹത്തിൽ ഭാഷാന്യൂന പക്ഷങ്ങൾ ഇല്ലാത്ത ഒരു സംസ്ഥാനം പോലും ഇല്ലെന്നുതന്നെ പറയാം. ഇന്ത്യയിലെ ഭാഷാന്യൂനപക്ഷങ്ങളുടെ സ്ഥിതി ഇതരരാജ്യങ്ങളിലേതിൽനിന്ന് തികച്ചും ഭിന്നവും അതിസങ്കീർണ്ണവുമാണ്. എങ്കിലും ഈ പ്രശ്നങ്ങൾ വേത്ര ഗൗരവത്തോടെ പരിഗണിക്കുന്നതായോ പരിഹരിക്കാൻ ശ്രമിക്കുന്നതായോ കാണുന്നില്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടു്. ഭാരതത്തെ പൊതുവെ ഭാഷാന്യൂന പക്ഷങ്ങളുടെ രാജ്യമെന്ന് പരിഗണിക്കാമെങ്കിലും വ്യവസ്ഥാപിത മാനദണ്ഡമനുസരിച്ച് ഭാഷാന്യൂനപക്ഷങ്ങളെ നിർവ്വചിക്കാനോ, വിശദീകരിക്കാനോ ഗൗരവപൂർണ്ണമായ ശ്രമങ്ങൾ നടന്നിട്ടില്ല. ഇന്ത്യൻ ഭരണഘടന ഈ കാര്യം പരിഗണിക്കുകയും ഭാഷാന്യൂനപക്ഷ സംരക്ഷണത്തിനുള്ള വ്യവസ്ഥകൾക്ക് രൂപംനൽകുകയും ചെയ്യുന്നുവെങ്കിലും ഭാഷാന്യൂനപക്ഷങ്ങളെ നിർവ്വചിക്കുകയോ തിരിച്ചറിയൽ മാനദണ്ഡങ്ങൾ നൽകുകയോ ചെയ്യുന്നില്ല (Dua, 1986: 5) എന്നതു കൊുതന്നെ ഭാരതത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ ഏതൊക്കെയാണെന്ന് നിർണ്ണയിക്കുന്നതുപോലും ദുഷ്കരമാണ്.

1956-ൽ സംസ്ഥാനങ്ങൾക്ക് രൂപംനൽകിയത് പ്രധാനമായും ഭാഷാടിസ്ഥാനത്തിലാണ്. 1956-ലെ സംസ്ഥാന പുനർരൂപീകരണ കമ്മീഷൻ റിപ്പോർട്ടിൽ പ്രഥമപരിഗണന സുരക്ഷിതത്വം, ഐക്യം, സാമ്പത്തിക പുരോഗതി എന്നിവയ്ക്കാണെങ്കിലും ഭാഷാപരമായ സജാതീയത നിർണായക പങ്കുവഹിക്കുന്നതായി പറയുന്നു (Dua, 1986: 3).

ഭാഷാപരമായ കാഴ്ചപ്പാടിൽ കർക്കശമായ സംസ്ഥാന രൂപീകരണത്തിൽ ഏകഭാഷാതത്വനിർവ്വഹണത്തിന് വ്യക്തവും

> സന്നിഗ്ധ വുമായ പരിമിതികൾ ഉായിരുന്നു. സംസ്ഥാന രൂപീകരണ കമ്മീഷൻ ഈ പരിമിതികൾ വളരെ വ്യക്തമായി പ്രസ്താവി ച്ചിട്ടുള്ളതിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശ ങ്ങളുടെയും സഹജവും സ്ഥിരവുമായ ബഹുഭാഷാസ്വഭാവം വ്യക്തമായി സൂചിപ്പിക്കുന്നു. പ്രസ്തുത പ രിമിതികൾ ഇപ്രകാ രമാണ്: (1) വ്യത്യസ്ത സംസ്ഥാനങ്ങളായി തിരിക്കാവുന്ന വിധ ത്തിലല്ല എല്ലാ ഭാഷാസമൂഹങ്ങളും ഭൂപ്രദേശപരമായി നിലനിൽ ക്കുന്നത്, (2) വ്യത്യസ്ത ഭാഷാമേഖലകൾക്കിടയ്ക്ക് അനവധി ദ്വിഭാഷിത്വ സമൂഹങ്ങൾ നിലനിൽക്കുന്നു, (3) ഏകഭാഷാ മേഖല കളിൽ സങ്കരസമൂഹങ്ങൾ നിലനിൽക്കുന്നു് (Mohanlal, 1986: 11).

അതുവരെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെയോ ഭരണസൗകര്യ ത്തിന്റെയോ അടിസ്ഥാനത്തിൽ വേർതിരിഞ്ഞിരുന്ന ഇന്ത്യൻ സമൂഹം ഭാഷാടി സ്ഥാനത്തിൽ വേർതിരിഞ്ഞത് പല പുതിയ പ്രശ്നങ്ങൾക്കും കാരണമാവു കയാണുായത്.

> ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചിട്ടും ബഹുഭാ ഷിത്വപ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ പ്രശ്നങ്ങളും പരിഹരി ക്കാനോ കുറച്ചു കൊുവരാനോ പോലും സാധിച്ചിട്ടില്ല (Dua, 1986: 2).

അതിനുപുറമെ, ഭാഷാടിസ്ഥാനത്തിൽ ഇന്ത്യൻ സമൂഹങ്ങളെ വേർതി രിച്ചത്, ഭാഷാടിസ്ഥാനത്തിൽ പ്രാദേശിക വികാരം വളരാനും അത്തരം ഭാരതമാ കമാനമുള്ള ഭാഷാന്യൂനപക്ഷങ്ങളുടെ നിലനിൽപ്പ് കൂടുതൽ അപകടകരമാ ക്കാനും ഇടയാക്കുകയും ചെയ്തു.

1.1.2.1. ഇന്ത്യൻ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ

ഏതൊരു ഭാരതീയനും ഭാരതത്തിലെവിടെയും നിർബാധം സഞ്ചരിക്കാനും അധിവസിക്കാനും തൊഴിൽ ചെയ്യാനും അവകാശമു്. ഈ സാധ്യത ആഭ്യന്തര കുടിയേറ്റത്തിന് ഏറെ സഹായകമാണ്. മെച്ചപ്പെട്ട ജീവിതനിലവാരം തേടി ജനലക്ഷങ്ങൾ അന്തർസംസ്ഥാനകുടിയേറ്റം നടത്തുന്നു്.

ഏകഭാഷികളായ കുടിയേറ്റ സമൂഹങ്ങളുടെ കുടിയേറിയ പ്രദേശത്തെ ഭൂരിപക്ഷസമൂഹവുമായുള്ള സഹവർത്തിത്വം, ഭാഷാസംസ്കാര വൈവിധ്യവുമായി ഭാരതീയരെല്ലാം പൊതുവെ പൊരുത്തപ്പെട്ടതുകൊ് പ്രയാസകരമല്ല. എന്നാൽ ന്യൂനപക്ഷങ്ങളായ കുടിയേറ്റ സമൂഹങ്ങളിലെ ഇളംതലമുറയ്ക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം നേടാനുള്ള സാഹചര്യം ഇന്ത്യയിൽ കുറവാണ്. ഇത്തരം സമൂഹങ്ങൾ മിക്കവാറും ഗാർഹികാന്തരീക്ഷത്തിൽ സംസാരിക്കുന്നത് കുടിയേറ്റത്തിനു മുമ്പുള്ള സ്ഥലത്തെ ഭാഷയായിരിക്കും. ഔപചാരിക വിദ്യാഭ്യാസകാലം വരെ ശിശുക്കൾക്ക് പൊതുവെ ഗാർഹികേതര സമൂഹവുമായുള്ള ബന്ധം നന്നേ കുറവായതിനാലും ഭൂരിപക്ഷഭാഷ സ്വായത്തമാക്കാനാകുന്നില്ല. വിദ്യാലയത്തിലെത്തുന്ന കുട്ടികൾ വീട്ടിലെ ഭാഷയും വിദ്യാലയഭാഷയും തമ്മിൽ വ്യവച്ഛേദിച്ചറിയുന്നതിലും വിദ്യാഭ്യാസഭാഷയിൽ പ്രാവീണ്യം നേടുന്നതിലും പരാജയം നേരിടുന്നു. സമൂഹത്തിന്റെ ഭാവിപുരോഗതിക്ക് ചുക്കാൻ പിടിക്കേ ഇളംതലമുറയുടെ വിദ്യാഭ്യാസപരമായ അധഃപതനം ഇത്തരം ന്യൂനപക്ഷങ്ങളുടെ സർവ്വതോന്മുഖമായ (സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാ രികവും മറ്റുമായ) പ ിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു. ഇതാണ് ഭാരത ത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം.

## 1.2. പരികൽപ്പന

1. മാതൃഭാഷാസംരക്ഷണത്തിന് അനുകൂലമായ സാഹചര്യങ്ങളുടെ അഭാവത്തിൽ, ഭൂരിപക്ഷസമൂഹത്തിന്റെ ഭാഷ സ്വായത്തമാക്കുകയല്ലാതെ സ്വന്തം നിലനിൽപ്പിനും പുരോഗതിക്കും മറ്റു വഴിയില്ലെന്ന് തിരിച്ചറിയുന്ന ന്യൂന പക്ഷ ഭാഷാസമൂഹങ്ങൾ സ്വാഭാവികമായും സാഹചര്യത്തിന് വഴങ്ങു കയും ക്രമേണ സാംസ്കാരികാദേശം, ഭാഷാദേശം, സാംസ്കാരിക സ്വത്വനഷ്ടം, ഭാഷാസ്വത്വനഷ്ടം എന്നിവയിലൂടെ കടന്നുപോകുകയും ചെയ്യുന്നു. ഇന്ത്യൻ സാഹചര്യത്തിൽ ന്യൂനപക്ഷങ്ങൾക്ക് ഭാഷയും സാംസ്കാരികസ്വത്വവും എക്കാലവും സംരക്ഷിക്കാനാകുന്നില്ല. ഈ പൊതുതത്വത്തിന് അനുഗുണമായി കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷയും സംസ്കാരവും സമ്പർക്ക ഭൂരിപക്ഷ സമൂഹമായ മലയാളി സമൂഹത്തിന്റേതിനോട് വിട്ടുവീഴ്ചകൾക്ക് തയ്യാറായിട്ടു്.

2. കുടിയേറ്റത്തിന്റെ കാലദൈർഘ്യം, അധിവാസമാതൃക, സ്ത്രീ–പുരുഷ വ്യത്യാസം (ലിംഗം), വിദ്യാഭ്യാസം, സാമ്പത്തികനില, സാമൂഹികസ്ഥിതി എന്നിവ ദ്വിഭാഷാസമൂഹത്തിന്റെ ഭാഷ–ആദേശം, ഭാഷാസംരക്ഷണം, സംസ്കാരാദേശം, സംസ്കാരസംരക്ഷണം എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

3. സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും ഫലമായി ന്യൂനപക്ഷ സമൂഹമായ തമിഴ്വാണിയരുടെ ഭാഷയും സംസ്കാരവും ഭൂരിപക്ഷ സമൂഹമായ മലയാളികളുടേതിനോട് ഉന്മുഖമായി പരിണാമത്തിന് വിധേയമായിട്ടുാകും.

## 1.3 പഠനലക്ഷ്യം

ഭൂരിപക്ഷ സമൂഹവുമായി സമ്പർക്കത്തിലും സഹവർത്തിത്വത്തിലും ഏർപ്പെടേിവരുന്ന ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷസമൂഹത്തിന്റെ സാംസ്കാരി കതയെ സ്വാധീനിക്കേി വരികയോ ഭൂരിപക്ഷ സമൂഹത്തിന്റെ സാംസ്കാരിക തയുടെ സ്വാധീനത്തിന് വഴങ്ങിക്കൊടുക്കേിവരികയോ ചെയ്യാം. ന്യൂനപക്ഷ–ഭൂരിപക്ഷ സഹവർത്തിത്വസാഹചര്യത്തിൽ സുപ്രധാന സാംസ്കാരിക ഘടകങ്ങ ളിൽ ഒന്നായ ഭാഷ മാത്രമായി മാറിനിൽക്കുന്നില്ല. ലോകമാകമാനം നടന്നിട്ടുള്ള സാമൂഹികഭാഷാശാസ്ത്രപഠനങ്ങളിൽ നിന്നുരുത്തിരിഞ്ഞിട്ടുള്ള ഈ ഭാഷാതത്വ ങ്ങളുടെ സാധുത എത്രത്തോളമെന്ന്, കേരളത്തിലെ കുടിയേറ്റ ഭാഷാന്യൂനപക്ഷ സമൂഹങ്ങളിലൊന്നായ തമിഴ് വാണിയരുടെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ മുൻനിർത്തിക്കൊള്ള അന്വേഷണത്തിലൂടെ കത്തെുക യെന്നതാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. ലക്ഷ്യനിർവ്വഹണത്തിനായി, കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷയും സംസ്കാരവും ആദേശത്തിനു വിധേയമായിട്ടുോ എന്നും ഉങ്കെിൽ എത്രത്തോളം എന്നും വസ്തുനിഷ്ഠ മായും വിശദമായും കത്തേതു്. സാമൂഹികസ്വത്വവും ഭാഷാസ്വത്വവും പ രസ്പരബന്ധിതവും പൂരകവുമാണ്. കേരളത്തിലെ തമിഴ് വാണിയരുടെ സാമൂഹിക–ഭാഷാ അവസ്ഥകളിൽ ഈ തത്വം എത്രത്തോളം പ്രസക്തമാണ് എന്നു കത്തെലാണ് മറ്റൊരു ലക്ഷ്യം.

സാമൂഹിക–സാമ്പത്തിക–രാഷ്ട്രീയ സാഹചര്യങ്ങൾ ഭാഷാമനോഭാ വത്തെ ശക്തമായി സ്വാധീനിക്കും. ഇത്തരം സാഹചര്യങ്ങൾ കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാമനോഭാവത്തെ എത്രത്തോളം സ്വാധീനിക്കുകയോ രൂപപ്പെ ടുത്തുകയോ ചെയ്തിട്ടു് എന്ന് കത്തെുക എന്നൊരു ലക്ഷ്യവും ഈ പഠനം നിർവ്വഹിക്കുന്നു്.

കുടിയേറ്റകാലം, മാതൃഭൂമിയുമായി സമ്പർക്കത്തിലേർപ്പെടാനുള്ള സാഹ ചര്യം, ആരാധനാലയങ്ങൾ, സമുദായ സംഘടനകൾ, വിദ്യാഭ്യാസ സാഹചര്യം,

പ്രായം, ലിംഗം, വയസ്സ്, തൊഴിൽ സാഹചര്യം, സാമ്പത്തിക സ്ഥിതി, മാധ്യമ സാഹചര്യം എന്നിവ എങ്ങനെയാണ് ഭാഷാസംരക്ഷണത്തേയും ആദേശത്തെയും സ്വാധീനിക്കുന്നത് എന്ന്, കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാവസ്ഥകളിലൂടെ കണ്ടെത്താനും ഈ പഠനം ലക്ഷ്യമാക്കുന്നു്.

## 1.4 പഠനപ്രസക്തി

സ്വത്വശൈഥില്യം സംഭവിക്കുന്ന സമൂഹങ്ങൾക്ക് സ്വന്തം സംസ്കാരത്തോട് – വിശിഷ്യാ ഭാഷയോട് – ഉള്ള മനോഭാവം എപ്രകാരമാണ് രൂപപ്പെടുന്നത് എന്നും രൂപപ്പെട്ട മനോഭാവങ്ങൾ എങ്ങനെയാണ് ഭാഷയും ഇതര സാംസ്കാരിക സവിശേഷതകളും നഷ്ടമാകാനും നഷ്ടമാകാതിരിക്കാനും കാരണമാകുന്നത് എന്നും വ്യക്തമാക്കുന്നതിനാൽ ഈ പഠനം പ്രസക്തമാകുന്നു.

ഭാഷാനഷ്ടമെന്നത് സംസ്കാരനഷ്ടവും ഭാഷാസംരക്ഷണമെന്നത് സംസ്കാരസംരക്ഷണവും ആണ് എന്നതിനാൽ ഭാഷയും സംസ്കാരവും തമ്മിലുള്ള പാരസ്പര്യം എന്തെന്ന് കണ്ടെത്താൻ സഹായിക്കുന്നതായിരിക്കും എന്നതിനാൽ സംസ്കാര പഠിതാക്കൾക്കെന്നപോലെതന്നെ ഭാഷാശാസ്ത്ര പഠിതാക്കൾക്കും സഹായകമാകും.

സംസ്കാരത്തെ ആചാരവിശ്വാസങ്ങൾ, കല, സാഹിത്യം മുതലായവയിലൂടെ കണ്ടെത്തുന്ന വ്യവസ്ഥാപിത രീതിയിൽനിന്ന് വ്യത്യസ്തവും തികച്ചും നൂതനവുമായൊരു രീതിയാണ് ഭാഷയിലൂടെ കണ്ടെത്താനുള്ള ശ്രമം. വളരെ കുറച്ച് പഠനങ്ങളേ ഇത്തരത്തിൽ നടന്നിട്ടുള്ളു. ഈ അപൂർവ്വതയും നൂതനത്വവും ഈ പഠനത്തെ കൂടുതൽ പ്രസക്തമാക്കുന്നു. മാറ്റത്തിന്റെയും ആധുനീകരണത്തിന്റെയും പ്രക്രിയയിൽ ഭാഷയും സംസ്കാരവും സംരക്ഷിക്കുമ്പോൾ ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളും ന്യൂനപക്ഷ–ഭൂരിപക്ഷ ബന്ധവും വളരെ പ്രാധാന്യമർഹിക്കുന്നു. ഒരുഭാഗത്ത് ഭാഷാ ഉപയോഗം, ഭാഷാ മാറ്റം, ഭാഷാ പ

ുരോഗതി എന്നിവയും മറുഭാഗത്ത് സാമൂഹികമാറ്റം, ചലനാത്മകത, ആധുനിക വല്കരണം, ആശയവിനിമയം എന്നിവയും പ്രധാനമാകുന്ന സമകാലിക സാമൂഹികസാഹചര്യത്തിൽ ഈ പഠനം ഏറെ പ്രസക്തമാവുന്നു. കേരളത്തിൽ കുടിയേറി താമസിക്കുന്ന തമിഴ്വാണിയരുടെ ഭാഷാ-സംസ്കാരത്തിൽ വന്ന ആദേശത്തെയും സംരക്ഷണത്തെയും കുറിച്ച് സമഗ്രമായൊരു പഠനം ഇതുവരെ ഉായിട്ടില്ലെന്നതും ഈ പഠനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

## 1.5 പൂർവ്വപഠനങ്ങൾ

### 1.5.1. വൈദേശികം

ബഹുഭാഷിത്വവും ഭാഷാന്യൂനപക്ഷങ്ങളും ഭാഷാസംരക്ഷണ പ്രശ്നങ്ങളും ലോകവ്യാപകമാണ്. അതു സംബന്ധിച്ച പഠനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇന്നും നടന്നുകൊിരിക്കുകയാണ്.

#### 1.5.1.1. അമേരിക്ക

ടി. ലീയും, ഡി. മക്ലാഗ്ലിനും ചേർന്ന് നവജോ ഭാഷയിൽ സംഭവിച്ചിട്ടുള്ള ആദേശത്തെക്കുറിച്ച് നടത്തിയ പഠനം പ്രശസ്തമാണ്. ന്യൂയോർക്കിൽ സ്പാനിഷ് ഭാഷ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒ. ഗാർഡിയ, ജെ.എൽ. മോറിൻ, കെ. റിവേറ എന്നിവർ ചേർന്നു നടത്തിയ (Gardia, Morin and Rivera) പഠനവും ശ്രദ്ധേയം തന്നെ. ക്യൂബെക് ഭാഷയിലെ ആദേശത്തെക്കുറിച്ച് ആർ.വൈ. ബോറിസ് (R.Y. Bohrhis) നടത്തിയ പഠനമാണ് മറ്റൊന്ന്. വൈ. ലാസ്ട്ര (Y. Lastra), ഒടോമി (Otomi) ഭാഷ-ആദേശത്തെക്കുറിച്ച് പഠിച്ചിട്ടു്. ദക്ഷിണ അമേരിക്കയിലെ ഖചാ (Quechua) ഭാഷയിലെ ആദേശവും എൻ.എസ്. ഹോൺബെർഗറും (N.S. Hornberger), കെ.എ. കിംഗും (K.A. King) ചേർന്ന് പഠിച്ചിരിക്കുന്നു (Fishman, 2001: 1-194).

1.5.1.2. യൂറോപ്പ്

ഐറിഷ് ഭാഷയുടെ പരിണാമാവസ്ഥകളാണ് പി.ഒ. റിയാഗെയ്ൻ (Riagain) പഠിച്ചിരിക്കുന്നത്. ഫ്രിസിയൻ ഭാഷയിലെ ആനുകാലിക ഭാഷ-ആദേശം ഡി. ഗോർടറും (Gorter) ബാസ്ക് ഭാഷയിലെ ആദേശം എം.ജെ. അസർമെൻഡി (Azarmendi), ഇ. ബച്ചോക് (Bachoc), എഫ്. സബലേത (Zabaleta) എന്നിവർ ചേർന്നും, കറ്റാലൻ ഭാഷയെക്കുറിച്ച് എം. സ്ട്രുബെല്ലും (Strubell) പഠിച്ചിരിക്കുന്നു (Ibid: 195-283).

1.5.1.3. ആഫ്രിക്കയും ഏഷ്യയും

ഇ. അഡെഗ്ബിജ (E. Adegbija) ആഫ്രിക്കയിലെ ഒകോ ഭാഷയെക്കുറിച്ച് പഠിച്ചിട്ടു്. ഇ. അണ്ണാമലയും, വി. ജ്ഞാനസുന്ദരവും (E. Annamalai and V. Gnanasundaram) ചേർന്ന് ആന്തമാൻ ഭാഷയുടെ ഭീഷണികൾ പഠനവിധേയമാക്കിയിട്ടു്. ജപ്പാനിലെ അയ്നു ഭാഷയെക്കുറിച്ച് ജെ.സി. മാഹെറും (J.C. Maher), ഹീബ്രു ഭാഷയുടെ പ്രശ്നങ്ങൾ ബി. സ്പോൾസ്കി, ഇ. ഷെഹാമി (B. Spalsky and E. Shohamy) എന്നിവരും ചേർന്ന് പഠിച്ചിരിക്കുന്നു (Ibid: 284-350).

### 1.5.2. ഭാരതീയ പഠനങ്ങൾ

ഡൽഹി നിവാസികളായ പഞ്ചാബികൾക്കിടയിലെ മാതൃഭാഷാ സംരക്ഷണത്തെക്കുറിച്ച് രഞ്ജിത്ത് സിംഗ് രംഗില നടത്തിയ സാമൂഹിക ഭാഷാശാസ്ത്രപഠനം ശ്രദ്ധേയമാണ് (Ranjith Singh Rangila, 1986).

അഞ്ച് ദീർഘ അധ്യായങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്ന പ്രബന്ധം ശാസ്ത്രീയവും സമഗ്രവും വിശദവുമാണ്. ഒന്നാമധ്യായത്തിൽ പഞ്ചാബിന്റെ വിഭജനത്തിനു മുമ്പും ശേഷവും ഉള്ള ഭാഷാ പശ്ചാത്തലം വിലയിരുത്തി ക്കൊ ാണ് പഠനം ആരംഭിക്കുന്നത്. പിന്നീട് ഡൽഹിയിലെ സാഹചര്യം വിശദീ കരിക്കുന്നു. തുടർന്ന് സ്വാതന്ത്ര്യാനന്തരകാലത്തെ ഡൽഹിയിലെ പഞ്ചാബി സമൂഹത്തെയും അവരുടെ ഭാഷയെയും പഠനത്തിന് വിധേയമാക്കുന്നു.

രാമധ്യായത്തിൽ ഭാഷണത്തിന്റെ ഭിന്നസാഹചര്യങ്ങൾ കത്തെി, അവയിൽ എത്രത്തോളം ഭാഷാസംരക്ഷണം നിലനിൽക്കുന്നു് എന്നാണ് വിശദമായി പഠിക്കുന്നത്. വീട്, സൗഹൃദകൂട്ടായ്മ, ആരാധനാലയം, മാർക്കറ്റ്, തൊഴിൽശാല, യാത്ര, വിദ്യാലയം എന്നിവയാണ് പഠനവിധേയമാക്കുന്ന പ്രധാന ഭാഷാമേഖലകൾ.

ഭാഷാമനോഭാവം, ഭാഷാനൈപുണ്യം, ഉപയോഗം എന്നിവയുടെ വിശദ പഠനമാണ് മൂന്നാമധ്യായത്തിൽ. എഴുത്തിലും വായനയിലും പുലർത്തുന്ന മാതൃ ഭാഷാ സംരക്ഷണം ഈ അധ്യായത്തിൽ പഠനവിധേയമാകുന്നു്. ദിനപത്രം, മാസിക, ചെറുകഥകളും നോവലുകളും എന്നിവയാണ് തെരഞ്ഞെടുത്ത വായനാ തലങ്ങൾ. ചിന്തിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്ന ഭാഷയേതെന്ന അന്വേഷണവും പഠിതാവ് അന്വേഷിക്കുന്നു്.

വിദ്യാർത്ഥികൾക്കിടയിലെ ഭാഷണത്തിലെ മാതൃഭാഷാ സംരക്ഷണം നാലാം അധ്യായത്തിൽ വിശദമായി പഠിക്കുന്നു.

അഞ്ചാമധ്യായം ഉപസംഹാരവും പഠനപരിമിതികളുടെ വിശദീകരണവും അനന്തര പഠനസാധ്യതകളുടെ ചൂിക്കാട്ടലും മറ്റുമാണ്.

ഡൽഹിയിൽ പഞ്ചാബിഭാഷ, ഹിന്ദി, ഇംഗ്ലീഷ് എന്നിവക്കിടയ്ക്കാണ് നിലനിൽക്കുന്നത്. രാഷ്ട്രഭാഷയായ ഹിന്ദിക്കും ലോകഭാഷയായ ഇംഗ്ലീഷിനു മിടയ്ക്ക് നിലനിൽക്കുന്ന ന്യൂനപക്ഷഭാഷ എന്ന സ്ഥാനമാണ് പഞ്ചാബിക്കുള്ളത്.

പഞ്ചാബി സിക്കുകാർ ഡൽഹിയിൽ പഞ്ചാബി ഭാഷ നിലനിർത്തുകയും ഹിന്ദുക്കൾ പഞ്ചാബി ഉപേക്ഷിച്ച് ഹിന്ദിയിലേക്കും അവിടെനിന്ന് ഇംഗ്ലീഷി ലേക്കും മാറിയിട്ടുാകും എന്ന പരികല്പന തെറ്റാണെന്നാണ് പഠനത്തിലൂടെ ക ത്തിയിരിക്കുന്നത്. പഞ്ചാബികളും സിക്കുകാരും ഹിന്ദുക്കളും മാതൃഭാഷ ആശാവഹാമാംവിധം സംരക്ഷിക്കുന്നു് എന്നതാണ് പഠനത്തിന്റെ നിഗമനം.

ബാംഗ്ലൂർ അനവധി ഭാഷാന്യൂനപക്ഷങ്ങളെ ഉൾക്കൊള്ളുന്ന വൻനഗര ങ്ങളിലൊന്നാണ്. തമിഴ് ന്യൂനപക്ഷങ്ങൾ തന്നെ അവിടെ പലതു്. അതിലൊന്നാണ് മുതലിയാർ എന്നറിയപ്പെടുന്ന ജാതി. മറ്റൊരു ജാതിയാണ് അയ്യങ്കാർ. ഈ ജാതികൾക്കിടയിലെ തമിഴ് പരിണാമവും ആദേശവുമാണ് സാം മോഹൻലാൽ പഠനവിധേയമാക്കിയത് (Mohanlal Sam, 1986). സാമൂഹിക ഭാഷാശാസ്ത്രരീത്യാ നിർവ്വഹിച്ചിരിക്കുന്ന പഠനം ശാസ്ത്രീയവും സംക്ഷിപ്ത വുമാണ്.

മൂന്ന് അധ്യായങ്ങളിലായാണ് പ്രബന്ധം അവതരിപ്പിച്ചിരിക്കുന്നത്. പ്രാഥ മികാധ്യായത്തിൽ അനുബന്ധപഠനങ്ങളുടെ അവലോകനം, പഠനമേഖലാ നിർണ്ണയനം, പഠനമേഖലയുടെ ഭാഷാപശ്ചാത്തലം, രീതിശാസ്ത്രം, സൈദ്ധാ ന്തിക പശ്ചാത്തലം, ദത്തസംരക്ഷണമേഖല, ദത്തസംഭരണതന്ത്രങ്ങൾ, വിശകലന തന്ത്രങ്ങൾ എന്നിവ വിശദമായി പഠിക്കുന്നു. കൂടാതെ അയ്യങ്കാർ സമൂഹത്തി നിടയിലെ ഭാഷാപരിണാമവും ആദേശവും വിശദപഠനവിധേയമാക്കുന്നു.

മുതലിയാർ സമൂഹത്തിന്റെ ചരിത്രം, സമുദായത്തിനിടയ്ക്കുള്ള ഭാഷോ പയോഗം, ദത്തസംഭരണ പ്രശ്നങ്ങൾ, വ്യാകരണ തലത്തിലെ ഭാഷാപരിണാമം എന്നിവയാണ് രാം അധ്യായത്തിന്റെ പ്രതിപാദ്യം.

ആവേദകരുടെ പശ്ചാത്തലം, തമിഴ്നാടുമായുള്ള ബന്ധം, ഭാഷാമനോ ഭാവം, സ്വനതലത്തിലും വിഭക്തികാര്യങ്ങളിലുമുള്ള ഭാഷാപരിണാമങ്ങൾ എന്നി വയാണ് മൂന്നാം അധ്യായത്തിൽ വിശദീകരിക്കുന്നത്.

ഇരു സമുദായങ്ങൾക്കിടയ്ക്കും ഭാഷ പരിണമിക്കുന്നു് എന്ന പൊതു നിഗമനം ഭാഷാശാസ്ത്രതത്വങ്ങൾക്ക് നിരക്കുന്നതാണ്. ഇരുവിഭാഗങ്ങളിലുമുള്ള ഭാഷാപരിണാമത്തിലും ആദേശത്തിലും ഈഷൽഭേദം സംഭവിക്കുന്നതായി ഗവേഷകൻ കത്തെുന്നു്. കുടിയേറ്റത്തിന്റെ കാലപ്പഴക്കമാണ് മുതലിയാ ന്മാരിലെ ഭാഷ–ആദേശത്തെ ഏറ്റവും സ്വാധീനിക്കുന്നതായി കത്തെി യിരിക്കുന്നത്. സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസം എന്നിവയ്ക്ക് കുറഞ്ഞ സ്വാധീനമേ ഇക്കാര്യത്തിലുള്ളു എന്നാണ് കത്തെൽ.

മുതലിയാരന്മാരിൽ അയ്യങ്കാർ ജാതിക്കാരെ അപേക്ഷിച്ച് ഭാഷ–ആദേശ തോത് കുറവാണ്. സാമ്പത്തികവും സാമൂഹികവുമായി ഉന്നതിയിലുള്ളവരിൽ കൂടുതലായി ആദേശം സംഭവിക്കുന്നു; പ്രത്യേകിച്ച് കുട്ടികളിൽ.

എല്ലാ കത്തെലുകളും സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പൊതുതത്വ ങ്ങളോട് സർവ്വഥാ ഒത്തുപോകുന്നതാണ്.

മൈസൂർ നഗരത്തിലെ ഭാഷാന്യൂനപക്ഷങ്ങളിൽ ഒന്നാണ് ദക്കിണി ഉറുദു ഭാഷകർ. അവരുടെ ഭാഷോപയോഗം, മനോഭാവം, സ്വത്വം എന്നിവയെക്കുറി ച്ചുള്ള സാമൂഹിക ഭാഷാശാസ്ത്രപഠനമാണ് ഹാൻസ് ആർ. ദുആ (1986) നിർവ്വഹിച്ചിരിക്കുന്നത്.

പഠനപശ്ചാത്തലമെന്നോണം ഇന്ത്യയിലെ ഭാഷാന്യൂനപക്ഷങ്ങളെ കുറിച്ചുള്ള വിഹഗവീക്ഷണം ഗവേഷകൻ നിർവ്വഹിക്കുന്നു്. അനന്തരം രീതിശാസ്ത്രവിശദീകരണവും പിന്നീട് വിശദപഠനവും നിർവ്വഹിക്കുന്നു.

പൊതുസാഹചര്യങ്ങളിലെ ഭാഷോപയോഗം, കുടുംബസാഹചര്യങ്ങളിലെ ഭാഷാമനോഭാവം, വിദ്യാഭ്യാസ മേഖലയിലെ ഭാഷാ മനോഭാവവും ഉപയോഗവും, പൊതുമാധ്യമങ്ങളിലെ ഭാഷോപയോഗം എന്നീ കാര്യങ്ങൾ വളരെ വിശദമായിപഠിക്കുന്നു്.

പ്രായവ്യത്യാസം ഭാഷാവസ്ഥകളെ സാരമായി നിർണ്ണയിക്കുന്നു് എന്നതാണ് ഒരു പ്രധാന നിഗമനം. സാമൂഹിക ഭാഷാസാഹചര്യവും വളരെ നിർണ്ണായകമായ ഒന്നാണെന്ന് ഗവേഷകൻ കത്തെുന്നു്.

ബാംഗ്ലൂർ നഗരത്തിലെ തമിഴർക്കിടയിലെ ഭാഷാസംരക്ഷണത്തെക്കുറിച്ചുള്ളതാണ് ജെന്നിഫർ മേരി ബേയറുടെ (1981) ഗവേഷണം.

അയ്യങ്കാർ, മുതലിയാർ, ക്രിസ്ത്യൻ എന്നിങ്ങനെ മൂന്ന് ഉപസമൂഹങ്ങളുടെ സഞ്ചയമാണ് മേരി ബേയർ സ്വീകരിക്കുന്ന ബാംഗ്ലൂരിലെ തമിഴ് സമൂഹം. യഥാക്രമം 80, 68, 144 എന്നിങ്ങനെ അംഗങ്ങളാണ് (ആകെ 292) ആവേദകർ. പ്രായം, ലിംഗം, വിദ്യാഭ്യാസം, ജോലി എന്നിങ്ങനെ വിവിധ സാമൂഹിക ചരങ്ങളായി വേർതിരിച്ചു കൊാണ് പഠനനിർവ്വഹണം.

ബാംഗ്ലൂരിലെ ബഹുഭാഷാ പശ്ചാത്തലത്തിലേക്ക് തമിഴ് ഭാഷകർ കുടിയേറിയ ചരിത്രസാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഭാഷാസംരക്ഷണത്തിന്റെ സാമൂഹിക ഭാഷാശാസ്ത്രതത്വസാധുത്വം ഗവേഷക വിലയിരുത്തുന്നത്.

മൂന്ന് ഉപസമൂഹങ്ങളുടെ ഭാഷാവസ്ഥകൾ അന്യോന്യഭിന്നമാണെന്നാണ് പഠിതാവിന്റെ നിഗമനം.

അയ്യങ്കാരുകൾ ഒന്നാംസ്ഥാനം ഇംഗ്ലീഷിനും കന്നടയ്ക്കും തമിഴിനും യഥാക്രമം രും മൂന്നും സ്ഥാനവുമാണ് നൽകുന്നത്. മുതലിയാർ ഒന്നാം സ്ഥാനം തമിഴിനും രാം സ്ഥാനം ഇംഗ്ലീഷിനും മൂന്നാം സ്ഥാനം കന്നട യ്ക്കും നൽകുന്നു. ക്രിസ്ത്യാനികൾ കൂടിയ മുൻഗണന തമിഴിനും പിന്നീട് ഇംഗ്ലീഷിനും മൂന്നാംസ്ഥാനം കന്നടയ്ക്കും നൽകുന്നു. ഈ മനോഭാവവും നിലപാടും അവരുടെ ഭാഷാസംരക്ഷണത്തെയും ആദേശത്തെയും സ്വാധീനി ക്കുന്ന നിർണ്ണായക ഘടകങ്ങളാണ്.

ഗാർഹികം, വിദ്യാഭ്യാസപരം, വൈയക്തികം, അന്തർസമൂഹികം, സൗഹൃദം, തൊഴിൽപരം എന്നിങ്ങനെ വിഭിന്ന ഭാഷാമേഖലകളിൽ നിലനിൽ ക്കുന്ന ഭാഷാസംരക്ഷണവ്യവസ്ഥകൾ വിശദമായി പഠിതാവ് വിശകലനം ചെയ്യുന്നു്.

ലിംഗഭേദം, തൊഴിൽസാധ്യതകൾ എന്നിവ ഭാഷാമനോഭാവത്തെയും സംരക്ഷണത്തെയും എപ്രകാരം സ്വാധീനിക്കുന്നു് എന്നത് സാമൂഹിക ഭാഷാശാസ്ത്രദൃഷ്ട്യാ വിശദീകരിക്കുന്നു്.

ബഹുഭാഷാ സമൂഹത്തിൽ നിലനിൽക്കുന്ന ദ്വിഭാഷിത്വത്തിന്റെ സാമൂഹി കവും വിദ്യാഭ്യാസപരവും ബുദ്ധിപരവുമായ പ്രത്യേകതകളുടെ സൈദ്ധാന്തിക വിശകലനമാണ് അജിത് കെ. മൊഹന്തി നിർവ്വഹിച്ചിരിക്കുന്നത് (Ajit K. Mohanty, 1994).

ദ്വിഭാഷിത്വസവിശേഷതകൾ, ബുദ്ധിവികാസവും ദ്വിഭാഷിത്വവും തമ്മി ലുള്ള പരസ്പരബന്ധം, ദ്വിഭാഷിത്വം വിദ്യാഭ്യാസമേഖലയിലുളവാക്കുന്ന പ്രത്യാ ഘാതങ്ങൾ, ഇന്ത്യൻ സാഹചര്യം, ദ്വിഭാഷിത്വവും മാതൃഭാഷാ സംരക്ഷണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സാമൂഹിക മനഃശാസ്ത്ര വിശകലനം, ദേശീയോ

ദ്ഗ്രഥനവുമായുള്ള ബന്ധത്തെക്കുറിച്ച് സാമൂഹിക മനഃശാസ്ത്ര പഠനം, ബഹുഭാഷിത്വവും മാതൃഭാഷാ സംരക്ഷണവും ഭാഷാധ്യാപനവും തമ്മിലുള്ള പരസ്പര ബന്ധം, ഇന്ത്യൻ ഭാഷാന്യൂനപക്ഷങ്ങളുടെ ബഹുഭാഷാ വിദ്യാഭ്യാസം എന്നിങ്ങനെ ബഹുഭാഷിത്വവുമായി ബന്ധപ്പെട്ട അനവധി വിഷയങ്ങൾ പഠനവിധേ യമാകുന്നു്.

പഠനം പ്രധാനമായും സൈദ്ധാന്തികമാണ്. ഒറീസ്സയിലെ ഗിരിവർഗ്ഗ ജനതയായ കോ് ജനതയിലെ ബഹുഭാഷിത്വത്തിന്റെ ബുദ്ധിപരവും വിദ്യാഭ്യാസ പരവുമായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഒരു അധ്യായം മാത്രമാണ് സവിശേഷപഠനം എന്നു പറയാവുന്നത്.

ദ്വിഭാഷിത്വ-ബഹുഭാഷിത്വ പ്രതിഭാസങ്ങളുടെ സൂക്ഷ്മവും വിശദവുമായ ശാസ്ത്രീയ വിശകലനമാണ് പ്രബന്ധം.

ബഹുമുഖ ദ്വിഭാഷിത്വം ഭാഷാപരിണാമത്തിനും സാംസ്കാരിക സമന്വയത്തിനും ഏകമുഖ ദ്വിഭാഷിത്വം അധീശഭാഷയിൽനിന്ന് വിധേയഭാഷയിലേക്കുള്ള ഭാഷാംഗങ്ങളുടെ ആദേശത്തിനും കാരണമാകും എന്ന പരികല്പനയുടെ സാധുതയാണ് മുഖ്യമായും ശ്രീവത്സൻ അന്വേഷിക്കുന്നത് (Sreevalsan T., 1999).

കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങളിലൊന്നായ കൊങ്കിണികളുടെ ഭാഷയും സംസ്കാരവുമാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. കൊങ്കണദേശത്തിലെ ഭാഷയാണ് കൊങ്കിണി. ഇന്ന് കൊങ്കിണി ഭാഷാസമൂഹം സാരസ്വത ബ്രാഹ്മണരും കുടുംബികളുമടങ്ങുന്ന ഹിന്ദുസമൂഹവും ഗോവയിലുള്ള ക്രിസ്ത്യാനികളും കർണാടകയിലെ ഭട്കലിലുള്ള മുസ്ലീങ്ങളും അടങ്ങുന്നതാണ്. ചരിത്രപരമായൊരു പ്രതിസന്ധിയിൽ മതപരിവർത്തനത്തിൽനിന്ന് രക്ഷ നേടാനായി നാടുവിട്ട ഒരുവിഭാഗം സാരസ്വതബ്രാഹ്മണർ ഇന്നും കേരള ത്തിലു്.

സാംസ്കാരിക സമന്വയത്തിനും ഭാഷാപരിണാമത്തിനും വിധേയ മായൊരു സമൂഹമാണ് അവരിന്ന്. പ്രസ്തുത സമൂഹത്തിന്റെ ഭാഷയിൽ സംഭവിച്ചിരിക്കുന്ന പരിണാമവും സംസ്കാരത്തിനു സംഭവിച്ച സങ്കലനവുമാണ് ശ്രീവത്സൻ വിശദമായി പഠനത്തിനു വിധേയമാക്കിയത്. ഭാഷാപരിണാമവും സാംസ്കാരിക സമന്വയവും പരസ്പര പൂരകമാണെന്നതാണ് ഇക്കാര്യത്തിൽ പഠിതാവിന്റെ പരികല്പന. പരികല്പന സാധുവാണെന്നതാണ് പഠനനിഗമനം.

സ്വനിമം, രൂപിമം, വ്യാകരണം എന്നീ ഭാഷാംശങ്ങളോരോന്നും പ്രത്യേകമായെടുത്ത് വിശദമായി പഠിക്കുന്നു്.

ഏഴ് അധ്യായങ്ങളിലായാണ് പഠനം നിർവ്വഹിച്ചിരിക്കുന്നത്. ഒന്നാമധ്യായത്തിൽ സൈദ്ധാന്തികപശ്ചാത്തലം വിവരിച്ചശേഷം രാമധ്യായത്തിൽ മലയാള–കൊങ്കിണി ഭാഷകളുടെ സമ്പർക്ക സാഹചര്യം വിശദീകരിക്കുന്നു. സ്വനിമതലത്തിലുള്ള പരിണാമം മൂന്നാമധ്യായത്തിലും രൂപിമതലത്തിലേത് നാലിലും വ്യാകരണതലത്തിലെ പരിണാമം അഞ്ചിലും അന്വേഷിക്കുന്നു. നിഘണ്ടുതലത്തിലും അർത്ഥതലത്തിലും വന്ന മാറ്റവും ഭാഷാമനോഭാവവും ആറാമധ്യായത്തിലും ഉപസംഹാരം ഏഴാമധ്യായത്തിലും നിർവ്വഹിച്ചിരിക്കുന്നു.

കോഴിക്കോട് നഗരത്തിലെ തമിഴ് ന്യൂനപക്ഷങ്ങളിൽ സാമൂഹിക ഔന്നത്യം പുലർത്തുന്ന ഒരു ന്യൂനപക്ഷജാതിയായ തമിഴ് ബ്രാഹ്മണർക്കിടയിലെ ഭാഷാസംരക്ഷണം, വി.പി. മാർക്കോസ് (1992) പഠനവിധേയമാക്കിയിട്ടു്.

കേരളത്തിലെ തമിഴ് ബ്രാഹ്മണർക്ക് തമിഴ് മാതൃഭാഷ മാത്രമല്ല ജാതിഭാഷ കൂടിയാണ്. ജാതിസ്വത്വ പ്രകടനത്തിന്റെ പ്രകടനോപാധികളിൽ പ്രധാനമായ ഒന്നാണ് അവർക്ക് തമിഴ്.

അറുപത് ആവേദകരെയാണ് പഠനവിധേയമാക്കിയിരിക്കുന്നത്. സാമൂഹിക ഭാഷാശാസ്ത്രരീത്യാ നിർവ്വഹിച്ചിരിക്കുന്ന പഠനം യുക്തിസഹവും സൂക്ഷ്മവുമാണ്.

ബാഹ്യമായ തലങ്ങളിൽ മാത്രമാണ് ആവേദകർ തമിഴ് സംരക്ഷിച്ചു പോരുന്നത് എന്നാണ് കത്തെിയിരിക്കുന്നത്. കേരളത്തിലെ തമിഴ് ബ്രാഹ്മണ രുടെ തമിഴ് സംരക്ഷണത്തിന്റെ പ്രചോദനം തമിഴിനോട് മാതൃഭാഷ എന്ന നിലയ്ക്കുള്ള ബഹുമാനമോ അഭിമാനമോ അല്ല മറിച്ച് കേരള ജനതയ്ക്കു മുമ്പിൽ, തങ്ങൾ ഉന്നതകുലീനരാണ് എന്നതിന്റെ അടയാളം കാത്തുസൂ ക്ഷിക്കേതു് എന്ന ബോധമാണ്. അതുകൊുതന്നെ പൊതുസമൂഹത്തിന് മുന്നിൽ വേിവരുന്ന പ്രയോഗതലങ്ങളിലാണ് അവർ മുഖ്യമായും തമിഴ് കാത്തുസൂക്ഷിക്കുന്നത്. അതായത് മലയാളികൾക്കിടയിൽ സംസാരിക്കുമ്പോൾ തമിഴ് ബ്രാഹ്മണർ ഉന്നതകുലീനത്വ പ്രകടനത്തിനായി തമിഴ് ഉപയോഗിക്കുന്നു.

പക്ഷേ എഴുത്തിലും വായനയിലും ഭാഷാസംരക്ഷണ പ്രവണത താരതമ്യേന കുറവാണ്. മാത്രമല്ല, വ്യാകരണാദി അടിസ്ഥാനകാര്യങ്ങളിൽ അവരുടെ ഭാഷ മിക്കവാറും മലയാളമായി പരിണമിച്ചിട്ടുമു്. ജാതിസ്വത്വം വ്യക്തമാക്കാനാവശ്യമായ വ്യതിരിക്തതകൾ മാത്രമാണ് പ്രസ്തുതസമൂഹം കാത്തുസൂക്ഷിക്കുന്ന തമിഴത്തം എന്നാണ് ഗവേഷകൻ കത്തെിയിരിക്കുന്നത്.

തിരുവിതാംകൂറിൽനിന്ന് മലബാറിലേക്ക് കുടിയേറിയ കർഷകസമൂഹത്തിനിടയ്ക്കുള്ള ഭാഷാസംരക്ഷണവും ആദേശവുമാണ് ജോർജ്ജ് അന്വേഷിക്കുന്നത്.

വില കുറഞ്ഞതും ഫലഭൂയിഷ്ഠവുമായ ഭൂമി തേടി തെക്കൻ മലയാളികൾ വടക്കൻ മലയാളത്തിലേക്ക് ഇരുപതാം നൂറ്റാിന്റെ പല ദശകങ്ങളിലായി നടത്തിയ കൂട്ടമായ കുടിയേറ്റം, കുടിയേറ്റമേഖലയിൽ കുടിയേറ്റ ജനതയുടെ

മാതൃഭാഷയും മുൻപ്രദേശത്തിന്റെ സാംസ്കാരിക സവിശേഷതകളും കുടിയേ റാനിടയാക്കി. അംഗസംഖ്യയിലുള്ള വർധനവും സാംസ്കാരികവും സാമൂഹിക വുമായി പ്രാദേശിക പൂർവ്വികരിൽനിന്നുള്ള വ്യത്യാസവും കാരണമാകാം, ഏറെ ക്കാലം മുൻ പ്രദേശത്തിന്റെ ഭാഷയും സംസ്കാരവും കുടിയേറ്റ പ്രദേശത്ത് നിലനിർത്തുവാൻ പ്രസ്തുത കുടിയേറ്റ ജനതയ്ക്ക് സാധിച്ചു. എന്നാൽ കാലക്രമ ത്തിൽ ഭൂരിപക്ഷ സമൂഹവുമായുള്ള സമ്പർക്കഫലമായി ആ സമൂഹത്തിന്റെ ഭാഷയിലും സംസ്കാരത്തിലും മാറ്റങ്ങൾ കുതുടങ്ങി. ഈ വസ്തുതകളാണ് ജോർജ്ജ് പഠിക്കുന്നത്.

സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ ആമുഖത്തിലൂടെയാണ് പ്രബന്ധം ആരംഭിക്കുന്നത്. ശേഷം ഭാഷാസമ്പർക്കത്തിന്റെ ചരിത്രപശ്ചാത്തലം വിശദീക രിക്കുന്നു. പിന്നീട് രീതിശാസ്ത്രം, ആവേദകർ, പഠനമേഖല എന്നിവയുടെ വിശദീകരണവും അതിനുശേഷം കുടിയേറ്റ ജനതയുടെ വാമൊഴിയിൽ വന്നി ട്ടുള്ള പരിണാമവും വിശദപഠനത്തിന് വിധേയമാക്കുന്നു. ഭാഷാഭേദങ്ങളുടെ പ രസ്പര സങ്കലനത്തിന്റെ സാമൂഹിക സ്വഭാവവും ഘടകങ്ങളും മനോഭാവവും വിശദമാക്കിക്കൊാണ് പഠനം അവസാനിക്കുന്നത്.

ഒരേ ഭാഷയിലെ രു ഭാഷാഭേദങ്ങൾ തമ്മിലുള്ള സമ്പർക്കസാഹ ചര്യമാണ് പഠിക്കുന്നത് എന്നത് ഈ പഠനത്തെ ഇതര സാമൂഹിക ഭാഷാശാസ്ത്ര പഠനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു.

ഇന്ത്യൻ സമൂഹം ജാതികളാലും ഉപജാതികളാലും ശ്രേണീവല്കൃതമാ യിരുന്നതിനാൽ ഓരോ ജാതിയുടെയും സംസ്കാരവും ഭാഷയും പരസ്പരം വ്യത്യസ്തമായിരുന്നു. ഓരോ ജാതിക്കാർക്കും ഉപയോഗിക്കാവുന്നതും ഉപയോ ഗിക്കേതും ഉപയോഗിക്കരുതാത്തതുമായ പദങ്ങളും പ്രയോഗങ്ങളും ധാരാള മു ായിരുന്നു. ആധുനിക സമൂഹത്തിൽ ഇതിന് പ്രസക്തി കുറഞ്ഞുവരിക

യാണെങ്കിലും തീരെ ഇല്ലാതായിട്ടില്ല. ഒരു സാമൂഹിക ഭാഷാശാസ്ത്ര പഠനത്തിന് വിധേയമാകുംവിധം ഇന്നും ഇത് പ്രസക്തമാണ്. ഈ ഭാഷാഭേദങ്ങളുടെ സ്വഭാവ സവിശേഷതകളാണ് പി.എം. ഗിരീഷ് 'കേരളത്തിലെ ആചാരഭാഷ' (1998) എന്ന പ്രബന്ധത്തിൽ പഠിച്ചിരിക്കുന്നത്.

പൊതുസമൂഹത്തിന് അറിയാത്ത മറ്റൊരു ഭാഷയിൽ അറിവുള്ളവർ, പരസ്പരം രഹസ്യം കൈമാറാൻ പരസ്യമായിത്തന്നെ ദ്വിതീയഭാഷ ഉപയോഗിക്കുന്നത് സർവ്വസാധാരണമാണ്. ഇംഗ്ലീഷ് പരിജ്ഞാനം കുറഞ്ഞ രോഗിയുടെയും രോഗീബന്ധുക്കളുടെയും മുന്നിൽവെച്ച് ഡോക്ടറും കൂടെയുള്ളവരും തമ്മിൽ ഇംഗ്ലീഷ് സംസാരിക്കുന്നത്, ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഭാഷ ഇംഗ്ലീഷ് ആയതുകൊ് മാത്രമല്ല; രോഗിയും ബന്ധുക്കളും മനസ്സിലാക്കാത്തവിധം രോഗാവസ്ഥയെക്കുറിച്ചും മറ്റും ആശയം കൈമാറാൻ കൂടിയാണ്. കേരളത്തിലും മറ്റുമുള്ള കച്ചവടക്കാരായ സേഠ്, കൊങ്കിണി, തമിഴ് വിഭാഗങ്ങൾ മലയാളികളുടെ മുമ്പിൽ വെച്ചുതന്നെ കച്ചവടരഹസ്യങ്ങൾ അവരുടെ ഭാഷയിൽ കൈമാറാറു്. ഇവിടെയെല്ലാം ന്യൂനപക്ഷഭാഷയ്ക്ക് രഹസ്യഭാഷാ സ്വഭാവം കൈവരുന്നു്. എന്നാൽ പ്രസ്തുത രഹസ്യസ്വഭാവം താല്കാലികമാണ്. പക്ഷേ, ചില ജാതിക്കാർക്കിടയിൽ രഹസ്യങ്ങൾ കൈമാറാനായി മാത്രമുള്ള ഭാഷ നിലനിൽക്കുന്നു്. അത്തരം രഹസ്യഭാഷകൾ ഇന്നും നിലനിർത്തുന്ന അപൂർവ്വം ജാതികളിലൊന്നാണ് കേരളത്തിലെ പാണന്മാർ. പ്രസ്തുത സമൂഹ ത്തിന്റെ ഗൂഢഭാഷയേക്കുറിച്ച് സാമൂഹിക ഭാഷാശാസ്ത്രദൃഷ്ട്യാ നിർവ്വഹിച്ചി രിക്കുന്ന വിശദവും സൂക്ഷ്മവുമായ പഠനമാണ് കെ.കെ. ബാബുരാജിന്റെ 'പാണന്മാരുടെ ഗൂഢഭാഷ' എന്ന പ്രബന്ധം (ബാബുരാജ് കെ.കെ., 1993).

## 1.6. പ്രബന്ധഘടന

'കേരളത്തിലെ തമിഴ് ചെട്ടികളുടെ ഭാഷാസംരക്ഷണവും ആദേശവും' എന്ന ഈ പ്രബന്ധത്തിൽ ഒൻപത് അധ്യായങ്ങളാണുള്ളത്. വിഷയത്തിലേക്കുള്ള 'പ്രവേശിക' ആണ് ഒന്നാമധ്യായം. ഭാഷാന്യൂനപക്ഷങ്ങളും അവ നേരിടുന്ന പ്രശ്നങ്ങളും കൂടുതൽ പഠനവിധേയമാക്കേതു് എന്ന് വ്യക്തമാക്കിക്കൊ് പരികല്പനകൾ, പഠനലക്ഷ്യം, പഠനപ്രസക്തി, പൂർവ്വപഠനങ്ങൾ എന്നിവ ഈ അധ്യായത്തിൽ അവതരിപ്പിക്കുന്നു.

സൈദ്ധാന്തികവിശദീകരണമാണ് 'സൈദ്ധാന്തികപശ്ചാത്തലം' എന്ന രാമധ്യായമായത്തിൽ നിർവ്വഹിച്ചിരിക്കുന്നത്. ഏകഭാഷിത്വം, ബഹുഭാഷിത്വം, ഭാഷാന്യൂനപക്ഷം, ഭാഷാമനോഭാവം, ഭാഷാ ആദേശം, ഭാഷാസംരക്ഷണം തുടങ്ങി പഠനവിഷയവുമായി ബന്ധപ്പെട്ട ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുടെ സംക്ഷിപ്ത അവതരണമാണത്.

'ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം' എന്ന മൂന്നാമധ്യായത്തിൽ പഠനവിധേയ സമൂഹത്തിന്റെ ഭാഷാവസ്ഥകളുടെ പഠനത്തിന് പശ്ചാത്തലമൊരുക്കാനായി പ്രസ്തുത സമൂഹത്തിന്റെ ചരിത്രവും ഭാഷേതരസ്വത്വസവിശേഷതകളും വിശദമായി പഠനവിധേയമാക്കുന്നു.

പഠനത്തിൽ ആകമാനം സ്വീകരിച്ചിരിക്കുന്ന രീതിശാസ്ത്രത്തിന്റെ വിശദീകരണമാണ് 'രീതിശാസ്ത്രം' എന്ന നാലാമധ്യായത്തിന്റെ വിഷയം.

അഞ്ചാമധ്യായം മുതലാണ് ഭാഷാപരമായ പ്രത്യേകതകൾ വിശദപഠനത്തിന് വിധേയമാകുന്നത്. അഞ്ചാമധ്യായത്തിൽ ആവേദകരെ ആറു സാമൂഹിക ചരങ്ങളായി വേർതിരിച്ചശേഷം ശേഖരിച്ച ദത്തങ്ങൾ ഉപയോഗിച്ചുകൊ് വിധേയസമൂഹം ഏതെല്ലാം സാമൂഹിക സാഹചര്യങ്ങളിൽ ഏതെല്ലാം ഭാഷകൾ ഉപയോഗിക്കുന്നുവെന്ന് കത്തുെകയും അതുവഴി ആവേദകസമൂഹത്തിന്റെ ഭാഷാമനോഭാവം എന്ത് എന്ന് ആരായുകയുമാണ് ചെയ്യുന്നത്. സാംഖ്യിക

സഹായത്തോടെ നിർവ്വഹിക്കുന്ന വിശകലനത്തിന്റെ അവതരണത്തിന് സ്ഥിതിവിവരക്കണക്കുകളുടെ പട്ടികകളോടൊപ്പം ഗ്രാഫുകളുടെ സഹായവും സന്ദർഭാനുസരണം തേടുന്നു്. ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണവും ആദേശവും, ഭാഷാമനോഭാവം, സംഗ്രഹം എന്നിങ്ങനെ അഞ്ചാമധ്യായം മൂന്ന് ഭാഗങ്ങളായി തിരിച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്.

ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവുമാണ് ആറാമധ്യാ യമായ 'ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും' എന്നതിൽ വിശകലനം ചെയ്യുന്നത്. ശ്രവണം, ഭാഷണം, വായന, ലേഖനം, ഭാഷാന്തരണ ശേഷി, സർഗ്ഗാത്മകരചനാശേഷി എന്നിവയാണ് പഠനവിധേയമാക്കിയ ഭാഷാ നൈപുണികൾ. തമിഴ്മലയാള ഭാഷകളിൽ ആവേദകർക്കുള്ള ഈ ശേഷികളിൽ ഏതൊക്കെ സംരക്ഷിക്കുന്നു് എന്നും ഏതൊക്കെ ആവേദകർക്ക് നഷ്ടമാ യിട്ടു് എന്നും ഭാഷാചരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിതിവിവര ക്കണക്കുകളുടെ സഹായത്തോടെയാണ് പഠനവിധേയമാക്കിയിരിക്കുന്നത്.

'ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും' ആണ് ഏഴാമധ്യായം. സ്വനിമ–പദ–വാക്യതലങ്ങളിലുള്ള സംരക്ഷണാദേശാദികളുടെ വിശകലനമാണ് ഈ അധ്യായത്തിലൂടെ നിർവ്വഹിച്ചിരിക്കുന്നത്.

ഭാഷാപരവും ഭാഷേതരവുമായ സാംസ്കാരിക സവിശേഷതകൾ അഭേ ദ്യമാംവിധം പരസ്പരബന്ധിതവും അന്യോന്യാശ്രിതങ്ങളുമാണെന്ന ആശയ ത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയോടൊപ്പം കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷേതര സാംസ്കാരികസ്വത്വവും ശിഥിലാവസ്ഥയിലാണെന്ന് വ്യക്തമാകും വിധം ചില ഭാഷേതര സാംസ്കാരിക സ്വത്വാംശങ്ങളെ വേർതിരിച്ചെടുത്ത് അവ ആവേദകസമൂഹം ഇന്ന് എത്രത്തോളം സംരക്ഷിക്കുന്നു് എന്നതിനേക്കുറി ച്ചുള്ള ലളിതമായ അന്വേഷണമാണ് എട്ടാം അധ്യായത്തിൽ നിർവ്വഹിച്ചി രിക്കുന്നത്.

പഠനത്തിൽനിന്ന് രൂപപ്പെട്ട നിഗമനങ്ങളുടെ ക്രോഡീകരണമാണ് 'ഉപസംഹാരം' എന്ന ഒൻപതാം അധ്യായത്തിൽ നിർവ്വഹിച്ചിരിക്കുന്നത്.

ഒൻപതാമധ്യായത്തിനുശേഷം ഗ്രന്ഥസൂചിയും അഭിമുഖങ്ങൾ തന്നവരുടെ പേരുവിവരങ്ങളും കൊടുത്തിരിക്കുന്നു. ഏറ്റവും അവസാനഭാഗത്താണ് അനുബന്ധം ചേർത്തിട്ടുള്ളത്. ചോദ്യാവലിയുടെ സമ്പൂർണ്ണരൂപം, തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കുള്ള തമിഴ് വാണിയരുടെ പലായനവുമായി ബന്ധപ്പെട്ട ഐതിഹ്യകഥ, കേരളത്തിലെ തമിഴ് വാണിയരുടെ വിവാഹച്ചടങ്ങുകളുടെ ഭാഗമായി ഇന്നും പാടിവരുന്ന 'കൈപ്പിടിശാസ്ത്രം' എന്ന് അറിയപ്പെടുന്ന കാവ്യാത്മകവരികൾ, കേരളത്തിലെ തമിഴ് വാണിയരുടെ സജീവസാന്നിധ്യം നിലവിലുള്ള ജില്ലകളെ സൂചിപ്പിക്കുന്ന ഭൂപടം എന്നിവ അനുബന്ധങ്ങളായി കൊടുത്തിരിക്കുന്നു.

## 1.7 പഠനപരിമിതി

കേരളത്തിലെ തമിഴ് വാണിയർ തമിഴകത്തിന്റെ പല പ്രദേശങ്ങളിൽനിന്ന് കുടിയേറിയവരാണ്. മുമ്പുായിരുന്ന തമിഴ്നാടൻ പ്രദേശത്തിന്റെയും ഇന്ന് അധിവസിക്കുന്ന പ്രദേശത്തിന്റെയും യഥാക്രമം തമിഴ്മലയാള ഭാഷകളിലുള്ള പ്രാദേശികവ്യത്യാസം അവരുടെ ഭാഷയെ സ്വാധീനിച്ചിരിക്കും. ഈ വ്യത്യാസങ്ങൾ പരിഗണിച്ചുകൊുള്ള പഠനവും ദുഷ്കരമാണ് എന്നതിനാൽ ഭാഷേതര സാംസ്കാരികസ്വത്വം പഠിക്കാൻ കേരളത്തിന്റെ മിക്കവാറും ജില്ലകൾ പരിഗണിച്ചെങ്കിലും ഭാഷാപരമായ സൂക്ഷ്മപഠനത്തിന് കോഴിക്കോട് ജില്ലയിലെ തമിഴ് വാണിയരെ മാത്രമാണ് തെരഞ്ഞെടുത്തത്.

അധ്യായം 2

# സൈദ്ധാന്തിക പ ശ്ചാത്തലം

## അധ്യായം 2

# സൈദ്ധാന്തികപശ്ചാത്തലം

## 2.1 ആമുഖം

സമൂഹത്തിന്റെ സാംസ്കാരികതയെ ശാസ്ത്രീയപഠനത്തിന് വിഷയമാക്കിക്കൊ് ഗുണകരമായ പുരോഗതി ഉറപ്പാക്കാൻ സഹായിക്കുക എന്നതാണ് സാമൂഹികശാസ്ത്രധർമ്മം. സമൂഹത്തിൽനിന്ന് ഭിന്നമായൊരു നിലനിൽപ്പ് വ്യക്തിക്കില്ല എന്നും, വ്യക്തി സമൂഹത്തെയല്ല സമൂഹം വ്യക്തിയെയാണ് സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നത് എന്നതുമാണ് സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണം. സാമൂഹികസാഹചര്യങ്ങളുടെ ഉല്പന്നമായി മനുഷ്യരെ കാണുന്നവരാണ് സാമൂഹികശാസ്ത്രജ്ഞന്മാർ. സമൂഹത്തിന്റെ ഘടനയ്ക്ക് അനുസൃതമായി സമൂഹം മനുഷ്യനെ വാർത്തെടുക്കുന്നു (ഗിരീഷ്, 2001: 18) എന്നാണ് അവരുടെ പ്രധാന നിഗമനം.

## 2.2. സാമൂഹികഭാഷാശാസ്ത്രം

ഭിന്നസമൂഹങ്ങളുടെ സാംസ്കാരിക വ്യതിരിക്തതകളെ ഭാഷ എപ്രകാരം അടയാളപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു എന്ന് ശാസ്ത്രീയമായി വ്യക്തമാക്കുകയും അതുവഴി സാമൂഹിക ഇടപെടലുകൾ കാര്യക്ഷമമാക്കാൻ സഹായിക്കുകയും ചെയ്യുന്ന വിജ്ഞാനശാഖയാണ് സാമൂഹികഭാഷാശാസ്ത്രം. ഭാഷ, സമൂഹം, സംസ്കാരം എന്നിവയുടെ പാരസ്പര്യമാണ് സാമൂഹിക ഭാഷാശാസ്ത്രഭൂമിക. പ്രാദേശിക ഭാഷാഭേദം, മാനകഭാഷ, പ്രാദേശിക-മാനക-

വൈയക്തിക ഭാഷാഭേദ പാരസ്പര്യം, ഭാഷാ–സംസ്കാര പാരസ്പര്യം, ഭാഷാ മനോഭാവം, ഭാഷോത്ഭവം, ഭാഷാ സംരക്ഷണം, ഭാഷ–ആദേശം, ഭാഷാ പരിണാമം, ഭാഷാ നഷ്ടം, ഭാഷാ മരണം എന്നിങ്ങനെ സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ മേച്ചിൽപ്പുറങ്ങൾ അതിവിശാലമാണ്.

## 2.3 സമൂഹവും ഭാഷയും

സമൂഹവും ഭാഷയും തമ്മിൽ അഭേദ്യബന്ധമുണ്ട് എന്ന സാമൂഹിക ഭാഷാശാസ്ത്രതത്വം ഇന്നും തികച്ചും പ്രസക്തമായ ഒന്നാണ്. സാമൂഹിക ഭാഷാശാസ്ത്രം എന്ന ശാസ്ത്രശാഖയുടെ നിലനിൽപ്പുതന്നെ ഈയൊരു തത്വത്തിലൂന്നിയാണ്.

സാമൂഹികശാസ്ത്രജ്ഞർ സമൂഹത്തെ പഠിക്കാൻ സ്വീകരിക്കുന്ന ഉപാധികളിൽ നൂതനമായ ഒന്നാണ് സാമൂഹികഭാഷാശാസ്ത്രം.

സാമ്പ്രദായികമായി സാമൂഹികശാസ്ത്രജ്ഞർ സമൂഹത്തെ പഠിക്കുന്നത് സാമ്പത്തികം, പ്രാദേശികത, ദേശീയത, വംശീയത, ആർജ്ജിതജ്ഞാനം, പെരുമാറ്റം എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഭാഷാസമൂഹം എന്ന പ്രയോഗത്തിലൂടെ ഭാഷാശാസ്ത്രജ്ഞർ സമൂഹമെന്ന സ്ഥാപനത്തിന്റെ മറ്റൊരു വശത്തേക്ക് ശ്രദ്ധ ക്ഷണിക്കുന്നു (Mesthirie, 2001: 35).

സമൂഹവും ഭാഷയും തമ്മിലുള്ള അഭേദ്യബന്ധത്തെക്കുറിച്ച് സാമൂഹിക ഭാഷാശാസ്ത്രജ്ഞരുടെ നിഗമനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

(1) ഓരോ സമൂഹവും അവരുടെ സ്വതന്ത്രവ്യക്തിത്വത്തിന്റെ അടയാളങ്ങൾ സമ്പാദിക്കാറുണ്ട്. അത്തരം അടയാളങ്ങളിലൊന്നാണ് ഭാഷ. ഒരു വ്യക്തി അയാളുടെ വാ തുറക്കുമ്പോൾ അയാൾ സ്വയം വ്യക്തമാക്കുകയും മറ്റുള്ളവ

രിൽനിന്ന് സ്വയം വേർതിരിയുകയും ചെയ്യുന്നു. അങ്ങനെ ഭാഷ സാമൂഹിക വ്യക്തിത്വത്തിന്റെ ശക്തമായ അടയാളമാകുന്നു (Pattanayak, 1975: 97).

(2) ഭാഷ ഭാഷകന്റെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക- വിദ്യാഭ്യാസപരങ്ങളായ പശ്ചാത്തലത്തെ തുറന്നുകാണിക്കുന്ന വിശാലമായ വാതിലുകളാണ് (Rajamarthandan, 1984: 360).

(3) ഭാഷയുടെ ഉപയോഗവും മനുഷ്യന്റെ സാമൂഹികഘടനയുടെ സ്വഭാവവും വ്യക്തമാക്കുന്നിടത്തേ സമൂഹഘടനയുടെ ഭാഷാസ്വഭാവം ശരിയായ രീതിയിൽ വിലയിരുത്തുവാൻ സാധിക്കൂ (Fishman, 1970: 45).

(4) ഒരു വർഗ്ഗത്തിലെ അംഗമാണ് എന്നതിന്റെ നിർണ്ണായകം ഭാഷാപ്രയോഗമാണ്... ഭാഷണത്തിന്റെ പ്രാധാന്യത്തെ സാമൂഹികമായ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ വിനിമയോപാധി എന്ന നിലയ്ക്ക് സാമൂഹികബന്ധങ്ങളെ ഉറപ്പാക്കാനുള്ള ഭാഷയുടെ കഴിവിന് അഥവാ ധർമ്മത്തിന് ഉപരിഭാഷക നെക്കുറിച്ചുള്ള സാമൂഹ്യശാസ്ത്രപരമായ അറിവുകൾ വെളിപ്പെടുത്തുന്നു... ഭാഷാഭേദം ഒരാളുടെ ഭൂമിശാസ്ത്രമേഖലയെക്കുറിച്ചുള്ള അവബോധം നൽകുന്നു (ബാബുരാജ്, 1993: 4-5).

(5) സമൂഹത്തിലെ ഓരോ വിഭാഗം ജനങ്ങളും ഓരോ സാമൂഹ്യ ശ്രേണിയിൽ പെട്ടവരായിരിക്കും. അതനുസരിച്ച് ഭാഷ വ്യത്യാസപ്പെടും (ibid: 6).

(6) നരവംശ ശാസ്ത്രജ്ഞർ ഭാഷയെ മറ്റേതൊരു സംസ്കാര ഘടകത്തെക്കാളും സാമൂഹികമാറ്റം പ്രതിഫലിക്കുന്ന വളരെ പഴക്കമുള്ള ഒരു ഉപകരണമായാണ് പരിഗണിക്കുന്നത് (Mesthirie and Leap, 2000: 249).

(7) ഭാഷ വ്യക്തിയുടെ സാമൂഹ്യവിഭാഗം, സമൂഹത്തിലെ സ്ഥാനം, ജന്മസ്ഥലം, ലിംഗം, പ്രായം മുതലായവയുമായി അഭേദ്യബന്ധം പുലർത്തുന്നു. സാമൂഹിക ഭാഷാശാസ്ത്രദൃഷ്ടിയിൽ ഭാഷണത്തിന്റെ ഉച്ചാരണരീതി അടക്ക മുള്ള പ്രത്യേകതകൾ വ്യക്തിയുടെ സാമൂഹികപശ്ചാത്തലം വ്യക്തമാക്കുന്ന താണ് (Mesthirie, 2001: 6).

(8) ഭാഷ സമൂഹഘടനയെയും വിഭാഗങ്ങളെയും പ്രതിഫലിപ്പിക്കുക മാത്രമല്ല നിലനിർത്തുകയും പുനരുല്പാദിപ്പിക്കുകയും കൂടി ചെയ്യുന്നു് (Gal, 1989: 347).

അപൂർവ്വം ചില പണ്ഡിതന്മാർ സമൂഹവും ഭാഷയും തമ്മിൽ അഭേദ്യ ബന്ധമുന്നെ പൊതുതത്വത്തെ ചോദ്യംചെയ്യാനാവശ്യമായ തെളിവുകൾ നിരത്തുന്നു്. അതിലൊരാളാണ് ഹാരി ഹോയ്ജർ. വ്യത്യസ്ത സാംസ്കാരിക തയുള്ള ജനങ്ങൾ ഒരേ ഭാഷ സംസാരിക്കുന്നതിന് അദ്ദേഹം നിരത്തിയ തെളിവുകൾ സാമൂഹിക വ്യത്യാസങ്ങൾ ഭാഷയിലും പ്രതിഫലിക്കുമെന്ന പൊതുനിയമത്തിന് എതിരാണെന്ന് വി.ഐ. സുബ്രഹ്മണ്യൻ നിരീക്ഷിക്കുന്നു് (Subramanian, 1977: 247). ഒരു ഗ്രാമത്തിലെ ഭാഷാഭേദത്തിലുള്ള വ്യത്യാസം ആ സമൂഹത്തിന്റെ സമീപകാല കുടിയേറ്റമാകാമെന്നും ജാതീയമായ വേർതിരി വാകണമെന്നില്ല എന്നും ഹാരി ഹോയ്ജർ വിശദീകരിക്കുന്നു്.

അങ്ങനെയൊക്കെ ആണെങ്കിലും ഇത്തരം വാദങ്ങളൊന്നും സമൂഹവും ഭാഷയും തമ്മിലുള്ള അഭേദ്യത എന്ന പൊതു ആശയം അടിസ്ഥാനരഹിതമെന്ന് തെളിയിക്കാൻ മാത്രം ശക്തമല്ല. നൂറ്റാുകളോ ആയിരത്താുകളോ ആയി ഒരേ പ്രദേശത്തു നിലനിൽക്കുന്ന സമൂഹങ്ങൾക്കിടയിലെ ഉപസമൂഹങ്ങൾ ഭാഷയിൽ

വ്യത്യസ്തരാകുന്നതിന് അനവധി ഉദാഹരണങ്ങൾ ഇന്ത്യയിൽത്തന്നെ കണ്ടെത്താനാകും. കേരളത്തിലെ ജാതിഭാഷകൾ തന്നെ അതിന് നല്ല ഉദാഹ രണമാണ്.

സാമൂഹികത ഭാഷയെ സ്വാധീനിക്കുന്നു എന്ന പൊതുതത്വത്തിൽനിന്ന് ഒരുപടികൂടി കടന്നാണ് സപീർ, വുർഫ് എന്നീ ഭാഷാശാസ്ത്രജ്ഞന്മാർ നിലയുറപ്പിച്ചിരിക്കുന്നത്. അവർ പറയുന്നത്, ഒരു വ്യക്തിയുടെ ചിന്താരീതിയെ അയാളുടെ സമൂഹത്തിന്റെ ഭാഷ സ്വാധീനിക്കുന്നു എന്നാണ്. 'സപീർ-വുറുഫ് പരികല്പന' എന്ന് ഈ സിദ്ധാന്തം അറിയപ്പെടുന്നു. സപീറും വുർഫും ഇരുപതാം നൂറ്റാിന്റെ ആദ്യകാലങ്ങളിൽ അമേരിക്കൻ ഇന്ത്യൻ ഭാഷകളിലുള്ള, അഷരുടെ പഠനത്തിൽ വ്യത്യസ്ത ഭാഷയുടെ പ്രായോക്താക്കൾ ഒരേ പ്രതിഭാ സത്തെ വ്യത്യസ്ത രീതിയിൽ നിരീക്ഷിക്കുന്നതായി വാദിക്കുന്നു. ഭാഷാന്തര വിവർത്തനം അസാധ്യമാണെന്നു കൂടി ഈ സിദ്ധാന്തം വാദിക്കുന്നു് (Mesthirie, 2001: 6-7).

'ആന്തരഘടനയുടെ' വെളിച്ചത്തിൽ ചോംസ്കിയും അനുയായികളും ഭാഷകൾ തമ്മിലുള്ള വ്യത്യാസത്തിന് നിദാനമായ വ്യാകരണം ഉപരിതലസ്പർശി മാത്രമാണെന്നും ഭാഷാപരമായ സവിശേഷസിദ്ധി എല്ലാ മനുഷ്യർക്കും പൊതുവായി ഉള്ളതാണെന്നും പറയുന്നു്. ഇത്തരം സങ്കല്പങ്ങളെ ചോദ്യംചെയ്യുന്നതാണ് സപീർ-വുർഫ് സിദ്ധാന്തം (ibid: 7-8).

''എല്ലാ ഭാഷയും ഭാഷാശാസ്ത്രപരമായി തുല്യമാണെങ്കിലും സാമൂഹിക ഭാഷാശാസ്ത്രപരമായി തുല്യമല്ല എന്ന് ചില സാമൂഹിക ഭാഷാശാസ്ത്രജ്ഞർ വാദിക്കുന്നു'' (Ibid: 35) എന്ന പണ്ഡിതാഭിപ്രായവും ഭാഷാശാസ്ത്രത്തിന്റെ പൊതുനിയാമക തത്വങ്ങളിൽനിന്ന് വ്യതിരിക്തമായ സാമൂഹിക ഭാഷാശാസ്ത്ര

ത്തിന്റെ സവിശേഷ നിയമനങ്ങൾ എങ്ങനെ സാധൂകരിക്കപ്പെടുന്നു എന്നതിനും സമൂഹവും ഭാഷയും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനും തെളിവാണ്.

സമൂഹവും ഭാഷയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഫലമായാണ് സാമൂഹികസ്പന്ദനങ്ങൾ ഭാഷയിലും പ്രകടമാകുന്നത്. ഏതൊരു സമൂഹത്തിന്റെയും സാംസ്കാരികതയിൽ സംഭവിക്കുന്ന സാരമായ മാറ്റങ്ങൾക്കെല്ലാം സാക്ഷ്യം വഹിക്കാൻ ആ സമൂഹത്തിന്റെ ഭാഷയ്ക്ക് സാധിക്കുമെന്ന് മാത്രമല്ല നൂറ്റാണ്ടുകളോളമോ ആയിരത്താണ്ടുകളോളമോ പോലും സാമൂഹിക ചലനങ്ങളുടെ ചൂണ്ടുപലകയായി നിലനിൽക്കാനും അതിനു സാധിക്കും.

> ഭാഷ സമൂഹത്തിന്റെ ഉല്പന്നവും ഉപകരണവുമായിരിക്കെ സമൂഹത്തിലെ മാറ്റങ്ങൾ അതിൽ നിഴലിക്കാതിരിക്കില്ല. ഭാഷാപ്രയോഗമാണ് സാഹിത്യം എന്നതിനാൽ ഭാഷാപ്രയോഗ ലക്ഷണങ്ങൾ സാഹിത്യത്തിലും പ്രതിഫലിക്കും. ... സാമൂഹികമാറ്റങ്ങൾ ഭാഷയെ മാറ്റുന്നു്. അതോടൊപ്പം പലപ്പോഴും സമൂഹത്തിലെന്നപോലെ പഴമ ഭാഷയിലും തങ്ങിനിൽക്കും (ഗിരീഷ്, 1998: 2).

ഇതിന്റെ വെളിച്ചത്തിൽ സാമൂഹിക മാറ്റങ്ങൾ ഭാഷയിലൂടെ കണ്ടെത്താം എന്നും സിദ്ധിക്കുന്നു. നരവംശ ശാസ്ത്രജ്ഞർ ഭാഷയെ മറ്റേതൊരു സംസ്കാരികഘടകത്തേക്കാളും സാമൂഹികമാറ്റം പ്രതിഫലിക്കുന്ന വളരെ പഴക്കമുള്ള ഒരു ഉപകരണമായാണ് പരിഗണിക്കുന്നത് (Mesthirie and Leap, 2000: 250).

## 2.4 സമൂഹസമ്പർക്കവും ഭാഷാപരിണാമവും

സാമൂഹിക ചലനാത്മകതയുടെ പ്രധാന കാരണം ഇതര സമൂഹങ്ങളുമായുള്ള സമ്പർക്കമാണ്. ഭിന്ന സമൂഹങ്ങളുടെ സമ്പർക്കസാധ്യത മുൻകാലങ്ങളെക്കാൾ ഇന്ന് കൂടുതലാണ്. മാത്രവുമല്ല അനുദിനം അതിന്റെ തോത് വർദ്ധിച്ചു വരികയും ചെയ്യുന്നു.

ഗ്രാമീണ ജനതയാണെങ്കിൽപ്പോലും പൂർണ്ണമായും അന്യസമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടതൊഴികെ, സാംസ്കാരിക അധിനിവേശത്തിൽനിന്ന് മുക്തരല്ല; കാരണം, ഗതാഗത സൗകര്യങ്ങൾ ഗ്രാമ്യജനതയെ നഗരത്തിലെത്തിക്കുന്നു. ഉപഭോഗസമൂഹമെന്ന നിലയ്ക്ക് പ രസ്പരവിനിമയത്തിന് വഴിവെക്കുന്നു (Crystal, 2005: 55).

വ്യത്യസ്ത സമൂഹങ്ങൾ തമ്മിലുള്ള സമ്പർക്കഫലമായി സമൂഹങ്ങളുടെ സാംസ്കാരികതയിൽ സാരമോ നിസ്സാരമോ ആയ പരിവർത്തനങ്ങൾ സ്വാഭാവി കമാണ്. സാംസ്കാരിക പ്രത്യക്ഷങ്ങളിൽ മുഖ്യമായ ഭാഷയ്ക്കു മാത്രം അതിൽ നിന്ന് മാറിനിൽക്കാനാവില്ല.

വ്യത്യസ്ത ഭാഷാസമൂഹങ്ങൾ സമ്പർക്കത്തിൽപ്പെടുന്ന സാഹചര്യമാണ് ഭാഷാസാഹചര്യം. ഈ സാഹചര്യത്തിൽ, ഒരു സംസ്കാരം മറ്റൊരു സംസ്കാ രത്തെ സ്വാധീനിക്കുന്നതോടൊപ്പം ഭാഷയും ഇതരഭാഷയെ സ്വാധീനിക്കും. ഒരു ഭാഷയും വേർതിരിഞ്ഞു നിൽക്കുന്നില്ല. പരസ്പരബന്ധമുള്ള എല്ലാ ഭാഷയും അന്യോന്യം സ്വാധീനിക്കും (Crystal, 2005: 42). സ്വാധീനം പുലർത്തുന്ന ഭാഷയെ അധീശഭാഷയെന്നും സ്വാധീനത്തിന് വഴങ്ങുന്ന ഭാഷയെ വിധേയഭാഷ എന്നും പറയാം.

### 2.4.1. ഭാഷാപരിണാമഹേതുക്കൾ

ഭാഷകളുടെ പരസ്പരസ്വാധീനത്തിന് കാരണങ്ങൾ പലതാണ്. വ്യത്യസ്ത ഭാഷകരുടെ ഭൂപ്രദേശപരമായ സമീപസ്ഥിതി, വാണിജ്യബന്ധം, സാംസ്കാരിക സമ്പർക്കം, വ്യവസായവല്കരണം എന്നിവ ചെറിയതോതിലുള്ള സമ്പർക്ക ത്തിനു മാത്രം കാരണമാവുമ്പോൾ കുടിയേറ്റം, വിദ്യാഭ്യാസഭാഷ, സർക്കാർ സമ്മർദ്ദങ്ങൾ, നഗരവല്കരണം, കൂടുതൽ അഭിമാനകരമായ

ഭാഷയിലേക്കുള്ള ആകർഷണം, അധിനിവേശം, യുദ്ധം മുതലായ ദൂരവ്യാപകഫലങ്ങൾക്ക് വഴിവെക്കുന്നു.

2.4.1.1. കുടിയേറ്റം

ആയിരത്താുകൾക്കു മുൻപുതന്നെ ഭാഷാപരിണാമങ്ങൾക്കു കാരണ മായ സാമൂഹിക കാരണങ്ങളിലൊന്നാണ് കുടിയേറ്റം.

കുടിയേറ്റ കാരണങ്ങൾ: കുടിയേറ്റകാരണങ്ങൾ പലതാവാം. കനത്ത നികുതി, അനാകർഷക കാലാവസ്ഥ, അനുയോജ്യമല്ലാത്ത സാമൂഹിക പരിത സ്ഥിതി (അടിമവ്യാപാരവും മറ്റും), യാത്രാസൗകര്യങ്ങൾ എന്നിവയെല്ലാം കുടി യേറ്റത്തിന് മതിയായ കാരണമാണെങ്കിലും ഏറ്റവും പ്രധാനം ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള ആന്തരികവാഞ്ഛ തന്നെയാണ് (Krishnamurthy, 1980: 44). പോർഷറുടെ ഒരു പഠനത്തിൽ (1970: 179-222) പാരീസിലേക്കുള്ള കുടിയേറ്റങ്ങളിൽ 68% സാമ്പത്തികകാരണമാണ് വ്യക്തമാക്കിയത്. വെറും 26% മാത്രമാണ് വൈവാഹികവും കുടുംബപരവുമായ കാരണങ്ങൾ പറഞ്ഞത് (ibid: 53). വളരെ ദൂരേക്കുള്ള കുടിയേറ്റക്കാർ പൊതുവെ വ്യാപാരവ്യവസായങ്ങളെ പ രിഗണിച്ച് കുടിയേറുന്നവരായിരിക്കും എന്നും അദ്ദേഹം നിരീക്ഷിക്കുന്നു് (ibid: 40).

സമൂഹങ്ങളുടെ ഇതരസമൂഹങ്ങൾക്കിടയിലേക്കുള്ള കുടിയേറ്റം സാംസ് കാരിക സമ്പർക്കത്തിനും പരിണാമത്തിനും കാരണമാവുന്നു. സാംസ്കാരിക പ രിണാമത്തിന്റെ ഭാഗമായി ഭാഷയും പരിണമിക്കുന്നു. ഇത്തരം സാംസ്കാരിക സമന്വയവും പരിണാമവും പരിഗണിക്കുമ്പോഴാണ് ഒന്നാംഭാഷ, മാതൃഭാഷ, ദ്വിഭാഷിത്വം, ബഹുഭാഷിത്വം, ഭാഷാസംരക്ഷണം, ഭാഷ–ആദേശം, സങ്കരഭാഷ,

വെങ്കലഭാഷ, ഭാഷാപരിണാമം, ഭാഷാമരണം എന്നീ പ്രതിഭാസങ്ങൾ സാമൂഹികഭാഷാശാസ്ത്രദൃഷ്ട്യാ പ്രസക്തമാവുന്നത്.

## 2.5 മാതൃഭാഷയും ഒന്നാംഭാഷയും

മാതൃഭാഷ എന്നാൽ അമ്മയുടെ ഭാഷ എന്നർത്ഥം. ഒരു കുട്ടി ആദ്യം സംസാരിച്ചുതുടങ്ങുന്ന ഭാഷ സാധാരണ സാഹചര്യങ്ങളിൽ അമ്മയുടെ ഭാഷ തന്നെയായിരിക്കും. എന്നാൽ സാമൂഹിക വ്യവസ്ഥയും കുടുംബവ്യവസ്ഥയും സങ്കീർണ്ണമായതോടെ മാതൃഭാഷ എന്ന സങ്കല്പത്തിന് ഉലച്ചിൽ സംഭവിക്കുന്നതായി കാണാം. കേരളത്തിൽ താമസിക്കുന്ന ഭൂരിപക്ഷം ആൾക്കാരുടെയും മാതൃഭാഷ മലയാളമാണ്. എന്നാൽ വിവാഹബന്ധം, വിദേശവാസം, വിദ്യാഭ്യാസ സാഹചര്യം എന്നിവ മാതൃഭാഷാസങ്കല്പത്തിൽ മാറ്റം വരുത്തും. അങ്ങനെയുള്ള അവസരങ്ങളിൽ മാതൃഭാഷ എന്നതിനു പകരം ഉപയോഗിക്കാവുന്ന പദം ഒന്നാംഭാഷ എന്നതാണ്. ജനിച്ചതിനുശേഷം ആദ്യമായി വശത്താക്കുന്ന ഭാഷ എന്ന അർത്ഥത്തിലല്ല ഒന്നാംഭാഷ എന്നു പറഞ്ഞുവരുന്നത്. ഒരാൾക്ക് ഏറ്റവും സുഗമമായി ഉപയോഗിക്കാവുന്ന ഭാഷ, വൈകാരികമായി അടുപ്പമുള്ള ഭാഷ, അനൗപചാരിക സന്ദർഭങ്ങളിൽ സ്വാഭാവികമായി ഉപയോഗിക്കുന്ന ഭാഷ എന്നെല്ലാമാണ് ഒന്നാംഭാഷയുടെ സൂചകാർത്ഥങ്ങൾ. ചില സാഹചര്യങ്ങളിൽ ഒരാൾക്ക് രു ഭാഷകൾ ഒന്നാംഭാഷകളായിരിക്കും. അതായത് അയാളെ സംബന്ധിച്ചിടത്തോളം പ്രയോഗലാഘവം, സ്വാഭാവികത, വൈകാരിക ബന്ധം എന്നിവയിൽ രു ഭാഷകൾക്ക് തുല്യപ്രാധാന്യം ഉായിരിക്കും. അങ്ങനെയുള്ളവരെ ദ്വിഭാഷകർ എന്നുവിളിക്കാം. രിലധികം ഒന്നാംഭാഷകളുള്ളവർ അപൂർവ്വമാണ് (പ്രഭാകരവാര്യർ, 1999: 40–41).

## 2.6 സങ്കരഭാഷയും വെങ്കലഭാഷയും

ഭാഷാസമ്പർക്കത്തിന്റെ പ്രത്യക്ഷഫലങ്ങളാണ് സങ്കരഭാഷയും വെങ്കല ഭാഷയും.

### 2.6.1. സങ്കരഭാഷ

വ്യാപാരികളായി അന്യദേശങ്ങളിലേക്ക് ചെന്നവർക്ക് ആ പ്രദേശങ്ങളിലെ ഭാഷകൾ വശമുായിരുന്നില്ല; തദ്ദേശീയർക്ക് വിദേശീയരുടെ ഭാഷയും. കച്ചവടമെന്ന പരിമിതമായ ആവശ്യത്തിനുവേി മാത്രം വിദേശഭാഷയും സ്വദേശഭാഷയും കലർത്തി ഒരു പുതിയ ഭാഷ അവർ പ്രയോഗിച്ചു തുടങ്ങി. ഇങ്ങനെ പ്രത്യേക സാഹചര്യത്തിൽ ഉായ കലർപ്പുഭാഷയെ ആണ് സങ്കര ഭാഷ എന്നുപറയുന്നത്. പ് കച്ചവടത്തിനായുള്ള സഞ്ചാരം കൂടുതലും കടൽ വഴിയായിരുന്നതിനാൽ ഈ ഭാഷ തുറമുഖങ്ങളിലാണ് പ്രധാനമായും ഉത്ഭവിച്ചത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഒരുകാലത്ത് സങ്കരഭാഷകൾ ഉപയോഗിച്ചു വന്നിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രചാരം, രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണ മേഖലകളുടെ വ്യാപനം, വാർത്താവിനിമയസാധ്യതകളുടെ വികാസം എന്നിവ മൂലം സങ്കരഭാഷാരൂപവല്കരണം അപ്രത്യക്ഷമായി (ibid: 42-43).

### 2.6.2. വെങ്കലഭാഷ

സങ്കരഭാഷ ഉപയോഗിച്ചിരുന്ന സമൂഹത്തിന്റെ സന്തതികൾ ആ ഭാഷ പ്രയോഗിക്കാൻ തുടങ്ങുകയും രുമൂന്നു തലമുറകൾ കഴിയുമ്പോൾ ആ സങ്കര ഭാഷ ആ സമൂഹത്തിന്റെ മാതൃഭാഷയായിത്തീരുകയും ചെയ്താൽ അതിനെ വെങ്കലഭാഷ എന്നുപറയും. ഇന്ന് ചില ജനവർഗ്ഗങ്ങളുടെ മാതൃഭാഷകൾ ഇങ്ങനെ സങ്കരഭാഷയിൽനിന്ന് ഉരുത്തിരിഞ്ഞ വെങ്കലഭാഷകളാണ് (ibid: 43-44).

## 2.7 ദ്വിഭാഷിത്വവും ബഹുഭാഷിത്വവും

മാതൃഭാഷയോടൊപ്പം മറ്റൊരു ഭാഷയിലും പ്രാവീണ്യം കൈവരിച്ചിട്ടുള്ള അവസ്ഥയെ ദ്വിഭാഷിത്വം എന്നും രിലധികം ഭാഷകളിൽ പ്രാവീണ്യമുള്ള അവസ്ഥയെ ബഹുഭാഷിത്വമെന്നും പറയുന്നു. രു ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ഒന്നിച്ചു വസിക്കുന്ന ഒരു സമൂഹത്തെ ദ്വിഭാഷാസമൂഹമെന്നും ര ിലധികം ഭാഷകൾ സമ്പർക്കത്തിലിരിക്കുന്ന സമൂഹത്തെ ബഹുഭാഷാ സമൂഹം എന്നും പറയുന്നു. രു ഭാഷകൾ പ്രചാരത്തിലുള്ള ഭൂപ്രദേശത്തെ ദ്വിഭാഷാ മേഖലയെന്നും രിൽക്കൂടുതൽ ഭാഷകൾ പ്രചാരത്തിലുള്ള പ്രദേ ശത്തെ ബഹുഭാഷാ മേഖല എന്നും പറയും; അതുപോലെ രു ഭാഷകൾ ഉപയോഗിക്കുന്ന വ്യക്തിയെ ദ്വിഭാഷകൻ എന്നും രിലധികം ഭാഷകൾ ഉപയോഗിക്കുന്ന വ്യക്തിയെ ബഹുഭാഷകൻ എന്നും പറയും.

ഭൂപ്രദേശവുമായും സാമൂഹികസംസ്കാരവുമായും രാഷ്ട്രീയ ഘടകങ്ങ ളുമായും അഭേദ്യമായി ബന്ധപ്പെട്ട ഒന്നാണ് ദ്വിഭാഷിത്വം (Sreedevi, 1979: 198).

ദ്വിഭാഷിത്വം, ബഹുഭാഷിത്വം എന്നിവ ചിലപ്പോൾ ഒന്നോ രോ ശേഷി കളിൽ പരിമിതമോ സന്തുലിത ദ്വിഭാഷിത്വം എന്നുപറയുംവിധം ശക്തമായ സ്വാധീനമോ ആകാം (Bernard, 2003/1998: 45). ഈ വിഷയത്തെക്കുറിച്ചുള്ള പണ്ഡിതാഭിപ്രായങ്ങൾ അജിത് കെ. മൊഹന്തി ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

1. ഇരുഭാഷകളിലുമുള്ള ഏറ്റവും കുറഞ്ഞതും കൂടിയതുമായ സ്വാധീ നത്തെ ദ്വിഭാഷിത്വമായി കണക്കാക്കാമെന്ന് ഹോഗൻ (1953, a) ചൂ ിക്കാണിക്കുന്നു.

2. ഇരുഭാഷകൾ മാറിമാറി ഉപയോഗിക്കുന്നതാണ് ദ്വിഭാഷിത്വമെന്ന് വെൻറീഹ് (Weinreich, 1953) പറയുന്നു.

3. ഒരേ വ്യക്തി രോ കൂടുതലോ ഭാഷ ഉപയോഗിക്കുന്നതാണ് ദ്വിഭാഷിത്വമെന്ന മാക്കേയുടെ പ്രസ്താവന വെൻറീഹിന്റെതിനോട് സമാനത പുലർത്തുന്നു.

4. സ്വന്തം ഭാഷയെന്നപോലെ രു ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവിനെയാണ് ബ്ളൂംഫീൽഡ് (1933) ദ്വിഭാഷിത്വം എന്നു പറയുന്നത്.

5. രു ഭാഷകൾ പരസ്പരം ഇടകലരാത്തവിധമുള്ള പൂർണ്ണ നിയന്ത്രണം ഇരുഭാഷകളിലുമുള്ളതാണ് ഒസ്ട്രേയ്ഷറിന് (1974) ദ്വിഭാഷിത്വം.

6. ഗ്രഹണം, ഭാഷണം, വായന, ലേഖനം എന്നീ നാലു ഭാഷാമേഖലകളിലൂന്നി മാക്നമാറ (Macnamara, 1969) ഈ മേഖലകളിൽ ഏതെങ്കിലുമൊന്നിൽ ഏറ്റവും കുറഞ്ഞ കഴിവെങ്കിലും ഒരു വ്യക്തി രു ഭാഷയിൽ നേടുന്നതിനെ ദ്വിഭാഷിത്വം എന്നു പറയാം എന്ന് നിർദ്ദേശിക്കുന്നു (Mohanthi, 1994: 9).

മൊത്തത്തിലെടുത്താൽ ഇന്ത്യ ഒരു ബഹുഭാഷാസമൂഹമാണ്. ഇന്ത്യയിലെ സംസ്ഥാനാതിർത്തികളിൽ അനവധി ദ്വിഭാഷാമേഖലകളു്. ആധുനികവല്കരണത്തോടുകൂടി ഇന്ത്യയിലെ പട്ടണങ്ങളിൽ വ്യത്യസ്ത ഭാഷക്കാരായ ജനതകൾ ഒന്നിച്ച് വസിച്ചുപോരുന്നു.

ഭാഷാർജ്ജനത്തിനും പ്രയോഗത്തിനുമുള്ള അസാധാരണമായ ഒരു കഴിവ് മനുഷ്യമസ്തിഷ്കത്തിനുന്നെും ദ്വിഭാഷിത്വവും ബഹുഭാഷിത്വവും മനുഷ്യന്റെ സഹജാവസ്ഥയാണെന്നും ചോംസ്കി അഭിപ്രായപ്പെടുന്നു. ലോകമാക

മാനമുള്ള മനുഷ്യരിൽ പകുതിയോ മൂന്നിലൊന്നെങ്കിലുമോ ദ്വിഭാഷികളാണ്. കുട്ടികൾ അവരുടെ ഭാഷയും മറ്റനേകം ഭാഷകളും അസാധാരണ വേഗ ത്തിലാണ് പഠിച്ചെടുക്കുന്നത് എന്നത് ഭാഷാർജ്ജനത്തിന് സഹായകമായ സവി ശേഷസിദ്ധി മനുഷ്യനിർമ്മിതിയിൽ ഉ് എന്നാണ് വ്യക്തമാകുന്നത് എന്ന ചോംസ്കിയൻ ആശയത്തോട് പല പണ്ഡിതരും യോജിക്കുന്നു് (Crystal, 2005: 38).

## 2.8 ദ്വിഭാഷാസാഹചര്യങ്ങൾ

ദ്വിഭാഷാസാഹചര്യങ്ങൾ രുവിധമു്. വ്യത്യസ്ത ഭാഷകൾ മാതൃഭാഷ യായിട്ടുള്ളവർ ഇടകലർന്നു ജീവിക്കുന്ന സാഹചര്യമാണ് ഒന്ന്. ഈ സാഹചര്യം തന്നെ രുവിധമു്; രു ഭാഷാപ്രദേശങ്ങളുടെ അതിർത്തിയിലുാകുന്ന സാഹചര്യമെന്നും കുടിയേറ്റം മൂലമുാകുന്ന സാഹചര്യമെന്നും. അതിർത്തി പ്രദേശങ്ങളിൽ എല്ലാവ്യക്തികളും ദ്വിഭാഷകരാവാനാണ് സാധ്യത. എന്നാൽ കുടിയേറ്റ മേഖലയിൽ ഒരുവിഭാഗം മാത്രം ദ്വിഭാഷകരാവാനും സാധ്യതയു്.

മാതൃഭാഷ സ്വാംശീകരിച്ച സാഹചര്യത്തിൽ നിന്നുകൊുതന്നെ പിന്നീട് മറ്റൊരുഭാഷ പഠിച്ചെടുക്കാനുള്ള ബാഹ്യമോ ആന്തരികമോ ആയ ചോദന നൽകുന്ന സാഹചര്യമാണ് മറ്റൊന്ന്. കേരളത്തിലെ മലയാളി ഇംഗ്ലീഷ് സ്വായ ത്തമാക്കുന്ന സാഹചര്യം ഉദാഹരണമാണ്.

### 2.8.1. ദ്വിഭാഷിത്വ വിഭാഗങ്ങൾ

2.8.1.1. ഏകമുഖ ദ്വിഭാഷിത്വം

രു വ്യത്യസ്ത ഭാഷക്കാരിൽ ഒരുവിഭാഗം രുഭാഷയും മറ്റേവിഭാഗം തങ്ങളുടെ മാതൃഭാഷ മാത്രവും ഉപയോഗിക്കുന്ന അവസ്ഥയാണ് ഏകമുഖ ദ്വിഭാഷിത്വം (Smith, 1969: 473 q. in മാർക്കോസ്, 1992: 8).

2.8.1.2. ബഹുമുഖ ദ്വിഭാഷിത്വം

രു വ്യത്യസ്ത മാതൃഭാഷക്കാരിൽ ഇരുവിഭാഗവും ഇരുവിഭാഗത്തിന്റെയും ഭാഷ ഉപയോഗിക്കുന്നതാണ് ബഹുമുഖദ്വിഭാഷിത്വം. അതിർത്തി പ്രദേശങ്ങളിലെ ഭാഷകർ മിക്കവരും ബഹുമുഖ ദ്വിഭാഷികളായിരിക്കും.

## 2.9 ഭാഷാ തിരഞ്ഞെടുപ്പ്

സന്ദർഭാനുസരണം വ്യത്യസ്ത ഭാഷകൾ മാറിമാറി തിരഞ്ഞെടുക്കുന്നതാണ് ഭാഷാതെരഞ്ഞെടുപ്പ്. ആഫ്രിക്കയിലെ നാഗരികസമൂഹങ്ങളിൽനിന്നുള്ള തെളിവുകൾ, ഭാഷാതിരഞ്ഞെടുപ്പ് ഭാഷകരുടെ സാമൂഹികപശ്ചാത്തലം, അവർ ഏർപ്പെട്ടിരിക്കുന്ന ആശയവിനിമയതരം (ഏതുതരം ആശയവിനിമയം ആണ് എന്നത്) എന്നിവയ്ക്കനുസരിച്ച് വ്യത്യാസപ്പെടുന്നതായി വെളിവാക്കുന്നു. മിക്ക കെനിയൻ നഗരവാസികളും നഗരവാസികളോടും കുടുംബാംഗങ്ങളോടും നാട്ടുകാരോടും മാതൃഭാഷ ഉപയോഗിക്കുന്നു. പ്രാദേശിക വ്യക്തിത്വസംരക്ഷ ണത്തിനും തൊഴിൽ സമ്പാദ്യം പോലുള്ള ഭൗതികനേട്ടം ഉള്ളിടത്തും മാതൃഭാഷ വളരെ പ്രധാനമാണ്. സാമൂഹിക-സാമ്പത്തിക ഉന്നതവർഗ്ഗം വീട്ടിൽ കുറ ച്ചൊക്കെ ഇംഗ്ലീഷ് ഉപയോഗിക്കുന്നു. പ്രത്യേകിച്ച് വിദ്യാലയ കാര്യങ്ങളിൽ മെച്ചപ്പെടാനായി കുട്ടികളോട് നെയ്റോബിക്കാർ ചിലപ്പോൾ മാതൃഭാഷയായ സ്വാഹിലിയും ഇംഗ്ലീഷും തമ്മിൽ മൊഴിമാറ്റം നടത്തും. ഇംഗ്ലീഷും സ്വാഹിലിയും ചേർന്ന്

ഷെംഗ്ഹാസ് (Shenghas) എന്നൊരു ഗ്രാമ്യഭാഷ ചില മേഖലകളിൽ വളർന്നിട്ടുമു് (Swann, 2000: 155-156).

അധികാരത്തിന്റെയും മാന്യതയുടെയും ഭാഷ എന്നനിലയ്ക്ക് ന്യൂന പക്ഷം ഭൂരിപക്ഷ ഭാഷയ്ക്ക് വഴങ്ങാതെ ഇംഗ്ലീഷിന് വഴങ്ങുന്നു. അതിനാൽ ന്യൂനപക്ഷ ഭാഷയും ഭൂരിപക്ഷ ഭാഷയുമല്ലാതെ മറ്റൊരു മൂന്നാംഭാഷയ്ക്ക് പ്രാധാന്യം സിദ്ധിക്കുന്നു (Sarathchandran, 1993: 12).

കുടിയേറ്റ സമൂഹങ്ങൾ കുടുംബസാഹചര്യങ്ങളിലും മതസാഹചര്യങ്ങളിലും അവരുടെ യഥാർത്ഥഭാഷയുടെ ഉപയോഗം തുടരുമ്പോൾ തൊഴിൽമേഖല, വിദ്യാഭ്യാസമേഖല, പൊതുമേഖല എന്നിവിടങ്ങളിൽ പുതിയ ഭാഷ ഉപയോഗിക്കുന്നത് സർവ്വസാധാരണമാണ് (Bernard, 2000/1998: 47). പ്രസ്തുത സാഹചര്യങ്ങളെ അദ്ദേഹം ഇങ്ങനെ പട്ടികപ്പെടുത്തുന്നു:

| **ഭാഷാമേഖല** | **ബന്ധങ്ങൾ** | **വിഷയം** |
|---|---|---|
| വീട് | അമ്മ, അച്ഛൻ, മകൻ, മകൾ മുതലായവർ | ഗാർഹികം, വ്യക്തിപരം മുതലായവ |
| അയൽവാസികളുമായുള്ള സമ്പർക്ക സാഹചര്യം | അയൽക്കാർ, കച്ചവടക്കാർ, തെരുവ് വൃത്തിയാക്കുന്നവർ മുതലായവർ | കാലാവസ്ഥ, മാർക്കറ്റ് നിലവാരം, ആശംസകൾ മുതലായവ |
| വിദ്യാലയം | അധ്യാപകർ, വിദ്യാർത്ഥികൾ മുതലായവർ | ആശംസകൾ, വിദ്യാഭ്യാസപരം മുതലായവ |
| ആരാധനാലയം | പുരോഹിതർ, കപ്യാർ മുതലായവർ | പ്രാർത്ഥന, കുറ്റസമ്മതം, സാമൂഹികം മുതലായവ |

ഭാഷാതിരഞ്ഞെടുപ്പിൽ ഒരാളുടെ ചോദനയെ നിർണ്ണയിക്കുന്നത് അയാളിലെ മൂന്ന് മനഃശാസ്ത്രപരമായ സാഹചര്യങ്ങളാണെന്ന് നിരീക്ഷിച്ചിട്ടു്. വ്യക്തിപരമായ ആവശ്യം, സന്നിഹിത സാഹചര്യം, പശ്ചാത്തല സാഹചര്യം എന്നിവയാണ്. ഇതിൽ ഏത് മുന്നിട്ടുനിൽക്കുന്നു എന്നതനുസരിച്ചാണ് ഭാഷയെ

അഥവാ ഭാഷാഭേദത്തെ തിരഞ്ഞെടുക്കുന്നത് (Wardhaugh, 1919: 103 q. in മാർക്കോസ്, 1992: 18–19).

## 2.10 ദ്വിഭാഷിത്വവും ഇരട്ടമൊഴിയും

ഒരു സമൂഹത്തിലുപയോഗിക്കുന്ന രു ഭാഷകൾക്കോ ഭാഷാഭേദ ങ്ങൾക്കോ അവ ഉപയോഗിക്കേുന്ന സന്ദർഭവിഷയം തുടങ്ങിയവ കർശന മായി നിശ്ചയിക്കപ്പെട്ടിട്ടുള്ള അവസ്ഥയ്ക്കാണ് ഇരട്ടമൊഴി എന്നുപറയുന്നത്. ഭാഷയ്ക്ക് ഉച്ചം, നീചം എന്ന് ഭേദം കല്പിക്കുകയും ഈ ഭേദങ്ങൾ ഉപയോ ഗിക്കേ തലങ്ങൾ കൃത്യമായി വേർതിരിക്കുകയും ചെയ്യുമ്പോഴാണ് സാധാര ണയായി ഇരട്ടമൊഴി ഉാകുന്നത് (Ferguson, 1959: 87). ഉച്ചഭാഷാഭേദം ഒരിക്കലും നീചഭാഷാഭേദത്തിന് നിശ്ചയിച്ചിട്ടുള്ള സന്ദർഭങ്ങളിൽ ഉപയോഗിക്കു കയില്ല; തിരിച്ചും. ഉച്ചഭാഷാഭേദമാണ് അഭിമാനകരമായി കണക്കാക്കപ്പെടുന്നത്. നീചഭാഷാഭേദം അറിയില്ലെന്നു പറയാനാണ് ജനങ്ങൾ താല്പര്യം കാണി ക്കുന്നത്. ഉച്ചഭാഷാഭേദത്തിൽനിന്ന് നീചഭാഷാഭേദത്തിലേക്ക് ആദാനം നടത്താ നുള്ള പ്രവണതയും കുവരുന്നു (ibid: 14).

## 2.11 മൊഴിമാറ്റം

മറ്റൊരു ഭാഷയിലേക്കോ ഭാഷാഭേദത്തിലേക്കോ പെട്ടെന്ന് ഭാഷണത്തെ മാറ്റുന്നതാണ് മൊഴിമാറ്റം. ദ്വിഭാഷികൾ മൊഴിമാറ്റത്തിൽ ശ്രദ്ധേയമായ പ്രാവീണ്യം പ്രദർശിപ്പിക്കുന്നു് എന്ന് ഹാൾബർ നിരീക്ഷിക്കുന്നു് (Halbar, 1981: 178). ഇന്ന വിഷയത്തിന് ഇന്ന മൊഴി എന്നില്ലെങ്കിലും മൊഴിഭേദമനു സരിച്ച് വിഷയത്തോടുള്ള താല്പര്യത്തിന് ഏറ്റക്കുറച്ചിലുാവും (Wardhaugh, 1919: 103, q. in മാർക്കോസ്, 1992: 18–19).

> ഇംഗ്ലീഷ്, വിദ്യാഭ്യാസത്തിന്റെയും കേന്ദ്രസർക്കാരിന്റെയും പൊതുവായ മാന്യതാസങ്കല്പത്തിന്റെയും ഭാഷയായതിനാൽ ര് ഇന്ത്യൻ ഭാഷകൾക്കിടയിലുള്ള മൊഴിമാറ്റത്തിൽനിന്ന് ഒരു ഇന്ത്യൻ ഭാഷയ്ക്കിടയ്ക്ക് ഇംഗ്ലീഷിലേക്കു നടക്കുന്ന മൊഴിമാറ്റം വ്യത്യസ്തമാണ് (Southworth, 1980: 90).

മൊഴിമാറ്റത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ മൂന്നുതരമാണ് – എപ്പോൾ, എന്തു കൊ്, എങ്ങനെ എന്നിങ്ങനെയാണ് അവ. മൊഴിമാറ്റം സംഭവിക്കുന്നത് ഏതൊക്കെ സാഹചര്യങ്ങളിലാണ് എന്നാണ് എപ്പോൾ എന്നതുകൊ് അർത്ഥമാക്കുന്നത്. മൊഴിമാറ്റം കൊ് ഭാഷകൻ വിനിമയം ചെയ്യാനുദ്ദേശിച്ചത് എന്ത് എന്നതാണ് എന്തുകൊ് എന്നതിന്റെ ഉദ്ദേശം. മൊഴിമാറ്റലിന്റെ ഭാഷാപരമായ ഘടന എന്ത് എന്നതാണ് എങ്ങനെ എന്നതിന്റെ ഉദ്ദേശം (ibid: 90).

## 2.12 കടംവാങ്ങൽ

ഒരു ഭാഷയിലെ ഏതെങ്കിലുമൊരു ഘടകത്തെ മറ്റൊരു ഭാഷ ഉപയോഗിക്കുന്നതിനെ സൂചിപ്പിക്കുന്ന സാങ്കേതികപദമാണ് കടംവാങ്ങൽ. ഇത് മൊഴി മാറ്റമല്ല (Mesthirie & Leap, 2000: 249). ഭാഷാസമ്പർക്ക സാഹചര്യത്തിലെ ഭാഷയ്ക്ക് തന്റെ ഭാഷയിൽ പരിമിതികൾ ഉന്നെു തോന്നുകയും മറ്റേ ഭാഷ യിൽ ഈ പരിമിതികളെ പരിഹരിക്കുന്നതിനുള്ള ഉപാധികളുന്നെ് അനുഭവ പ്പെടുകയും ചെയ്യുമ്പോൾ അയാൾ അത്തരം ഘടകങ്ങളെ തന്റെ ഭാഷയിലേക്ക് സ്വീകരിക്കുന്നു.

മാന്യതാസങ്കല്പത്തിന്റെ വ്യത്യസ്തത കൊാണ് ഇത് സംഭവിക്കുന്നതെങ്കിൽ അതിനെ മാന്യതാബോധംകൊുള്ള ആദാനം എന്നുവിളിക്കാം. രു ഭാഷകൾ തമ്മിലുള്ള വ്യത്യസ്തതകൊനുഭവപ്പെടുന്ന പരിമിതിയാണ് ആദാന ഹേതുവെങ്കിൽ ആവശ്യബോധംകൊുള്ള ആദാനം എന്നും വിളിക്കാം.

ഇപ്പറഞ്ഞ രു പ്രേരണകളും ഉങ്കിലും ആദാനത്തിനുള്ള സംഭാവ്യ തകൾ യാഥാർത്ഥ്യമാകണമെന്നില്ല. ഇതിനു കാരണമായി ആദാനത്തെ നിയന്ത്രി ക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ചില ഘടകങ്ങൾ ഉന്ന് വെൻറീഹ് നിരീക്ഷിക്കുന്നു.

> കടം നൽകുന്ന ഭാഷയുടെ നിയമങ്ങൽ കടംവാങ്ങുന്ന ഭാഷകർ അറിയണമെന്നില്ല. കടം വാങ്ങിയതാണെന്ന വസ്തുതപോലും അറിയണമെന്നില്ല - പ്രത്യേകിച്ച് ഭാഷകന്റെ സ്വന്തം ഉച്ചാരണ രീതിയോട് പ്രസ്തുത ഭാഷാഘടക സവിശേഷതകൾ (ഉച്ചാരണം മുതലായവ) സമരസപ്പെടുകയാണെങ്കിൽ. ഇത്തരം കടംകൊ ഭാഷാഘടകങ്ങൾ കടംകൊ ഭാഷയിൽ സ്ഥിരപ്പെടുകയാണ് പതിവ് (Leap, 2000: 249).

> കടംകൊള്ളലിന്റെ സാംസ്കാരികതലങ്ങളിലാണ് സാമൂഹിക ഭാഷാശാസ്ത്രജ്ഞർക്ക് താല്പര്യം. കടംകൊള്ളൽ എന്ന പ്രക്രിയ പഠനത്തിന്റെയും സാംസ്കാരിക സങ്കലനത്തിന്റെയും പ്രക്രിയ കൂടിയാണ് (ibid).

**ഭാഷാസങ്കലനം**

സ്വഭാഷാപരിമിതികളുടെ പരിഹാരത്തിനായി കടംകൊള്ളുന്ന അന്യഭാഷാ ഘടകങ്ങൾ സ്വഭാഷയുടെ സംരചനയിൽ മാറ്റംവരുത്തിക്കൊ് അതിനോടു ചേരുന്നതിനെയാണ് ഭാഷാസങ്കലനം എന്നു പറയുന്നത്. ഇത് വിവിധ തലങ്ങളിൽ സംഭവിക്കാം; ഉച്ചാരണം, സ്വനം, നിഘു, വ്യാകരണം, അർത്ഥം എന്നിങ്ങനെ. ഉച്ചാരണം, പദം, സ്വനിമം എന്നിവ ഉപരിപ്ലവവും നാമമാത്രവുമായ സങ്കലനമാണ്. എന്നാൽ വ്യാകരണ തലത്തിലുള്ള കടംകൊള്ളൽ ആഴത്തിലുള്ള ഭാഷാപരിണാമത്തിന് കാരണമാകും.

## 2.13 ഭാഷാസംരക്ഷണവും ആദേശവും

ഒരു വ്യക്തിയേയോ സമൂഹത്തെയോ അവരുടെ ഇച്ഛാശക്തിക്ക തീതമായി മറ്റൊരു വ്യക്തിയോ സമൂഹമോ അവരുടെ മേധാശക്തി യുപയോഗിച്ച് സ്വന്തം വരുതിക്കുള്ളിൽ കൊുവരുന്നതാണ് മേൽക്കോയ്മ. വ്യക്തികളുടെ സംഖ്യ, ഭൂരിപ ക്ഷം, സംഘടന, വിഭവശേഷി എന്നിവയാണ് അധികാരവുമായി ബന്ധപ്പെട്ട കോയ്മയുടെ അടിസ്ഥാന ഘടകങ്ങൾ. ഭൗതികമായോ ബൗദ്ധിക മായോ മാനസികമായോ മേൽക്കോയ്മ ഉ ാക്കുവാനാകും (ഗിരീഷ്, 2001: 146).

സമാധാനപരമായ കുടിയേറിപ്പാർക്കൽ വൻതോതിലുള്ളതാണെങ്കിൽ ആഗതരുടെയും പൂർവ്വനിവാസികളുടെയും ഭാഷകൾ ഒരു സൗഹൃദബന്ധത്താ ലെന്നപോലെ പരസ്പരമുള്ള ദാനാദാനങ്ങളിലൂടെ പരിവർത്തനപ്പെട്ടുകൊി രിക്കും. ഒരു പ്രത്യേക ഘട്ടമെത്തുമ്പോൾ പ്രചാരത്തിന്റെ കൂടുതൽ കുറവനു സരിച്ച് ഇവയിലൊന്ന് തിരോഭവിച്ചെന്നും വരും (കരുണാകരൻ, 1965: 124).

1964–ൽ ജോഷ്വാഫിഷ്മാന്റെ ഒരു ലേഖനത്തിലാണ് 'ഭാഷാസംരക്ഷണം', 'ആദേശം' എന്നീ സംജ്ഞകൾ നിർദ്ദേശിച്ചത്. പ്രാദേശികവും സാമൂഹിക വുമായി കൂടുതൽ ശക്തമായ ഒരു ഭാഷയിൽനിന്നുള്ള മത്സരം അഭിമുഖീകരി ക്കവെ, ഒരു ഭാഷയുടെ ഉപയോഗം തുടരുന്നതാണ് ഭാഷാസംരക്ഷണം (Mesthirie & Leap, 2000: 253). അമേരിക്കയിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങ ളിലും സ്ഥിരവാസികളായ മലയാളികൾ വീട്ടിലും മലയാളികൂട്ടായ്മകളിലും മലയാളം സംരക്ഷിക്കുന്നത് ഉദാഹരണമാണ്.

ഭാഷാസംരക്ഷണത്തിന്റെ നേർവിപരീത പ്രതിഭാസമാണ് ഭാഷ–ആദേശം. സമ്പർക്കഭാഷയുടെ സ്വാധീനഫലമായി വിധേയസമൂഹത്തിന്റെ ഭാഷയുടെ സ്വന–സ്വനിമ–രൂപിമ–വാക്യതലങ്ങളിൽ സമ്പർക്കഭാഷ സ്ഥാനംപിടിക്കുന്നതും സ്വഭാഷ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ ഒന്നൊന്നായി കുറയുകയും ആ സ്ഥാനത്ത് സമ്പർക്കഭാഷ ആദേശിക്കുകയും ചെയ്യുന്നതാണ് ഭാഷ–ആദേശം.

''ഒരു സമൂഹത്തിലെ ആശയവിനിമയവും സാമൂഹ്യവല്കരണവും നിർവ്വഹിക്കുന്ന ഭാഷ മാറി മറ്റൊരു ഭാഷ സ്ഥാനം പിടിക്കുന്നതാണ് ആദേശം'' (ibid). അമേരിക്കയിലെ കുടിയേറ്റക്കാരുടെ ഭാഷയായ നോർവീജിയൻ ഭാഷയ്ക്കു വന്ന ആദേശം ഉദാഹരണം.

''ഒരു സമൂഹം പരമ്പരയാ ഉപയോഗിച്ചുവരുന്ന ഭാഷ ഉപേക്ഷിച്ച് മറ്റൊരു ഭാഷ സ്വീകരിക്കുന്നതാണ് ഭാഷാമാറ്റം'' (Fasold, 1987: 213).

വളരെക്കാലമായുള്ള ഭാഷാതെരഞ്ഞെടുപ്പിന്റെ സമാഹൃതഫലമാണ് ഭാഷാമാറ്റവും ഭാഷാപരിരക്ഷണവും. സാധാരണയായി ഭാഷാമാറ്റം സംഭവിക്കുക ന്യൂനപക്ഷത്തിന്റെ ഇടയിലാണ്. സമൂഹത്തിലെ പ്രബലശക്തി ഭൂരിപക്ഷമായിരിക്കുകയും ന്യൂനപക്ഷത്തിന്റെ ഭാഷയിൽ ഭൂരിപക്ഷ ഭാഷാസമൂഹത്തിന്റെ സമ്മർദ്ദമുായിരിക്കുകയും ചെയ്യുമ്പോഴാണ് ഇത് സംഭവിക്കുന്നത്. എന്നാൽ ന്യൂനപക്ഷത്തിന്റെ ഭാഷയിലേക്ക് ഭൂരിപക്ഷം സ്വന്തം ഭാഷയെ മാറ്റുന്ന സംഭവങ്ങളും ഉായിട്ടു് (മാർക്കോസ്, 1992: 9, 10).

''വിദേശ ഭാഷമേൽ അധീശഭാഷ പുലർത്തുന്ന സ്വാധീനം സാർവ്വലൗകികമായ ഒരു കാര്യമാണ്'' (Crystal, 2005: 38).

ഭാഷാമാറ്റത്തിന് ദ്വിഭാഷിത്വം ഒരു അവശ്യഘടകമാണെങ്കിലും അതു കൊുമാത്രം ഭാഷ മാറണമെന്നില്ല. ദീർഘകാലമായി ഭാഷാമാറ്റം കൂടാതെ ദ്വിഭാഷിത്വം നിലനിർത്തുന്ന അനവധി സമൂഹങ്ങളു്.

## 2.14 ഭാഷാപരിണാമം

ഭാഷാസമ്പർക്കത്തിന്റെ മറ്റൊരു ഫലമാണ് ഭാഷാപരിണാമം. രു സമ്പർക്കഭാഷകളിൽ ഒന്നോ രുമോ പരസ്പര സ്വാധീനഫലമായി മാറ്റത്തിനു വിധേയമാകുന്നതാണ് ഭാഷാപരിണാമമെന്ന് പറയപ്പെടുന്നു.

> പരസ്പര സമ്പർക്കത്തിന്റെ പ്രകാരഭേദങ്ങൾ തമ്മിൽ കലരുന്ന രു ഭാഷകളിലൊന്ന് നശിക്കുകയും മറ്റേത് പൂർവ്വാധികം കരുത്തോടെ നിലനിൽക്കുകയും ചെയ്യാം. പരസ്പരം കൊും കൊടുത്തും ഇരുഭാഷകളും പരിവർത്തനവിധേയമായി ഏറെ ക്കാലം സമാന്തരമായങ്ങനെ നിലനിന്നെന്നും വരാം (കരുണാ കരൻ, 1965: 123–124).

പരിണാമം പലവിധത്തിൽ സംഭവിക്കാം. അധീശഭാഷയ്ക്ക് അനുകൂലമായി വിദേശഭാഷയിൽ പരിണാമം സംഭവിക്കാറാണ് സർവ്വസാധാരണം. മിക്ക ന്യൂനപക്ഷ ഭാഷകൾക്കും സംഭവിക്കുന്നത് ഈവിധ പരിണാമമാണ്. എന്നാൽ ഇരുഭാഷകളുടേതിൽനിന്നും വ്യത്യസ്തമായൊരു ദിശയിലേക്കുള്ള പരിണാമവും സ്വാഭാവികമാണ്. അത്തരത്തിലൊരു പരിണാമത്തിന്റെ ഫലമായാണ് ഫ്രഞ്ചും ലാറ്റിനും പരസ്പരസമ്പർക്കത്തിലേർപ്പെട്ട് ആംഗലേയ ഭാഷയായി പരിണമിച്ചത്.

## 2.15 ഭാഷാമരണം

ഭാഷ–ആദേശം സംഭവിക്കുന്ന സമൂഹം ആ ഭാഷ സംസാരിക്കുന്ന ലോകത്തിലെ തന്നെ ഒരേയൊരു സമൂഹമാണെങ്കിൽ ആ ഭാഷ–ആദേശം ഭാഷാമരണം തന്നെയാണ്. പതിനെട്ടാം നൂറ്റാിൽ കോർണിഷ് ഭാഷയ്ക്ക് ഇംഗ്ലീഷിനാൽ സംഭവിച്ച ആദേശം ഒരേസമയം ഭാഷ–ആദേശത്തിനും ഭാഷാമരണത്തിനും ഉദാഹരണമാണ്. 1803–ൽ ആരംഭിച്ച ആംഗലേയ സമ്പർക്കത്താൽ ടാസ്മാനിയൻ ഭാഷ 73 വർഷം കൊ് മരിച്ചുപോയി (Mesthirie & Leap, 2000: 253).

ഒരു ഭാഷ സംസാരിക്കുന്ന അവസാന വ്യക്തി മരിക്കുമ്പോൾ ആ ഭാഷ മരിക്കുന്നു. അവസാനത്തെ രാമൻ മരിച്ചാൽ അവസാനത്തെ ആൾക്ക് ആ ഭാഷ ആരോടും സംസാരി ക്കാനാവില്ലെന്നതിനാൽ അവസാനത്തെ രാമൻ മരിക്കു മ്പോഴാണ് ഭാഷ മരിക്കുന്നതെന്നും ചിലർ പറയുന്നു. ഏതെങ്കിലും വിധത്തിൽ എഴുതിവെക്കുകയോ രേഖപ്പെടുത്തി വെക്കുകയോ ചെയ്തിട്ടുങ്കിൽ മാത്രം ഒരു ഭാഷ ഇത്തരം മരണത്തിനു ശേഷവും ജീവിക്കുന്നു (Crystal, 2005: 49).

ഭാഷാമരണം നാലുവിധമാകാമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു:

(1) ക്രമേണയുള്ളത്

(2) പെട്ടെന്നുള്ളത്

(3) സമഗ്രം

(4) താഴെനിന്ന് മുകളിലേക്ക് സംഭവിക്കുന്നത് (Mesthirie & Leap, 2000: 253).

ഭാഷാസംരക്ഷണം ശക്തമായ സാമൂഹികബോധത്തിന്റെയോ ദേശീയ ബോധത്തിന്റെയോ പ്രക്രിയ അല്ല. നാഗരികരിലേ തിനേ ക്കാൾ ഗ്രാമീണരിൽ ഭാഷ-ആദേശത്തിന് പ്രാധാന്യം കൂടു ന്നില്ല (ibid: 254).

രുതരം ഭാഷാമരണത്തെക്കുറിച്ച് വിശദീകരിക്കുന്നു് (Crystal, 2005: 52, 54, 55).

(1) ഒറ്റപ്പെട്ട ഇടങ്ങളിലെ ചെറിയ സമൂഹങ്ങൾ ഭൂകമ്പം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, സുനാമി എന്നിവപോലുള്ള പ്രകൃതിക്ഷോഭങ്ങളാൽ ഇല്ലാതാവുക വഴി ഭാഷാമരണം സംഭവിക്കാം (പുറം 52).

(2) ജനം ജീവിച്ചിരിക്കുമ്പോൾത്തന്നെ ഭാഷ മരിക്കാം. ഭാഷാനഷ്ട ഹേതുക്കളിൽ ചിലത് ജനതയുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്നില്ല. സമൂഹാം ഗങ്ങൾ അവരുടെ പ്രദേശത്തുതന്നെ നിലനിൽക്കുമ്പോൾ ഭാഷ അധഃപതിക്കു കയും ക്രമേണ അപ്രത്യക്ഷമാവുകയും മറ്റൊരു ഭാഷയാൽ സ്ഥാനചലനം സംഭവിക്കുകയും ചെയ്യാം. ഒരു സംസ്കാരം മറ്റൊരു അധീശ സംസ്കാരത്തിന്റെ സ്വാധീനത്തിനു വിധേയമാകുകയും തനിമ നഷ്ടപ്പെടുകയും ചെയ്യുന്നതിന്റെ ഫലമെന്നോണം സമൂഹാംഗങ്ങൾ പുത്തൻ പെരുമാറ്റ രീതികളും ധാർമ്മിക സങ്കല്പങ്ങളും സ്വീകരിക്കുന്നതിന്റെ ഭാഗമാണ് ഇത് (പുറം 54–55).

സർക്കാരിന്റെയും മറ്റും ഭാഗത്തുനിന്നുള്ള പ്രോത്സാഹനങ്ങളും മറ്റും താഴെനിന്ന് മുകളിലേക്കുള്ള സ്വാധീനമാണ്. ഫാഷൻ തരംഗം, സുഹൃത്തു ക്കളിൽ നിന്നുള്ള സ്വാധീനം, സാമൂഹിക–രാഷ്ട്രീയ–സാമ്പത്തിക ഘടകങ്ങൾ എന്നിവ ഭാഗികമായേ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ളു. പ ക്ഷെ, എവിടെവിടെയാണോ സ്വാധീനം ആരംഭിക്കുന്നത് അവിടെ ആ സമ യത്ത് ദ്വിഭാഷിത്വം ആരംഭിക്കുകയും അതോടെ ജനങ്ങൾ വർധമാനമാംവിധം അവരുടെ നവഭാഷയിൽ കഴിവുള്ളവരാകുകയും പഴയതിൽ പ്രാവീണ്യം നിലനിർത്തുകയും ചെയ്യുന്നു. പിന്നീട് മിക്കവാറും വളരെ വേഗം ഈ ദ്വിഭാഷിത്വം പഴയ ഭാഷ നവഭാഷയ്ക്ക് വഴിമാറിക്കൊടുക്കുകവഴി ഇല്ലാതാകുന്നു. ഇത് പുതുതലമുറ വർധമാനമാംവിധം നവഭാഷയിൽ പ്രവീണരാവുകയും അതോട് താദാത്മ്യം പ്രാപിക്കുകയും അവരുടെ പുത്തൻ ആവശ്യങ്ങളുടെ കാര്യത്തിൽ പഴയ ഭാഷ അപ്രസക്തമെന്ന് കത്തുകയും ചെയ്യുന്ന മൂന്നാം ഘട്ടത്തിലേക്ക് നയിക്കുന്നു. ഈ ഘട്ടത്തിൽ മിക്കവാറും രക്ഷിതാക്കളു ടേതെന്നപോലെ കുട്ടികളുടെ ഭാഗത്തും പഴയ ഭാഷ ഉപയോഗിക്കുന്നത് നാണക്കേടാണ് എന്നൊരു തോന്നൽ ഉാകാറു്. രക്ഷിതാക്കൾ കുട്ടിക ളോടും കുട്ടികളുടെ മുന്നിലും പഴയ ഭാഷ ഉപയോഗിക്കുന്നത് കുറച്ചുകൊു വരുന്നു.

അങ്ങനെ പുതുതായി ജനിക്കുന്ന കുട്ടികൾക്ക് അവരുടെ രക്ഷിതാക്ക ളോട് പ ഴയ ഭാഷ ഉപയോഗിക്കാനുള്ള അവസരം വളരെ കുറയുന്നു. പഴയ ഭാഷ തുടർന്നു സംസാരിക്കുന്ന കുടുംബങ്ങൾ, സംസാരിക്കുവാൻ അവിടെ ഏതാനും മറ്റു കുടുംബങ്ങൾ ഉന്ന് കത്തെുകയും അവരുടെ പ്രയോഗങ്ങൾ ആ ന്തരികോന്മുഖവും അഹംകേന്ദ്രിതവും (inward looking and idio syncratic) ആകുകയും അത് കുടുംബഭാഷാഭേദത്തിന് വഴിവെക്കുകയും ചെയ്യുന്നു. വീടിനു പുറത്ത് കുട്ടികൾ പഴയ ഭാഷ സംസാരിക്കുന്നത് നിർത്തുന്നു. ഒരു തലമുറയ്ക്കുള്ളിൽ - ചിലപ്പോൾ ഒരു ദശാബ്ദത്തിനകംതന്നെ ഒരു കുടുംബ ത്തിനകത്തെ ഒരു ആരോഗ്യപൂർണ്ണ ബഹുഭാഷിത്വം ആത്മബോധത്തോടെയുള്ള അർധഭാഷാവസ്ഥയ്ക്കും പിന്നെ ഏകഭാഷിത്വത്തിനും വഴിവെക്കും (Crystal, 2005: 56-57).

> വീട്ടിലും മറ്റും സംസാരിക്കുമ്പോൾ ഓരോരുത്തരുടെയും ചി ന്തയും തോന്നലും അവനവന്റെ അഹത്തിനോട് അടുത്തു നിൽക്കുന്ന ഭാഷയിലാവും പുറത്തുവരിക. അതുകൊ് ഭാഷാ പ രിരക്ഷണത്തിന്റെ തീക്ഷ്ണതയായി ഈ തലങ്ങളിലെ ഭാഷാ പ്രയോഗത്തെ എടുക്കാം (Bayer, 1986: 15).

ചില ഭാഷാശാസ്ത്രജ്ഞന്മാർ ഭാഷയുടെ അധഃപതനത്തിന് പ്രത്യേകമായ ചില കാരണങ്ങൾ ചൂിക്കാണിച്ചിട്ടു്; സാമ്പത്തിക മാറ്റങ്ങൾ, മാന്യത, സാംഖ്യിക ഘടകങ്ങൾ, ഭരണകൂടത്തിന്റെയും ഇതരസ്ഥാപനങ്ങളുടെയും പിന്തുണ എന്നിവയാണവ (Mesthirie & Leap, 2000: 255).

കുടിയേറ്റ സമൂഹങ്ങളിലെ ഭാഷാവസ്ഥകളെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങളെക്കുറിച്ച് പഠിച്ച ശരത്ചന്ദ്രൻ നായരുടെ (1993: 6) നിരീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

(1) അധീശസമൂഹത്തിനിടയ്ക്ക് മാതൃഭാഷാ സംരക്ഷണത്തിന് തൊഴിൽ സമ്പർക്കം, വിദ്യാലയ സമ്പർക്കം, വൈവാഹികബന്ധം, കൂട്ടായ താമസം, കുടിയേറ്റം, മത്സരബുദ്ധി, കച്ചവട രഹസ്യ സംരക്ഷണം, സമൂഹസ്വത്വ സംരക്ഷണം എന്നിവ സഹായകമാണെന്നും ഈ ഘടകങ്ങളുടെ അഭാവം കുടിയേറ്റ സമൂഹത്തിന്റെ ഭാഷാനഷ്ടത്തിന് കാരണമാണെന്നും സുബ്രഹ്മണ്യൻ (1976) നിരീക്ഷിച്ചിട്ടു്.

(2) സുബ്രഹ്മണ്യത്തിന്റെ നിർദ്ദേശങ്ങൾ പുനരവലോകനം ചെയ്തു കെ് മോഗ് (Moug, 1987, q. in Saratchandran Nair V., 1993: 6) കുടിയേറ്റ സമൂഹങ്ങളിലെ ഭാഷാസംരക്ഷണവും നഷ്ടവുമായി ബന്ധപ്പെട്ട് പ്രയോഗ സാധുവായ ഇരുപത് ഘടകങ്ങളെ നാലു ശീർഷകങ്ങളിലായി ചൂിക്കാട്ടു ന്നു്:

(i) സാംഖ്യിക ഘടകങ്ങൾ

(ii) രാഷ്ട്രീയ ഘടകങ്ങൾ

(iii) സാമൂഹിക ഘടകങ്ങൾ

(iv) സാമൂഹിക ഭാഷാശാസ്ത്ര ഘടകങ്ങൾ

(3) തലമുറ, അധിവാസകാലദൈർഘ്യം, വരുമാനം, തൊഴിൽ, താമസി ക്കുന്നിടത്ത് സ്ഥാവരവസ്തുക്കൾ സ്വന്തമായ അവസ്ഥ, ജന്മദേശ സമ്പർക്കം എന്നിവ ഭാഷാസംരക്ഷണത്തിൽ നിർണ്ണായകങ്ങളായ മറ്റു ഘടകങ്ങളാണ്.

(4) കുടിയേറ്റ സമൂഹങ്ങളിലെ ഭാഷാ മനോഭാവത്തെയും തൊഴിൽ സാധ്യതകൾ നിർണ്ണയിക്കുന്നു്.

ഈ ഘടകങ്ങളിൽ ഒന്നിന്റെയും അടിസ്ഥാനത്തിൽ ഒരു ഭാഷ ദ്വിഭാഷാ സാഹചര്യത്തിൽ പ്രതിസന്ധിഘട്ടത്തെ തരണംചെയ്യുമെന്ന് പ്രവചിക്കാൻ പോന്ന കാരണമല്ല എന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

## 2.16 ഭാഷാവസ്ഥകളെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങൾ അഥവാ സാഹചര്യങ്ങൾ

ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും ഭാഷാവസ്ഥകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ നിരവധിയാണ്; ഭൂപ്രദേശം, മതം, ജാതി, പ്രായം, ലിംഗം, തൊഴിൽ, സാമൂഹിക മാന്യത, വിദ്യാഭ്യാസം, സാമ്പത്തികസ്ഥിതി എന്നിവയാണ് അതിൽ പ്രധാനം.

### 2.16.1. ജാതി

ഇന്ത്യൻ ഉപസമൂഹങ്ങളുടെ ഭാഷാവസ്ഥകളെ നിർണ്ണയിക്കുന്നതിൽ ജാതിക്ക് വളരെ പ്രധാന പങ്കു്. ഏറെ ചർച്ചയ്ക്ക് വിധേയമായ ഇക്കാര്യത്തെക്കുറിച്ച് പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല.

> വ്യക്തമായ പേരുള്ളതും നിയമിതമായ അതിർത്തിയുള്ളതും മറ്റൊരു ജാതിയിലേക്ക് ലയിക്കാൻ സാധ്യതയില്ലാത്തതുമാണ് ജാതി. അത് സ്ഥിരതയുള്ള ഒരു പ്രത്യേക വിഭാഗമാണ് (ഗിരീഷ്, 2001: 47).

ഭാഷാഭേദത്തെക്കുറിച്ച് അന്വേഷിച്ച പണ്ഡിതർ ജാതി ഭാഷാഭേദമാണ് ഉദാഹരണമായി പലപ്പോഴും തിരഞ്ഞെടുക്കുന്നത്. ഇന്ത്യൻ ഭാഷാസമൂഹം ജാതി ഭാഷാഭേദത്തെക്കുറിച്ച് ബോധമുള്ളവരാണെന്ന് മാക്മോർമാക് അവകാശപ്പെടുന്നു. ഹൈന്ദവസമൂഹത്തിലെ ജാതിസമ്പ്രദായവുമായി ബന്ധപ്പെട്ട കൃത്യമായ

ജാതിഭാഷാഭേദം കുപിടിക്കുന്നതായി ബ്രൈറ്റും രാമാനുജനും പ്രസ്താവി ക്കുന്നു (Pattanayak, 1975: 97).

ജാതിഭാഷാഭേദവും പ്രാദേശിക ഭാഷാഭേദവും പരസ്പരഭിന്നമാണെന്ന്, ഒരു ബ്രാഹ്മണ ഭാഷാഭേദം സംസാരിക്കുന്ന ഒരാൾക്ക് മറ്റേതും സംസാരി ക്കുകയോ സംസാരിക്കാതിരിക്കുകയോ ചെയ്യാമെന്നതിന്റെ വെളിച്ചത്തിൽ രാമാ നുജൻ നിരീക്ഷിക്കുന്നു. ഒരു പടികൂടി കടന്ന്, ജാതി ഭാഷാഭേദവും പ്രാദേശിക ഭാഷാഭേദവും സ്വതന്ത്രചരമാണെന്നും അദ്ദേഹം അവകാശപ്പെടുന്നു (ibid).

ഭാഷയ്ക്കുള്ളിൽ വരുന്ന വ്യത്യാസങ്ങൾക്ക് ജാതി ഒരു കാരണമായി ത്തീരുന്നു് എന്നും പ്രാദേശികഭേദം പോലും ജാതിയുമായി ബന്ധപ്പെട്ടതാ ണെന്നും ബ്രൈറ്റും രാമാനുജനും (1964: 68), ജാതിബദ്ധമായ സാമൂഹ്യ ശ്രേണീകരണം ഭാഷയിലും പ്രതിഫലിച്ചു എന്നും സമൂഹത്തിലെ മേൽകീഴുകൾ അതേപടി ഭാഷയിലും നിലനിർത്തി എന്നും പി.എം. ഗിരീഷും (2001: 22) ചൂ ിക്കാട്ടുന്നു്.

സാമൂഹിക പരിതസ്ഥിതിയുടെ എല്ലാ അംശങ്ങളും ഭാഷയെ സ്വാധീ നിക്കും. ജാതിവ്യവസ്ഥ നിലവിലുള്ള ഇന്ത്യൻ സമൂഹത്തിൽ ഒരു വ്യക്തിയുടെ ഭാഷാഭേദത്തിൽ പ്രാദേശികമായ പ്രത്യേകതകൾ മാത്രമല്ല മതത്തിന്റെയും ജാതി യുടെയും പ്രത്യേകതകളും പ്രതിഫലിക്കും. ഭാഷയ്ക്കുള്ളിൽ വരുന്ന വ്യത്യാസ ങ്ങൾക്കുള്ള കാരണങ്ങളിലൊന്നായി ഭാഷാശാസ്ത്രജ്ഞന്മാർ ജാതിയെ അംഗീക രിക്കുകയും ജാതിഭാഷാഭേദങ്ങളെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു (സോമശേ ഖരൻ, 1985: 92).

എന്നാൽ മേൽ പരാമർശിച്ച പണ്ഡിതരുടേതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായമാണ് ഡി.പി. പട്ടനായിക്കിനുള്ളത്. ഹൈന്ദവസമൂഹത്തിലെ ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട തികച്ചും വ്യത്യസ്തമായ ഒരു സാമൂഹിക ഭാഷാഭേദം ഇല്ല എന്നതാണ് അദ്ദേഹത്തിന്റെ മതം (Pattanayak, 1975: 97). ജാതിഭാഷാഭേദം ഭാഷകന്റെ ജന്മസ്ഥലത്തിനനുസൃതമായി വ്യത്യാസപ്പെടുമെന്ന് ധാർവാറിലേയും മൈസൂരിലേയും ബ്രാഹ്മണ ഭാഷാഭേദത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വിശദീകരിക്കുന്നു. കുഗ്രാമങ്ങളിൽ ജാതി മാത്രമേ ഭാഷയെ സ്വാധീനിക്കുന്ന ഘടകമാകുന്നുള്ളു എന്നും നഗരങ്ങളിൽ വിദ്യാഭ്യാസം, വാർത്താമാധ്യമങ്ങൾ എന്നിവ വരുത്തുന്ന സ്വാധീനം കൂടി കണക്കിലെടുക്കണമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു് (ibid: 99). ഭാഷകന്റെ ജാതിയല്ല വിദ്യാഭ്യാസപശ്ചാത്തലം, ജോലി, സാമ്പത്തികസ്ഥിതി എന്നിവയാണ് ഭാഷാഭേദ നിർണ്ണയനത്തിൽ പ്രധാനം എന്നും ജാതിഭാഷാഭേദം എന്ന പരിഗണന അശാസ്ത്രീയവും അനാവശ്യവുമാണെന്നും അത് ഗ്രാമീണത, നാഗരികത, വിദ്യാഭ്യാസം, ലിംഗം, പ്രായം എന്നിവയോടൊപ്പം ഭാഷാഭേദനിർണായക ഘടകങ്ങളിലൊന്നു മാത്രമാണെന്നും പണ്ഡിതന്മാർ ആരോപിക്കുന്ന പ്രാധാന്യത്തേക്കാൾ വളരെ കുറഞ്ഞ പ്രാധാന്യമേ ജാതിഭാഷാഭേദത്തിന് വാസ്തവത്തിൽ ഉള്ളു എന്നും അദ്ദേഹം സ്ഥാപിക്കാൻ ശ്രമിക്കുന്നു (ibid: 102).

പക്ഷേ പട്ടനായിക്കിന്റെ അഭിപ്രായത്തിന് പണ്ഡിതസമ്മതി നേടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിനുതന്നെ ജാതിഭാഷാഭേദത്തിനും പ്രാധാന്യം കുറവാണെന്നു കാണിക്കാനല്ലാതെ തീർത്തും നിഷേധിക്കാൻ സാധിച്ചിട്ടില്ല (ibid). ‘കേരളത്തിലെ ആചാരഭാഷ’, ‘അധികാരവും ഭാഷയും’ എന്നീ രു പ ുസ്തകങ്ങളിലൂടെ പി.എം. ഗിരീഷ് (യഥാക്രമം 1992/98, 2001) ജാതിഭാഷാഭേദത്തിന്റെ സാധുതയെ സംശയത്തിനിടവരാത്തവിധം സ്ഥാപിച്ചിട്ടുമു്.

കുലത്തൊഴിലിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട ജാതിശൃംഖല യായിരുന്നു കേരളത്തിലെ പാരമ്പര്യസമൂഹത്തിന്റെ ഘടന. ജാതിഘടനയാൽ നിശ്ചിതമായ മേലുകീഴുകളുടെ അടരുകൾ ഉായിരുന്നു (ibid: 2001: 38). ജാതിവ്യത്യാസത്തിന്റെയും ബന്ധപ്പെട്ട ആചാരങ്ങളുടെയും തീവ്രത കേരള ത്തിൽ വളരെ കൂടുതലായിരുന്നു. പ് ഒരേ ജാതിക്കാർ തമ്മിലും മേലും കീഴുമുള്ള ജാതിക്കാർ തമ്മിലും സംസാരിക്കുമ്പോൾ ജാതിശ്രേണീസൂചകമായ പ്രയോഗങ്ങൾ സുലഭമായിരുന്നു (ibid, 1998: 1).

പത്തൊൻപതാം നൂറ്റാിന്റെ അന്ത്യത്തിൽ കേരളത്തിലെ ജാതിവ്യവ സ്ഥയിൽ ചില പരിവർത്തനങ്ങൾ സംഭവിച്ചു (ibid, 2001: 30). സമൂഹത്തിലെ മാന്യതാഘടകം ജാതിയുടെ അടിസ്ഥാനത്തിൽ നിന്ന് താരതമ്യേന സമ്പത്തി ലേക്ക് മാറിക്കൊിരിക്കുന്നുവെന്നതാണ് നവസമൂഹ ഘടനയുടെ പ്രധാന സവിശേഷത (ibid: 36).

### 2.16.2. സമ്പത്ത്

വർത്തമാനകാല ഭാരതീയ സാഹചര്യത്തിൽ – വിശിഷ്യാ കേരളത്തിൽ ജാതിവ്യവസ്ഥയോടൊപ്പമോ അതിനെക്കാളേറെയോ പ്രാധാന്യം സാമ്പത്തിക സ്ഥിതി നേടിയെടുത്തു. ഉയർന്നത്, ഇടത്തരം, താഴ്ന്നത് എന്ന് മൂന്നു തരത്തിൽ വരുമാനത്തെ വർഗ്ഗീകരിക്കാറു്. കൂടുതൽ ഉയർന്ന വിദ്യാഭ്യാസം പൊതുവെ സമ്പന്നർക്കുള്ളതാകയാൽ അതിനനുസരിച്ചുള്ള വ്യതിയാനം ഭാഷയിലുാകും. ജാതിയിൽ താഴ്ന്നവർ ഉന്നത വിദ്യാഭ്യാസം നേടിയാൽ മാനകമലയാളത്തോട് അടുത്ത ഭാഷാഭേദം സംസാരിക്കുക പതിവാണ് (ibid: 52). സമൂഹത്തിന്റെ മേൽത്തട്ടിൽ നിൽക്കുന്നവരുടെ ഭാഷയാണ് മാനകഭാഷയോട് അടുക്കുന്നത്

എന്ന ധാരണ ഇന്നും നിലനിൽക്കുന്നതായി ചൂിക്കാണിച്ചിട്ടു് (Trudgill, 1975: 46).

ഇന്ന് കേരളത്തിൽ സമ്പന്നർ ഇംഗ്ലീഷ് മാധ്യമത്തിലുള്ള വിദ്യാഭ്യാസം തിരഞ്ഞെടുക്കാനും അഭ്യസ്തവിദ്യരെന്നു കാണിക്കാൻ ഇംഗ്ലീഷിൽ സംസാരിക്കാനോ മലയാളം പറയുന്നതിനിടയിൽ ഇംഗ്ലീഷ് കലർത്താനുമോ താല്പര്യം കാണിക്കുകയും ഇംഗ്ലീഷ് പരിജ്ഞാനം അഭിമാനകരമായി കരുതുകയും ചെയ്യുന്നു. ഇവരെ താഴെയുള്ളവർ അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു്. ''ഉന്നതവർഗ്ഗം ഇംഗ്ലീഷ് മാത്രം വിദ്യാഭ്യാസഭാഷയായി തെരഞ്ഞെടുക്കുന്നു'' (Sarathchandran, 1993: 12).

### 2.16.3. പ്രായം

ഭാഷയെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ് പ്രായം. ശബ്ദവിന്യാസത്തിലെ വ്യതിയാനത്തിൽ മാത്രമല്ല വാക്കുകളുടെയും ശൈലിയുടെയും കാര്യത്തിലും പ്രായത്തിന്റെ സ്വാധീനം കാണാം. പ്രായമേറിയവരുടെ സംസാരത്തിൽ പഴഞ്ചൊല്ലുകളുടെയും ശൈലികളുടെയും ഉപമാദിഅലങ്കാരങ്ങളുടെയും സാന്നിധ്യം കൂടുതലായിരിക്കും.

''ഭാഷാമാറ്റ സൂചനകളിൽ ഒന്നായി പ്രായവ്യത്യാസത്തെ മിക്കപ്പോഴും എടുക്കാറു്'' (Swann, 2000: 162).

> 'മോനേ', 'കുഞ്ഞേ', 'കുട്ടീ' എന്നീ പ്രയോഗങ്ങളൊന്നും കുട്ടികളുടെയിടയിൽ കാണുന്നില്ല. അവ മുതിർന്നവർക്ക് കുട്ടികളെ സംബോധന ചെയ്യാൻ വേിയുള്ളതാണ്... കൗമാരഭാഷ, യൗവ്വനഭാഷ, വാർധക്യഭാഷ എന്നെല്ലാം ഭാഷണവ്യത്യാസങ്ങൾക്ക് വിഭജനം കല്പിക്കാം... ദ്രാവിഡഭാഷകളിലൊന്നായ

‘ബഡഗ’യിൽ വൃദ്ധന്മാരുടെ ഭാഷണത്തിലും ചെറുപ്പക്കാരുടെ ഭാഷണത്തിലും സ്വനിമസംഖ്യ തന്നെ വ്യത്യസ്തങ്ങളായി കാണ പ്പെടുന്നു. ‘നീ’, ‘നിന്റെ’ എന്നീ പദങ്ങൾ പ്രായം കൂടിയവരോട് ഉപയോഗിക്കുന്നില്ല (ബാബുരാജ്, 1993: 8).

### 2.16.4. ലിംഗം

മനുഷ്യർക്കിടയിലെന്നല്ല ഇതര ജീവിസമൂഹങ്ങളിലും പുരുഷാധിപത്യ മാണ് മിക്കവാറും നിലനിൽക്കുന്നത്. ആണാധിപത്യം ഭാഷയിൽ ചെലുത്തുന്ന സ്വാധീനം അതി വിപുലമാണ്. സർവ്വനാമങ്ങൾക്ക് ഉപയോഗിക്കുന്ന പുല്ലിംഗ പ്രത്യയങ്ങൾ തന്നെ നല്ലൊരു ഉദാഹരണമാണ്. ഈ അടുത്ത കാലത്ത് സർവ്വ നാമങ്ങളുടെ സ്ഥാനത്ത് സ്ത്രീപ്രത്യയങ്ങൾ ഉപയോഗിക്കുന്നത് ബോധപൂർവ്വ ശ്രമത്തിന്റെ ഭാഗമാണ്.

പുരുഷഭാഷ, സ്ത്രീഭാഷ എന്നിങ്ങനെ ഭാഷയെ കൃത്യമായി വേർതിരിക്കാ നാകുംവിധം അന്തരം പ്രകടമാണ്. താരതമ്യേന സ്ത്രീകൾ മാന്യതയും എളിമയുമുള്ള വാക്കുകളും പതിഞ്ഞ ശബ്ദവും ഉപയോഗിക്കുന്നു. പെൺഭാഷ എളിമയും മാന്യതയും മൃദുത്വവും ഉള്ളതും അനുഭാവപൂർണവുമാണെന്ന് ജോൺ സ്വാൻ (Swann, 2000: 217) നിരീക്ഷിക്കുന്നു്. പുരുഷനാവട്ടെ തന്റേടം സ്ഫുരിക്കുന്ന വാക്കുകളും ഉറച്ച ശബ്ദവുമാണ് ഉപയോഗിക്കുന്നത്. പ ുരുഷഭാഷണത്തിന് താരതമ്യേന ഒച്ച കൂടുതലായിരിക്കും. ഉച്ചാരണത്തിൽ പ ുരുഷന്റെ വായ കൂടുതൽ വിവൃതമായിരിക്കും. പൊതുസ്ഥലങ്ങളിൽ കൂടുതൽ സംസാരിക്കുന്നതും, ഗ്രാമ്യ-അശ്ലീല പദങ്ങൾ കൂടുതലുപയോഗിക്കുന്നതും പ ുരുഷന്മാരാണ്. ‘‘സ്ത്രീകൾ ഭാഷകർ എന്നതിനേക്കാൾ ശ്രോതാക്കളാണ്’’ എന്ന് സൂസൻ ജി. ബീൻ (Bean, 1983) നിരീക്ഷിക്കുന്നു്. പുരുഷന്മാർ പൊതുവെ സ്ത്രീകളെക്കാൾ സംസാരിക്കുന്നതായും പ്രത്യേകിച്ച് ഔപചാരി കവും പൊതുവായതുമായ അവസരങ്ങളിൽ ആണുങ്ങൾ സ്ത്രീകൾ സംസാരി

ക്കുന്നതിനിടയ്ക്കുകയറി പറയുന്നത് തിരിച്ചുള്ളതിനേക്കാൾ കൂടുതലാണെന്നും നിരീക്ഷിച്ചിട്ട് (Swann, 2000: 229). സ്ത്രീകളുടെ ഭാഷാപരമടക്കമുള്ള സാമൂഹികപങ്കാളിത്തം വീടിനകത്തും മറ്റു സ്ത്രീസമൂഹഹങ്ങളിലും ഒതുങ്ങി നിൽക്കുന്നതായും അവർ നിരീക്ഷിക്കുന്നു (ibid).

ഇംഗ്ലിൽ നടന്ന ഒരു പഠനത്തിൽ പെൺകുട്ടികൾ ആൺകുട്ടി കളേക്കാൾ കൂടുതൽ മാനകഭാഷ ഉപയോഗിക്കുന്നു എന്ന് കത്തെി (Mesthrie, 2000: 106). ശ്രദ്ധാപൂർണ ഭാഷണത്തിൽ സ്ത്രീകൾ അപമാന കരമായ രൂപങ്ങൾ ഉപയോഗിക്കുന്നത് പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് ലാബോവ് ക െത്തി. അവർ അഭിമാനകരമായ രൂപങ്ങൾ ഉപയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധാലുക്കളുമാണെന്ന് നിരീക്ഷിക്കപ്പെട്ടു. ഔപചാരികഭാഷണത്തിൽ സ്ത്രീകൾ അവരുടെ പുരുഷന്മാരേക്കാൾ മാന്യത കൂടിയ ഭാഷാരൂപങ്ങളിലേക്ക് ശൈലീമാറ്റം ചെയ്യുന്നതായി നിരീക്ഷിച്ചു. ഇത് നിമ്ന-മധ്യവർഗ്ഗ സ്ത്രീകളുടെ ഒരു പ്രത്യേകതയാണെന്ന് ലാബോവ് വിശദീകരിച്ചു (ibid: 106).

> സ്ത്രീകൾക്ക് മനസ്സിലാകുമെങ്കിലും ഒരിക്കലും ഉച്ചരിക്കാനാവാത്ത ധാരാളം പ്രകടനങ്ങൾ പുരുഷനു സാധിക്കും. മറിച്ച് പുരുഷൻ ഒരിക്കലും ഉപയോഗിക്കാത്ത പദങ്ങളും പ്രയോഗ ങ്ങളും സ്ത്രീകൾക്കുമു്. അങ്ങനെ സ്ത്രീകൾക്ക് പുരുഷന്മാരുടേതിൽനിന്നു ഭിന്നമായൊരു ഭാഷ സംഭവിക്കുന്നു. പക്ഷേ വെറും പത്തു ശതമാനം പദങ്ങളിലേ ആൺ-പെൺ ഭാഷകൾ വ്യത്യാസപ്പെടുന്നുള്ളു (Swann, 2000: 217).

പെൺഭാഷ അവളുടെ ആപേക്ഷികമായ ബലഹീനതയുമായി - പ്രത്യേകിച്ചും പരമ്പരാഗത സമൂഹങ്ങളിൽ - ബന്ധപ്പെട്ടിരിക്കുന്നു (ibid: 221). സ്ത്രീകൾ

സാധാരണ സ്വന്തമെന്നതിനെക്കാൾ അവരുടെ ഭർത്താക്കന്മാരുടെയോ പ ിതാക്ക ന്മാരുടെയോ സാമൂഹ്യശ്രേണിയിലായിരിക്കും (ibid: 222).

ജോലിക്കു പോകുന്ന പെൺകുട്ടികളുടെ ശബ്ദം പൗരുഷം കലർന്നതും മധ്യവർഗ്ഗ ആൺകുട്ടികളുടേത് സ്ത്രൈണവും മധ്യവർഗ്ഗത്തിന്റേത് കൂടുതൽ മൃദുലവും ജോലിക്കു പോകുന്നവരുടേത് ഒച്ച കുറഞ്ഞതും പരുക്കനും ശക്ത വുമായി തോന്നുന്നതായും ജെ.ആർ. എഡ്വേർഡിന്റെ പഠനം വ്യക്തമാക്കുന്നു (ibid: 223).

നരവംശ ശാസ്ത്രജ്ഞരും ഭാഷാശാസ്ത്രജ്ഞരും പല പ്രാകൃതവർഗ ങ്ങളുടെ ഭാഷാപ്രയോഗത്തിലും സ്ത്രീപുരുഷ ഭാഷണഭേദങ്ങൾ ഉള്ളതായി കെ ത്തിയിട്ടുമ്. അമേരിക്കൻ ഐക്യനാടുകളുടെ തെക്കുപടിഞ്ഞാറു ഭാഗത്തുള്ള ലൂസിയാന എന്ന പ്രദേശത്തെ 'കോ ആസദി' എന്ന ഭാഷയിൽ സ്ത്രീയുടെയും പുരുഷന്റെയും സംസാരരീതികൾക്കു തമ്മിൽ പ്രകടമായ വ്യത്യാസമു് (ബാബുരാജ്, 1993: 9).

സാമൂഹിക നിലകളിലുള്ള വ്യത്യാസം, ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനം, ശരീരഘടന, പെരുമാറ്റരീതി എന്നിവ ഭാഷയിലെ ലിംഗവിവേ ചനത്തിനിട വരുത്തുന്ന ഘടകങ്ങളാണ് (Trudgill, 1974: 100).

സ്ത്രീപുരുഷസ്വഭാവത്തെക്കുറിച്ച് ഓരോ ഭാഷാസമൂഹത്തിനും ഓരോ സങ്കല്പമു്. കളമൊഴി, തേൻമൊഴി, കിളിമൊഴി എന്നൊക്കെ സ്ത്രീശബ്ദ ത്തെയും കടലിന്റെ ഇരമ്പലിനോടും കാറ്റിന്റെ മൂളലിനോടും തുലനം ചെയ്ത് പ ുരുഷശബ്ദത്തെയും പറയാറു്. പെൺശബ്ദമുള്ള പുരുഷനെയും ആൺ ശബ്ദമുള്ള സ്ത്രീയെയും സമൂഹത്തിൽ അപഹാസ്യരാക്കാൻ മാത്രം ശക്തമാണ് ഈ സങ്കല്പം (ഗിരീഷ്, 2001: 51).

### 2.16.5. വിദ്യാഭ്യാസം

വിദ്യാഭ്യാസം ലഭിച്ചവരുടെ ഭാഷയും വിദ്യാഭ്യാസമില്ലാത്തവരുടെ ഭാഷയും തമ്മിൽ വ്യത്യാസമു്. സാമാന്യമായി വിദ്യാസമ്പന്നർ സന്ദർഭാനുസരണം ജാതി-പ്രാദേശിക ഭേദങ്ങൾ ഒഴിവാക്കി, മാനകഭാഷയാണ് സംസാരിക്കാൻ തെരഞ്ഞെടുക്കുന്നത്. ഇന്ത്യയിൽ ഇതു പൊതുവെ ആംഗലീകരണവും സംസ്കൃതീകരണവും കലർന്നതാണ്. വിദ്യാസമ്പന്നർ ഉപയോഗിക്കുന്ന മാനക ഭാഷയുടെ ഉപയോഗം ഒരു അധികാരവ്യവസ്ഥ ഉാക്കിയെടുക്കുന്നു. പഠിക്കാത്തവരുടെ ഭാഷാഭേദങ്ങൾക്കുമേൽ മേധാവിത്വം ചെലുത്തുവാൻ മാനക ഭാഷയ്ക്കാകും എന്നതിനാലാണ് വിദ്യാസമ്പന്നർക്ക് വിദ്യാഭ്യാസമില്ലാത്തവരോട് മേൽക്കോയ്മ പുലർത്താനാകുന്നത്.

> വിദ്യാഭ്യാസം ആർജ്ജിക്കുന്ന സന്ദർഭങ്ങളിൽത്തന്നെ സാമൂഹികമായ വർഗ്ഗവ്യത്യാസങ്ങൾ ഭാഷാപഠനത്തിൽ സ്വാധീനം ചെലുത്താറു്. തൊഴിലാളി വർഗ്ഗത്തിൽപ്പെട്ട കുട്ടികൾ അതേ ബുദ്ധിശക്തിയുള്ള മധ്യവർഗ്ഗത്തിൽപ്പെട്ട കുട്ടികളെപ്പോലെ കാര്യക്ഷമത കാണിക്കുന്നില്ല എന്ന് പഠനങ്ങൾ ചൂിക്കാണിക്കുന്നു (ഗിരീഷ്, 2001: 52).

### 2.16.6. തൊഴിൽ

തൊഴിൽ സാഹചര്യമനുസരിച്ച് ഭാഷയും വ്യത്യാസപ്പെടും. ''വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് വ്യത്യസ്ത ഭാഷാപ്രയോഗങ്ങൾ ഉാകും'' (ബാബുരാജ്, 1993: 6). ഉപമകളിലും ശൈലികളിലും തൊഴിൽ സാഹചര്യത്തിന്റെ സ്വാധീനം വ്യക്തമായിരിക്കും. കർഷകരുടെ ഭാഷയിൽ കാർഷികവൃത്തിയുടെയും ഫാക്ടറി തൊഴിലാളിയുടേതിൽ തൊഴിൽശാലയുടെയും സ്വാധീനം സ്വാഭാവികമാണ്. തൊഴിൽ, ഭാഷാതെരഞ്ഞെടുപ്പിനെയും സ്വാധീനിക്കാം. ജോലിസ്ഥലത്ത് ചിലർ സ്വന്തം പ്രദേശത്തുകാരോട് മാതൃഭാഷയിലും മറ്റുള്ളവരോട്

അന്യഭാഷയിലും സംസാരിക്കുന്നതായി ജോൺ സ്വാൻ നിരീക്ഷിച്ചിട്ടു് (Swann, 2000: 156).

## 2.17. ദ്വിഭാഷിത്വവും ബുദ്ധിവികാസവും

ദ്വിഭാഷിത്വം, ബുദ്ധിവികാസം എന്നിവയുടെ പാരസ്പര്യം പലരും പഠന വിധേയമാക്കിയിട്ടു്. ഇക്കാര്യത്തിൽ പണ്ഡിതർ വ്യത്യസ്താഭിപ്രായക്കാരാണ്.

> ബുദ്ധിവികാസത്തിൽ ദ്വിഭാഷിത്വത്തിന്റെ സ്വാധീനത്തെക്കുറിച്ച് ഇതുവരെ നടന്നിട്ടുള്ളതിൽ മിക്ക പഠനങ്ങളും എത്തിച്ചേർന്നത് ദ്വിഭാഷികൾ ഏകഭാഷികളെ അപേക്ഷിച്ച് ബുദ്ധിപരമായ പോരാ യ്മയുള്ളവരാണെന്ന നിഗമനത്തിലാണ്. പല ബുദ്ധിക്ഷമതാ പ രീക്ഷകളും വിദ്യാലയ പരീക്ഷകളും ഈ നിഗമനത്തെ ബലപ്പെടുത്തുന്നു് (Southworth, 1980: 74).

അന്യഭാഷ ഉപയോഗിക്കേതോ മാതൃഭാഷയിൽ എഴുതാനും വായിക്കാ നുമുള്ള കഴിവ് പൂർണ്ണായും വികസിക്കുന്നതിനു തടസ്സം നിൽക്കുന്നതോ ആയ സാഹചര്യം ഒരുവിധത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തിനുതന്നെ ഭീഷണിയാണ് എന്നും നിരീക്ഷിച്ചിട്ടു് (ibid: 77).

എന്നാൽ സൗത്ത്‌വർത്തിന്റെ അഭിപ്രായം, ബുദ്ധിവികാസത്തിന് ദ്വിഭാ ഷിത്വം തടസ്സമല്ല എന്നാണ്. വാസ്തവത്തിൽ ഗുണകരമാണെന്നും അദ്ദേഹത്തിന് അഭിപ്രായമു്. ബൗദ്ധിക നേട്ടത്തിന്റെ കാര്യത്തിൽ പ്രശസ്തിയാർജ്ജിച്ച കേരളത്തിലെ തമിഴ് ബ്രാഹ്മണരെ ചൂിക്കാണിച്ചാണ് അദ്ദേഹം സ്വമതം സ്ഥാപിക്കുന്നത്.

ആംഗ്ലോ ഫ്രഞ്ച് ദമ്പതികളുടെ മക്കളിൽ നടത്തിയ പരീക്ഷണത്തിൽനിന്ന് ലാംബർട്ട് എത്തിച്ചേർന്നത് ദ്വിഭാഷിത്വമെന്നല്ല ദ്വിസാംസ്കാരികത പോലും

സ്വത്വനഷ്ടത്തിന് കാരണമാണെന്ന നിഗമനത്തിന് യാതൊരു അടിസ്ഥാനവു മില്ലെന്ന നിഗമനത്തിലാണ് (ibid).

> ദ്വിഭാഷികളായ വിദ്യാർത്ഥികളുടെ ഭാഷാവൈകല്യം ഭാഷയുടെ എല്ലാ പ്രത്യേകതകളും പഠിക്കാനുള്ള സാഹചര്യത്തിന്റെ അഭാവ ത്തെത്തുടർന്നുള്ളതാണെന്ന് പല മനഃശാസ്ത്ര പരീക്ഷണങ്ങ ളിലും തെളിഞ്ഞിട്ടു്... പഠനമാധ്യമത്തിൽ നേരിടുന്ന പ്രാവീണ്യ മനുസരിച്ച് പഠനനിലവാരവും മെച്ചപ്പെടും. അതായത് വിദ്യാർ ത്ഥിയുടെ സ്വന്തം ഭാഷയിൽ ശിക്ഷണം നൽകിയാൽ പരമാവധി ഫലദായകമായിരിക്കും (Gopal and Suresh, 1977: 198).

വിദ്യാലയ കാര്യങ്ങളിൽ മെച്ചപ്പെടാനായി, നെയ്റോബിക്കാർ കുട്ടികളോട് മാതൃഭാഷയായ സ്വാഹിലിയും ഇംഗ്ലീഷും തമ്മിൽ മൊഴിമാറ്റം നടത്തുന്ന തായും ഇംഗ്ലീഷും സ്വാഹിലിയും ചേർന്ന് നെയ്റോബിയിലെ ചിലയിടങ്ങളിൽ ഷെംഗ്ഹാസ് (Shenghas) എന്നൊരു ഗ്രാമ്യഭാഷ വളർന്നു വന്നതായും നിരീക്ഷി ച്ചിട്ടു് (Swann, 2000: 155-156).

അധ്യായം 3

# ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം

## അധ്യായം 3

# ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം

### 3.1. ചെട്ടികൾ

ആയിരത്താുകൾ മുമ്പുതന്നെ കേരളത്തിന്റെ സാമൂഹിക- സാംസ്കാരിക അന്തരീക്ഷം വ്യത്യസ്ത സാംസ്കാരിക സ്വത്വങ്ങൾക്ക് വേരുപിടിക്കാനും പടർന്നു പന്തലിക്കാനും അനുകൂലമായ സാഹചര്യമൊരുക്കിയിരുന്നു. അതുകൊുതന്നെ ലോകത്തിലെ മിക്ക സാംസ്കാരികധാരകളും ഇന്നും ഇവിടെ സഹവർത്തിച്ചു പോരുന്നു. സ്വദേശികളും വിദേശികളുമായ അനവധി ന്യൂനപക്ഷ വിഭാഗങ്ങളും അക്കൂട്ടത്തിലു്.

> പരദേശികളുമായി നിരന്തരമായ വാണിജ്യത്തിലും ആശയവിനിമയത്തിലും ഏർപ്പെടുന്ന സമൂഹമാണ് കേരളീയരുടേത്. നിരവധി സമൂഹവിഭാഗങ്ങളുടെ കുടിയേറ്റവും നടക്കുന്നു്. കൊങ്കിണി കൾ, ചെട്ടികൾ, പഠാണികൾ, തമിഴ് ബ്രാഹ്മണർ തുടങ്ങിയവർ ഇവരിൽപ്പെടും (ഗണേശ്, 2002: 19).

ഇക്കൂട്ടത്തിൽ നൂറ്റാുകളായി കേരളത്തിൽ അധിവസിച്ചുപോരുന്ന ന്യൂനപക്ഷ സമൂഹങ്ങളിൽ ഒന്നാണ് തമിഴ് ചെട്ടികൾ.

> കേരളത്തിലെ അബ്രാഹ്മണരായ തമിഴരിൽ വെള്ളാളർ, ചെട്ടിയാരന്മാർ, റെഡ്ഡികൾ, നായിഡുകൾ, കരയാളന്മാർ, യാദവന്മാർ, മുതലിയാരന്മാർ, മറവന്മാർ, സൗരാഷ്ട്രർ, കൃഷ്ണവകക്കാർ

എന്നിങ്ങനെ പല വർഗ്ഗക്കാരും ഉൾപ്പെടുന്നു് (ഗോപാലപിള്ള, 1949: 95).

ഇക്കൂട്ടരിൽ ഏറ്റവും പ്രബലരായ ഒരു വർത്തകജാതിയാണ് ചെട്ടി. ദ്രാവിഡഗോത്രക്കാരായ ഇവർ പുരാതനകാലത്ത് നാവിക വൃത്തിയിലും ഏർപ്പെട്ടിരുന്നതായി കാണുന്നു (ഗോപാലപിള്ള, 1948: 236).

ദീർഘകാലത്തെ സഹവർത്തിത്വത്താൽ സാംസ്കാരിക വ്യതിരിക്തതകൾ മിക്കവാറും നഷ്ടമായെങ്കിലും ഇന്നും ഏതാനും ഘടകങ്ങളിൽ മലയാളികളു ടേതിൽ നിന്നും വ്യതിരിക്തമായ ഏതാനും സാംസ്കാരിക സ്വത്വസവിശേഷ തകൾ ഇവർ കാത്തുസൂക്ഷിക്കുന്നു്.

'ശ്രേഷ്ഠിൻ' എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണ് ചെട്ടി എന്ന പദം എന്ന് നിഘണ്ടുക്കളിൽ കാണുന്നു. ഒരു വണിക് സംഘത്തിലെ നായകൻ എന്നർത്ഥമുള്ള 'ശ്രേഷ്ഠി' എന്ന സംസ്കൃതപദത്തിൽനിന്നാണ് ചെട്ടി എന്ന വാക്കിന്റെ വ്യുല്പത്തി എന്ന് വി.സി. ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു (ബാലകൃഷ്ണൻ, 1985: 586). ശ്രേഷ്ഠ് എന്ന പദത്തിന് ശ്രേഷ്ഠമായ എന്നാണ് അർത്ഥം; ശ്രേഷ്ഠിൻ എന്നതിന് ശ്രേഷ്ഠൻ എന്നും. എന്നാൽ ശ്രേഷ്ഠൻ എന്ന സാമാന്യ അർത്ഥത്തിലല്ല, വ്യാപാര ശ്രേഷ്ഠൻ എന്ന വിശേഷ അർത്ഥത്തിലാണ് ചെട്ടി എന്ന പദത്തിന് പ്രയോഗം. 'ശ്രേഷ്ഠി' എന്നതിന് വ്യാപാരസംഘത്തിന്റെ അധ്യക്ഷൻ എന്നും അർത്ഥം കാണുന്നു് (ബാലകൃഷ്ണൻ, 1973: 935).

''പൊർക്കൊടിതൻ മേർ പൊരുന്നിയ കാതലി-
നർ പുളഞ്ചിറന്താങ്കരട്ടൻ ചെട്ടി''

എന്ന് ചിലപ്പതികാരത്തിൽ പരാമർശമു് (വരദാനകാത: 129). 'ചെട്ടി' എന്നതിന് വ്യാപാരികൾ എന്നാണർത്ഥമെന്ന് 1901–ലെ സെൻസസ് റിപ്പോർട്ടിൽ കാണുന്നു

(Thurston, 1987: 92). ചെട്ടി എന്നാൽ കച്ചവടക്കാരൻ എന്നേ അർത്ഥമുള്ളു എന്ന് പ്രശസ്ത ചരിത്രകാരനായ എം.ജി.എസ്. നാരായണൻ അഭിമുഖത്തിൽ പറഞ്ഞു. അന്യദേശങ്ങളിൽനിന്ന്, കച്ചവടത്തിനായി കേരളത്തിലേക്ക് വന്ന ഹിന്ദുക്കളിൽ ഒരു വിഭാഗത്തെയാണ് ചെട്ടി എന്നതുകൊ് മലയാളികൾ അർത്ഥമാക്കുന്നത്.

### 3.1.1. സമാനസമുദായങ്ങൾ

#### 3.1.1.1. ഷെട്ടി

കർണ്ണാടകത്തിലെ ഒരു പ്രബല വൈശ്യജാതിയാണ് ഷെട്ടി. മൈസൂർ, ബാംഗ്ലൂർ, മംഗലാപുരം മുതലായ തെക്കൻ കർണ്ണാടകത്തിലും കാസർകോട്ടും ഷെട്ടികൾ ഉ്.

#### 3.1.1.2. സെത്താർ

കർണാടകത്തിലെ ധാർവാർ ഭാഗത്താണ് വൈശ്യരായ സെത്താർ സമുദായക്കാർ കൂടുതലുള്ളത്.

ഷെട്ടി, ചെട്ടി, സെത്താർ എന്നിവ വളരെ സമാനതകളുള്ള സമുദായങ്ങളാണ് (അഭിമുഖം, നാരായണൻ). വൈശ്യവിഭാഗത്തിൽ പെട്ടതാണ് ഈ മൂന്നു ജാതിയും. ജാതിപ്പേരിന്റെ കാര്യത്തിലും വളരെ സാദൃശ്യമു്. കുലത്തൊഴിൽ കച്ചവടമാണ്. കേരളത്തിലും തമിഴ്നാട്ടിലും ഷെട്ടിയും സെത്താറും ഇല്ലാത്തതുപോലെ കർണ്ണാടകത്തിൽ ചെട്ടിയും ഇല്ല. ഈ വസ്തുതകൾ, പ്രസ്തുത സമുദായങ്ങളുടെ പരസ്പരപൂരകത്വമാണ് വ്യക്തമാക്കുന്നത്.

#### 3.1.1.3. സേഠ്

ഹിന്ദിയിൽ മൊത്തക്കച്ചവടക്കാരൻ, മുതലാളി, വലിയ ധനവാൻ, ഹുികക്കാരൻ, ശ്രേഷ്ഠൻ എന്നെല്ലാം അർത്ഥമുള്ള സേഠ് എന്ന പദം (അഭയദേവ്,

1985/1969: 1538) ഒരു ജാതിസംജ്ഞ കൂടിയാണ്. സേഠ് എന്നതിന് പ്രാകൃതത്തിൽ സെട്ഠി എന്നും സംസ്കൃതത്തിൽ ശ്രേഷ്ടിന് എന്നുമാണെന്നും വലിയ വ്യാപാരി എന്നർത്ഥമുള്ള ഈ പദം ഒരു സ്ഥാനപ്പേരായും ഉപയോഗിക്കുന്നുെന്നും, ചെട്ടി എന്നതിന്റെ സമാനപദം തന്നെയാണെന്നും കാണുന്നു് (പത്മനാഭപിള്ള, 1991: 1734). കച്ചവടവും പണം പലിശയ്ക്ക് കൊടുക്കലുമാണ് ഇവരുടെ തൊഴിൽ. ഹിന്ദുക്കളും മുസ്ലീങ്ങളുമായ കച്ചവട ക്കാർ സേഠ് എന്ന് അറിയപ്പെടുന്നു്. എന്നാൽ ചെട്ടി – ഷെട്ടി – സെത്താർ സമുദായങ്ങളിൽ ഹിന്ദുക്കൾ മാത്രമേയുള്ളു.

## 3.2 കേരളത്തിലെ ചെട്ടികൾ

ചാതുർവർണ്യവിധിയനുസരിച്ച് മൂന്നാം വിഭാഗമായ വൈശ്യജാതിയാണ് ചെട്ടികൾ. തമിഴ് വാണിയർ വൈശ്യരാണെന്ന് അവകാശപ്പെടുന്നതായി 1901–ലെ മദ്രാസ് സെൻസസ് റിപ്പോർട്ടിൽ പറയുന്നു (Thurston, 1987: 272). ബെറിച്ചെട്ടി, നഗരത്തുചെട്ടി, കാശുക്കാർ ചെട്ടി, നാട്ടുകോട്ടച്ചെട്ടി എന്നീ വിഭാഗങ്ങളാണ് തമിഴ്നാടൻ ചെട്ടികളിൽ പ്രമുഖർ (ibid: 92). കുടുമ വച്ചവരെന്നും വയ്ക്കാത്ത വരെന്നും രു പ്രധാന വിഭാഗങ്ങളായും അനവധി ഉപവിഭാഗങ്ങളായും, മധുര ജില്ലയിലെ ചെട്ടികളെ തരംതിരിച്ച് കാണുന്നു (ibid).

(എ) കുടുമ വയ്ക്കാത്തവർ

ലവഗ അഥവാ കർണകുടി

സുന്ദരത്താൻ

അരിയൂർ

മലമ്പട്ടി

പളയപത്ത്

തെടകോട്ട പെരിയകോട്ട

പുളിയങ്കുടി

വല്ലം അഥവാ തിരുവാപ്പൂർ

കരുങ്ങട്ടൂർ

(ബി) കുടുമ വച്ചവർ

പൂവത്തുകുടി അഥവാ മണ്ണഗുടി

കിരമംഗലം

വള്ളനാട്ട്

മറയക്കര

പാുക്കുടി അഥവാ മഞ്ഞപത്തു

1871–ലെ സെൻസസ് പ്രകാരം താഴെ കാണുന്ന വിഭാഗങ്ങൾകൂടി ചെട്ടി എന്ന ജാതിസംജ്ഞ നേടിയതായി കാണുന്നു.

1. ബാലിജ
2. ബാന്ത്
3. ബിളിമഗ്ഗ, ദേവാംഗ, പട്ട്നൂൽക്കാരൻ, ശാലിയൻ, സദാൻ, സെനിയൻ
4. ദോബി
5. ഗണിക
6. ഗമല്ല
7. ഗൗ
8. ഗുഡിയാർ
9. ജൈൻ
10. ജനപ്പൻ

11. കാവേരി

12. കോമട്ടി

13. കൊറച്ച

14. കുഡുമി

15. മന്ദാസൻ

16. മെദര

17. നായർ (മലബാറിലെ നായന്മാരിൽ ചിലർ)

18. പത്തനാവർ

19. സേനൈകുഡയ്യാൻ

20. ശനാൻ

21. സോനർ

22. തെരയ

23. ഉപ്പിളിയൻ

24. വാണിയൻ

25. വയനാടൻ ചെട്ടി

ശൈവച്ചെട്ടി (saiva chetty), കാസർ ചെട്ടി (kasar chetty), വേങ്ങച്ചെട്ടി (venga chetty) എന്നിങ്ങനെയും വിഭജിച്ചു കാണുന്നു്.

തമിഴ്നാട്ടിലും കേരളത്തിലും മാത്രമാണ് ചെട്ടികൾ ഉള്ളത്. തമിഴ്നാട്ടിലെ ചെട്ടികൾ തദ്ദേശീയരായ കച്ചവടസമൂഹങ്ങളാണ്. ആര്യവൈശ്യരുടെ സാംസ്കാരിക സ്വാധീനത്തിന് വിധേയമായ ദ്രാവിഡവണിക് സമൂഹമായ അവർ, ആര്യവൈശ്യരുടെയും ദ്രാവിഡവണിക് സമൂഹങ്ങളുടേയും സങ്കരസമൂഹമാണ്. എന്നാൽ കേരളത്തിൽ, ചെട്ടികൾ എന്നറിയപ്പെടുന്നത് ആര്യവൈശ്യരുമായി ചേർന്ന കേരളീയരല്ലാത്ത ദക്ഷിണേന്ത്യൻ കച്ചവടസമൂഹങ്ങളാണ്. അവർ പ്ര

ധാനമായും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുവന്ന ഹൈന്ദവ വണിക് ജാതികളാണ്. ഉത്തരേന്ത്യയിൽ നിന്നുള്ള ഹൈന്ദവവണിക് ജാതികൾ ഇതിൽപ്പെടുന്നില്ല. ഉദാഹരണം സേഠ്, കൊങ്കിണി മുതലായവർ. കേരളീയരായ ഹൈന്ദവ കച്ചവടജാതികളും ചെട്ടികളിൽപ്പെടുന്നില്ല. അവർ നായന്മാരുടെതന്നെ അവാന്തരവിഭാഗങ്ങളായി അറിയപ്പെടുന്നു. ഉദാ: യാവാരി (വ്യാപാരി) – വട്ടേക്കാട്ടു നായർ. 'സൗരാഷ്ട്ര' (ഇന്നത്തെ മഹാരാഷ്ട്ര)യിൽനിന്നും മറ്റുമുള്ള ബന്യ മുതലായ ജാതികൾ കേരളത്തിലെ ചെട്ടികളിൽ ലയിച്ചുചേർന്നതായി വിശ്വസിക്കുന്നു്. എങ്കിലും, ഉത്തരേന്ത്യൻ സാംസ്കാരിക സ്വത്വം നഷ്ടമാവുകയും തിരിച്ചറിയാനാകാത്ത വിധം അവർ ദക്ഷിണേന്ത്യൻ തനിമകളിലേക്ക് ലയിച്ചുചേരുകയും ചെയ്തിട്ടു്.

### 3.2.1. അവാന്തര വിഭാഗങ്ങൾ

കേരളത്തിലെ ചെട്ടികളെ ഭൂപ്രദേശപരമായി അഞ്ചായും കുലത്തൊഴിലിന്റെ അടിസ്ഥാനത്തിൽ പലതായും തിരിക്കാം.

#### 3.2.1.1. ഭൂപ്രദേശപരം

(1) തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് കുടിയേറിയവരാണ് കേരളത്തിലെ ചെട്ടികളിൽ ഭൂരിഭാഗവും. വാണിയ, വണികവൈശ്യ, ഐരവർ, നാഗരതർ, വളച്ചെട്ടി, പപ്പടച്ചെട്ടി, വയനാടൻചെട്ടി മുതലായ ജാതികൾ ഇതിൽപ്പെടുന്നു. തിരുവിതാംകൂറിലും മലബാറിന്റെ തെക്കൻ ജില്ലകളിലുമാണ് ഇവർ കൂടുതലുള്ളത്. വടക്കേ മലബാറിൽ ഇവർ നന്നേ കുറവാണ്.

(2) കർണ്ണാടകത്തിൽനിന്ന് ഉത്തരമലബാറിലേക്ക് കുടിയേറിയവരാണ് മറ്റൊന്ന്. ഇവർ കാസർകോട് ജില്ലയിൽ കൂടുതലായും, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ താരതമ്യേന കുറവായും കാണപ്പെടുന്നു. ഭാഷ, ആചാരങ്ങൾ,

ആരാധന എന്നിവയുടെ അടിസ്ഥാനത്തിൽ ഇവർ തമിഴ്ചെട്ടികളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. തമിഴ് ഭാഷയുമായി ഇവർക്ക് ബന്ധമില്ല. അതിനു പ ുറമേ, തമിഴർ, മാരിയമ്മ, മുരുകൻ എന്നീ ദേവീദേവന്മാരെ ആരാധിക്കുമ്പോൾ ഇവർ മുത്തപ്പൻ, മുച്ചിലോട്ടു ഭഗവതി എന്നിവരെയാണ് ആരാധിക്കുന്നത്.

(3) കർണ്ണാടകത്തിൽനിന്ന് തമിഴ്നാട്ടിലേക്ക് കുടിയേറി, കുറേക്കാലം തമിഴ്നാട്ടിൽ താമസിച്ചശേഷം കേരളത്തിലെത്തിയവരാണ് മറ്റൊരു കൂട്ടർ. കർണ്ണാടകത്തെക്കാൾ തമിഴ്നാടുമായി ബന്ധംപുലർത്തുന്ന ഇവരിൽ കന്നടഭാഷ ഇന്നും നിലനിൽക്കുന്നു്. പാലക്കാട്ടെ കുത്താംപുള്ളിയിലുള്ള ചില നെയ്ത്തു കാരും മലബാറിലെ കുംഭോരന്മാരും ഇക്കൂട്ടത്തിൽപ്പെടുന്നു. കേരളത്തിൽ സാർവ്വത്രികമായി കാണപ്പെടുന്ന ചാലിയർക്ക് കൂടുതൽ ബന്ധം കർണ്ണാട കവുമായാണെന്ന് എം.ജി.എസ്. നാരായണൻ അഭിപ്രായപ്പെടുന്നു (അഭിമുഖം, നാരായണൻ).

(4) ആന്ധ്രാപ്രദേശത്തുനിന്നും തമിഴ്നാടുവഴി കേരളത്തിലേക്ക് കുടിയേറിയവരാണ് മറ്റൊരു വിഭാഗം. ഇരുപത്തിനാലുമന തെലുങ്കുചെട്ടികൾ ഇതിൽപ്പെടുന്നു. പാലക്കാട് ഷൊർണ്ണൂരിനടുത്തുള്ള വാണിയംകുളം മുതലായ പ്രദേശങ്ങളിൽ ഇവർ വളരെ കൂടുതലു്. 'തെലുങ്കുചെട്ടി' എന്നാണ് അറിയ പ്പെടുന്നതെങ്കിലും ദീർഘകാലത്തെ തമിഴകവാസം കാരണം ഇവരുടെ തെലുങ്ക് മിക്കവാറും നഷ്ടപ്പെടുകയും ആ സ്ഥാനത്ത് തമിഴ് പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തിട്ടു്. തമിഴ്, തെലുങ്ക്, മലയാളം എന്നീ മൂന്ന് ഭാഷകളുടെയും സ്വാധീനം ഇവരിൽ കാണാം.

(5) സൗരാഷ്ട്ര(മഹാരാഷ്ട്ര)യിൽ നിന്നും മറ്റും നേരിട്ട് കേരളത്തിലേക്ക് കുടിയേറിയവരാണ് മറ്റൊന്ന്. അംഗസംഖ്യ നാമമാത്രമായതുകൊാോ കാലവി

ദൂരത കൊാേ ഇക്കൂട്ടർ തിരിച്ചറിയാനാകാത്തവിധം കേരളീയ ചെട്ടി സമുദായത്തിൽ ലയിച്ചുകഴിഞ്ഞിട്ടു്.

(6) വയനാട്ടിലേക്ക് കുടിയേറിയ വയനാടൻചെട്ടികൾ പ്രത്യേക പരാമർശമർഹിക്കുന്നു. തമിഴകത്തുനിന്നും കുടിയേറിയ ഇക്കൂട്ടർ വയനാട് ജില്ലയിൽ മാത്രമാണുള്ളത്. അതിപ്രാചീനമായ കുടിയേറ്റമായിരുന്നു അത് (ജോണി, 2004/2001: 23, 28, 43). ബ്രിട്ടീഷുകാരോടുള്ള ചെറുത്തുനിൽപ്പിൽ പഴശ്ശിരാജാവിനെ സഹായിച്ചുകൊ് വയനാടിന്റെയും കേരളത്തിന്റെയുമെന്നല്ല ഭാരത ചരിത്രത്തിൽത്തന്നെ സ്തുത്യർഹമായ സ്ഥാനം നേടാൻ ഇവർക്കു സാധി ച്ചിട്ടു് (ജോണി, 2004/2001: 75–86). ഇവരിൽ പലരും ഇന്നും കൃഷിയിലും വ്യാപാരത്തിലും സജീവമായു്.

3.2.1.2. തൊഴിൽപരമായ വിഭജനം

കുലത്തൊഴിലിന്റെ അടിസ്ഥാനത്തിലാണ് മറ്റ് ഭാരതീയ ജാതികളെപ്പോലെ ചെട്ടികളും പ്രധാനമായും വിഭജിക്കപ്പെടുന്നത്. അതനുസരിച്ച് കേരളത്തിലെ ചെട്ടികളെ താഴെപ്പറയും പ്രകാരം വിഭജിക്കാം.

| | **ജാതി** | | **തൊഴിൽ** |
|---|---|---|---|
| 1. | വാണിയൻ | : | ചക്കാട്ടലും കച്ചവടവും |
| 2. | ചാലിയർ | : | നെയ്ത്ത് |
| 3. | കൊശവൻ/കുംഭോരൻ | : | മൺപാത്ര നിർമ്മാണം |
| 4. | വളച്ചെട്ടി | : | കുപ്പിവളയും മറ്റും വിൽക്കൽ |
| 5. | പപ്പടച്ചെട്ടി | : | പപ്പടം വിൽക്കൽ |
| 6. | പൊൻവാണിഭച്ചെട്ടി | : | സ്വർണ്ണക്കച്ചവടം (ഇപ്പോഴത്തെ ജാതി അല്ല) |
| 7. | കുതിരച്ചെട്ടി | : | കുതിരക്കച്ചവടം (ഈ ജാതി ഇപ്പോഴില്ല) |

## 3.3. കേരളത്തിലെ തമിഴ് ചെട്ടികൾ

തമിഴ്നാട്ടിൽ നിന്ന് കുടിയേറിയവരും തമിഴ്നാടുമായി സാംസ്കാരിക ഐക്യം നിലനിർത്തുന്നതുമായ ഹൈന്ദവകച്ചവടസമൂഹമാണ് തമിഴ്ചെട്ടികൾ.

> എല്ലാ സംയുക്തജാതികൾക്കും ഒരു പൂർവ്വ ചരിത്രമുന്നെും അതായത് അനവധി ഉപജാതികളുടെ ഉൾപ്പിരിവുകളോടെ കേരള ത്തിൽ നിലനിന്നിരുന്നതെന്നുമുള്ള യാഥാർത്ഥ്യം വളരെയേറെ ഗൗരവപ്പെട്ട ഒരു സാമൂഹിക ചരിത്രവസ്തുതയാണ് (സ്വാമി, 2005: 7–13).

> 1085 ഇടവം 23–ലെ നായർസമാജം നാലാം വാർഷികസമ്മേ ളനത്തോടെയാണ് '160' ഉപഗ്രൂപ്പുകളായിരുന്ന നായർ വിഭാഗം 'നായർ' എന്ന പൊതുസംജ്ഞ സ്വീകരിക്കുന്നത്. അതുപോലെ എസ്.എൻ.ഡി.പി.യുടെ ആവിർഭാവത്തോടെ(1907)യാണ്, ഇരുപ ത്തിയൊന്നിലധികം ഉപവിഭാഗങ്ങളായിരുന്ന ഈഴവർ സമാഹ രിക്കപ്പെടുന്നത്. ഇന്നു നാം കാണുന്ന ഏതാല്ലൊ ജാതിയും ഈവിധത്തിൽ സംയുക്തമായവയാണ് (ibid).

തിരുവിതാംകൂറിൽ നായരുവർഗ്ഗത്തിൽ നൂറ്റിമുപ്പതോളം അവാന്തര ജാതികളു ള്ളതായി 'സ്റ്റേറ്റ് മാന്വലി'ലും (പത്മനാഭമേനോൻ, 1989: 934), ബ്രിട്ടീഷു മലയാള വിവാഹകമ്മീഷൻ റിപ്പോർട്ടിലും (ibid) കാണുന്നു്. തമിഴ് ചെട്ടികളുടെ കാര്യവും വ്യത്യസ്തമല്ല.

കോട്ടാർ ചെട്ടി, പറക്കച്ചെട്ടി, ഏലൂർ (ഏഴൂർ) ചെട്ടി, ആറ്റിങ്ങൽ ചെട്ടി എന്നിങ്ങനെ നാലു വർഗ്ഗങ്ങൾ ഉ് (ഗോപാലപിള്ള, 1948: 236). പൊൻവാ ണിഭച്ചെട്ടി, കുതിരച്ചെട്ടി എന്നീ വിഭാഗങ്ങൾ മുമ്പുായിരുന്നതായി പഴമക്കാർ പ ലരും ഇന്നും ഓർമ്മിക്കുന്നു്. എന്നാൽ ഇത്തരം വിഭാഗങ്ങൾ ഇന്നു നിലനിൽക്കുന്നില്ലെന്നാണ് മണ്ഡലവൃത്തിയിൽനിന്ന് മനസ്സിലായത്. വാണിയ ച്ചെട്ടി, വളച്ചെട്ടി, പപ്പടച്ചെട്ടി, തുണിച്ചെട്ടി എന്നിങ്ങനെയുള്ള വിഭജനമാണ് കൂടുതൽ പ്രസക്തം.

വ്യത്യസ്ത സാംസ്കാരിക സ്വത്വം പ്രകടമാക്കുന്ന അനവധി അവാന്തര വിഭാഗങ്ങളടങ്ങുന്ന തമിഴ് ചെട്ടികളെയെല്ലാം സമഗ്രതയോടെ പഠിക്കുക ദ ക്ലേശകരമായതിനാൽ പഠനസൗകര്യത്തിനായി 'തമിഴ് വാണിയരെ' മാത്രമാണ് ഈ പ്രബന്ധത്തിൽ വിശദപഠനത്തിന് വിധേയമാക്കുന്നത്.

### 3.3.1. കേരളസർക്കാർ ഗസറ്റിലെ പരാമർശങ്ങൾ

കേരളസർക്കാർ ഗസറ്റിൽ (1993) സംസ്ഥാനത്തെ മറ്റു പ 1ന്നോക്ക സമുദായങ്ങളുടെ പട്ടിക പ്രധാനമായും എഴുപത്തിയെട്ട് സമുദായങ്ങളെ ഉൾക്കൊള്ളുന്നു. അതിൽ അറുപത്തിനാല് – അറുപത്തിയഞ്ച് വിഭാഗങ്ങൾ വാണിയച്ചെട്ടി സമുദായത്തെയാണ് ഉൾക്കൊള്ളുന്നത്. അത് ഇപ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു:

''64. വാണിയൻ. (വാണിയ, വണികവൈശ്യ, വാണിയചെട്ടി, ഐരവർ, നാഗരതർ, വാണിയൻ)

65. വാണിയർ (vaniyar)''

### 3.3.2. വിഭാഗങ്ങൾ

''തമിഴ് സംസാരിക്കുന്നവരെന്നും മലയാളം സംസാരിക്കുന്നവരെന്നും ഇവരുടെയിടയിൽ ര് വിഭാഗങ്ങള്ു്. തമിഴർ പൂണൂൽ ധരിക്കുന്നു'' (ജോസഫ്, 1971: 629).

വണികവൈശ്യ, വാണിയച്ചെട്ടി, ഐരവർ, നാഗരതർ എന്നിവർ തമിഴ് പ ാരമ്പര്യം പുലർത്തുന്നവരാണ്. വാണിയ, വാണിയൻ, വാണിയർ എന്നീ

വിഭാഗങ്ങളിൽ തമിഴ് പാരമ്പര്യം ഉള്ളവരും ഇല്ലാത്തവരുമുണ്ട്. കുലത്തൊഴി ലിന്റെ കാര്യത്തിൽ മാത്രമാണ് ഇവരെല്ലാം ഐക്യപ്പെടുന്നത്. ഭാഷ, ആചാര ങ്ങൾ, ആരാധന എന്നിവയിൽ ഇവർ തമ്മിൽ അന്തരമാണ് കൂടുതൽ.

തമിഴ് പാരമ്പര്യം പുലർത്തുന്നവർ തമിഴ്നാട്ടിൽനിന്ന് കുടിയേറിയ വരാണ്. ഇവർ തമിഴ്ഭാഷ സംരക്ഷിക്കുകയും മാരിയമ്മ മുതലായ തമിഴ് ദൈവങ്ങളെ ആരാധിക്കുകയും ചെയ്യുന്നു. കർണ്ണാടകത്തിൽനിന്നും കുടിയേറി എന്നു വിശ്വസിക്കുന്ന രാമത്തെ കൂട്ടർ മുത്തപ്പൻ, മുച്ചിലോട്ടു ഭഗവതി എന്നിവരെ ആരാധിക്കുകയും ആചാരങ്ങളിൽ നായന്മാരെ അനുകരിക്കുകയും ഭാഷയിൽ മലയാളപാരമ്പര്യം നിലനിർത്തുകയും ചെയ്യുന്നു. ഇവർ കാസർ കോട്, കണ്ണൂർ, കോഴിക്കോടിന്റെ വടക്കുകിഴക്കു പ്രദേശങ്ങൾ എന്നിവിട ങ്ങളിലാണ് കൂടുതലായി ഉള്ളത്. ഇവരിൽ തമിഴ് പാരമ്പര്യം പുലർത്തുന്നവർ മാത്രമാണ് വിശദപഠനത്തിന് വിധേയമാകുന്നത്.

## 3.4. തമിഴ് വാണിയർ

തമിഴ് വാണിയർ ഒരു പ്രത്യേക ജാതിയല്ല. തമിഴ് ഭാഷയും സംസ്കാരവും പുലർത്തുന്ന വാണിയരെ ഒന്നാകെ ഉൾക്കൊള്ളാനും തമിഴ്ഭാഷയും സംസ്കാ രവും പുലർത്താത്തവരെ ഒഴിവാക്കാനും കഴിയുന്ന ഒരു ജാതിസംജ്ഞ നിലവി ലില്ല. എന്നാൽ കേരളത്തിലെ വാണിയരിൽ തമിഴ്പാരമ്പര്യം പുലർത്തുന്ന വരെന്നും അല്ലാത്തവരെന്നുമുള്ള വേർതിരിവ് വളരെ പ്രകടമാണുതാനും. അതി നാൽ, പ്രസ്തുത സമൂഹത്തെ സൂചിപ്പിക്കാനായി പഠനസൗകര്യത്തിനുവേി 'തമിഴ് വാണിയൻ' എന്നൊരു പദം സ്വീകരിക്കുകയാണ്.

നായന്മാരെയോ ഈഴവരെയോ പോലെ സമാഹരിക്കപ്പെട്ടിട്ടില്ലാത്ത തമിഴ് വാണിയർ, വണികവൈശ്യ, വാണിയച്ചെട്ടി, ചെട്ടിയാർ, പിള്ള, നായർ എന്നി ങ്ങനെ പല പേരുകളിലാണ് അറിയപ്പെടുന്നത്. തിരുവനന്തപുരം, കൊല്ലം,

ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് എന്നീ ജില്ലകളിൽ ഇവരുടെ സജീവസാന്നിധ്യമു്. സമാനജാതികളുടെ സാന്നിധ്യമാണ് മറ്റ് പ്രദേശങ്ങളിൽ തമിഴ് വാണിയരുടെ സാന്നിധ്യം കുറയാൻ കാരണം.

### 3.4.1. സമാനജാതികൾ

(1) ചക്കാലനായർ: തൃശൂർ – മലപ്പുറം ജില്ലകളിലെ ചില പ്രദേശങ്ങളിലാണ് ഇവർ കൂടുതലായി ഉള്ളത്. ചക്കാലനായർ എണ്ണയാട്ടു കുലത്തൊഴിലായുള്ള ഒരു ശൂദ്രജാതിയാണെന്നും ചക്കാലവാണിയൻ/ചെക്കുവാണിയൻ എന്നത് ഇതേ തൊഴിൽ ചെയ്യുന്ന മറ്റൊരു ജാതിയാണെന്നും നിഷ്കർഷിക്കപ്പെട്ടിട്ടു് (ബാലകൃഷ്ണൻ, 1985: 63).

> രു വർഗ്ഗക്കാരായ ചക്കാല ജാതികളു്. നായർ വർഗ്ഗത്തിൽ ഉൾപ്പെട്ടു നിൽക്കുന്ന ചക്കാലനായരും തമിഴ് ഭാഷയും തമിഴരുടെ ആചാരങ്ങളും നടപടികളും സ്വീകരിച്ചിരിക്കുന്ന പാിച്ചക്കാലകളും (ഗോപാലപിള്ള, 1948: 233).

വാണിയരുടെ പ്രധാന തൊഴിൽ ചക്കാട്ടലും കച്ചവടവുമായിരുന്നു. എന്നാൽ ചക്കാല നായർ കച്ചവടക്കാരല്ല. ചക്കാലകൾ ശൂദ്രജാതിയായും തമിഴ് വാണിയർ വൈശ്യരായുമാണ് പൊതുവെ നിരീക്ഷിക്കപ്പെട്ടിരിക്കുന്നത്. മാത്രവുമല്ല, ''ഇവർ ജാതിത്തൊഴിലായ എണ്ണയാട്ടു പ്രവൃത്തി മിക്കവാറും വളരെക്കാലമായി നിർത്തിക്കഴിഞ്ഞിരിക്കുന്നു'' (ibid). ഈ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഇവരെ സമാനസമുദായമായി മാത്രം കണക്കാക്കുകയും പഠനപരിധിയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നത്.

(2) രാവാരി നായർ: ''വൈശ്യരുടെ കുലധർമ്മമായ വ്യാപാരം നായർ കുലത്തിലുള്ളവരിൽ ചില താഴ്ന്ന ജാതികൾ തന്നെ നടത്തിവരികയും, അവരെ യാപാരി അല്ലെങ്കിൽ വ്യാപാരി എന്നു വിളിച്ചുവരികയും ചെയ്തിരുന്നു''

(ജോസഫ്, 1961: 165). രാവാരി നായർ, വട്ടേക്കാട്ടു നായർ എന്നിങ്ങനെയും ഇവർ അറിയപ്പെടുന്നു്. കോഴിക്കോടിന്റെ വടക്കും കിഴക്കും – കൊയിലാി, വടകര, നാദാപുരം, കുറ്റ്യാടി, കക്കട്ടിൽ, കല്ലാച്ചി, പേരാമ്പ്ര, ബാലുശ്ശേരി – ഭാഗങ്ങളിൽ ഇവർ കൂടുതലു്.

(3) വാണിയൻ നായർ: മലബാറിലെ ചില ചെട്ടിവിഭാഗങ്ങൾ പേരിനൊപ്പം 'നായർ' എന്ന് ചേർക്കാറു്. ആ കൂട്ടത്തിൽപ്പെടുന്ന ഇവർ ചെട്ടി എന്നും നായർ എന്നും അറിയപ്പെടുന്നു്. കോഴിക്കോട് ജില്ലയുടെ വടക്കും കണ്ണൂരുമാണ് ഇവരുടെ പ്രദേശം. മലബാറിൽ ചെട്ടികളെ മേന്മകുറഞ്ഞ ഒരു ജാതിയായി പ രിഗണിക്കുന്നതുകൊാവാം അവർ നായർ എന്നറിയപ്പെടാൻ ആഗ്രഹിക്കുകയും സ്വയം അങ്ങനെ വിശേഷിപ്പിക്കുകയും ചെയ്യുന്നത്. എങ്കിലും ഇവരുടെ ജാതിസ്വത്വം അറിയാവുന്ന നാട്ടുകാർ ഇവരെ നായർ എന്ന് അംഗീകരിക്കുന്നില്ല.

(4) കന്നടവാണിയർ: തമിഴ് വാണിയർ എന്നതുപോലെ തന്നെ, വേർതിരിച്ചറിയാനായി സ്വീകരിച്ചിരിക്കുന്നതാണ് ഈ ജാതിപ്പേരും; എന്തെന്നാൽ ഇവരും വാണിയർ എന്ന പൊതുജാതി സംജ്ഞയിലാണ് അറിയപ്പെടുന്നത്. എന്നാൽ മറ്റു വാണിയ വിഭാഗങ്ങളിൽനിന്ന് പ്രകടമായ സാംസ്കാരിക അന്തരം ഇവർ പ്രകടിപ്പിക്കുന്നു്. ഭാഷാപരമായും സാംസ്കാരികമായും കർണ്ണാടക ത്തോട് ഐക്യം പ്രദർശിപ്പിക്കുന്ന ഇവർ കാസർകോട്ട് മാത്രമാണ് കാണ പ്പെടുന്നത്.

(5) കൊങ്കിണി വാണിയർ: ഇതും പഠനസൗകര്യത്തിനായി സ്വീകരിക്കുന്ന ജാതിസംജ്ഞയാണ്; കേരളത്തിലെ കൊങ്കിണികളുടെയിടയിലെ വാണിയരെ യാണ് ഉദ്ദേശിക്കുന്നത്. കുലത്തൊഴിൽ കച്ചവടമാണെങ്കിലും തമിഴ് പാരമ്പര്യം പ ുലർത്താത്തതിനാൽ ഇവരും പഠനപരിധിയിൽ വരുന്നില്ല.

### 3.4.2. ദേശീയതലത്തിലെ സമാനസമുദായങ്ങൾ

ദേശീയമായ കാഴ്ചപ്പാടിൽ വാണിയർ ഒരു വൈശ്യജാതിയാണ്. ഭാരതത്തിലെ മറ്റു ഭാഗങ്ങളിൽ പല സമുദായങ്ങളും കുലത്തൊഴിലിന്റെ അടിസ്ഥാ നത്തിൽ വാണിയരോട് സമാനത പുലർത്തുന്നു്.

(1) തൈലിക്: ഒരു ഉത്തരേന്ത്യൻ വ്യാപാര സമുഹമാണിവർ. എണ്ണവാണിയരുടെ സമാനജാതിയാണിവർ. 'തൈൽ' എന്നതിന് എണ്ണ എന്നും 'തൈലിക്' എന്നതിന് വാണിയർ എന്നുമാണർത്ഥം (അഭയദേവ്, 1985/1969: 619).

(2) സാഹു: മറ്റൊരു ഉത്തരേന്ത്യൻ വൈശ്യജാതിയാണിത്. ധനാഢ്യൻ, വലിയ വ്യാപാരി, ഹുികക്കാരൻ, പലിശക്ക് പണം കൊടുക്കുന്ന ആൾ, ബാങ്കർ എന്നെല്ലാമാണ് 'സാഹു' എന്നതിനർത്ഥം (ibid: 1484).

(3) ഗുപ്ത: ''കൃഷിയും കച്ചവടവും ചെയ്തുപോരുന്ന ഒരു ജാതിയാണ് ഗുപ്ത'' (അഭിമുഖം: നാരായണൻ). ഉത്തരേന്ത്യയിലാണ് ഗുപ്തർ കൂടുതലായുള്ളതെങ്കിലും കേരളമടക്കം ഭാരതത്തിന്റെ പല ഭാഗങ്ങളിലും ഇവർ ഉ്. കേരളത്തിൽ, പാലക്കാട് ജില്ലയുടെ ചില പ്രദേശങ്ങളിലാണ് കൂടുതലുള്ളത്. ഇവിടെ ഇവർ പ്രധാനമായും ഭൂവുടമകളും കർഷകരുമാണ്. ''വൈശ്യരുടെ പേരിനോട് ചേർക്കുന്ന ജാതിസൂചക പദമാണ് 'ഗുപ്ത' എന്നത്'' (ബാലകൃഷ്ണൻ & ലീലാദേവി, 1973: 310). ''ബ്രാഹ്മണരുടെ പേരിനോടൊത്ത് ശർമ്മ എന്നും ക്ഷത്രിയർക്ക് വർമ്മ എന്നും വൈശ്യർക്ക് ഗുപ്ത എന്നും ശൂദ്രർക്ക് ദാസ എന്നും ചേർക്കണമെന്ന വിധിയും ചേർക്കുന്ന പതിവുമു്'' (മാണി വെട്ടം, 1989/1964: 436–437).

(4) ബന്യ: മറ്റൊരു വൈശ്യജാതിയാണ് ബന്യ. ബന്യൻ, ബനിയ എന്നിങ്ങനെയും ഉച്ചാരണമു്. ഒരുകാലത്ത് കേരളത്തിലും ഇക്കൂട്ടർ ഉായിരുന്നു. അവരേക്കുറിച്ച്, ''ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിൽ ഉപവേശം ചെയ്തിട്ടുള്ള

ഒരു വർഗ്ഗക്കാരാണ്. ഇവർ വലിയ വണിക്കുകളും പണവ്യാപാരികളുമാകുന്നു'' (ഗോപാലപിള്ള, 1948: 241) എന്നിങ്ങനെ പരാമർശിച്ചു കാണുന്നു.

ബനിയന്മാർ തന്നെയാണ് വാണിയർ എന്ന് കെ.വി. നാരായണൻ 'മുച്ചിലോട്ടു ഭഗവതി' (1984: 59) എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു്. ''ഉദയവർമ്മൻ എന്ന കോലത്തു തമ്പുരാൻ ബ്രാഹ്മണരെ വിളിച്ചുകൊുവന്ന് കുടിയിരുത്തിയപ്പോൾ അവരുടെ കൂടെ വന്ന മറ്റു സമുദായത്തിൽപ്പെട്ട പുരാതന സൗരാഷ്ട്രക്കാരായ ബനിയന്മാരുടെ പിൻതലമുറയിൽപ്പെട്ടവരാണ് വാണിയ സമുദായക്കാരെന്ന് ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ അവകാശപ്പെടുന്നു'' എന്ന് അദ്ദേഹം സ്വാഭിപ്രായത്തെ ന്യായീകരിക്കുന്നു (ibid).

> പ്രകൃതിക്ഷോഭത്താൽ ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും കൊടുമ്പിരിക്കൊപ്പോൾ ഗുജറാത്തിൽനിന്നും പലായനം ചെയ്ത്, പഴയ കോലത്തുനാട്ടിൽ അധിവസിച്ച്, ക്രമേണ തിരുവിതാംകൂറിലേക്ക് നീങ്ങിയ 'ബനിയന്മാരുടെ' പ ിൻമുറക്കാരാണ് വാണിയർ... (ചന്ദ്രൻ, 1994: 27).

കേരളത്തിലെ വാണിയർ, ബനിയന്മാരുടെ പിൻമുറക്കാരാണ് എന്നത് അതിശയോക്തി നിറഞ്ഞ പ്രസ്താവനയാണ്. കാരണം, കേരളത്തിലെ വാണിയരിൽ വലിയൊരു ഭാഗം കാത്തുസൂക്ഷിക്കുന്ന തമിഴ് പാരമ്പര്യം, സൗരാഷ്ട്രക്കാരായ ബനിയന്മാരിൽനിന്ന് ലഭിച്ചതാണെന്നു കരുതാൻ ന്യായമില്ല. പക്ഷേ, തമിഴ് വാണിയർ, കന്നട വാണിയർ മുതലായവരെപ്പോലെ, കേരളത്തിലെ വാണിയരിൽ ലയിച്ചുചേർന്ന അന്തർധാരകളിലൊന്നാണ് ബനിയന്മാർ എന്ന് കരുതുക യുക്തിസഹമാണ് എന്ന് താഴെപ്പറയുന്ന കാര്യങ്ങളിൽനിന്ന് വ്യക്തമാകുന്നു്.

ഹിന്ദിയിൽ 'ബനിക്' എന്നതിന് വ്യാപാരി, കച്ചവടക്കാരൻ എന്നിങ്ങനെയും 'ബനിയാ' എന്നതിന് കച്ചവടം തൊഴിലായുള്ള ഒരു ഹിന്ദുജാതി,

വൈശ്യൻ, വ്യാപാരി, കച്ചവടക്കാരൻ എന്നിങ്ങനെയുമാണർത്ഥം (അഭയദേവ്, 1985/1969: 954) 'ബന്യ'. എന്നതിന് ബനിയാ, ബാനിയാ എന്നിങ്ങനെയും ഉച്ചാരണമു് (ibid: 972). ബനിജ്, വാണിജ്യ എന്നിവ ഒരേ അർത്ഥമുള്ള പദ ങ്ങളാണ് (ibid: 954). വ്യാപാരം, കച്ചവടം എന്നിങ്ങനെയാണർത്ഥം. 'വാണിജ്' എന്നതിന് വാണിജ്യം എന്നതിന് പുറമെ വ്യാപാരി, വണിക്ക്, വാണിജൻ എന്നിങ്ങനെയും അർത്ഥമു് (ibid: 1240). സംസ്കൃതത്തിൽ വണിക്, വണിജഃ, വാണിജഃ എന്നീ പദങ്ങൾക്ക് കച്ചവടക്കാരൻ, വ്യാപാരി എന്നിങ്ങ നെയും വാണിജ്യം എന്നതിന് വാണിജ്യം, വ്യാപാരം, കച്ചവടം എന്നിങ്ങ നെയുമാണ് അർത്ഥം (ബാലകൃഷ്ണൻ & ലീലാദേവി, 1973: 795). ഹിന്ദിയിലെ വാണിജ്യശബ്ദം സംസ്കൃതത്തിലേത് തന്നെയാണ്. ഇതിൽനിന്നാവണം ബനിയ, ബാനിയ എന്നീ പദങ്ങളുടെ ഉല്പത്തി ഹിന്ദിയിൽ വ, ബ എന്നീ വർണ്ണങ്ങൾക്ക് സ്വതന്ത്ര വിനിമയമു്. ഉദാ: ബനിജ – വാണിജ്യ.

വടക്കൻ മലബാറിലെ – ഏതാ് വടകര മുതൽ കാസർകോഡു വരെ – മലയാളത്തിൽ 'ബ'കാര 'വ'കാരങ്ങൾ തമ്മിൽ സ്വതന്ത്ര വിനിമയമു്. ഉദാ: ബി – വി, ബന്നു – വന്നു, ബക്ക – വെക്ക, ബയി – വഴി, ബെസമം – വെഷമം.

കേരളത്തിലെ നാടോടി വാങ്മയത്തിൽപ്പെട്ട വടക്കൻ വീരഗാഥകളിലെ പ യ്യന്നൂർ പാട്ടുകളിൽ ഈ സ്വതന്ത്രവിനിമയത്തിന് ധാരാളം ഉദാഹരണങ്ങൾ ു്. "നല്ലറ്റ പലരും ബന്നു അണുകികൊാർ" (സ്കറിയ, 2000/1993: 4) എന്ന വരിയിലെ 'ബന്നു'വിന് 'വന്നു' എന്നാണർത്ഥം. "ബുവൊള്ളം കൂറക റിവെൻ" (ibid) എന്നിടത്തെ 'ബെുവൊള്ള'ത്തിന് 'വേുവോളം' എന്നാണ ർത്ഥം. "ബാണിയം ഞ്ചെയിവാൻ ബലിതറിവെണം" (ibid) എന്നിടത്ത് 'ബാണിയം', 'വാണിയം' എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടു്. (ibid 34, 64 എന്നീ പാട്ടുകൾ)

ഈ വസ്തുതകൂടി പരിഗണിച്ചാൽ 'ബാനിയൻ' സ്വാഭാവികമായും വാണിയൻ ആകാം. പയ്യന്നൂർ പാട്ടുകളിൽ അപ്രകാരം വിനിമയം ഇല്ലെങ്കിലും അങ്ങനെ വന്നാൽ ബാനിയനും വാണിയനും തമ്മിൽ ഒരൊറ്റ അക്ഷരത്തിലേ വ്യത്യാസമുള്ളു എന്നു വരുന്നു. ന (ണ) എന്നതാണത്. അതാകട്ടെ ഉച്ചാരണ ഭേദമെന്ന് കരുതാവുന്നതേ ഉള്ളുതാനും.

'ബാനിയാ', 'വാണിയാ' എന്നീ പദങ്ങൾ തമ്മിലുള്ള അസാധാരണ സാദൃശ്യം വാണിജ്യം, ബാനിയാ എന്നീ പദങ്ങളിൽ നിന്നാണ് വാണിയ എന്ന പ ദമുായതെന്നും, അതുപോലെ ബനിയനും വാണിയനും പരസ്പര ബന്ധമുള്ള ജാതിക്കാരെന്നുമുള്ള വാദത്തെ സ്ഥാപിക്കുന്നു്.

## 3.5 ജാതിനാമവും തൊഴിലും

ഭാരതത്തിൽ ജാതിസമ്പ്രദായം നിലവിൽ വന്നത് പ്രധാനമായും തൊഴിലിന്റെ അടിസ്ഥാനത്തിലാണ്. എണ്ണയാട്ടു തൊഴിൽ ചെയ്യുന്ന ഹൈന്ദവ ജാതി എന്ന അർത്ഥത്തിലാണ് ഇന്ന് വാണിയൻ എന്ന പദം പൊതുവേ വ്യവഹ രിക്കപ്പെടുന്നത്. എന്നാൽ പദനിഷ്പത്തിയുടെ അടിസ്ഥാനത്തിൽ ഈ അർത്ഥം സാധുവല്ല.

അനവധി അർത്ഥസാധ്യതകളുള്ള ഒരു പദമാണ് 'വാണിയൻ' എന്നത്. വാണിയം ചെയ്യുന്നവൻ; എണ്ണവ്യാപാരി; എണ്ണയും മറ്റും ആട്ടിയെടുക്കുന്ന ജാതിക്കാരൻ (ഹിന്ദു) എന്നിങ്ങനെയാണ് നിഘണ്ടുക്കളിൽ കാണുന്ന പൊതു വായ അർത്ഥം (പത്മനാഭപിള്ള, 1991: 1545). പക്ഷേ, കച്ചവടക്കാരൻ എന്നർത്ഥ മുള്ള വാണിജൻ, വാണിജികൻ, വാണിഭൻ, വണിക്, വണികയർ, വണിജൻ, വണിജകൻ എന്നിവ സമാനപദങ്ങളാണ് (ibid: 1517, 1545).

വാണിയം എന്നതിന് കച്ചവടം എന്നും വാണിയക്കാർ എന്നതിന് കച്ചവട ക്കാർ എന്നുമാണർത്ഥമെന്നിരിക്കെ വാണിയർ, വാണിയന്മാർ എന്നീ പദങ്ങൾക്ക്

എണ്ണയാട്ടുന്നവർ എന്ന അർത്ഥത്തേക്കാൾ യുക്തിഭദ്രമായത് കച്ചവടക്കാർ എന്ന അർത്ഥമാണ്. അതായത് വാണിയൻ എന്നതിന് എണ്ണയാട്ടുന്നവൻ, എണ്ണക്കച്ച വടക്കാരൻ എന്നീ വിശേഷാർത്ഥമുങ്കെിലും പ്രാഥമികവും സാമാന്യവുമായ അർത്ഥം കച്ചവടക്കാരൻ എന്നാണ്. ഒരു പദത്തിന് സാമാന്യമായ അർത്ഥമാ യിരിക്കും അതിന്റെ ആദ്യകാലങ്ങളിൽ സ്വാഭാവികമായും ഉാവുക. വിശേഷാർത്ഥം പിൽക്കാലത്ത് മറ്റു കാരണങ്ങളാൽ ഉാവുകയാണ് പതിവ്. ഒരുകാലത്ത്, തീയാലോടുന്ന വി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന തീവി എന്ന പദം പ്രസ്തുത അർത്ഥം നഷ്ടമായെങ്കിലും ഇന്നും അതേ വസ്തുവിനെ കുറിക്കാൻ ഉപയോഗിക്കുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ, വാണിയൻ എന്നത് ആദ്യകാലത്ത് കച്ചവടക്കാരൻ എന്ന അർത്ഥത്തിലായിരുന്നു ഉപയോഗിച്ചിരുന്നത് എന്നും പില്കാലത്താണ് എണ്ണയാട്ടുന്നവൻ, എണ്ണക്കച്ചവട ക്കാരൻ എന്നീ വിശേഷാർത്ഥങ്ങൾ അതിന് ലഭിച്ചത് എന്നുമാണ് അനുമാനി ക്കാൻ സാധിക്കുന്നത്. അതായത് വാണിയൻ എന്നത് ആദ്യകാലത്ത് കച്ചവടം കുലത്തൊഴിലായിരുന്ന ഒരു ജാതിയായിരുന്നു; എന്നാൽ പിൽക്കാലത്താണ് അവർ 'എണ്ണയാട്ടു തൊഴിലായവർ' എന്ന് അറിയപ്പെടാൻ തുടങ്ങിയത്.

## 3.6. വാണിയ ചെട്ടികളുടെ കേരളത്തിലേക്കുള്ള കുടിയേറ്റം

### 3.6.1. കുടിയേറ്റകാലം

കേരളത്തിലെ തമിഴ് വാണിയർ തികച്ചും ഒരു കുടിയേറ്റ ജനതയാണ്. തമിഴകത്തിന്റെ പല ഭാഗങ്ങളിൽനിന്നായി പല കാലത്ത് പലവഴികളിലൂടെ കുടിയേറിയവരാണവർ. ഈ കുടിയേറ്റം ഏതുകാലത്ത് സംഭവിച്ചുവെന്ന് കൃത്യമായി പറയാനാവില്ല (അഭിമുഖം: നാരായണൻ). കുടിയേറ്റകാലം വ്യക്തമാ ക്കുന്ന ചില വസ്തുതകൾ ചൂിക്കാണിക്കാനേ സാധിക്കൂ.

> വണികവൈശ്യർ കേരളത്തിലെത്തിയിട്ട് എത്ര നാളായിക്കാണുമെന്ന് കൃത്യമായ കണക്കുകളൊന്നും ഹാജരാക്കാനില്ല. എന്നാൽ നൂറ്റാു പഴക്കമുള്ള രാജശാസനങ്ങളുടെയും ക്ഷേത്ര ശേഖരങ്ങളുടെയും വെളിച്ചത്തിൽ ഒരുകാര്യം വ്യക്തമാ കുന്നു; വാണിയർ കേരളത്തിലെത്തിയത് അടുത്തകാലത്തൊന്നുമല്ലെന്ന്. നാടുവാഴികളുടെ ക്ഷണപ്രകാരമുള്ള കുടിയേറ്റത്തെയാണ് തെരുവുസമ്പ്രദായത്തിലുള്ള അധിവാസം കൊ് മനസ്സിലാക്കേത് (ശിവാനന്ദൻ, 1984: 124).

സാമൂതിരിയുടെ കാലത്ത് കോഴിക്കോട്ടെ വ്യാപാരപ്രമുഖരിൽ ചെട്ടികളും ഉൾപ്പെട്ടിരുന്നു എന്നത് (ഗോപാലകൃഷ്ണൻ, 1987/1974: 373) കുടിയേറ്റത്തിന് അഞ്ച് മുതൽ പത്തുവരെ നൂറ്റാുകളുടെ പഴക്കമുന്നെ് കാണിക്കുന്നു. വിൽപാട്ടിനെക്കുറിച്ച് വി. കൃഷ്ണൻ ചെട്ടിയാരുടെ പരാമർശവും പ്രസക്തമാണ്. മലയാളത്തിന്റെയും തമിഴിന്റെയും സങ്കരമാണ് വിൽപാട്ടിലെ ഭാഷ, ഇതിലെ ഭാഷാരീതി കൊല്ലവർഷാരംഭത്തിൽ തിരുവിതാംകൂറിൽ നിലനിന്നിരുന്നതായി അനുമാനിക്കാം. ഏറ്റവും പഴക്കംചെന്ന ശാസനങ്ങളിലേയും രാജകല്പനകളിലേയും ഭാഷയോട് സാമ്യമുള്ളതാണ് വിൽപാട്ടിലെ ഭാഷ (കൃഷ്ണൻ, 1984: 112). നൂറ്റാുകൾക്ക് മുമ്പ് കുടിയേറ്റം നടന്നിരുന്നു എന്നതിന്റെ സൂചനയാണിത്.

ഉദയവർമ്മൻ എന്ന കോലത്തുതമ്പുരാൻ ബ്രാഹ്മണരെ വിളിച്ചുകൊുവന്ന് കുടിയിരുത്തിയപ്പോൾ അവരുടെ കൂടെ വന്ന മറ്റു സമുദായത്തിൽപ്പെട്ട പുരാതന സൗരാഷ്ട്രക്കാരായ ബനിയന്മാരുടെ പിൻതലമുറയിൽപ്പെട്ടവരാണ് വാണിയ സമുദായക്കാരെന്ന് ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ അഭിപ്രായപ്പെടുന്നു (നാരായണൻ, 1984: 59).

### 3.6.2. കുടിയേറ്റ മാർഗ്ഗങ്ങൾ

തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് പല വഴികളു്: (1) കോയമ്പത്തൂർ – പാലക്കാട്, (2) ചെങ്കോട്ട – കൊല്ലം, (3) കമ്പം – തേനി – ഇടുക്കി, (4)

തിരുനെൽവേലി – നാഗർകോവിൽ – തിരുവനന്തപുരം എന്നിവയാണ് അതിൽ പ്രധാനം.

> അഗസ്തീശ്വരം, തോവാള എന്നീ താലൂക്കുകൾ ഉൾപ്പെട്ട നാഞ്ചി നാട്ടിൽ അധിവസിച്ചു വരുന്ന വെള്ളാളർ ആദിയായ തമിഴർ ആര്യങ്കാവ് പാത മാർഗ്ഗേണയും ഉത്തര തിരുവിതാംകൂറിൽ അധിവസിക്കുന്നവർ കമ്പം, കൂടല്ലൂർ മാർഗ്ഗമായും കൊച്ചിയിലും ബ്രിട്ടീഷ് മലബാറിലും അധിവസിക്കുന്നവർ പാലക്കാടു മാർഗ്ഗമായുമാണ് മിക്കവാറും ഉപവേശം ചെയ്തിട്ടുള്ളത് (ഗോപാലപിള്ള, 1949: 96).

എന്ന പ്രസ്താവന, തമിഴ് വാണിയരുടെ കാര്യത്തിലും പ്രസക്തമാണ്. പാലക്കാട്, തൃശൂർ, ഇരിങ്ങാലക്കുട, കോഴിക്കോട് എന്നിവിടങ്ങളിലുള്ള തമിഴ് വാണിയരുടെ അടുത്ത ബന്ധുക്കളിൽ പലരും കോയമ്പത്തൂർ, ഉദുമൽപേട്ട, പോിച്ചേരി, അവിനാശി തുടങ്ങിയ തമിഴ്നാടൻ പ്രദേശങ്ങളിൽ ഇപ്പോഴും ഉ് എന്നത്, കോയമ്പത്തൂർ – പാലക്കാട് വഴി നടന്ന കുടിയേറ്റത്തിന് തെളിവാണ്. ഈ പ്രദേശങ്ങളിലുള്ള വാണിയർക്ക് മറ്റു പ്രദേശങ്ങളിൽ നിന്നുള്ളവരിൽ പ്രകടമായ സാംസ്കാരിക അന്തരവും മേൽചൊന്ന തമിഴ്നാടൻ പ്രദേശത്തുകാരോട് ഐക്യവും പ്രകടമാണ്. ഇക്കൂട്ടരുടെ ഭാഷ, കോയമ്പത്തൂർ പ്രദേശത്തെ തമിഴുമായി കൂടുതൽ അടുപ്പം പുലർത്തുന്നു്.

തിരുവനന്തപുരം ഭാഗത്തുള്ള വാണിയരുടെ പല ബന്ധുക്കളും തിരുനെൽവേലി – നാഗർകോവിൽ എന്നിവിടങ്ങളിലും തിരുവനന്തപുരത്തിനും നാഗർ കോവിലിനും ഇടയിലുള്ള പ്രദേശങ്ങളിലും ഉ് എന്നത് തിരനൽവേലി – നാഗർ കോവിൽ – തിരുവനന്തപുരം വഴി നടന്ന കുടിയേറ്റത്തെ സാക്ഷ്യപ്പെടു ത്തുന്നു്. തിരുവനന്തപുരത്തെ വാണിയൻ മറ്റെല്ലാ പ്രദേശങ്ങളിലുമുള്ള വാണിയരിൽനിന്ന് വ്യത്യസ്തതയും തിരുനെൽവേലി ഭാഗത്തുള്ളവരോട് സാദൃ ശ്യവും പ ുലർത്തുന്നു്. കൊല്ലം ഭാഗത്തുള്ളവരിൽ കാണുന്ന സാംസ്കാരി കവും

ഭാഷാപരവുമായ പ്രാദേശികഭേദമാണ് ചെങ്കോട്ട – കൊല്ലം വഴി കുടിയേറ്റം നടന്നിരുന്നു എന്ന് ഊഹിക്കാൻ വക നൽകുന്നത്.

ഇടുക്കി ജില്ലയിലെ റിസർവ്വ് വനത്തിൽ ഇന്നും ഒരു മാരിയമ്മൻ കോവിലുു്. വാണിയരുടെ സംഘടനയായ വണികവൈശ്യസംഘം ആ കോവിൽ കൈവശം കിട്ടാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. കമ്പം – തേനി – ഇടുക്കി വഴി നടന്ന കുടിയേറ്റത്തിന്റെ ശക്തമായ തെളിവാണ് പ്രസ്തുത ക്ഷേത്രം.

ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ മേല്പറഞ്ഞ നാലു വഴികളിലും കൂടി കുടിയേറ്റം നടന്നു എന്ന് കാണാനാകും. പല ഭാഗങ്ങളിലൂടെ പല കാലങ്ങളിലായിട്ടായിരിക്കണം വാണിയരുടെ, കേരളത്തിലേക്കുള്ള കുടിയേറ്റം നടന്നത്.

### 3.6.3. കുടിയേറ്റ കാരണങ്ങൾ

(1) രാജകോപം: ചോളരാജാവ് വാണിയത്തിപ്പെണ്ണിനെ വിവാഹം ആലോചിച്ചപ്പോൾ അതിനു തയ്യാറാകാത്ത വാണിയർക്ക് രാജകോപം ഭയന്ന് നാടുവിടേിവന്നു.

(2) രാജാക്കന്മാരുടെ ക്ഷണം: രാജാക്കന്മാർ പല വാണിയരേയും സ്വന്തം രാജ്യത്തേക്ക് ക്ഷണിക്കുകയും എല്ലാ സൗകര്യവും നൽകി കുടിയിരുത്തുകയും ചെയ്തിരുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഇത്തരം കുടിയിരുത്തലുകൾ നടന്നതിന് തെളിവുു്.

(3) ക്ഷാമം: പ് ക്ഷാമം നിമിത്തം സമൂഹങ്ങൾ നാടുവിടുന്നത് സർവ്വസാധാരണമായിരുന്നു.

(4) പ്രകൃതിക്ഷോഭം: ഇതും വാണിയരുടെ കേരളത്തിലേക്കുള്ള കുടിയേറ്റത്തിന് വഴിവെച്ചിട്ടുാകാം. ചിലപ്പതികാരം മുതലായ കൃതികളിൽ തമിഴകത്തെ

ചില ഭാഗങ്ങൾ കടലെടുത്തതായും മറ്റുമുള്ള സൂചനയു്. ഇന്നും പ്രകൃതി ക്ഷോഭത്താൽ പല ഭാരതീയ സമൂഹങ്ങളും സംസ്ഥാനാന്തരഗമനം നടത്തു ന്നു്.

(5) തൊഴിൽ: കച്ചവടകേന്ദ്രങ്ങൾ തേടി താമസം മാറ്റുന്നത് ഇന്നും കച്ചവടജാതികളുടെ പതിവാണ്. കച്ചവടമോ തൊഴിലോ തേടി കേരളത്തിൽ വന്ന് താമസമാക്കിയവരാണ് ചിലർ.

### 3.6.4. ആവാസരീതി

അടിസ്ഥാനപരമായി കച്ചവടസമൂഹമായതിനാൽ കച്ചവടസാധ്യതയുള്ള പ്രദേശങ്ങളിലാണ് വാണിയർ കേന്ദ്രീകരിച്ചിരുന്നത്. തുറമുഖങ്ങൾ, കച്ചവട കേന്ദ്രങ്ങൾ എന്നിവയാണ് അതിൽ മുഖ്യം. കൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലും എണ്ണയും മറ്റ് വസ്തുക്കളും എത്തിച്ചുകൊടുത്ത് ഉപജീവനം നടത്തിയവർ കൊട്ടാരങ്ങളുടെയോ ക്ഷേത്രങ്ങളുടെയോ കച്ചവടകേന്ദ്രങ്ങളുടെയോ സമീപ ത്താണ് താമസിച്ചിരുന്നത്. ഒരേ ജാതിയിൽപ്പെട്ടവർ ഒന്നിച്ച് അടുത്തടുത്തായി താമസിക്കുന്ന രീതിയാണ് കേരളത്തിൽ നിലനിന്നു പോന്നത്. ഇന്നും ഇത്തരം ആവാസരീതി സേഠ്, പട്ടർ, തുളു ബ്രാഹ്മണർ എന്നിവരിൽ പ്രകടമാണ്. ഇത്തരം കുടിയിരുത്തലുകൾ തമിഴ് വാണിയരുടെ ഇടയിലും സാധാരണമാണ്. കുലദേവ തയായ മാരിയമ്മയുടെ കോവിലുകൾ കേന്ദ്രീകരിച്ചാണ് തമിഴ് വാണിയർ കുടിയിരുന്നത്.

### 3.6.5. ആവസകേന്ദ്രങ്ങൾ

(1) തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരം, എം.ജി. കോളേജ്, പാളയം, ചാല എന്നീ കേന്ദ്രങ്ങളെല്ലാം വാണിയരുടെ ആവാസസ്ഥലങ്ങ ളായിരുന്നു. ഇവിടങ്ങളിൽ പലയിടത്തും ഇന്നും ചക്കിന്റെ അവശിഷ്ടങ്ങളു്. വലിയശാലയ്ക്കടുത്ത ഒരു പ്രദേശം പ് വാണിയംകുളം ആയിരുന്നു എന്ന് ഇന്നും ചില പഴമക്കാർക്കറിയാം. എണ്ണയാട്ടി ക്ഷീണിച്ചു

വിയർത്ത് എണ്ണയുമായി ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലേക്ക് പോയിരുന്ന വാണിയന്, വഴിമധ്യേ കുളിച്ച് ശുദ്ധമാകാൻ മഹാരാജാവ് കുഴിപ്പിച്ച കുളമായിരുന്നു അത്. കുടിയേറ്റ മാർഗ്ഗത്തിനിടയ്ക്കുള്ള കടയ്ക്കൽ, കടയ്ക്കാവൂർ എന്നീ സ്ഥലങ്ങൾ ഇന്നും വാണിയരുടെ കേന്ദ്രങ്ങളാണ്.

(2) പഴയൊരു തുറമുഖം എന്നതിലുപരി ദേശിംഗനാട് രാജാക്കന്മാരുടെ തലസ്ഥാനം കൂടിയായിരുന്നു കൊല്ലം. പിന്നീട് മാർത്താണ്ഡവർമ്മ മഹാരാജാവ് ഈ ദേശം തിരുവിതാംകൂറിനോട് ചേർത്തു. കൊല്ലത്തും തമിഴ് വാണിയർ കൂട്ടത്തോടെ താമസമുറപ്പിച്ചിരുന്നു.

(3) കോട്ടയത്ത് കാഞ്ഞിരപ്പള്ളി, പൊൻകുന്നം, മുക്കയം, മാടപ്പള്ളി, മല്ലപ്പള്ളി, കോട്ടയം നഗരം, ചങ്ങനാശ്ശേരി എന്നിവ പഴയ കച്ചവട കേന്ദ്ര ങ്ങളായിരുന്നു.

> കേരളത്തിൽ എങ്ങും വിശ്രുതമായ ചങ്ങനാശ്ശേരിച്ചന്ത ഈ പട്ടണത്തിലാണ്. ഇത്ര വലുതും വ്യാപാരബഹുലവുമായ ഒരു ചന്ത കേരളത്തിൽ മറ്റെങ്ങുമില്ല. ഈ ചന്ത ഏർപ്പെടുത്തിയത് വേലുത്തമ്പി ദളവയാണ്... പുരാതന കേരളത്തിൽ വാണിജ്യ വ്യവസായങ്ങളിലും കപ്പലോട്ടത്തിലും പ്രധാന കൈകാര്യകർ ത്താക്കളായിരുന്ന ചെട്ടികളുടെ വാസസ്ഥാനമായിരുന്ന നഗര ത്തിന്റെ ലക്ഷ്യങ്ങൾ പട്ടണത്തിന്റെ പൂർവ്വപ്രാന്തങ്ങളിലുള്ള 'ഉമ്പിഴിക്കുന്നു'കളിൽ അദ്യാപി കാണാവുന്നതാണ് (ഗോപാല പ ിള്ള, 1949: 131–132).

ഇടുക്കിയിൽനിന്നുള്ള മലഞ്ചരക്കുകൾ മുമ്പ് ചങ്ങനാശ്ശേരിയിലായിരുന്നു വിറ്റഴി ച്ചിരുന്നത്. പിന്നീട് കോട്ടയം പട്ടണം പുരോഗമിച്ചതോടെ ചങ്ങനാശ്ശേരി ചന്ത യുടെ പ്രതാപം കുറഞ്ഞു. എങ്കിലും ഈ ചന്ത ഇന്നും പ്രസിദ്ധമാണ്. ച ന്തയ്ക്കുള്ളിലെ അമ്മൻകോവിൽ മുമ്പ് തമിഴ്വാണിയരുടേതായിരുന്നു. ഇന്ന് അത് അന്യാധീനപ്പെട്ടു. ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനു സമീപമുള്ള

മോർക്കുളങ്ങര അമ്മൻ കോവിലിനു ചുറ്റുമായി തമിഴ് വാണിയരുടെ നൂറോളം കുടുംബങ്ങൾ ഇന്നുമു്.

(4) പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം, തടിയൂർ, റാന്നി, പത്തനംതിട്ട നഗരം, എരുമേലി എന്നിവിടങ്ങൾ പഴയ കച്ചവടകേന്ദ്രങ്ങളും തമിഴ് വാണിയ രുടെ ആവാസകേന്ദ്രങ്ങളുമായിരുന്നു.

(5) ആലപ്പുഴ മുൻകാലത്ത് ഒരു തുറമുഖപട്ടണമായിരുന്നു. ചങ്ങനാശ്ശേരി ചന്ത പോലും ഒരളവു വരെ ആലപ്പുഴ തുറമുഖം കേന്ദ്രീകരിച്ചാണ് നിലനിന്നിരുന്നത്. മുതുകുളം, കീരിക്കാട്, അമ്പലപ്പുഴ, മാവേലിക്കര, ചേർത്തല, കായംകുളം തുടങ്ങിയ ആലപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ ഇന്നും തമിഴ് വാണിയർ ധാരാളമു്.

> കായംകുളം ആധുനികകാലത്തും കേരളത്തിലെ പ്രസിദ്ധിയുള്ള വ്യാപാരകേന്ദ്രങ്ങളിൽ ഒന്നാണ്... 'തഴവ' എന്ന സ്ഥലത്തു നെയ്തുാക്കപ്പെട്ടു വന്ന മെത്തപ്പായകൾ കായംകുളം പ്രദേശത്ത് ധാരാളമായി വ്യവസായം ചെയ്യപ്പെട്ടുവന്നു... ചകിരി, കയറ് വ്യവസായങ്ങളും പുരാതനകാലം മുതൽ നിലനിന്നുവരുന്നു... പ്രാചീനകാലത്ത് കായംകുളത്ത് തദ്ദേശീയരായ വണിക് വർഗ്ഗക്കാർ ചെട്ടികളായിരുന്നു. കായംകുളം പട്ടണത്തിൽ നിന്ന് രുമൈൽ വടക്കുമാറി 'ചെട്ടിക്കുളങ്ങര' എന്ന് പ്രസിദ്ധിയേറിയ ഒരു ദേവീക്ഷേത്രം അദ്യാപി നിലനിന്നു പോരുന്നു (ഗോപാലപിള്ള, 1948: 359–360).

(6) രാജഭരണകാലത്ത്, കൊച്ചിരാജാക്കന്മാർ തമിഴകത്തുനിന്ന് ധാരാളം വാണിയരെ കൊച്ചിയിൽ കുടിയിരുത്തിയെന്ന് ആവേദകർ പറയുന്നു. പാി ക്കുടി, പാിത്തെരുവ്, പാി സ്ട്രീറ്റ് എന്നെല്ലാം അറിയപ്പെടുന്ന പ്രദേശത്ത് ഇരുന്നൂറോളം തമിഴ് വാണിയ കുടുംബങ്ങൾ ഇന്നുമു്.

> കൊടുങ്ങല്ലൂരിലുള്ള തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ ആണ്ടുതോറും അവിടുത്തെ ഉത്സവകാലത്ത് ചിദംബരത്തു നിന്നും കോയമ്പത്തൂരുനിന്നും ധാരാളം ചെട്ടികൾ ആ അമ്പലത്തിൽ വന്ന് നേർച്ചകാഴ്ചകൾ കൊടുത്തുവരുന്നു്. ഈ ചെട്ടികൾക്ക് കൊച്ചി ഗവൺമെന്റിൽനിന്നും ഏതാനും അവകാശങ്ങളും അനുഭവങ്ങളും അനുവദിച്ചു കൊടുത്തിട്ടു്. തിരുവഞ്ചിക്കുളം ക്ഷേത്രം ഈ ചെട്ടികളുടെ പ്രപിതാമഹന്മാരുടെ വകയായിരുന്നു എന്ന് ചിലർ അവകാശപ്പെടുന്നു് (ജോസഫ്, 1961: 166).

(7) തൃശൂർ ജില്ലയിലും തമിഴ് വാണിയർ ധാരാളമു്. ഇരിങ്ങാലക്കുടയിൽ നൂറിൽ കൂടുതൽ കുടുംബങ്ങൾ ഇന്നു്.

(8) പാലക്കാട്ടെ അയ്യപുരം തമിഴ് വാണിയരുടെ കേന്ദ്രമാണ്. ഇവിടെ മാരിയമ്മൻ കോവിലിനോട് ചേർന്ന് നൂറുകണക്കിന് തമിഴ് വാണിയർ താമസിക്കുന്നു്. ഒറ്റപ്പാലം താലൂക്കിലെ വാണിയംകുളം പഞ്ചായത്ത് വാണിയർ ധാരാളമായി താമസിക്കുന്ന സ്ഥലമാണ്. വാണിയംകുളം ചന്ത ഇന്നും വളരെ പ്രശസ്തമാണ്. ഈ ചന്തയിലെ കച്ചവടക്കാർ ഇന്നും വാണിയരാണ്.

(9) മലപ്പുറത്തെ എടപ്പാളിനും പൊന്നാനിക്കുമിടയിലെ കുറ്റിപ്പുറം കുകടവിൽ ഇന്നും തമിഴ്വാണിയരുടെ സാന്നിധ്യം പ്രകടമാണ്. പരപ്പനങ്ങാടിയും പുമുതലേ വാണിയരുടെ കേന്ദ്രമായിരുന്നു.

(10) ശക്തമായ മറ്റൊരു ആവാസകേന്ദ്രം കോഴിക്കോടാണ്. ഇന്നത്തെ പാളയം ബസ്സ്റ്റാന്റ്, പച്ചക്കറി മാർക്കറ്റ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന കോട്ടപ്പറമ്പ് ആശുപത്രി മുതൽ ചിന്താവളപ്പ് ജംഗ്ഷൻ വരെ ഉള്ള സ്ഥലം (വലിയകോയിക്കൽ പറമ്പ് എന്നാണ് ഈ സ്ഥലം മുമ്പ് അറിയപ്പെട്ടിരുന്നത്) പ്, സാമൂതിരി കോവിലകത്തെ അമ്മത്തമ്പുരാട്ടി വാണിയർക്ക് ചെമ്പ് പട്ടോലയിൽ പതിച്ചുനൽകിയിരുന്നതായിരുന്നത്രെ. (തദ്ദേശീയരായ ആവേദകർ പറഞ്ഞത്). പിന്നീട് മറ്റു പലരും ഇവിടേക്ക് നുഴഞ്ഞുകയറിയതാണത്രെ. പ

ിൽക്കാലത്ത് കുറേഭാഗം പച്ചക്കറിച്ചന്തയ്ക്കും ബസ്സ്റ്റാന്റിനും വേി സർ ക്കാർ ഏറ്റെടുത്തു. ഇന്നും അറുപതോളം വാണിയകുടുംബങ്ങൾ അവിടെയു്. മാരിയമ്മൻ കോവിൽ, മുനിയപ്പൻ തറ എന്നിവ താരതമ്യേന വളരെ ദൂരെയാണ് ഉള്ളത് എന്നത്, അതിവിസ്തൃതമായ ഒരു ആവാസകേന്ദ്രത്തിന്റെ സൂചനയാണ്. ''കലവാണിഭത്തെരുവ്, ചക്കരവാണിഭത്തെരുവ് എന്നിവ കോഴിക്കോട്ടെ വാണിജ്യകേന്ദ്രങ്ങളായിരുന്നു'' (ഗണേശ്, 1990: 89). മീഞ്ചന്ത, കണ്ണഞ്ചേരി, ചക്കുംകടവ് എന്നിവ ഇന്നും ആവാസകേന്ദ്രങ്ങളാണ്. എടുത്തുപറയേ മറ്റൊരു കേന്ദ്രമാണ് കോഴിക്കോട്ടെ കൊയിലാി.

> വാസ്കോഡഗാമ കപ്പലിറങ്ങിയ കാപ്പാട് നിന്ന് അഞ്ചുമൈൽ അകലെ സ്ഥിതിചെയ്യുന്ന പന്തലായനി കൊല്ലം കോഴിക്കോട്ടെ പ രൗണിക പട്ടണമെന്ന നിലയിൽ ലോകപ്രശസ്തമായിരുന്നു. സമുദ്രസഞ്ചാരിയായ പ്ലീനി അറേബ്യയിലെ സിയാഗ്രൂസ് മുനമ്പിൽ നിന്ന് കേപ്പ് ഫാർത്തക്കി(പന്തലായനി)ലേക്ക് ഹിപ്പ ലോസ് എന്ന കാറ്റിന്റെ ഗതിയിൽ കപ്പലോട്ടിയാൽ 1435 നാഴിക യാത്ര ഒരു മാസത്തോളം വേണമെന്നു പറയുമ്പോൾ പ ന്തലായ നിയുടെ പൗരാണികത്വം ഊഹിക്കാവുന്നതാണ്... പ ന്തലായനി കൊല്ലത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും സൗഹാർദ്ദത്തിൽ വർത്തിച്ച വരായിരുന്നു. തെക്കുപടിഞ്ഞാറ് മുസ്ലീംകളുടെ കച്ചവടകേന്ദ്ര ങ്ങളും വടക്കുകിഴക്ക് ഹിന്ദുക്കളുടെ കച്ചവടകേന്ദ്രങ്ങളുമാ യിരുന്നു... പതിനഞ്ചാം നൂറ്റാിനു ശേഷമാണ് കൊയിലാി ഒരു പട്ടണമായി വളരാൻ ആരംഭിച്ചത്. മലഞ്ചരക്കുകൊ് സമ്പുഷ്ടമായ ഈ ദ്വീപിലേക്ക് അന്നത്തെ പ ന്തലായനി പട്ടണത്തിൽനിന്ന് കുടിയേറ്റമുായി. അങ്ങനെ കോഴിക്കോട്ടെ പഴയ പട്ടണങ്ങളിൽ കൊയിലാിയും ചരിത്രപ്രാധാന്യം നേടി. എ.ഡി. 962 മുതൽ പത്താം നൂറ്റാിന്റെ അവസാനത്തിലും പതിനൊന്നാം നൂറ്റാിന്റെ ആദ്യത്തിലുമായി കേരളം ഭരി ച്ചിരുന്ന ഭാസ്കരപെരുമാളുടെ പേർ പറയുന്ന ലിഖിതം ഇവിടുത്തെ വലിയ ജമുഅത്ത് പള്ളിയിലുായിരുന്നു. ചരിത്ര കാരനായ എം.ജി.എസ്. നാരായണനും കോഴിക്കോട് സർവ്വക ലാശാലയിലെ ചരിത്രാധ്യാപകനായ രാഘവവാര്യരും

> ഈ തിട്ടൂരം വായിക്കുകയുായി. ഈ നഗരത്തെപ്പറ്റിയും അവിടെ യുായിരുന്ന വളഞ്ചിയർ, മണിഗ്രാമം തുടങ്ങിയ കച്ചവടസംഘ ങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളാണ് അതിൽ. ഈ പ ുരാതന പട്ടണത്തിലെ വ്യാപാരവികാസത്തിന്റെ കാലഘട്ടം നിർണ്ണയി ക്കാൻ ഈ തിട്ടൂരം ഉപകരിക്കുകയുായി (മുഹമ്മദ് കോയ, 1994: 84–87).

ഇന്നും കൊയിലാിയിലും കൊയിലാി കൊല്ലത്തും തമിഴ് വാണിയരും തമിഴരല്ലാത്ത വാണിയരും ധാരാളമു്.

## 3.7 ജനസംഖ്യ

1931–ലെ തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ വാണിയരുടെ ജനസംഖ്യ 25000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം ജാതിതിരിച്ചുള്ള സെൻസസ് നടന്നിട്ടില്ലായെന്നുള്ളത് വാണിയച്ചെട്ടികളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള അറിവ് ദുഷ്കരമാക്കുന്നു. സമുദായ സംഘടനയായ വണികവൈശ്യസംഘം സർക്കാരിന് സമർപ്പിക്കുന്ന നിവേദനങ്ങളിൽ, തങ്ങളുടെ സംഖ്യ പത്തുലക്ഷ മെന്നാണ് സ്ഥിരമായി എഴുതാറുള്ളത്. എന്നാൽ സംഘം പ്രവർത്തകർ തന്നെ പറയുന്നത് ഈ കണക്ക് ശരിയല്ലെന്നാണ്.

> എണ്ണയാട്ടൽ കുലത്തൊഴിലാക്കിയിരുന്ന സമൂഹം – ഏകദേശം 15 ലക്ഷം വരുന്ന വാണിയച്ചെട്ടികൾ കേരളത്തിലെ 14 ജില്ലക ളിലായി പല പേരുകളിൽ അറിയുന്നതിനാൽത്തന്നെ, പരസ്പരം അറിയാതെ, ഒന്നിച്ച് അണിനിരക്കാൻ സാധിക്കാതെ ചിന്നിച്ചിതറി കഴിയുകയാണ് (ചന്ദ്രൻ, 1994: 97).

എന്നിങ്ങനെയുള്ള ഒഴുക്കൻ മട്ടിലുള്ള പ്രസ്താവനകളാണ് കാണുന്നത്. ചുരു ക്കത്തിൽ, തമിഴ് വാണിയരുടെ അംഗസംഖ്യയെക്കുറിച്ച് ആർക്കും വ്യക്തമായ ധാരണയില്ല. മണ്ഡലവൃത്തിയിൽനിന്ന് ജനസംഖ്യ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ കിട്ടിയിട്ടില്ലെങ്കിലും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കേരള

ത്തിൽ ആകെ വാണിയർ ഏകദേശം 5 ലക്ഷത്തിൽ താഴെ മാത്രമേ ഉള്ളു എന്നാണ്. അതിൽത്തന്നെ തമിഴ് പാരമ്പര്യമുള്ളവർ മൂന്നുലക്ഷത്തിനടുത്ത് വരും.

## 3.8 തൊഴിൽ

കച്ചവടമാണ് വാണിയന്റെ തൊഴിൽ. എണ്ണയുടെയും എണ്ണക്കുരുക്ക ളുടെയും വ്യാപാരമാണ് അതിൽ പ്രധാനം. ചക്കിൽ എണ്ണയാട്ടിയെടുക്കുന്ന വ്യവസായം വ്യാപാരത്തിന്റെ അനിഷേധ്യ ഭാഗമായിരുന്നു. എണ്ണക്കുരുക്കളുടെ ശേഖരണം, വിപണനം, എണ്ണയാട്ടൽ, എണ്ണ, പിണ്ണാക്ക് എന്നിവയുടെ ശേഖര ണവും വിപണനവും എന്നിവയാണ് എണ്ണയാട്ടു വ്യവസായത്തിന്റെ പ്രധാന ഭാഗങ്ങൾ. ചിലർ ഈ മേഖലകളിലെല്ലാം ഒരുപോലെ വ്യാപൃതരായിരുന്നെങ്കിൽ മറ്റു ചിലർ ഏതെങ്കിലും ഒന്നിലോ, ഏതാനും ചിലതിലോ ഒതുങ്ങിനിന്നു. കപ്പലുകളിൽ, വിദേശരാജ്യങ്ങളുമായിപ്പോലും കച്ചവടം ചെയ്തിരുന്നവരും നാടുനീളെ നടന്ന് ചില്ലറക്കച്ചവടം ചെയ്ത് അന്നന്നത്തെ ചിലവിനുള്ള വക സമ്പാദിച്ചിരുന്നവരും ഉായിരുന്നു.

കന്നുകാലി വളർത്തൽ, കന്നുകാലിക്കച്ചവടം, പാലിന്റെയും പാലുല്പന്ന ങ്ങളുടെയും കച്ചവടം, കന്നുകാലിത്തീറ്റയ്ക്കും വളത്തിനുമായുള്ള പിണ്ണാക്ക് കച്ചവടം എന്നിവ അനുബന്ധ തൊഴിൽമേഖലകളായിരുന്നു. കൃഷിചെയ്തിരു ന്നവരും പണം പലിശയ്ക്കു കൊടുത്തിരുന്നവരും ധാരാളമുായിരുന്നു.

## 3.9 സാമൂഹികസ്ഥിതി

ഒറ്റച്ചക്ക്, ഇരട്ടച്ചക്ക്, ആൾച്ചക്ക് എന്നിങ്ങനെ മൂന്നുവിധം ചക്കു ായിരുന്നു. മനുഷ്യർ തന്നെ, അരയ്ക്കു മുന്നിൽ നുകം വച്ച് ഉന്തിയിരുന്ന ചക്കാണ്

ആൾച്ചക്ക്. ഒരു കാള വലിക്കുന്ന ചക്ക് ഒറ്റച്ചക്കും രു കാളകൾ വലിക്കുന്നത് ഇരട്ടച്ചക്കുമാണ്. ചക്കിന്റെ ഈ വ്യത്യാസമനുസരിച്ച് സമുദായത്തി നകത്തും ശ്രേണി കല്പിച്ചിരുന്നു.

> വട്ടേക്കാട്ടുനായർ, ചക്കിങ്കൽ നായർ, വാണിയർ എന്നിവർ ചില ഭാഗങ്ങളിൽ ചക്കുന്തുന്നത് കൈകൊാണോ കാളയെക്കൊ ാണോ എന്നതിനും, കറുത്തവരോ വെളുത്തവരോ എന്ന തിന്റെ അടിസ്ഥാനത്തിലും ഉപവിഭാഗങ്ങളായി വിഭജിക്ക പ്പെടുന്നു (Innes C.A. & Evans F.B., 1908: 121).

ഇതിനു പുറമെ, കപ്പലുകളും മറ്റുമുപയോഗിച്ച് വിദേശരാജ്യങ്ങളുമായും മറ്റും കച്ചവടം നടത്തിപ്പോന്ന വൻകിടക്കാർ സമൂഹത്തിൽ ഉന്നതസ്ഥാനം വഹിച്ചിരു ന്നെന്നും ചെറുകിടക്കാർക്ക് അത് സാധിച്ചിരുന്നില്ലെന്നും അനുമാനിക്കാം.

ഉത്തരേന്ത്യയിൽ നിന്നാണ് പൂർവ്വികർ ചോളദേശത്തേക്കും പിന്നീട് പ ാണ്ഡ്യ-ചേര ദേശങ്ങളിലേക്കും സംക്രമിച്ചതെന്നും വിശ്വസിക്കുന്നു. ഉച്ചിമാളി യമ്മ എന്ന കുലദേവത ഉജ്ജയിനി മഹാകാളിയാണെന്നും വിശ്വാസമു്.

മുൻകാലങ്ങളിൽ തമിഴ് വാണിയർ ഉന്നതമായ സാമൂഹിക നിലവാരം പ ുലർത്തിയിരുന്നതായി അനുമാനിക്കേിയിരിക്കുന്നു. പലരും പൂണൂൽ ധരിച്ചി രുന്നു. ഇന്നും പൂണൂർ ധാരികളായ വാണിയരെ അപൂർവ്വമായി കാണാം. കോഴിക്കോട്ടുകാരനായ, അറുപതോളം പ്രായമുള്ള ഒരു പൂണൂൽധാരിയെ മണ്ഡലവൃത്തിക്കിടെ കാണാനിടയായി. എന്നാൽ അതേ വീട്ടിലുള്ള മറ്റാരും തന്നെ അങ്ങിനെ ചെയ്തിട്ടില്ല. മിക്കവാറും ആവേദകർ പറഞ്ഞത് അവർക്ക് പ ൂണൂൽ ധരിക്കാൻ അർഹതയു് എന്നും പൂണൂൽ ധരിച്ചാൽ പാലിക്കേ നിയമങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേിയാണ് ധരിക്കാത്തത് എന്നുമാണ്. മിക്കവരുടെയും മുൻതലമുറയിൽ പെട്ട പലരും പൂണൂൽ ധരിച്ചിരു ന്നതായും ഗായത്രീമന്ത്രം ജപിച്ചിരുന്നതായും പലരും പറഞ്ഞു. മലബാർ

വാണിയൻ, ചക്കാൻ എന്നിവർ ഒഴികെ എല്ലാ വാണിയരും പൂണൂൽ ധരിക്കു ന്നതായും സമൂഹത്തിൽ ഉന്നതസ്ഥാനം വഹിക്കുന്നതായും കോവിലുകളിൽ ബ്രാഹ്മണരെ പൂജയ്ക്കു വച്ചിരുന്നതായും ശവം ദഹിപ്പിച്ചിരുന്നതായും അന്യജാ തികളിൽ ബ്രാഹ്മണരുടെ കൂടെ മാത്രം ആഹരിച്ചിരുന്നതായും നിരീക്ഷിക്ക പ്പെട്ടിട്ടു് (Thurston, 1987: 312). "വാണിയർ പൂണൂൽ ധരിക്കുന്നവരും കൊങ്കിണി ബ്രാഹ്മണരോട് സദൃശരുമാണ്" എന്ന് ശ്രീധരമേനോൻ (1962: 209) നിരീക്ഷിക്കുന്നു്.

> അബ്രാഹ്മണ തമിഴർ കണക്കുശാസ്ത്രത്തിൽ വൈദഗ്ധ്യം ഉള്ള വരാകയാൽ പുരാതനകാലങ്ങളിൽ കേരളത്തിലെ രാജാക്കന്മാർ പരദേശങ്ങളിൽനിന്ന്, ഇവരിൽ പലരെയും വരുത്തി അവരുടെ നാടുകളിൽ താമസിപ്പിച്ച് കണക്കു സംബന്ധമായ ജോലികൾ ചെയ്യുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളതായി അനുമാനിക്കേി യിരിക്കുന്നു. തിരുവിതാംകൂർ ഗവൺമെന്റിൽ കണക്കു സംബ ന്ധമായുള്ള വലിയ ഉദ്യോഗങ്ങൾ അടുത്തകാലം വരെ അതാവിതു കണക്കു ഡിപ്പാർട്ട്മെന്റ് ആധുനിക രീതിയിൽ വി.പി. മാധവറാവു ദിവാൻജി പരിഷ്കരിച്ച കാലം വരെ അബ്രാ ഹ്മണതമിഴർ മാത്രം വഹിച്ചുവരികയായിരുന്നു. കണക്കു വയ്ക്കുന്ന ജോലിയിൽ നിയമിക്കപ്പെടുന്നവർക്ക് 'പിള്ള' എന്ന ഉദ്യോഗപ്പേരു സിദ്ധിക്കുവാൻ കാരണംതന്നെയിതാണ് (ഗോപാല പിള്ള, 1949: 96).

ഇക്കൂട്ടർ ക്രമേണ ജാതിപ്പേരായി പിള്ള എന്നു ചേർക്കാനും ആ ജാതിനാമത്തിൽ അറിയപ്പെടാനും ഇടയായി. തിരുവനന്തപുരം ജില്ലയിൽ പിള്ള എന്ന് അറിയ പ്പെടുന്ന വാണിയർ ഇപ്പോഴുമു്.

എഴുപതോടടുത്തു പ്രായമുള്ള, തിരുവിതാംകൂർകാരിയായ ഒരു ആവേ ദക അറിയിച്ചത്, അവരുടെ ചെറുപ്പത്തിൽ വീട്ടിലെ പശുവിനും മറ്റും

കൊടുക്കാനുള്ള പുല്ല് പറിച്ചുകൊടുക്കൊടുത്തിരുന്ന ഒരു താഴ്ന്ന ജാതിക്കാരൻ, അവരെ 'തമ്പുരാട്ടിക്കൊച്ചേ' എന്നാണ് വിളിച്ചിരുന്നത് എന്നാണ്. അവരുടെ അച്ഛൻ, പൊതുവഴിയിൽക്കൂടി നടന്നുപോകുമ്പോൾ, താഴ്ന്നജാതിക്കാർ വഴിമാറാനായി ഒച്ചയാട്ടിയിരുന്നുവത്രെ. ഒരു ബ്രാഹ്മണകുടുംബത്തിൽനിന്ന്, വിവാഹ സദ്യക്കു ശേഷം പകർച്ച കൊടുത്തയച്ചത്, 'തങ്ങൾ തൊട്ടു തിന്നാറില്ല' എന്നുപറഞ്ഞ് മടക്കിയയച്ചതും അവർക്കോർമ്മയുണ്ട്.

രാജഭരണകാലത്ത്, രാജാക്കന്മാരുടെ പ്രത്യേക ക്ഷണമനുസരിച്ചാണ് പല തമിഴ് വാണിയരും കേരളത്തിലെത്തിയത്. പലവിധ സ്ഥാനമാനങ്ങൾ നൽകി അവർ ആദരിക്കപ്പെട്ടിരുന്നുവെന്ന് വേണം അനുമാനിക്കാൻ.

പലയിടത്തും ഉയർന്ന ജാതിക്കാർ എണ്ണ, പിണ്ണാക്ക്, പാൽ എന്നിവ വാങ്ങിയിരുന്നത് വാണിയരുടെ പക്കൽനിന്നായിരുന്നു. എണ്ണയാട്ടിയിരുന്ന മറ്റു സമുദായക്കാർ തീയ്യർ മുതലായ താഴന്ന ജാതിക്കാരായിരുന്നതിനാലാണ് ഇത്. കോഴിക്കോട് കൊയിലാിയിൽ പട്ടന്മാരുടെ ശ്മശാനത്തിൽ വാണിയർക്ക് ഇടം അനുവദിച്ചിരുന്നു.

ഈ വസ്തുതകളിൽനിന്ന് വ്യക്തമാകുന്നത്, തമിഴ് വാണിയർ മുൻകാലങ്ങളിൽ കേരളസമൂഹത്തിൽ ഉന്നതമായ സ്ഥാനമാനങ്ങൾ അനുഭവിച്ചിരുന്നു എന്നാണ്.

രാജാക്കന്മാരുടെ ഭാഗത്തുനിന്ന് ലഭിച്ചിരുന്ന പ്രോത്സാഹനം ദീർഘകാലം തുടർന്നില്ല. ഇതേത്തുടർന്ന് വിദേശ വ്യാപാരികളോട് മത്സരിക്കാനാവാത്ത സ്ഥിതിയിലേക്ക് ചെട്ടികൾ എത്തിച്ചേർന്നു. 'തിരുകടലോടിയും ദ്രവ്യം തേടിയിരുന്ന' വണിക് ശ്രേഷ്ഠന്മാരായിരുന്ന വാണിയച്ചെട്ടികൾ ക്രമേണ പിടിച്ചുനിൽക്കാനാവാതെ വിപുലമായ വാണിജ്യസാമ്രാജ്യങ്ങളിൽനിന്ന് ഒന്നൊന്നായി പിൻവാങ്ങാൻ നിർബന്ധിതരായി. കാരണങ്ങൾ പലതാവാം.

സ്വദേശീയരും അന്യമതക്കാരുമായ കച്ചവടക്കാരും വിദേശ വ്യാപാരികളും വാണിയരുടെ ആധിപത്യത്തിന് ഭീഷണിയായി. ഉത്തര–മധ്യ തിരുവിതാംകൂറിൽ ക്രിസ്ത്യാനികളും മലബാറിൽ മുസ്ലീംകളുമായിരുന്നു വാണിയർക്ക് വെല്ലുവിളി.

നാവികപാരമ്പര്യത്തിൽ ഇതര ഭാരതീയ സമൂഹങ്ങളെക്കാൾ മേന്മ പുലർത്തിയിരുന്നെങ്കിലും വിദേശീയരോട് നാവിക ശക്തിയുടെ കാര്യത്തിൽ മത്സരിക്കാനുള്ള ശേഷി ഭാരതീയ വാണിയർക്കുായിരുന്നില്ല.

> പ്രാദേശിക വ്യാപാരികളുപയോഗിച്ചിരുന്ന കപ്പലുകളേക്കാൾ ദീർഘദൂര യാത്രകൾക്ക് കൂടുതൽ ഉപയോഗപ്രദമായിരുന്നു പോർച്ചുഗീസുകാരുടെ കാരവൽ (caravel) എന്നതരം കപ്പലുകൾ. നാട്ടുകാരായ വ്യാപാരികളുടെ കപ്പലുകൾ വ്യാപാര ഉപയോഗത്തിനു മാത്രം ഉള്ളവയായിരുന്നുവെങ്കിൽ, പോർച്ചുഗീസ് കപ്പലുകൾക്ക് യുദ്ധത്തിനുള്ള സജ്ജീകരണം കൂടെയുായിരുന്നു. തോക്കുകൾ ഘടിപ്പിച്ച പോർച്ചുഗീസ് കാരവലുകൾ ഇന്ത്യൻ നാവികർക്ക് ഒരു പുതുമയായിരുന്നു. ശത്രുവിന്റെ കപ്പലുകളുടെ മേൽ തുടർച്ചയായി നിറയൊഴിച്ച് അവയെ മുക്കുന്ന സമ്പ്രദായം ലോകത്തിൽ ഏറ്റവുമാദ്യം കൊുവന്നത് ഇന്ത്യാ സമുദ്രത്തിൽ പോർട്ടുഗീസുകാരാണ് (ഗണേശ്, 2002: 109).

പാശ്ചാത്യർക്ക് കച്ചവടവും യുദ്ധവും ഒരു നാണയത്തിന്റെ ഇരുവശങ്ങളായിരുന്നു. കച്ചവടവിജയത്തിന് രാഷ്ട്രീയസ്വാധീനം അനിവാര്യമാണെന്ന് അവർ കാണുകയും വിപുലമായ യുദ്ധസന്നാഹത്തോടെ കച്ചവടം നടത്തുകയും ചെയ്തു. ഇത്തരമൊരു കാഴ്ചപ്പാട് ഭാരതീയ വണിക്കുകൾക്കുായിരുന്നില്ല. ചാതുർവർണ്യ വ്യവസ്ഥ പ്രകാരം യുദ്ധം ക്ഷത്രിയധർമ്മമായിരുന്നു.

> പതിമൂന്നാം നൂറ്റാുവരെ ഇവരുടെ കപ്പൽക്കച്ചവടം അഭിവൃദ്ധിയിലായിരുന്നു. ക്രമേണ വിദേശീയരുടെ ആക്രമണവും കടൽക്കൊള്ളക്കാരായ പറങ്കികളുടെയും മറ്റും നിരന്തരശല്യവും

കാരണം കേരളീയരുടെ കപ്പൽക്കച്ചവടം അധഃപതിച്ചു (സ്കറിയ, 2000/1993: 46).

തത്ഫലമായി ഭാരതീയ വണിക് ശ്രേഷ്ഠന്മാർ ശ്രേഷ്ഠന്മാരല്ലാതാവുകയും മ്ലേച്ഛന്മാരായിത്തീരുകയും ചെയ്തു. വിദേശ വാണിജ്യരംഗത്തുനിന്നും നിഷ്കാസിതരായ അവർ പ്രാദേശികമായ വ്യാപാരരംഗത്തേക്ക് പിൻവലിഞ്ഞു. അവിടെയും വിദേശികളുടെയും ഭരണാധികാരികളുടെയും ഒത്താശയോടെ വ്യാപാരം ചെയ്തിരുന്ന അന്യമതക്കാരുടെ സാന്നിധ്യം അവർക്ക് ഒരു ഭീഷണിയായി മാറി. ഈ അവസരത്തിലായിരിക്കണം 'ചക്കും ചക്കാലയും' അവരുടെ രക്ഷക്കെത്തിയത്. മറ്റ് വ്യാപാരത്തോടൊപ്പം തന്നെ സംഘകാലം മുതലേ ചക്കിൽ എണ്ണയാട്ടുന്ന പ ാരമ്പര്യം ഇവിടെയുായിരുന്നു. തൊഴിൽ നൈപുണ്യമാവശ്യമുള്ള ഒരു പ്രവൃത്തിയാണത്. നാടൻ ചക്കിൽ എണ്ണയാട്ടുന്നത് ഏവർക്കും ചെയ്യാവുന്ന ഒരു തൊഴിലായിരുന്നില്ല. ആയിരത്താുകളുടെ പാരമ്പര്യസിദ്ധി അധികമാർക്കും പ കർന്നുകൊടുക്കാതെ ജാതിസ്വത്തായിക്ക വാണിയർ വീും ഏറെക്കാലം പ ിടിച്ചുനിന്നു. ഈ ചരിത്രസന്ധിയിലായി രിക്കണം വണിക് പ്രമുഖർ എന്ന മേൽവിലാസത്തിൽനിന്ന് എണ്ണയാട്ടുന്നവർ എന്ന മേൽവിലാസത്തിലേക്ക് ഇവർ മാറിയത്.

> 18-ാം നൂറ്റാിന്റെ അവസാനം ആലപ്പുഴ തുറമുഖമാക്കി വളർ ത്തിക്കൊുവന്നതുതന്നെ നാണ്യവിളകളുടെയും അവയിൽ നിന്നുള്ള ഉല്പന്നങ്ങളുടെയും വാണിജ്യത്തിനു വേിയായി രുന്നു. 19-ാം നൂറ്റാിൽ നാണ്യവിളകളിൽ നിന്നുള്ള ഉല്പന്ന ങ്ങളുടെ വാണിജ്യം കുരുമുളകു പോലുള്ള സുഗന്ധ ദ്രവ്യങ്ങളുടെ വാണിജ്യത്തെ പിൻതള്ളിയതായി കാണാം (ഗണേശ്, 1990: 101).

''1860-കളിൽ കയറ്റുമതി വരുമാനത്തിന്റെ 57% തേങ്ങ, കൊപ്ര, കയർ മുതലായവയിൽനിന്നായിരുന്നു'' (ibid: 108).

> 1903–1904 വ്യാപാരവർഷത്തിൽ കൊച്ചിയിൽനിന്ന് കപ്പൽ കയറിയ വെളിച്ചെണ്ണയുടെ വില 87 ലക്ഷം ആയിരുന്നു; അതിൽ ഭൂരിഭാഗവും കൊച്ചി-തിരുവിതാംകൂർ ഭാഗങ്ങളിൽ ഉല്പാദിച്ചതുമായിരുന്നു; എണ്ണവ്യവസായം മലബാറിലെ വ്യവസായങ്ങളിൽ പ്രഥമസ്ഥാനം കൈയാളിയിരിക്കുന്നു (Innes C.A. & Evans F.B., 1908: 249).

1910-ൽ തിരുവിതാംകൂറിൽനിന്നുള്ള കയറ്റുമതി വരുമാനത്തിന്റെ 50 ശതമാനത്തിലധികം തെങ്ങിൽനിന്നായിരുന്നു (ibid: 108).

പക്ഷേ, ഈ മേഖലയിലും എക്കാലവും പിടിച്ചുനിൽക്കാൻ വാണിയ ച്ചെട്ടികൾക്കായില്ല. കൈത്തറി, മൺപാത്ര നിർമ്മാണം, എണ്ണയാട്ട്, ഓട്ടുപാത്ര നിർമ്മാണം എന്നിങ്ങനെ മിക്ക മുൻകാല വ്യവസായവും സംഘടിപ്പിച്ചിരുന്നത് ഗാർഹികമായോ കുടിൽവ്യവസായമായോ ആയിരുന്നു. മാത്രവുമല്ല, ജാതിയുടെയോ പാരമ്പര്യ കൈത്തൊഴിൽക്കാരുടെയോ കൈകളിലുമായിരുന്നു. ഉല്പാദനം ലക്ഷമിട്ടിരുന്നത് പ്രധാനമായും ഗ്രാമീണ ആവശ്യത്തെയായിരുന്നു. ഗ്രാമത്തിന് പുറത്തേക്ക് വളരെ കുറച്ചു മാത്രമേ കയറ്റുമതി ചെയ്തിരുന്നുള്ളു എന്നാൽ, ''വാണിജ്യ വ്യവസായ രംഗത്ത് ദൂരവ്യാപകമായ പരിവർത്തനങ്ങൾ സൃഷ്ടിച്ച വ്യാവസായിക വിപ്ലവം, വൻതോതിലുള്ള വ്യാവസായികോല്പാദനം ക്ഷിപ്രസാധ്യമാക്കി. ഉല്പാദന മാർഗ്ഗങ്ങൾ നവീകരിക്കപ്പെട്ടു, പുതിയതരം യന്ത്രങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടു'' (ഭാസ്കരപ്പണിക്കർ, വി.ടി., വാള്യം 9, 1972: 947).

വൈദ്യുതിയുടെ കുപിടുത്തം, വിളക്കു കത്തിക്കുന്നതിനുായിരുന്ന എണ്ണയുടെ അവശ്യകത വളരെ കുറച്ചു. മാത്രമല്ല, മരച്ചക്കിനു പകരം ആവിയിലും വൈദ്യുതിയിലും പ്രവർത്തിക്കുന്ന ചക്കുകൾ പ്രചാരത്തിൽ വരികയും ചെയ്തു. അവയ്ക്കു മുന്നിൽ വാണിയന്റെ കൈപ്പുണ്യവും പാരമ്പര്യ സിദ്ധിയുമെല്ലാം നിഷ്പ്രഭമായിപ്പോയി. ദിവസം മുഴുവൻ അധ്വാനിച്ചാൽ അവന് രോ മൂന്നോ മൗിൽ [Maunt – ഇന്ത്യയിലെ ഒരു തൂക്ക അളവ്; ഇതിന്റെ അളവ് 25 മുതൽ 85 പൗ് വരെ വിവിധ സ്ഥലങ്ങളിൽ വ്യത്യാസ പ്പെട്ടിരിക്കുന്നു. (Chamber's English Dictionary)] കൂടുതൽ എണ്ണ വേർതിരി ച്ചെടുക്കുവാൻ കഴിയുമായിരുന്നില്ല; ആ സ്ഥാനത്ത് നീരാവികൊ് പ്രവർത്തി ക്കുന്ന ഒരു ഒറ്റച്ചക്ക് 15 മൗ് എണ്ണ വേർതിരിച്ചെടുക്കുന്നു (Innes C.A. & Evans F.B., 1908: 250).)

> ചെറിയ തോതിൽ അവിടവിടെ ചിതറിക്കിടന്നിരുന്ന വ്യവസായങ്ങൾക്കു പകരം വൻകിട ഫാക്ടറികളിൽ വൻതോതിലുള്ള ഉല്പാദനം ആരംഭിച്ചു... വൻതോതിലുള്ള ഉല്പാദനം സ്വാഭാവികമായും വൻതോതിലുള്ള വിതരണവും വാണിജ്യവും ആവശ്യമാക്കി (വിശ്വവിജ്ഞാനകോശം, വാല്യം 9, 1972: 947).

പഴയ രീതിയിലുള്ള മിക്ക വ്യവസായങ്ങൾക്കും ശക്തി ക്ഷയിക്കുകയും പ്രാധാന്യം നഷ്ടപ്പെടുകയും ചെയ്തു.

വിദേശ വണിക്കുകളാൽ മുമ്പേ തന്നെ വാണിജ്യക്കുത്തക നഷ്ടമായ വാണിയർക്ക് വൻകിട ഫാക്ടറികൾ സ്ഥാപിക്കാനോ വൻ വിതരണ ശൃംഖലകളിൽ കണ്ണിചേരാനോ വേ സാമ്പത്തികശേഷിയോ ശാസ്ത്രീയബോധമോ ഉായിരുന്നില്ല. അപൂർവ്വം ചിലർ മാത്രം ചെറുകിട വൈദ്യുത മില്ലുകൾ സ്ഥാപിച്ച് നാമമാത്രമായി കുലത്തൊഴിൽ തുടർന്നു. ''സമ്പദ്വ്യവസ്ഥയിൽ പങ്കുവഹിച്ചുകൊ് പഴയ വ്യവസായങ്ങൾ ഇന്നും നിലനിൽക്കുന്നു. അവയെ പ

ുനരുദ്ധരിക്കാനുള്ള ശ്രമമാരംഭിച്ചിട്ടു'' (ibid) എന്ന് ശ്രീധരമേനോൻ പറയു ന്നുെങ്കിലും 2007–ൽ എത്തിനിൽക്കുമ്പോൾ നവോത്ഥാനശ്രമങ്ങൾ മിക്ക വാറും നിഷ്ഫലമായതായാണ് കാണുന്നത്. ''വർദ്ധിച്ച ആവശ്യം വൈദ്യുത മില്ലുകൾ ധാരാളമായി സ്ഥാപിക്കാൻ കാരണമായി... 1962–ൽ തൃശൂരിൽ മാത്രം 50 മില്ലുകളിലായി 850 തൊഴിലാളികൾ പണിയെടുത്തിരുന്നു'' (ibid: 319). പക്ഷേ, എണ്ണയാട്ടു വ്യവസായം വളർച്ചയുടെ പടവുകൾ കയറിയപ്പോൾ പുത്തൻ മാറ്റങ്ങളുടെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാനാകാതെ പ്രസ്തുത മേഖലയിൽനിന്ന് വലിയൊരളവുവരെ പുറത്താകുകയാണുായത്.

ആധുനികകാലത്ത് കേരളത്തിൽ ജന്മംകൊ 'നായർ' എന്ന ജാതിക്കാർ ദ്രുതഗതിയിൽ നേടിയെടുത്ത സാമൂഹിക ഔന്നത്യവും തമിഴ് വാണിയരുടെ അധഃപതനത്തിന് ഒരളവുവരെ കാരണമായി.

> സംഘകാലത്ത് (എ.ഡി. 600 വരെ) ക്ഷത്രിയരോ ശൂദ്രരോ കേരളത്തിലുായിരുന്നില്ല എന്നത് തീർച്ചയാണ്. എട്ടാംശതക ത്തോടുകൂടി ക്ഷത്രിയർ ഉത്ഭവിച്ചെങ്കിലും പത്താം ശതകം വരെ നായന്മാർ കേരളത്തിൽ ഉായിക്കഴിഞ്ഞു എന്ന് സൂചിപ്പിക്കുന്ന യാതൊരു രേഖയും കുകിട്ടിയിട്ടില്ല (ചെ ന്താരശ്ശേരി, 1983/1970: 28).

''9–ാം നൂറ്റാിന്റെ ഉത്തരാർദ്ധത്തിൽ വിജയരാഘവദേവന്റെ തിരുക്കുടിത്താനം ലിഖിതത്തിലാണ് നായർ എന്ന പദം ആദ്യമായി ഒരു ലിഖിതത്തിൽ പരാമർശിച്ചു കാണുന്നത്'' (ഗോപാലകൃഷ്ണൻ, 1987: 288). പക്ഷേ, സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ നായന്മാരുടെ വളർച്ച വളരെ പെട്ടെന്നായിരുന്നു. നമ്പൂതിരിമാരുമായി 'പാതിവ്രത്യംവിനാ' സംബന്ധത്തിലേർപ്പെട്ടിരുന്നതിനെത്തുടർന്ന് നായന്മാർ സാമ്പത്തികമായും സാമൂഹികമായും ഉയർന്ന സ്ഥാനമാനങ്ങൾ നേടി – നായർ സ്ത്രീകൾക്ക് പാതിവ്രത്യം പാടില്ലെന്നും നമ്പൂതിരിമാരുമായി ഇഷ്ടംപോലെ

സംബന്ധമാകാമെന്നും പരശുരാമൻ വിധിച്ചതായി 'കേരളോല്പത്തി' മുതലായ ഗ്രന്ഥങ്ങളും മറ്റും വഴി നമ്പൂതിരിമാർ പ്രചരിപ്പിച്ചിരുന്നു. നായന്മാരിൽ ത്തന്നെയുള്ള 'രാവാരി നായർ' എന്ന വിഭാഗം പാതിവ്രത്യത്തിന് പ്രാധാന്യം കൊടുക്കുകയാൽ മറ്റു നായന്മാരാൽ 'പതിത്വം' കല്പിച്ചിരുന്നതായി ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തുന്നു (1970/1959: 171). രാവാരി നായന്മാരിൽ പലരും കൊല്ലത്തു നിന്നു പോയതായി ഐതിഹ്യമുള്ളതായി അദ്ദേഹം സൂചിപ്പിക്കു ന്നു് (ibid). ഈ വസ്തുതയും കൊയിലാ‍ി കൊല്ലത്തെ പിഷാരികാവുമായി ബന്ധപ്പെട്ട ഐതിഹ്യവും മറ്റും ചേർത്തുവെച്ച് നോക്കുമ്പോൾ ഇത്തരം നായന്മാരിൽ പലരും ചെട്ടിവിഭാഗങ്ങളിൽ പെട്ടവരായിരുന്നെന്ന് വ്യക്തമാകും. ''മക്കത്തായികളായിരുന്ന രാവാരിനായന്മാർ മരുമക്കത്തായം സ്വീകരിച്ചത് 16-ാം നൂറ്റാിന് ശേഷമാണ്'' (കുഞ്ഞൻപിള്ള, 1970/1959: 171). രാവാരിനായർ സ്ത്രീകൾ 16-ാം ശതകത്തിലും താലി ഭർത്താവിന്റെ ചിതയിൽ അർപ്പിച്ചിരുന്ന തായി ബാർബോസ രേഖപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ, അവർ ഒരുകാലത്ത് സതി അനുഷ്ഠിച്ചിരുന്നതായി ഇളംകുളം ഊഹിക്കുന്നു് (ibid).

കേരളത്തിലെ വാണിയചെട്ടികൾ, പാതിവ്രത്യശക്തിയാൽ ഒരു നഗരം മുഴുവൻ ചുട്ടെരിച്ച കണ്ണകിയെ തങ്ങളുടെ കുലത്തിന് തിലകക്കുറി എന്ന് വിശ്വസിക്കുകയും ദേവിയായി ആരാധിക്കുകയും ചെയ്യുന്നവരാണ്. ഉലകം ചുറ്റി വാണിയം ചെയ്തിരുന്ന വാണിയന്മാർ ഏകപത്നീവ്രതക്കാരായിരുന്നില്ലെങ്കിലും അവരുടെ കുടുംബിനികളായ പത്നിമാർ പൊതുവേ പാതിവ്രത്യത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നുവെന്ന് ചിലപ്പതികാരം, മണിമേഖല മുതലായ മഹാകാവ്യങ്ങൾ വ്യക്തമാക്കുന്നു്.

വാണിയച്ചെട്ടികൾ പൊതുവേ, നായന്മാരെ ശൂദ്രന്മാരും മ്ലേച്ഛന്മാരുമായും സ്വയം ആര്യന്മാരും പൂണൂലിനും വേദാധ്യയനത്തിനും അധികാരമുള്ള വൈശ്യ

ന്മാരുമായാണ് ഇന്നും കരുതുന്നത്. അതിനാൽ 'മ്ലേച്ഛന്മാരായ' നായന്മാരായി ത്തീരാൻ അവർ തുനിഞ്ഞില്ല. ശൂദ്രരായിരുന്നെങ്കിലും നമ്പൂതിരി ബാന്ധവം വഴി നായന്മാർ സമൂഹത്തിൽ ഉന്നതസ്ഥാനത്ത് അവരോധിക്കപ്പെട്ടു. ''നമ്പൂതിരിമാർ കഴിഞ്ഞാൽ സമൂഹത്തിൽ പ്രമാണിമാർ നായന്മാരായിരുന്നു'' (പദ്മനാഭ മേനോൻ, 1989: 641). തൊഴിൽപരമായും സാമൂഹികമായും ശക്തി നഷ്ടമായ വാണിയച്ചെട്ടികൾ ഒരു ദുർബ്ബല ന്യൂനപക്,മായി മാറുകയും ചെയ്തു.

ആചാരങ്ങളിൽനിന്നുള്ള വ്യതിചലനവും അധഃപതനഹേതുവായി. നിവേ ദ്യച്ചോറു വാങ്ങാൻ ഒരു വാണിയൻ, മീൻചട്ടിയുമായി കോഴിക്കോട് തളി ക്ഷേ ത്രത്തിൽ പ്രവേശിച്ചതിന്റെ പേരിൽ, സമുദായത്തിനാകെ ക്ഷേത്രത്തിൽ കല്പിച്ച വിലക്ക് അടുത്തകാലത്താണ് നീങ്ങിയത്.

കാലക്രമത്തിൽ ഒന്നിനും കൊള്ളാത്തവൻ എന്ന അർത്ഥത്തിൽ 'കഴുതവാണിയൻ' എന്നും കണ്ണേറു തട്ടാതിരിക്കാൻ വെക്കുന്ന കോലത്തിന് 'വാണിയന്റെ കോലം' എന്നും മറ്റുമുള്ള പ്രയോഗങ്ങൾ സാധുവാകുംവിധം വാണിയന്റെ സാമൂഹികസ്ഥിതി താണു. ഇത്തരം പ്രയോഗങ്ങൾ കേട്ട് ചെറുപ്പകാലത്ത് മനംനൊന്ത അനുഭവം, തെക്കൻ തിരുവിതാംകൂറുകാരനായ ഒരു ആവേദകൻ പറഞ്ഞു.

## 3.10. സാമ്പത്തികസ്ഥിതി

പ്രതാപകാലത്ത് രാജാക്കന്മാരേക്കാൾ സമ്പന്നരായിരുന്നു പല വാണിയരും. നഗരങ്ങൾ പോലും പണിയാൻ പോന്ന സാമ്പത്തികനിലയുള്ള വരുായിരുന്നു. 'അമ്പരേശച്ചെട്ടി' എന്നൊരാളാണ് കോഴിക്കോട് നഗരം പ ണിതതെന്ന് ഐതിഹ്യമു്. ചേരരാജാവിൽനിന്ന് വീരരാഘവശാസനം വഴി മണിഗ്രാമപട്ടം ലഭിച്ച ഇരവികൊത്തനും അതിസമ്പന്നനായിരുന്നു. കോഴിക്കോട്ടെ 'വലിയ കോയിക്കൽ പറമ്പിൽ' അടുത്തകാലംവരെ 'കപ്പലവർ' എന്നറിയപ്പെടുന്ന

ഒരു വാണിയൻ ജീവിച്ചിരുന്നു. കപ്പലുടമയല്ലെങ്കിലും അദ്ദേഹത്തിന്റെ മകൻ ഇന്നും 'കപ്പൽരാജൂ' എന്നാണ് അറിയപ്പെടുന്നത്. എന്നാൽ, ആധുനികകാലത്ത്, മറ്റു മേഖലകളിലെന്നപോലെ സാമ്പത്തികരംഗത്തും വാണിയർ വൻ തകർച്ച നേരിട്ടു.

### 3.11. വിദ്യാഭ്യാസം

മാതൃഭാഷയായിരുന്ന തമിഴിൽ വിദ്യാഭ്യാസം നേടാനുള്ള സാഹചര്യം തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള തമിഴ് വാണിയരിൽ പലർക്കും അടുത്തകാലംവരെയുായിരുന്നു. തമിഴ് വിദ്യാലയങ്ങൾ അടുത്തകാലം വരെ കോഴിക്കോടുായിരുന്നു. പിന്നീട് ഈ സാഹചര്യം നഷ്ടമായത് വിദ്യാ ഭ്യാസപരമായ അധഃപതനത്തിനു കാരണമായി. വിദ്യാഭ്യാസപരമായ പിന്നോക്കാ വസ്ഥ, മറ്റെല്ലാ മേഖലകളിലും പിന്നോക്കാവസ്ഥയ്ക്കു കാരണമായി.

> വിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും മാതൃ ഭാഷയ്ക്ക് പ്രഥമസ്ഥാനം വേണമെന്ന വാദം സങ്കുചിതമായ ഭാഷാഭ്രാന്തിന്റെ പ്രകടനമല്ല; അതതു ഭാഷാസമൂഹങ്ങളുടെ വ്യക്തിത്വസംരക്ഷണത്തിനും അതിജീവനത്തിനുമുള്ള മാർഗ്ഗ മാണെന്ന് അംഗീകരിക്കപ്പെട്ടിട്ട്... മാതൃഭാഷയ്ക്കു പകരം അപരിചിതമായ ഒരന്യഭാഷയിലൂടെ പഠനം നടത്തേി വരുന്നതുകൊണ് ആദിവാസിക്കുട്ടികൾ വിദ്യാഭ്യാസത്തിൽ നിന്ന് ഒളിച്ചോടുന്നത് എന്നത് ഒരനുഭവസത്യമാണ് (ജോണി, 2004: 132).

ഈ പ്രസ്താവന തമിഴ് വാണിയർക്കും ബാധകമാണ്.

സാമ്പത്തികമായ അധഃപതനവും വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധി ക്കുന്നതിനു കാരണമായിട്ടു. കുടുംബത്തിന്റെ പട്ടിണി മാറ്റാൻ കുട്ടികളെ ക്കൊു

പോലും പണിയെടുപ്പിക്കേി വന്നത് വിദ്യാഭ്യാസത്തിന് സാമൂഹി കമായ അർഹതയുള്ളവരായിരുന്നിട്ടും അത് നിഷേധിക്കുവാൻ കാരണമായി.

## 3.12. സാഹിത്യം

### (1) ചിലപ്പതികാരം

തമിഴിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായ ചിലപ്പതികാരത്തിലെ നായികാ നായകന്മാർ വാണിയരായിരുന്നു. അന്നത്തെ വാണിയരുടെ സാമൂഹികവും സാംസ്കാരികവുമായ സ്ഥിതി വ്യക്തവും മനോഹരവുമായി അതിൽ ചിത്രീ കരിച്ചിട്ടു്. രാജാക്കന്മാരേക്കാളും സമ്പന്നനായിരുന്നു അന്നത്തെ വാണിയൻ. വളരെ ധനികനായ വ്യാപാരിയായിരുന്നു കോവിലൻ. കണ്ണകിയുടെ പിതാവ് രാജാവിനേക്കാൾ ധനികനായിരുന്നു. കച്ചവടവസ്തുക്കളുടെ ഭേദമനുസരിച്ച് വാണിയർക്കിടയിലുായിരുന്ന പത്തോളം ഉപജാതികളെക്കുറിച്ച് ചിലപ്പതി കാരത്തിൽ പ്രസ്താവമു്.

| | | | |
|---|---|---|---|
| (1) | കാഴിയർ | : | പിട്ട് |
| (2) | കൂവിയർ | : | അപ്പം |
| (3) | വലൈചിയർ | : | കള്ള് |
| (4) | പരതവർ | : | മീൻ |
| (5) | ഉമണർ | : | ഉപ്പ് |
| (6) | പാചവർ | : | വെറ്റില |
| (7) | വാചവർ | : | 5 തരം സുഗന്ധദ്രവ്യങ്ങൾ |
| (8) | വിലൈഞ്ഞർ | : | ആട്ടുമാംസം |
| (9) | ഓച്ചുനർ | : | എണ്ണ |
| (10) | കൂലവാണിയർ | : | ധാന്യങ്ങൾ |

### (2) മണിമേഖല

കോവിലന് മാധവിയിലുായ മകളാണ് മണിമേഖല. കൂലവാണികൻ (ധാന്യവ്യാപാരി) ആയിരുന്ന 'ചീത്തലൈ ചാത്തനാർ' ആണ് മണിമേഖലാ കർത്താവ്. കപ്പലുകളിൽ കച്ചവടം നടത്തിയിരുന്ന ചെട്ടികളെക്കുറിച്ച് ഇതിൽ പ ലയിടത്തും ചിത്രീകരണമു്.

**രാജ്യഭരണം**

തമിഴകത്തിലെ ചെട്ടിനാട്ടിൽ തമിഴ് ചെട്ടികളിൽ പ്രതാപികളായ രാജാക്ക ന്മാരുമുായിരുന്നു. ഇന്നും ആ പ്രദേശത്ത് അവരുടെ രാജകൊട്ടാരങ്ങളു്. കേരളത്തിൽ ചെട്ടികളായ രാജാക്കന്മാർ ആരും ഉായിരുന്നതായി അറിവില്ല. എങ്കിലും തിരുവിതാംകൂറിലും കൊച്ചിയിലും ഭരണത്തിൽ ചെട്ടികൾക്ക് ചിലപ്പോ ഴെങ്കിലും സ്ഥാനമുായിരുന്നു. അത്തരം സ്ഥാനങ്ങൾ വഹിച്ചവരിൽ പ്രഥമ ഗണനീയനാണ് കൊച്ചി ദിവാനായിരുന്ന ഷൺമുഖം ചെട്ടി.

> കൊച്ചിയിൽ ഉത്തരവാദഭരണത്തിലേക്കുള്ള നീക്കങ്ങൾ ആരംഭി ച്ചതും പിന്നോക്കസമുദായക്കാർക്ക് ഉദ്യോഗസംവരണം ഏർപ്പെ ടുത്തിക്കൊുള്ള സ്റ്റാഫ് സെലക്ഷൻ ബോർഡ് രൂപീകരിച്ചതും കൊച്ചി തുറമുഖം വികസിപ്പിച്ചതും ഷൺമുഖം ചെട്ടി ദിവാനായിരിക്കുമ്പോഴാണ് (ഗോപാലകൃഷ്ണൻ, 1991: 398).

ഏറെ പ്രശംസിക്കപ്പെട്ടതും ദൂരവ്യാപകമായ ഗുണഫലങ്ങൾ ഉാക്കിയതുമായ ഒന്നായിരുന്നു കൊച്ചി തുറമുഖ വികസനം (ibid: 399).

> കൊച്ചിയിൽ ഭരണം നടത്തിയിരുന്ന ദിവാൻ ഷൺമുഖം ചെട്ടി രാഷ്ട്രീയമായി വളരെ ഉയർന്ന ഭരണതന്ത്രജ്ഞതയാണ് പ്രദർ ശിപ്പിച്ചത്. 1938 ജനുവരിയിൽ, കൊച്ചി ഗവൺമെന്റ് പുതിയൊരു

ഭരണപരിഷ്കാരം കൊുവന്നു. അതനുസരിച്ച് നിയമസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ പ്രതിനിധിയെ മന്ത്രിയായി നിയമിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയ കൊച്ചിൻ കോൺഗ്രസ്സിന്റെ നേതാവായ അമ്പാട്ട് ശിവരാമമേനോൻ 1938 ജൂണിൽ ഗ്രാമോദ്ധാരണത്തിനായി നിയമിതനായി. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് അക്കൊല്ലം ആഗസ്റ്റിൽ ഡോ. എ.ആർ. മേനോൻ ആ സ്ഥാനം ഏറ്റെടുത്തു. വ്യവസ്ഥാപിതമാർഗ്ഗത്തിലൂടെയുള്ള ഈ ഭരണപരിഷ്കാരങ്ങൾ മൂലം കൊച്ചിയിൽ ശക്തിയേറിയ രാഷ്ട്രീയ പ്രക്ഷോഭമൊന്നും ഇക്കാലത്തുായിരുന്നില്ല (ibid: 563-564).

## 3.13. വാങ്മയങ്ങൾ

ചെട്ടികളും വാണിയരുമായി ബന്ധപ്പെട്ട ധാരാളം ഐതിഹ്യങ്ങൾ നാടോടിക്കഥകൾ, നാടൻപാട്ടുകൾ, പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, സ്ഥലനാമങ്ങൾ എന്നിവ മലയാളത്തിലു്. ചെട്ടികളും വാണിയരും ഒരുകാലത്ത് കേരളത്തിന്റെ സാമൂഹികജീവിതത്തിൽ സജീവസാന്നിധ്യമായിരുന്നു എന്നതിന്റെ അവശേഷിപ്പുകളാണ് അവ.

### 3.13.1. ഐതിഹ്യം

വാണിയച്ചെട്ടികളുടെ ചോഴനാട്ടിൽ നിന്നുള്ള പലായനവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം നിലവിലു്. (c.f. അനുബന്ധം 2).

(1) കേരളത്തിലെ വാണിയചെട്ടികൾ ആദ്യകാലത്ത് പൂണൂൽ ധരിച്ചിരുന്നില്ല. ശങ്കരാചാര്യർ അവരോട് അവർ വൈശ്യരാണെന്നും പൂണൂൽ ധരിക്ക ണമെന്നും ഉപദേശിച്ചു. അപ്രകാരം കേരളത്തിലെ തമിഴ് വാണിയർ അദ്ദേഹ ത്തിന്റെ തന്നെ കൈയ്യിൽനിന്ന് പൂണൂൽ വാങ്ങി ധരിച്ചു. അന്നുമുതലാണത്രെ വാണിയർ പൂണൂൽധാരികളായത്.

(2) കോഴിക്കോട് ജില്ലയിലെ പിഷാരികാവുമായി ബന്ധപ്പെട്ടതാണ് മറ്റൊരു ഐതിഹ്യം. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല അഞ്ചാം ഭാഗത്തിൽ നാലാം ഐതിഹ്യമായി ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിന്റെ സംഗ്രഹം ഇങ്ങനെയാണ്:

പ് വൈശ്യജാതിക്കാരിൽ ചിലർ പരദേശത്തുനിന്ന് കൊല്ലത്തു വന്ന് പ ാർത്തു. പട്ടുനെയ്ത്തും സ്വർണ്ണവ്യാപാരവുമായിരുന്നു അവരുടെ തൊഴിൽ. അവർ ക്രമേണ വലിയ ധനവാന്മാരായി. കൂട്ടത്തിൽ ഒരാൾ 'ശ്രീ പോർക്കലി'യിൽ പോയി ഭഗവതിയെ സേവിച്ച് പ്രസാദിപ്പിച്ചു. ദേവി നൽകിയനാന്തകം വാൾ കൊുവന്ന് പ്രതിഷ്ഠിച്ച് ഉപവസിച്ചു. ദേവീകടാക്ഷം കൂടെയായപ്പോൾ അക്കൂട്ടരുടെ ധനവും ഐശ്വര്യവും വളരെ വർദ്ധിച്ചു. അവർ കപ്പലുകളും പത്തേമാരികളും പണിയിച്ച് കച്ചവടം യൂറോപ്യൻ രാജ്യങ്ങളിൽ വരെ പ്രചരിപ്പിച്ചുതുടങ്ങി. ക്രമേണ അക്കൂട്ടർ രാജാവിനെപ്പോലും ധിക്കരിച്ചു. രാജാവ്, 'കൊല്ലത്തെ സകല വൈശ്യരും മൂന്നുദിവസത്തിനകം നാടുവിടണ'മെന്ന് ശാസന പുറപ്പെടുവിച്ചു. എട്ടു കുടുംബങ്ങൾ ജംഗമസ്വത്തുക്കൾ പത്തേമാരിയിലാക്കി വടക്കോട്ടു പോയി. ശേഷിച്ചവർ പഴയ പാണ്ഡ്യനാട്ടിലേക്കും. വടക്കോട്ടു പോയവർ കോഴിക്കോട്ടെ കൊയിലാിക്കടുത്ത് പന്തലായനിയിൽ ഇറങ്ങി, അവിടുത്തെ കുറുമ്പ്രനാട്ടു രാജാവിൽനിന്ന് കുറച്ച് സ്ഥലം വിലകൊ ടുത്തു വാങ്ങി ക്ഷേത്രവും വീടുകളും നിർമ്മിച്ചു. ആ ക്ഷേത്രമാണ് ഇന്നത്തെ പ ിഷാരികാവ്. ദേവിയെ ഉപാസിച്ച ആൾ ഒരു വിഷഹാരി ആയിരുന്നതിനാൽ കൊല്ലത്തെ അമ്പലത്തിന് തന്നെ 'വിഷഹാരികാവ്' എന്ന് പറഞ്ഞിരുന്നു. പിന്നീട് അത് 'വിഷാരികാവ്' എന്നായി. ഇന്ന് പിഷാരികാവ് എന്നാണ് ഇത് അറിയപ്പെടുന്നത്.

(3) വടക്കേ മലബാറിലെ കടൽ വാണിജ്യത്തിൽ നല്ല പങ്കുവഹിച്ച ചാലിയരും ചെട്ടികളും തഞ്ചാവൂരിൽനിന്നാണ് കുടിയേറിയത് എന്നൊരു ഐതിഹ്യം നിലവിലു് (സ്കറിയ, 2000/1993: xxxi).

### 3.13.2. നാടോടിക്കഥ

വാണിയരുമായി ബന്ധപ്പെട്ട പല നാടോടിക്കഥകളും മലയാളത്തിൽ പ്രചാരമു്. ദേശാന്തരഗമനത്തിനിടയാക്കിയ രാജകോപവുമായി ബന്ധപ്പെട്ട കഥയാണ് അതിൽ പ്രധാനം. എണ്ണയാട്ടു തൊഴിലിലെ സൂത്രപ്പണിയുമായി ബന്ധപ്പെട്ടതാണ് മറ്റൊന്ന്. ഈ നാടോടിക്കഥകൾ, വാണിയസമുദായം കേരളീയ സമൂഹത്തിൽ സജീവസാന്നിധ്യമാണ് എന്ന് വ്യക്തമാക്കുന്നു. (c.f. അനുബന്ധം 2).

### 3.13.3. പദങ്ങൾ

| | | |
|---|---|---|
| ചെട്ടി | : | ഒരു വണിക് ജാതി |
| ചെട്ടിക്കൊമ്പൻ | : | ഒരിനം നെല്ല് |
| ചെട്ടിക്കുരുവി | : | ഒരിനം പക്ഷി |
| ചെട്ടിച്ചി | : | ചെട്ടിജാതിയിൽപ്പെട്ട സ്ത്രീ, ഒരു ഏകവാർഷികച്ചെടി (ഔഷധസസ്യം) |
| ചെട്ടിയാർ | : | ചെട്ടി എന്നതിന്റെ പുല്ലിംഗ ബഹുവചനം |
| ചെട്ടിത്തെരുവ് | : | ചെട്ടിമാർ താമസിക്കുന്ന തെരുവ്; കച്ചവടസ്ഥലം |
| ചെട്ടിപ്പുല്ല് | : | ഒരിനം ധാന്യം (മറുനാട്ടിൽ നിന്ന് വരുന്നത് എന്ന് വിശ്വാസം) |
| ചെട്ടിപ്പൂവ് | : | ഒരിനം മുല്ല |

| | | |
|---|---|---|
| ചെട്ടിമാന്ത | : | ഒരിനം മത്സ്യം |
| ചെട്ടിമാല | : | പളുങ്കുമാല (മറുനാട്ടുകാർ കൊണ്ടുവന്നു വിൽക്കുന്നതിനാൽ ഈ പേര്) |
| ചെട്ടിമാന്തൻ | : | ഒരിനം വാഴ |
| ചെട്ടിവാഴ | : | ഒരിനം വാഴ |
| ചെട്ടിവിരിപ്പ് | : | ഒരിനം നെല്ല് |
| ചെട്ടിവെള്ളരി | : | ഒരിനം വെള്ളരി |
| ചെട്ട് | : | കച്ചവടം, കച്ചവടസാധനം |
| പാറി | : | ഒരു ദേശം, ദക്ഷിണ തമിഴകം, കപ്പലിന്റെ അടിമരം |
| പാറികശ്ശാല | : | പകശ്ശാല – പാറിശാല |
| വാണിച്ചി | : | വാണിയ സ്ത്രീ |
| വാണിജം | : | കച്ചവടം |
| വാണിജ്യവാതം | : | കച്ചവടക്കാറ്റ് |
| വാണിഭം | : | കച്ചവടച്ചരക്ക് |
| വാണിഭൻ | : | കച്ചവടക്കാരൻ |
| വാണിഭക്കാരൻ | : | കച്ചവടക്കാരൻ |
| വാണിയം | : | കച്ചവടം |
| വാണിയൻ | : | എണ്ണ വ്യാപാരി, വാണിയം ചെയ്യുന്നവൻ, എണ്ണയാട്ടൽ തൊഴിലായുള്ള ഒരു ജാതി, അതിലെ അംഗം |
| ചക്കാൻ | : | ചക്കാട്ടുന്ന ആൾ |
| ചക്കാല | : | ചക്കുപുര |
| ചക്കാട്ട് | : | എണ്ണയാട്ടൽ |

| | | |
|---|---|---|
| ചക്കുകൊക്ക് | : | ചക്കിനു മുകൾഭാഗത്തെ ഒരു തടി ക്കഷണം |
| ചക്കുപാര | : | ചക്കിൽനിന്ന് പിണ്ണാക്കെടുക്കാനുള്ള ഒരു ഉപകരണം |
| ചക്കുതോക്ക് | : | ഒരുതരം വലിയ തോക്ക് |
| ചക്കുപുര | : | ചക്കാട്ടുന്ന പുര |
| ചക്കുംമൂട് | : | ചക്കുപുര |
| ചക്കുരൽ | : | ചക്കിൽ കൊപ്രയും മറ്റും ആട്ടുന്ന ഭാഗം |
| ചക്കുവരി | : | ചക്കിനുായിരുന്ന നികുതി |
| ചക്കുവെടി | : | കൊപ്രയും മറ്റും ചക്കിലേക്കിടാൻ ഉപയോഗിക്കുന്ന ഉപകരണം |
| ചക്കുഴക്ക് | : | കൂലിക്കുപുറമെ വാണിയന് കിട്ടിയിരുന്ന എണ്ണയുടെ പങ്ക് |
| ചക്കാത്തി | : | ചക്കാന്റെ ഭാര്യ |
| ചക്ക് | : | എണ്ണയാട്ടുയന്ത്രം |
| ചക്കു | : | ചക്കുതോക്കിൽ വയ്ക്കുന്ന ഉ |
| ചക്കുകണ | : | എണ്ണച്ചക്കിന്റെ കണ |
| ചക്കോൻ | : | ചക്കുകാരൻ, ചക്കാട്ടുന്നവൻ |
| ചക്കളത്തിപ്പോരാട്ടം | : | സപത്നിമാർ തമ്മിലുള്ള കലഹം (ചക്കുകളത്തിൽ പോരാട്ടം എന്നു വ്യുൽപ്പത്തി) |
| ചക്കാലക | : | ശൂദ്രരിൽ ഒരു താണജാതി (എണ്ണയാട്ടു തൊഴിൽ) |

ചക്കാലൻ, ചക്കാലകൻ,

| | | |
|---|---|---|
| ചക്കാലവൻ | : | ചക്കാലജാതിയിൽപ്പെട്ടവൻ, ചക്കാട്ടു ജോലിക്കാരൻ |
| ചക്കാലവാണിയൻ, ചെക്കുവാണിയൻ | : | വാണിയന്മാരിൽ ഒരു വിഭാഗം |

### 3.13.4. പഴഞ്ചൊല്ലും ശൈലിയും

1. ചെട്ടി അടിച്ചും ചേര കടിച്ചും ചത്തവരുണ്ടോ?
2. ചെട്ടി അടിച്ചും ചേര കടിച്ചും ചത്തവരില്ല.
3. ചെട്ടി കെട്ടാൽ പട്ടുടുക്കും
4. ചെട്ടി കെട്ടാൽ പറ്റോല തെരയും
5. ചെട്ടിക്കു കള്ളപ്പണം വന്നാൽ കുഴിച്ചുമൂടുകയേ ഉള്ളു
6. ചെട്ടിക്കും മട്ടിക്കും ജന്മപ്പക
7. ചെട്ടിക്കെന്തിനു ജന്മശ്ശനി
8. ചെട്ടിക്കൊരു കാലമുണ്ടെങ്കിൽ കോമട്ടിക്കൊരു കാലമുണ്ട്
9. ചെട്ടിക്കൊരു തട്ട് ചേകവനൊരു വെട്ട്
10. ചെട്ടി പടവെട്ടുമോ, ചേറ്റിൽ തവള കടിക്കുമോ?
11. ചെട്ടി പടവെട്ടുമ്പോൾ ചേറ്റിൽ തവള കടിക്കും
12. ചെട്ടി പോയേടമെല്ലാം വട്ടം കാൽപ്പണം
13. ചെട്ടി മിടുക്കില്ലെങ്കിൽ ചരക്കുമിടുക്കു വേണം
14. ചെട്ടി മിടുക്കുണ്ടെങ്കിൽ ചരക്കുമിടുക്കു വേ
15. ചെട്ടിമിടുക്കും ചരക്കുമിടുക്കും
16. ചെട്ടിമുടക്കവും ചരക്കുമുടക്കവും
17. ചെട്ടിയാന്റെ കപ്പലിന് ദൈവം തുണ
18. ചെട്ടിയാർക്കൊരു കാലം ശിപായിക്കൊരു കാലം
19. ചെട്ടിയിൽനിന്നു വിട്ടു, പട്ടരൊട്ടായതുമില്ല

20. വാണിയനു കൊടുക്കാത്തതു വൈദ്യനു കൊടുക്കും

21. വാണിയനും വാണിയത്തിയും വഴക്കിടും

22. ചെട്ടിയില്ലാഞ്ഞാൽ മുഴുക്കുമോ വാണിഭം

23. ചെട്ടിയുടെ മാട് മലകയറി മേയുകയില്ല

24. ചക്കിന് വെച്ചത് കൊക്കിനു കൊ‌ു

25. ചക്കും ചക്കാലയും ഒരുപോലെ ചുറ്റുക

26. ചക്കൂണിന് ഉരല് പ്രാതല്

27. ചക്കെന്ന് പറയുമ്പോൾ കൊക്കെന്ന് മനസ്സിലാക്കുക

28. ചെയ്യുംമുമ്പ് ചിന്തിക്കുവോൻ ചെട്ടി; അല്ലാത്തവൻ വിഡ്ഢി

29. ചെട്ടി മരിക്കുമ്പോഴേ ചെമ്പ് തെളിയൂ

30. അവളൊരു ചെട്ടിച്ചിയേപ്പോലെ വീടു നോക്കുന്നു

31. നശിച്ചാലും ചെട്ടി ചെട്ടിതന്നെ; പട്ടു പട്ടുതന്നെ

32. നശിച്ചാലും ചെട്ടി ചെട്ടിതന്നെ; കീറിയാലും പട്ടു പട്ടുതന്നെ

33. ചെട്ടി വിലകുറച്ചു; ചാലിയൻ കസവും കുറച്ചു

### 3.13.5. സ്ഥലനാമങ്ങൾ

ചക്കുപള്ളം

ചക്കുവരയ്ക്കൽ

ചക്കുവള്ളി

ചക്ക്യാമുറി

ചെട്ടിക്കാട്

ചെട്ടിക്കുളങ്ങര

ചെട്ടിക്കാട്

ചെട്ടികുളം

ചെട്ടിവിളാകം

തിരുവാണിയൂർ

പാിക്കുടി

പാിത്തിട്ട

പാിപ്പാറ

വൈശ്യംഭാഗം

വാണിയംകുളം

വാണിമേൽ

വാണിയപ്പാറ

ചെട്ട്യാർമാട്

ചെട്ട്യാലത്തൂർ

**3.13.6. നാടൻ പാട്ടുകൾ**

(1) ഒരു ലഘുഗാനം

അയ്യപ്പന്റമ്മ

നെയ്യപ്പംചുട്ടു

കാക്കകൊത്തി

കടലിലിട്ടു

മുക്കുവപ്പിള്ളേരു

മുങ്ങിയെടുത്തു

തട്ടാപ്പിള്ളേരു

തട്ടിയെടുത്തു

വാണിയപ്പിള്ളേരു

വായിലിട്ടു.

(2) കുത്തിയോട്ടപ്പാട്ടുകൾ

ചെട്ടിക്കുളങ്ങര ദേവീക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട ഒരനുഷ്ഠാന കലയാണ് കുത്തിയോട്ടം. ഈതിൽ തമിഴ് പാരമ്പര്യത്തിന്റെ സ്വാധീനം വളരെ പ്രകടമാണ്. തമിഴ് കുടിയേറ്റക്കാരിൽ പ്രമുഖരായ വാണിയച്ചെട്ടികൾക്ക് ഈ കലാരൂപവുമായുള്ള ബന്ധം വ്യക്തമാണ്. കുത്തിയോട്ടപ്പാട്ടുകളിൽ വ്യക്തമാകുന്ന തമിഴ് ബന്ധം ഇങ്ങനെ പട്ടികപ്പെടുത്താം:

കുത്തിയോട്ടപ്പാട്ടിലെ താളവട്ടങ്ങൾ തമിഴ് കുമ്മി രീതിയോട് പ്രകടമായ സാദൃശ്യം പുലർത്തുന്നു്. കൊല്ലം ജില്ലയിൽ കാണുന്ന 'നെയ്യാറി', 'പാഠിക്കുമ്മി', 'കുടംപൂജ' എന്നീ താളവട്ടങ്ങളുടെ പേരുകളിൽപ്പോലും തമിഴ് ബന്ധം പ്രകടമാണല്ലോ. പാട്ടുകളുടെ അക്ഷരക്ലിപ്തിയിലുള്ള ഭേദമനുസരിച്ച് 'തിരുളിക്കുമ്മി', 'പാടൽക്കുമ്മി' എന്നിങ്ങനെയുള്ള പേരുകൾ തമിഴ് രീതിയെയാണ് അനുസ്മരിപ്പിക്കുന്നത്... പാട്ടുകളെല്ലാം ഈരടിയാണെന്ന കാര്യവും ശ്രദ്ധേയമാണ്.. ചില പാട്ടുകൾ തമിഴ് ഭാഷാരീതി അതേപടി പിൻതുടരുമ്പോൾ മറ്റു ചിലവയിൽ സംസ്കൃതാതി പ്രസരമു്. ഇവയ്ക്കു മധ്യേ ആധുനിക മലയാളഭാഷ ഉൾക്കൊ പാട്ടുകളും കാണുന്നു് (മോഹനകുമാർ, 1998: 29).

(3) തെക്കൻപാട്ടുകൾ

തെക്കൻ കേരളത്തിൽ തമിഴ്മലയാളങ്ങൾ ഒന്നുചേർന്നുായ നാടോടി ഗാനസാഹിത്യമാണ് തെക്കൻപാട്ടുകൾ ദൈവങ്ങളെയും വീരപുരുഷന്മാരെയും കുറിച്ചുള്ള വീരരസപ്രധാനമായ പാട്ടുകളാണ് ഇതിലേറെയും. അതിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് വില്ലടിച്ചാൻ പാട്ട്.

(4) വടക്കൻപാട്ടുകൾ

കേരളത്തിന്റെ വടക്കേ മലബാർ പ്രദേശങ്ങളിൽ പ്രചാരത്തിലുാ യിരുന്ന വീരരസപ്രധാനമായ പാട്ടുകളാണ് വടക്കൻപാട്ട് എന്നറിയപ്പെടുന്നത്. ''മുന്നൂറ്

വർഷത്തിനപ്പുറം ആവിർഭവിച്ചവയാണ് വടക്കൻപാട്ടുകളിലേറെയും'' (ജോണി, 2004: 107). വടക്കൻപാട്ടുകളിൽ പലയിടത്തും ചെട്ടികളെ പരാമർ ശിക്കുന്നു്. വയനാടൻ കേളുവിനെക്കുറിച്ചുള്ള ഒരു പാട്ടിൽ തച്ചോളി ഒതേനൻ കൊടുമല കേറി കേളുവിന്റെ കോട്ട കാണാൻ പുറപ്പെട്ടപ്പോൾ, തിരിച്ചു വരുവോളം കുടുംബം പുലർത്താൻ മരുമകൻ ചന്തുവിനെയാണ് ഏൽപ്പിക്കന്നത്. കടത്തനാട്ടിലെ വ്യാപാരിയായ അമ്പുച്ചെട്ടിയുടെ പീടികയിൽനിന്ന് നിത്യദാന ത്തിനുള്ള വകകൾ കടമെടുക്കാനൻ ചന്തുവിനെ ഒതേനൻ ചുമതലപ്പെടുത്തുന്നു (ibid: 109).

(5) പയ്യന്നൂർപ്പാട്ട്

വടക്കൻ കേരളത്തിൽത്തന്നെ പ്രചരിച്ചിരുന്ന വീരഗാനങ്ങളിൽ മറ്റൊരു വിഭാഗമാണ് പയ്യന്നൂർപ്പാട്ട്. ചരിത്രപരമായ ധാരാളം വസ്തുതകൾ ഇതിലൂടെ വെളിച്ചംകാണുന്നു്. വാണിയരെക്കുറിച്ചും ചെട്ടികളെക്കുറിച്ചും അവരുടെ കച്ചവടപാരമ്പര്യത്തെക്കുറിച്ചും വ്യക്തമായ ധാരാളം സൂചനകൾ ഇതിൽ കാണുന്നു്.

(6) വയനാടൻ പാട്ടുകൾ

വയനാട്ടിലെ ചില നാടോടിഗാനങ്ങളിലും ചെട്ടികളെ കാണാം. കടം കൊടുത്ത ഉപ്പിന്റെയും മുളകിന്റെയും മുറുക്കാന്റെയും (തിനുവാൻ) വില 'ഈടാക്കാൻ' എത്തിയ കച്ചവടക്കാരനോട് പണിയസ്ത്രീ സംഭോഗവേളയിൽ പ റയുകയാണ്:

''ഉക്കുമീ ചെട്ടിയാനെ ഉക്കുമീ
പുളളെ കിരേഞ്ചാലും കിരായട്ടെ
ഉപ്പുന്റെ, മുളാവിന്റെ
തിനുവാന്റെ കടാം തീരാട്ടെ

പന്തെരു പൊളിഞ്ഞാലും പൊളിയാട്ടെ''

(കുഞ്ഞു കിടന്നു കരഞ്ഞോട്ടെ, കുടിലിളകി വീണോട്ടെ, കച്ചവടക്കാരാ നിന്റെ ജോലി നടക്കട്ടെ. ഉപ്പിന്റെയും മളകിന്റെയും വെറ്റിലടക്കയുടെയും കടം തീരട്ടെ) (ജോണി, 2004: 144).

## 3.14. ആരാധന

അതിപുരാതനമായ ആരാധനാരീതിയുടെ അവശേഷിപ്പുകൾ തമിഴ് വാണിയരിൽ ഇന്നുമു്. പ്രകൃത്യാരാധനയാണ് അതിൽ ഏറ്റവും പ്രധാനം. മാരിയമ്മയാണ് കുലദൈവം. 'മാരി' എന്നതിന് തമിഴിൽ മഴ എന്നർത്ഥം. വസൂരിരോഗം എന്നൊരർത്ഥം ചിലർ പറയുന്നുങ്കെിലും നിഘുക്കളുടെ വെളിച്ചത്തിൽ അത് അസ്വീകാര്യമാണ്. പ്രകൃതിശക്തികളെ പ്രതീകാത്മകമായി മനുഷ്യത്വമാരോപിച്ച് ആരാധിക്കുന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മാരിയമ്മ. കാർഷികവൃത്തിയിൽ കഴിഞ്ഞ സമൂഹത്തിലാണ് പ്രകൃതിശക്തികൾ പ്രധാനമായും ആരാധിക്കപ്പെടുന്നത്. പ്രകൃതിയുടെ ഏറ്റവും വലിയ അനുഗ്രഹ മായിരുന്നു പ്രാകൃത ഗോത്രവർഗ്ഗങ്ങൾക്ക് മഴ. ജീവന്റെ നിലനിൽപ്പിന് പ്രധാന ആധാരങ്ങളിൽ ഒന്നാണ് ജലം എന്ന തിരിച്ചറിവിൽനിന്നാണ് മഴയെ ആരാധിക്കാൻ തുടങ്ങുന്നത്. ആര്യാധിനിവേശത്തിനു മുമ്പ് ദക്ഷിണഭാരത ത്തിലെന്നല്ല, ഉത്തരഭാരതത്തിലും നിലനിന്നിരുന്ന ദ്രാവിഡസംസ്കാരത്തിനും മുമ്പ് ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന പ്രോട്ടോ ആസ്ട്രലോയിഡുകളുടെ കാലത്തോളം പഴക്കം പ്രകൃത്യാരാധനയ്ക്കുന്നെ് ചരിത്രകാരന്മാർ ഉപദർശി ച്ചിട്ടു് (ഗോപാലകൃഷ്ണൻ, 1987/1974: 19).

പ്രകൃതിശക്തികൾക്കു പുറമെ പ്രാകൃതമനുഷ്യൻ ഏറ്റവുമധികം ഭയപ്പെ ട്ടിരുന്നത് മാരകരോഗങ്ങളെയാണ്. വസൂരി അക്കൂട്ടത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നു. തമിഴ് വാണിയർക്ക് മാരിയമ്മയും, മുത്താരമ്മയും പര്യായപദ

ങ്ങളാണ്. തമിഴ് വാണിയരെന്നല്ല, തമിഴർ പൊതുവേതന്നെ അങ്ങനെ പ്രയോഗിച്ചു കാണുന്നു്. മുത്ത് എന്നത് വസൂരി രോഗികൾക്ക് ശരീരത്തിലുാകുന്ന മുത്തുപോലുള്ള കുമിളയാണ്. മഴ പെയ്യുംപോലെ, വസൂരി വരുമ്പോൾ ദേശം ഒന്നാകെയുള്ള ജനങ്ങളിൽ മിക്കവരുടെയും ശരീരത്തിൽ ഒന്നിച്ച് കുമിളകൾ പൊന്തിയിരുന്നതുകൊാകാം മഴയേയും വസൂരിയേയും അഭേദമെന്ന് പരിഗണിച്ചത്.

തെക്കൻകേരളത്തിൽ ചിലയിടങ്ങളിൽ മാരിയമ്മ തന്നെ 'ഉച്ചിമാളിയമ്മ' എന്നും വിളിക്കപ്പെടുന്നു്.

നാഗമാണ് മറ്റൊരു ആരാധനാമൂർത്തി. പ്രാകൃതഗോത്രസമൂഹങ്ങളിൽ പലതിലും ആരാധിക്കപ്പെട്ടിരുന്ന നാഗം ഇന്നും മലയാളികൾ അടക്കമുള്ള ദക്ഷിണേന്ത്യൻ സമൂഹങ്ങളുടെ ആരാധനാമൂർത്തിയാണ്. 'പാമ്പിൻനാട്' എന്നർത്ഥമുള്ള 'അഹിഭൂമി' എന്നത് കേരളത്തിന്റെ പര്യാപദമാണ്. ഇന്നും കേരളത്തിന്റെ കാടുകളിൽ രാജവെമ്പാല പോലുള്ള ഉഗ്രവിഷസർപ്പങ്ങളുടെ സാന്നിധ്യം വളരെ കൂടുതലാണ്. വളരെ പ്രാകൃതമായ ഒരു ആരാധനയുടെ പിൻതുടർച്ചയാണ് നാഗാരാധനയും.

'മാടൻ' ആണ് മറ്റൊന്ന്. ഭൂതഗണങ്ങളിലൊന്ന്, ദുർമരണം സംഭവിച്ച (അറുകൊല) ഏതോ പ്രേതാത്മാവ് സമുദായസംരക്ഷകനായത് എന്നിങ്ങനെ 'മാട'നെക്കുറിച്ച് തമിഴ് വാണിയർക്കിടയിൽ വ്യത്യസ്ത സങ്കല്പങ്ങളാണുള്ളത്.

മൃഗബലി അടക്കമുള്ള പ്രാകൃത ആരാധനാരീതികൾ തമിഴ് വാണിയർക്കിടയിൽ നിലനിന്നിരുന്നു. മൃഗബലി നിരോധിച്ചതോടെയാണ് അത് നിർത്തലാക്കിയത്. ഇപ്പോൾ പ്രതീകാത്മകമായി, കുമ്പളങ്ങ മുറിക്കുകയും ചുണ്ണാമ്പും മഞ്ഞളും കലക്കി ചുവപ്പിച്ച വെള്ളം (രക്തത്തിന്റെ പ്രതീകം) ഒഴിക്കുകയും ചെയ്ത്, മൃഗബലി തുടരുന്നു്.

മുരുകന്റെ പ്രതിഷ്ഠ മിക്ക മാരിയമ്മൻ കോവിലിലും കാണുന്നു്. തമിഴകത്ത് സാർവ്വത്രികമായി ആരാധിക്കപ്പെടുന്ന ദേവനായതുകൊാകാം അത്. ഭാരതമൊട്ടാകെ ആരാധിക്കപ്പെടുന്ന ദേവൻ എന്ന നിലയ്ക്കാകാം വിഘ്നേശ്വര പ്രതിഷ്ഠയും മിക്കയിടത്തും കാണുന്നു.

'അമ്മൻകൊട'യാണ് അമ്മൻകോവിലുകളിലെ പ്രധാന ഉത്സവം. ഇതും കേരളീയ ക്ഷേത്രോത്സവങ്ങളിൽനിന്ന് വളരെ ഭിന്നവും തമിഴകത്തോടുള്ള സാംസ്കാരിക ഐക്യം നിലനിർത്തിപ്പോരുന്നതുമാണ്.

## 3.15. ആചാരങ്ങൾ

### 3.15.1. വൈവാഹികചടങ്ങുകൾ

#### 3.15.1.1. പെണ്ണുകാണൽ

എല്ലാ മംഗളകർമ്മങ്ങൾക്കും രാഹുകാലം വർജ്യമാണ്. പെണ്ണുകാണലാണ് വൈവാഹികമായ ആദ്യത്തെ ചടങ്ങ്. ദല്ലാൾ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ, പരിചയക്കാർ എന്നിങ്ങനെ ഏതെങ്കിലും വിധത്തിൽ പരസ്പരം അറിഞ്ഞ് ഏതാങ്കെിലും വിവാഹസാധ്യതയുന്നെ് ബോധ്യമായാലേ സാധാ രണ പെണ്ണുകാണൽ നടക്കാറുള്ളു. അംഗസംഖ്യ കുറവായതിനാൽ മിക്കവാറും വളരെ ദൂരെനിന്നായിരിക്കും ഇണയെ കത്തെുന്നത്. പെണ്ണുകാണൽ ഒരു പ്രധാന ചടങ്ങാണ്. ചെറുക്കന്റെ കൂടെ സ്ത്രീകൾ ആരെങ്കിലും ചെല്ലുക പതിവാണ്. സാധാരണയായി, അവരിലാരെങ്കിലും മുല്ലപ്പൂമാല കരുതിയിരിക്കും. ചെറുക്കനും കൂട്ടർക്കും പെണ്ണിനെ ഇഷ്ടമായെങ്കിൽ ആ പൂമാല പെണ്ണിനു നൽകും. അതുപോലെ കാപ്പി പലഹാരങ്ങളാൽ സൽക്കരിക്കുമ്പോൾ മധുര പലഹാരം വയ്ക്കുന്നത്, വധുവിന്റെ കൂട്ടർക്ക് പ്രസ്തുത ബന്ധത്തിൽ താല്പര്യമു് എന്നതിന്റെ സൂചനയാണ്. ആയത്, വരന്റെ ബന്ധുക്കൾ എടുത്തു

കഴിക്കുകയാണെങ്കിൽ അവർക്ക് താല്പര്യമു് എന്നതിന്റെയും എടുക്കുന്നില്ലെങ്കിൽ താല്പര്യമില്ല എന്നതിന്റെയും സൂചനയാണ്.

3.15.1.2. വിവാഹനിശ്ചയം

പുരോഹിതൻ, കുളിച്ച് ശുഭവസ്ത്രം (മു്, തോർത്തുമു് എന്നിവ യാകാം. ഷർട്ട്, ബനിയൻ എന്നിവ പാടില്ല) ധരിച്ച്, ഭസ്മചന്ദനാദികൾ ചാർത്തി, ചടങ്ങിനായി ഒരുക്കിയ സ്ഥലത്ത് ഗണപതിപൂജയ്ക്ക് ഒരുക്കുന്നു. കന്നി ക്കോണിൽ (തെക്കുപടിഞ്ഞാറ് ദിക്ക്) ഗണപതിയെ സങ്കല്പിച്ച്, തൂശനിലയിൽ അഞ്ച് തിരി വിളക്ക് വയ്ക്കുന്നു (ചന്ദനത്തിരി, നിറനാഴി, ഗണപതിയൊരുക്ക് അഥവാ അവിൽ – മലർ – നാളികേരം – പടലപ്പഴം – ശർക്കര – കൽക്കം – ഉണക്കമുന്തിരി എന്നിവ സജ്ജമാക്കുന്നു). വടക്കുവശത്തായി പായ് വിരിച്ച് ഒരു തട്ടത്തിൽ പൂവും തേങ്ങയും പഴവർഗ്ഗങ്ങളും മറ്റൊന്നിൽ പരിയപ്പട്ടും പരിയ പ്പണവും ഒരുക്കിവയ്ക്കുന്നു. (വിസ്താരമുള്ള തട്ടത്തിൽ, അഷ്ടലക്ഷ്മിമാരെ സങ്കല്പിച്ച്, വാൽ പുറത്തേക്ക് തള്ളിയിരിക്കുംവിധം പാത്രത്തിന്റെ ചുറ്റിലും എട്ടു വെറ്റില മലർത്തിവെച്ച്, തട്ടത്തിന്റെ നടുക്ക് ഒരു നാളികേരവും മൂന്നോ അഞ്ചോ ഇനം പഴങ്ങളും പൂക്കളും വയ്ക്കുന്നു). ഇത് വധൂബന്ധുക്കൾ കരുതേ താണ്. വിസ്താരമുള്ള തട്ടത്തിൽ വരന്റെ ബന്ധുക്കൾ കൊ ുവന്ന പട്ടുസാരിയടക്കമുള്ള വസ്ത്രങ്ങൾ മേൽപ്പറഞ്ഞ രീതിയിൽ വെറ്റിലവെച്ച് അതിനുമേൽ വയ്ക്കണം. ഒപ്പം, വെള്ളത്തുണിയിൽ ഒരു നാണയം, ഒരുനുള്ള് നെല്ല്, മഞ്ഞൾ ഇവ കിഴികെട്ടിയതും വധുവിന് തലയിൽ വയ്ക്കാനുള്ള പ ൂക്കളും വയ്ക്കുന്നു. (വിവാഹമുഹൂർത്തം, വിവാഹാനന്തരം വധുവിനെക്കൂട്ടി വരനും കൂട്ടരും വരന്റെ വീട്ടിലേക്ക് പുറപ്പെടുന്നതിനും ഗൃഹപ്രവേശത്തിനുമുള്ള സമയം, പൊന്നുരുക്കുന്നതിനും വിവാഹപന്തൽ കാൽനാട്ടു നടത്തുന്നതിനുമുള്ള സമയം എന്നിവയുടെ കുറിപ്പാണ് മുഹൂർത്തച്ചാർത്ത്. ഇത് രണ്ണെമു ായിരിക്കും. അത്, നാലു മൂലയിലും മഞ്ഞൾ തേച്ച് രു തട്ടങ്ങളിലായി വയ്ക്കുന്നു.

കന്നിമൂലയിൽ ഒരുക്കിയ വിളക്കു കത്തിച്ച് ഗണപതിയെ സങ്കല്പിച്ച്, ആവാഹനമന്ത്രം ചൊല്ലി, ചന്ദനം, ജലം, പൂവ് എന്നിവ അർപ്പിച്ച് പൂജിക്കുന്നു.

വധൂപിതാവ് ജോത്സ്യന്റെ പക്കൽനിന്ന്, കിഴക്കുപടിഞ്ഞാറായി നിന്ന്, ദക്ഷിണ (ഇരുകൂട്ടരും തുല്യമായി എടുത്തത്) നൽകി, മുഹൂർത്തച്ചാർത്ത് വാങ്ങുന്നു. പുരോഹിതൻ രു തട്ടവും വിളക്കിനു മുന്നിൽ വച്ച് ദീപ-ധൂമ-ജല-പുഷ്പങ്ങൾ അർപ്പിച്ച്, കർപ്പൂരം ഉഴിഞ്ഞ് നമസ്കരിക്കുന്നു.

വരന്റെ മാമൻ കിഴക്കോട്ടും വധുവിന്റെ മാമൻ പടിഞ്ഞാറോട്ടും തിരിഞ്ഞ് പരസ്പരം അഭിമുഖമായിരുന്ന് ചന്ദനം, കുങ്കുമം എന്നിവ പരസ്പരം നെറ്റിയിൽ തൊട്ടുകൊടുക്കുന്നു. ശേഷം, വരന്റെ മാമൻ, 'പരിയംകൊടുക്കട്ടെ?' എന്ന് മൂന്നുപ്രാവശ്യം, സന്നിഹിതരായിരിക്കുന്ന ബന്ധുമിത്രാദികളോട് ചോദിച്ച് സമ്മതം വാങ്ങി, വധുവിന്റെ മാമന് കൊടുക്കുന്നു. വധുവിന്റെ മാമൻ, 'പരിയം വാങ്ങട്ടെ?' എന്ന് മൂന്നുപ്രാവശ്യം ചോദിച്ച് അതുവാങ്ങി മടിയിൽ വയ്ക്കുന്നു. ശേഷം, പൂവും തേങ്ങയുമടങ്ങുന്ന തട്ടം എടുത്ത്, 'പൂവും തേങ്ങയും കൊടുക്കട്ടെ?' എന്ന് മൂന്നുരു ചോദിച്ച് സമ്മതം വാങ്ങിയിട്ട്, അത് കൊടുക്കുകയും, വാങ്ങട്ടെയെന്ന് ചോദിച്ച് സമ്മതം വാങ്ങി വരന്റെ മാമൻ അത് വാങ്ങുകയും ചെയ്യുന്നു. ഈയവസരത്തിൽ, നേരത്തെ തയ്യാറായിട്ടുള്ള ഏതാനും സ്ത്രീകൾ മംഗളസൂചകമായി കുരവയിടുന്നു.

വധുവിന്റെ സുമംഗലിയായ മദിനി (അണ്ണന്റെ ഭാര്യ) വന്ന് മാമന്റെ കൈയ്യിൽനിന്ന് പരിയപ്പട്ട് അടങ്ങുന്ന തട്ടം വാങ്ങിക്കൊു പോകുന്നു. മാമന്മാർ എഴുന്നേൽക്കുന്നു. പട്ടുടുപ്പിച്ച വധുവിനെ വലതുകൈ പിടിച്ച് കൊുവരുന്നു. വധു, വിളക്കിനു മുന്നിൽ വന്ന് തൊഴുത് പ്രാർത്ഥിച്ച് പുഷ്പാർച്ചന ചെയ്ത് പ ായിൽ കിഴക്കോട്ട് തിരിഞ്ഞിരിക്കുന്നു. പുരോഹിതൻ വധുവിനെ, ഭസ്മം തൊട്ട് ശിരസ്സിൽ കൈവച്ച് അനുഗ്രഹിക്കുന്നു. ശേഷം, മാമന്മാരും ഗുരുക്കന്മാരും

അനുഗ്രഹിക്കുന്നു. പിന്നെ, മദിനി കൈപിടിച്ച് എഴുന്നേൽപ്പിച്ച് വീടിനുള്ളിലേക്ക് കൊണ്ടുപോകുന്നു.

ആചാര്യൻ മന്ത്രം ചൊല്ലി, പൂവാരാധിച്ച് ഉദ്ധ്വസിക്കുന്നു (ദേവനെ യാത്രയാക്കുന്നു); നമസ്കരിച്ച് എഴുന്നേൽക്കുന്നു. പ്രസാദം എടുത്ത് ചുറ്റുമുള്ളവർക്ക് കൊടുക്കുന്നു.

അനന്തരം, കാപ്പിപലഹാരങ്ങളോ സദ്യയോ വിളമ്പുന്നു. തദവസരത്തിൽ മദ്യ-മത്സ്യ-മാംസാദികൾ വർജ്ജിക്കേത് നിർബന്ധമാണ്.

3.15.1.3. കാൽനാട്ട്

വധുവിന്റെ ബന്ധുക്കൾ മാത്രം പങ്കെടുക്കുന്ന ചടങ്ങാണിത്. വിവാഹം വധൂഗൃഹത്തിൽ വച്ചാണ് നടക്കുന്നതെങ്കിൽ, വിവാഹപ്പന്തൽ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ചെയ്യുന്നതാണിത്. നിശ്ചിതദിവസവും സമയവും നോക്കി, കന്നിമൂലയിൽ ഗണപതിക്ക് വച്ച് പൂജിച്ച ശേഷമാണ് കർമ്മം. ഒരു മാർ നീളവും തള്ളവിരൽ കനവുമുള്ള പ്ലാവിൻകമ്പു വെട്ടിയെടുത്ത് അഗ്രഭാഗത്തൊഴിച്ചുള്ള ഇലകൾ നീക്കി, മധ്യത്തിലായി ഒരു വെറ്റിലയും മഞ്ഞളും നൂൽകൊ് കെട്ടി, തൂണിനൊപ്പം നാട്ടുന്നു. ഈയവസരത്തിൽ സ്ത്രീകൾ കുരവയിടുന്നു. മണ്ണിട്ടുറപ്പിച്ചശേഷം തേങ്ങ മുറിച്ച് ശുഭാശുഭങ്ങൾ നോക്കലും പതിവു്. ശേഷം, വിവാഹത്തലേന്ന് പൂർത്തിയാകുംവിധം പന്തലിടുന്നു. പൂമുഖവാതിലിന് മുമ്പിലായിരിക്കണം മണവിട (കതിർമണ്ഡപം). പ്രദക്ഷിണസൗകര്യത്തോടു കൂടിയായിരിക്കണം ഇത് ഒരുക്കേത്.

3.15.1.4. താലിക്ക് പൊന്നുരുക്ക്

വരന്റെ വീട്ടിൽവെച്ച് തട്ടാനാണ് താലിക്ക് പൊന്നുരുക്കേത്. വിളക്കു കത്തിച്ച്, ഗണപതിക്കൊരുക്കി, ഗണപതീപൂജ കഴിഞ്ഞശേഷം പുതിയ സ്വർണ്ണം

തീയിലിട്ട് ഉരുക്കുന്നു. ഉരുകിയ സ്വർണ്ണം ഗോളാകൃതിയിലാക്കിയെടുത്ത് വെള്ളത്തിലിട്ട് തണുപ്പിച്ച് തട്ടാൻ കൊടുപോകുന്നു. താലിയാക്കി മാറ്റിയശേഷം തട്ടാന്റെ പക്കൽനിന്നും വാങ്ങിക്കൊുവരണം.

3.15.1.5. മണവിടയൊരുക്ക്

വിവാഹദിവസം, വരനെ സ്വീകരിക്കാൻ പോകുന്നതിനു മുമ്പായി ആചാര്യൻ ശുദ്ധമായി, ശുഭ്രവസ്ത്രം ധരിച്ച് കിീയിൽ ജലമെടുത്ത് ആചമിച്ച് മണവിടയിൽ കയറുന്നു. ക്ഷേത്രശ്രീകോവിലിൽ കയറുന്ന ആചാരമാണിവിടെയും.

3.15.1.6. ആചാര്യവരണം

വധൂപിതാവ് മണവിടയിൽ കയറി കിഴക്കോട്ട് തിരിഞ്ഞുനിന്ന് (ക്ഷേത്രത്തിലാണെങ്കിൽ ദർശനാനുസൃതം) ഒരു തട്ടത്തിൽ മു്, വെറ്റില, പാക്ക്, പണം, പൂക്കൾ ഇവ ആദരപൂർവ്വം നൽകി ആചാര്യനെ വരിക്കണം.

ആചാര്യൻ, സ്വീകരിച്ച മുുടുത്ത് വിളക്കിനു മുന്നിൽ പലകയിൽ ചമ്രം പടിഞ്ഞിരുന്ന് കൈകൂപ്പി ഗണപതി, ഗുരു, പരമാത്മാവ് ഇവരെ വന്ദിച്ച്, വെള്ളം നിറച്ച കിീയിൽ പൂവും ചന്ദനവുമിട്ട്, വലതുകൈകെ് പൊത്തിപ്പിടിച്ച് ഗംഗയേ ആവാഹിക്കുന്നു. ശേഷം, കന്നിക്കോണിൽ അഞ്ചുതിരി വിളക്കിനു മുന്നിൽ ഗണപതിപൂജ, ശിവപൂജ എന്നിവ ചെയ്യുന്നു. മൂന്നു മാവില വാൽ മുകളിലായി വെച്ച് പൊതിച്ച നാളികേരം കണ്ണ് മുകളിലായി വച്ച് കുംഭവും നാളികേരവും മഞ്ഞൾ കുങ്കുമാദികൾ ചാർത്തുന്നു. ശേഷം മണവിടയിൽ, പടിഞ്ഞാറുവശത്ത് വധൂവരന്മാർക്ക് ഇരിക്കാൻ വെള്ള മുുവിരിച്ച് ഇരിപ്പിടം ഒരുക്കുന്നു.

3.15.1.7. വരനെ സ്വീകരിക്കൽ

മുഹൂർത്തത്തിന് മുമ്പായി, വധൂസഹോദരന്മാർ ബന്ധുമിത്രാദികളോടൊത്ത് വരൻ വന്നു തങ്ങിയിരിക്കുന്നിടത്ത് ചെല്ലുന്നു. (വിവാഹം ക്ഷേത്രത്തിലാണെങ്കിൽ ക്ഷേത്രഗോപുരത്തിനു മുന്നിൽവച്ച് സ്വീകരണമാകാം). പായിലോ കസേരയിലോ കിഴക്കോട്ടു തിരിഞ്ഞിരിക്കുന്ന വരന് ആദ്യം പാലും പഴവും ശേഷം പൂമാലയും ബൊക്കയും നൽകുന്നു. കളഭം തൊടുവിക്കയും പനിനീർ കുടയുകയും ചെയ്യുന്നു. കൈപിടിച്ച്, വായ്ക്കുരവയുടെയും വാദ്യ മേളങ്ങളുടെയും അകമ്പടിയോടെ ആനയിക്കുന്നു. വധുവിന്റെ ബന്ധുക്കളായ സ്ത്രീജനങ്ങൾ വരനെ സ്വീകരിക്കാൻ പന്തൽവാതിൽക്കൽ തയ്യാറായി നിൽക്കും. വരൻ പടിക്കലെത്തി പലകമേൽ കയറി നിൽക്കുമ്പോൾ വധൂസഹോ ദരൻ കിിവാലിൽക്കൂടി ജലമൊഴിച്ച് കാൽ കഴുകണം. തത്സമയം വരൻ വധൂസഹോദരന് മോതിരമോ പണമോ (ചുരുൾ) സമ്മാനിക്കുന്നു. വധുവിന്റെ സുമംഗലിയായ മൂത്ത സഹോദരി മുന്നോട്ടുവന്ന് ര
ു കൈകളിലും വിളക്കു തിരി കത്തിച്ച് ചേർത്തുപിടിച്ച് അരത്ത വെള്ളംകൊ്
മൂന്നുപ്രാവശ്യം മുഖം ചേർത്തുഴിഞ്ഞ് വടക്കോട്ടു കമിഴ്ത്തുന്നു. എല്ലാവരും ചേർന്ന് വരനേയും ബന്ധുക്കളെയും ആനയിച്ച് ആദരവോടെ ഇരിപ്പിടം നൽകുന്നു. മണവിടയുടെ വലതുവശത്ത് കിഴക്കോട്ടു തിരിഞ്ഞാണ് വരൻ ഇരിക്കേത്.

വരൻ കൊുവന്നിട്ടുള്ള തിരുമംഗല്യം, പുഷ്പഹാരങ്ങൾ, വിവാഹവസ്ത്രങ്ങൾ, മാമൻവേഷ്ടി മുതലായവ കതിർമണ്ഡപത്തിൽ ഏൽപ്പിക്കുന്നു. വരന്റെ സഹോദരീഭർത്താവ് വരനെ ആനയിച്ച് മണവിടയ്ക്കു പ്രദക്ഷിണം വച്ച് പടിഞ്ഞാറുവശത്തുവന്ന് നിൽക്കുന്നു. വരൻ, ആചാര്യൻ കി
ിവാലിൽക്കൂടി നൽകുന്ന തീർത്ഥം വലതുകൈയ്യിൽ വാങ്ങിക്കുടിച്ച്, വലതുകാൽ വച്ച് കതിർ മണ്ഡപത്തിൽ കയറി ഗുരുക്കളേയും ബന്ധുമിത്രാദികളെയും വന്ദിച്ച്

ഇരി ക്കുന്നു. ശേഷം, ആചാര്യനിർദ്ദേശാനുസൃതം യഥാക്രമം ഗണപതി, അഗ്നി, കുംഭം ഇവയ്ക്ക് പുഷ്പാർച്ചന ചെയ്ത് വന്ദിക്കുന്നു.

3.15.1.8. തകുപ്പൻകൊറ

വരന്റെ പിതാവ് ആചമനം ചെയ്ത് തൊട്ടുവണങ്ങി, മണവിടയിൽ കയറി വരന്റെ വലതുഭാഗത്തിരിക്കുന്നു. ദേവതാസ്ഥാനങ്ങളിൽ പുഷ്പാർച്ചന ചെയ്ത് വന്ദിക്കുന്നു. ശേഷം, വരൻ എഴുന്നേറ്റ് പിതൃപാദം തൊട്ടു വന്ദിക്കുകയും പ ിതാവ് ശിരസ്സിൽ കൈവച്ച് അനുഗ്രഹിക്കുകയും ചെയ്യുന്നു. അനന്തരം പിതാവ് വടക്കുവശത്തുകൂടി വേദിവിട്ടിറങ്ങുന്നു.

3.15.1.9. മാമൻകൊറ/കാപ്പുകെട്ട്

മഞ്ഞൾ പുരട്ടിയ ചരടിൽ ഒരു കഷ്ണം മഞ്ഞളും ചെറിയ ഒരു ലോഹവളയും ചുരുട്ടിയ വെറ്റിലയും അരയിഞ്ച് വീതം അകലത്തിൽ കെട്ടിയതാണ് കാപ്പ്. വരന്റെ മാമൻ മണവിടയിൽ കയറി വരന്റെ വലതുവശത്തിരുന്ന് കൈനനച്ച് ദേവതാസ്ഥാനങ്ങളിൽ പുഷ്പാർച്ചന ചെയ്ത് വന്ദിക്കുന്നു. ഒരു തട്ടത്തിൽ കുറച്ച് ഉണക്കലരിയും നാളികേരവും വച്ച് മുകളിൽ വെറ്റിലയും കാപ്പും വെച്ച തട്ടം വരനു മുന്നിൽ വയ്ക്കുന്നു. തത്സമയം ആചാര്യന്റെ സഹായി, മണവിടയുടെ അഗ്നികോണിലെ തൂണിൻചുവട്ടിൽ പ ുറത്തായി അരശാണി (അരമാർ നിളത്തിലുള്ള നായങ്കണത്തലപ്പ്) നാട്ടി തേങ്ങ മുറിക്കുന്നു. ആചാര്യൻ താലിച്ചെപ്പ് മൂടി തുറന്ന് മാമന്റെ രുകൈയ്യും ചേർത്തുപിടിച്ച് കൊടുക്കുന്നു. കാപ്പുവച്ചിരിക്കുന്ന വെറ്റിലയുടെ വാലും അരശാണിയിലെ ഇലയുടെ അഗ്രവും നിറനാഴിയിൽനിന്ന് ഒരു നെല്ലും പൂവും കൂടി എടുത്ത് മന്ത്രം ജപിച്ച് താലി ചെപ്പിൽ ഇടുന്നു. ഇത് മൂന്നുതവണ ആവർത്തിക്കുന്നു. മാമൻ ചെപ്പ് താഴെവച്ച് കാപ്പ് എടുത്ത് വരന്റെ വലതു

കൈയ്യിൽ കാപ്പും മഞ്ഞളും നാഡിയിൽ സ്പർശിക്കത്തക്കവിധം മണിബന്ധ ത്തിൽ കെട്ടുന്നു. ഈയവസരത്തിൽ സ്ത്രീകൾ കുരവയിടുന്നു.

ഒരുചാൺ നീളമുള്ള വാഴപ്പ്ി മൂന്നെണ്ണം മൂന്നു വെറ്റിലവാൽ മുകളിലായി ചേർത്തു കെട്ടിവച്ചത് മുകളിലേക്ക് ചേർത്തുപിടിച്ച്, വരനും മാമനും മൂന്നുവീതം ഓരോ നുള്ള് കുതിർത്ത നവധാന്യം ഇരുകൈയ്യും ചേർത്തുപിടിച്ച് വാരിയിടണം. ശേഷം വരൻ എഴുന്നേറ്റ് മാമന് വേഷ്ടി കൊടുത്ത് പാദം തൊട്ടുനമസ്കരിക്കുന്നു. ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ച ശേഷം മാമൻ വേദിവിട്ടിറങ്ങുന്നു.

തട്ടത്തിൽവെച്ച് പൂവർപ്പിച്ച് മഞ്ഞൾ തൊട്ടാശീർവദിച്ചു കൊടുക്കുന്ന വരന്റെ വിവാഹവസ്ത്രം വരന്റെ പെങ്ങളുടെ ഭർത്താവ് വാങ്ങുന്നു. അളിയൻ വരനെ എഴുന്നേൽപ്പിച്ച് വടക്കുവശത്തുകൂടെ ഇറങ്ങിപ്പോയി വസ്ത്രം ധരി ക്കുന്നു. പിന്നീട് വധു പര്യപ്പട്ടുടുത്ത് അഷ്ടമംഗല്യത്തോടെ (കുരവം, ദർപ്പണം, ദീപം, അക്ഷതം, വസ്ത്രം, കലശം, അംഗന, ഹേമം എന്നിവ) മദിനിയാൽ ആനയിക്കപ്പെട്ട് കതിർമണ്ഡപത്തിനു മൂന്നു പ്രദക്ഷിണം വച്ച് പടിഞ്ഞാറുനിന്ന് വലതുകാൽ വച്ചു കയറി ഗുരുജനങ്ങളെ നമസ്കരിച്ച് ഇരിക്കുന്നു.

3.15.1.10. വധുവിന്റെ തകുപ്പൻകൊറ, മാമൻകൊറ, കാപ്പുകെട്ട്

വരൻ ചെയ്തതുപോലെ തന്നെ, പുഷ്പാർച്ചന, പിതൃവന്ദനം, പിതാവിന്റെ അനുഗ്രഹം വാങ്ങൽ, മാമൻ കയറി കാപ്പുകെട്ട്, താലിപൂജ, മാമന് വേഷ്ടി നൽകി അനുഗ്രഹം വാങ്ങൽ എന്നിവ ചെയ്യുന്നു.

3.15.1.11. മുഹൂർത്തപ്പട്ടു നൽകൽ

പുഷ്പാർച്ചന ചെയ്ത്, മഞ്ഞൾ ചാർത്തി ആചാര്യൻ നൽകുന്ന മുഹൂർത്തപ്പട്ട് വാങ്ങി മദിനി (വധുവിന്റെ സഹോദരഭാര്യ) വധുവിനെക്കൂട്ടി വടക്കോട്ടിറങ്ങിപ്പോയി വധുവിനെ ധരിപ്പിക്കുന്നു.

3.15.1.12. താലികെട്ട്

വിവാഹവസ്ത്രം ധരിച്ച വധൂവരന്മാർ വേദിക്കു സമീപമെത്തുമ്പോൾ, കത്തിച്ച നിലവിളക്കുമായി വധുവിന്റെ മദിനി, താലിച്ചെപ്പെടുത്ത വരന്റെ സഹോദരി, പിന്നിൽ വരന്റെ കൈപിടിച്ച് സഹോദരീഭർത്താവ്, വരൻ, വധു, അതിനു പിന്നിൽ വധൂവരന്മാരുടെ സഹോദരിമാർ എന്നീ ക്രമത്തിൽ കതിർമണ്ഡപത്തിനു മൂന്നു പ്രദക്ഷിണം വച്ച് വധൂവരന്മാർ കതിർമണ്ഡപത്തിൽ കയറിയിരിക്കുന്നു. വരന്റെ ഇടതുവശത്താണ് വധൂസ്ഥാനം.

ആചാര്യൻ ദേവതാസ്ഥാനങ്ങളിൽ ആരാധിച്ച കർപ്പൂരദീപം വധൂവരന്മാർ തൊട്ടുവണങ്ങണം. ആചാര്യൻ ചന്ദനം തൊടുവിക്കുകയും ഇരുവർക്കും മധുരം (കൽക്കം) വായിലിട്ടു കൊടുക്കുകയും ചെയ്യുന്നു. താലിയെടുത്ത് വരന് കൊടുക്കുകയും സ്വീകരിച്ച വരൻ താലി വധുവിനെ കെട്ടുകയും ചെയ്യുന്നു. വരന്റെ സഹോദരി താലികെട്ടാൻ സഹായിക്കുന്നു. സ്ത്രീകൾ കുരവയിടുകയും ബന്ധുമിത്രാദികൾ പൂവും അരിയും എറിഞ്ഞ് അനുഗ്രഹിക്കുകയും ചെയ്യുന്നു.

3.15.1.13. മാലയിടൽ

ആചാര്യൻ നൽകുന്ന മാല വധു എണീറ്റുനിന്ന് സ്വീകരിച്ച് വരനെ ചാർത്തുന്നു. വരൻ ഇരുന്നുകൊുതന്നെ വധുവിന് മാലയിടുന്നു.

സുമംഗലികളായ മദിനിമാർ വന്ന് കുങ്കുമം എടുത്ത്, ആദ്യം സ്വന്തം താലിയിലും നെറ്റിക്കു മുകളിലും പിന്നീട് വധുവിന്റെ താലിയിലും നെറ്റിക്കു

മുകളിൽ നടുക്കും ചാർത്തുന്നു. ശേഷം ഭസ്മമിട്ട് അനുഗ്രഹിക്കുന്നു. വധു, മദിനിമാർക്ക് അവരുടെ മുന്താണി(സാരിത്തലപ്പ്)യിൽ വെറ്റില, നാരങ്ങ, പഴം ഇവ നൽകുന്നു.

3.15.1.14. കൈപ്പിടുത്തുകൊടുക്കൽ (നീർവാഴ്ത്ത്)

വധൂപിതാവ് വധൂവരന്മാരുടെ മുന്നിലിരുന്ന് ഒരു വെറ്റിലയെടുത്ത് ഇടതു കൈയ്യിൽ മലർത്തിവെച്ച് വരന്റെ വലതുകൈ പിടിച്ച് വധുവിന്റെ വലതുകൈ പെരുവിൽ അകത്തേക്കു മടക്കി മലർത്തിവെച്ചു കൊടുക്കണം. വരൻ വധുവിന്റെ കൈ പെരുവിരലടക്കം പിടിക്കണം. പിതാവ് വലതുകൈ അതിനുമേൽ കമിഴ്ത്തി വയ്ക്കുന്നു. ആചാര്യൻ കിിവാലിൽക്കൂടി ജലം അല്പാല്പം വീഴ്ത്തി, കൈപ്പിടി ശാസ്ത്രം (c.f. അനുബന്ധം 3). ചൊല്ലിക്കൊടുക്കുന്നത് വധൂപിതാവ് ഏറ്റുചൊല്ലുന്നു.

3.15.1.15. ആശീർവാദം

വധൂവരന്മാർ നൽകുന്ന ദക്ഷിണ സ്വീകരിച്ച് ആചാര്യൻ തലയിൽ കൈവച്ച് അനുഗ്രഹിക്കുന്നു. ശേഷം ബന്ധുമിത്രാദികൾ നെറ്റിയിൽ ഭസ്മം തൊട്ട് അനുഗ്രഹിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

വധൂഗൃഹത്തിൽവെച്ചാണ് വിവാഹമെങ്കിൽ, ആശിർവാദാനന്തരം, വധൂമാതാവ് വിളക്കു കൊുവന്ന് വധുവിന് കൊടുക്കുന്നു. ശേഷം വരൻ, കൈപിടിച്ച് കതിർമണ്ഡപത്തിന് വലംവച്ച് മുന്നിൽ നടത്തുന്നു. വിളക്കുമായി വീടിനുള്ളിലേക്ക് കയറുന്നു. വധുവിന്റെ അമ്മ മധുരം നൽകുന്നു. അമ്പലത്തിലോ മറ്റോ ആണ് വിവാഹമെങ്കിൽ വീട്ടിൽ കയറുന്നതിനു പകരം വിശ്രമിക്കാൻ പറ്റിയ ഒരിടത്ത് പോയിരിക്കുകയും വരന്റെ ബന്ധുക്കൾ പാലും പഴവും നൽകുകയുമാണ് പതിവ്.

3.15.1.16. വാതിൽപ്പടിപണം

ഗൃഹത്തിലേക്ക് പ്രവേശിക്കുമ്പോൾ, വാതിൽക്കൽ വധുവിന്റെ മാമന്റെ മകൻ (മച്ചമ്പി) നിൽക്കും. വരൻ അയാൾക്ക് ചുരുൾ (ദക്ഷിണ പണം) നൽകുന്നു.

3.15.1.17. സദ്യ

വിഭവസമൃദ്ധമായ സദ്യ വധൂപിതാവിന്റെ കർത്തവ്യമാണ്. ശേഷി കാണിക്കാനും ഇത് അവസരമാക്കുന്നു്. കഴിവനുസരിച്ച് കറികളുടെയും പായസത്തിന്റെയും എണ്ണം കൂട്ടാറു്. മത്സ്യമാംസാദികൾ തീർത്തും വർജ്ജ്യമാണ്.

3.15.1.18. യാത്രയാക്കൽ

വധൂവരന്മാർ കാപ്പുപൊട്ടിച്ച് ജലാശയത്തിലിട്ട് കൈകാൽ മുഖം കഴുകി മണവിടയിൽ വന്നിരിക്കുകയും ആചാര്യൻ നൽകുന്ന തീർത്ഥം സ്വീകരിച്ച് വ്രതം മുറിക്കുകയും ചെയ്യുന്നു. ഭസ്മമിട്ട് അനുഗ്രഹിച്ച് യാത്രയാക്കുന്നു. വസ്ത്രം, ധനം, സ്വർണ്ണാഭരണങ്ങൾ, കിടക്ക, പലഹാരങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, വിളക്ക്, പാത്രങ്ങൾ എന്നിവ നൽകിയാണ് വധുവിനെ യാത്രയാക്കുന്നത്. യാത്ര പുറപ്പെടുമ്പോൾ സുമംഗലിയായ ഒരു സ്ത്രീ നിറകുടവുമായി എതിർവരുന്നു. കൂടെ വധൂസഹോദരൻ ഒറ്റയ്ക്കോ ഭാര്യാസമേതനായോ അനുഗമിക്കുന്നു. അവർക്ക് വരൻ വസ്ത്രം, സ്വർണ്ണം എന്നിവ നൽകുന്ന പതിവുമു്.

3.15.1.19. ഗൃഹപ്രവേശം

ഗൃഹപ്രവേശത്തിനും മുഹൂർത്തമു്. മാലയണിഞ്ഞ വധൂവരന്മാരെ വരന്റെ മാതാവോ സഹോദരിയോ അരത്തയുഴിഞ്ഞ് സ്വീകരിക്കുന്നു. വധു, അരിയെറിഞ്ഞ ശേഷം, അമ്മ നൽകിയ നിലവിളക്കുമേന്തി വലതുകാൽ വച്ച്

ഭർതൃഗൃഹത്തിൽ പ്രവേശിക്കുന്നു. വരന്റെ മാതാവ് ഇരുവർക്കും മധുരം നൽകുന്നു.

3.15.1.20. വിരുന്നിനു വിളിക്കൽ

വധുവിനെ അനുഗമിക്കുന്ന സഹോദരൻ ചെല്ലുന്ന ദിവസം വരന്റെ വീട്ടിൽ താമസിക്കുന്നു. പിറ്റേന്ന് തിരിച്ചുപോരുംമുമ്പ് വരനെ വിരുന്നിന് ക്ഷണി ക്കുന്നു. ഒരു തട്ടത്തിൽ വെറ്റില, അടയ്ക്ക, വന്നുപോകാനുള്ള ചെലവിലേക്കെന്ന അർത്ഥത്തിൽ ഉചിതമായ ഒരു തുക എന്ന അർത്ഥത്തിൽ ഉചിതമായ ഒരു തുക എന്നിവ വച്ച് 'അളിയൻ ഇന്ന ദിവസം വിരുന്നിനു വരണം' എന്നുപറഞ്ഞ് ക്ഷണിക്കുകയും വരൻ 'വരാം' എന്നുപറഞ്ഞ് ചുരുൾ സ്വീകരിക്കുകയും ചെയ്യുന്നു.

വിരുന്നുവരുന്ന വരന് വസ്ത്രാഭരണാദികൾ സമ്മാനിക്കുന്ന പതിവ്. ഈ വിരുന്നിനു പുറമേ വിവാഹശേഷമുള്ള ആദ്യത്തെ ചിങ്ങമാസത്തിലെ തിരുവോണത്തോടനുബ്ധിച്ച് വധൂഗൃഹത്തിൽ വിരുന്നൊരുക്കാറു്. തദവസര ത്തിൽ വരൻ വധുവിന്റെ മാതാപിതാക്കൾക്കും തിരിച്ചും വസ്ത്രാദികൾ നൽകി സന്തോഷിപ്പിക്കുന്നു.

3.15.1.21. അടുക്കള കാണൽ

വധുവിന്റെ അമ്മ ആദ്യമായി വീടുകാണുന്ന ചടങ്ങാണിത്. തദവസ രത്തിൽ പാത്രങ്ങൾ, ഗൃഹോപകരണങ്ങൾ, പലഹാരങ്ങൾ എന്നിവ സമ്മാനമായി നൽകും.

3.15.1.22. അടിയറുതി വിരുന്ന്

കർക്കിടകമാസം അവസാനദിവസം (ആടിയറുതി) വധുഗൃഹത്തിലേക്ക് വധൂവരന്മാരെ വിരുന്നിനു വിളിച്ച് സൽക്കരിക്കുന്നു.

3.15.1.23. പ്രസവത്തിനു വിളി

ആദ്യപ്രസവം മാത്രമാണ് വധൂഗൃഹത്തിൽ പതിവ്. പിന്നീടുള്ളവ ഭർതൃഗൃഹത്തിൽത്തന്നെയാവാം. പെണ്ണിന്റെ അമ്മ മറ്റ് സ്ത്രീജനങ്ങളോടൊത്ത് ഏഴ്, ഒൻപത് ഇതിലേതെങ്കിലും മാസത്തിൽ നല്ല ദിവസം നോക്കി പലയിനം പ ലഹാരങ്ങളുമായി പോകുന്നു. ഇറങ്ങാനുള്ള നല്ല സമയം കാലേക്കൂട്ടി തീരുമാ നിക്കുന്നു. ഇറങ്ങാൻ നേരമാകുന്നതിനു മുമ്പായി ചടങ്ങു തുടങ്ങുന്നു. പൂമു ഖത്ത് വിളക്കും ഒരുക്കും വച്ച് പൂജിക്കുന്നു. പിന്നെ മകളുടെ ഭർത്താവിനെയും സഹോദരന്മാരെയും വിളിച്ചുവരുത്തി പിതാവോ സഹോദരനോ യഥാശക്തി പണത്തോടുകൂടിയ ചുരുൾ നൽകുന്നു. ശേഷം മകളെ വിളിച്ചിരുത്തി പലഹാര ങ്ങളിട്ട് മടി നിറയ്ക്കുന്നു. അനന്തരം ആനയിച്ചിറക്കി വധൂഗൃഹത്തിലേക്ക് കൊുപോകുന്നു.

3.15.1.24. വയറുകാണൽ

പ്രസവത്തിനായി സ്വഗൃഹത്തിലേക്കു പോയ മരുമകളെ കാണാൻ ഭർതൃ മാതാവ് സ്ത്രീജനങ്ങളോടൊത്ത് പോകുന്ന ചടങ്ങാണിത്. ഏഴാം മാസത്തിലോ ഒമ്പതാംമാസത്തിലോ ആണ് ഇങ്ങനെ ചെയ്യേത്. പോകുമ്പോൾ വിവിധ പ ലഹാരങ്ങൾ കൊുപോകേതു്. ഏഴാംമാസത്തിലാണ് പോകുന്നതെ ങ്കിൽ ഏഴുവിധവും ഒമ്പതാംമാസത്തിലാണെങ്കിൽ ഒമ്പതുവരെയും പലഹാര ങ്ങൾ കൊുപോകുന്നു.

## 3.15.2. ജാതകർമ്മം

3.15.2.1. തേനും വയമ്പും കൊടുക്കൽ

നവജാതശിശുവിന് പ്രാഥമിക ശുദ്ധിയും ശുശ്രൂഷയും ചെയ്ത് തണുപ്പു മാറ്റിയ ജലത്തിൽ കുളിപ്പിച്ച് ശുഭ്രവസ്ത്രത്തിൽ പൊതിഞ്ഞ സൂതകർമ്മിണിയിൽ നിന്ന് ഭർത്താവോ ഭർത്താവിന്റെ അടുത്ത ബന്ധുക്കളോ ഏറ്റുവാങ്ങുന്നു. പിന്നെ തേൻ ചേർത്ത് വയമ്പും സ്വർണ്ണവും അരച്ചത് നാവിൽ തൊട്ടുകൊടുക്കുന്നു. തുടർന്ന് ഈറ്റില്ലത്തിലും മാതൃദേഹത്തും തീർത്ഥം തളിക്കുന്നു. പിന്നെ സ്തനങ്ങൾ പവിത്രജലത്താൽ കഴുകിത്തുടച്ച് ആദ്യം വലത്തേതും പിന്നെ ഇടത്തേതുമായ മുലപ്പാൽ നൽകുന്നു.

3.15.2.2. വാലായ്മ

ശിശു ജനിച്ചാൽ ഏതാനും ദിവസം വാലായ്മ ആചരിക്കും. പത്ത് പ തിനാല് എന്നിങ്ങനെ പലരും പല അളവിലാണ് വാലായ്മയുടെ ആചരണം. ഈ ദിവസങ്ങളിൽ വിളക്കു കത്തിക്കൽ, ഉച്ചത്തിലുള്ള നാമജപാദികൾ, ക്ഷേ ത്രദർശനം ഇവ ഒഴിവാക്കുന്നു.

3.15.2.3. തളിച്ചുകുളി

വാലായ്മയുടെ അവസാനംകുറിച്ചുകൊള്ളള ചടങ്ങാണിത്. നിശ്ചിത ദിവസം വീട് കഴുകി വൃത്തിയാക്കി ക്ഷേത്രത്തിൽനിന്ന് കൊവന്ന പുണ്യാഹം തളിച്ച് വീടും പരിസരവും ശുദ്ധമാക്കുന്നു. സന്ധ്യയ്ക്ക് വേതുകുളി നടത്തിയ മറപ്പുരയിൽ മൂലയ്ക്ക് ചെറുപന്തം കത്തിച്ച് കുത്തിവയ്ക്കുന്നു. അതിനു മുന്നിൽ പ്രസവരക്ഷ ചെയ്ത ദേവതാസങ്കല്പത്തിൽ ചോറും കറികളും വിളമ്പി സമർപ്പിക്കുന്നു. വേതുകലം ഇറക്കി വയ്ക്കുന്നു. കുളിപ്പിച്ച ആയയ്ക്ക് ഭക്ഷണവും വസ്ത്രവും നൽകുന്നു. ശേഷം ഭക്ഷണം കഴിച്ച് പിരിയുന്നു. ഭർതൃഗൃഹത്തിലുള്ളവർക്കും യഥോചിതം പങ്കെടുക്കാം.

3.15.2.4. ചരടുകെട്ടും നാമകരണവും

പെൺകുഞ്ഞാണെങ്കിൽ 28–ാം ദിവസവും ആണാണെങ്കിൽ 27–നും നാമകരണം നടത്തുന്നു. കുഞ്ഞിന്റെ അച്ഛനുമമ്മയും ഇരുവരുടെയും അടുത്ത ബന്ധുക്കളും പങ്കെടുക്കുന്നു. പൂമുഖത്ത് വിളക്കും ഒരുക്കും വച്ച് പൂജിക്കുന്നു. അതിനടുത്തായി ഭംഗിയായി തുടച്ചു വൃത്തിയാക്കിയ തറയിൽ വസ്ത്രങ്ങ ളൊന്നുമില്ലാതെ കുട്ടിയെ കിഴക്കോട്ടു തലയായി മലർത്തിക്കിടത്തുന്നു. ഭർത്താ വിന്റെ അച്ഛനമ്മമാരാരെങ്കിലുമാണ് ചരടു കെട്ടേത്. ചരടുകെട്ടുന്ന ആൾ പ ടിഞ്ഞാറുവശത്തിരുന്ന്, കിീയിൽ ജലമെടുത്ത് തുളസിക്കതിർ കൊ് കുട്ടിയുടെ ദേഹത്ത് അല്പമാത്രം തളിക്കുന്നു. അരയിൽ ചരടോ സ്വർണ്ണമോ വെള്ളിയോ കൊുള്ള അരഞ്ഞാണമോ, ചരടും അരഞ്ഞാണവും ചേർത്തോ ബന്ധിക്കുന്നു. ശേഷം മടിയിലെടുത്തുവച്ച് ഇടതുചെവിയിൽ പേർ വിളിക്കുന്നു. ആൺകുട്ടിയാണെങ്കിൽ അപ്പൂപ്പന്റെയും പെൺകുട്ടിയാണെങ്കിൽ അമ്മൂമ്മയു ടെയും പേരാണ് ആദ്യം വിളിക്കേത്.

തുടർന്ന് വിളക്കിനരികിൽ തയ്യാറാക്കി വച്ചിരിക്കുന്ന പശുവിൻപാൽ സ്വർണ്ണം കൊ് തൊട്ടുനൽകുന്നു. തുടർന്ന് ബന്ധുമിത്രാദികൾ ഓരോരുത്ത രായി വന്ന് പാൽ തൊട്ടു നൽകുകയും സമ്മാനങ്ങൾ നൽകി അനുഗ്രഹിക്കു കയും ചെയ്യുന്നു. സാധാരണയായി അന്നുമുതലാണ് പശുവിൻപാൽ കൊടുത്തു തുടങ്ങുക.

### 3.15.3. തെരുകുളി

പെൺകുട്ടി ഋതുമതിയായാൽ നാലുദിവസത്തേക്ക് കുട്ടിയെ മാറ്റിയിരു ത്തുന്നു. എണ്ണ, മുട്ട, ചക്കരച്ചോറ് മുതലായവ നൽകുന്നു. ബന്ധുക്കളായ സ്ത്രീകൾ ഈയവസരത്തിൽ മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകും. നാലാംദിവസം കുളിപ്പിച്ച് പുതുവസ്ത്രം ഉടുപ്പിച്ച് ഒരുക്കുന്നു. ചടങ്ങിന് അടുത്ത ബന്ധുക്കളെ വിളിക്കും. വിളക്കു കത്തിച്ച്, അതിനു വടക്കുവശത്തിരുത്തി

മംഗല്യമുള്ള മുതിർന്ന സ്തീകൾ അരിയും പൂവും തലയിൽ ഇട്ട് അനുഗ്രഹിക്കുന്നു. ശേഷം വിഭവസമൃദ്ധമായ സൽക്കാരങ്ങളും പതിവ്.

### 3.15.4. പിറന്നാൾ

ജനിച്ച മലയാളമാസത്തിലെ ജന്മനക്ഷത്രമാണ് പിറന്നാൾ. ജനിച്ച മാസത്തിൽ ജന്മനക്ഷത്രം രുപ്രാവശ്യം വന്നാൽ രാമത്തേതാണ് ആചരിക്കുക. ജന്മദിനം ആഘോഷിക്കുക നിർബന്ധമില്ല. ആഘോഷിച്ചാൽത്തന്നെ യഥാശക്തി ചെറുതായും വലുതായും ആഘോഷിക്കാം. അതിഥികളായി ബന്ധുമിത്രാദികളെ ക്ഷണിക്കാം.

രാവിലെ കുളിച്ച് പുത്തനുടുത്ത് ക്ഷേത്രദർശനം നടത്തി യഥാശക്തി വഴിപാടു കഴിക്കുന്നു. രാവിലെതന്നെ വീട്ടിൽ കത്തിച്ചുവച്ച വിളക്കിന് വടക്കിരുത്തി അരിയും പൂവുമിട്ട് മുതിർന്നവർ ആയുരാരോഗ്യസൗഖ്യത്തിനായി അനുഗ്രഹിക്കുന്നു. സമ്മാനങ്ങൾ നൽകുകയും പതിവ്. വന്നവർക്ക് ഭക്ഷണം നൽകി സന്തോഷിപ്പിച്ചയക്കണം. ഭാഗവതപാരായണം, നാമജപം, കീർത്തനം, ദാനധർമ്മാദികൾ എന്നിവ വളരെ പ്രധാനമാണ്.

### 3.15.5. ഉപവീത (പൂണൂൽ) ധാരണം

കുളിച്ച് ശുദ്ധിയോടെ വന്ന്, ബ്രാഹ്മണൻ പൂജിച്ചു ജപിച്ചു നൽകുന്ന പൂണൂൽ, ഈശ്വരപ്രാർത്ഥനയോടെ ശരീരത്തിലണിയുന്നു. ശേഷം ദക്ഷിണ നൽകി നമസ്കരിക്കുന്നു. വർഷത്തിൽ ഒരു പ്രാവശ്യം (ആവണി അവിട്ടത്തിന്) പൂണൂൽ മാറ്റിധരിക്കേതു്.

### 3.15.6. മരണാനന്തര ചടങ്ങുകൾ

മരണാനന്തര കർമ്മങ്ങൾ മറ്റു മലയാളികളുടേതിൽനിന്ന് സാരമായ വ്യത്യാസങ്ങളില്ല.

## 3.16. ഭക്ഷണരീതി

കുടിയേറിയിട്ട് നൂറ്റാുകൾ കഴിഞ്ഞെങ്കിലും ഇന്നും ഭക്ഷണകാര്യത്തിൽ തമിഴ് പാരമ്പര്യം ഇക്കൂട്ടർ പൂർണ്ണമായും വിട്ടിട്ടില്ല. തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലുള്ളവരും തമിഴ്നാടുമായി നല്ല ബന്ധം പുലർത്തു ന്നവരും അടുത്തകാലത്ത് കുടിയേറിയവരും ഈ പാരമ്പര്യം കൂടുതലായി കാത്തുസൂക്ഷിക്കുന്നു.

ക്ഷേമാന്വേഷണം ചെയ്യുമ്പോൾ സുഖമല്ലേയെന്നു ചോദിച്ചുകഴിഞ്ഞാൽ പിന്നത്തെ ചോദ്യം ഭക്ഷണം കഴിച്ചോ എന്നാണ് പതിവ്. തമിഴ് സംസാരിക്കു ന്നവരാണെങ്കിൽ 'സൗഖ്യമാ?' എന്നു ചോദിച്ചശേഷം 'സാപ്പിട്ടാച്ചാ?' എന്നു ചോദിക്കുന്നത് പതിവാണ്. ഫോണിൽ സംസാരിക്കുമ്പോഴും ഇവർ ഈ പതിവ് തുടരുന്നു. വീട്ടിൽ ആര് എപ്പോൾ വന്നാലും ഭക്ഷണം കഴിച്ചോ എന്ന് ചോദിക്കുക ഇവർക്ക് നിർബന്ധമുള്ള കാര്യമാണ്. എന്തെങ്കിലും ഭക്ഷണം കൊടുത്തശേഷം മാത്രം യാത്രയാക്കുക എന്നതും നിർബന്ധമാണ്. ആദ്യമായി വീട്ടിൽ വരുന്നവർക്ക് മധുരപലഹാരം നൽകുന്നതും വിശേഷവേളകളിൽ മധുരം വിളമ്പുന്നതും നിർബന്ധമാണ്.

ഇഡ്ഡലിയും ദോശയുമാണ് പ്രധാന പലഹാരം. ചട്ണിയും സാമ്പാറും ചമ്മന്തിപ്പൊടി അഥവാ മുളകായപ്പൊടിയും ഉപദംശങ്ങളായി ഉപയോഗിക്കുന്നു. വടയും പായസവും ചേർത്തുള്ള സദ്യയാണ് വിശേഷാവസരങ്ങളിൽ പതിവ്. ഇതിന് 'വടപായസച്ചോറ്' എന്നു പറയും. തമിഴ് പാരമ്പര്യം നന്നായി പുലർ ത്തുന്നവർ വെളുത്ത ചോറ്ററിയാണ് ഉപയോഗിക്കാറ്. ചുവന്ന അരി ഉപയോ ഗിക്കാറില്ല. ചോറിന് പൊരിയൽ (ഉപ്പേരി), വത്തുക്കുളമ്പ്, പരിപ്പ്, സാമ്പാർ, കൊ ാട്ടം, പപ്പടം, അച്ചാർ, മോര്, രസം ഇവ പ്രധാനമാണ്. മോരും രസവും

ഒഴിവാക്കാനാവാത്ത ഇനങ്ങളാണ്. വട ഒരു പ്രധാന പലഹാരമാണ്. പല വീടുകളിലും വടയുാക്കുക വൈകുന്നേരങ്ങളിൽ പതിവാണ്. സാധാരണ പരിപ്പ് ഗ്യാസ്ട്രബിൾ ഉാക്കുന്നതിനാൽ 'വടപ്പരിപ്പ്' എന്നൊരു പ്രത്യേകതരം പരിപ്പ് തന്നെ ഇവരിൽ ചിലർ ഉപയോഗിക്കുന്നു്. മുറുക്ക്, അച്ചപ്പം, പണിയാരം അഥവാ ഉണ്ണിയപ്പം, മുന്തിരിക്കൊത്ത് എന്നിവയും വിശേഷപലഹാരങ്ങളായി കണക്കാക്കപ്പെടുന്നു. മിക്കവരും നല്ല ഭക്ഷണപ്രിയരാണ്.

## 3.17. വസ്ത്രധാരണം

വസ്ത്രധാരണത്തിലും മലയാളികളുടേതിൽനിന്ന് വ്യത്യസ്തമായ പാരമ്പര്യം നിലനിർത്തുന്നവരാണ് തമിഴ് വാണിയർ. ''അബ്രാഹ്മണ തമിഴരിൽ പുരുഷന്മാർ പിൻകുടുമയുള്ളവരും സ്ത്രീകൾ നിറമുള്ള ചേല ധരിക്കുന്നവരും ആകുന്നു. എന്നാൽ പുരുഷന്മാർ പലരും പിൻകുടുമ എടുത്തിട്ടു്. മുൻകുടുമ ധരിച്ചുവരുന്നു്'' എന്നിങ്ങനെ അരനൂറ്റാു മുമ്പത്തെ അവസ്ഥ നിരീക്ഷിക്കപ്പെട്ടിട്ടു് (ഗോപാലപിള്ള, 1949: 97). ഷർട്ട് പ്രചാരത്തിൽ വരുംമുമ്പ് ആണുങ്ങൾ മുും തോർത്തും ധരിച്ചിരുന്നു. പിന്നെ മുും ജുബ്ബയുമായി വേഷം. ഇപ്പോഴും പ്രായംചെന്ന ചിലർ മുും ജുബ്ബയും ധരിക്കുന്നു്. സ്ത്രീകൾ പ്രധാനമായും കസവുചേല തമിഴ് രീതിയിൽ ഉടുക്കുകയായിരുന്നു പതിവ്. ബ്ലൗസ് പ്രചരിക്കുന്നതിനു മുമ്പ് ചേല തോളിലൂടെ താഴേക്കിട്ട് മുമ്പോട്ടു വലിച്ച് അരക്കെട്ടിൽ കുത്തി മാറ് മറച്ചിരുന്നു. വിധവകളായ സ്ത്രീകളിൽ ചിലർ മാത്രം നായന്മാരെ അനുകരിച്ചുകൊ് വേഷ്ടിയുടുത്തുകാണുന്നു്. വിധവ കൾ മുടിയിൽ പൂവണിയുക, നന്നായി ഒരുങ്ങുക, സിന്ദൂരം ചാർത്തുക എന്നിവ ചെയ്യാറില്ല.

## 3.18. ആഭരണം

> ആഭരണമണിയുവാൻ എല്ലാവർക്കും അവകാശമുായിരുന്നില്ല. ചാന്റാൻമാർക്കേ അതായത് മാന്യമാർക്കേ അതിനനുവാദമുായിരുന്നുള്ളു. അവർ അതിലേക്കായി മേനിപ്പൊന്ന് എന്ന കരം കൊടുക്കണമായിരുന്നു (കുഞ്ഞൻപിള്ള, 1970/1959: 172).

എന്നാൽ ആയിരത്താുകൾ മുമ്പുതന്നെ ആഭരണങ്ങളണിഞ്ഞിരുന്ന തമിഴ് വാണിയർക്ക് അക്കാര്യത്തിൽ ഒരുകാലത്തും വിലക്കുായിരുന്നില്ല. ആണു ങ്ങൾ സാർവ്വത്രികമായി അണിഞ്ഞിരുന്ന പ്രധാന ആഭരണം കാതിലെ കടുക്കൻ ആയിരുന്നു. പ്രചാരത്തിലുായിരുന്ന എല്ലാ ആഭരണവും സ്ത്രീകൾ ധരിച്ചിരുന്നു. തും മോതിരം, പാലയ്ക്കാ മോതിരം, കുഴലും മോതിരം, ഒഴുക്കൻ വള, അരഞ്ഞാൺ, കാതില, തൂക്ക, തോട, കല്ലുവച്ചതും അല്ലാത്തതുമായ മറ്റ് ആഭരണങ്ങൾ, കുരുമുളക്മണി മാല എന്നിവ മുൻകാലങ്ങളിൽ പ്രചരിച്ചിരുന്നതാണ്. തൂക്കം കൂടിയ പാമ്പടം അണിഞ്ഞ് സ്ത്രീകൾ കാതുവളർത്തിയിരുന്നു. കാലിൽ മിഞ്ചിയും മൂക്കിൽ മുക്കൂത്തിയും സ്ത്രീകൾ സാർവ്വത്രികമായി അണിഞ്ഞിരുന്നു.

### 3.19. ഇന്നത്തെ അവസ്ഥ

വാണിയച്ചെട്ടികളിൽ ഭൂരിഭാഗവും അവരുടെ കുലത്തൊഴിൽ ഉപേക്ഷിച്ചുകഴിഞ്ഞു. ചക്കാലകളെ പരാമർശിക്കവെ, ഇവർ ജാതിത്തൊഴിലായ എണ്ണയാട്ടു പ്രവൃത്തി മിക്കവാറും വളരെക്കാലമായി നിർത്തിക്കഴിഞ്ഞിരിക്കുന്നു എന്ന് ഗോപാലപിള്ള (1948: 233) വ്യക്തമാക്കുന്നു്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഉയർന്ന ഉദ്യോഗങ്ങൾ സമ്പാദിക്കുന്നതിന് തടസ്സമായി. കുലത്തൊഴിലിൽ പിടിച്ചുനിൽക്കാനാവാഞ്ഞതും വിദ്യാഭ്യാസപരമായ പ ിന്നോക്കാവസ്ഥയും സർവ്വ തോന്മുഖമായ അധഃപതനത്തിന് ഹേതുവായി. ഈ സാഹചര്യമാകാം ചെറുകിട കൃഷിയിലേക്കും കച്ചവടത്തിലേക്കും തിരിയേ ിവന്നതിന് കാരണം.

വിദ്യാഭ്യാസപരവും സാമ്പത്തികവുമായ അധഃസ്ഥിതി സാംസ്കാരികമായ അധഃപതനത്തിനും കാരണമായി. അത് സമുദായാംഗങ്ങളിലെ ജാത്യാഭിമാനം നഷ്ടമാകാനും വഴിവച്ചു. ഇന്ന് മിക്കവാറും സാംസ്കാരിക സ്വത്വസംരക്ഷണത്തിന് നേരെ പുറംതിരിഞ്ഞുനിൽക്കുന്ന ഒരു സമൂഹമായി മാറിയിരിക്കുകയാണിവർ. ഇന്നും പലരും ഒന്നിച്ചു താമസിക്കുന്നത് സ്വത്വസംരക്ഷണത്തിന് സഹായകമാണെങ്കിലും ഓരോ തുരുത്തുകളിൽ വേർതിരിഞ്ഞ രീതിയിലാണ് സ്വത്വം സംരക്ഷിക്കപ്പെടുന്നത്. കേരളത്തിലെ എല്ലാ തമിഴ് വാണിയരേയും ഉൾപ്പെടുത്തിക്കൊള്ള സാംസ്കാരിക സ്വത്വസംരക്ഷണ ശ്രമങ്ങൾ വേത്ര വിജയിച്ചുകാണുന്നില്ല.

ജാത്യാഭിമാനം നഷ്ടപ്പെട്ട പലരും മറ്റു ജാതികളിൽ ലയിക്കുന്ന പ്രവണതയുമു്. ജാതിമാറ്റത്തിന് അനുകൂലമായ സാമൂഹികസാഹചര്യം കേരളത്തിൽ പ ുമുതലേ നിലവിലുള്ളതാണ്.

''കല്ലർ മറവർ കണത്തതോ-
റഹമുടയോർ മെല്ലെമെല്ലെ മാറി
വെള്ളാളറാണാർ''

എന്നത് തമിഴിലെ ഒരു പഴഞ്ചൊല്ലാണ്.

> അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ കച്ചവടസംഘങ്ങൾ യാതൊരു പ്രത്യേക ജാതിയിലും പെട്ടിരുന്നില്ല. എന്നാൽ പിൽക്കാലത്ത് ശൂദ്രവർഗ്ഗം ഉായപ്പോൾ ഈ കച്ചവടസംഘങ്ങളിൽപ്പെട്ട പലരും നായന്മാരായിത്തീർന്നു എന്നത് പരമാർത്ഥമാണ് (കുഞ്ഞൻപിള്ള, 1970/1959: 170–171).

''പണമുങ്കെിൽ ക്ഷത്രിയർ വരെ ഉയരാൻ യാതൊരു വിഷമവും ഇല്ലായി രുന്നു'' (ചെന്താരശ്ശേരി, 1983/1970: 132). ''ഏഴാം ശതകത്തിൽ ചേരനാട്ടിൽ പ്രവേ

ശിച്ച നമ്പൂതിരമാർ ഇവിടുത്തെ നാടുവാഴികളെ ക്ഷത്രിയരാക്കി ഉയർത്തുകയാണുായത്" (ibid: 132).

> കർണ്ണാടകം, തമിഴ് രാജ്യങ്ങളിൽനിന്നു 'ഗൊളാൻമാരും', ചെട്ടികളും മലയാളത്തിൽ വന്ന് അവരുടെ നടപടികളെ സ്വീകരിച്ചു നായരുവർഗ്ഗത്തിൽച്ചേർന്ന് നായന്മാരായി കഴിഞ്ഞുവരുന്നു്. നാട്ടിലുള്ള രാജാക്കന്മാരും പ്രധാനികളായ നാടുവാഴികൾ മുതലായവരും തങ്ങൾക്കുവേി ക്ലേശിച്ചവരുടെ കുടുംബങ്ങളെ ഒന്നായിട്ടോ അവരിൽ പ്രത്യേകം ചിലരെയോ നായന്മാരാക്കി തീർക്കാറു്. അങ്ങിനെയുള്ളവർ ഒരു പ്രത്യേക വകുപ്പായി കുറേക്കാലം കഴിഞ്ഞതിന്റെ ശേഷം അവരുടെ ഉത്ഭവം മറ ക്കാറായി എന്നു വരുമ്പോൾ നായന്മാരുമായി യോജിച്ച് ഒന്നായി കഴിഞ്ഞുപോരുന്നു (Thurston, 1987: 284).

ചിറ്റൂർ താലൂക്കിൽ തമിഴ് ജാതിക്കാർ നായന്മാരായിത്തീരുവാൻ ശ്രമിക്കുന്നതായി ജി. പത്മനാഭമേനോൻ വ്യക്തമാക്കുന്നു (1945: 945). അവിടെയുള്ള തരകൻമാർ പൂർവ്വം തമിഴ് ജാതിക്കാരും ഇപ്പോഴുള്ളവരുടെ ഓർമ്മയിൽ നായരുവർഗ്ഗത്തിൽ ചേർന്നു വന്നവരും ആകുന്നു. പാലക്കാട്, വള്ളുവനാട് താലൂക്കുകളിൽ ഉള്ള മൂത്താന്മാർ ആദ്യം തരകന്മാരായും പിന്നെ നായന്മാരായും തീർന്നുവരുന്നു്... പച്ചിക്കോവിന്റെ ആവശ്യത്തിന്മേൽ ചില പുലയന്മാരെ നായന്മാരാക്കുവാൻ സാധിക്കാത്തതിന് അക്കാലത്തെ തമ്പുരാൻ പറഞ്ഞ സമാധാനം മറ്റ് ഹിന്ദു രാജാക്കന്മാർ അങ്ങിനെ ചെയ്തിട്ടില്ലെന്നും താൻ അത് ചെയ്താൽ നായന്മാർ തന്നെ കൊന്നുകളയും എന്നുമായിരുന്നു (ibid). നായർ വർഗ്ഗത്തിൽപ്പെട്ടവരായ ചെമ്പുകൊട്ടികൾ പൂർവ്വത്തിൽ തീലുള്ള കമ്മാളന്മാരിൽ പെട്ടവരായിരുന്നു എന്നും തളിപ്പറമ്പ് ക്ഷേത്രം പണികഴിഞ്ഞ് ഉദ്ദേശ്യം ആയിരത്തിനു മേൽ നമ്പൂതിരിമാർ കൂടി അധികദ്രവ്യം വ്യയം ചെയ്ത് കലശം നടത്തി ക്രിയ കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ ശ്രീകോവിലിന്റെ മുകളിൽ പണിക്കുറവ് തീർത്തു കൊ

ിരിക്കുന്ന ഒരു കമ്മാളൻ ഇറങ്ങിവരുന്നതു കു എന്നും കലശക്രിയ കളെ ആവർത്തിക്കുന്നതായാൽ ഉാകുന്ന ചിലവും ബുദ്ധിമുട്ടും വിചാരിച്ച് ബ്രാഹ്മണർ വ്യസനിച്ചു വരുമ്പോൾ ഒരു അശരീരിവാക്കു കേട്ടു എന്നും അതിന നുസരിച്ച് അന്നുമുതൽ അതുവരേയ്ക്കും കമ്മാളരായിരുന്ന ചെമ്പുകൊട്ടികളെ ജാതികളിൽ തീലില്ലാത്ത നായന്മാരാക്കിത്തീർത്തുവെന്നും ഒരു ഐതി ഹ്യമു് (ibid: 446).

''മലയാള ചക്കാലകൾ നായർ സമുദായത്തിലും പാിച്ചക്കാലകൾ ശൈവസമുദായത്തിലും ലയിച്ചുവരികയാണ് എന്ന് ഗോപാലപിള്ള അഭിപ്രാ യപ്പെടുന്നു'' (1948: 233). ജാതിവ്യവസ്ഥയിൽ ബ്രാഹ്മണർ മാത്രമേ സങ്കുചിത രായിരുന്നുള്ളു എന്നും മറ്റുള്ളവരിൽ വ്യവസ്ഥ അയഞ്ഞതായിരുന്നു എന്നും എം.ജി.എസ്. നാരായണനും അഭിപ്രായപ്പെടുന്നു്.

ജാതിസ്വത്വം മറച്ചുവയ്ക്കാനും ശ്രേഷ്ഠജാതിയാണെന്ന് വരുത്തിത്തീർ ക്കാനുമുള്ള വ്യഗ്രത വാണിയരിൽ പലരിലും – വിശിഷ്യാ തൃശൂർ മുതൽ വടക്കോട്ട് – പ്രകടമാണ്. കോഴിക്കോട് മുതൽ കാസർകോടു വരെയുള്ള കർണ്ണാ ടകയിൽ നിന്ന് കുടിയേറിയവരെന്നു കരുതുന്ന വാണിയർ ചെട്ടി എന്നതിനു പ കരം നായർ എന്നാണ് ജാതിനാമം ചേർക്കുന്നത്. തൃശൂർ – കോഴിക്കോട് ഭാഗത്തുള്ള തമിഴ് വാണിയരിൽ ചിലരും പേരിനോടൊപ്പം നായർ എന്ന് ചേർക്കാനാരംഭിച്ചിരിക്കുന്നു. വേഷത്തിലുള്ള മാറ്റം തിരുവിതാംകൂറിൽപ്പോലും പ്രകടമാണ്.

> നായർസ്ത്രീകൾ ധരിക്കുന്നതുപോലെ വെള്ളവസ്ത്രങ്ങൾ മലയാളരീതിയിൽ ഉടുക്കുന്ന സ്ത്രീകളും ധാരാളമു്. എന്നാൽ ചില സ്ത്രീകൾ വർണ്ണവും വരകളും ഉള്ള ചേലകൾ, മംഗല്യ വതികളായിരിക്കുന്ന കാലത്തോളം ധരിക്കുകയും വൈധവ്യം

ഭവിക്കുന്ന കാലം മുതൽ വെള്ളവസ്ത്രം ധരിക്കുകയും ചെയ്തു പോരുന്നു (ഗോപാലപിള്ള, 1949: 97).

### 3.20. ഭാഷ

തമിഴകത്തുനിന്നു കുടിയേറിയ മറ്റേതൊരു സമുദായത്തേയും പോലെ വാണിയരുടെയും മാതൃഭാഷ തമിഴ് ആയിരുന്നു. തമിഴകത്തിലെ പ്രാദേശിക ഭേദങ്ങൾ കേരളത്തിലെ തമിഴ് വാണിയരിലും പ്രകടമാണ്. തമിഴകത്തിന്റെ ഏത് പ്രദേശത്തുനിന്നാണോ കുടിയേറിയത് അവിടുത്തെ പ്രാദേശികത്വം പതിറ്റാണ്ടുകൾക്കു മുമ്പ് കുടിയേറിയവരിലും പ്രകടമാണ്. കോഴിക്കോട്, പാലക്കാട്, തൃശൂർ ഭാഗങ്ങളിലുള്ളവർ മിക്കവരും കോയമ്പത്തൂരിൽനിന്നോ സമീപപ്രദേശങ്ങളിൽ നിന്നോ കുടിയേറിയവരും ആ പ്രദേശത്തിന്റെ പ്രാദേശികമായ പ്രത്യേകതകൾ ഭാഷയിൽ നിലനിർത്തുന്നവരുമാണ്. തിരുവനന്തപുരം ഭാഗത്തെ വാണിയരുടെ ഭാഷ മറ്റുള്ളവരുടേതിൽനിന്ന് ഏറെ വ്യത്യസ്തമാണ്. കൊല്ലത്തേയും കോട്ടയത്തേയും എറണാകുളത്തേയും വാണിയരുടെ ഭാഷ തമ്മിൽത്തമ്മിലും മറ്റുള്ളതിൽനിന്നും വ്യത്യാസം പുലർത്തുന്നു്.

മുൻകാലങ്ങളിൽ ഇതര സമുദായങ്ങൾ തമ്മിലുള്ള സംസർഗ്ഗം വളരെ കുറവായിരുന്നു. ജാത്യേതര സംസർഗ്ഗത്തിന് അവസരം കുറവും സ്വത്വസംരക്ഷണത്തിന് അനുകൂലവുമായിരുന്നു മുൻകാലം.

''നാനാജാതിമതങ്ങൾക്കേകം
നാകം തീർത്തൊരു കേരളമേ
തമ്മിൽ തീാതവയെപ്പലപല
താവളമേകിയിരുത്തീ നീ
നെല്ലും മോരും കല്ലും കൊടേ
നെയ്തൂ നീ പൊതു സംസ്കാരം''

എന്ന് ശ്രീധരമേനോൻ (1980: 22) പ്രസ്തുത സാമൂഹ്യസാഹചര്യം വ്യക്തമാക്കുന്നു്. ഈ വ്യത്യാസം മതങ്ങൾക്കിടയിലെന്നപോലെ തന്നെ ജാതികൾക്കിടയിലും ശക്തമായിരുന്നു. എന്നാൽ ആധുനിക കാലത്ത് കേരളസമൂഹം മറ്റു പല രംഗങ്ങളിലുമെന്നപോലെ സാമൂഹികരംഗത്തും അനവധി പരിഷ്കാരങ്ങൾക്കു വിധേയമാകുകയും ജാതികളും മതങ്ങളും തമ്മിലുള്ള സംസർഗ്ഗത്തിന്റെ തോത് വളരെ ഉയരുകയും ചെയ്തു. ജാതിസ്വത്വം നിലനിർത്തേത് അനിവാര്യ മായിരുന്ന സമൂഹം ജാതിസ്വത്വം മറച്ചുവെച്ചുകൊ് മുഖ്യധാരയിലേക്ക് വരാനാരംഭിക്കുകയും ക്രമേണ ജാതിസ്വത്വത്തിന്റെ പ്രകടനാംശങ്ങൾ ഒന്നൊന്നായി തിരോഭവിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി മിക്ക ജാതികളുടെയും ഭാഷയിലും സാരമായ പരിണാമം സംഭവിച്ചു. ഇത്തരം ഒരു മാറ്റത്തിൽ നിന്ന് തമിഴ് വാണിയർക്കും മാറിനിൽക്കാനായില്ല. ഭാഷയിൽ സംഭവിച്ച ഈ മാറ്റം ഭാഷാശാസ്ത്രദൃഷ്ട്യാ വിശദവും ശാസ്ത്രീയവുമായി പഠിക്കാനാണ് പ്രബന്ധത്തിന്റെ തുടർ അധ്യായങ്ങളിൽ ശ്രമിക്കുന്നത്.

അധ്യായം 4

# രീതിശാസ്ത്രം

# അധ്യായം 4

# രീതിശാസ്ത്രം

## 4.1 വിഷയസമീപനം

വിശകലനം, നിർദ്ധാരണം എന്ന രുരീതികൾ ആശയഗ്രഹണത്തിനും അവതരണത്തിനും സ്വീകാര്യമായതിൽ രും സാമൂഹിക ഭാഷാശാസ്ത്ര പഠനങ്ങളിൽ സ്വീകരിച്ചുകാണുന്നു. ഈ രു രീതികളും യഥോചിതം പഠനത്തിൽ സ്വീകരിച്ചിട്ടു്. സമാഹൃതചരങ്ങളുടെ വിശകലനത്തിലൂടെ പൊതുതത്വങ്ങളുടെ നിർദ്ധാരണമാണ് സ്വീകൃതരീതി.

സാമാന്യത്തിൽനിന്ന് വിശേഷത്തിലേക്ക്, വിശേഷത്തിൽനിന്ന് സാമാന്യത്തിലേക്ക് എന്നിങ്ങനെ രു രീതികൾ പൊതുവെ എല്ലാ വിജ്ഞാനശാഖകളും വിഷയസമീപനത്തിൽ സ്വീകരിച്ചിരിക്കുന്നു. ഈ രു രീതികളും സാഹചര്യാനുസൃതം സ്വീകരിച്ചുകൊാണ് പഠനം നിർവ്വഹിച്ചിരിക്കുന്നത്.

പഠനവിഷയത്തിലേക്കുള്ള പ്രവേശനത്തിലാണ് സാമാന്യത്തിൽനിന്ന് വിശേഷത്തിലേക്ക് എന്ന രീതി അവലംബിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിവരശേഖരണത്തിൽ ആരംഭിച്ച പഠനം യഥാക്രമം പ്രാഥമിക പഠനം, രാംഘട്ട വിവരശേഖരണം, സ്ഥൂല പഠനം, പൊതു സാംസ്കാരികതാ പഠനം, ചോദ്യാവലി രൂപീകരണം, പഠനമേഖലാ നിർണ്ണയനം, ആവേദകരുടെ തെരഞ്ഞെടുപ്പ്, ദത്തസംഭരണം, വിശകലനം, നിഗമനങ്ങൾ എന്നിവയിലൂടെ ഉപസംഹരിച്ചിരിക്കുന്നു.

സൂക്ഷ്മപഠനത്തിൽ, ദത്തവിശകലനത്തിലൂടെ നിഗമനങ്ങളിലെത്തിച്ചേരുന്ന അവസരത്തിലാണ്, വിശേഷത്തിൽനിന്ന് സാമാന്യത്തിലേക്ക് എന്ന രീതി സ്വീകരിച്ചിരിക്കുന്നത്.

## 4.2. റാൻഡം സാംപ്ലിംഗ്

ദത്തങ്ങളുടെ സംഖ്യാബാഹുല്യം സമഗ്രപഠനത്തിന് പ്രതികൂലമാകുന്ന അവസരങ്ങളിൽ പഠിതാക്കളുടെ പൊതുസ്വീകൃതമാർഗ്ഗമായ റാൻഡം സാംപ്ലിംഗ് ആണ് ഈ പഠനത്തിലും പ്രസ്തുത പ്രശ്നപരിഹാരത്തിന് സ്വീകരിച്ചത്.

ഒരേ സ്വഭാവമുള്ള ചരങ്ങൾ അനവധിയുണ്ടെങ്കിൽ ഇതരസ്വഭാവികളായ ചരങ്ങളുമായി ആപേക്ഷിക അനുപാതം ദീക്ഷിച്ചുകൊ് പ്രാതിനിധ്യ സ്വഭാവത്തോടെ ദത്തങ്ങൾ അഥവാ ഉദാഹരണങ്ങൾ ശേഖരിച്ച് വിശകലന വിധേയമാക്കുക വഴി വസ്തുനിഷ്ഠതയിലും ശാസ്ത്രീയതയിലും വിശ്വാസ്യത ചോർന്നുപോകാതെതന്നെ വിശകലനവും നിഗമനവും ലളിതവും സുഗമവുമാക്കുക എന്നതാണ് റാൻഡം സാംപ്ലിംഗിന്റെ അടിസ്ഥാനതത്വം (Kothari, 1990: 76). പഠനമേഖല, സാമൂഹികചരങ്ങൾ, ഭാഷാചരങ്ങൾ എന്നിവ റാൻഡം സാംപ്ലിംഗ് അനുസരിച്ചാണ് തെരഞ്ഞെടുത്തത്.

## 4.3. സാംഖ്യികാപഗ്രഥനവും വിവരണാത്മകരീതിയും

ആശ്രിതചരങ്ങളുടെയും സ്വതന്ത്രചരങ്ങളുടെയും അടിസ്ഥാനത്തിൽ സാംഖ്യികം ഉപയോഗിച്ചുകൊ് ദത്താപഗ്രഥനം നടത്തുന്ന രീതിയും വിവരണാത്മകരീതിയും ഈ പഠനത്തിൽ സ്വീകരിച്ചിട്ട്. 'ഭാഷാസംരക്ഷണവും ആദേശവും മനോഭാവവും', 'ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും' എന്നീ അധ്യായങ്ങളിലാണ് സാംഖ്യികത്തിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം നടത്തിയിരിക്കുന്നത്. 'ഭാഷാഘടകങ്ങളുടെ സംരക്ഷണവും

ആദേശവും', 'സാംസ്കാരിക സമന്വയം' എന്നീ അധ്യായങ്ങളിൽ വിവരണാത്മകാപഗ്രഥനമാണ് നടത്തിയിരിക്കുന്നത്. നിരീക്ഷണരീതിയാണ് വിവരണാത്മക വിശകലനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഭാഷ, സാംസ്കാരികസമന്വയം, ഭാഷ–ആദേശം, ഭാഷാസംരക്ഷണം എന്നിവയുടെ സാമാന്യസ്വഭാവം മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

### 4.4. പഠനമേഖല

വിശേഷത്തിൽ നിന്ന് സാമാന്യത്തിലേക്ക് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് പഠനമേഖലാ നിർണ്ണയനം. വിശേഷപഠനത്തിനായി തെരഞ്ഞെടുത്ത വാണിയച്ചെട്ടികളുടെ സാംസ്കാരിക സവിശേഷതകളെക്കുറിച്ചുള്ള പഠനം കേരളത്തിലെ ഏതാനും സമുദായാംഗങ്ങളും ആവാസകേന്ദ്രങ്ങളും കേന്ദ്രീകരിച്ചുകൊണ്ടാണെങ്കിലും ക്രമേണ സംസ്ഥാനം മുഴുവനും എന്നല്ല ഇതര സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു.

അയൽസംസ്ഥാനങ്ങളിൽനിന്നുള്ള ദത്തസംഭരണം, ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം കണ്ടെത്തുന്നതിനാണ് കൂടുതൽ സഹായകമായത്. ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ച് ഒരു വിഹഗവീക്ഷണത്തിനും അത് പ്രയോജനപ്പെട്ടു.

കേരളത്തിലെ തമിഴ് വാണിയരുടെ സാംസ്കാരികവും ചരിത്രപരവുമായ സവിശേഷതകളുടെ സൂക്ഷ്മപഠനത്തിന് കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. എന്നാൽ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് പ്രാഥമികമായ അറിവിനേ ഇതെല്ലാം സഹായകമായുള്ളൂ.

#### 4.4.1. കോഴിക്കോട്

ചോദ്യാവലിയുടെ സഹായത്തോടെ, തെരഞ്ഞെടുത്ത ആവേദകരുമായി നടത്തിയ അഭിമുഖത്തിലൂടെയും തദവസരത്തിലും

മറ്റവസരങ്ങളിലും നടത്തിയ നിരീക്ഷണങ്ങളിലൂടെയുമാണ് ഭാഷാവസ്ഥയെക്കുറിച്ച് സൂക്ഷ്മവും വിശദ വുമായ ദത്തങ്ങൾ ശേഖരിക്കാനായത്. മലബാറിലെ കോഴിക്കോട് ജില്ലയാണ് സൂക്ഷ്മപഠനത്തിന്റെ മേഖലയായി നിജപ്പെടുത്തിയത്.

കേരളത്തിൽ തമിഴ് വാണിയർ ഏറ്റവും കൂടുതൽ ഉള്ള ജില്ലകളിലൊന്നാണ് കോഴിക്കോട്.

4.4.1.1. പാളയം:

സാമൂതിരി രാജാവിന്റെ ഭരണകാലം മുതൽ ഇന്നും തമിഴ് വാണിയർ കൂട്ടമായി താമസിക്കുന്ന ഇടമാണ് പാളയം. കോഴിക്കോട് ജില്ലയിൽ കൂട്ടമായി താമസിക്കുന്നവരെ പ്രധാനമായും കത്തെി വിവരശേഖരണം നടത്തിയത് ഇവിടെനിന്നാണ്.

4.4.1.2. കൊയിലാി:

പുരാതന വാണിജ്യകേന്ദ്രമായ കൊയിലാിയിൽ ഇന്നും തമിഴ് വാണി യർ ധാരാളമു്. കൂട്ടമായി താമസിക്കുന്നവരെ കത്തെി വിവരശേഖരണം നടത്തിയ പ്രദേശങ്ങളിൽ രാമത്തേത് കൊയിലാിയാണ്.

4.4.1.3. മറ്റു പ്രദേശങ്ങൾ:

ചേവായൂർ, വെള്ളിമാടുകുന്ന്, പുതിയപാലം, കണ്ണഞ്ചേരി, മീഞ്ചന്ത എന്നിവിടങ്ങളിൽ ഒറ്റയ്ക്കു താമസിക്കുന്നവർ ധാരാളമു്. ഈ പ്രദേശങ്ങളും സൂക്ഷ്മപഠനത്തിനു വിധേയമാക്കിയിട്ടു്.

## 4.5. ആവേദകരെ തെരഞ്ഞെടുത്തത്

ആറ് വ്യത്യസ്ത സാമൂഹികചരങ്ങളിൽപ്പെട്ട ആവേദകരെയാണ് ദത്ത സംഭരണത്തിനായി തെരഞ്ഞെടുത്തത്. പ്രസ്തുത സാമൂഹിക ചരങ്ങളുടെ അടിസ്ഥാനം ഇപ്രകാരമാണ്.

(1) കുടിയേറ്റ കാലദൈർഘ്യം

(2) അധിവാസരീതി

(3) ലിംഗം

(4) പ്രായം

(5) വിദ്യാഭ്യാസം

(6) സാമ്പത്തികം

1. കുടിയേറ്റ കാലദൈർഘ്യം

ഇതിന്റെ അടിസ്ഥാനത്തിൽ ആവേദകരെ രു വിഭാഗങ്ങളായി തിരിച്ചാണ് പഠിച്ചിരിക്കുന്നത്. തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് 100 വർഷത്തിനകം കുടിയേറിയവർ എന്നും 100 വർഷത്തിനു മുമ്പോ അജ്ഞാതഭൂതകാലത്തിലോ കുടിയേറിയവർ എന്നുമാണ് ആ വിഭാഗങ്ങൾ. അതുപ്രകാരം ഒന്നാം വിഭാഗത്തിൽ 64-ഉം രാംവിഭാഗത്തിൽ 136-ഉം ആവേദകർ ള്.

2. അധിവാസരീതി

അധിവാസരീതിയുടെ അടിസ്ഥാനത്തിൽ ആവേദകർ രായി തിരി യുന്നു; സ്വസമുദായാംഗങ്ങൾ കൂട്ടമായി താമസിക്കുന്ന ഇടങ്ങളിൽ താമസി ക്കുന്നവർ എന്നും സ്വസമുദായാംഗങ്ങളായ കുടുംബങ്ങളിൽനിന്ന് വേർതിരിഞ്ഞ് താമസിക്കുന്നവർ എന്നും. ആകെ ആവേദകരിൽ 112 പേർ കൂട്ടമായി താമസിക്കുന്നവരും 88 പേർ വേർതിരിഞ്ഞ് താമസിക്കുന്നവരുമാണ്.

3. ലിംഗം

ആണുങ്ങൾ, പെണ്ണുങ്ങൾ എന്നിങ്ങനെയുള്ള വേർതിരിവാണ് മറ്റൊന്ന്. ആവേദകരിൽ 100 പേർ ആണുങ്ങളും 100 പേർ പെണ്ണുങ്ങളുമാണ്.

4. പ്രായം

പ്രായാടിസ്ഥാനത്തിൽ ആവേദകരെ മൂന്നായി തിരിച്ചിരിക്കുന്നു; ഒരു വയസ്സിനും 30 വയസ്സിനുമിടയ്ക്ക്, 31-നും 60-നും ഇടയ്ക്ക് പ്രായമുള്ളവർ, 60-ന് മേൽ പ്രായമുള്ളവർ എന്നിങ്ങനെയാണത്. ഒരു വയസ്സിൽ താഴെ പ്രായ മുള്ള കുട്ടികൾ ഭാഷാപ്രയോഗശേഷി കൈവരിക്കുന്നില്ല എന്നതുകൊാണ് കുറഞ്ഞ പ്രായപരിധി ഒരു വയസ്സാക്കിയത്. കുറഞ്ഞ പ്രായപരിധി ഒരു വയസ്സാ യാണ് നിജപ്പെടുത്തിയതെങ്കിലും അഭിമുഖത്തിൽ യുക്തിസഹമായി പ്രതികരി ക്കാനാവാത്ത കുട്ടികളെ ഒഴിവാക്കുകയാണുായത്. അതിനാൽ അഞ്ചുവയ സ്സിൽതാഴെ പ്രായമുള്ള ആരും ആവേദകരുടെ കൂട്ടത്തിൽ പെടുന്നില്ല. എന്നാൽ ആ പ്രായക്കാരുടെ ഭാഷാവസ്ഥകൾ നീരീക്ഷണ വിഷയമാക്കിയിട്ടു്. മുപ്പതിൽ ത്താഴെ പ്രായമുള്ള ആവേദകരുടെ എണ്ണം 76 ആണ്. 31-നും 60-നും ഇടയ്ക്ക് പ്രായമുള്ളവർ 84 പേർ ഉ്. 60-ന് മേൽ പ്രായമുള്ള 40 ആവേദകരാണുള്ളത്. 30-ൽ താഴെ പ്രായക്കാരെ ചെറുപ്പക്കാർ എന്നും 31-60 പ്രായപരിധിയിലുള്ളവരെ മധ്യവയസ്കർ എന്നും 60-ന് മേൽ പ്രായക്കാരെ പ്രായംകൂടിയവർ എന്നും പ രാമർശിക്കുന്നത് സാന്ദർഭികമായ സൗകര്യം ഉദ്ദേശിച്ചാണ്.

5. വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ ആവേദകരെ രുവിഭാഗങ്ങളാ യാണ് തിരിച്ചിരിക്കുന്നത്. 10-ാം ക്ലാസ് ജയിക്കുകയോ ഉപരിപഠനം നേടുകയോ ചെയ്തവരാണ് ഒന്നാമത്തെ വിഭാഗം. 10-ാംതരം ജയിക്കാത്തവരും 10-ൽ

താഴെ പഠനം നിർത്തിയവരുമടങ്ങുന്നതാണ് രാമത്തെ വിഭാഗം. അതുപ്രകാരം ഒന്നാ മത്തെ വിഭാഗത്തിൽ 108 പേരും രാംവിഭാഗത്തിൽ 92 പേരും ഉൾപ്പെടുന്നു.

6. സാമ്പത്തികം

സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ ആവേദകരെ മൂന്നുവിഭാഗങ്ങളിൽ പെടുത്തിയിരിക്കുന്നു – കീഴ്വർഗ്ഗം, മധ്യവർഗ്ഗം, ഉന്നതവർഗ്ഗം എന്നിങ്ങനെയാണത്. ചോദ്യവലിയിൽ, പ്രതിമാസവരുമാനം എന്ത് എന്ന ചോദ്യം ഉൾപ്പെടുത്തിയിരുന്നെങ്കിലും, പലരോടും അതു ചോദിച്ചില്ല. മാസവരുമാനത്തെക്കുറിച്ചുള്ള ചോദ്യം ആവേദകരിൽ പ്രതികൂല മനോഭാവം വളർത്താനിടയാക്കുമെന്നതിനാലാണത്. താഴ്ന്ന വരുമാനക്കാരിൽ ജാള്യതയും ഉയർന്ന വരുമാനക്കാരിൽ നികുതിസംബന്ധമായും മറ്റുമുള്ള ഭയവും ഉളവാക്കാനിടയാക്കുന്ന ചോദ്യമാണത്. അതിനാൽ ചോദ്യം ചോദിക്കുന്നതിനു പകരം ആവേദകരുടെ വീട് സന്ദർശിച്ച് നേരിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിഭാഗീകരണം നിർവ്വഹിച്ചത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ 52–ഉം മധ്യവർഗ്ഗക്കാർ 116–ഉം ആണ്. സമ്പന്നരുടെ എണ്ണം 32 ആണ്.

## 4.6. ദത്തസംഭരണം

സാമൂഹിക ഭാഷാശാസ്ത്രപഠനങ്ങളിൽ ദത്തസംഭരണത്തിന് പതിവായി സ്വീകരിച്ചുപോരുന്ന രുരീതികളാണ് അഭിമുഖവും നിരീക്ഷണവും. ഈ പഠനത്തിൽ ഈ രു രീതികളും സ്വീകരിച്ചിട്ടു്.

> മുൻകൂർ തയ്യാർചെയ്ത ചോദ്യമാതൃകയുടെ അടിസ്ഥാനത്തിൽ പ്രതികരണങ്ങൾ ശേഖരിച്ചതോടൊപ്പം ആവേദകരെ നിരീക്ഷിച്ചുകൊും വിവരങ്ങൾ ശേഖരിച്ചിട്ടു്. ഇങ്ങനെ നടത്തിയിട്ടുള്ള നിരീക്ഷണവും അഭിമുഖവും സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ ദത്തശേഖരണ രീതികൾക്ക് നിരക്കുന്നതാണ് (Rajasree, 1986: 12).

### 4.6.1. ഔപചാരിക അഭിമുഖം

ചോദ്യാവലിയുടെ സഹായത്തോടെ തെരഞ്ഞെടുത്ത ആവേദകരുമായും, പഠനവിഷയവുമായി ബന്ധപ്പെട്ട ചരിത്രപണ്ഡിതന്മാർ, ഭാഷാശാസ്ത്രജ്ഞർ, സാമൂഹ്യപ്രവർത്തകർ എന്നിവരുമായുമാണ് ഔപചാരിക അഭിമുഖം നട ത്തിയത്.

### 4.6.2. അനൗപചാരിക അഭിമുഖം

ഔപചാരിക സംഭാഷണത്തിന് തെരഞ്ഞെടുത്തവരുടെ കുടുംബാംഗങ്ങ ളടക്കമുള്ള സമീപസ്ഥരുമായി ദത്തസംഭരണത്തിന് സഹായകമാംവിധം നട ത്തിയ അഭിമുഖമാണ് അനൗപചാരിക അഭിമുഖത്തിൽ പ്രധാനം. വിവാഹം, സാമുദായിക ഉത്സവം, യാത്ര എന്നീ അവസരങ്ങളിൽ കത്തെിയ പലരുമായും ഉള്ള അനൗപചാരിക സംഭാഷണം പല വിവരങ്ങളും ലഭിക്കാൻ സഹായി ച്ചിട്ടു്.

### 4.6.3. നിരീക്ഷണരീതി

ഔപചാരിക സംഭാഷണം, വിവാഹം, ക്ഷേത്രോത്സവം, മരണാനന്തര ചടങ്ങുകൾ, സാമുദായിക ക്ഷേത്രസന്ദർശനം എന്നീ അവസരങ്ങളിൽ നേരിട്ടുള്ള നിരീക്ഷണത്തിലൂടെ ഭാഷാപരവും ഭാഷേതരവുമായ പല സാംസ്കാരിക സവി ശേഷതകളും കത്തൊനും ദത്തമായി ശേഖരിച്ച് പഠനത്തിന് സഹായക മാക്കാനും ശ്രമിച്ചിട്ടു്. ചില അവസരങ്ങളിൽ അഭിമുഖത്തിൽ ആവേദകർ പറഞ്ഞ കാര്യത്തേക്കാൾ ഉപരിയായ കാര്യങ്ങളും വിപരീത വസ്തുതകളും നിരീക്ഷണത്തിലൂടെ കത്തൊനായി. അങ്ങനെ നിരീക്ഷണം അഭിമുഖത്തിന് പ ൂരകവും ആധികാരികതാനിർണ്ണയനത്തിന് സഹായകവുമായി. ആവേദകരുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ചുള്ള നിഗമനവും നിരീക്ഷണത്തിലൂടെയാണ് മനസ്സിലാക്കിയത്.

## 4.7. പഠനോപകരണങ്ങൾ

### 4.7.1. ചോദ്യാവലി

#### 4.7.1.1. ആമുഖം

അനവധി ചോദ്യങ്ങൾക്കും അനവധി ഉപചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തിയാലേ ഭാഷാവസ്ഥയെക്കുറിച്ച് സൂക്ഷ്മവും സമഗ്രവുമായ പഠനം സാധ്യമാകൂ. ഇത്തരം ചോദ്യങ്ങൾ ഓർമ്മിച്ചുവെക്കലും അനുക്രമമായി ഓർമ്മയിൽ നിന്നെടുത്ത് ചോദിക്കലും ഉത്തരം ഓർമ്മിച്ചുവെക്കലും അസാധ്യമാണെന്നതാണ് രീതിശാസ്ത്രമനുസരിച്ച് ചോദ്യാവലിയുടെ പ്രസക്തി.

അനുയോജ്യമെന്ന് തോന്നിയ ഏതാനും ചോദ്യങ്ങളുടെ ഒരു പട്ടിക ആദ്യം തയ്യാറാക്കുകയും പിന്നീട് സാമൂഹികഭാഷാശാസ്ത്രത്തിൽ നടന്നിട്ടുള്ള സമാനപഠനങ്ങളിൽ ദത്തസംഭരണത്തിനായി ഉപയോഗിച്ചിട്ടുള്ളതിൽ ലഭ്യമായ മറ്റു ചോദ്യാവലികളുമായി താരതമ്യപ്പെടുത്തിക്കൊ് മെച്ചപ്പെടുത്തിയുമാണ് ചോദ്യാവലി തയ്യാറാക്കിയത്. ദത്തസംഭരണത്തിന് സ്വീകരിച്ച ഏറ്റവും പ്രധാന ഉപാധി ചോദ്യാവലിയാണ്.

#### 4.7.1.2. വിഭജനം

കുടുംബചോദ്യാവലി, വൈയക്തികചോദ്യാവലി എന്നിങ്ങനെ ചോദ്യാവലിയെ രായി തിരിച്ചു. വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സ്പർശിക്കുന്ന ചോദ്യങ്ങൾ സമാഹരിച്ചപ്പോൾ അതിദീർഘമായ ഒരു ചോദ്യാവലിയാണ് രൂപപ്പെട്ടത്. അത്തരമൊരു ചോദ്യാവലിയുമായി ആവേദകരെ സമീപി

ച്ചാൽ അവർ മടുക്കുകയോ ക്ഷീണിക്കുകയോ കോപിക്കുകയോ ചെയ്യാൻ ഇടയാകുമെന്നും അത് ദത്തസംഭരണത്തിന്റെ സുഗമ്യതയെ പ്രതികൂലമായി ബാധിക്കുമെന്നും ഒറ്റനോട്ടത്തിൽത്തന്നെ ബോധ്യപ്പെട്ടു. ഈ പ്രശ്നത്തിനുള്ള പ രിഹാരമായാണ് ചോദ്യാവലി രായി വിഭജിച്ചത്.

മിക്ക കുടുംബങ്ങളിൽനിന്നും ഒന്നിൽക്കൂടുതൽ പേർ ആവേദകരാകാനിടയു് എന്ന വസ്തുത പ്രാഥമികപഠനത്തിൽത്തന്നെ ബോധ്യപ്പെട്ടിരുന്നു. അങ്ങനെ വരുമ്പോൾ, കുടുംബത്തിലെ എല്ലാവരെയും ബാധിക്കുന്ന വസ്തുതകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ എല്ലാ കുടുംബാംഗങ്ങളോടും ഒന്നിച്ച് ഒരേസമയം ചോദിക്കാമെന്നത് പല പ്രശ്നങ്ങൾക്കും പരിഹാരമായി.

ഒരു കുടുംബത്തിലെ എല്ലാവരെയും വാസ്തവത്തിൽ ആവേദകരായി സ്വീകരിക്കേി വരില്ല എന്നത് ആവേദകരല്ലാത്ത കുടുംബാംഗങ്ങളിൽ, അവർ പ രിഗണിക്കപ്പെടാത്തതുകൊ് നിസ്സഹകരണ ഭാവം വളരാനും അത് പ്രസന്നമായ അന്തരീക്ഷത്തിന് തടസ്സമാകാനുമുള്ള സാധ്യത, കുടുംബ ചോദ്യങ്ങൾ വഴി ഇല്ലാതാക്കാൻ സഹായകമായി.

ഒരു വീട്ടിൽ ചെന്ന് കാര്യങ്ങൾ ചോദിച്ചറിയുമ്പോൾ, ആദ്യാവസാനം മിക്ക അംഗങ്ങളും സന്നിഹിതരായിരിക്കുമെന്നതിനാൽ എല്ലാവരെയും ബാധിക്കുന്ന ചോദ്യങ്ങൾ ഓരോരുത്തരോടും പ്രത്യേകമായി ചോദിക്കുന്നത് ആവർത്തനവിരസതയ്ക്കും സമയക്കൂടുതൽ കാരണം മുഷിച്ചിലിനും കാരണമാകുന്നത് ഒഴിവാക്കാനും കുടുംബചോദ്യാവലി സഹായകമായി.

പൊതുവായ കാര്യങ്ങളിൽ, സന്നിഹിതരാകുന്ന എല്ലാവരുടെയും സഹായം നേടാനായി എന്നതാണ് മറ്റൊരു നേട്ടം. ചില ചോദ്യങ്ങൾക്കുള്ള ഉത്തരം തെരഞ്ഞെടുത്ത ആവേദകർക്ക് അറിയാത്തതായിരിക്കും. തദവസരത്തിൽ, ആവേദകരല്ലാത്ത കുടുംബാംഗങ്ങളുടെ സഹായം പലപ്പോഴും ലഭിച്ചു.

ആർക്കും ഒറ്റയ്ക്കു പറയാനാവാതെ വന്ന ചില കാര്യങ്ങൾ പലരും ചേർന്ന് ആലോചിച്ചാണ് കത്തെി പറഞ്ഞുതന്നത്. ഇതും കുടുംബചോദ്യാവലിയുടെ നേട്ടമാണ്.

ചോദ്യാവലി രായി തിരിച്ചതുകൊ്, 'മേൽവിലാസമെന്ത്?' എന്ന ചോദ്യം ഓരോ ചോദ്യാവലിയിലും പ്രത്യേകം ചേർക്കേിവന്നിട്ടു്. എന്നാൽ അഭിമുഖ വേളയിൽ ഈ ചോദ്യം വൈയക്തിക ചോദ്യാവലിയിൽ നിന്ന് ഒഴി വാക്കി. വിശകലന വേളയിൽ, ആവേദകൻ ഏതു കുടുംബാംഗമാണെന്ന് തിരിച്ചറിയാതാവരുത് എന്ന ഉദ്ദേശ്യത്തോടെയാണ് അച്ചടിച്ച ചോദ്യാവലിയിൽ ഈ ചോദ്യം ഉൾപ്പെടുത്തിയത്.

സാമൂഹികചരങ്ങളുടെയും ഭാഷാചരങ്ങളുടെയും അടിസ്ഥാനത്തിൽ ചോദ്യങ്ങളെ ആറു പ്രധാന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

(I) ആവേദകന്റെ സാമൂഹികപശ്ചാത്തലം വ്യക്തമാക്കുന്നവ

(II) ഭാഷാമനോഭാവം വ്യക്തമാക്കുന്നവ

(III) വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണാദേശാദികൾ വ്യക്തമാക്കുന്നവ

(IV) വ്യത്യസ്ത ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും വ്യക്തമാക്കുന്നവ

(V) ഭാഷാനൈപുണികളുടെ സംരക്ഷണം, ആദേശം എന്നിവ വ്യക്ത മാക്കുന്നവ

(VI) ഭാഷേതര സാംസ്കാരിക സവിശേഷതകൾ വ്യക്തമാക്കുന്നവ

ഇതിൽ ഓരോന്നുമായും ബന്ധപ്പെട്ട ചോദ്യങ്ങളെ ഇങ്ങനെ പട്ടിക പ്പെടുത്താം:

| I | II | III | IV | V | VI |
|---|---|---|---|---|---|
| A | A | A | A | A | A |
| 1, 2, 3, 4, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 20, 21, 22, 23, 24, 25, 26, 27, 28, 29 | 16, 18, 19, 21, 22, 23, 24 | 18, 19, 21, 22, 23, 24 | | | 5, 6, 11, 16, 25, 26, 27, 28, 29 |
| B | B | B | B | B | B |
| 2, 3, 4, 5, 6, 7, 8, 9, 14, 24, 25, 26 | 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 28, 29, 30, 31 | 14, 15, 16, 17, 18, 19, 20, 21, 22, 23 | 1, 28, 32, 33 | 27 | 10, 11, 12, 13, 24, 25, 26 |

കുറിപ്പ്: (A – കുടുംബചോദ്യാവലി, B – വൈയക്തിക ചോദ്യാവലി)

പല ചോദ്യങ്ങളും ഒന്നിലേറെ ചരങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ ബന്ധപ്പെട്ട എല്ലാ ചരങ്ങളും വിശകലനത്തിനു വിധേയമാക്കുന്നത് പഠനം അതിസങ്കീർണ്ണവും ക്ലേശപൂർണ്ണവും ആക്കും എന്നതിനാൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഏതാനും ചരങ്ങൾ മാത്രമേ വിശകലന വിധേയമാക്കിയിട്ടുള്ളു. അതുപ്രകാരം വിശകലനവിധേയമാക്കുന്ന ഓരോ ചരവും അതുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഇങ്ങനെ പട്ടികപ്പെടുത്താം:

(I) വ്യത്യസ്ത സാമൂഹിക ചരങ്ങൾ കണ്ടെത്താനായി തെരഞ്ഞെടുത്ത ചോദ്യങ്ങൾ:

(1) കുടിയേറ്റകാലം A 4

(2) അധിവാസരീതി A 9, 10

(3) ലിംഗം B 2

(4) പ്രായം B 3

(5) വിദ്യാഭ്യാസം B 4

(6) സാമ്പത്തികം B 7

(II) ഭാഷാ മനോഭാവം കത്തൊനായി തെരഞ്ഞെടുത്ത ചോദ്യങ്ങൾ:

B 28, 29, 30, 31

(III) വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണവും ആദേശവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ:

A 18, 19, 21, 22, 23, 24

B 14, 15, 16, 17, 18, 19, 20, 21, 22, 23

(IV) വ്യത്യസ്ത ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും കത്താ നായി തെരഞ്ഞെടുത്ത ചോദ്യങ്ങൾ

B 1, 28, 32, 33

(V) ഭാഷാനൈപുണികളുടെ സംരക്ഷണം കത്തൊനായി തെരഞ്ഞെടുത്ത ചോദ്യം:

B 27

(VI) സാംസ്കാരിക സമന്വയ അവസ്ഥകൾ കത്തൊനായി തെരഞ്ഞെടുത്ത ചോദ്യങ്ങൾ:

A 5, 6, 11, 16, 25, 26, 27, 28, 29

B 10, 11, 12, 13, 24, 25, 26

ബഹുദ്ദേശ്യചോദ്യങ്ങൾ

ആവേദകന്റെ പേർ എന്ത്? എന്ന ചോദ്യം ആവേദകന്റെ പേരിൽ എത്രത്തോളം തമിഴ് പാരമ്പര്യം ഉ് എന്നും മറ്റ് ആവേദകരുടെ പേരുമായി താരതമ്യം ചെയ്തുകൊ് പ്രായം, പ്രാദേശികത എന്നിങ്ങനെ അനവധി

കാര്യങ്ങളുമായി പേരിലെ തമിഴ് പാരമ്പര്യസംരക്ഷണസ്വഭാവം എത്രത്തോള മ്് എന്നും വിശകലനം ചെയ്തെടുക്കുവാനുള്ളതാണ്.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ ഓരോ ബഹുദ്ദേശ്യചോദ്യത്തിന്റെയും ഉദ്ദേശ്യങ്ങളെ പ്രത്യക്ഷം, പരോക്ഷം എന്നിങ്ങനെയും വർഗ്ഗീകരിക്കാവുന്നതാണ്.

ബഹുദ്ദേശ്യചോദ്യങ്ങളിൽ പരോക്ഷഉദ്ദേശ്യങ്ങൾ ആവേദകശ്രദ്ധയിൽ പെടില്ല എന്നതുകൊ്, ശേഖരിക്കുന്ന ദത്തങ്ങൾ ആവേദകരുടെ ബോധപൂർവ്വ ശ്രമത്താൽ വസ്തുതകളിൽനിന്ന് വ്യതിചലിക്കുന്നത് ഒഴിവാക്കാമെന്നൊരു ഗുണവും ബഹുദ്ദേശ്യചോദ്യങ്ങൾക്കു്.

### 4.7.2. ടേപ്പ് റിക്കോർഡർ

ഫലപ്രദമായ ഔപചാരിക അഭിമുഖ സംഭാഷണത്തിന് ഏറ്റവും വലിയ പ്രതിബന്ധം അസ്വാഭാവികതയാണ്. അച്ചടിച്ച ചോദ്യാവലിയാണ് അസ്വാഭാവികതയുാക്കുന്ന പ്രധാന ഘടകം. ചോദ്യാവലി നോക്കാൻ വേി സംഭാഷണം ഇടയ്ക്കിടെ നിർത്തേിവരുന്നതും ആവേദകൻ ഉത്തരം പറയുന്ന അതേ വേഗതയിൽ സൂക്ഷ്മാംശങ്ങൾ നഷ്ടപ്പെടാതെ എഴുതിയെടുക്കാനുള്ള പ്രയാസവുമാണ് പ്രധാനമായും സ്വാഭാവികതയ്ക്കു തടസ്സമാകുന്നത്. ഈ പ്രശ്നം പരിഹരിക്കാൻ വളരെ സഹായിക്കുന്ന ഉപകരണമാണ് ടേപ്പ് റിക്കോർഡർ. എഴുതിയെടുത്തതിലെ പല അപാകതകളും സംശയങ്ങളും പരിഹരിക്കാനും ടേപ്പ് റിക്കോർഡർ സഹായകമാണ്. ഈ കാരണത്താൽ, ദത്തസംഭരണത്തിന്റെ ആദ്യഘട്ടത്തിൽ ഉത്തരങ്ങൾ എഴുതിയെടുക്കാതെ പൂർണ്ണമായും ടേപ്പ് ചെയ്തെടുത്ത് പിന്നീട് ടേപ്പ് കേട്ട് കടലാസിൽ പകർത്തുകയാണ് ചെയ്തത്. എന്നാൽ പിന്നീട്, ടേപ്പ് റെക്കോർഡറിലെ ചില ശബ്ദങ്ങൾ അവ്യക്തമായതിനാൽ പകർത്തിയെഴുതുന്നതിലെ കൃത്യത സംശയകരമായതിനെത്തുടർന്ന് ടേപ്പ് ചെയ്യുന്നതോടൊപ്പം ചോദ്യാവലിയിൽ പകർത്തുകയും ചെയ്ത രുതരം

രേഖകൾ കൈവശമുള്ളത് താരതമ്യത്തിലൂടെ സംശയം തീർക്കാനും സഹാ യിച്ചു. ചില ആവേദകർ ചോദ്യാവലി സ്വയം പൂരിപ്പിച്ചു തരികയുമുായി.

### 4.7.3. വീഡിയോ കാസറ്റ്

വിവാഹം, ഉത്സവം എന്നിവ നിരീക്ഷിച്ച് ദത്തം ശേഖരിക്കാൻ വീഡിയോ കാസറ്റുകൾ ഉപയോഗപ്പെടുത്തി. നേരിട്ടു പങ്കെടുക്കുമ്പോൾ സൂക്ഷ്മമായി കാണാൻ കഴിയാത്ത പല ചടങ്ങുകളും വ്യക്തമായി കാണാനും സംശയാ സ്പദമായ കാര്യങ്ങൾ വീും വീും ക് സംശയനിവൃത്തി വരുത്താനും വീഡിയോ കാസറ്റുകൾ സഹായിച്ചു.

### 4.7.4. ഓഡിയോ കാസറ്റ്

അഭിമുഖ സംഭാഷണം ടേപ്പ് ചെയ്യാനുപയോഗിച്ചതിനു പുറമെയുള്ള കാസറ്റുകളാണ് ഇവിടെ പരാമർശിക്കുന്നത്. അതിൽ പ്രധാനം വില്ലടിച്ചാൻ പാട്ടു കളുടെ കാസറ്റ് ആണ്. തമിഴ് വാണിയർക്കിടയിൽ പ്രചാരമുള്ള വില്ലടിച്ചാൻ പാട്ട് എന്ന കലാരൂപത്തിന്റെ ഈണവും താളവും ഭാഷാവസ്ഥയും മനസ്സിലാക്കാൻ ഇവ സഹായിച്ചു.

### 4.7.5. ടെലഫോൺ

ദൂരസ്ഥരായ ചില ആവേദകരിൽനിന്ന് സംശയനിവൃത്തി വരുത്തിയത് ടെലഫോൺ വഴിയാണ്.

### 4.7.6. ഇന്റർനെറ്റ്

ഇതര മാധ്യമങ്ങളിലൂടെ ലഭ്യമല്ലാത്ത ചില സാംഖ്യികഭാഷാശാസ്ത്ര സിദ്ധാന്തങ്ങൾ ശേഖരിക്കുവാൻ ഇന്റർനെറ്റിന്റെ സഹായം ഉപയോഗിച്ചിട്ടു്.

### 4.7.7. കമ്പ്യൂട്ടർ

ചോദ്യാവലി തയ്യാറാക്കാനും ശേഖരിച്ച ദത്തം രേഖപ്പെടുത്താനും വിശകലനം ചെയ്യാനും ക്രമബദ്ധമാക്കാനും എഴുതിയ പ്രബന്ധം അച്ചടിക്കാനും കമ്പ്യൂട്ടർ ഉപയോഗിച്ചിട്ടു്.

അധ്യായം 5

# ഭാഷാസംരക്ഷണവും ആദേശവും മനോഭാവവും

## അധ്യായം 5

# ഭാഷാസംരക്ഷണവും ആദേശവും മനോഭാവവും

ഭാഗം 5.1

# വ്യത്യസ്ത ഭാഷാമേഖലകളിലെ സംരക്ഷണവും ആദേശവും

### 5.1.1. ആമുഖം

ഭാഷാപ്രയോഗവും ഭാഷാതെരഞ്ഞെടുപ്പും ഭാഷാമനോഭാവവുമായി ബന്ധപ്പെട്ട വൈയക്തികം, കുടുംബപരം, സാമുദായികം, സാമൂഹികം, മാധ്യമങ്ങളുടെ ഉപയോഗം എന്നിങ്ങനെ അഞ്ച് തലങ്ങളിലായി വിഭജിക്കാവുന്ന പതിനഞ്ച് ഭാഷാമേഖലകളാണ് വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണവും ആദേശവും മനോഭാവവും വിശകലനം ചെയ്യാനായി തെരഞ്ഞെടുത്തത്. അവ ഇങ്ങനെ പട്ടികപ്പെടുത്താം:

I. വൈയക്തികം

(1) സംഗീതാസ്വാദനം

II. കുടുംബപരം

(1) കുടുംബാംഗങ്ങളുമായുള്ള ആശയവിനിമയം

(2) ആവേദക കുടുംബത്തിൽ താരാട്ടു പാടുന്നത്

(3) ആവേദക കുടുംബത്തിൽ കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കുന്നത്

(4) ആവേദക ഗൃഹങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മതഗ്രന്ഥങ്ങൾ

III. സാമുദായികം

(1) സാമുദായികാരാധനാലയങ്ങളിലെ പൂജയും പ്രാർത്ഥനയും

(2) സാമുദായികാരാധനാലയങ്ങളിൽ ലൗകികവിഷയങ്ങളിലുള്ള ആശയവിനിമയം

IV. സാമൂഹികം

(1) മലയാളികളോടുള്ള ആശയവിനിമയം

(2) തമിഴരോടുള്ള ആശയവിനിമയം

(3) ഭാഷാസങ്കലനം

(4) വിവാഹ ക്ഷണക്കത്ത്

V. മാധ്യമങ്ങളുടെ ഉപയോഗം

(1) പത്രങ്ങളും ആനുകാലികങ്ങളും

(2) സിനിമ

(3) റേഡിയോ

(4) ടിവി

ഇതിൽ തികച്ചും രഹസ്യസ്വഭാവമുള്ള മേഖല വ്യക്തിപരമായ ഗാനാസ്വാദനമാണ്. വൈയക്തികമായി ഒരു ആവേദകൻ ഭാഷാപരമായി എവിടെ നിൽക്കുന്നു എന്നുകാണിക്കാൻ ഈ മേഖലയെ ആശ്രയിച്ചിരിക്കുന്നു.

കുടുംബസാഹചര്യങ്ങളിലെ ഭാഷാവസ്ഥ തികച്ചും വൈയക്തികമല്ലെങ്കിലും വ്യക്തിതാല്പര്യത്തോട് പരമാവധി അടുത്തുനിൽക്കുന്ന സാമൂഹിക സാഹചര്യമാണ്. ഈ സാഹചര്യത്തിൽ നാലു മേഖലകളാണുള്ളത്. ഗോത്രസംസ്കാര സവിശേഷതകളോടുള്ള സമൂഹമനസ്സിന്റെ പ്രതിപത്തി വ്യക്തമാക്കുന്ന ഭാഷാമേഖലയാണ് സാമുദായിക ആരാധനാലയങ്ങളിലെ ഭാഷാസംരക്ഷണം. ആ

സാഹചര്യത്തിൽ ര് മേഖലകളാണുള്ളത്. ഒന്ന് പൂജയും പ്രാർത്ഥനയും, മറ്റൊന്ന് ലൗകിക ആശയവിനിമയം. പൊതുസമൂഹത്തിനു മുന്നിൽ സംരക്ഷിച്ചു പോരുന്ന ഭാഷാവസ്ഥയും പൊതുസമൂഹത്തോട് പ്രകടിപ്പിക്കുന്ന ഭാഷാമനോ ഭാവവും വ്യക്തമാക്കുന്നതാണ് സാമൂഹിക മേഖലകൾ. മാധ്യമങ്ങളുടെ ഉപ യോഗം വൈയക്തികം, സാമൂഹികം എന്നിങ്ങനെയുള്ള അതിർവരമ്പുകൾക്ക് അതീതമാണ് എന്നതുകൊാണ് അതിനെ ഒരു വ്യത്യസ്ത മേഖലയായി പ രിഗണിച്ചിരിക്കുന്നത്. വ്യക്തിതാല്പര്യങ്ങളും സാമൂഹികതാല്പര്യങ്ങളും ഒരു പോലെ സംരക്ഷിക്കുന്ന മേഖലയാണ് മാധ്യമങ്ങളുടേത്. ഇന്ന് മുൻകാല ത്തേക്കാൾ വളരെയേറെ പ്രസക്തമാണ് മാധ്യമമേഖല. ഭാഷാവസ്ഥകളെ വളരെയേറെ സ്വാധീനിക്കുകയും ഭാഷാവസ്ഥകളാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്ന മേഖലകൂടിയാണത്.

### 5.1.2. വൈയക്തികം

#### 5.1.2.1. ഗാനാസ്വാദനവും സാമൂഹികചരങ്ങളും

ഭാഷയുടെ അതിർവരമ്പുകൾ നോക്കാതെ ആസ്വദിക്കുന്ന ഒന്നാണ് സംഗീതം. എങ്കിലും ഭൂരിപക്ഷം പേരും അവരവരുടെ മാതൃഭാഷയിലുള്ള ഗാനങ്ങളായിരിക്കും സ്വാഭാവികമായും ഏറ്റവുമധികം ആസ്വദിക്കുന്നത്. ഒരാൾ തമിഴ് ഗാനാസ്വാദനത്തിൽ പ്രാധാന്യം നൽകുന്നുങ്കെിൽ ആ ഭാഷയോട് ആ വ്യക്തിക്ക് വൈകാരികമായ അടുപ്പമുന്നെ് അനുമാനിക്കേിയിരിക്കുന്നു. തമിഴ് പ ാരമ്പര്യം നിലനിർത്തുന്ന സമൂഹങ്ങളിലെ തമിഴ് ഗാനാസ്വാദനം ഭാഷാ സംരക്ഷണത്തിന്റെ സവിശേഷ മേഖലയായി കണക്കാക്കാം. തമിഴ്വാണിയരുടെ ഗാനാസ്വാദനത്തെയും ഇതിൽ ഉൾപ്പെടുത്താം. സാമൂഹികചരങ്ങൾക്ക് അനു സൃതമായി ഗാനാസ്വാദനത്തിൽ വ്യതിയാനങ്ങൾ വരുന്നുാേ എന്ന് നിരീക്ഷി ക്കേ തു്.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 1

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 4 | 3 |
| തമിഴ്, മലയാളം | 20 | 31 | 28 | 21 |
| തമിഴ്, മലയാളം, ഹിന്ദി | 32 | 50 | 44 | 32 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 12 | 19 | 44 | 32 |
| മലയാളം | | | 16 | 12 |

നൂറു വർഷത്തിനിപ്പുറം കുടിയേറിയവരിൽ 31% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവർ 50% ആണ്. 19% പേർ ഇംഗ്ലീഷ് ഗാനങ്ങൾ കൂടി ആസ്വദിക്കുന്നു. മലയാളം മാത്രം ആസ്വദിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 3% പേർ ഗാനാസ്വാദനശീലം ഇല്ലാത്തവരാണ്. 21% പേർ തമിഴിലും 32% പേർ തമിഴിലും മലയാളത്തിലും 32% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. വേറൊരു 32% പേർ മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നിവയിലുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 12% പേർ മലയാളത്തിലുള്ള ഗാനങ്ങൾ മാത്രമാണ് ആസ്വദിക്കുന്നത്.

## (2) അധിവാസരീതി

പട്ടിക 2

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 4 | 3 | | |
| തമിഴ്, മലയാളം | 40 | 36 | 8 | 9 |
| തമിഴ്, മലയാളം, ഹിന്ദി | 40 | 36 | 36 | 41 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 28 | 25 | 28 | 32 |
| മലയാളം | | | 16 | 18 |

കൂട്ടമായി താമസിക്കുന്നവരിൽ 3% പേർ ഗാനാസ്വാദനശീലമില്ലാത്തവരാണ്. 36% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. വേറൊരു 36% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 25% പേർ നാലു ഭാഷയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ ഗാനാസ്വാദകരല്ലാത്തവരായി ആരുമില്ല. 9% പേർ തമിഴിലും മലയാളത്തിലും മാത്രമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 41% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 32% പേർ നാലു ഭാഷകളിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 18% പേർ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്ന ശീലക്കാരാണ്.

## (3) ലിംഗഭേദം

പട്ടിക 3

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 4 | 4 |
| തമിഴ്, മലയാളം | 24 | 24 | 24 | 24 |
| തമിഴ്, മലയാളം, ഹിന്ദി | 32 | 32 | 44 | 44 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 40 | 40 | 16 | 16 |
| മലയാളം | 4 | 4 | 12 | 12 |

ആണുങ്ങളിൽ എല്ലാവരും ഗാനാസ്വാദകരാണ്. 24% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. 32% തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. 40% പേർ നാലു ഭാഷയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. മലയാളത്തിൽ മാത്രമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവർ 4% ആണ്. സ്ത്രീകളിൽ 4% പേർ ഗാനാസ്വാദനശീലമില്ലാത്തവരാണ്. 24% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 44% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. 16% പേർ മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. 12% പേരാണ് മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവർ.

## (4) പ്രായഭേദം

പട്ടിക 4

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | | | 4 | 10 |
| തമിഴ്, മലയാളം | 12 | 16 | 20 | 24 | 16 | 40 |
| തമിഴ്, മലയാളം, ഹിന്ദി | 24 | 32 | 44 | 52 | 8 | 20 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 40 | 52 | 12 | 14 | 4 | 10 |
| മലയാളം | | | 8 | 10 | 8 | 20 |

മുപ്പതിൽ താഴെ പ്രായമായവരിൽ ഗാനാസ്വാദകരല്ലാത്ത ആരുമില്ല. 16% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 32% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരും 52% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരുമാണ്. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 24% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിൽ 52% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 14% പേർ ഈ മൂന്നു ഭാഷയോടൊപ്പം ഇംഗ്ലീഷ് ഗാനങ്ങൾ കൂടി ആസ്വദിക്കുന്നു. 10% പേർ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവരാണ്. 60–നു മേൽ പ്രായമുള്ളവരിൽ 10% പേർ ഗാനങ്ങൾ ആസ്വദിക്കുന്ന സ്വഭാവക്കാരല്ല. 40% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നു. 20% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 10% പേർ നാലു ഭാഷകളിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുമ്പോൾ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവർ പ്രായമായവരിൽ 20% പേർ വരും.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 5

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 4 | 4 |
| തമിഴ്, മലയാളം | 12 | 11 | 36 | 39 |
| തമിഴ്, മലയാളം, ഹിന്ദി | 32 | 30 | 44 | 48 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 48 | 44 | 8 | 9 |
| മലയാളം | 16 | 15 | | |

ഉയർന്ന വിദ്യാഭ്യാസം ലഭിച്ചവരിൽ ഗാനാസ്വാദകരല്ലാത്ത ആരും ഇല്ല. 11% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുമ്പോൾ 30% തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള ഗാനങ്ങളും 44% മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ നാലു ഭാഷകളിലുള്ള ഗാനങ്ങളും ആസ്വദിക്കുന്നവരാണ്. മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവർ വിദ്യാഭ്യാസനിലവാരം കൂടിയവരിൽ 15% പേരാണ്. വിദ്യാഭ്യാസനിലവാരം കുറഞ്ഞവരിൽ 4% പേർ ഗാനാസ്വാദകരല്ല. 39% പേർ തമിഴിലും മലയാളത്തിലും 48% തമിഴ്മലയാളങ്ങളിലും ഹിന്ദിയിലും 9% തമിഴ്മലയാളങ്ങളിലും ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരിൽ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്ന ആരുമില്ല.

## (6) സാമ്പത്തികനില

പട്ടിക 6

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | 4 | 3 | | |
| തമിഴ്, മലയാളം | 12 | 23 | 36 | 31 | | |
| തമിഴ്, മലയാളം, ഹിന്ദി | 32 | 62 | 32 | 28 | 12 | 38 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 8 | 15 | 32 | 28 | 16 | 50 |
| മലയാളം | | | 12 | 10 | 4 | 12 |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽ ഗാനാസ്വാദകരല്ലാത്തവരോ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവരോ ആയി ആരും ഇല്ല. 23% പേർ തമിഴിലും മലയാളത്തിലും 62% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലും 15% പേർ മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപെട്ടവരിൽ ഗാനാസ്വാദനശീലമില്ലാത്തവരാണ് 3% പേർ. 31% പേർ തമിഴിലും മലയാളത്തിലും 28% തമിഴ്മലയാളങ്ങളിലും ഹിന്ദിയിലും വേറൊരു 28% പേർ ഈ മൂന്നു ഭാഷകൾക്കു പുറമെ ഇംഗ്ലീഷിലുള്ള ഗാനങ്ങൾ കൂടി ആസ്വദിക്കുന്നവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 10% പേർ മലയാളത്തിൽ മാത്രമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. സമ്പന്നരിൽ 38% തമിഴ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിലുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 50% ഈ മൂന്നു ഭാഷയ്ക്കു പുറമെ ഇംഗ്ലീഷ് സംഗീതവും ആസ്വദിക്കുന്നു. 12% പേർ മലയാള ഗാനങ്ങൾ മാത്രമാണ് ആസ്വദിക്കുന്നത്.

### 5.1.3. കുടുംബപരം

#### 5.1.3.1. ഗൃഹഭാഷയും സാമൂഹികചരങ്ങളും

ഭാഷാസംരക്ഷണം ഏറ്റവും നന്നായി നടക്കുന്ന മേഖലയാണ് വീട്. പൊതുസമൂഹത്തോട് അന്യഭാഷയിൽ സംസാരിക്കാൻ നിർബന്ധിതരാകുകയോ, സാമൂഹിക ജീവിതവിജയത്തിനായി സമ്പർക്കസമൂഹത്തിന്റെ ഭാഷ സ്വമേധയാ സ്വീകരിക്കുകയോ ചെയ്യുന്ന ന്യൂനപക്ഷങ്ങൾ, സ്വത്വം ഗോപ്യമായി നിലനിർത്തുകയും മാതൃഭാഷയിൽ അഭിരമിക്കുകയും ചെയ്യുന്ന സ്വകാര്യതലമാണ് സ്വഗൃഹം. ഗാർഹികഭാഷയിൽ ആദേശം സംഭവിച്ചുവെന്നത് ഭാഷ–ആദേശം പൂർണ്ണമായി എന്നതിന്റെ സൂചനയാണ്.

കുടുംബാംഗങ്ങൾക്ക് ഏവർക്കും ഒരുപോലെ ബാധകമായതും വൈയക്തിക വ്യത്യാസങ്ങൾക്ക് പ്രസക്തിയില്ലാത്തതുമായ ഭാഷാമേഖലയാണ് കുടുംബപരമായ ഭാഷാമേഖലകൾ. വീട്ടിലെ അംഗങ്ങൾ പരസ്പരം സംസാരിക്കുന്ന ഭാഷ, വീടുകളിൽ കുട്ടികളെ ഉറക്കാനായി പാടുന്ന താരാട്ടുപാട്ടുകളുടെ ഭാഷ, കുട്ടികൾക്ക് മുതിർന്ന കുടുംബാംഗങ്ങൾ കഥപറഞ്ഞുകൊടുക്കുന്ന ഭാഷ, വീടുകളിൽ സൂക്ഷിച്ചുവെക്കുകയും പാരായണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന മതഗ്രന്ഥങ്ങളുടെ ഭാഷ എന്നിവ കുടുംബപരമായ ഭാഷാമേഖലകളാണ്.

ഭാഷാചരങ്ങൾ ആറു വ്യത്യസ്ത സാമൂഹികചരങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥിതിവിവരക്കണക്കുകളുടെയും ഭാഷാശാസ്ത്രതത്വങ്ങളുടെയും സഹായത്തോടെ വിശകലനവിധേയമാക്കുന്നത്. കുടിയേറ്റ കാലദൈർഘ്യം, അധിവാസരീതി, ലിംഗം, പ്രായം, വിദ്യാഭ്യാസം, സാമ്പത്തികം എന്നിവയാണ് പ്രസ്തുത സാമൂഹികചരങ്ങൾ. ഇവയിൽ കുടുംബരമായ ഭാഷാമേഖലകളുടെ വിശകലനത്തിൽ വ്യക്തിപരത പ്രസക്തമല്ല. അതിനാൽ ലിംഗം, പ്രായം എന്നീ സാമൂഹികചരങ്ങൾ പരിഗണിക്കുന്നില്ല.

ബി. 14-ാം ചോദ്യം, ആവേദകൻ സ്വഗൃഹത്തിൽ ഉപയോഗിക്കുന്ന ഭാഷ/ഭാഷകൾ ഏത് എന്നതാണ്. മൂന്നുതരം ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് ആവേദകരിൽനിന്ന് ലഭിച്ചത്:

1. തമിഴ്
2. തമിഴും മലയാളവും
3. മലയാളം

## (1) അധിവാസകാലദൈർഘ്യം

പട്ടിക 7

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 36 | 56 | 4 | 3 |
| തമിഴ്, മലയാളം | 28 | 44 | 52 | 38 |
| മലയാളം | | | 80 | 59 |

നൂറു വർഷത്തിനിപ്പുറം കുടിയേറിയ ആവേദകരിൽ 56% പേർ വീട്ടിൽ തമിഴ് മാത്രം സംസാരിക്കുന്നതായി അറിയിച്ചു. 44% പേർ തമിഴും മലയാളവും സംസാരിക്കുന്നതായി പറഞ്ഞു. മലയാളം മാത്രം സംസാരിക്കുന്നതായി ആരും ഈ വിഭാഗത്തിൽ ഇല്ല. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ മൂന്നു ശതമാനം പേർ തമിഴും 38% പേർ തമിഴും മലയാളവും സംസാരിക്കുമ്പോൾ 59% പേർ മലയാളം മാത്രമാണ് സംസാരിക്കുന്നത്.

## (2) അധിവാസരീതി

പട്ടിക 8

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 28 | 25 | 12 | 14 |
| തമിഴ്, മലയാളം | 60 | 54 | 20 | 23 |
| മലയാളം | 24 | 21 | 56 | 63 |

കൂട്ടമായി താമസിക്കുന്ന ആവേദകരിൽ 25% പേർ തമിഴ് സംസാരിക്കുമ്പോൾ 54% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. 21% പേർ മലയാളം മാത്രമാണ് സംസാരിക്കുന്നത്. ഒറ്റതിരിഞ്ഞ വീടുകളിൽ താമസിക്കുന്നവരിൽ 14% പേർ തമിഴും 23% പേർ തമിഴും മലയാളവും സംസാരിക്കുമ്പോൾ 63% പേർ മലയാളം മാത്രം സംസാരിക്കുന്നു.

## (3) ലിംഗഭേദം

പട്ടിക 9

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 32 | 32 | 8 | 8 |
| തമിഴ്, മലയാളം | 28 | 28 | 52 | 52 |
| മലയാളം | 40 | 40 | 40 | 40 |

പുരുഷന്മാരിൽ 32% പേർ തമിഴും 28% പേർ തമിഴും മലയാളവും 40% പേർ മലയാളം മാത്രവും സംസാരിക്കുന്നവരാണ്. സ്ത്രീകളിൽ 8% പേർ തമിഴും

52% പേർ തമിഴും മലയാളവും 40% പേർ മലയാളം മാത്രവും സംസാരിക്കുന്നതായാണ് അറിയിച്ചത്.

## (4) പ്രായഭേദം

പട്ടിക 10

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 20 | 26 | 12 | 14 | 8 | 20 |
| തമിഴ്, മലയാളം | 12 | 16 | 52 | 62 | 16 | 40 |
| മലയാളം | 44 | 58 | 20 | 24 | 16 | 40 |

ചെറുപ്പക്കാരിൽ 26% വീട്ടിൽ തമിഴ് സംസാരിക്കുമ്പോൾ 16% തമിഴും മലയാളവും സംസാരിക്കുന്നു. ഈ വിഭാഗത്തിൽ 58% പേർ മലയാളം മാത്രമാണ് വീട്ടിൽ സംസാരിക്കുന്നത്. മധ്യവയസ്കരിൽ 14% പേർ വീട്ടിൽ തമിഴ് സംസാരിക്കുമ്പോൾ 62% തമിഴും മലയാളവും 24% പേർ മലയാളം മാത്രവുമാണ് സംസാരിക്കുന്നത്. 60–നു മുകളിൽ പ്രായമുള്ള ആവേദകരിൽ 20% പേർ തമിഴും 40% പേർ തമിഴും മലയാളവും സംസാരിക്കുന്നു. ശേഷിച്ച മറ്റൊരു 40% മലയാളം മാത്രം സംസാരിക്കുന്നവരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 11

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 12 | 11 | 28 | 30 |
| തമിഴ്, മലയാളം | 24 | 22 | 56 | 61 |
| മലയാളം | 72 | 67 | 8 | 9 |

വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ആവേദകരിൽ 11% പേർ തമിഴും 22% തമിഴും മലയാളവും 67% മലയാളം മാത്രവും സംസാരിക്കുന്ന വരാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരിൽ 30% പേർ തമിഴ് മാത്രം സംസാരിക്കുമ്പോൾ 61% തമിഴും മലയാളവും സംസാരിക്കുന്നു. 9% പേർ മലയാളം മാത്രമാണ് സംസാരിക്കുന്നത്.

## (6) സാമ്പത്തികനില

പട്ടിക 12

| ഭാഷ | കീഴ്വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 12 | 23 | 28 | 24 | | |
| തമിഴ്, മലയാളം | 36 | 69 | 40 | 34 | 4 | 12.5 |
| മലയാളം | 4 | 8 | 48 | 42 | 28 | 87.5 |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആവേദകരിൽ 23% പേർ വീട്ടിൽ തമിഴ് മാത്രം സംസാരിക്കുമ്പോൾ 69% തമിഴും മലയാളവും സംസാരി ക്കുന്നു; 8% പേർ മലയാളം മാത്രമാണ് സംസാരിക്കുന്നത്. സാമ്പത്തിക മധ്യ വർഗ്ഗത്തിൽപെട്ട ആവേദകരിൽ 24% പേർ തമിഴ് മാത്രവും 34% പേർ തമിഴും മലയാളവും 42% പേർ മലയാളം മാത്രവുമാണ് ഗൃഹാന്തരീക്ഷത്തിൽ സംസാരി ക്കുന്നത്. സമ്പന്നരായ ആവേദകരിൽ തമിഴ് മാത്രം സംസാരിക്കുന്ന ആരും ഇല്ല. തമിഴും മലയാളവും സംസാരിക്കുന്ന ആവേദകർ 12.5% ആണ്; 87.5% പേർ മലയാളം മാത്രം സംസാരിക്കുന്നവരും.

### 5.1.3.2. താരാട്ടും സാമൂഹികചരങ്ങളും

ഗാർഹികമേഖലയിലെ ഭാഷാസംരക്ഷണത്തിന്റെ പ്രധാന തലങ്ങളിൽ ഒന്നാണ് ചെറിയ കുട്ടികളെ ഉറക്കാൻ പാടുന്ന താരാട്ടുപാട്ടുകൾ. താരാട്ടു പാട്ടുകൾ കുട്ടികളെ ഉറക്കാൻ സഹായിക്കുക എന്നതിനു പുറമെ, പാടുന്നവരുടെ ആത്മാവിഷ്കാരം കൂടി നിർവ്വഹിക്കുന്നു്. ഗതകാല സ്മരണകളയവിറക്കാനും സാമൂഹിക സ്വത്വാവബോധം നിലനിർത്താനും താരാട്ടുപാട്ടുകൾ സഹായകമാണ്. ഭാഷാസംരക്ഷണത്തിന്റെയും ഭാഷാമനോഭാവത്തിന്റെയും സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് താരാട്ടുപാട്ടുകളുടെ ഭാഷ.

വീടുകളിൽ പാടുന്ന താരാട്ടുപാട്ടുകളിൽ ലിംഗ-പ്രായഭേദങ്ങൾക്ക് പ്രസക്തി കുറവായതിനാൽ താരാട്ടുപാട്ടുകളിൽ ഭാഷാവസ്ഥാവിശകലനത്തിൽ ലിംഗം, പ്രായം എന്നിവയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികചരങ്ങൾ പരിഗണിക്കുന്നില്ല.

#### (1) അധിവാസകാലദൈർഘ്യം

പട്ടിക 13

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 16 | 25 | 28 | 21 |
| തമിഴ്, മലയാളം | 16 | 25 | 8 | 6 |
| മലയാളം | 32 | 50 | 100 | 73 |

100 വർഷത്തിനകം കുടിയേറിയവരിൽ 25% പേരുടെ വീടുകളിൽ ഇന്നും തമിഴിലുള്ള താരാട്ടുപാട്ടുകൾ മാത്രമാണ് പാടുന്നത്. മറ്റൊരു 25% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും താരാട്ടു പാടുന്നു. ശേഷിച്ച 50% പേരുടെ

വീടുകളിൽ താരാട്ടുപാട്ടുകളുടെ ഭാഷ പൂർണ്ണമായും മലയാളമായിക്കഴിഞ്ഞു. 100 വർഷത്തിനു മുമ്പ് കുടിയേറിയവരിൽ 21% പേർ ഇന്നും തമിഴ് താരാട്ടു പാട്ടുകളാണ് ഉപയോഗിക്കുന്നത്. 6% പേർ തമിഴിലും മലയാളത്തിലും ഉള്ള പാട്ടുകൾ ഉപയോഗിക്കുന്നു. 73% പേരുടെ വീടുകളിൽ മലയാളത്തിലുള്ള താരാട്ടുപാട്ടുകൾ മാത്രമാണ് ഉപയോഗിക്കുന്നത്.

## (2) അധിവാസരീതി

പട്ടിക 14

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 44 | 39 | | |
| തമിഴ്, മലയാളം | 8 | 7 | 16 | 18 |
| മലയാളം | 60 | 54 | 72 | 82 |

കൂട്ടമായി താമസിക്കുന്നവരിൽ 39% പേരുടെ വീടുകളിൽ തമിഴിലുള്ള താരാട്ടുപാട്ടുകൾ മാത്രം പാടുന്നു. 7% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും 54% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രവുമാണ് താരാട്ടു പാടുന്നത്. ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ തമിഴ് താരാട്ടുപാട്ടുകൾ മാത്രം പാടുന്ന വീടുകളിലെ അംഗങ്ങളായി ആരും ഇല്ല. 18% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും 82% പേരുടെ വീടുകളിൽ മലയാളത്തിലുമുള്ള താരാട്ടുപാട്ടുകൾ മാത്രമാണ് പാടുന്നത്.

## (3) വിദ്യാഭ്യാസനിലവാരം

പട്ടിക 15

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 16 | 15 | 28 | 30 |
| തമിഴ്, മലയാളം | 8 | 7 | 16 | 17 |
| മലയാളം | 84 | 78 | 48 | 53 |

ഉയർന്ന വിദ്യാഭ്യാസനിലവാരം പുലർത്തുന്നവരിൽ 15% പേരുടെ വീടുകളിൽ തമിഴ് താരാട്ടുപാട്ടുകൾ മാത്രം പാടുമ്പോൾ 7% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള താരാട്ടുപാട്ടുകൾ പാടുന്നു. 78% പേരുടെ വീടുകളിൽ മലയാളത്തിലുള്ളവ മാത്രമാണ് പാടുന്നത്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 30% പേരുടെ വീടുകളിൽ തമിഴ് താരാട്ടുപാട്ടുകൾ മാത്രം പാടുമ്പോൾ 17% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള താരാട്ടുപാട്ടുകൾ പാടുന്നു. 53% പേരുടെ വീടുകളിൽ മലയാളത്തിലുള്ള താരാട്ടുപാട്ടുകൾ മാത്രമാണ് പ ാടുന്നത്.

## (4) സാമ്പത്തികനില

പട്ടിക 16

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 20 | 38 | 24 | 20 | | |
| തമിഴ്, മലയാളം | 8 | 15 | 16 | 14 | | |
| മലയാളം | 24 | 47 | 76 | 66 | 32 | 100 |

താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിൽ 38% പേരുടെ വീടുകളിൽ തമിഴിലുള്ള താരാട്ടുപാട്ടുകൾ മാത്രം പാടുമ്പോൾ 15% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള താരാട്ടുപാട്ടുകൾ പാടുന്നു. 47% പേരുടെ വീടുകളിൽ മലയാളം താരാട്ടുപാട്ടുകൾ മാത്രമാണ് പാടുന്നത്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട ആവേദകരിൽ 20% പേരുടെ വീടുകളിൽ തമിഴ് താരാട്ടു പ ാട്ടുകൾ മാത്രം പാടുമ്പോൾ 14% പേരുടെ വീടുകളിൽ തമിഴിലും മലയാള ത്തിലുമുള്ള താരാട്ടുപാട്ടുകൾ പാടുന്നു. 66% പേരുടെ വീടുകളിൽ മലയാള ത്തിലുള്ള താരാട്ടുപാട്ടുകൾ മാത്രം പാടുന്നു. ഉന്നത സാമ്പത്തികനിലയിലുള്ള ആവേദകരുടെ എല്ലാവരുടെയും വീടുകളിൽ മലയാളത്തിലുള്ള താരാട്ടു പ ാട്ടുകൾ മാത്രമാണ് പാടുന്നത്.

### 5.1.3.3. കഥകളും സാമൂഹികചരങ്ങളും

താരാട്ടുപാട്ടുകളുടെ പ്രധാനധർമ്മം കുട്ടികളെ ഉറക്കുകയാണെങ്കിൽ അവരെ ഉറക്കുന്നതോടൊപ്പം സാംസ്കാരികവും ധാർമ്മികവുമായ അവബോധം അവരിൽ ഉാക്കുക എന്നതുകൂടി അവർക്കു പറഞ്ഞുകൊടുക്കുന്ന കഥകളുടെ ധർമ്മമാണ്. എല്ലാ സമൂഹത്തിനും അതിന്റെ സാംസ്കാരിക പാരമ്പര്യം വഹി ക്കുന്ന കഥകളുടെ ശേഖരം ഉായിരിക്കും. ന്യൂനപക്ഷ സമൂഹങ്ങൾക്ക് ഭൂരി പക്ഷ സമൂഹത്തിന്റേതിൽനിന്ന് വ്യത്യസ്തമായ സ്വത്വാവബോധം പുലർത്തുന്ന കഥകളുടെ പ്രത്യേക ശേഖരം ഉായിരിക്കും. കണ്ണകി–കോവലൻ കഥ, പൊന്നിറത്താൾ കഥ, മാരിയമ്മൻ കഥ എന്നിവ കേരളത്തിലെ തമിഴ് വാണിയരുടെ സ്വത്വാവബോധവുമായി ബന്ധപ്പെട്ട കഥകളാണ്. ഇതിനുപുറമെ, രാമായണം, മഹാഭാരതം എന്നിവയിലെ കഥകളും പറഞ്ഞുപോരുന്നു്. ഈ കഥകൾ പാട്ടുരൂപത്തിലും കഥാരൂപത്തിലും പ്രസ്തുത സമൂഹത്തിനിടയിൽ പ്രചാരത്തിലു്. പാട്ടുകളിൽ പ്രധാനം വിൽപ്പാട്ടുകളും ഉടുക്കുകൊട്ടിപ്പാടുന്ന മാരിയമ്മൻ പാട്ടുമാണ്. ഈ പാട്ടുകളിലെ തമിഴുകലർന്ന മലയാളഭാഷ പ

ലപ്പോഴും സവിശേഷപഠനത്തിന് വിഷയമായിട്ടു്. പാട്ടുകൾ ഗദ്യരൂപങ്ങളെ അപേക്ഷിച്ച് സാവകാശത്തിൽ മാത്രം പരിണാമവിധേയമാകുന്നുവെന്ന് നിരീക്ഷി ച്ചിട്ടു്. പദ്യരൂപത്തെക്കാൾ ആനുകാലിക സവിശേഷതകൾ വ്യക്തമാക്കുന്നത് ഗദ്യരൂപമായിരിക്കും. കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന കഥകളിലെ ഭാഷ ഭാഷാ സംരക്ഷണത്തിന്റെ തീവ്രതയേറിയ മേഖലയായി കണക്കാക്കാം. കാരണം കുടുംബാംഗങ്ങൾ മാത്രം സാക്ഷികളാകുന്ന സ്വത്വസംരക്ഷണത്തിന് സഹായകമായ ഒരു രഹസ്യസ്വഭാവം പ്രസ്തുത സാഹചര്യത്തിനു്. ലിംഗ-പ്രായ വ്യത്യാസം പ്രസക്തമല്ലാത്തതിനാൽ ഈ മേഖലയുടെ വിശകലനത്തിലും അവ പരിഗണിച്ചിട്ടില്ല.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 17

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 32 | 50 | | |
| തമിഴ്, മലയാളം | | | 24 | 18 |
| മലയാളം | 32 | 50 | 112 | 82 |

100 വർഷത്തിനകം കുടിയേറിയവരിൽ നേർപകുതി പേരുടെ (50%) വീടുകളിൽ കുട്ടികൾക്ക് തമിഴിൽ മാത്രം കഥ പറഞ്ഞുകൊടുക്കുന്നതായി കാണുന്നു. ശേഷിച്ച 50% പേരുടെയും വീടുകളിൽ മലയാളത്തിൽ മാത്രം കഥ പറഞ്ഞുകൊടുക്കുന്നതായി കാണുന്നു. തമിഴിലും മലയാളത്തിലുമുള്ള കഥകൾ ഒരുപോലെ കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്ന ആരെയും 100 വർഷത്തിനകം കുടിയേറിയവരുടെ കൂട്ടത്തിൽ കാണുന്നില്ല. 100 വർഷത്തിന് മുമ്പ് കുടിയേറിയവരിൽ തമിഴിൽ മാത്രം കഥപറഞ്ഞുകൊടുക്കുന്ന ആരുമില്ല. 18% പേരുടെ

വീടുകളിൽ തമിഴിലും മലയാളത്തിലും 82% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രവുമുള്ള കഥകളാണ് പറഞ്ഞുകൊടുക്കുന്നത്.

## (2) അധിവാസരീതി

പട്ടിക 18

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 16 | 14 | 16 | 18 |
| തമിഴ്, മലയാളം | 24 | 21 | | |
| മലയാളം | 72 | 65 | 72 | 82 |

കൂട്ടമായി താമസിക്കുന്നവരിൽ 14% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴിലുള്ള കഥകൾ മാത്രമാണ് പറഞ്ഞുകൊടുക്കുന്നത്. 21% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കുന്നു. 65% പേരുടെ വീടുകളിൽ മലയാളത്തിലുള്ള കഥകൾ മാത്രമാണ് പറഞ്ഞുകൊടുക്കുന്നത്. ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ 18% പേരുടെ വീടുകളിൽ തമിഴിലുള്ള കഥകൾ മാത്രം പറഞ്ഞുകൊടുക്കുമ്പോൾ 82% പേരുടെ വീടുകളിൽ മലയാളത്തിലുള്ള കഥകൾ മാത്രമാണ് പറഞ്ഞുകൊടുക്കുന്നത്. ഇരുഭാഷകളിലും കഥകൾ പറഞ്ഞുകൊടുക്കുന്ന വീടുകളിലെ അംഗങ്ങളായി ആരെയും ഇക്കൂട്ടത്തിൽ കാണുന്നില്ല.

## (3) വിദ്യാഭ്യാസനിലവാരം

പട്ടിക 19

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 8 | 7 | 24 | 26 |
| തമിഴ്, മലയാളം | 12 | 11 | 12 | 13 |
| മലയാളം | 88 | 82 | 56 | 61 |

ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ളവരിൽ 7% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴിലും 11% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും കഥകൾ പറഞ്ഞുകൊടുക്കുന്നു്. 82% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രമാണ് കഥകൾ പറഞ്ഞുകൊടുക്കുന്നത്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 26% പേരുടെ വീടുകളിൽ തമിഴിലും 13% പേരുടേതിൽ തമിഴിലും മലയാളത്തിലും 61% പേരുടേതിൽ മലയാളത്തിൽ മാത്രവും കഥകൾ പറഞ്ഞുകൊടുക്കുന്നു.

## (4) സാമ്പത്തികനില

പട്ടിക 20

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 8 | 15 | 24 | 21 | | |
| തമിഴ്, മലയാളം | 8 | 15 | 16 | 14 | | |
| മലയാളം | 36 | 70 | 76 | 65 | 32 | 100 |

സാമ്പത്തികമായി താഴെയുള്ളവരിൽ 15% പേരുടെ വീടുകളിൽ തമിഴിലും മറ്റൊരു 15% പേരുടെ വീടുകളിൽ തമിഴ്മലയാളങ്ങളിലും 70% പേരുടെ

വീടുകളിൽ മലയാളത്തിൽ മാത്രവും കഥകൾ പറഞ്ഞുകൊടുക്കുന്നു. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 21% പേരുടെ വീടുകളിൽ തമിഴിൽ മാത്രവും 14% പേരുടേതിൽ തമിഴ്മലയാളങ്ങളിലും 65% പേരുടേതിൽ മലയാളത്തിൽ മാത്രവും കുട്ടികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുന്നു. ഉന്നത സാമ്പത്തിക സ്ഥിതിയുള്ളവരിൽ എല്ലാവരുടെയും (100%) വീടുകളിൽ മലയാളത്തിൽ മാത്രമാണ് കുട്ടികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുന്നത്.

### 5.1.3.4. മതഗ്രന്ഥങ്ങളും സാമൂഹികചരങ്ങളും

ലോകത്തെ വ്യവസ്ഥാപിതമായ എല്ലാ മതങ്ങൾക്കും മതപരമായ ഗ്രന്ഥങ്ങളു്. അവ വീടുകളിൽ സൂക്ഷിച്ചുവെക്കുന്നതും വായിക്കുന്നതും പുണ്യകർമ്മമായി കണക്കാക്കിപ്പോരുന്നു. ക്രിസ്ത്യാനികൾ ബൈബിളും, മുസ്ലീങ്ങൾ ഖുർ–ആനും ഉപയോഗിക്കുമ്പോൾ സവിശേഷമായൊരു വിശുദ്ധ ഗ്രന്ഥമില്ലാത്ത ഹിന്ദുക്കൾ രാമായണം, ഭാഗവതം, പുരാണങ്ങൾ എന്നിവ ഉപയോഗിക്കുന്നു. സംസ്കൃതമറിയുന്നവർ സംസ്കൃതഗ്രന്ഥങ്ങളും അറിയാ ത്തവർ അവരവരുടെ മാതൃഭാഷയിലുള്ള തർജ്ജമകളും ആണ് ഉപയോഗി ക്കുന്നത്. ഹിന്ദുക്കളുടെ പൊതുമതഗ്രന്ഥങ്ങൾക്കു പുറമെ ഉപസമൂഹങ്ങളിൽ പലതിനും അവരവരുടേതായ വിശ്വാസങ്ങളും ആചാരങ്ങളും സാംസ്കാരികവും മതപരവുമായ സങ്കല്പങ്ങളുമു്. കേരളത്തിലെ തമിഴ് വാണിയരുടെ അത്തരം ഉപസംസ്കാരത്തിന്റെ ഭാഗമാണ് മാരിയമ്മൻ പാട്ടും മാരിയമ്മൻ കഥയും വിൽപ്പാട്ടുകളും ചിലപ്പതികാര കഥയുമെല്ലാം. തമിഴിലോ തമിഴ് കലർന്ന മലയാളത്തിലോ എഴുതിയിട്ടുള്ള പ്രസ്തുത രചനകളും തമിഴിലുള്ള രാമായണ ഭാഗവതാദികൃതികളും സൂക്ഷിച്ചുവെക്കുന്ന പതിവ് കേരളത്തിലെ തമിഴ് വാണിയർക്കിടയിൽ ഇന്നും അപൂർവ്വമായി നിലനിൽക്കുന്നു്. സമ്പർക്ക സമൂഹത്തിന്റെ സ്വാധീനത്തിനു വിധേയമായ തമിഴ് വാണിയരുടെ ഭാഷയിൽ മാറ്റം വരുന്നതനുസരിച്ച് വീട്ടിലെ മതഗ്രന്ഥങ്ങളുടെ ഭാഷയും മാറിത്തീരുന്നു്.

രഹസ്യസ്വഭാവമുള്ള ഈ മേഖലയെ ഭാഷാസംരക്ഷണത്തിന്റെ തീവ്രമേഖലകളി ലൊന്നായി പരിഗണിക്കാം. താരാട്ടും കഥയും പോലെ മതഗ്രന്ഥങ്ങളും കുടുംബസ്വത്താണ്. അതിനാൽ ലിംഗ–പ്രായഭേദാടിസ്ഥാനത്തിലുള്ള വിശകലനം ഇക്കാര്യത്തിലും ഒഴിവാക്കിയിട്ട്.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 21

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 20 | 31 | | |
| തമിഴ്, മലയാളം | | | 12 | 9 |
| ഇല്ല | 44 | 69 | 36 | 26 |
| മലയാളം | | | 52 | 39 |
| മലയാളം, ഇംഗ്ലീഷ് | | | 36 | 26 |

നൂറു വർഷത്തിനകം കുടിയേറിയവരിൽ 69% പേരുടെയും വീടുകളിൽ മതഗ്രന്ഥങ്ങൾ ഒന്നും ഇല്ല. ശേഷിച്ച 31% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥ ങ്ങളാണുള്ളത്. നൂറു വർഷത്തിനു മുമ്പ് കുടിയേറിയവരിൽ 26% പേരുടെ വീടുകളിൽ ഒരു മതഗ്രന്ഥവും ഇല്ല. തമിഴ് മതഗ്രന്ഥങ്ങൾ മാത്രം ഉള്ളതായി ഇക്കൂട്ടത്തിൽ ആരും പറഞ്ഞില്ല. 9% പേരുടെ വീടുകളിൽ തമിഴിലും മലയാള ത്തിലുമുള്ള മതഗ്രന്ഥങ്ങൾ ഉ്. മലയാളത്തിലുള്ള മതഗ്രന്ഥങ്ങൾ മാത്രമു ള്ളവർ 39% ആണ്. 26% പേരുടെ വീടുകളിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങളാണുള്ളത്.

## (2) അധിവാസരീതി

പട്ടിക 22

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 20 | 18 | | |
| തമിഴ്, മലയാളം | 12 | 11 | | |
| ഇല്ല | 52 | 46 | 28 | 32 |
| മലയാളം | 28 | 25 | 24 | 27 |
| മലയാളം, ഇംഗ്ലീഷ് | | | 36 | 41 |

കൂട്ടമായി താമസിക്കുന്നവരിൽ 46% പേരുടെ വീടുകളിലാണ് ഒരു മതഗ്രന്ഥവും ഇല്ലാത്തത്. 18% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. 11% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങള്. 25% പേരുടേതിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. ഇംഗ്ലീഷിലും മലയാളത്തിലും മാത്രമുള്ള മതഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. ഒറ്റയ്ക്കു തമാസിക്കുന്നവരിൽ തമിഴ് ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഗൃഹാംഗങ്ങൾ ആരുമില്ല. 32% പേരുടെ വീടുകളിൽ ഒരു മതഗ്രന്ഥവും ഇല്ല. 27% പേരുടെ വീടുകളിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. 41% പേരുടെ വീടുകളിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങൾ ഉ്.

## (3) വിദ്യാഭ്യാസനിലവാരം

പട്ടിക 23

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 8 | 7 | 12 | 13 |
| തമിഴ്, മലയാളം | 8 | 7 | 4 | 4 |
| ഇല്ല | 20 | 20 | 60 | 65 |
| മലയാളം | 36 | 33 | 16 | 18 |
| മലയാളം, ഇംഗ്ലീഷ് | 36 | 33 | | |

വിദ്യാഭ്യാസം കൂടിയവരിൽ 20% പേരുടെ വീടുകളിലാണ് ഒരു മത ഗ്രന്ഥവും ഇല്ലാത്തത്. 7% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. വേറൊരു 7% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങൾ ഉ്. 33% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രമുള്ള മതഗ്രന്ഥങ്ങളാണുള്ളത്. വേറൊരു 33% പേരുടെ വീടുകളിൽ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങളു്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 65% പേരുടെ വീടുകളിൽ മതഗ്രന്ഥങ്ങളില്ല. 13% പേരുടെ വീടുകളിൽ തമിഴിലും 4% പേരുടേതിൽ തമിഴ്മലയാളങ്ങളിലും 18% പേരുടേതിൽ മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങളാണുള്ളത്.

### (4) സാമ്പത്തികനില

പട്ടിക 24

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 12 | 23 | 8 | 7 | | |
| തമിഴ്, മലയാളം | | | 12 | 11 | | |
| ഇല്ല | 40 | 77 | 40 | 34 | | |
| മലയാളം | | | 40 | 34 | 12 | 37 |
| മലയാളം, ഇംഗ്ലീഷ് | | | 16 | 14 | 20 | 63 |

താഴ്ന്ന സാമ്പത്തികസ്ഥിതിയിലുള്ളവരിൽ 23% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. ശേഷിച്ച 77% പേരുടെ വീടുകളിൽ യാതൊരു മതഗ്രന്ഥവും ഇല്ല. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 34% പേരുടെ വീടുകളിൽ മതഗ്രന്ഥങ്ങൾ ഒന്നുമില്ല. 7% പേരുടെ വീടുകളിൽ തമിഴിലുള്ള മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. 11% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങൾ ഉ്. 34% പേർ മലയാള മതഗ്രന്ഥങ്ങളാണ് സൂക്ഷിച്ചിരിക്കുന്നത്. 14% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്നു. ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ 37% പേർ മലയാള ഗ്രന്ഥങ്ങൾ മാത്രം സൂക്ഷിക്കുന്നവരാണ്. ശേഷിച്ച 63% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങൾ കാത്തുസൂക്ഷിക്കുന്നു്.

## 5.1.4. സാമുദായികം

### 5.1.4.1. ആരാധനാഭാഷയും സാമൂഹികചരങ്ങളും

ആര്യ ആരാധനാരീതികളിലാണ് സംസ്കൃതത്തിലുള്ള മന്ത്രോച്ചാരണത്തിന് പ്രാധാന്യമുള്ളത്. ആര്യേതര ആരാധനകളിൽ പ്രാദേശിക

ഭാഷയിലുള്ള പദ്യമയമായ പ്രാർത്ഥനകളാണ് പൂജാവേളകളിൽ പതിവ്. കാലാന്തരത്തിൽ അനാര്യന്മാർ ആര്യന്മാരെ അനുകരിക്കുകയോ സാംസ്കാരിക സങ്കലനം വഴിയോ സംസ്കൃത അധിനിവേശം സംഭവിച്ചിട്ടുമുണ്ട്.

ആര്യാധിനിവേശത്തിനും വളരെക്കാലം മുമ്പ് ദക്ഷിണഭാരതത്തിൽ നില നിന്നിരുന്നുവെന്ന് വിശ്വസിക്കാവുന്ന ദ്രാവിഡമോ ദ്രാവിഡപൂർവ്വമോ ആയ സംസ്കാരത്തിന്റെ അവകാശികളായ തമിഴ് വാണിയർ മുമ്പ് ആരാധനാവേളകളിലും ആചാരങ്ങളിലും തമിഴിലുള്ള പദ്യമയമായ വരികൾ ചൊല്ലുക പതിവായിരുന്നു. ഇതിനെ 'വിരുത്തം പാടുക' എന്നും പ്രസ്തുത വരികളെ 'വിരുത്തം' എന്നും പറയുന്നു. എന്നാൽ ആര്യാധിനിവേശത്തിന്റെ ഫലമായി, പൂണൂൽ സ്വീകരിക്കുകയും ബ്രാഹ്മണരെ അമ്മൻകോവിലുകളിൽ പൂജാരികളാക്കുകയും ചെയ്യാനാരംഭിച്ചതിന്റെ ഭാഗമായി പൂജാവേളകളിൽ സംസ്കൃത മന്ത്രോച്ചാരണത്തിന് പ്രാധാന്യം കിട്ടിയിട്ടുണ്ട്. ഇന്ന് തമിഴും മലയാളവും കലർന്ന വിരുത്തവും സംസ്കൃത മന്ത്രങ്ങളുമെല്ലാം കൂടിക്കലർന്ന മട്ടിലാണുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 'സമുദായത്തിന്റേതായ ആരാധനാലയങ്ങളിൽ ആരാധനാവേളയിൽ മന്ത്രോച്ചാരണത്തിനും പ്രാർത്ഥനയ്ക്കും മറ്റും ഉപയോഗിക്കുന്ന ഭാഷ ഏത്' എന്ന ചോദ്യം ചോദ്യാവലിയിൽ ഉൾപ്പെടുത്തിയത്. അഞ്ച് ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് ലഭിച്ചത്; (1) തമിഴ്, (2) സംസ്കൃതം, (3) തമിഴും സംസ്കൃതവും മലയാളവും, (4) അറിയില്ല, (5) സംസ്കൃതവും മലയാളവും. ഈ ഉത്തരങ്ങൾ ഇപ്രകാരം ക്രമപ്പെടുത്തിയാൽ, തമിഴിൽ നിന്ന് മലയാള–സംസ്കൃതങ്ങളിലേക്കുള്ള ഭാഷ–ആദേശത്തിന്റെ ചിത്രം വ്യക്തമാകും. സാമൂഹികാരാധനാലയങ്ങൾ എന്ന് പ്രത്യേകം എടുത്തുചോദിച്ചത്, ആവേദകർ സ്വാഭാവികമായും സന്ദർശിക്കാൻ ഇടയുള്ള സമുദായേതര ഹൈന്ദവക്ഷേത്രങ്ങളിൽ പൂജാവേളകളിൽ പൂജാരിമാരും പ്രാർത്ഥനാവേളകളിൽ ആവേദകരും ഉപയോഗിക്കാനിടയുള്ള ഭാഷ വ്യത്യസ്തമായിരിക്കും എന്നതിനാലാണ്.

അത്തരം അവസരങ്ങളിൽ സംസ്കൃതത്തിനും മലയാളത്തിനും ആയിരിക്കും പ്രചാരം. കാരണം അവ ആര്യ ഹൈന്ദവ സംസ്കാരത്തിന്റെ ഭാഗമാണ്. മാരി യമ്മ, മുത്തരാമ്മ, മുനിയപ്പൻ, മാടൻ എന്നീ ദേവീദേവന്മാരുടെ കോവിലുകളാണ് തമിഴ് വാണിയരുടെ തനതുസംസ്കാരത്തിന്റെ ഭാഗം. അവിടങ്ങളിലെ പ്രാർത്ഥ നാവസരം മാത്രമാണ് തമിഴ് സംസ്കാരത്തിന്റെ സംരക്ഷിതമേഖലയായി കണ ക്കാക്കാവുന്നത്.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 25

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 32 | 50 | | |
| സംസ്കൃതം | 24 | 38 | 28 | 21 |
| തമിഴ്, സംസ്കൃതം, മലയാളം | 8 | 12 | 24 | 18 |
| അജ്ഞാതം | | | 72 | 53 |
| സംസ്കൃതം, മലയാളം | | | 12 | 8 |

നൂറുവർഷത്തിനിപ്പുറം കുടിയേറിയവരിൽ 50% പേർ ഇപ്പോഴും പൂജാ വേളകളിൽ തമിഴ് ഉപയോഗിക്കുന്നവരാണ്. 38% പേർ സംസ്കൃതമാണ് ഉപയോ ഗിക്കുന്നത്. തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവർ 12% പേർ വരും. പ്രസ്തുത വിഷയത്തേക്കുറിച്ച് അറിവില്ലാത്തവരോ തമിഴ് തീർത്തും ഉപേ ക്ഷിച്ചവരോ ഇക്കൂട്ടത്തിൽ ആരും ഇല്ല.

നൂറുവർഷം മുമ്പ് കുടിയേറിയവരിൽ തമിഴ് മാത്രം ഉപയോഗിക്കുന്ന ആരും ഇല്ല. സംസ്കൃതം ഉപയോഗിക്കുന്നവർ 21% ഉ്. 18% പേർ തമിഴ്

സംസ്കൃത-മലയാളങ്ങൾ ഉപയോഗിക്കുന്നവരാണ്. 53% പേർ ഇക്കാര്യത്തെ ക്കുറിച്ച് വ്യക്തമായ ഒരു അറിവും ഇല്ലാത്തവരാണ്. തമിഴ് ഒട്ടും ഉപയോഗി ക്കാതെ സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്നവർ 8% പേരാണ്.

## (2) അധിവാസരീതി

പട്ടിക 26

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 16 | 14 | 16 | 18 |
| സംസ്കൃതം | 40 | 36 | 12 | 14 |
| തമിഴ്, സംസ്കൃതം, മലയാളം | 20 | 18 | 12 | 14 |
| അജ്ഞാതം | 36 | 32 | 36 | 40 |
| സംസ്കൃതം, മലയാളം | | | 12 | 14 |

കൂട്ടമായി താമസിക്കുന്നവരിൽ 14% പേർ തമിഴ് ഉപയോഗിക്കുമ്പോൾ 36% പേർ സംസ്കൃതം ഉപയോഗിക്കുന്നു. 18% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്. 32% പേർ ഇക്കാര്യത്തിൽ അജ്ഞരാണ്. സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ 18% പേർ തമിഴ് മാത്രവും 14% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുമ്പോൾ മറ്റൊരു 14% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്. 40% പേർ പ്രസ്തുത വിഷയത്തിൽ അറിവില്ലാത്തവരാണ്. ബാക്കിവരുന്ന 14% പേർ സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്.

## (3) ലിംഗഭേദം

പട്ടിക 27

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 24 | 24 | 8 | 8 |
| സംസ്കൃതം | 32 | 32 | 20 | 20 |
| തമിഴ്, സംസ്കൃതം, മലയാളം | 8 | 8 | 24 | 24 |
| അജ്ഞാതം | 36 | 36 | 36 | 36 |
| സംസ്കൃതം, മലയാളം | | | 12 | 12 |

ആണുങ്ങളിൽ 24% പേർ തമിഴ് മാത്രവും 32% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുന്നു. 8% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുമ്പോൾ 36% പേർ പ്രസ്തുത വിഷയത്തിൽ അറിവില്ലാത്തവരാണ്. സ്ത്രീകളിൽ 8% പേർ തമിഴ് മാത്രവും 20% സംസ്കൃതം മാത്രവും 12% സംസ്കൃതവും മലയാളവും 24% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നു. 36% ഈ വിഷയത്തിൽ അറിവില്ലാത്തവരാണ്.

## (4) പ്രായഭേദം

പട്ടിക 28

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 12 | 16 | 16 | 19 | 4 | 10 |
| സംസ്കൃതം | 20 | 26 | 28 | 33 | 4 | 10 |
| തമിഴ്, സംസ്കൃതം, മലയാളം | 8 | 10 | 12 | 14 | 12 | 30 |
| അജ്ഞാതം | 28 | 38 | 24 | 29 | 20 | 50 |
| സംസ്കൃതം, മലയാളം | 8 | 10 | 4 | 5 | | |

ഒന്നിനും 30–നുമിടയ്ക്ക് പ്രായമുള്ള ആവേദകരിൽ 16% പേർ തമിഴ് മാത്രം ഉപയോഗിക്കുന്നവരും 26% പേർ സംസ്കൃതം മാത്രം ഉപയോഗിക്കുന്നവരുമാണ്. 10% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്. 38% പേർ ഇക്കാര്യത്തെക്കുറിച്ച് അറിവില്ലാത്തവരാണ്. 10% പേർ സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്നു. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 19% പേർ തമിഴ് മാത്രവും 33% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുന്നവരാണ്. 14% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്. 29% പേർ പ്രസ്തുത വിഷയത്തെക്കുറിച്ച് ബോധവാന്മാരല്ല. 5% പേർ സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവരാണ്. 60–നു മുകളിൽ പ്രായമുള്ളവരിൽ 10% പേർ തമിഴ് മാത്രവും മറ്റൊരു 10% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുന്നു. 30% പേർ തമിഴും മലയാളവും സംസ്കൃതവും ഉപയോഗിക്കുന്നു. 50% പേർ പ്രസ്തുത വിഷയത്തിൽ അറിവില്ലാത്തവരാണ്. തമിഴ് ഉപയോഗിക്കാതെ സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 29

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 8 | 7 | 24 | 26 |
| സംസ്കൃതം | 16 | 15 | 36 | 39 |
| തമിഴ്, സംസ്കൃതം, മലയാളം | 24 | 22 | 8 | 9 |
| അജ്ഞാതം | 48 | 44 | 24 | 26 |
| സംസ്കൃതം, മലയാളം | 12 | 12 | | |

ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ 7% പേർ തമിഴ് മാത്രം ഉപയോഗിക്കുന്നു. 15% പേർ സംസ്കൃതം മാത്രമാണ് ഉപയോഗിക്കുന്നത്. 22% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നു. 44% പേർ വിഷയത്തെക്കുറിച്ച് അജ്ഞരായി കാണുന്നു. 12% പേർ സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നു. വിദ്യാഭ്യാസം കുറഞ്ഞവരിൽ 26% പേർ തമിഴ് മാത്രവും 39% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുമ്പോൾ 9% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നു. 26% പേർ പ്രസ്തുത വിഷയത്തെക്കുറിച്ച് അജ്ഞരാണ്. സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല.

**(6) സാമ്പത്തികനില**

പട്ടിക 30

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 8 | 15 | 24 | 20 | | |
| സംസ്കൃതം | 24 | 46 | 28 | 24 | | |
| തമിഴ്, സംസ്കൃതം, മലയാളം | | | 20 | 17 | 12 | 37 |
| അജ്ഞാതം | 20 | 39 | 32 | 28 | 20 | 63 |
| സംസ്കൃതം, മലയാളം | | | 12 | 11 | | |

താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിൽ 15% പേർ തമിഴ് മാത്രവും 46% പേർ സംസ്കൃതം മാത്രവും ഉപയോഗിക്കുന്നു. തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല. 39% പേർ ഇക്കാര്യത്തെക്കുറിച്ച് അജ്ഞരാണ്. സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 20% പേർ തമിഴ്

മാത്രവും 24% പേർ സംസ്കൃതം മാത്രവും സംസാരിക്കുമ്പോൾ 17% പേർ തമിഴും സംസ്കൃതവും മലയാളവും സംസാരിക്കുന്നു. 28% പേർ അജ്ഞരും 11% പേർ സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്നവരുമാണ്. ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ തമിഴ് മാത്രം ഉപയോഗിക്കുന്നതോ സംസ്കൃതം മാത്രം ഉപയോഗിക്കുന്നതോ സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്നതോ ആയി ആരുമില്ല. 37% പേർ തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുമ്പോൾ 63% പേർ പ്രസ്തുത വിഷയത്തിൽ അജ്ഞരാണ്.

### 5.1.4.2. സാമുദായിക ആരാധനാലയങ്ങളിലെ ലൗകികഭാഷണവും സാമൂ ഹികചരങ്ങളും

സ്വസമുദായാംഗങ്ങൾക്ക് പരസ്പരം സമ്പർക്കത്തിലേർപ്പെടാനും ആശയ വിനിമയം നടത്താനും സൗകര്യപ്രദമായ അവസരങ്ങളിലൊന്നാണ് സാമുദാ യികാരാധനാലയ സന്ദർശനവേളകൾ. സ്വത്വാവബോധത്തിന്റെ ഗൃഹാതുരസ്മര ണകൾ അയവിറക്കാനും നഷ്ടബോധത്തിന് താല്ക്കാലികമായെങ്കിലും പരി ഹാരം കണ്ടെത്താനും സഹായകമായ ഈ അവസരത്തിൽ ഉപയോഗിക്കുന്ന ഭാഷ ഭാഷാസംരക്ഷണത്തിന്റേതെന്നതിലുപരി ഭാഷാമനോഭാവത്തിന്റെ കൂടി അളവുകോലാണ്. സമ്പർക്കസമൂഹത്തിന്റെ സാന്നിധ്യം സാമുദായിക ആരാധനാ ലയങ്ങളിൽ താരതമ്യേന വളരെ കുറവായിരിക്കുമെന്നതിനാൽ, സമ്പർക്ക സമൂഹ ത്തിനു മുന്നിൽ സ്വത്വം മറച്ചുവെക്കാനാഗ്രഹിക്കുന്നവർക്കുപോലും ഗോപ്യമായി പാരമ്പര്യ സംസ്കാരവും ഭാഷയും തുടച്ചുമിനുക്കാൻ അനുയോജ്യമായ സാഹചര്യം കൂടിയാണ് ഇത്. അതിനാൽ ഭാഷാസംരക്ഷണത്തിന്റെ തീവ്രത താരതമ്യേന കൂടിയിരിക്കാനിടയുള്ള സാഹചര്യം കൂടിയാണ് ഇത്.

സാമുദായികാരാധനാലയങ്ങളിൽ കുമുട്ടുന്നവരുമായി ഇതരവിഷയ ങ്ങൾ സംസാരിക്കുന്ന ഭാഷ ഏത് എന്നതാണ് എ–23–ാം ചോദ്യം. രുതരം

ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് ലഭിച്ചത്; (1) മലയാളവും തമിഴും, (2) മലയാളം എന്നിവയാണവ.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 31

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | | |
| മലയാളം, തമിഴ് | 64 | 100 | 80 | 59 |
| മലയാളം | | | 56 | 41 |

നൂറു വർഷത്തിനകം കുടിയേറിയ നൂറു ശതമാനം പേരും സാമുദായികാരാധനാലയങ്ങളിൽ ആരാധനേതര വിഷയങ്ങൾ സംസാരിക്കാൻ മലയാളവും തമിഴും ഉപയോഗിക്കുന്നവരാണ്. 100 വർഷത്തിനു മുമ്പ് കുടിയേറിയവരിൽ 59% പേർ മലയാളവും തമിഴും ഉപയോഗിക്കുമ്പോൾ 41% പേർ മലയാളം മാത്രമാണ് ഉപയോഗിക്കുന്നത്.

## (2) അധിവാസരീതി

പട്ടിക 32

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | | |
| മലയാളം, തമിഴ് | 112 | 100 | 32 | 36 |
| മലയാളം | | | 56 | 64 |

കൂട്ടമായി താമസിക്കുന്ന എല്ലാവരും തമിഴും മലയാളവും ഉപയോഗിക്കുമ്പോൾ ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ 36% പേർ തമിഴ്മലയാളങ്ങളും 64% പേർ മലയാളം മാത്രവും ഉപയോഗിക്കുന്നു.

## (3) ലിംഗഭേദം

പട്ടിക 33

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | | |
| മലയാളം, തമിഴ് | 72 | 72 | 72 | 72 |
| മലയാളം | 28 | 28 | 28 | 28 |

സ്ത്രീപുരുഷന്മാരിൽ ഒരുപോലെ 72% പേർ തമിഴ്മലയാളങ്ങളും 28% പേർ മലയാളം മാത്രവും ഉപയോഗിക്കുന്നതായി കാണുന്നു.

## (4) പ്രായഭേദം

പട്ടിക 34

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | | | | | | |
| മലയാളം, തമിഴ് | 52 | 68 | 68 | 81 | 24 | 60 |
| മലയാളം | 24 | 32 | 16 | 19 | 16 | 40 |

ചെറുപ്പക്കാരിൽ 68% സാമുദായികാരാധനാലയങ്ങളിൽ കുമുട്ടുന്നവ രോട് മലയാളത്തിലും തമിഴിലും ലോഹ്യം പറയുന്നവരാണ്. 32% പേർ മലയാ ളത്തിൽ

മാത്രമാണ് ലോഹ്യം പറയാറ്. മധ്യവയസ്കരിൽ 81% പേർ മലയാള ത്തിലും തമിഴിലും ലോഹ്യം പറയുന്നവരാണ്. മധ്യവയസ്കരിൽ 19% പേരാണ് മലയാളത്തിൽ മാത്രം ലോഹ്യം പറയാറ്. പ്രായമായവരിൽ 60% പേർ തമിഴ്മല യാളങ്ങളിൽ ലോഹ്യം പറയുന്നവരും 40% പേർ മലയാളത്തിൽ ലോഹ്യം പ റയുന്നവരുമാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 35

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | | |
| മലയാളം, തമിഴ് | 56 | 52 | 88 | 95 |
| മലയാളം | 52 | 48 | 4 | 5 |

ഉയർന്ന വിദ്യാഭ്യാസം ഉള്ളവരിൽ 52% പേർ തമിഴ്മലയാളങ്ങൾ ഉപയോ ഗിക്കുമ്പോൾ 48% പേർ മലയാളം മാത്രം ഉപയോഗിക്കുന്നു. വിദ്യാഭ്യാസം കുറഞ്ഞവരിൽ 95% പേരും തമിഴ്മലയാളങ്ങൾ ഉപയോഗിക്കുമ്പോൾ 5% പേർ മലയാളം മാത്രമാണ് ഉപയോഗിക്കുന്നത്.

## (6) സാമ്പത്തികനില

പട്ടിക 36

| ഭാഷ | കീഴ്വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | | | | | | |
| മലയാളം, തമിഴ് | 52 | 100 | 88 | 76 | 4 | 12 |
| മലയാളം | | | 28 | 24 | 28 | 88 |

താഴ്ന്ന സാമ്പത്തികനിലയിലുള്ള എല്ലാവരും തമിഴ്മലയാളങ്ങൾ ഉപയോഗിക്കുന്നു. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 76% പേർ തമിഴ്മലയാളങ്ങൾ ഉപയോഗിക്കുമ്പോൾ 24% പേർ മലയാളം മാത്രം ഉപയോഗിക്കുന്നതായാണ് അറിയിച്ചത്. ഉന്നത സാമ്പത്തികസ്ഥിതിയിലുള്ളവരിൽ 12% പേർ തമിഴ്മലയാളങ്ങൾ ഉപയോഗിക്കുന്നതായി അറിയിച്ചപ്പോൾ 88% പേർ മലയാളം മാത്രം ഉപയോഗിക്കുന്നതായി അറിയിച്ചു.

### 5.1.5. സാമൂഹികം

#### 5.1.5.1. മലയാളികളോടുള്ള ആശയവിനിമയം

മലയാളികളോടുള്ള ആശയവിനിമയത്തിന് എല്ലാ ആവേദകരും മലയാളം തന്നെ തെരഞ്ഞെടുക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. നിലപാട് ഏകപക്ഷീയമായതിനാൽ സ്ഥിതിവിവരക്കണക്കനുസരിച്ചുള്ള വിശകലനം അപ്രസക്തമാണ്. അതിനാൽ പ്രസ്തുത മേഖല വിശകലനത്തിൽനിന്ന് ഒഴിവാക്കുന്നു. നിഗമനങ്ങളിൽ പരിഗണിക്കുന്നുമുു്.

#### 5.1.5.2. തമിഴരോടുള്ള ആശയവിനിമയം

ഏതൊരു മലയാളിക്കും നിത്യജീവിതത്തിൽ തമിഴന്മാരുമായി ആശയവിനിമയം നടത്തേ ധാരാളം അവസരങ്ങൾ വന്നുചേരും. അത്രക് മലയാളികളുമായി ഇടകലർന്ന ഒരു സമൂഹമാണ് തമിഴരുടേത്. മറ്റേതൊരു ഭാഷാസമൂഹത്തോടും ഉള്ളതിനേക്കാൾ അയത്നലളിതമായി ഒരു മലയാളിക്ക് തമിഴനോട് ആശയവിനിമയം സാധ്യവുമാണ്. എന്തെന്നാൽ മലയാളവുമായി എല്ലാ അർത്ഥത്തിലും ഏറ്റവുമധികം സാദൃശ്യം പുലർത്തുന്ന ഭാഷയാണ് തമിഴ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ, തമിഴരുമായി സംഭാഷണം നടത്താറുള്ള ഭാഷ ഏത്

എന്നത്, കേരളത്തിലെ തമിഴ് ന്യൂനപക്ഷങ്ങളുടെ ഭാഷാസംരക്ഷണത്തിന്റെ ദിശാനിർണ്ണയത്തിന് സഹായകമായിരിക്കും.

ബി. 16–ാം ചോദ്യമാണ്, തമിഴരോട് ഏതു ഭാഷയിൽ സംസാരിക്കും എന്നത്. ആവേദകരുടെ ഉത്തരം രുവിധമായിരുന്നു: (1) തമിഴ്, (2) മലയാളം.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 37

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 60 | 94 | 80 | 55 |
| മലയാളം | 4 | 6 | 56 | 45 |

നൂറുവർഷത്തിനകം കുടിയേറിയവരിൽ 94% പേരും തമിഴരോട് തമിഴിൽ സംസാരിക്കുന്നതായി പറഞ്ഞപ്പോൾ 6% പേർ മലയാളത്തിൽത്തന്നെയാണ് സംസാരിക്കാറ് എന്ന് അറിയിച്ചു. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 55% പേർ തമിഴരോട് തമിഴിൽ ആശയവിനിമയം നടത്തുന്നതായി അറിയിച്ചപ്പോൾ 45% പേർ മലയാളത്തിൽത്തന്നെ നടത്തുന്നതായി പറഞ്ഞു.

### (2) അധിവാസരീതി

പട്ടിക 38

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 92 | 82 | 48 | 55 |
| മലയാളം | 20 | 18 | 40 | 45 |

ഒന്നിച്ചു താമസിക്കുന്നവരിൽ 82% തമിഴിലും 18% മലയാളത്തിലും ആശയ വിനിമയം നടത്തുമ്പോൾ വേർതിരിഞ്ഞു താമസിക്കുന്നവരിൽ 55% തമിഴിലും 45% മലയാളത്തിലും ആശയവിനിമയം നടത്തുന്നവരാണ്.

## (3) ലിംഗഭേദം

പട്ടിക 39

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 76 | 76 | 64 | 64 |
| മലയാളം | 24 | 24 | 36 | 36 |

ആണുങ്ങളിൽ 76% തമിഴിലും 24% മലയാളത്തിലും ആശയവിനിമയം നടത്തുമ്പോൾ സ്ത്രീകളിൽ 64% തമിഴിലും 36% മലയാളത്തിലുമാണ് തമിഴരോട് ആശയവിനിമയം നടത്തുന്നത്.

## (4) പ്രായഭേദം

പട്ടിക 40

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 36 | 47 | 72 | 86 | 32 | 80 |
| മലയാളം | 40 | 53 | 12 | 14 | 8 | 20 |

മുപ്പതിൽ താഴെ പ്രായമുള്ള ആവേദകരിൽ 47% പേർ തമിഴരോട് തമിഴിലും 53% പേർ മലയാളത്തിലും ആശയവിനിമയം നടത്തുന്നതായി പറഞ്ഞപ്പോൾ 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 86% പേർ തമിഴിലും 14%

മലയാളത്തിലും സംസാരിക്കുന്നതായി അറിയിച്ചു. 60–നു മേൽ പ്രായമുള്ള വരിൽ 80% പേർ തമിഴിലും 20% പേർ മലയാളത്തിലും സംസാരിക്കുന്നവരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 41

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 56 | 52 | 84 | 91 |
| മലയാളം | 52 | 48 | 8 | 9 |

വിദ്യാഭ്യാസം കൂടിയവരിൽ 52% തമിഴിലും 48% മലയാളത്തിലും സംസാരിക്കുമ്പോൾ വിദ്യാഭ്യാസം കുറഞ്ഞവരിൽ 91% തമിഴിലും 9% മലയാളത്തിലും ആശയവിനിമയം നടത്തുന്നു.

## (6) സാമ്പത്തികനില

പട്ടിക 42

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 44 | 85 | 80 | 69 | 16 | 50 |
| മലയാളം | 8 | 15 | 36 | 31 | 16 | 50 |

താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിൽ 85% പേർ തമിഴരോട് തമിഴിൽ ത്തന്നെ സംസാരിക്കുമ്പോൾ 15% പേർ മലയാളത്തിൽ സംസാരിക്കുന്നു. മധ്യവർ ഗ്ഗത്തിൽപ്പെട്ടവരിൽ 69% പേർ തമിഴിലും 31% പേർ മലയാളത്തിലും ആശയ വിനിമയം നടത്തുമ്പോൾ ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ പകുതിപേർ

(50%) തമിഴിലും മറ്റു പകുതിപേർ (50%) മലയാളത്തിലും ആണ് ആശയ വിനിമയം നടത്തുന്നത്.

### 5.1.5.3. ഭാഷാസങ്കലനവും സാമൂഹികചരങ്ങളും

ഒരു ബഹുഭാഷാമേഖലയിൽ അധിവസിക്കുന്ന ഏതൊരു വ്യക്തിക്കും ഒന്നിൽക്കൂടുതൽ ഭാഷകൾ ഇടകലർത്തി സംസാരിക്കേുന്ന സാഹചര്യങ്ങൾ അനവധി ഉായിരിക്കും. അത്തരം സന്ദർഭങ്ങളിൽ ഒരു വ്യക്തി ഏതൊക്കെ ഭാഷകളാണ് പരസ്പരം ഇടകലർത്തി സംസാരിക്കുന്നത് എന്നതിന്റെ സൂക്ഷ്മ വിശകലനം പ്രസ്തുത വ്യക്തിയുടെ ഭാഷാമനോഭാവം, ഭാഷാപ്രയോഗം, ഭാഷാജ്ഞാനം, ഭാഷാപശ്ചാത്തലം എന്നിങ്ങനെയുള്ള നിരവധി വസ്തുതക ളിലേക്ക് വെളിച്ചം വീശും. ഇവിടെ ആവേദകരായ തമിഴ് വാണിയർ നടത്തുന്ന ഭാഷാമിശ്രണം, ഭാഷാസംരക്ഷണം, ഭാഷ-ആദേശം, ഭാഷാ മനോഭാവം എന്നീ വസ്തുതകൾ കത്തൊനാണ് ശ്രമിക്കുന്നത്.

ഒന്നിൽക്കൂടുതൽ ഭാഷകൾ ഇടകലർത്തി സംസാരിക്കാറുോ? ഉെ ങ്കിൽ ഏതൊക്കെ അവസരങ്ങളിൽ ഏതൊക്കെ ഭാഷകൾ ഇടകലർത്തി സംസാരി ക്കാറു് എന്നതാണ് ഭാഷാമിശ്രണവുമായി ബന്ധപ്പെട്ട ചോദ്യം (വൈയക്തിക ചോദ്യാവലിയിലെ 18-ാം ചോദ്യം). അഞ്ചുതരം ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് ആവേദകരിൽനിന്ന് ലഭിച്ചത്: (1) ഇല്ല, (2) ഉ്; തമിഴും മലയാളവും, (3) ഉ്; തമിഴും മലയാളവും ഇംഗ്ലീഷും, (4) ഉ്; തമിഴും മലയാളവും ഇംഗ്ലീഷും ഹിന്ദിയും, (5) ഉ്; മലയാളവും ഇംഗ്ലീഷും.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 43

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 8 | 6 |
| തമിഴ്, മലയാളം | 48 | 75 | 44 | 32 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 16 | 25 | 28 | 21 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | 8 | 6 |
| മലയാളം, ഇംഗ്ലീഷ് | | | 48 | 35 |

നൂറുവർഷത്തിനുള്ളിൽ കുടിയേറിയ ആവേദകരിൽ ഭാഷാമിശ്രണം ചെയ്യാത്ത ആരുമില്ല. 75% പേരും തമിഴും മലയാളവും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്. 25% പേർ തമിഴും മലയാളവും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നവരാണ്. ഇംഗ്ലീഷും ഹിന്ദിയും സംസാരിക്കുന്ന ആവേദകർ ഇക്കൂട്ടത്തിലില്ല. നൂറു വർഷത്തിനുമുമ്പ് കുടിയേറിയവരിൽ 6% പേർ മലയാള ഏകഭാഷികളാണ്. 32% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരി ക്കാറു ്. 21% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നവരാണ്. 6% പേർ തമിഴും മലയാളവും ഇംഗ്ലീഷും ഹിന്ദിയും ഇടകലർത്തി സംസാരിക്കുന്നവരും 35% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരുമാണ്.

## (2) അധിവാസരീതി

പട്ടിക 44

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 8 | 7 | | |
| തമിഴ്, മലയാളം | 68 | 61 | 24 | 27 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 28 | 25 | 16 | 18 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | 8 | 9 |
| മലയാളം, ഇംഗ്ലീഷ് | 8 | 7 | 40 | 46 |

കൂട്ടമായി താമസിക്കുന്നവരിൽ 7% പേർ മലയാളം മാത്രം സംസാരിക്കുന്നവരാണ്. 61% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നു. 25% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ശേഷിച്ച 7% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്. ഒറ്റതിരിഞ്ഞ് താമസിക്കുന്നവരിൽ ഏകഭാഷികളായ ആരുമില്ല. 27% പേർ മലയാളത്തോടൊപ്പം തമിഴും ഇടകലർത്തി സംസാരിക്കുന്നവരാണ്. 18% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നവരാണ്. 9% പേർ ഈ മൂന്നു ഭാഷകളോടൊപ്പം ഹിന്ദിയും ഇടകലർത്തുന്നു. 46% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്.

## (3) ലിംഗഭേദം

പട്ടിക 45

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 4 | 4 | 4 | 4 |
| തമിഴ്, മലയാളം | 40 | 40 | 52 | 52 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 32 | 32 | 12 | 12 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 8 | 8 | | |
| മലയാളം, ഇംഗ്ലീഷ് | 16 | 16 | 32 | 32 |

ആണുങ്ങളിൽ 4% പേർ ഏകഭാഷികളാണ്. 40% പേർ തമിഴും മലയാളവും മാത്രം ഇടകലർത്തി സംസാരിക്കുന്നു. 32% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നവരാണ്. 4% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഹിന്ദിയും ഇടകലർത്തി സംസാരിക്കുന്നു. 16% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്. പെണ്ണുങ്ങളിൽ 4% പേർ മലയാള ഏകഭാഷികളാണ്. 52% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നു. 12% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ഹിന്ദി സംസാരിക്കുന്ന ആരെയും സ്ത്രീകളുടെ ഇടയിൽ കണ്ടെത്താനായില്ല. 32% സ്ത്രീകൾ മലയാളത്തോടൊപ്പം ഇംഗ്ലീഷ് മാതം ഇടകലർത്തി സംസാരിക്കുന്നവരാണ്.

## (4) പ്രായഭേദം

പട്ടിക 46

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | 8 | 11 | | | | |
| തമിഴ്, മലയാളം | 16 | 21 | 52 | 62 | 24 | 60 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 16 | 21 | 24 | 29 | 4 | 10 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 5 | | | 4 | 10 |
| മലയാളം, ഇംഗ്ലീഷ് | 32 | 42 | 8 | 9 | 8 | 20 |

ചെറുപ്പക്കാരിൽ 11% പേർ മലയാള ഏകഭാഷികളാണ്. 21% പേർ മലയാളത്തോടൊപ്പം തമിഴും ഇടകലർത്തി സംസാരിക്കുന്നു. വേറൊരു 21% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തുന്നവരാണ്. 5% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഹിന്ദിയും കൂടി ഇടകലർത്തുന്നവരാണ്. 42% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നു. മധ്യവയസ്കരിൽ ഏകഭാഷികളായ ആരും ഇല്ല. 62% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നു. 29% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ഹിന്ദി സംസാരിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. 9% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്. പ്രായം കൂടിയ ആവേദകരിൽ ഏകഭാഷികളായ ആരും ഇല്ല. 60% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. 10% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും മറ്റൊരു 10% പേർ ഈ മൂന്നു ഭാഷകളോടൊപ്പം ഹിന്ദി കൂടിയും ഇടകലർത്തി സംസാരിക്കുന്നു. പ്രായമായ ആവേദകരിൽ 20% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 47

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 8 | 7 | | |
| തമിഴ്, മലയാളം | 24 | 22 | 68 | 74 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 24 | 22 | 20 | 22 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 8 | 7 | | |
| മലയാളം, ഇംഗ്ലീഷ് | 44 | 42 | 4 | 4 |

വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്നവരിൽ 7% പേർ ഭാഷാമിശ്രണം ചെയ്യുന്നില്ല. 22% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. വേറൊരു 22% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. 7% പേർ തമിഴ്മലയാളങ്ങളും ഹിന്ദിയും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നവരാണ്. 42% പേർ മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരിൽ ഒരു ഭാഷ മാത്രം സംസാരിക്കുന്ന ആരുമില്ല. 74% പേരും തമിഴും മലയാളവും മാത്രം ഇടകലർത്തി സംസാരിക്കുന്നവരാണ്. 22% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ഹിന്ദി സംസാരിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. 4% പേർ മലയാളത്തോടൊപ്പം 'നാമമാത്രമായി' ഇംഗ്ലീഷ് കലർത്തി സംസാരിക്കുന്നു.

## (6) സാമ്പത്തികനില

പട്ടിക 48

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | 4 | 8 | 4 | 3 | | |
| തമിഴ്, മലയാളം | 44 | 84 | 44 | 38 | 4 | 12.5 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 4 | 8 | 36 | 31 | 4 | 12.5 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | | | 8 | 25 |
| മലയാളം, ഇംഗ്ലീഷ് | | | 32 | 28 | 16 | 50 |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽപ്പെട്ട ആവേദകരിൽ 8% പേർ മലയാളം മാത്രം സംസാരിക്കുന്നവരാണ്. 84% പേർ മലയാളവും തമിഴും ഇടകലർത്തി സംസാരിക്കുന്നു. 8% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ഹിന്ദി സംസാരിക്കുന്നവരോ മലയാളത്തോടൊപ്പം ഇംഗ്ലീഷ് മാത്രം കലർത്തി സംസാരിക്കുന്നവരോ ഇക്കൂട്ടത്തിൽ ഇല്ല. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട ആവേദകരിൽ 3% പേരാണ് മലയാളം മാത്രം സംസാരി ക്കുന്നത്. 38% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. 31% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. ഹിന്ദി സംസാരിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. മലയാളവും ഇംഗ്ലീഷും മാത്രം ഇടകലർത്തി സംസാരിക്കുന്നവർ ഇക്കൂട്ടത്തിൽ 28% വരും. ഉന്നത സാമ്പത്തിക നിലയിലുള്ളവരിൽ ഒരു ഭാഷ മാത്രം സംസാരിക്കുന്നവരായി ആരുമില്ല. 12.5% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. മറ്റൊരു 12.5% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തി സംസാരിക്കുന്നു. 25% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഹിന്ദിയും ഇടകലർത്തി സംസാരിക്കുന്നു. ശേഷിച്ച 50% പേർ മലയാളത്തോടൊപ്പം ഇംഗ്ലീഷ് മാത്രം ഇടകലർത്തി സംസാരി ക്കുന്നവരാണ്.

## 5.1.5.4. വിവാഹക്ഷണക്കത്തും സാമൂഹികചരങ്ങളും

സമുദായികവും സാമുദായികേതരവുമായ ബന്ധങ്ങൾക്ക് ഒരേസമയം പ്രാധാന്യം നൽകേ ഒരു ഭാഷാമേഖലയാണ് വിവാഹത്തിന് ക്ഷണക്കത്ത് തയ്യാറാക്കുന്ന മേഖല. മലയാളികളുടെ പൊതുസമൂഹത്തെ തൃപ്തിപ്പെടുത്താൻ മലയാളമോ ഇംഗ്ലീഷോ ഉപകരിക്കുമെങ്കിൽ ആംഗലേയപരിജ്ഞാനമുള്ള മലയാളികൾക്ക് ഇംഗ്ലീഷ് മതിയെങ്കിലും അല്ലാത്തവർക്ക് മലയാളം നിർബന്ധമാണ് എന്നതുപോലെ ആംഗലേയജ്ഞാനമില്ലാത്ത തമിഴർക്ക് തമിഴിൽത്തന്നെ കത്തു നൽകേത് നിർബന്ധമാണ്. വിവാഹക്ഷണക്കത്തിലെ ഭാഷ ഒരു കുടുംബത്തിന്റെ മുഴുവൻ പ്രകടനമാണ് എന്നതിനാൽ പ്രായം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിശകലനം ഇവിടെയും അപ്രസക്തമാകുന്നു.

അഞ്ച് ഉത്തരങ്ങളാണ് വിവാഹക്ഷണക്കത്തിൽ ഉപയോഗിക്കുന്ന ഭാഷ ഏത് എന്ന ചോദ്യത്തിന് ആവേദകർ നൽകിയത്. അവ ഭാഷാസംരക്ഷണത്തിൽ നിന്ന് ഭാഷ–ആദേശത്തിലേക്കുള്ള അനുക്രമഗതിയനുസരിച്ച് ഇങ്ങനെ ക്രമപ്പെ ടുത്താം: (1) തമിഴും ഇംഗ്ലീഷും, (2) തമിഴും മലയാളവും, (3) തമിഴും ഇംഗ്ലീഷും മലയാളവും, (4) മലയാളവും ഇംഗ്ലീഷും, (5) മലയാളം.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 49

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ്, ഇംഗ്ലീഷ് | 8 | 12 | | |
| തമിഴ്, മലയാളം | 28 | 44 | 16 | 12 |
| തമിഴ്, ഇംഗ്ലീഷ്, മലയാളം | 28 | 44 | | |
| മലയാളം, ഇംഗ്ലീഷ് | | | 100 | 74 |

| മലയാളം | | | 20 | 14 |
|---|---|---|---|---|

100 വർഷത്തിനിപ്പുറം കുടിയേറിയവരിൽ 12% പേർ തമിഴും ഇംഗ്ലീഷും ഉപയോഗിക്കുന്നു. 44% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നു. മറ്റൊരു 44% പേർ തമിഴും ഇംഗ്ലീഷും ഉപയോഗിക്കുന്നവരാണ്. തമിഴിൽ ക്ഷണക്കത്ത് തയ്യാറാക്കാത്തതായി ആരും ഇക്കൂട്ടത്തിൽ ഇല്ല. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ മലയാളം ഉപയോഗിക്കാത്തതായും ആരുമില്ല. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 12% പേർ തമിഴിലും മലയാളത്തിലും ക്ഷണക്കത്തു തയ്യാറാക്കുന്നവരാണ്. തമിഴ് – ഇംഗ്ലീഷ് – മലയാളങ്ങളിൽ ക്ഷണക്കത്ത് തയ്യാറാക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. 74% പേർ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുന്നവരും 14% മലയാളത്തിൽ മാത്രം തയ്യാറാക്കുന്നവരുമാണ്.

### (2) അധിവാസരീതി

പട്ടിക 50

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ്, ഇംഗ്ലീഷ് | 8 | 7 | | |
| തമിഴ്, മലയാളം | 44 | 40 | | |
| തമിഴ്, ഇംഗ്ലീഷ്, മലയാളം | | | 28 | 32 |
| മലയാളം, ഇംഗ്ലീഷ് | 40 | 36 | 60 | 68 |
| മലയാളം | 20 | 17 | | |

കൂട്ടമായി താമസിക്കുന്നവരിൽ 7% പേർ തമിഴിലും ഇംഗ്ലീഷിലും മാത്രം ക്ഷണക്കത്തു തയ്യാറാക്കുന്നവരാണ്. 40% പേർ തമിഴ്മലയാളങ്ങളിൽ ക്ഷണക്കത്തു തയ്യാറാക്കാറു്. തമിഴും ഇംഗ്ലീഷും മലയാളവും ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല. 36% പേർ മലയാളവും തമിഴും ഉപയോഗിക്കുമ്പോൾ 17% പേർ

മലയാളം മാത്രമാണ് ഉപയോഗിക്കുന്നതായി പറഞ്ഞത്. ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ തമിഴും ഇംഗ്ലീഷും മാത്രമായോ തമിഴും മലയാളവും മാത്രമായോ ഉപയോഗിക്കുന്ന ആരുമില്ല. തമിഴും ഇംഗ്ലീഷും മലയാളവും ഉപയോഗിക്കുന്നവർ 32% വരും. 68% പേർ മലയാളവും ഇംഗ്ലീഷും ഉപയോഗി ക്കുന്നു. മലയാളം മാത്രമായി ആരും ഉപയോഗിക്കുന്നില്ല.

## (3) വിദ്യാഭ്യാസനിലവാരം

പട്ടിക 51

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ്, ഇംഗ്ലീഷ് | | | 8 | 8 |
| തമിഴ്, മലയാളം | 20 | 19 | 24 | 26 |
| തമിഴ്, ഇംഗ്ലീഷ്, മലയാളം | 8 | 7 | 20 | 22 |
| മലയാളം, ഇംഗ്ലീഷ് | 80 | 74 | 20 | 22 |
| മലയാളം | | | 20 | 22 |

ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ തമിഴിലും ഇംഗ്ലീഷിലും ക്ഷണക്കത്ത് തയ്യാറാക്കുന്ന ആരുമില്ല. തമിഴും മലയാളവും ഉപയോഗിക്കുന്നത് 19% ആണ്. 7% പേർ തമിഴ്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ ക്ഷണക്കത്ത് തയ്യാറാക്കുന്നവരാണ്. 74% പേർ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ക്ഷണക്കത്ത് തയ്യാറാക്കുന്നു. മലയാളത്തിൽ മാത്രം തയ്യാറാക്കുന്ന ആരും ഇല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 8% പേർ ക്ഷണക്കത്തിൽ തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകൾ ഉപയോഗിക്കുന്നു. 26% പേർ തമിഴും മലയാളവും ഉപയോഗിക്കു മ്പോൾ 22% പേർ തമിഴും ഇംഗ്ലീഷും മലയാളവും വേറൊരു 22% പേർ മലയാ ളവും ഇംഗ്ലീഷും വേറൊരു 22% പേർ മലയാളം മാത്രവും ഉപയോഗിക്കുന്നു.

### (4) സാമ്പത്തികനില

പട്ടിക 52

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ്, ഇംഗ്ലീഷ് | | | 8 | 7 | | |
| തമിഴ്, മലയാളം | 20 | 38 | 24 | 21 | | |
| തമിഴ്, ഇംഗ്ലീഷ്, മലയാളം | 12 | 24 | 16 | 14 | | |
| മലയാളം, ഇംഗ്ലീഷ് | | | 68 | 58 | 32 | 100 |
| മലയാളം | 20 | 38 | | | | |

താഴ്ന്ന സാമ്പത്തികസ്ഥിതിയിലുള്ളവരിൽ തമിഴും ഇംഗ്ലീഷും ഉപയോഗിക്കുന്ന ആരുമില്ല. 38% പേർ തമിഴും മലയാളവും ഉപയോഗിക്കുമ്പോൾ 24% പേർ തമിഴും ഇംഗ്ലീഷും മലയാളവും ഉപയോഗിക്കുന്നു. മലയാളവും ഇംഗ്ലീഷും മാത്രം ഉപയോഗിക്കുന്ന ആരും സാമ്പത്തിക പിന്നോക്കക്കാരിൽ ഇല്ല. 38% പേർ മലയാളം മാത്രം ഉപയോഗിക്കുന്നവരാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 7% പേർ തമിഴും ഇംഗ്ലീഷും ഉപയോഗിക്കുമ്പോൾ 21% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നു. 14% പേർ തമിഴും ഇംഗ്ലീഷും മലയാളവും ഉപയോഗിക്കുമ്പോൾ 58% പേർ മലയാളവും ഇംഗ്ലീഷും ഉപയോഗിക്കുന്നു. മലയാളം മാത്രം ഉപയോഗിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. ഉന്നതസാമ്പത്തികനിലയിലുള്ളവരിൽ എല്ലാവരും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ മാത്രം ക്ഷണക്കത്ത് തയ്യാറാക്കുന്നവരാണ്.

## 5.1.6. മാധ്യമ ഉപയോഗവും സാമൂഹികചരങ്ങളും

ആധുനിക സമൂഹത്തിൽ മാധ്യമങ്ങളുടെ സ്വാധീനത്തിന് ആഴവും പരപ്പും വളരെ കൂടുതലാണ്. മാധ്യമങ്ങളുടെ ഉപയോഗത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ പലതു്:

(1) ഭാഷാ സാഹചര്യം

(2) ഭാഷാ മനോഭാവം

(3) ഭാഷാസംരക്ഷണവും ആദേശവും

(4) മാധ്യമങ്ങളുടെ ലഭ്യത അഥവാ മാധ്യമസാഹചര്യം

(5) വ്യക്തിയുടെ സാമ്പത്തികസ്ഥിതി

വ്യക്തിയുടെ ഭാഷാവസ്ഥയിലെ പല ഘടകങ്ങളെയും നിർണ്ണയിക്കാനുള്ള കഴിവ് മാധ്യമങ്ങൾക്കു്. മാധ്യമങ്ങൾ താഴെ പറയുന്ന കാര്യങ്ങളിൽ നിർണ്ണായക ശക്തിയാണ്.

(1) ഭാഷാ മനോഭാവം

(2) ഭാഷാ സംരക്ഷണം

(3) ഭാഷ–ആദേശം

(4) ഭാഷാ സാഹചര്യം

അച്ചടിമാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ എന്നിങ്ങനെ മാധ്യമങ്ങൾ പ്രധാനമായും രുതരമു്. പത്രങ്ങൾ, ആനുകാലികങ്ങൾ, സാഹിത്യ–സാഹിത്യേതര ഗ്രന്ഥങ്ങൾ എന്നിവയാണ് അച്ചടിമാധ്യമത്തിന്റെ വിവിധ രൂപങ്ങൾ. ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രധാനം സിനിമ, റേഡിയോ, ദൂരദർശൻ, ടേപ്പ് റിക്കോർഡർ, സിഡി പ്ലെയർ, വി.സി.ആർ., കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവ പ്രധാനമാണ്. ഇതിൽ ഈ പഠനത്തിൽ റാൻഡം സാംപ്ലിങ് രീതി തെരഞ്ഞെടുത്തിരിക്കുന്നത് പത്രങ്ങളും ആനുകാലികങ്ങളുമടങ്ങുന്ന അച്ചടിമാധ്യമങ്ങളെയും, സിനിമ, റേഡിയോ, ദൂരദർശൻ എന്നീ ഇലക്ട്രോണിക് മാധ്യമങ്ങളെയുമാണ്. ഈ മാധ്യമങ്ങളുടെ ഉപയോഗത്തിൽ ആവേദകർ എത്രത്തോളം ഭാഷാസംരക്ഷണാദേശാദികൾക്ക് വിധേയമായിട്ടു് എന്നതാണ് പഠനവിഷയം.

### 5.1.6.1. പത്രപാരായണവും സാമൂഹികചരങ്ങളും

വായനാനൈപുണിയെ ഏറ്റവുമധികം സഹായിക്കുന്ന മാധ്യമങ്ങൾ അച്ചടിമാധ്യമങ്ങളാണ്. വായന അറിയുന്നവരേ അച്ചടിമാധ്യമത്തിന്റെ ഉപഭോക്താക്കളാകൂ എന്ന വസ്തുതയുടെ വെളിച്ചത്തിൽ വേണം അച്ചടിമാധ്യമ ഭാഷയിലെ സംരക്ഷണം വിശകലനം ചെയ്യാൻ. അതിലുപരി ഭാഷാമനോഭാവം വ്യക്തമാക്കുന്ന മാധ്യമങ്ങളിൽ ഏറ്റവും പ്രധാനവും അച്ചടിമാധ്യമങ്ങളാണ്. കാരണം സിനിമ, റേഡിയോ, ദൂരദർശൻ എന്നിവ വിനോദത്തിനുവേി കാണുന്നതു പോലെ ലാഘവബുദ്ധിയോടെയല്ല ഒരു വ്യക്തി പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നത്. അതുകൊ് ആനുകാലികങ്ങളുടെ വായനയിലെ ഭാഷാ സംരക്ഷണം മാധ്യമങ്ങളുടെ ഉപയോഗത്തിലെ ഭാഷാസംരക്ഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ടതായി പരിഗണിക്കണം.

'ഏതൊക്കെ ഭാഷകളിലുള്ള ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വായിക്കാറു്?' എന്നതാണ് ബി. 19-ാം ചോദ്യം. ആറുതരം ഉത്തരങ്ങളാണ് ലഭിച്ചത്: (1) വായിക്കാറില്ല, (2) തമിഴ്, (3) തമിഴിലും മലയാളത്തിലും, (4) തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലും, (5) മലയാളത്തിലും ഇംഗ്ലീഷിലും, (6) മലയാളത്തിൽ.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 53

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 4 | 6 | | |
| തമിഴ് | 4 | 6 | | |
| തമിഴ്, മലയാളം | 20 | 31 | 8 | 6 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 8 | 13 | | |
| മലയാളം, ഇംഗ്ലീഷ് | 4 | 6 | 72 | 53 |
| മലയാളം | 24 | 38 | 56 | 41 |

നൂറു വർഷത്തിനിപ്പുറം കുടിയേറിയവരിൽ 6% പേർ പതിവായി പത്രമോ ഇതര ആനുകാലികങ്ങളോ വായിക്കാത്തവരാണ്. വേറൊരു 6% പേർ തമിഴിലു ള്ളവ മാത്രമാണ് വായിക്കുന്നത്. 31% പേർ തമിഴിലും മലയാളത്തിലുമുള്ള ആനുകാലികളും പത്രങ്ങളും വായിക്കുന്നു. 13% പേർ തമിഴിലും മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരാണ്. 6% പേർ മലയാളത്തിലും ഇംഗ്ലീഷിലു മുള്ളവ വായിക്കാറ്റു്. 38% പേർ മലയാളം മാത്രം വായിക്കുന്നവരാണ്. നൂറു വർഷത്തിനു മുമ്പ് കുടിയേറിയവരിൽ ദിനപത്രമോ ആനുകാലികങ്ങളോ വായി ക്കാത്ത ആരുമില്ല. തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവർ 6% ഉ്. 53% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരാണ്. ബാക്കി 41% പേർ മലയാള ദിനപത്രങ്ങളും ആനുകാലികങ്ങളും മാത്രം വായിക്കുന്നവരാണ്.

## (2) അധിവാസരീതി

പട്ടിക 54

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 4 | 5 |
| തമിഴ് | 4 | 4 | | |
| തമിഴ്, മലയാളം | 16 | 14 | 12 | 14 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ് | 28 | 24 | 48 | 55 |
| മലയാളം | 60 | 54 | 20 | 26 |

ഒന്നിച്ചു താമസിക്കുന്നവരിൽ പത്രമോ ഇതര ആനുകാലികങ്ങളോ വായിക്കാത്ത ആരുമില്ല. 4% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നു. 14% പേർ തമിഴ്മലയാളങ്ങളിലുള്ളവ വായിക്കുന്നു. 4% പേർ തമിഴ്മലയാളങ്ങളിലും

ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നു. 24% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരാണ്. 54% പേർ മലയാളത്തിലുള്ളവ മാത്രം വായിക്കുന്നവരാണ്. ഒറ്റപ്പെട്ട് താമസിക്കുന്നവരിൽ 5% പേർ പത്രമോ ഇതര ആനുകാലികങ്ങളോ സ്ഥിരമായി വായിക്കുന്നവരല്ല. തമിഴിലുള്ള ആനുകാലികങ്ങൾ മാത്രം വായിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. തമിഴിലും മലയാളത്തിലുമുള്ള ആനുകാലികങ്ങൾ വായിക്കുന്നവർ 14% പേരാണ് ഇക്കൂട്ടത്തിലുള്ളത്. തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലുമുള്ള ആനുകാലികങ്ങൾ വായിക്കുന്ന ആരും ഇക്കൂട്ടത്തിലില്ല. 55% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ആനുകാലികങ്ങൾ വായിക്കുന്നവരാണ്. 26% പേർ മലയാളത്തിൽ മാത്രമുള്ള ആനുകാലികങ്ങൾ വായിക്കുന്നു.

### (3) ലിംഗഭേദം

പട്ടിക 55

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 4 | 4 |
| തമിഴ് | | | 4 | 4 |
| തമിഴ്, മലയാളം | 24 | 24 | 4 | 4 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 8 | 8 | | |
| മലയാളം, ഇംഗ്ലീഷ് | 36 | 36 | 40 | 40 |
| മലയാളം | 32 | 32 | 48 | 48 |

ആനുകാലികങ്ങൾ വായിക്കാത്തവരോ തമിഴ് ആനുകാലികങ്ങൾ മാത്രം വായിക്കുന്നവരോ ആയ ആരും ആണുങ്ങളുടെ കൂട്ടത്തിൽ ഇല്ല. 24% ആണുങ്ങൾ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരാണ്. 8% പേർ തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലുമുള്ള ആനുകാലികങ്ങൾ വായിക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ആനുകാലികങ്ങൾ വായിക്കുന്ന ആണുങ്ങൾ

36% വരും. 32% ആണുങ്ങൾ മലയാളത്തിലുള്ളവ മാത്രം വായിക്കുന്നവരാണ്. പെണ്ണുങ്ങളിൽ 4% പേർ പത്രങ്ങളോ ഇതര ആനുകാലികങ്ങളോ വായിക്കാത്തവരും വേറൊരു 4% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നവരും മറ്റൊരു 4% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരുമാണ്. തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്ന ആരും പെണ്ണുങ്ങളുടെ കൂട്ടത്തിൽ ഇല്ല. പെണ്ണുങ്ങളിൽ 40% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരാണ്. 48% പേർ മലയാളത്തിലുള്ളവ മാത്രമാണ് വായിക്കുന്നത്.

### (4) പ്രായഭേദം

പട്ടിക 56

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | 4 | 5 | | |
| തമിഴ് | | | 4 | 5 | | |
| തമിഴ്, മലയാളം | 8 | 11 | 8 | 10 | 12 | 30 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 8 | 11 | | | | |
| മലയാളം, ഇംഗ്ലീഷ് | 32 | 42 | 28 | 32 | 16 | 40 |
| മലയാളം | 28 | 36 | 40 | 48 | 12 | 30 |

മുപ്പതിൽ താഴെ പ്രായമുള്ളവരിൽ പത്രങ്ങളോ ഇതര ആനുകാലികങ്ങളോ ഉപയോഗിക്കാത്തതോ തമിഴിലുള്ളവ മാത്രം ഉപയോഗിക്കുന്നവരോ ആയി ആരുമില്ല. 11% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരും മറ്റൊരു 11% പേർ തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരുമാണ്. 42% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരും 36% പേർ മലയാളത്തിലുള്ളവ മാത്രം വായിക്കുന്നവരുമാണ്. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 5% പേർ പത്രമോ ആനുകാലികമോ വായിക്കാത്തവരും

വേറൊരു 5% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നവരുമാണ്. 10% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നു. തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. 32% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നവരും 48% പേർ മലയാളത്തിൽ ഉള്ളവ മാത്രം വായിക്കുന്നവരുമാണ്. 60-നു മേൽ പ്രായമുള്ളവരിൽ 30% പേർ തമിഴ്മലയാളങ്ങളിലുള്ളവയും 40% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവയും ശേഷിച്ച 30% പേർ മലയാളത്തിലുള്ളവ മാത്രവും വായിക്കുന്നവരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 57

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 4 | 4 | | |
| തമിഴ് | | | 4 | 4 |
| തമിഴ്, മലയാളം | 4 | 4 | 24 | 27 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 4 | 4 | 4 | 4 |
| മലയാളം, ഇംഗ്ലീഷ് | 72 | 66 | 4 | 4 |
| മലയാളം | 24 | 22 | 56 | 61 |

വിദ്യാഭ്യാസപരമായി ഉന്നതനിലവാരം പുലർത്തുന്നവരിൽ 4% പേർ പത്രമോ ഇതര ആനുകാലികങ്ങളോ സ്ഥിരമായി വായിക്കുന്നവരല്ല. തമിഴ് മാത്രം വായിക്കുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. തമിഴ്മലയാളങ്ങൾ വായിക്കുന്നവർ 4% ആണ്. വേറൊരു 4% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും വായിക്കുന്നു. 66% പേർ മലയാളവും ഇംഗ്ലീഷും വായിക്കുമ്പോൾ 22% പേർ മലയാളം മാത്രം വായിക്കുന്നവരാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ പത്രമോ ആനുകാലികമോ

വായിക്കാത്ത ആരുമില്ല. 4% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നു. 27% പേർ തമിഴിലും മലയാളത്തിലുമുള്ളവ മാത്രം വായിക്കുന്നവരാണ്. 4% തമിഴ്മലയാള ങ്ങളിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുമ്പോൾ മറ്റൊരു 4% മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ മാത്രം വായിക്കുന്നു. 61% പേർ മലയാളത്തിലുള്ളവ മാത്രം വായിക്കുന്നവരാണ്.

## (6) സാമ്പത്തികനില

പട്ടിക 58

| ഭാഷ | കീഴ്വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | 4 | 3 | | |
| തമിഴ് | | | 4 | 3 | | |
| തമിഴ്, മലയാളം | 12 | 23 | 16 | 14 | | |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | | | 8 | 7 | | |
| മലയാളം, ഇംഗ്ലീഷ് | | | 48 | 41 | 28 | 88 |
| മലയാളം | 40 | 77 | 36 | 32 | 4 | 12 |

സാമ്പത്തിക കീഴ്വർഗ്ഗത്തിൽപ്പെട്ട ആവേദകരിൽ 23% പേർ തമിഴിലും മലയാളത്തിലും പെട്ട പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരും 77% പേർ മലയാളത്തിൽ മാത്രമുള്ളവ വായിക്കുന്നവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗ ത്തിൽ ഉള്ളവരിൽ 3% പേർ സ്ഥിരമായി വായിക്കാത്തവരും വേറൊരു 3% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നവരും 14% പേർ തമിഴിലും മലയാളത്തിലു മുള്ളവ വായിക്കുന്നവരും ആണ്. 7% പേർ തമിഴ്മലയാളങ്ങളിലും ഇംഗ്ലീഷിലു മുള്ളവ വായിക്കുന്നു. 41% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കു ന്നവരും 32% പേർ മലയാളത്തിൽ ഉള്ളവ മാത്രം വായിക്കുന്നവരുമാണ്. ഉന്നത സാമ്പത്തികസ്ഥിതിയിലുള്ളവരിൽ 88% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ

വായിക്കുന്നവരും ശേഷിച്ച 12% പേർ മലയാളത്തിലുള്ളവ മാത്രം വായിക്കു ന്നവരുമാണ്.

### 5.1.6.2. സിനിമയും സാമൂഹികചരങ്ങളും

സാധാരണ മലയാളികൾ മലയാള സിനിമ കഴിഞ്ഞാൽ കൂടുതലായി കാണുന്നത് ഹിന്ദി സിനിമകളാണ്. മൂന്നാംസ്ഥാനമേ തമിഴിന് കൊടുക്കാനാകൂ. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ തമിഴ് വാണിയർ ആസ്വദിക്കുന്ന സിനിമകളുടെ ഭാഷകളിൽ തമിഴിനുള്ള സ്ഥാനം ആ സമൂഹത്തിന്റെ ഭാഷാവ സ്ഥയിലേക്കുള്ള ചൂൂപലകകൂടി ആയിരിക്കും.

സിനിമാശാലകൾ, ദൂരദർശൻ, വീഡിയോ കാസറ്റ്, സിഡി, ഇന്റർനെറ്റ്, ഫിലിം ക്ലബ്ബുകൾ തുടങ്ങി നിരവധി മാധ്യമങ്ങളിലൂടെ ഒരു വ്യക്തിക്ക് സിനിമ കാണാനാവും. ഇത്തരം മാധ്യമങ്ങളിലുള്ള ഭേദമന്യേ ആവേദകൻ കാണുന്ന എല്ലാ സിനിമകളെയും പരിഗണിച്ചുകൊണ്ട് സിനിമാസ്വാദനത്തിന്റെ ഭാഷാ വസ്ഥ പഠനവിധേയമാക്കിയത്.

ബി. 23–ാം ചോദ്യമാണ് സിനിമാസ്വാദനവുമായി ബന്ധപ്പെട്ടത്. ‘ഏതൊക്കെ ഭാഷകളിലുള്ള സിനിമകൾ കാണാറു്?’ എന്നതാണ് ആ ചോദ്യം. ആറുതരം ഉത്തരങ്ങളാണ് ആവേദകർ പറഞ്ഞത്: (1) സിനിമ കാണാറില്ല, (2) തമിഴിലും മലയാളത്തിലുമുള്ളവ, (3) തമിഴിലും മലയാളത്തിലും ഹിന്ദിയിലു മുള്ളവ, (4) തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ളവ, (5) മലയാളത്തിലുള്ളവ, (6) മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ളവ.

ഇതിൽ സിനിമ കാണാത്ത ആവേദകരെ പഠനത്തിൽ പരിഗണിക്കേ തില്ല. സിനിമ കാണുന്നവരിൽ, മേൽപറഞ്ഞ 2, 3, 4 വിഭാഗങ്ങളിൽപ്പെടു ന്നവരെ സിനിമാസ്വാദനഭാഷയുടെ മേഖലയിൽ ഭാഷ–ആദേശ പ്രക്രിയയിലൂടെ

കടന്നുപോകുന്നവരായും 5, 6 വിഭാഗത്തിലുള്ളവരെ ആദേശം സംഭവിച്ചു കഴിഞ്ഞവരായും കണക്കാക്കാം.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 59

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 8 | 6 |
| തമിഴ്, മലയാളം | 8 | 12.5 | 16 | 12 |
| തമിഴ്, മലയാളം, ഹിന്ദി | 20 | 31.5 | 36 | 25.5 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 36 | 56 | 44 | 32.5 |
| മലയാളം | | | 20 | 15 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | | | 12 | 9 |

100 വർഷത്തിനിപ്പുറം കുടിയേറിയവരിൽ സിനിമ കാണാത്തവരായോ മലയാളസിനിമകൾ മാത്രം കാണുന്നവരായോ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ളവ മാത്രം കാണുന്നവരായോ ആരുമില്ല. സിനിമ കാണുന്ന ആവേദകരിൽ 12.5% പേർ തമിഴിലും മലയാളത്തിലുമുള്ളവ കാണുന്നവരും 31.5% പേർ തമിഴ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിലുള്ളവ കാണുന്നവരുമാണ്. ശേഷിച്ച 56% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സിനിമകൾ കാണുന്നവരാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 6% പേർ സിനിമ കാണുന്ന ശീലമുള്ളവരല്ല. 12% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 25.5% പേർ തമിഴ്, മലയാളം, ഹിന്ദി എന്നീ ഭാഷകളിലുള്ള സിനിമകൾ കാണുന്നവരാണ്. 32.5% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സിനിമകൾ കാണുന്നവരാണ്. 15% പേർ

മലയാളസിനിമകൾ മാത്രം കാണുന്നവരും 9% പേർ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സിനിമകൾ മാത്രം കാണുന്നവരുമാണ്.

## (2) അധിവാസരീതി

പട്ടിക 60

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 8 | 7 | | |
| തമിഴ്, മലയാളം | 12 | 11 | 12 | 13.5 |
| തമിഴ്, മലയാളം, ഹിന്ദി | 32 | 28 | 24 | 27 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 40 | 36 | 40 | 45.5 |
| മലയാളം | 8 | 7 | 12 | 13.5 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 12 | 11 | | |

കൂട്ടമായി താമസിക്കുന്നവരിൽ 7% പേർ സിനിമകൾ കാണുന്ന പതിവുള്ളവരല്ല. 11% പേർ തമിഴ്, മലയാള സിനിമാസ്വാദകരും, 28% പേർ തമിഴ്, മലയാളം, ഹിന്ദി സിനിമാസ്വാദകരും 36% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് സിനിമാസ്വാദകരും 7% പേർ മലയാള സിനിമാസ്വാദകരും 11% പേർ മലയാളം, ഹിന്ദി, ഇംഗ്ലീഷ് സിനിമാസ്വാദകരുമാണ്. കൂട്ടംവിട്ടു താമസിക്കുന്നവരിൽ സിനിമ കാണാത്തവരായി ആരുമില്ല. 13.5% പേർ തമിഴ്മലയാള സിനിമകളും 27% പേർ തമിഴ്, മലയാളം, ഹിന്ദി സിനിമാസ്വാദകരും 46% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് സിനിമാസ്വാദകരും, 13.5% പേർ മലയാള സിനിമാസ്വാദകരുമാണ്.

## (3) ലിംഗഭേദം

പട്ടിക 61

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | 4 | 4 | 4 | 4 |
| തമിഴ്, മലയാളം | 4 | 4 | 20 | 20 |
| തമിഴ്, മലയാളം, ഹിന്ദി | 8 | 8 | 48 | 48 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 72 | 72 | 8 | 8 |
| മലയാളം | 4 | 4 | 16 | 16 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 8 | 8 | 4 | 4 |

ആണുങ്ങളിൽ 4% പേർ സിനിമ കാണുന്ന പതിവില്ലാത്തവരും വേറൊരു 4% പേർ തമിഴ്മലയാള സിനിമകൾ കാണുന്നവരും 8% പേർ തമിഴ്-മലയാളം-ഹിന്ദി സിനിമകൾ കാണുന്നവരും, 72% പേർ തമിഴ്-മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ കാണുന്നവരും, 4% പേർ മലയാളസിനിമകൾ മാത്രം കാണുന്നവരും, 8% പേർ മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ കാണുന്നവരുമാണ്. പെണ്ണുങ്ങളിൽ 4% പേർ സിനിമ കാണുന്ന പതിവില്ലാത്തവരും 20% പേർ തമിഴ്-മലയാള സിനിമകൾ കാണുന്നവരും 48% പേർ തമിഴ്-മലയാള-ഹിന്ദി സിനിമകൾ കാണുന്നവരും, 8% പേർ തമിഴ്-മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ കാണുന്നവരും, 16% പേർ മലയാള സിനിമകൾ മാത്രം കാണുന്നവരും, ശേഷിച്ച 4% പേർ മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ കാണുന്നവരുമാണ്.

## (4) പ്രായഭേദം

പട്ടിക 62

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | | | 8 | 20 |
| തമിഴ്, മലയാളം | 8 | 10.5 | 16 | 19 | | |
| തമിഴ്, മലയാളം, ഹിന്ദി | 20 | 26 | 32 | 38 | 4 | 10 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 32 | 42 | 28 | 33.5 | 20 | 50 |
| മലയാളം | 4 | 5.5 | 8 | 9.5 | 8 | 20 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 12 | 16 | | | | |

30–ൽ താഴെ പ്രായമുള്ളവരിൽ എല്ലാവരും സിനിമ കാണുന്നവരാണ്. 10.5% പേർ തമിഴ്–മലയാള സിനിമകളും, 26% പേർ തമിഴ്–മലയാള–ഹിന്ദി സിനിമ കൾ കാണുന്നവരും, 42% പേർ തമിഴ്–മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമകൾ കാണുന്നവരും, 5.5% പേർ മലയാളസിനിമകൾ മാത്രം കാണുന്നവരും, 16% പേർ മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമകൾ കാണുന്നവരുമാണ്. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള ആവേദകരിൽ ഏവരും സിനിമ ആസ്വദിക്കുന്നവരാണ്. 19% പേർ തമിഴ്–മലയാള സിനിമകളും, 38% പേർ തമിഴ്–മലയാള–ഹിന്ദി സിനിമകളും, 33.5% പേർ തമിഴ്–മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമകളും, 9.5% പേർ മലയാള സിനിമകൾ മാത്രവും കാണുന്നവരാണ്. 60–നു മേൽ പ്രായമുള്ളവരിൽ 20% പേർ സിനിമാസ്വാദനശീലമില്ലാത്തവരാണ്. 10% പേർ തമിഴ്–മലയാള–ഹിന്ദി സിനിമകൾ മാത്രം കാണുന്നവരും, 50% പേർ തമിഴ്–മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമകൾ കാണുന്നവരുമാണ്. ശേഷിച്ച 20% പേർ മലയാള സിനിമകൾ മാത്രം കാണുന്ന വരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 63

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| ഇല്ല | | | 8 | 9 |
| തമിഴ്, മലയാളം | 8 | 7.5 | 16 | 17 |
| തമിഴ്, മലയാളം, ഹിന്ദി | 28 | 26 | 28 | 30 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 48 | 44 | 32 | 35 |
| മലയാളം | 16 | 15 | 4 | 4.5 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 8 | 7.5 | 4 | 4.5 |

ഉയർന്ന വിദ്യാഭ്യാസനിലവാരം ഉള്ളവരിൽ 7.5% പേർ തമിഴ്മലയാള സിനിമകൾ കാണുന്നവരും, 26% പേർ തമിഴ്-മലയാള-ഹിന്ദി സിനിമകൾ കാണുന്നവരും, 44% പേർ തമിഴ്-മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമാസ്വാദകരും, 15% മലയാളസിനിമകൾ മാത്രം ആസ്വദിക്കുന്നവരും, 7.5% പേർ മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമാസ്വാദകരുമാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 9% പേർ സിനിമ കാണാത്തവരും 17% പേർ തമിഴ്-മലയാള സിനിമാസ്വാദകരും, 30% പേർ തമിഴ്-മലയാള-ഹിന്ദി സിനിമാസ്വാദകരും, 35% പേർ തമിഴ്-മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ ആസ്വദിക്കുന്നവരും, ശേഷിച്ച 9% പേരിൽ പകുതിപ്പേർ വീതം (4.5%) മലയാളസിനിമകൾ മാത്രവും മലയാള-ഹിന്ദി-ഇംഗ്ലീഷ് സിനിമകൾ കാണുന്നവരുമാണ്.

## (6) സാമ്പത്തികനില

പട്ടിക 64

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ഇല്ല | | | 8 | 7 | | |
| തമിഴ്, മലയാളം | 4 | 7 | 16 | 14 | 4 | 13 |
| തമിഴ്, മലയാളം, ഹിന്ദി | 12 | 23 | 44 | 38 | | |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 28 | 56 | 28 | 24 | 24 | 74 |
| മലയാളം | 4 | 7 | 12 | 10 | 4 | 13 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 4 | 7 | 8 | 7 | | |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽപ്പെട്ടവരിൽ സിനിമ ആസ്വദിക്കാത്ത ആരുമില്ല. 7% പേർ തമിഴ്മലയാള സിനിമകൾ ആസ്വദിക്കുന്നവരും, 23% പേർ തമിഴ്–മലയാള സിനിമകളും, 23% പേർ തമിഴ്–മലയാള–ഹിന്ദി സിനിമാസ്വാദകരും, 56% പേർ തമിഴ്–മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമാസ്വാദകരും, 7% പേർ മലയാള സിനിമാസ്വാദകരും, വേറൊരു 7% പേർ മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമാസ്വാദകരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 7% പേർ സിനിമാസ്വാദകരല്ല. 14% പേർ തമിഴ്മലയാള സിനിമാസ്വാദകരും 38% പേർ തമിഴ്–മലയാള–ഹിന്ദി സിനിമാസ്വാദകരും 24% പേർ തമിഴ്–മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമാസ്വാദകരും 10% പേർ മലയാള സിനിമാസ്വാദകരും ശേഷിച്ച 7% പേർ മലയാള–ഹിന്ദി–ഇംഗ്ലീഷ് സിനിമാസ്വാദകരുമാണ്. ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ 13% പേർ തമിഴ്മലയാള സിനിമാസ്വാദകരും, 74% പേർ തമിഴ്–മലയാളം–ഹിന്ദി–ഇംഗ്ലീഷ് സിനിമാസ്വാദകരും, 13% പേർ മലയാള സിനിമാസ്വാദകരുമാണ്.

### 5.1.6.3. റേഡിയോയും സാമൂഹികചരങ്ങളും

ദൂരദർശൻ പ്രചരിച്ചതോടെ കേരളത്തിലെ റേഡിയോ പ്രേക്ഷകരുടെ എണ്ണം വളരെ കുറഞ്ഞതായാണ് കണക്കാക്കുന്നത്. പുതിയ സ്വകാര്യ എഫ്.എം. ചാനലുകളുടെ രംഗപ്രവേശത്തോടെ സ്ഥിതി മാറുമെന്നു കണക്കാക്കുന്നു. റേഡിയോ കേൾക്കുന്നവരിൽത്തന്നെ തമിഴ് കേൾക്കുന്നവർ വളരെ കുറവാണ്. തമിഴ് ഭാഷയിലുള്ള സംപ്രേക്ഷണം ഏതു നിലയത്തിൽ നിന്നുള്ളതാണ് ലഭിക്കുക എന്നറിയുന്നവർതന്നെ കുറവാണ്. ഈ സാഹചര്യത്തിൽ റേഡിയോ യിൽ തമിഴ് പരിപാടികൾ കേൾക്കുന്നവർ, തമിഴ് ഭാഷയോട് പ്രത്യേക മാനസിക ഐക്യമുള്ളവരായിരിക്കുമെന്നത് സുവ്യക്തമാണ്. കേരളത്തിലെ തമിഴ് വാണിയരിലെ അത്തരം ആവേദകരെ ഭാഷാസംരക്ഷണം ചെയ്യുന്നവരായി കണക്കാക്കണം.

റേഡിയോ പരിപാടികൾ കേൾക്കാറുണ്ടോ? ഏതൊക്കെ ഭാഷകളിൽ? എന്നതാണ് റേഡിയോ ശ്രവണവുമായി ബന്ധപ്പെട്ട ചോദ്യം (ചോദ്യാവലി ബി. 21). മൂന്നുതരം ഉത്തരങ്ങളാണ് ആവേദകരിൽനിന്നും ലഭിച്ചത്: (1) ഇല്ല, (2) തമിഴ്മലയാളങ്ങളിൽ, (3) മലയാളത്തിൽ.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 65

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കേൾക്കാത്തവർ | 32 | 50 | 48 | 35 |
| തമിഴ് | | | | |
| തമിഴ്, മലയാളം | 32 | 50 | 60 | 44 |
| മലയാളം | | | 28 | 21 |

നൂറു വർഷത്തിനുള്ളിൽ കുടിയേറിയ ആവേദകരിൽ 50% പേർ റേഡിയോ കേൾക്കാത്തവരും 50% പേർ തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കുന്നവരുമാണ്. 100 വർഷം മുമ്പ് കുടിയേറിയവരിൽ 35% പേർ റേഡിയോ കേൾക്കാത്തവരും 44% പേർ തമിഴ്-മലയാള പരിപാടികൾ കേൾക്കുന്നവരും 21% പേർ മലയാളപരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്.

## (2) അധിവാസരീതി

പട്ടിക 66

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കേൾക്കാത്തവർ | 36 | 32 | 44 | 50 |
| തമിഴ് | | | | |
| തമിഴ്, മലയാളം | 72 | 64 | 20 | 23 |
| മലയാളം | 4 | 4 | 24 | 27 |

കൂട്ടമായി താമസിക്കുന്നവരിൽ 32% പേരാണ് റേഡിയോ കേൾക്കാത്തവർ. 64% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരും 4% പേർ മലയാളപരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. കൂട്ടംവിട്ട് താമസിക്കുന്നവരിൽ 50% പേർ കേൾക്കാത്തവരും 23% പേർ തമിഴ്മലയാള പരിപാടികൾ കേൾക്കുന്നവരും 27% പേർ മലയാളപരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്.

## (3) ലിംഗഭേദം

പട്ടിക 67

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കേൾക്കാത്തവർ | 36 | 36 | 44 | 44 |
| തമിഴ് | | | | |
| തമിഴ്, മലയാളം | 48 | 48 | 44 | 44 |
| മലയാളം | 16 | 16 | 12 | 12 |

ആണുങ്ങളിൽ 36% പേർ റേഡിയോ കേൾക്കാത്തവരും, 48% പേർ തമിഴ്-മലയാള പരിപാടികൾ കേൾക്കുന്നവരും, 16% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. പെണ്ണുങ്ങളിൽ 44% പേർ റേഡിയോ കേൾക്കാത്തവരും മറ്റൊരു 44% പേർ തമിഴ്മലയാളം പരിപാടികൾ കേൾക്കുന്നവരും 12% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്.

## (4) പ്രായഭേദം

പട്ടിക 68

| ഭാഷ | 1 – 30 | | 31 – 60 | | 60-ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കേൾക്കാത്തവർ | 28 | 37 | 32 | 38 | 20 | 50 |
| തമിഴ് | | | | | | |
| തമിഴ്, മലയാളം | 40 | 52 | 44 | 52 | 8 | 20 |
| മലയാളം | 8 | 11 | 8 | 10 | 12 | 30 |

ചെറുപ്പക്കാരിൽ 37% പേർ റേഡിയോ കേൾക്കാത്തവരും 52% പേർ തമിഴ്മലയാള പരിപാടികൾ കേൾക്കുന്നവരും 11% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. മധ്യവയസ്കരിൽ 38% പേർ കേൾക്കാത്തവരും 52% പേർ തമിഴ്മലയാള പരിപാടികൾ കേൾക്കുന്നവരും 10% പേർ മലയാള പ രിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. 60-നു മേൽ പ്രായമായവരിൽ 50% പേർ കേൾക്കാത്തവരും 20% പേർ തമിഴ്മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരും 30% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 69

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കേൾക്കാത്തവർ | 48 | 44 | 32 | 35 |
| തമിഴ് | | | | |
| തമിഴ്, മലയാളം | 36 | 33 | 56 | 60 |
| മലയാളം | 24 | 23 | 4 | 5 |

ഉയർന്ന വിദ്യാഭ്യാസം നേടിയതിൽ 44% പേർ റേഡിയോ കേൾക്കാത്തവരും 33% തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരും 23% മലയാളപരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 35% റേഡിയോ കേൾക്കാത്തവരും 60% പേർ തമിഴ്-മലയാള പ രിപാടികൾ കേൾക്കുന്നവരും 5% മലയാളപരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്.

## (6) സാമ്പത്തികനില

പട്ടിക 70

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കേൾക്കാത്തവർ | 20 | 38 | 48 | 41 | 12 | 38 |
| തമിഴ് | | | | | | |
| തമിഴ്, മലയാളം | 32 | 62 | 56 | 49 | 4 | 12 |
| മലയാളം | | | 12 | 10 | 16 | 50 |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽപ്പെട്ടവരിൽ 38% പേർ റേഡിയോ കേൾക്കാത്തവരും 62% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 41% പേർ റേഡിയോ കേൾക്കാത്തവരും 49% പേർ തമിഴ് – മലയാള പരിപാടികൾ കേൾക്കുന്നവരും 10% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരുമാണ്. സമ്പന്നരിൽ 38% പേർ കേൾക്കാത്തവരും 12% പേർ തമിഴ്മലയാള പരിപാടികൾ കേൾക്കുന്നവരും 50% പേർ മലയാളം മാത്രം കേൾക്കുന്നവരുമാണ്.

### 5.1.6.4. ദൂരദർശനും സാമൂഹികചരങ്ങളും

ഇന്നത്തെ ഭാരതസമൂഹത്തെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാധ്യമം ദൂരദർശൻ അഥവാ ടെലിവിഷൻ ആണ്. നൂറിൽപ്പരം ചാനലുകളിലായി പല പ്രമുഖ ഭാഷകളിലുമുള്ള വിനോദകരവും വിജ്ഞാനദായകവുമായ പരിപാടികൾ ഇന്ന് ലഭ്യമാണ്. എടുത്തുപറയേ കാര്യം മറ്റേതൊരു മാധ്യമത്തേക്കാളും തമിഴ് പരിപാടികൾ ഈ മാധ്യമമാണ് നൽകുന്നത് എന്നതാണ്. കേരളത്തിലെ തമിഴ് വാണിയർ ഏതൊക്കെ ഭാഷയിലുള്ള ടിവി പരിപാടികൾ കാണുന്നു് എന്നതി നെക്കുറിച്ചുള്ള ശാസ്ത്രീയവിശകലനം ആ സമൂഹത്തിന്റെ ഭാഷാവസ്ഥയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ അറിവ് നൽകുന്നതായിരിക്കും.

ടിവി കാണാറുണ്ടോ? ഉണ്ടെങ്കിൽ ഏതൊക്കെ ഭാഷകളിലുള്ള ഏതൊക്കെ പരിപാടികൾ കാണാറുണ്ട്? എന്നതാണ് ദൂരദർശൻ കാണലുമായി ബന്ധപ്പെട്ട ചോദ്യം. (ബി 22-ാം ചോദ്യം). വാർത്തകൾ, സിനിമാഗാനങ്ങൾ, സീരിയൽ, ചലച്ചിത്രം, മറ്റു പരിപാടികൾ എന്നിവയ്ക്കോരോന്നിനും ഓരോ ഭാഷയിലും പ്രത്യേകം രേഖപ്പെടുത്താനുള്ള ഇടം ചോദ്യാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആവേദകർ രേഖപ്പെടുത്തിയ വസ്തുതകൾ മൂന്നു വിധമായിരുന്നു; (1) കാണാറില്ല, (2) തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണാറുണ്ട്, (3) മലയാള പരിപാടികൾ കാണാറുണ്ട്.

ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള പരിപാടികൾ കാണാറുണ്ടോ എന്ന് അടയാളപ്പെടുത്താൻ ആവേദകർക്ക് അവസരമുണ്ടായിരുന്നെങ്കിലും തമിഴി ന്റെയും മലയാളത്തിന്റെയും അവസ്ഥകൾ മാത്രമാണ് വിശകലനവിധേയമാ ക്കുന്നത്.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 71

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കാണാത്തവർ | | | 4 | 3 |
| തമിഴ് | | | | |
| തമിഴ്, മലയാളം | 64 | 100 | 124 | 91 |
| മലയാളം | | | 8 | 6 |

നൂറുവർഷത്തിനകം കുടിയേറിയ ഏവരും (100%) തമിഴിലും മലയാളത്തിലുമുള്ള ദൂരദർശൻ പരിപാടികൾ കാണുന്നവരാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 3% പേർ ടിവി കാണാത്തവരും 91% പേർ തമിഴിലും

മലയാളത്തിലുമുള്ള പരിപാടികൾ കാണുന്നവരും 6% പേർ മലയാളപരിപാടികൾ മാത്രം കാണുന്നവരുമാണ്.

## (2) അധിവാസരീതി

പട്ടിക 72

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കാണാത്തവർ | 4 | 4 | | |
| തമിഴ് | | | | |
| തമിഴ്, മലയാളം | 108 | 96 | 80 | 91 |
| മലയാളം | | | 8 | 9 |

കൂട്ടമായി താമസിക്കുന്നവരിൽ 4% പേർ ദൂരദർശൻ കാണാത്തവരും ബാക്കി 96% പേർ തമിഴിലും മലയാളത്തിലും ഉള്ള പരിപാടികൾ കാണുന്ന വരുമാണ്. കൂട്ടംവിട്ടു താമസിക്കുന്നവരിൽ 91% പേർ തമിഴ്-മലയാള പരിപാടി കളും 9% പേർ മലയാള പരിപാടികൾ മാത്രവും കാണുന്നവരാണ്.

## (3) ലിംഗഭേദം

പട്ടിക 73

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കാണാത്തവർ | 4 | 4 | | |
| തമിഴ് | | | | |
| തമിഴ്, മലയാളം | 92 | 92 | 96 | 96 |
| മലയാളം | 4 | 4 | 4 | 4 |

ആണുങ്ങളിൽ 4% പേർ ടിവി കാണാത്തവരും 92% പേർ തമിഴ്മലയാള പരിപാടികളും 4% പേർ മലയാള പരിപാടികൾ മാത്രവും കാണുന്നവരാണ്. സ്ത്രീകളിൽ 96% പേർ തമിഴ് – മലയാള പരിപാടികളും ബാക്കി 4% പേർ മലയാള പരിപാടികൾ മാത്രവും കാണുന്നവരാണ്.

## (4) പ്രായഭേദം

പട്ടിക 74

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കാണാത്തവർ | | | | | 4 | 10 |
| തമിഴ് | | | | | | |
| തമിഴ്, മലയാളം | 76 | 100 | 84 | 100 | 28 | 70 |
| മലയാളം | | | | | 8 | 20 |

ചെറുപ്പക്കാരിൽ 100% പേരും തമിഴ്-മലയാള പരിപാടികൾ കാണുന്നവരാണ്. മധ്യവയസ്കരിലും എല്ലാവരും തമിഴ്-മലയാള പരിപാടികൾ കാണുന്നവരാണ്. ഉയർന്ന പ്രായക്കാരിൽ 10% പേർ ടിവി കാണാത്തവരും 70% പേർ തമിഴ്-മലയാള പരിപാടികളും 20% പേർ മലയാളം മാത്രവും കാണുന്നവരാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 75

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കാണാത്തവർ | 4 | 4 | | |
| തമിഴ് | | | | |
| തമിഴ്, മലയാളം | 96 | 89 | 92 | 100 |
| മലയാളം | 8 | 7 | | |

വിദ്യാഭ്യാസം കൂടിയവരിൽ 4% പേർ ടിവി കാണാത്തവരും 89% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണുന്നവരുമാണ്. 7% പേർ മലയാള പരിപാടികൾ മാത്രം കാണുന്നവരാണ്. വിദ്യാഭ്യാസം കുറഞ്ഞവർ എല്ലാവരും തമിഴ്-മലയാള പരിപാടികൾ കാണുന്നവരാണ്.

### (6) സാമ്പത്തികനില

പട്ടിക 76

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കാണാത്തവർ | | | 4 | 4 | | |
| തമിഴ് | | | | | | |
| തമിഴ്, മലയാളം | 52 | 100 | 104 | 89 | 32 | 100 |
| മലയാളം | | | 8 | 7 | | |

സാമ്പത്തികമായി താഴ്ന്നു നിൽക്കുന്നവർ എല്ലാവരും തമിഴ്-മലയാള പരിപാടികൾ കാണുന്നവരാണ്. മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 4% പേർ ടിവി കാണാത്തവരും 89% പേർ തമിഴ്-മലയാള പരിപാടികൾ കാണുന്നവരും, 7% പേർ മലയാള പരിപാടികൾ മാത്രം കാണുന്നവരുമാണ്. ഉന്നത സാമ്പത്തികനിലയിലുള്ള എല്ലാവരും തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണുന്നവരാണ്.

## 5.1.7. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാസംരക്ഷണവും ആദേ ശവും

### 5.1.7.1. ആമുഖം

സാമൂഹികചരങ്ങൾ എന്നത് വിധേയസമൂഹത്തിനകത്തുള്ള ഉപസമൂഹങ്ങളാണ്. കേരളത്തിലെ തമിഴ് വാണിയർ എന്ന ഭാഷാസമൂഹത്തെ കുടിയേറ്റ കാലപ്പഴക്കം, അധിവാസരീതി മുതലായ ആറു വ്യത്യസ്ത ഘടകങ്ങളുടെ

അടിസ്ഥാനത്തിൽ വിവിധ സാമൂഹികചരങ്ങളായി വിഭജിച്ചുകൊാണ് പഠന വിധേയമാക്കിയത്. ഓരോ സാമൂഹികചരത്തിനും അതിന്റേതായ ഭാഷാസ്വഭാവവും മനോഭാവവും ഉായിരിക്കുമെന്നതിനാൽ ഓരോന്നിലും ഭാഷാസംരക്ഷണം, ഭാഷ–ആദേശം, ഭാഷാ മനോഭാവം എന്നിവ വ്യത്യസ്തമായിരിക്കും അവയെല്ലാം ഒന്നുചേരുമ്പോൾ ഈ വ്യത്യാസങ്ങൾ അപ്രസക്തമാവുകയും വിധേയസമൂഹത്തെ ആകെ നിർണ്ണയിക്കുന്ന ഘടകങ്ങൾക്ക് പ്രാധാന്യം കൈവരികയും ചെയ്യുന്നു. അത്തരത്തിൽ, ഓരോ സാമൂഹിക ചരത്തേയും വേർതിരിച്ചും എല്ലാ ചരങ്ങളെയും ചേർത്തുവെച്ചും പഠനവിധേയമാക്കിയിട്ടു്. വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാവസ്ഥകളും ഭാഷാമനോഭാവവും ഓരോ സാമൂഹിക ചരങ്ങളുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്തതിന് ശേഷം ഒന്നുചേർത്ത് വിശകലനം ചെയ്യുകയാണ് ഇതുവരെ ചെയ്തത്. ഓരോ സാമൂഹിക ചരത്തെയും പ്രത്യേകമായെടുത്ത്, അതാതു ചരങ്ങളിലെ ഭാഷാവസ്ഥകളെ, ഓരോ ഭാഷാമേഖലയുടെയും കാര്യത്തിൽ പ്രത്യേകമായി പരിഗണിച്ച ശേഷം അവയുടെ ആകെത്തുക കണക്കാക്കി ശരാശരി എടുത്താൽ ഓരോ സാമൂഹികചരവും ഭാഷാവസ്ഥകളിൽ എപ്രകാരം വ്യത്യാസപ്പെടുന്നു എന്നത് വ്യക്തമാകും.

### 5.1.7.2. അധിവാസ–കുടിയേറ്റ കാലദൈർഘ്യം

അധിവാസകാലം അഥവാ കുടിയേറ്റകാലം അനുസരിച്ച് ആവേദകരെ രായി തിരിച്ചാണ് പഠിച്ചിരിക്കുന്നത്:

(1) നൂറു വർഷത്തിനകം കുടിയേറിയവർ അഥവാ നൂറുവർഷത്തിൽ കുറഞ്ഞ കാലമായി മാത്രം കേരളത്തിൽ അധിവസിച്ചിരിക്കുന്നവർ.

(2) നൂറുവർഷത്തിനപ്പുറമോ അജ്ഞാതഭൂതകാലത്തിലോ കുടിയേറിയവർ അഥവാ നൂറുവർഷത്തിനു മേൽ സമ്പർക്ക സമൂഹവുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നവർ.

പട്ടിക 77

| | ഗാനാസ്വാദനം | ഗൃഹഭാഷ | ഭാരോട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികഭാഷസാമുദായികാരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **100 വർഷത്തനിപ്പുറം** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തമിഴ് | – | 56 | 25 | 50 | 31 | 50 | – | 12 | 94 | – | 19 | – | 6 | – | – | – | 343 | 21.44 |
| മലയാളം, തമിഴ് | 100 | 44 | 25 | – | – | 12 | 100 | 88 | – | – | 62 | 100 | 50 | 50 | 100 | 100 | 831 | 51.94 |
| മലയാളം | – | – | 50 | 50 | – | – | – | – | 6 | 100 | 19 | – | 38 | – | – | – | 263 | 16.44 |
| **100 വർഷത്തിനപ്പുറം** | | | | | | | | | | | | | | | | | | |
| തമിഴ് | – | 3 | 21 | – | – | – | – | – | 55 | – | 15 | – | – | – | – | – | 84 | 5.25 |
| മലയാളം, തമിഴ് | 85 | 38 | 6 | 18 | 9 | 18 | 59 | 12 | – | – | 35 | 59 | 6 | 44 | 91 | 70 | 550 | 34.38 |
| മലയാളം | 12 | 59 | 73 | 82 | 65 | 8 | 41 | 88 | 45 | 100 | 50 | 35 | 94 | 21 | 6 | 24 | 803 | 50.19 |

നൂറുവർഷത്തിനകം കുടിയേറിയവരിൽ 100 ശതമാനവും തമിഴ്-മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 85% തമിഴ്-മലയാള ഗാനങ്ങളും 12% മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്നവരും 3% പേർ ഗാനാസ്വാദനശീലമില്ലാത്തവരുമാണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 56% കുടുംബാംഗങ്ങളോട് വീടിനകത്ത് തമിഴും 44% പേർ തമിഴ്-മലയാളങ്ങളും സംസാരിക്കുന്നവരാണ്. മലയാളത്തിൽ മാത്രം കുടുംബാംഗങ്ങളുമായി സംവദിക്കുന്നവർ ആരും ഇക്കൂട്ടരിൽ ഇല്ല. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 3% പേരാണ് കുടുംബാംഗങ്ങളുമായി തമിഴിൽ സംസാരിക്കുന്നവർ. 38% തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്; 59% പേർ മലയാളത്തിൽ മാത്രം സംസാരിക്കുന്നവരും.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 25% പേരുടെ വീടുകളിൽ കുട്ടികൾക്ക് താരാട്ടു പാടുന്നത് തമിഴിലാണ്; വേറൊരു 25% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും താരാട്ടു പാടുക പതിവ്. ശേഷിച്ച 50% പേരുടെ വീടുകളിൽ മലയാളത്തിലാണ് താരാട്ടുപാടുക പതിവ്. നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ 21% പേരുടെ വീടുകളിലാണ് തമിഴിൽ താരാട്ടു പാടുന്നത്. 6% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും താരാട്ടു പാടുന്നു. ശേഷിച്ച 73% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രമാണ് താരാട്ടുപാടുന്നത്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 50% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴിലും ബാക്കി 50% പേരുടെ വീടുകളിൽ മലയാളത്തിലും കഥകൾ പറഞ്ഞുകൊടുക്കുന്നു. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 18% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ കുട്ടികൾക്കു പ റഞ്ഞുകൊടുക്കുമ്പോൾ 82% പേരുടെ വീടുകളിൽ മലയാളത്തിലുള്ള കഥകൾ

മാത്രം പറഞ്ഞുകൊടുക്കുന്നു. ഇക്കൂട്ടത്തിൽ തമിഴിൽ മാത്രം കഥ പറഞ്ഞു കൊടുക്കുന്ന ആരും ഇല്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 31% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥങ്ങളു്. ബാക്കി 69% പേരുടെ വീടുകളിൽ യാതൊരുവിധ മതഗ്രന്ഥ ങ്ങളും ഇല്ല. നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ 9% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങളു്. 65% പേരുടെ വീടുകളിൽ മലയാളമതഗ്രന്ഥങ്ങളാണുള്ളത്. ബാക്കി 26% പേരുടെ വീടുകളിൽ യാതൊരു മതഗ്രന്ഥങ്ങളും ഇല്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 50% പേർ സാമുദായികാരാ ധനാലയങ്ങളിൽ പ്രാർത്ഥനയ്ക്കും പൂജാവേളകളിലും മറ്റുമുള്ള മന്ത്രോച്ചാരണ ത്തിനും തമിഴ് ഉപയോഗിക്കുമ്പോൾ 12% തമിഴും മലയാളവും ഉപയോഗിക്കുന്നു. നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ ഇക്കാര്യത്തിൽ തമിഴുപയോഗിക്കുന്ന ആരുമില്ല. തമിഴും മലയാളവും ഉപയോഗിക്കുന്നവർ 18% ആണ്. 8% പേർ മലയാളം ഉപയോഗിക്കുന്നു. ശേഷിച്ച 74% പേരുടെ കാര്യം അവ്യക്തമോ സംസ്കൃതം പോലുള്ള ഭാഷകളാകയാൽ ഈ പ്രകൃതത്തിൽ അപ്രസക്തമോ ആണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ എല്ലാവരും സാമുദായികാരാ ധനാലയങ്ങളിൽ കുമുട്ടുന്നവരുമായി ലൗകിക വിഷയങ്ങൾ തമിഴിലും മലയാ ളത്തിലും സംസാരിക്കുമ്പോൾ നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ ഇത്തര ക്കാർ 59% ആണുള്ളത്. ബാക്കി 41% മലയാളത്തിൽ മാത്രം ലോഹ്യം പറയു ന്നവരാണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 12% പേരുടെ വീടുകളിൽ ഒരു വിവാഹം നടക്കുകയാണെങ്കിൽ ക്ഷണക്കത്ത് തമിഴിലായിരിക്കും അച്ചടിക്കുക.

മലയാളികൾക്ക് മനസ്സിലാവാൻ ഇവർ മലയാളമല്ല പകരം ഇംഗ്ലീഷാണ് ഈ അവസരത്തിൽ ഉപയോഗിക്കുന്നത്. ശേഷിച്ച 88% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കും. നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ 12% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കുമ്പോൾ ബാക്കി 88% പേരുടെ വീടുകളിൽ മലയാ ളത്തിലാണ് തയ്യാറാക്കുന്നത്. ഇവർ, മലയാളമറിയാത്ത തമിഴർ വായിക്കാൻ ഇംഗ്ലീഷാണ് മറുപുറത്ത് ഉപയോഗിക്കുക.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 94% പേർ തമിഴരോട് തമിഴിൽ ത്തന്നെ സംസാരിക്കുമ്പോൾ 6% പേർ മലയാളത്തിലാണ് സംസാരിക്കുക പതിവ്. നൂറുവർഷങ്ങൾക്കു മുമ്പ് കുടിയേറിയവരിൽ 55% പേർ തമിഴരോട് തമിഴിലും 45% പേർ മലയാളത്തിലും സംസാരിക്കുന്നു.

മലയാളികളോട് സംസാരിക്കുമ്പോൾ കുടിയേറ്റ കാലദൈർഘ്യ വ്യത്യാസ മില്ലാതെ എല്ലാ ആവേദകരും (100%) മലയാളം തന്നെ ഉപയോഗിക്കുന്നു.

മലയാളവും തമിഴും അറിയുന്നവരോട് സംസാരിക്കുന്ന അവസരത്തിൽ നൂറുവർഷത്തിനകം കുടിയേറിയവരിൽ 19% പേർ തമിഴും 19% പേർ മലയാളവും ഉപയോഗിക്കുന്നു. ബാക്കി 62% പേർ സന്ദർഭാനുസരണം ഇരുഭാഷകളും മാറിമാറി ഉപയോഗിക്കുന്നുവരാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 15% പേർ തമിഴും 50% പേർ മലയാളവും 35% പേർ ഇരുഭാഷകളും ഉപയോഗിക്കുന്നു.

നൂറുവർഷത്തിനകം കുടിയേറിയവരിൽ നൂറു ശതമാനവും നിത്യജീവിത ത്തിൽ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 59% പേരാണ് തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവർ. 35% പേർ മലയാളവും ഇതരഭാഷകളും (ഹിന്ദി, ഇംഗ്ലീഷ്

മുതലായവ) ഇടകലർത്തി സംസാരിക്കുന്നവരാണ്. 6% പേർ നിത്യജീവിതത്തിൽ മലയാളം മാത്രം സംസാരിക്കുന്നവരാണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 6% പേർ തമിഴ് പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരും മലയാളത്തിലുള്ള വായിക്കാത്തവരുമാണ്. 50% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരാണ്. 38% പേർ മലയാളത്തിലുള്ളവ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കുന്നവരല്ല. നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ തമിഴിലുള്ളവ മാത്രം വായിക്കുന്ന ആരും ഇല്ല. 6% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരാണ്. ബാക്കി 94% പേർ മലയാളത്തിലുള്ളവ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കുന്നവരല്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 50% പേർ മാത്രമേ റേഡിയോ കേൾക്കാറുള്ളു. അവരെല്ലാവരും (100%) തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കാറ്റു്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 65% പേരാണ് റേഡിയോ കേൾക്കുന്നവർ. അതിൽ 44% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരാണ്. ബാക്കി 21% പേർ മലയാളത്തിലുള്ളത് കേൾക്കുന്നവരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ എല്ലാവരും ദൂരദർശൻ പ്രേക്ഷകരാണ്. അവരിൽ 100 ശതമാനവും തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണുന്നവരാണ്. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 91% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണുന്നവരാണ്. 6% പേർ മലയാള പരിപാടികൾ കാണുമെങ്കിലും തമിഴ് പരിപാടികൾ കാണാറില്ല. 3% പേർ ദൂരദർശൻ കാണാറില്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ എല്ലാവരും സിനിമ കാണാറുള്ളവരാണ്. എല്ലാവരും തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണാറു്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 94% പേർ ആണ് സിനിമാ പ്രേക്ഷകരായുള്ളത്. 6% പേർ സിനിമ കാണാറില്ല. 70% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 24% പേർ മലയാളസിനിമകൾ കാണാറുങ്കെിലും തമിഴ് സിനിമകൾ കാണാറില്ല.

### 5.1.7.3. ഭാഷയും അധിവാസരീതിയും

സ്വഭാഷകസമൂഹാംഗങ്ങളുടെ കൂട്ടായ അധിവാസകേന്ദ്രങ്ങളിലെ അധിവാസം മാതൃഭാഷാസംരക്ഷണത്തിന് ഏറെ സഹായകമാകാനും, അത്തരക്കാരിൽ കൂട്ടംവിട്ടു കഴിയുന്നവരിലേക്കാൾ ഭാഷാസംരക്ഷണ തീവ്രത കൂടുതലായിരിക്കാനുമുള്ള സാധ്യതയുടെ അടിസ്ഥാനത്തിലാണ് അധിവാസരീതിയുടെ വെളിച്ചത്തിൽ ആവേദകരെ രായി തിരിച്ചത്.

പട്ടിക 78

| | ഗാനാസ്വാദനം | ഗൃഹഭാഷ | താരാട്ട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികഭാഷസാമുദായികാരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **കൂട്ടമായി താമസിക്കുന്നവർ** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തമിഴ് | – | 25 | 39 | 14 | 18 | 14 | – | 7 | 82 | – | 18 | – | 4 | – | – | – | 221 | 13.81 |
| മലയാളം, തമിഴ് | 100 | 54 | 7 | 21 | 11 | 18 | 100 | 40 | – | – | 64 | 86 | 18 | 64 | 96 | 75 | 754 | 47.13 |
| മലയാളം | – | 21 | 54 | 65 | 25 | – | – | 53 | 18 | 100 | 18 | 7 | 78 | 4 | – | 18 | 461 | 28.81 |
| **വേർതിരിഞ്ഞ് താമസിക്കുന്നവർ** | | | | | | | | | | | | | | | | | | |
| തമിഴ് | – | 14 | – | 18 | – | 18 | – | – | 55 | – | 14 | – | – | – | – | – | 119 | 7.44 |
| മലയാളം, തമിഴ് | 82 | 23 | 18 | – | – | 14 | 36 | 32 | – | – | 18 | 54 | 14 | 23 | 91 | 86 | 491 | 30.69 |
| മലയാളം | 18 | 63 | 82 | 82 | 68 | 14 | 64 | 68 | 45 | 100 | 68 | 46 | 81 | 27 | 09 | 14 | 849 | 53.06 |

കൂട്ടമായി കഴിയുന്നവരിൽ എല്ലാവരും തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. കൂട്ടത്തിൽനിന്ന് മാറി കഴിയുന്നവരിൽ 82% തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്; 18% പേർ മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരും തമിഴ് ഗാനങ്ങൾ ആസ്വദിക്കാത്ത വരുമാണ്.

കൂട്ടമായി കഴിയുന്നവരിൽ 25% പേർ വീട്ടുകാരോട് തമിഴിൽ സംസാരി ക്കുന്നവരും 54% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരും 21% പേർ മലയാളത്തിൽ സംസാരിക്കുന്നവരുമാണ്. കൂട്ടത്തിൽനിന്ന് മാറി താമസി ക്കുന്നവരിൽ 14% പേർ വീട്ടുകാരോട് തമിഴിലും 23% പേർ തമിഴ്മലയാളങ്ങളിലും 63% പേർ മലയാളത്തിലും സംസാരിക്കുന്നവരാണ്.

കൂട്ടമായി താമസിക്കുന്നവരിൽ 39% പേരുടെ വീടുകളിൽ കുട്ടികൾക്കായി തമിഴിൽ താരാട്ടുപാടുമ്പോൾ 7% പേരുടെ വീടുകളിൽ തമിഴ്മലയാളങ്ങളിലും 54% പേരുടേതിൽ മലയാളത്തിലും താരാട്ടു പാടുന്നു. കൂട്ടംവിട്ടു താമസി ക്കുന്നവരിൽ 18% പേരുടെ വീടുകളിൽ തമിഴ്മലയാളങ്ങളിലും 82% പേരുടേതിൽ മലയാളത്തിലും താരാട്ടുപാടുന്നു.

കൂട്ടമായി താമസിക്കുന്നവരിൽ 14% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴിലുള്ള കഥകളാണ് മുതിർന്നവർ പറഞ്ഞുകൊടുക്കാറ്. 21% പേരുടെ വീടുക ളിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കാറുണ്ട്. 65% പേരുടെ വീടുകളിൽ മലയാളത്തിലുള്ള കഥകളാണ് പറഞ്ഞുകൊടുക്കാറ്. കൂട്ടത്തിൽനിന്നു മാറി താമസിക്കുന്നവരിൽ 18% പേരുടെ വീടുകളിൽ തമിഴിലും 82% പേരുടെ വീടുകളിൽ മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കുന്നു.

കൂട്ടത്തിൽ കഴിയുന്നതിൽ 18% പേരുടെ വീടുകളിൽ തമിഴിലുള്ള മതഗ്രന്ഥങ്ങളുണ്ട്. 11% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥ ങ്ങളു

്. 25% പേരുടേതിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും തമിഴിലുള്ളവയില്ല. ബാക്കി 46% പേരുടെ വീടുകളിൽ യാതൊരു മതഗ്രന്ഥങ്ങളും ഇല്ല. കൂട്ടംമാറി തമാസിക്കുന്നവരിൽ 68% പേരുടെ വീടുകളിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങളുണ്ടെങ്കിലും തമിഴിലുള്ളവ ഇല്ല. ബാക്കി 32% പേരുടേതിൽ യാതൊരു മതഗ്രന്ഥവുമില്ല.

കൂട്ടമായി താമസിക്കുന്നവരിൽ 14% പേർ സാമുദായികാരാധനലായങ്ങളിൽ ചെന്നാൽ പ്രാർത്ഥനയ്ക്കും ജപത്തിനും തമിഴ് ഉപയോഗിക്കുന്നു; 18% പേർ തമിഴും മലയാളവും. കൂട്ടംവിട്ടു താമസിക്കുന്നവരിൽ 18% പേർ തമിഴും 14% പേർ തമിഴ്മലയാളങ്ങളും വേറൊരു 14% പേർ മലയാളവും ഉപയോഗിക്കുന്നു. കൂട്ടത്തിൽ കഴിയുന്നവരിൽ 68% പേരുടെയും കൂട്ടംവിട്ടു കഴിയുന്നവരിൽ 54% പേരുടെയും സ്ഥിതി അവ്യക്തമാണ്.

കൂട്ടത്തിൽ കഴിയുന്നവരിൽ നൂറു ശതമാനം പേരും സാമുദായികാരാധനാലയങ്ങളിൽ കുമുട്ടുന്നവരോട് ലൗകികവിഷയങ്ങൾ സംസാരിക്കാൻ തമിഴും മലയാളവും ഒരുപോലെ ഉപയോഗിക്കുന്നവരാണ്. കൂട്ടംവിട്ടു കഴിയുന്ന വരിൽ 36% പേർ തമിഴ്മലയാളങ്ങളും 64% പേർ മലയാളം മാത്രവുമാണ് ഇക്കാര്യത്തിൽ ഉപയോഗിക്കുന്നത്.

കൂട്ടത്തിൽ കഴിയുന്നവരിൽ 7% പേരുടെ വീടുകളിൽ വിവാഹസംബന്ധമായ ക്ഷണക്കത്തുകൾ തമിഴിലാണ് തയ്യാറാക്കാറ്. 40% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കുന്നു. 53% പേരുടെയും വീടുകളിൽ മലയാളത്തിലും തമിഴിതര ഭാഷകളിലും മാത്രമാണ് ക്ഷണക്കത്ത് തയ്യാറാക്കാറ്. കൂട്ടംവിട്ടു കഴിയുന്നവരിൽ 32% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കാറു്. 68% പേരുടെ കാര്യത്തിൽ മലയാളത്തിലും ഇംഗ്ലീഷിലുമാണ് പതിവ്.

കൂട്ടത്തിൽ കഴിയുന്ന 82% പേർ തമിഴരോട് തമിഴിൽ സംസാരിക്കുന്നവരാണ്. 18% പേർ മലയാളത്തിൽത്തന്നെയാണ് തമിഴരോട് സംസാരിക്കാറ്. കൂട്ടംവിട്ടു കഴിയുന്നവരിൽ 55% പേർ തമിഴിലും 45% മലയാളത്തിലും സംസാരിക്കുന്നു. കൂട്ടത്തിലും കൂട്ടംവിട്ടും താമസിക്കുന്ന എല്ലാവരും മലയാളികളോട് മലയാളത്തിൽത്തന്നെയാണ് സംസാരിക്കുക പതിവ്.

കൂട്ടത്തിൽ താമസിക്കുന്നതിൽ 18% പേർ മലയാളവും തമിഴും അറിയുന്നവരോട് തമിഴിൽ സംസാരിക്കുന്നു. 64% പേർ ഈ അവസരത്തിൽ ഒരു ഭാഷയോടും പ്രത്യേക ആഭിമുഖ്യം കാണിക്കാതെ എതിരാളി സംസാരിക്കുന്നത് ഏതുഭാഷയിലാണോ ആ ഭാഷയിൽ പ്രതികരിക്കും എന്നു പറഞ്ഞു. ശേഷിച്ച 18% പേർ തദവസരത്തിൽ മലയാളമാണ് ഉപയോഗിക്കാറ്. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 14% പേർ തമിഴിലും 18% പേർ തമിഴ്മലയാളങ്ങളിലും 68% പേർ മലയാളത്തിലുമാണ് സംസാരിക്കാറ്.

കൂട്ടത്തിൽ കഴിയുന്നവരിൽ 86% പേർ നിത്യജീവിതത്തിൽ പലപ്പോഴും തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. 7% പേർ മലയാളത്തോട് ഇതരഭാഷകൾ (ഹിന്ദി, ഇംഗ്ലീഷ് മുതലായവ) ഇടകലർത്താറുണ്ടെങ്കിലും തമിഴ് ഇടകലർത്താത്തവരാണ്. കൂട്ടത്തിൽനിന്നും മാറി താമസിക്കുന്നവരിൽ 54% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. 46% പേർ മലയാളത്തോട് ഇതരഭാഷകൾ ഇടകലർത്താറുണ്ടെങ്കിലും തമിഴ് ഇടകലർത്താത്തവരാണ്.

കൂട്ടത്തിൽ കഴിയുന്നവരിൽ 4% പേർ തമിഴ് പത്രങ്ങളും ആനുകാലികങ്ങളും മാത്രം വായിക്കുന്നവരാണ്. 18% പേർ തമിഴിലും മലയാളത്തിലുമുള്ള പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരാണ്. 78% പേർ മലയാളത്തിലുള്ളവ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കാത്തവരാണ്.

കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ തമിഴ് മാത്രം വായിക്കുന്ന ആരും ഇല്ല. 14% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരാണ്. 81% പേർ മലയാളത്തിൽ ഉള്ളവ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കാത്ത വരാണ്. ശേഷിച്ച 5% പേർ പത്രങ്ങളും ആനുകാലികങ്ങളും സ്ഥിരമായി വായി ക്കുന്ന ശീലം ഉള്ളവരല്ല.

കൂട്ടത്തിൽ താമസിക്കുന്നവരിൽ 68% പേർ മാത്രമാണ് റേഡിയോ ശ്രോതാക്കൾ. അതിൽ 64% പേർ തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പ രിപാടികൾ കേൾക്കുന്നവരാണ്. 4% പേർ മലയാളം പരിപാടികൾ കേൾക്കുന്ന വരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല. കൂട്ടത്തിൽ നിന്നു മാറി താമസിക്കുന്നവരിൽ 23% പേർ തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പ രിപാടികൾ കേൾക്കുന്നവരാണ്. 27% പേർ മലയാളത്തിലുള്ള പരിപാടികൾ കേൾക്കാറുണ്ടെങ്കിലും തമിഴ് പരിപാടികൾ കേൾക്കാറില്ല. ബാക്കി 50% പേർ റേഡിയോ ശ്രോതാക്കളല്ല.

കൂട്ടമായി കഴിയുന്നവരിൽ 96% പേർ ദൂരദർശൻ പ്രേക്ഷകരാണ്. അവരെ ല്ലാവരും തമിഴിലും മലയാളത്തിലുമുള്ള ദൂരദർശൻ പരിപാടികൾ കാണാറുണ്ട്. കൂട്ടംവിട്ടു താമസിക്കുന്നവരിൽ എല്ലാവരും ദൂരദർശൻ പ്രേക്ഷകരാണ്. 91% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കാണാറുണ്ട്. 9% പേർ മലലയാളം പ രിപാടികൾ കാണാറുണ്ടെങ്കിലും തമിഴ് പരിപാടികൾ കാണാറില്ല.

കൂട്ടമായി കഴിയുന്നവരിൽ 75% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 18% പേർ മലയാള സിനിമകൾ കാണുന്ന വരാണെങ്കിലും തമിഴ് സിനിമകൾ കാണുന്നവരല്ല. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 86% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ

കാണുന്നവരാണ്. 14% പേർ മലയാളസിനിമകൾ കാണുന്നവരാണെങ്കിലും തമിഴ് സിനിമകൾ കാണുന്നവരല്ല.

### 5.1.7.4. ഭാഷാവസ്ഥകളിലെ സ്ത്രീപുരുഷ വ്യത്യാസം

സ്ത്രീപുരുഷന്മാരുടെ സാമൂഹികാവസ്ഥകൾ ഭിന്നമായതിനാൽ ഭാഷാവസ്ഥയും ഭിന്നമായിരിക്കും എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഗാർഹികാന്തരീക്ഷത്തിൽ മിക്കവാറും ഒതുങ്ങിക്കഴിയുന്നതിനാൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ ഭാഷാസംരക്ഷകരായിരിക്കും എന്ന വസ്തുതയുടെ സാധുത അന്വേഷിച്ചു കത്തൊനാണ് ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹികചരത്തിന്റെ വെളിച്ചത്തിൽ ഭാഷാവസ്ഥകൾ അന്വേഷിക്കുന്നത്.

പട്ടിക 79

| | ഗാനാസ്വാദനം | ഗൃഹഭാഷ | നാട്ട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികഭാഷാസമ്പ്രദായകാര്യങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **ആൺ** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തമിഴ് | – | 32 | | | | 24 | – | | 76 | – | 16 | – | – | – | – | – | 148 | 12.33 |
| മലയാളം, തമിഴ് | 96 | 28 | | | | 8 | 72 | | – | – | 44 | 80 | 32 | 48 | 92 | 84 | 584 | 48.67 |
| മലയാളം | 4 | 40 | | | | – | 28 | | 24 | 100 | 40 | 16 | 68 | 16 | 04 | 12 | 352 | 29.33 |
| **പെൺ** | | | | | | | | | | | | | | | | | | |
| തമിഴ് | | 8 | | | | 8 | – | | 64 | – | 16 | – | 04 | – | – | – | 100 | 8.42 |
| മലയാളം, തമിഴ് | 84 | 52 | | | | 24 | 72 | | – | – | 44 | 64 | 04 | 44 | 96 | 76 | 560 | 46.67 |
| മലയാളം | 12 | 40 | | | | 12 | 28 | | 36 | 100 | 40 | 32 | 88 | 12 | 04 | 20 | 424 | 35.33 |

ആണുങ്ങളിൽ 96% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 4% പേർ മലയാളഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല. പെണ്ണുങ്ങളിൽ 4% പേർ ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല. 84% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 12% പേർ മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല.

ആണുങ്ങളിൽ 32% പേർ ഗൃഹാംഗങ്ങളോട് തമിഴിൽ സംസാരിക്കുന്നു. 28% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്. 40% പേർ ഗൃഹാംഗങ്ങളോട് മലയാളത്തിൽ മാത്രം സംസാരിക്കുന്നവരാണ്. പെണ്ണുങ്ങളിൽ 8% പേർ വീട്ടുകാരോട് തമിഴിൽ മാത്രം സംസാരിക്കുന്നവരാണ്. 52% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്. 40% സ്ത്രീകൾ വീട്ടുകാരോട് മലയാളത്തിൽ മാത്രം സംസാരിക്കുന്നവരാണ്.

ആണുങ്ങളിൽ 24% പേർ സാമുദായികാരാധനാലയങ്ങളിൽ പ്രാർത്ഥനയ്ക്കും പൂജാവേളയിൽ മന്ത്രോച്ചാരണത്തിനും മറ്റും തമിഴ് ഉപയോഗിക്കുമ്പോൾ 8% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നു. പെണ്ണുങ്ങളിൽ 8% തമിഴും 24% തമിഴും മലയാളവും ഉപയോഗിക്കുന്നു. 12% സ്ത്രീകൾ തദവസരത്തിൽ മലയാളമാണ് ഉപയോഗിക്കുന്നത്.

ആണുങ്ങളിൽ 72% പേർ സാമുദായികാരാധനലായങ്ങളിൽ കുമുട്ടുന്നവരോട് ലോകകാര്യങ്ങൾ സംസാരിക്കാൻ തമിഴും മലയാളവും ഉപയോഗിക്കുന്നു. 28% പേർ മലയാളം മാത്രമാണ് ഉപയോഗിക്കുന്നത്. പെണ്ണുങ്ങളുടെ സ്ഥിതി ഇക്കാര്യത്തിൽ ആണുങ്ങളുടേതിനോട് സർവ്വഥാ തുല്യമാണ്.

തമിഴരോട് പുരുഷന്മാരിൽ 76% പേർ തമിഴിൽ സംസാരിക്കുമ്പോൾ 24% പേർ മലയാളത്തിൽ സംസാരിക്കുന്നു. സ്ത്രീകളിൽ 64% ആണ് തമിഴരോട്

തമിഴിൽ സംസാരിക്കുന്നത്. 36% സ്ത്രീകൾ തമിഴരോട് മലയാളത്തിൽ സംസാരിക്കുന്നവരാണ്.

മലയാളികളോട് മലയാളത്തിൽത്തന്നെയാണ് ലിംഗഭേദമന്യേ എല്ലാ ആവേദകരും സംസാരിക്കുന്നത്. മലയാളവും തമിഴും അറിയുന്നവരോട് ആണുങ്ങളിൽ 16% പേർ തമിഴിലും 44% പേർ തമിഴിലും മലയാളത്തിലും 40% പേർ മലയാളത്തിലും സംസാരിക്കുന്നു. സ്ത്രീകളിൽ 16% ആണ് മലയാളവും തമിഴും അറിയുന്നവരോട് തമിഴിൽ സംസാരിക്കുന്നത്. 44% പേർ ഇരുഭാഷകളും സന്ദർഭാനുസരണം ഉപയോഗിക്കുന്നവരാണ്. 40% സ്ത്രീകൾ തദവസരത്തിൽ മലയാളം തന്നെയാണ് ഉപയോഗിക്കുക പതിവ്.

ആണുങ്ങളിൽ 80% പേർ നിത്യജീവിതത്തിൽ തമിഴും മലയാളവും ചേർത്ത് സംസാരിക്കുന്നവരാണ്. 16% പേർ മലയാളത്തോട് ഇംഗ്ലീഷ് മുതലായ ഭാഷകൾ കലർത്തി സംസാരിക്കാറുണ്ടെങ്കിലും തമിഴ് കലർത്താറില്ല. പെണ്ണുങ്ങളിൽ 64% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. 32% പേർ മലയാളത്തോട് തമിഴ് ഇടകലർത്താതെ സംസാരിക്കുന്നവരാണ്.

ആണുങ്ങളിൽ 32% പേർ തമിഴിലും മലയാളത്തിലുമുള്ള പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരാണ്. 68% പേർ മലയാളത്തിലുള്ളവ വായിക്കാറുണ്ടെങ്കിലും തമിഴിലുള്ളവ വായിക്കാത്തവരാണ്. സ്ത്രീകളിൽ 4% പേർ തമിഴ് പത്രങ്ങൾ മാത്രം വായിക്കുന്നവരാണ്. വേറൊരു 4% പേർ തമിഴിലും മലയാളത്തിലുമുള്ള പത്രങ്ങളും മാസികകളും മാത്രം വായിക്കുന്നവരാണ്. 88% സ്ത്രീകളും മലയാള പത്രങ്ങളും ആനുകാലികങ്ങളും മാത്രം വായിക്കുന്നവരാണ്.

ആണുങ്ങളിൽ 48% തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കുന്നവരാണ്. 16% മലയാളത്തിലുള്ള പരിപാടികൾ കേൾക്കുന്നവരും

തമിഴ് പരിപാടികൾ കേൾക്കാത്തവരുമാണ്. പെണ്ണുങ്ങളിൽ 44% തമിഴിലും മലയാളത്തിലുമുള്ളവ കേൾക്കുന്നവരാണ്. 16% മലയാളത്തിലുള്ളവ കേൾക്കുന്ന വരും തമിഴ് കേൾക്കാത്തവരുമാണ്. ആണുങ്ങളിൽ 36 ശതമാനവും പെണ്ണു ങ്ങളിൽ 44 ശതമാനവും റേഡിയോ ശ്രോതാക്കളല്ല.

ആണുങ്ങളിൽ 92% തമിഴിലും മലയാളത്തിലുമുള്ള ദൂരദർശൻ പരിപാടി കൾ കാണുന്നവരാണ്. 4% പേർ മലയാളപരിപാടികൾ കാണാറുണ്ടെങ്കിലും തമിഴ് പ രിപാടികൾ കാണാറില്ല. 4% പേർ ദൂരദർശൻ പ്രേക്ഷകരല്ല. പെണ്ണുങ്ങളിൽ 96% പേർ തമിഴിലും മലയാളത്തിലുമുള്ള ദൂരദർശൻ പരിപാടികൾ കാണുന്നവരാണ്. 4% പേർ മലയാളപരിപാടികൾ കാണുന്നവരാണെങ്കിലും തമിഴ് പരിപാടികൾ കാണുന്നവരല്ല.

ആണുങ്ങളിൽ 84% തമിഴ്-മലയാള സിനിമകൾ കാണുന്നവരാണ്. 12% പേർ മലയാള സിനിമകൾ കാണുന്നവരും തമിഴ് കാണാത്തവരുമാണ്. പെണ്ണുങ്ങ ളിൽ 76% പേർ തമിഴ്-മലയാള സിനിമകൾ കാണുന്നവരാണ്. 20% പേർ മലയാളസിനിമകൾ കാണുന്നവരാണെങ്കിലും തമിഴ് സിനിമകൾ കാണുന്നവരല്ല. ആണുങ്ങളിലും പെണ്ണുങ്ങളിലും 4% പേർ വീതം സിനിമ കാണുന്ന പതിവു ള്ളവരല്ല.

### 5.1.7.5. വ്യത്യസ്ത പ്രായക്കാരിലെ ഭാഷാവസ്ഥകൾ

പ്രായം കൂടിയവരിൽ കുറഞ്ഞവരിലേക്കാൾ ഭാഷാസംരക്ഷണ തീവ്രത കൂടിയിരിക്കും എന്ന ആശയത്തിന്റെ സാധുതയാണ് പ്രായാടിസ്ഥാനത്തിലുള്ള ഭാഷാവ്യത്യാസത്തിലൂടെ അന്വേഷിക്കുന്നത്.

പട്ടിക 80

| | ഗാനാസ്വാദനം | ഗൃഹഭാഷ | താരാട്ട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികഭാഷസാമുദായികാരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **01–30** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തമിഴ് | – | 26 | | | | 16 | – | | 47 | – | 5 | – | – | – | – | – | 94 | 7.83 |
| മലയാളം, തമിഴ് | 100 | 16 | | | | 36 | 68 | | – | – | 42 | 47 | 22 | 52 | 100 | 78.5 | 561.5 | 40.11 |
| മലയാളം | – | 58 | | | | 10 | 32 | | 53 | 100 | 53 | 42 | 78 | 11 | – | 21.5 | 458.5 | 38.21 |
| **31–60** | | | | | | | | | | | | | | | | | | |
| തമിഴ് | – | 14 | | | | 19 | – | | 86 | – | 19 | – | 05 | – | – | – | 143 | 11.92 |
| മലയാളം, തമിഴ് | 90 | 62 | | | | 47 | 81 | | – | – | 57 | 91 | 10 | 52 | 100 | 90.<br>5 | 680.5 | 56.71 |
| മലയാളം | 10 | 24 | | | | 05 | 19 | | 14 | 100 | 24 | 09 | 80 | 10 | – | 9.5 | 304.5 | 27.38 |
| **60–ന് മുകളിൽ** | | | | | | | | | | | | | | | | | | |
| തമിഴ് | – | 20 | | | | 10 | – | | 80 | – | 30 | – | – | – | – | – | 140 | 11.67 |
| മലയാളം, തമിഴ് | 70 | 40 | | | | 40 | 60 | | – | – | 20 | 80 | 30 | 20 | 70 | 60 | 490 | 40.83 |
| മലയാളം | 20 | 40 | | | | – | 40 | | 20 | 100 | 50 | 20 | 70 | 30 | 20 | 20 | 430 | 35.83 |

ചെറുപ്പക്കാർ 100 ശതമാനവും തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. മധ്യവയസ്കരിൽ 90% പേർ തമിഴിലും മലയാളത്തിലുമുള്ള സംഗീതം ആസ്വദിക്കുന്നവരാണ്. ബാക്കി 10% പേർ മലയാളഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല. പ്രായംകൂടിയവരിൽ 70% തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 20% മലയാളഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല.

ചെറുപ്പക്കാരിൽ 26% പേർ കുടുംബാംഗങ്ങളോട് തമിഴിൽ സംസാരിക്കുന്നു. 16% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്; 58% പേർ മലയാളത്തിൽ മാത്രം സംസാരിക്കുന്നവരും. മധ്യവയസ്കരിൽ 14% വീട്ടുകാരോട് തമിഴിൽ സംസാരിക്കുന്നു. 62% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്. 24% പേർ മലയാളത്തിൽ മാത്രമാണ് സംസാരിക്കാറ്. പ്രായംകൂടിയവരിൽ 20% തമിഴിലും 40% തമിഴ്മലയാളങ്ങളിലും വേറൊരു 40% മലയാളത്തിലും സംസാരിക്കുന്നു.

ചെറുപ്പക്കാരിൽ 16% പേർ സാമുദായികാരാധനാലയങ്ങളിലെ പ്രാർത്ഥനകൾക്കും മന്ത്രോച്ചാരണത്തിനും തമിഴ് ഉപയോഗിക്കുന്നു. 36% തമിഴും മലയാളവും ഉപയോഗിക്കുന്നവരാണ്. 10% മലയാളമാണ് ഉപയോഗിക്കാറ്. മധ്യവയസ്കരിൽ 19% തമിഴും 47% തമിഴ്മലയാളങ്ങളും 5% മലയാളവും ഉപയോഗിക്കുന്നു. പ്രായംകൂടിയവരിൽ 10% തമിഴും 40% തമിഴ്മലയാളങ്ങളും ഉപയോഗിക്കുന്നു. മറ്റുള്ളവർ ഇക്കാര്യത്തെക്കുറിച്ച് അറിവില്ലാത്തവരോ വ്യക്തമായ മറുപടി പറയാനാകാത്തവരോ ആണ്.

ചെറുപ്പക്കാരിൽ 68% പേർ സാമുദായികാരാധനാലയങ്ങളിൽ കുമുട്ടുന്നവരുമായി തമിഴിലും മലയാളത്തിലും യഥോചിതം സംസാരിക്കുന്നവരാണ്. 32% പേർ മലയാളത്തിൽ മാത്രമാണ് തദവസരത്തിൽ ലോഹ്യം പറയാറ്.

മധ്യവയസ്കരിൽ 81% പേർ തമിഴിലും മലയാളത്തിലും ലോഹ്യം പറയുന്നവരും 19% മലയാളത്തിൽ മാത്രം ലോഹ്യം പറയുന്നവരുമാണ്. പ്രായംകൂടിയവരിൽ 60% പേർ തമിഴിലും മലയാളത്തിലും ലോഹ്യം പറയുന്നവരും 40% മലയാള ത്തിൽ മാത്രം പറയുന്നവരുമാണ്.

ചെറുപ്പക്കാരിൽ 47% തമിഴരോട് തമിഴിലും 53% മലയാളത്തിലും സംസാരിക്കുന്നു. മധ്യവയസ്കരിൽ 86% പേർ തമിഴിലും 14% മലയാളത്തിലും സംസാരിക്കുന്നു. പ്രായംകൂടിയവരിൽ 80% പേർ തമിഴിലും 20% പേർ മലയാളത്തിലും സംസാരിക്കുന്നവരാണ്.

എല്ലാ പ്രായത്തിലുംപെട്ട എല്ലാവരും മലയാളികളോട് മലയാളത്തിൽ ത്തന്നെ സംസാരിക്കുന്നവരാണ്. തമിഴും മലയാളവും അറിയുന്നവരോട് ചെറുപ്പ ക്കാരിൽ 5% പേർ തമിഴിലും 42% പേർ തമിഴിലും മലയാളത്തിലും 53% പേർ മലയാളത്തിലുമാണ് സംസാരിക്കുക പതിവ്; മധ്യവയസ്കരിൽ 19% തമിഴിലും 57% തമിഴ്മലയാളങ്ങളിലും 24% പേർ മലയാളത്തിലും സംസാരിക്കുന്നു. പ്രായംകൂടിയവരിൽ 30% പേർ തമിഴിലും 20% പേർ തമിഴ്മലയാളങ്ങളിലും 50% പേർ മലയാളത്തിലും സംസാരിക്കുന്നു.

ചെറുപ്പക്കാരിൽ 47% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കാ റുള്ളവരാണ്. 42% പേർ മലയാളവും ഇതരഭാഷകളും ഇടകലർത്താറുണ്ടെങ്കിലും തമിഴുമായി ഇടകലർത്തുന്നവരല്ല. മധ്യവയസ്കരിൽ 91% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കാറുള്ളവരാണ്. 9% പേർ മലയാളവുമായി മറ്റു ഭാഷകൾ ഇടകലർത്തി സംസാരിക്കാറുണ്ടെങ്കിലും തമിഴ് കലർത്തി സംസാ രിക്കാറില്ല. പ്രായംകൂടിയവരിൽ 80% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കാറുള്ളവരാണ്. 20% പേർ മലയാളവുമായി മറ്റു ഭാഷകൾ കലർത്താറുണ്ടെങ്കിലും തമിഴ് ചേർത്തു സംസാരിക്കുന്നവരല്ല.

ചെറുപ്പക്കാരിൽ 22% പേർ തമിഴിലും മലയാളത്തിലുമുള്ള പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരാണ്. 78% പേർ മലയാള പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കുന്നവരല്ല. മധ്യവയസ്കരിൽ 5% പേർ തമിഴിലുള്ള പത്രങ്ങളും ആനുകാലികങ്ങലും വായിക്കുന്നവരാണ്. 10% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കാറു്. 80% പേർ മലയാളത്തിലുള്ളവ വായിക്കാറുങ്കെിലും തമിഴിലുള്ളവ വായിക്കാറില്ല. പ്രായംകൂടിയവരിൽ 30% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നവരാണ്. 70% പേർ മലയാളത്തിലുള്ളവ വായിക്കുന്നവരും തമിഴിലുള്ളവ വായിക്കാത്തവരുമാണ്.

ചെറുപ്പക്കാരിൽ 52% പേർ റേഡിയോയിൽ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരാണ്. 11% പേർ മലയാളം പരിപാടികൾ മാത്രം കേൾക്കുന്നവരാണ്. മധ്യവയസ്കരിൽ 52% പേർ തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കുന്നവരാണ്. 10% പേർ മലയാളത്തിലുള്ള പരിപാടികൾ കേൾക്കുന്നവരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കാത്തവരാണ്. 60-ന് മുകളിൽ പ്രായമുള്ളവരിൽ 20% തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കുന്നവരാണ്. 30% മലയാളം പരിപാടികൾ കേൾക്കുന്നവരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല. ചെറുപ്പക്കാരിൽ 63-ഉം മധ്യവയസ്കരിൽ 62-ഉം വൃദ്ധരിൽ 50-ഉം ശതമാനം പേർ മാത്രമാണ് റേഡിയോ ശ്രോതാക്കൾ.

ചെറുപ്പക്കാരിലും മധ്യവയസ്കരിലും 100% പേരും ദൂരദർശൻ പ്രേക്ഷകരാണ്; പ്രായമായവരിൽ 90 ശതമാനവും. ചെറുപ്പക്കാരിലും മധ്യവയസ്കരിലുമുള്ള എല്ലാവരും തമിഴിലും മലയാളത്തിലുമുള്ള ദൂരദർശൻ പരിപാടികൾ കാണുന്നവരാണ്. പ്രായമായവരിൽ 70% പേർ തമിഴിലും മലയാളത്തിലുമുള്ള

ദൂരദർശൻ പരിപാടികൾ കാണുന്നവരാണ്. 20% പേർ മലയാളപരിപാടികൾ കാണാറുണ്ടെങ്കിലും തമിഴ് പരിപാടികൾ കാണുന്നവരല്ല.

ചെറുപ്പക്കാരിൽ 78.5% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 21.5% പേർ മലയാള സിനിമകൾ കാണാറുണ്ടെങ്കിലും തമിഴ് സിനിമകൾ കാണാറില്ല. മധ്യവയസ്കരിൽ 90.5% പേർ തമിഴിലും മലയാള ത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 9.5% പേർ മലയാള സിനിമകൾ കാണുന്നവരും തമിഴ് സിനിമകൾ കാണാത്തവരുമാണ്. പ്രായംകൂടിയവരിൽ 60% പേർ തമിഴ്മലയാള സിനിമകൾ കാണുന്നവരാണ്. 20% പേർ മലയാള സിനിമകൾ കാണുന്നവരാണെങ്കിലും തമിഴ് സിനിമകൾ കാണാത്തവരാണ്.

### 5.1.7.6. ഭാഷാവസ്ഥയും വിദ്യാഭ്യാസനിലവാരവും

വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ ഭാഷയെ പലവിധത്തിൽ സ്വാധീ നിക്കാം. സമൂഹത്തിന്റെ മാതൃഭാഷയിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസം ആ സമൂ ഹത്തെ മാതൃഭാഷയോട് ആഭിമുഖ്യവും മാതൃഭാഷയിൽ അറിവും കഴിവും ഉള്ളവരാക്കിത്തീർക്കും. മാതൃഭാഷയിലൂടെ അല്ല വിദ്യാഭ്യാസം ലഭിക്കുന്ന തെങ്കിൽ വിപരീതഫലമാകും. വിദ്യാഭ്യാസപരമായി പുരോഗതി പ്രാപിച്ച വ്യക്തി കൾ നേടിയ പുരോഗതി, സ്വസമുദായാംഗങ്ങളിൽനിന്ന് സ്വയം ഗണ്യമായ പ ുരോഗതി നേടാൻ സഹായിച്ചിട്ടുണ്ടെങ്കിൽ, സ്വസമുദായത്തോട് ചേർന്നുനിന്ന് സമൂഹാംഗങ്ങളെ പുരോഗതി നേടാൻ സഹായിക്കുന്ന അനുകൂല മനോഭാവ ത്തിനും, താൻ പ്രസ്തുത സമൂഹത്തിലെ അംഗമാണെന്നു പൊതുസമൂഹം മനസ്സിലാക്കുന്നതിൽ വിഷമിക്കുന്ന പ്രതികൂലമനോഭാവത്തിനും കാരണമാകാം. അനുകൂലമനോഭാവം ഭാഷയോടും അനുകൂലമനോഭാവം പുലർത്തുന്നതിനു സഹായിക്കും. പ്രതികൂല മനോഭാവം ഭാഷയോടും പ്രതികൂല ഭാവത്തിനു കാരണമാകും. ഈ വസ്തുതകൾ കേരളത്തിലെ തമിഴ് വാണിയരിൽ എങ്ങനെ

പ്രവർത്തിക്കുന്നു എന്നതാണ് ഇവിടെ സ്ഥിതിവിവരക്കണക്കുകളുടെ സഹായ ത്തോടെ വിശകലനവിധേയമാക്കുന്നത്.

പട്ടിക 81

| | ഗാനാസ്വാദനം | ഗൃഹഭാഷ | താരാട്ട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികഭാഷസാമുദായികാരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **എസ്.എസ്.എൽ. സി. യോ അതിൽ** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **കൂടുതലോ** | | | | | | | | | | | | | | | | | | |
| തമിഴ് | – | 11 | 15 | 7 | 7 | 7 | – | – | 52 | – | 19 | – | – | – | – | – | 118 | 7.38 |
| മലയാളം, തമിഴ് | 85 | 22 | 7 | 11 | 7 | 22 | 52 | 26 | – | – | 25 | 51 | 8 | 33 | 89 | 77.5 | 515.5 | 32.22 |
| മലയാളം | 15 | 67 | 78 | 82 | 66 | 12 | 48 | 74 | 48 | 100 | 56 | 42 | 88 | 23 | 7 | 22.5 | 828.5 | 51.78 |
| **എസ്.എസ്.എൽ. സി. യിൽ താഴെ** | | | | | | | | | | | | | | | | | | |
| തമിഴ് | 4 | 30 | 30 | 26 | 13 | 26 | – | 8 | 91 | – | 13 | – | 4 | – | – | – | 245 | 15.31 |
| മലയാളം, തമിഴ് | 96 | 61 | 17 | 13 | 4 | 9 | 95 | 48 | – | – | 65 | 96 | 35 | 60 | 100 | 82 | 781 | 48.81 |
| മലയാളം | – | 9 | 53 | 61 | 18 | – | 5 | 44 | 9 | 100 | 22 | 4 | 61 | 5 | – | 9 | 400 | 25 |

ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 85% പേർ തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 15% പേർ മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കാറില്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 4% പേർ തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരും മലയാള ഗാനങ്ങൾ ആസ്വദിക്കാത്തവരുമാണ്. ബാക്കി 96% പേരും തമിഴിലും മലയാളത്തിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്.

ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 11% പേർ വീട്ടുകാരോട് തമിഴിലും 22% പേർ തമിഴ്മലയാളങ്ങളിലും 67% പേർ മലയാളത്തിലും ആണ് സംസാരിക്കാറ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 30% പേർ തമിഴിലും 61% പേർ തമിഴിലും മലയാളത്തിലും 9% പേർ മലയാളത്തിലും വീട്ടുകാരോട് സംസാരിക്കുന്നു.

ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 15% പേരുടെ വീടുകളിൽ ചെറിയ കുട്ടികളെ പാടിയുറക്കാൻ തമിഴിൽ താരാട്ടുപാടുന്നു. 7% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള താരാട്ടുകൾ പാടാറ്. 78% പേരുടെ വീടുക ളിൽ മലയാളത്തിൽ മാത്രമാണ് താരാട്ടുപാടാറുള്ളത്. വിദ്യാഭ്യാസം കുറഞ്ഞ വരിൽ 30% പേരുടെ വീടുകളിൽ തമിഴിലും 17% പേരുടേതിൽ തമിഴിലും മലയാളത്തിലും 53% പേരുടേതിൽ മലയാളത്തിലുമുള്ള താരാട്ടുകൾ പാടുന്നു.

ഉന്നതവിദ്യാഭ്യാസം നേടിയവരിൽ 7% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴ് കഥകൾ ആണ് പറഞ്ഞുകൊടുക്കുന്നത്. 11% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കുന്നു. 82% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രമാണ് കഥകൾ പറഞ്ഞുകൊടുക്കുന്നത്. ഉന്നതവിദ്യാഭ്യാസം നേടാത്തവരിൽ 26% പേരുടെ വീടുകളിൽ തമിഴിലും 13% പേരുടേതിൽ തമിഴിലും മലയാളത്തിലും 61% പേരുടേതിൽ മലയാളത്തിലുമുള്ള കഥകളാണ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറുള്ളത്. ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 7% പേരുടെ

വീടുകളിൽ തമിഴിലുള്ള മതഗ്രന്ഥങ്ങളാണുള്ളത്. വേറൊരു 7% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങള്. 66% പേരുടേതിൽ മലയാള ത്തിലുള്ള മതഗ്രന്ഥങ്ങൾ മാത്രമാണുള്ളത്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 13% പേരുടെ വീടുകളിൽ തമിഴ് ഗ്രന്ഥങ്ങളും 4% പേരുടെതിൽ തമിഴ്മലയാള മതഗ്രന്ഥങ്ങളും 18% പേരുടെ വീടുകളിൽ മലയാള മതഗ്രന്ഥങ്ങളുമാണുള്ളത്.

ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ 7% പേർ സാമുദായികാരാധനാ ലയങ്ങളിൽ ചെന്നാൽ പ്രാർത്ഥനയ്ക്കും ജപത്തിനും മറ്റും തമിഴ് തന്നെ ഉപയോ ഗിക്കുന്നു. 22% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നവരാണ്. 12% പേർ മലയാളം മാത്രമാണ് ഉപയോഗിക്കാറ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 26% പേർ പ്രസ്തുത അവസരത്തിൽ തമിഴ് ഉപയോഗിക്കുന്നവരാണ്. 9% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നു. വിദ്യാഭ്യാസം കൂടിയവരിൽ 59% പേരുടെയും കുറഞ്ഞ വിദ്യാഭ്യാസമുള്ളവരിൽ 65% പേരുടെയും അവസ്ഥ ഈ മേഖലയിൽ അവ്യക്തമാണ്. അവരിൽ മിക്കപേർക്കും സ്വയം ഇക്കാര്യത്തെക്കുറിച്ച് വേത്ര അവഗാഹമില്ലാത്തതാണ് കാരണം.

വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്നവരിൽ 52% പേർ സാമുദായി കാരാധനാലയങ്ങളിൽ കുമുട്ടുന്നവരോട് തമിഴിലും മലയാളത്തിലും ലൗകിക വിഷയങ്ങൾ സംസാരിക്കുന്നവരാണ്. 48% പേർ മലയാളത്തിലാണ് ലോഹ്യം പ റയുക പതിവ്. വിദ്യാഭ്യാസപരമായി താഴ്ന്നു നിൽക്കുന്നവരിൽ 95% പേർ തദവസരത്തിൽ തമിഴിലും മലയാളത്തിലും സംസാരിക്കുന്നു. 5% പേർ മലയാളത്തിൽ മാത്രമാണ് പതിവ്.

വിദ്യാഭ്യാസം കൂടിയവരിൽ 26% പേരുടെ വീടുകളിൽ വിവാഹവേളയിൽ ക്ഷണക്കത്ത് തമിഴിലും മലയാളത്തിലും തയ്യാറാക്കാറ്. 74% പേരുടെ വീടുകളിൽ മലയാളത്തിൽ തയ്യാറാക്കാറുണ്ടെങ്കിലും തമിഴിൽ ചെയ്യാറില്ല.

വിദ്യാഭ്യാസം കുറഞ്ഞതിൽ 8% പേരുടെ വീടുകളിൽ ക്ഷണക്കത്ത് തമിഴിൽ തയ്യാറാക്കുന്നു. 48% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കാറ്. 44% പേരുടെ വീടുകളിൽ മലയാളത്തിലാണ് ക്ഷണക്കത്ത് തയ്യാറാക്കുന്നത്. അവർ അക്കാര്യത്തിനായി തമിഴ് ഉപയോഗിക്കുന്നില്ല.

ഉന്നതവിദ്യാഭ്യാസം ഉള്ളവരിൽ 52% പേർ തമിഴരോട് തമിഴിലും 48% പേർ മലയാളത്തിലും സംസാരിക്കുന്നു. വിദ്യാഭ്യാസം കുറഞ്ഞവരിൽ 91% പേർ തമിഴരോട് തമിഴിൽത്തന്നെ സംസാരിക്കുന്നവരാണ്; 9% പേർ മലയാളത്തിലാണ് സംസാരിക്കാറ്.

വിദ്യാഭ്യാസം കുറഞ്ഞതും കൂടിയതുമായ എല്ലാ ആവേദകരും മലയാളികളോട് സംസാരിക്കാൻ മലയാളംതന്നെ ഉപയോഗിക്കുന്നവരാണ്.

വിദ്യാഭ്യാസം കൂടിയവരിൽ 19% തമിഴും മലയാളവും അറിയുന്നവരോട് തമിഴിൽ സംസാരിക്കുന്നു. 25% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരാണ്. 56% പേർ മലയാളത്തിലാണ് സംസാരിക്കാറ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 13% പേർ തമിഴിലും 65% തമിഴിലും മലയാളത്തിലും 22% മലയാളത്തിലും സംസാരിക്കുന്നവരാണ്.

ഉയർന്ന വിദ്യാഭ്യാസം നേടിയതിൽ 51% പേർ നിത്യജീവിതത്തിൽ സന്ദർഭാനുസരണം തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. 42% പേർ മലയാളത്തോട് ഇതരഭാഷകൾ ഇടകലർത്തി സംസാരിക്കുന്നവരാണെങ്കിലും തമിഴ് ഇടകലർത്തുന്നവരല്ല. 7% പേർ ഭാഷകൾ കലർത്തി സംസാരിക്കാറില്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 96% പേർ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. 4% പേർ മലയാളത്തോട് ഇതരഭാഷകൾ ഇടകലർത്താറുണ്ടെങ്കിലും തമിഴ് ഇടകലർത്തുന്നവരല്ല.

ഉന്നതവിദ്യാഭ്യാസമുള്ളവരിൽ 8% പേർ തമിഴിലും മലയാളത്തിലുമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നവരാണ്. 88% പേർ മലയാള പ്രസിദ്ധീകരണങ്ങൾ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കുന്ന വരല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 4% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്ന വരാണ്. 35% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കാറു്. 61% പേർ മലയാളത്തിലുള്ളവ വായിക്കാറുണ്ടെങ്കിലും തമിഴിലുള്ളവ വായിക്കാറില്ല.

ഉന്നതവിദ്യാഭ്യാസമുള്ളവരിൽ 33% റേഡിയോയിൽ തമിഴിലും മലയാള ത്തിലുമുള്ള പരിപാടികൾ കേൾക്കാറു്. 23% പേർ മലയാളം പരിപാടികൾ കേൾക്കുന്നവരും തമിഴ് കേൾക്കാത്തവരുമാണ്. 44% പേർ റേഡിയോ ശ്രോതാ ക്കളല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 60% പേർ തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരാണ്. 5% പേർ മലയാളം പ രിപാടികൾ കേൾക്കുന്ന വരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല, 35% റേഡിയോ ശ്രോതാക്കളല്ല.

വിദ്യാഭ്യാസം കൂടിയവരിൽ 89% ദൂരദർശനിൽ തമിഴിലും മലയാളത്തി ലുമുള്ള പരിപാടികൾ കാണുന്നവരാണ്. 7% പേർ മലയാളം പരിപാടികൾ കാണു ന്നവരാണെങ്കിലും തമിഴ് പരിപാടികൾ കാണുന്നവരല്ല. 4% പേർ ദൂരദർശൻ കാണാത്തവരാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 100 ശതമാനവും മലയാള ത്തിലും തമിഴിലുമുള്ള പരിപാടികൾ കാണുന്നവരാണ്.

ഉന്നതവിദ്യാഭ്യാസമുള്ളവരിൽ 77.5% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 22.5% പേർ മലയാള സിനിമകൾ കാണുന്നവ രാണെങ്കിലും തമിഴ് സിനിമകൾ കാണുന്നവരല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 82% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ കാണുന്നവരാണ്. 9% പേർ

മലയാളസിനിമകൾ കാണുന്നവരും തമിഴ് സിനിമകൾ കാണാത്തവരുമാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 9% പേർ സിനിമകാണുന്ന ശീലമില്ലാത്തവരാണ്.

### 5.1.7.7. സാമ്പത്തികം

ഒരു സമൂഹത്തിന്റെ സാമ്പത്തികസ്ഥിതി അതിന്റെ ഭാഷയേയും സംസ്കാരത്തേയും പലതരത്തിൽ സ്വാധീനിക്കാം. സാമ്പത്തികമായി ഉയർന്ന വർക്ക് താഴ്ന്നവരേക്കാൾ മാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ സാധിക്കും. സമ്പത്ത്, ഭൂപ്രദേശപരമായ അതിരുകളെ ലംഘിച്ചുകൊ് ദേശാ ന്തര ബന്ധങ്ങൾ ദൃഢമാക്കാനും ഭാഷാസാഹചര്യങ്ങൾ അനുകൂലമാക്കാനും സഹായിക്കും. സാമ്പത്തിക ഔന്നത്യം സമൂഹത്തിന്റെ ഭാഷാവസ്ഥകളെ പ്രതികൂലമായും ബാധിക്കാം. സാമ്പത്തികമായി ഉയരുന്ന സമൂഹാംഗങ്ങൾ, തങ്ങളുടെ സമൂഹം തങ്ങളുടെയത്ര പൊതുസമൂഹത്തിന് മുന്നിൽ ബഹുമാനിത രല്ല എന്ന വിശ്വാസം വെച്ചുപുലർത്താനും സ്വന്തം സമുദായത്തെ തള്ളിപ്പറ യാനും അതിന്റെ സാമൂഹിക സാംസ്കാരിക സ്വത്വസവിശേഷതകളിൽ നിന്ന് രക്ഷനേടാനുള്ള വഴികൾ തേടാനും കാരണമാകാം. അനുകൂലമനോഭാവം ഭാഷാസംരക്ഷണത്തേയും പ്രതികൂലഭാവം ഭാഷ–ആദേശത്തെയും സഹാ യിക്കും.

പട്ടിക 82

| | ഗാനാലാപനം | ഗൃഹഭാഷ | നാട്ട് | കുട്ടികളോട് കഥ പറയുന്നത് | മതഗ്രന്ഥങ്ങൾ | മന്ത്രോച്ചാരണം | ലൗകികാവശ്യസാമുദായികാരാധനാലയങ്ങളിൽ ഉപയോഗിക്കുന്ന | വിവാഹ ക്ഷണക്കത്ത് | തമിഴരോട് | മലയാളികളോട് | മലയാളവും തമിഴും അറിയുന്നവരോട് | ഭാഷാമിശ്രണം | പത്രങ്ങളും ആനുകാലികങ്ങളും | റേഡിയോ | ദൂരദർശൻ | സിനിമ | ആകെ | ശരാശരി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **കീഴ്വർഗ്ഗം** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തമിഴ് | – | 23 | 38 | 15 | 23 | 15 | – | – | 85 | – | 8 | – | – | – | – | – | 207 | 12.94 |
| മലയാളം, തമിഴ് | 100 | 69 | 15 | 15 | – | – | 100 | 62 | – | – | 68 | 100 | 23 | 62 | 100 | 86 | 800 | 50.00 |
| മലയാളം | – | 8 | 47 | 70 | – | – | – | 38 | 15 | 100 | 24 | – | 77 | – | – | 14 | 393 | 24.56 |
| **മധ്യവർഗ്ഗം** | | | | | | | | | | | | | | | | | | |
| തമിഴ് | – | 24 | 20 | 21 | 7 | 20 | – | 7 | 69 | – | 17 | – | 3 | – | – | – | 188 | 11.75 |
| മലയാളം, തമിഴ് | 87 | 34 | 14 | 14 | 11 | 17 | 76 | 35 | – | – | 45 | 69 | 21 | 49 | 89 | 76 | 637 | 39.81 |
| മലയാളം | 10 | 42 | 66 | 65 | 48 | 11 | 24 | 58 | 31 | 100 | 38 | 28 | 73 | 10 | 7 | 17 | 628 | 39.25 |
| **ഉന്നതവർഗ്ഗം** | | | | | | | | | | | | | | | | | | |
| തമിഴ് | – | – | – | – | – | – | – | – | 50 | – | 25 | – | – | – | – | – | 75 | 4.69 |
| മലയാളം, തമിഴ് | 88 | 12.5 | – | – | – | 37 | 12 | – | – | – | – | 50 | – | 12 | 100 | 87 | 398.5 | 24.91 |
| മലയാളം | 12 | 87.5 | 100 | 100 | 100 | – | 88 | 100 | 50 | 100 | 75 | 50 | 100 | 50 | – | 13 | 1025.5 | 64.09 |

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള എല്ലാവരും മലയാളത്തിലും തമിഴിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. മധ്യവർഗ്ഗത്തിലുള്ളവരിൽ 87% തമിഴ്– മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 10% മലയാള ഗാനങ്ങൾ ആസ്വദിക്കു ന്നവരും തമിഴ് ഗാനങ്ങൾ ആസ്വദിക്കാത്തവരുമാണ്. മധ്യവർഗ്ഗത്തിലെ 3% പേർ ഗാനാസ്വാദനശീലമില്ലാത്തവരാണ്. സാമ്പത്തിക ഉന്നതവർഗ്ഗത്തിലുള്ള 88% പേർ തമിഴ്മലയാള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 12% പേർ മലയാളഗാനങ്ങൾ ആസ്വദിക്കുന്നവരാണെങ്കിലും തമിഴ് ഗാനങ്ങൾ ആസ്വദിക്കുന്നവരല്ല.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 23% പേർ വീട്ടുകാരോട് തമിഴിലാണ് സംസാരിക്കാറ്. 69% പേർ മലയാളത്തിലും തമിഴിലും സംസാരിക്കുന്നവരാണ്. 8% പേർ മലയാളത്തിലാണ് വീട്ടുകാരോട് സംസാരിക്കാറ്. സാമ്പത്തിക മധ്യ വർഗ്ഗത്തിൽപ്പെട്ട 24% പേർ വീട്ടുകാരോട് തമിഴിൽ സംസാരിക്കുന്നു. 34% പേർ തമിഴിലും മലയാളത്തിലും സംസാരിക്കുന്നു. 42% പേർ മലയാളത്തിലാണ് സംസാരിക്കാറ്. ഉന്നതവർഗ്ഗത്തിൽ ഉള്ള 12.5% പേർ വീട്ടുകാരോട് തമിഴിലും മലയാളത്തിലും സംസാരിക്കുന്നവരും 87.5% പേർ മലയാളത്തിൽ മാത്രം സംസാരിക്കുന്നവരുമാണ്.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 38% പേരുടെ വീടുകളിൽ കുട്ടികളെ പ ാടിയുറക്കാൻ തമിഴ് താരാട്ടുപാട്ടുകളാണ് പാടുക പതിവ്. 15% പേരുടെ വീടു കളിൽ തമിഴിലും മലയാളത്തിലുമുള്ള താരാട്ടുപാട്ടുകൾ പാടുന്നു. 47% പേരുടെ വീടുകളിൽ മലയാളത്തിലുള്ള താരാട്ടുപാട്ടുകളാണ് പാടാറ്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ളവരിൽ 20% പേരുടെ വീടുകളിൽ തമിഴിലും 14% പേരുടേതിൽ തമിഴിലും മലയാളത്തിലും 66% പേരുടേതിൽ മലയാളത്തിലുമുള്ള താരാട്ടുപാട്ടു കളാണ് പാടാറ്. സമ്പന്നവിഭാഗത്തിലുള്ള എല്ലാവരുടേയും വീടുകളിൽ മലയാളത്തിലുള്ള താരാട്ടുപാട്ടുകളാണ് പാടുക പതിവ്.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 15% പേരുടെ വീടുകളിൽ കുട്ടികൾക്ക് തമിഴ് കഥകളാണ് പറഞ്ഞുകൊടുക്കാറ്. വേറൊരു 15% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കാറുണ്ട്. 70% പേരുടെ വീടുകളിൽ മലയാളത്തിലുള്ള കഥകളാണ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറ്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 21% പേരുടെ വീടുകളിൽ തമിഴിലുള്ള കഥകളാണ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറ്. 14% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലുമുള്ള കഥകൾ പറഞ്ഞുകൊടുക്കുന്നു. 65% പേരുടേതിൽ മലയാളത്തിലുള്ള കഥകളാണ് പറഞ്ഞുകൊടുക്കാറ്. സമ്പന്നരായ എല്ലാവരുടെയും വീടുകളിൽ മലയാളത്തിലുള്ള കഥകളാണ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാറ്.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 23% പേരുടെ വീടുകളിൽ മാത്രമേ മതഗ്രന്ഥങ്ങളുള്ളു. അവ മുഴുവനും തമിഴിലുള്ളവയാണ്. മധ്യവർഗ്ഗത്തിലുള്ള 7% പേരുടെ വീടുകളിൽ തമിഴ് മതഗ്രന്ഥങ്ങളാണുള്ളത്. 11% പേരുടേതിൽ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങളുണ്ട്. 48% പേരുടെ വീടുകളിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങളാണുള്ളത്. മധ്യവർഗ്ഗത്തിലുള്ള 34% പേരുടെ വീടുകളിൽ മതഗ്രന്ഥങ്ങൾ ഇല്ല. സമ്പന്നരിൽ എല്ലാവരുടെയും വീടുകളിൽ മലയാളത്തിലുള്ള മതഗ്രന്ഥങ്ങളുണ്ട്.

സാമ്പത്തിക പിന്നോക്കക്കാരിൽ 15% പേർ സാമുദായികാരാധനാലയങ്ങളിലെ പ്രാർത്ഥനയ്ക്കും മന്ത്രോച്ചാരണത്തിനും തമിഴ് ഉപയോഗിക്കുന്നു. ശേഷിച്ച 85% പേരുടെ സ്ഥിതി ഇക്കാര്യത്തിൽ അവ്യക്തമാണ്. മധ്യവർഗ്ഗത്തിലെ 20% പേർ തദവസരത്തിൽ തമിഴും 17% പേർ തമിഴും മലയാളവും 11% മലയാളവും ഉപയോഗിക്കുന്നു. ഉന്നത വർഗ്ഗത്തിലുള്ള 37% പേരുടെ അവസ്ഥ മാത്രമേ ഇക്കാര്യത്തിൽ കണ്ടെത്താനായുള്ളു. അവരെല്ലാവരും തദവസരത്തിൽ തമിഴും മലയാളവും ഉപയോഗിക്കുന്നവരാണ്.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള നൂറുശതമാനം പേരും സാമുദായികാരാധനാലയങ്ങളിൽ കുമുട്ടുന്നവരോട് ലൗകികവിഷയങ്ങൾ സംസാരിക്കാൻ തമിഴും മലയാളവും ഉപയോഗിക്കുന്നവരാണ്. മധ്യവർഗ്ഗത്തിലെ 76% പേരാണ് തദവസരത്തിൽ തമിഴും മലയാളവും ഉപയോഗിക്കുന്നത് ബാക്കി 24% പേർ മലയാളം മാത്രം ഉപയോഗിക്കുന്നവരാണ്. ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ 12% പേർ തമിഴും മലയാളവും ഉപയോഗിക്കുന്നു. 88% പേർ മലയാളമാണ് ഉപയോഗിക്കുന്നത്.

സാമ്പത്തിക പിന്നോക്കക്കാരിൽ 62% പേരുടെ വീടുകളിൽ വിവാഹത്തിന് തമിഴിലും മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കുന്നു. 38% പേരുടേതിൽ മലയാളം ഉപയോഗിക്കാറുണ്ടെങ്കിലും തമിഴ് ഉപയോഗിക്കാറില്ല. മധ്യവർഗ്ഗത്തിലുള്ള 7% പേരുടെ വീടുകളിൽ തമിഴിലും 35% പേരുടേതിൽ തമിഴ്മലയാളങ്ങളിലും 58% പേരുടേതിൽ മലയാളത്തിലും ക്ഷണക്കത്ത് തയ്യാറാക്കുന്നു. സമ്പന്നരിൽ എല്ലാവരുടെയും വീടുകളിൽ മലയാളത്തിലാണ് ക്ഷണക്കത്ത് തയ്യാറാക്കാറ്. ഇവരിലാരുടെ വീട്ടിലും തമിഴിൽ ക്ഷണക്കത്ത് തയ്യാറാക്കാറില്ല.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 85% പേർ തമിഴരോട് തമിഴിൽ സംസാരിക്കുന്നു. 15% പേർ തമിഴരോടാണെങ്കിലും മലയാളത്തിൽത്തന്നെ സംസാരിക്കുന്നവരാണ്. മധ്യവർഗ്ഗത്തിലുള്ള 69% പേർ തമിഴരോട് തമിഴിൽ സംസാരിക്കുന്നവരാണ്; 31% പേർ മലയാളത്തിലാണ് സംസാരിക്കാറ്. ഉന്നതരിൽ 50% പേർ തമിഴിലും ബാക്കി 50% പേർ മലയാളത്തിലുമാണ് തമിഴരോട് സംസാരിക്കാറ്.

എല്ലാ സാമ്പത്തികസ്ഥിതിയിലുംപെട്ട എല്ലാവരും മലയാളികളോട് സംസാരിക്കാൻ മലയാളം തന്നെ തെരഞ്ഞെടുക്കുന്നവരാണ്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ 8% പേർ മലയാളവും തമിഴും അറിയുന്നവരോട് തമിഴിലാണ് സംസാരിക്കാറ്. 68% പേർ മലയാളവും

തമിഴും സാഹചര്യാനുസൃതം ഉപയോഗിക്കുന്നവരാണ്. 24% പേർ മലയാളമാണ് തദവസരത്തിൽ ഉപയോഗിക്കാറ്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 17% പേർ മലയാളവും തമിഴും അറിയുന്നവരോട് തമിഴിൽ സംസാരിക്കുന്നവരാണ്. 45% പേർ തമിഴിലും മലയാളത്തിലും സംസാരിക്കും. 38% പേർ മലയാളത്തിൽത്തന്നെ സംസാരിക്കുന്നു. സാമ്പത്തികമായി ഉന്നതിയിലുള്ളവരിൽ 25% പേർ മലയാളവും തമിഴും അറിയുന്നവരോട് തമിഴിൽ സംസാരിക്കുന്നു. ബാക്കി 75% പേർ തദവസരത്തിൽ മലയാളം തന്നെ ഉപയോഗിക്കുന്നവരാണ്.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള എല്ലാവരും വിവിധ ഭാഷാമേഖലകളിൽ തമിഴും മലയാളവും ഇടകലർത്തി സംസാരിക്കുന്നവരാണ്. മധ്യവർഗ്ഗത്തിലുള്ള 69% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. 28% പേർ മലയാളവുമായി ഇതരഭാഷകൾ ഇടകലർത്തി സംസാരിക്കുന്നവരാണെങ്കിലും തമിഴ് ഇടകലർത്തി സംസാരിക്കുന്നവരല്ല. മധ്യവർഗ്ഗത്തിൽ 3% പേർ ഭാഷാ മിശ്രണം ചെയ്യാറില്ല. സമ്പന്നരിൽ 50% തമിഴ്മലയാള മിശ്രണം ചെയ്യുന്നവരാണ്. ബാക്കി 50% മലയാളവും ഇതരഭാഷകളും ഇടകലർത്താറുണ്ടെങ്കിലും തമിഴുമായി ഇടകലർത്തി സംസാരിക്കാത്തവരാണ്.

സാമ്പത്തികമായി താഴേത്തട്ടിൽ നിൽക്കുന്നവരിൽ 23% പേര് തമിഴ്മല യാള പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവരാണ്. ബാക്കി 77% മലയാള ത്തിലുള്ളവ വായിക്കുന്നവരാണെങ്കിലും തമിഴിലുള്ളവ വായിക്കുന്നവരല്ല. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 3% പേർ തമിഴ് പത്രങ്ങളും ഇതര ആനുകാ ലികങ്ങളും മാത്രം വായിക്കുന്നവരാണ്. 21% പേർ തമിഴ്മലയാള പത്രങ്ങളും ഇതര ആനുകാലികങ്ങളും വായിക്കാറ്. 73% പേർ മലയാളത്തിലുള്ളവ വായിക്കാറുണ്ടെങ്കിലും തമിഴിലുള്ളവ വായിക്കാറില്ല. മധ്യവർഗ്ഗത്തിലുള്ള 3% പേർ പത്രങ്ങളും ആനുകാലികങ്ങളും സ്ഥിരമായി വായിക്കുന്നവരല്ല. സാമ്പ ത്തിക ഉന്നതവർഗ്ഗത്തിൽപ്പെട്ട എല്ലാവരും മലയാളപത്രങ്ങളും ആനുകാലിക

ങ്ങളും വായിക്കുന്നവരാണ്. അക്കൂട്ടത്തിൽ ആരും തമിഴ് പത്രങ്ങളോ ആനുകാലികങ്ങളോ വായിക്കുന്നവരല്ല.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 62% ആണ് റേഡിയോ ശ്രോതാക്കൾ. അവരെല്ലാം മലയാളത്തിലും തമിഴിലും ഉള്ള പരിപാടികൾ കേൾക്കുന്നവരാണ്. മധ്യവർഗ്ഗത്തിൽ 59% പേരാണ് റേഡിയോ ശ്രോതാക്കൾ. 49% പേർ തമിഴ്മലയാള പരിപാടികൾ കേൾക്കുന്നവരാണ്. 10% മലയാള പരിപാടികൾ കേൾക്കുന്ന വരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല. സാമ്പത്തിക ഉന്നതവർഗ്ഗ ത്തിലുള്ള 12% പേർ തമിഴിലും മലയാളത്തിലുമുള്ള റേഡിയോ പരിപാടികൾ കേൾക്കുന്നവരാണ്. 50% പേർ മലയാളപരിപാടികൾ കേൾക്കുന്നവരാണെങ്കിലും തമിഴ് പരിപാടികൾ കേൾക്കുന്നവരല്ല.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 100% പേരും തിമിഴിലും മലയാളത്തിലു മുള്ള ദൂരദർശൻ പരിപാടികൾ കാണുന്നവരാണ്. മധ്യവർഗ്ഗത്തിലുള്ള 89% പേർ തമിഴ്മലയാള പരിപാടികൾ കാണുന്നവരാണ്. 7% പേർ മലയാള പരിപാടികൾ കാണുന്നവരും തമിഴ് പരിപാടികൾ കാണാത്തവരുമാണ്. 4% പേർ ദൂരദർശൻ പ്രേക്ഷകരല്ല. ഉന്നതവർഗ്ഗത്തിലുള്ള എല്ലാവരും തമിഴ്മലയാള പരിപാടികൾ കാണുന്നവരാണ്.

സാമ്പത്തിക പിന്നോക്കക്കാരിൽ 86% തമിഴ്മലയാള സിനിമകൾ കാണുന്ന വരാണ്. 14% പേർ മലയാള സിനിമകൾ കാണുന്നവരും തമിഴ് സിനിമകൾ കാണാത്തവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 76% പേർ തമിഴ്മലയാള സിനിമകൾ കാണുന്നവരാണ്. 17% പേർ മലയാള സിനിമകൾ കാണുന്നവരും തമിഴ് സിനിമകൾ കാണാത്തവരുമാണ്. 7% പേർ സിനിമ കാണുന്ന ശീലം ഇല്ലാത്തവരാണ്. ഉന്നത സാമ്പത്തികസ്ഥിതിയിലുള്ളവരിൽ 87% പേർ തമിഴ്മല യാള സിനിമകൾ കാണുന്നവരാണ്. 13% പേർ മലയാളസിനിമകൾ കാണുന്ന വരും തമിഴ് സിനിമ കാണാത്തവരുമാണ്.

ഭാഗം 5.2

# ഭാഷാമനോഭാവം

## 5.2.1. ആമുഖം

ഭാഷാമനോഭാവമാണ് ഭാഷാവസ്ഥകളെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാന ഘടകം. ഭൗതിക ഭാഷാപശ്ചാത്തലം പ്രതികൂലമായാൽക്കൂടി മനോഭാവം അനുകൂലമായാൽ അത് സംരക്ഷണത്തിന് മറ്റെന്തിനേക്കാളും സഹായകമായിരിക്കും. മറിച്ച് സാമൂഹിക സാഹചര്യം എത്ര അനുകൂലമാണെങ്കിലും മനോഭാവം പ്രതികൂലമാണെങ്കിൽ ഭാഷ–ആദേശത്തിനാകും മുൻതൂക്കം. അതിൽ ഭാഷാവസ്ഥയെക്കുറിച്ചുള്ള പഠനത്തിൽ, സ്വാധീനിക്കുന്ന ഘടകങ്ങൾ എന്ന നിലയ്ക്ക് ഭാഷാമനോഭാവം പ്രഥമപ്രധാനമാണ്.

മനോഭാവത്തെ രൂപപ്പെടുത്തുന്നത് സാമൂഹികസാഹചര്യമാണ്. സമ്പർക്ക സമൂഹത്തിന് ഭാഷാസമൂഹത്തോടുള്ള മനോഭാവമാണ് പ്രസ്തുത സാമൂഹിക സാഹചര്യത്തിൽ പ്രധാനം. മാധ്യമ–സാമ്പത്തിക–ഇതര ഭൗതിക സാഹചര്യങ്ങൾക്കുള്ളതിനേക്കാൾ പ്രധാനമാണത്. സമ്പർക്ക സമൂഹത്തിന്റെ സ്നേഹാദരങ്ങൾക്ക് സ്വത്വം കാരണമാകുന്നുവെങ്കിൽ മനോഭാവം അനുകൂലമാകും. മറിച്ച് തങ്ങളുടെ സ്വത്വം സമ്പർക്ക സമൂഹത്തിന്റെ അവജ്ഞയ്ക്കും അവഗണനയ്ക്കുമാണ് വഴിവെക്കുന്നതെങ്കിൽ മനോഭാവം പ്രതികൂലമാവുകയും അത് സ്വത്വനഷ്ടത്തിന്റെ ആക്കം കൂട്ടുകയും ചെയ്യും. ഒരേ ഭാഷകസമൂഹത്തിലെ ഉപവിഭാഗങ്ങൾക്ക് സമ്പർക്കസമൂഹത്തിനിടയ്ക്കുള്ള മാന്യതയുടെ ഏറ്റക്കുറച്ചിലനുസരിച്ച് ഭാഷാമനോഭാവം മാറുന്നതായും ആ മാറ്റം ഭാഷാസംരക്ഷണത്തിലും ഏറ്റക്കുറച്ചിലുകൾക്ക് കാരണമാകുന്നതായും പഠനങ്ങൾ തെളിയിച്ചിട്ടു് (Bayer, 1986: 78). കോഴിക്കോട്ടെ തമിഴ് ബ്രാഹ്മണരെക്കുറിച്ചു നടന്ന ഒരു പഠനത്തിൽ,

സമ്പർക്കസമൂഹത്തിനിടയ്ക്ക്, അഭിമാനകരമായ ജാതിസ്വത്വം നിലനിർത്താനായി നിത്യസംഭാഷണത്തിൽ തമിഴ് സംരക്ഷിക്കുന്നതായും ഇതരസാഹചര്യങ്ങളിൽ അതിനു ശ്രമിക്കാത്തതായും കത്തെിയിട്ടു് (മാർക്കോസ്, 1992: 90–91). സമ്പർക്കസമൂഹത്തിന് ഭാഷകസമൂഹത്തോടുള്ള മനോഭാവമാകട്ടെ, ഭാഷക സമൂഹത്തിന്റെ ജാതി, സാമ്പത്തികനിലവാരം, വിദ്യാഭ്യാസനിലവാരം മുതലായ അനവധി ഭൗതികസാഹചര്യങ്ങളുടെ നിർമ്മിതിയുമായിരിക്കും. അതായത്, ഭാഷ കസമൂഹത്തിന്റെ ഭൗതികസാഹചര്യങ്ങളിൽനിന്ന് സമ്പർക്ക സമൂഹം രൂപ പ്പെടുത്തിയെടുക്കുന്ന ഭാഷകസമൂഹത്തോടുള്ള മനോഭാവത്തിന്റെ പ്രതിഫലനം അഥവാ പ്രതികരണം ആണ് ഭാഷകസമൂഹത്തിന്റെ ഭാഷാമനോഭാവം. അതായത് ഭാഷകസമൂഹത്തിന്റെ അവസ്ഥകളിൽനിന്ന് പൊതുസമൂഹം രൂപപ്പെടുത്തുന്ന മനോഭാവം ഭാഷകസമൂഹത്തിന്റെ ഭാഷാമനോഭാവത്തെ രൂപപ്പെടുത്തുന്നു. അങ്ങനെ, പ്രസ്തുത ഘടകങ്ങളും പ്രതിഭാസവും അന്യോന്യാശ്രിതങ്ങളും പ രസ്പര ജന്യജനകബന്ധത്തോടെ വർത്തിക്കുന്നതുമാണ്.

ചോദ്യാവലിയിലെ 20 ചോദ്യങ്ങളും, 6, 7 എന്നീ അക്ക പരികല്പനകളും, 3, 4 എന്നീ അക്ക പഠനലക്ഷ്യങ്ങളും ഭാഷാമനോഭാവവുമായി ബന്ധപ്പെട്ടിരി ക്കുന്നു. എ. 18, 19, 21, 22, 23, 24, ബി. 14–23, 28–31 ചോദ്യങ്ങളാണ് ഭാഷാമനോഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നത്. ഇതിൽ എ. 18, 19, 21, 22, 23, 24, ബി. 14, 15, 16, 18, 19, 20, 21, 22, 23 എന്നിവ ഭാഷാമനോഭാവത്തിനു പുറമെ വ്യത്യസ്ത ഭാഷാമേഖലകളിലെ സംരക്ഷണവും ആദേശവുമായും കൂടി ബന്ധമുള്ള ബഹുതലസ്പർശിയായ ചോദ്യങ്ങളാണ്. ബി. 17, 28, 29, 30, 31 നമ്പർ ചോദ്യങ്ങളാണ് ഭാഷാമനോഭാവവുമായി മാത്രം ബന്ധമുള്ളത്. ബി. 28–ാം ചോദ്യം ഭാഷാപരമായ അറിവുമായിക്കൂടി ബന്ധപ്പെടുന്നുങ്കെിലും മനോഭാവ വുമായി ബന്ധപ്പെട്ട വസ്തുത മാത്രമാണ് പഠനവിധേയമാക്കുന്നത്.

'തമിഴിനെ ക്ലാസിക് ഭാഷയായി അംഗീകരിച്ചതായി അറിയുമോ? അറിയുമെങ്കിൽ അതേക്കുറിച്ച് അഭിപ്രായമെന്ത്?' എന്ന ചോദ്യത്തിന് (ബി 30) ആരും തൃപ്തികരമാംവിധം പ്രതികരിച്ചില്ല. ആർക്കും അതേക്കുറിച്ച് അറിവില്ല എന്നാണ് ദത്തസംഭരണത്തിൽ ബോധ്യപ്പെട്ടത്. അതിനാൽ പ്രസ്തുത ചരം ഇവിടെ സ്വീകരിക്കുന്നില്ല.

## 5.2.2. പ്രത്യക്ഷ ഭാഷാമനോഭാവ വിശകലനം

### 5.2.2.1. തമിഴരോടുള്ള സംസാരത്തിൽ പ്രകടിപ്പിക്കുന്ന ഭാഷാമനോഭാവം

ഭാഷാമനോഭാവവുമായി മാത്രം ബന്ധപ്പെട്ട ഏകോദ്ദേശ്യചോദ്യങ്ങളിൽ ആദ്യം പരിഗണിക്കേത്, തമിഴരോട് ഏതു ഭാഷയിൽ സംസാരിക്കാനാണ് ആവേദകൻ ഇഷ്ടപ്പെടുന്നത് എന്നതാണ് (ബി. 29). മൂന്ന് ഇനം ഉത്തരങ്ങളാണ് ആവേദകരിൽനിന്ന് ലഭിച്ചത്: (1) തമിഴ്, (2) തമിഴും മലയാളവും, (3) മലയാളം. ഇത് യഥാക്രമം (1) അനുകൂലം, (2) നിസ്സംഗം, (3) പ്രതികൂലം എന്നീ മനോഭാവങ്ങളായി പരിഗണിക്കാം.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 83

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 64 | 100 | 76 | 56 |
| തമിഴ്, മലയാളം | | | 8 | 6 |
| മലയാളം | | | 52 | 38 |

നൂറുവർഷത്തിനിപ്പുറം കുടിയേറിയ എല്ലാ ആവേദകരും തമിഴരോട് തമിഴിൽ സംസാരിക്കാൻ താല്പര്യം പ്രകടിപ്പിച്ചു. നൂറുവർഷത്തിനു മുമ്പ് കുടി യേറിയവരിൽ 56% പേർ തമിഴും 38% പേർ മലയാളവും തെരഞ്ഞെടുത്തപ്പോൾ 6% പേർ നിസ്സംഗത പ്രകടിപ്പിച്ചു.

## (2) അധിവാസരീതി

പട്ടിക 84

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 88 | 79 | 52 | 59 |
| തമിഴ്, മലയാളം | 8 | 7 | | |
| മലയാളം | 16 | 14 | 36 | 41 |

കൂട്ടമായി താമസിക്കുന്നവരിൽ 79% പേർ തമിഴും 14% പേർ മലയാളവും തെരഞ്ഞെടുത്തപ്പോൾ 7% പേർ നിസ്സംഗത പാലിച്ചു. ഒറ്റതിരിഞ്ഞു താമ സിക്കുന്നവരിൽ 59% പേർ തമിഴിലും 41% പേർ മലയാളത്തിലും താല്പര്യം കാണിച്ചു. ഒറ്റയ്ക്കു താമസിക്കുന്ന ആരുംതന്നെ നിസ്സംഗത പ്രകടിപ്പിച്ചില്ല.

## (3) ലിംഗഭേദം

പട്ടിക 85

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 80 | 80 | 60 | 60 |
| തമിഴ്, മലയാളം | 4 | 4 | 4 | 4 |
| മലയാളം | 16 | 16 | 36 | 36 |

പുരുഷന്മാരിൽ 80% തമിഴിലും 16% മലയാളത്തിലും താല്പര്യം പ്രകടിപ്പിച്ചു. 4% പേർ നിസ്സംഗരാണ്. പെൺ ആവേദകരുടെ 60% പേരും തമിഴിൽ താല്പര്യം കാണിച്ചപ്പോൾ 36% പേർ മലയാളത്തിലാണ് താല്പര്യം കാണിച്ചത്. 4% പേർ നിസ്സംഗത കാണിച്ചു.

## (4) പ്രായഭേദം

പട്ടിക 86

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 40 | 53 | 68 | 81 | 32 | 80 |
| തമിഴ്, മലയാളം | 4 | 5 | 4 | 5 | | |
| മലയാളം | 32 | 42 | 12 | 14 | 8 | 20 |

ചെറുപ്പക്കാരിൽ 53% പേർ തമിഴും 42% പേർ മലയാളവും തെരഞ്ഞെടുത്തു. 5% പേർ നിസ്സംഗരാണ്. മധ്യവയസ്കരിൽ 81% പേരും തമിഴിൽ താല്പര്യം കാണിച്ചപ്പോൾ 14% പേർ മലയാളത്തിൽ താല്പര്യം കാണിച്ചു. 5% പേർ നിസ്സംഗത പ്രകടിപ്പിച്ചു. 60–ന് മുകളിൽ പ്രായമുള്ളവരിൽ 80% തമിഴിലും 20% മലയാളത്തിലും താല്പര്യം കാണിച്ചു. നിസ്സംഗരായി ആരുമില്ല.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 87

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 60 | 56 | 80 | 87 |
| തമിഴ്, മലയാളം | | | 8 | 9 |

| | | | | |
|---|---|---|---|---|
| മലയാളം | 48 | 44 | 4 | 4 |

അഭ്യസ്തവിദ്യരിൽ 56% പേർ തമിഴും 44% പേർ മലയാളവും തെരഞ്ഞെടുത്തു. ആരും നിസ്സംഗരായി നിന്നില്ല.

അനഭ്യസ്തവിദ്യരിൽ 87% പേർ തമിഴും 4% പേർ മലയാളവും തെരഞ്ഞെടുത്തു. 9% പേർ നിസ്സംഗത അറിയിച്ചു.

## (6) സാമ്പത്തികനില

പട്ടിക 88

| ഭാഷ | കീഴ്വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 40 | 77 | 80 | 69 | 20 | 63 |
| തമിഴ്, മലയാളം | 8 | 15 | | | | |
| മലയാളം | 4 | 8 | 36 | 31 | 12 | 37 |

താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിൽ 77% പേർ തമിഴും 8% പേർ മലയാളവും താല്പര്യമാണെന്നറിയിച്ചപ്പോൾ 15% പേർ രുഭാഷയിലും ഒരേ താല്പര്യമാണെന്നാണ് പറഞ്ഞത്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 69% പേർ തമിഴിലും 31% പേർ മലയാളത്തിലും താല്പര്യം കാണിച്ചു; ആരും നിസ്സംഗത പ്രകടിപ്പിച്ചില്ല. സമ്പന്നരിൽ 63% തമിഴിലും 37% മലയാളത്തിലും താല്പര്യം പ്രകടിപ്പിച്ചു; നിസ്സംഗരായി ആരും ഇല്ല.

### 5.2.2.2. തമിഴ് സ്കൂളിന്റെ ആവശ്യകതയെക്കുറിച്ചുള്ള അഭിപ്രായപ്രകടനത്തിലെ ഭാഷാമനോഭാവം

ആവേദകരുടെ പ്രദേശത്ത് ഒരു തമിഴ് സ്കൂൾ തുടങ്ങുന്നതിനെക്കുറിച്ച് അഭിപ്രായം എന്താണ് എന്നതാണ് ഭാഷാമനോഭാവമെന്തെന്നറിയാനായി ചോദിച്ച മറ്റൊരു ഏകോദ്ദേശ്യചോദ്യം. (ബി. 31)

## (1) അധിവാസകാലദൈർഘ്യം

പട്ടിക 89

| അഭിപ്രായം | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അനുകൂലം | 28 | 44 | 12 | 9 |
| പ്രതികൂലം | 36 | 56 | 124 | 91 |

നൂറുവർഷത്തിനകം കുടിയേറിയവരിൽ 44% പേർ അനുകൂലമായും 56% പേർ പ്രതികൂലമായും പ്രതികരിച്ചു. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 9% പേർ അനുകൂലമായും 91% പേർ പ്രതികൂലമായും പ്രതികരിച്ചു.

## (2) അധിവാസരീതി

പട്ടിക 90

| അഭിപ്രായം | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അനുകൂലം | 24 | 21 | 16 | 18 |
| പ്രതികൂലം | 88 | 79 | 72 | 82 |

കൂട്ടമായി താമസിക്കുന്നവരിൽ 21% പേർ അനുകൂലമായും 79% പേർ പ്രതികൂലമായും പ്രതികരിച്ചു. ഒറ്റതിരിഞ്ഞു താമസിക്കുന്ന ആവേദകരിൽ 18% പേർ അനുകൂലമായും 82% പേർ പ്രതികൂലമായും പ്രതികരിച്ചു.

### (3) ലിംഗഭേദം

പട്ടിക 91

| അഭിപ്രായം | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അനുകൂലം | 24 | 24 | 16 | 16 |
| പ്രതികൂലം | 76 | 76 | 84 | 84 |

ആൺ ആവേദകരിൽ 24% പേർ അനുകൂലമായും 76% പേർ പ്രതികൂലമായുമാണ് പ്രതികരിച്ചത്. സ്ത്രീകളിൽ 16% അനുകൂലവും 84% പ്രതികൂലവുമാണ്.

### (4) പ്രായഭേദം

പട്ടിക 92

| അഭിപ്രായം | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| അനുകൂലം | 16 | 21 | 8 | 10 | 16 | 40 |
| പ്രതികൂലം | 60 | 79 | 76 | 90 | 24 | 60 |

ചെറുപ്പക്കാരിൽ 21% പേർ അനുകൂലമായും 79% പേർ പ്രതികൂലമായും അഭിപ്രായം പറഞ്ഞപ്പോൾ മധ്യവയസ്കരിൽ 10% പേർ അനുകൂലാഭിപ്രായവും 90% പേർ പ്രതികൂലാഭിപ്രായവും വ്യക്തമാക്കി. 60–നു മേൽ പ്രായമുള്ളവരിൽ 40% പേർ അനുകൂലമായും 60% പേർ പ്രതികൂലമായുമാണ് പ്രതികരിച്ചത്.

### (5) വിദ്യാഭ്യാസനിലവാരം

പട്ടിക 93

| അഭിപ്രായം | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അനുകൂലം | 12 | 11 | 28 | 30 |
| പ്രതികൂലം | 96 | 89 | 64 | 70 |

അഭ്യസ്തവിദ്യരിൽ 11% പേർ അനുകൂലമായും 89% പേർ പ്രതികൂലമായും പ്രതികരിച്ചു. അനഭ്യസ്തവിദ്യരിൽ 30% പേർ അനുകൂലാഭിപ്രായവും 70% പേർ പ്രതികൂലാഭിപ്രായവും പ്രകടിപ്പിച്ചു.

### (6) സാമ്പത്തികനില

പട്ടിക 94

| അഭിപ്രായം | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| അനുകൂലം | 4 | 8 | 36 | 31 | | |
| പ്രതികൂലം | 48 | 92 | 80 | 69 | 32 | 100 |

സാമ്പത്തികമായി പിന്നിൽനിൽക്കുന്നവരിൽ 8% പേർ അനുകൂലമായും 92% പേർ പ്രതികൂലമായും പ്രതികരിച്ചു. മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 31% പേർ അനുകൂലമായും 69% പേർ പ്രതികൂലമായും പ്രതികരിച്ചു. ഉന്നത സാമ്പത്തിക നിലയിലുള്ളവരിൽ എല്ലാവരും (100%) പ്രതികൂലമായാണ് പ്രതികരിച്ചത്.

### 5.2.2.3. മലയാളമറിയാവുന്ന തമിഴരോടുള്ള സംസാരം

മലയാളം അറിയുന്ന തമിഴൻ എന്നാൽ തമിഴും മലയാളവും അറിയുന്ന ഒരു വ്യക്തി എന്നല്ല, ഇരുഭാഷകളും അറിയുമെങ്കിലും തമിഴ് സ്വത്വം

നിലനിർത്തുന്ന ആൾ എന്നാണർത്ഥം. അവരോട് സംസാരിക്കുന്ന സാഹചര്യം, ഇരു ഭാഷകളും പ്രയോഗിക്കാൻ ഉതകുന്നതാണെങ്കിലും മാതൃഭാഷയോട് തീവ്രാഭിനിവേശം പുലർത്തുന്ന ഒരു സമൂഹമാണ് തമിഴരുടേത് എന്നതുകൊ്, തമിഴരുടെ അനുകൂലമനോഭാവം നേടിയെടുക്കാൻ തമിഴിലുള്ള ഭാഷണം മലയാളഭാഷണത്തേക്കാൾ വളരെ സഹായകമാകും. അതിനുപുറമെ, തമിഴ് ഭാഷയോട് ആഭിമുഖ്യമുള്ളവർക്ക് അത് പ്രകടിപ്പിക്കാൻ അനുയോജ്യമായ അവസരം കൂടിയാണ് ഭാഷാതെരഞ്ഞെടുപ്പിന് ഇടനൽകുന്ന ഈ സാഹചര്യം.

മലയാളം അറിയുന്ന തമിഴനോട് ഏതുഭാഷകളിൽ സംസാരിക്കും എന്ന ചോദ്യം (ബി. 17) ഭാഷാമനോഭാവം വ്യക്തമാക്കാനുദ്ദേശിച്ചുള്ള ഏകോദ്ദേശ ചോദ്യമാണ്. രു ഭാഷയുമറിയുന്ന വ്യക്തിയോട് രിൽ ഏതും ഉപയോ ഗിക്കാം എന്നതിനാൽ തദവസരത്തിൽ ആവേദകൻ തെരഞ്ഞെടുക്കുന്ന ഭാഷ തീർച്ചയായും അയാളുടെ ഭാഷാമനോഭാവത്തിന് നിദർശനമാണ്.

മൂന്നുതരം ഉത്തരങ്ങളാണ് പ്രസ്തുത ചോദ്യത്തിന് ആവേദകർ തന്നത്: (1) തമിഴ്, (2) മലയാളവും തമിഴും അഥവാ ഇങ്ങോട്ട് സംസാരിക്കുന്ന ഭാഷ ഏതോ അത്, (3) മലയാളം. ഇത് യഥാക്രമം ഭാഷാസംരക്ഷണം, ഉദാസീനം, ഭാഷ-ആദേശം എന്നിവയ്ക്ക് അനുകൂലമായ മനോഭാവമായി അഥവാ ഭാഷാ സംരക്ഷണത്തോട് അനുകൂലം, ഉദാസീനം, പ്രതികൂലം എന്നീ മനോഭാവമായി പരിഗണിക്കണം.

### (1) അധിവാസകാലദൈർഘ്യം

പട്ടിക 95

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 12 | 19 | 20 | 15 |
| മലയാളം, തമിഴ് | 40 | 62 | 48 | 35 |

| | | | | |
|---|---|---|---|---|
| മലയാളം | 12 | 19 | 68 | 50 |

നൂറുവർഷത്തിനകം കുടിയേറിയവരിൽ 19% പേർ തമിഴ് എന്നും 62% പേർ തമിഴും മലയാളവും എന്നും 19% പേർ മലയാളം എന്നും പറഞ്ഞു. 100 വർഷത്തിനു മുമ്പ് കുടിയേറിയവരിൽ 15% തമിഴ് എന്നും 35% മലയാളവും തമിഴും എന്നും 50% മലയാളം എന്നും പറഞ്ഞു.

(2) അധിവാസരീതി

പട്ടിക 96

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 20 | 18 | 12 | 14 |
| മലയാളം, തമിഴ് | 72 | 64 | 16 | 18 |
| മലയാളം | 20 | 18 | 60 | 68 |

ഒന്നിച്ചു കഴിയുന്നവരിൽ 18% തമിഴ് എന്നും 64% തമിഴും മലയാളവും എന്നും 18% മലയാളം എന്നും പറഞ്ഞപ്പോൾ വേർതിരിഞ്ഞു കഴിയുന്നവരിൽ 14% പേർ തമിഴ് എന്നും 18% മലയാളവും തമിഴും എന്നും 68% മലയാളം എന്നുമാണ് പറഞ്ഞത്.

## (3) ലിംഗഭേദം

പട്ടിക 97

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |

| | | | | |
|---|---|---|---|---|
| തമിഴ് | 16 | 16 | 16 | 16 |
| മലയാളം, തമിഴ് | 44 | 44 | 44 | 44 |
| മലയാളം | 40 | 40 | 40 | 40 |

ആണുങ്ങളിൽ 16% പേർ തമിഴ് എന്നും 44% മലയാളവും തമിഴും എന്നും 40% മലയാളം എന്നും പറഞ്ഞു. പെണ്ണുങ്ങളിൽ 16% പേർ തമിഴ് എന്നും, 44% തമിഴും മലയാളവും എന്നും, 40% മലയാളം എന്നും പറഞ്ഞു.

## (4) പ്രായഭേദം

പട്ടിക 98

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 4 | 5 | 16 | 19 | 12 | 30 |
| മലയാളം, തമിഴ് | 32 | 42 | 48 | 57 | 8 | 20 |
| മലയാളം | 40 | 53 | 20 | 24 | 20 | 50 |

ചെറുപ്പക്കാരിൽ 5% പേർ തമിഴും 42% രുഭാഷകളും 53% മലയാളവും തെരഞ്ഞെടുത്തു. മധ്യവയസ്കരിൽ 19% പേർ തമിഴും 57% തമിഴും മലയാളവും 24% മലയാളവും തെരഞ്ഞെടുത്തു. പ്രായംചെന്നവരിൽ 30% പേർ തമിഴും 20% ര ു ഭാഷകളും 50% മലയാളവും തെരഞ്ഞെടുത്തു.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 99

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 20 | 19 | 12 | 13 |

| | | | | |
|---|---|---|---|---|
| മലയാളം, തമിഴ് | 28 | 25 | 60 | 65 |
| മലയാളം | 60 | 56 | 20 | 22 |

ഉന്നത വിദ്യാഭ്യാസനിലവാരമുള്ളവരിൽ 19% പേർ തമിഴും 25% ഇരുഭാഷകളും 56% മലയാളവും തെരഞ്ഞെടുത്തപ്പോൾ വിദ്യാഭ്യാസനിലവാരം കുറഞ്ഞവരിൽ 13% തമിഴും 65% ഇരുഭാഷകളും 22% മലയാളവും തെരഞ്ഞെടുത്തു.

### (6) സാമ്പത്തികനില

പട്ടിക 100

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | 4 | 8 | 20 | 17 | 8 | 25 |
| മലയാളം, തമിഴ് | 36 | 68 | 52 | 45 | | |
| മലയാളം | 12 | 24 | 44 | 38 | 24 | 75 |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 8% പേർ തമിഴും 68% ഇരുഭാഷകളും 24% മലയാളവും തെരഞ്ഞെടുത്തപ്പോൾ മധ്യവർഗ്ഗത്തിലെ 17% തമിഴും 45% ഇരുഭാഷകളും 38% മലയാളവും തെരഞ്ഞെടുത്തു. ഉന്നത സാമ്പത്തികസ്ഥിതിയിലുള്ളവരിൽ 25% തമിഴും 75% മലയാളവും തെരഞ്ഞെടുത്തു. ഇക്കൂട്ടരിൽ ഇരുഭാഷകൾക്കും തുല്യ പ്രാധാന്യം കൊടുത്ത ആരും ഇല്ല.

### 5.2.2.4. തമിഴ് മാസങ്ങളിലുള്ള അറിവിൽ വ്യക്തമാകുന്ന ഭാഷാമനോഭാവം

തമിഴ് മാസങ്ങളിലുള്ള അറിവ് ഭാഷാപരമായ അറിവുകളുടെ സംരക്ഷണവും ഭാഷാമനോഭാവവും ഒരേസമയം വ്യക്തമാക്കുന്ന ഒന്നാണ്. തമിഴിലുള്ള അറിവു സമ്പാദിക്കുന്നതിലും നിലനിർത്തുന്നതിലും ആവേദകൻ എത്രത്തോളം തല്പരനാണ് എന്നത് വ്യക്തമാക്കുന്നതിലൂടെയാണ് ആവേദകന്റെ ഭാഷാമനോഭാവം വ്യക്തമാകുന്നത്.

തമിഴ് മാസങ്ങളേക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ ആവേദകർ പ്രധാനമായും മൂന്നുതരമാണ്: (1) അറിവില്ലാത്തവർ, (2) അറിവ് കൃത്യമല്ലാ ത്തവർ, (3) കൃത്യമായ അറിവുള്ളവർ.

## (1) അധിവാസകാലദൈർഘ്യം

പട്ടിക 101

| തമിഴ് മാസങ്ങളിലുള്ള അറിവ് | 100 വർഷത്തിൽ താഴെ | | 100 വർഷമോ അതിൽ കൂടുതലോ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കൃത്യമായ അറിവുള്ളവർ | 20 | 31 | 4 | 3 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 24 | 38 | 16 | 12 |
| അറിയാത്തവർ | 20 | 31 | 116 | 85 |

നൂറുവർഷത്തിനിപ്പുറം കുടിയേറിയവരിൽ 31% പേർ കൃത്യമായ അറിവുള്ളവരും 38% പേർ ഏകദേശ അറിവുള്ളവരും 31% പേർ തീരെ അറിവില്ലാത്തവരുമാണ്. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 3% പേർ കൃത്യമായ അറിവുള്ളവരും 12% പേർ ഏകദേശം അറിയുന്നവരും 85% പേർ തീരെ അറിവില്ലാത്തവരുമാണ്.

## (2) അധിവാസരീതി

പട്ടിക 102

| **തമിഴ് മാസങ്ങളിലുള്ള അറിവ്** | **കൂട്ടമായി താമസിക്കുന്നവർ** | | **വേർതിരിഞ്ഞ് താമസിക്കുന്നവർ** | |
|---|---|---|---|---|
| | **ആവേദകരുടെ എണ്ണം** | **ശതമാനം** | **ആവേദകരുടെ എണ്ണം** | **ശതമാനം** |
| കൃത്യമായ അറിവുള്ളവർ | 20 | 18 | 4 | 5 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 20 | 18 | 20 | 23 |
| അറിയാത്തവർ | 72 | 64 | 64 | 72 |

കൂട്ടമായി കഴിയുന്നവരിൽ 18% പേർ കൃത്യമായ അറിവുള്ളവരും മറ്റൊരു 18% ഏകദേശജ്ഞാനികളും ബാക്കി 64% അറിവില്ലാത്തവരുമാണ്. ഒറ്റപ്പെട്ടു താമസിക്കുന്നവരിൽ 5% കൃത്യമായ അറുവുള്ളവരും 23% ഏകദേശ ജ്ഞാന മുള്ളവരും 72% അറിവില്ലാത്തവരുമാണ്.

### (3) ലിംഗഭേദം

പട്ടിക 103

| **തമിഴ് മാസങ്ങളിലുള്ള അറിവ്** | **ആൺ** | | **പെൺ** | |
|---|---|---|---|---|
| | **ആവേദകരുടെ എണ്ണം** | **ശതമാനം** | **ആവേദകരുടെ എണ്ണം** | **ശതമാനം** |
| കൃത്യമായ അറിവുള്ളവർ | 12 | 12 | 12 | 12 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 24 | 24 | 16 | 16 |
| അറിയാത്തവർ | 64 | 64 | 72 | 72 |

ആണുങ്ങളിൽ 12% പേർ കൃത്യമായ അറിവുള്ളവരും 24% പേർ ഏകദേശ ജ്ഞാനമുള്ളവരും 64% പേർ അജ്ഞാനികളുമാണ്. പെണ്ണുങ്ങളിൽ 12% പേർ അറിവുള്ളവരും 16% പേർ അൽപ്പജ്ഞാനികളും 72% പേർ അജ്ഞാനികളുമാണ്.

### (4) പ്രായഭേദം

പട്ടിക 104

| തമിഴ് മാസങ്ങളിലുള്ള അറിവ് | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കൃത്യമായ അറിവുള്ളവർ | 4 | 5 | 12 | 14 | 8 | 20 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 12 | 16 | 16 | 19 | 12 | 30 |
| അറിയാത്തവർ | 60 | 79 | 56 | 67 | 20 | 50 |

ചെറുപ്പക്കാരിൽ 5% പേർ ശരിയായ അറിവുള്ളവരും 16% ഏകദേശ അറിവുള്ളവരും 79% പേർ അറിവില്ലാത്തവരുമാണ്. മധ്യവയസ്കരിൽ 14% കൃത്യമായ അറിവുള്ളവരും 19% പേർ ഏകദേശം അറിവുള്ളവരും 67% പേർ അറിവില്ലാത്തവരുമാണ്. പ്രായമായവരിൽ 20% കൃത്യമായ അറിവുള്ളവരും 30% ഏകദേശജ്ഞാനികളും 50% അറിവില്ലാത്തവരുമാണ്.

## (5) വിദ്യാഭ്യാസനിലവാരം

പട്ടിക 105

| തമിഴ് മാസങ്ങളിലുള്ള അറിവ് | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| കൃത്യമായ അറിവുള്ളവർ | 8 | 7 | 16 | 17 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 16 | 15 | 24 | 26 |
| അറിയാത്തവർ | 84 | 78 | 52 | 57 |

ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ളവരിൽ 7% അറിവുള്ളവരും 15% കൃത്യമല്ലാത്ത അറിവുള്ളവരും 78% അറിവില്ലാത്തവരുമാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 17% അറിവുള്ളവരും 26% കൃത്യമല്ലാത്ത അറിവുള്ളവരും 57% അറിവില്ലാത്തവരുമാണ്.

## (6) സാമ്പത്തികനില

പട്ടിക 106

| തമിഴ് മാസങ്ങളിലുള്ള അറിവ് | കീഴ്വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| കൃത്യമായ അറിവുള്ളവർ | 8 | 15 | 16 | 14 | | |
| കൃത്യമല്ലാത്ത അറിവുള്ളവർ | 4 | 8 | 32 | 28 | 4 | 12 |
| അറിയാത്തവർ | 40 | 77 | 68 | 58 | 28 | 88 |

സാമ്പത്തിക കീഴ്വർഗ്ഗത്തിൽ 15% കൃത്യമായ അറിവുള്ളവരും 8% കൃത്യമല്ലാത്ത അറിവുള്ളവരും 77% അറിവില്ലാത്തവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 14% പേർ കൃത്യമായ അറിവുള്ളവരും 28% കൃത്യമല്ലാത്ത അറിവുള്ളവരും 58% അറിവില്ലാത്തവരുമാണ്. ഉന്നതവർഗ്ഗത്തിൽപ്പെട്ട 12% പേർ കൃത്യമല്ലാത്ത അറിവുള്ളവരും 88% അറിവില്ലാത്തവരുമാണ്.

### 5.2.3. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാമനോഭാവം

സാമൂഹിക സാഹചര്യങ്ങൾക്ക് ഭാഷാസംരക്ഷണത്തിലും ആദേശത്തിലുമെന്നപോലെ ഭാഷാമനോഭാവത്തിലും നിർണ്ണായക സ്വാധീനം ചെലുത്താൻ സാധിക്കും. സാമൂഹിക സാഹചര്യങ്ങളും സമൂഹത്തിലുള്ള സ്ഥാനവും മാറുന്നതിനനുസൃതമായി വ്യക്തിക്കും ഉപസമൂഹങ്ങൾക്കും സ്വന്തം ഭാഷാസ്വത്വത്തോടും ഇതര സാമൂഹിക സാംസ്കാരിക സ്വത്വാവസ്ഥകളോടുമുള്ള മനോഭാവത്തിലും ഏറ്റക്കുറച്ചിലോ മാറിത്തീരലോ സംഭവിക്കാം.

പ്രത്യക്ഷം, പരോക്ഷം എന്നിങ്ങനെ രുവിധത്തിലൂടെയാണ് ആവേദകരുടെ ഭാഷാമനോഭാവം കത്തെിയത്. നേരിട്ടുള്ള രീതിയനുസരിച്ച് മൂന്നു ചോദ്യങ്ങൾ ചോദിച്ചു:

(1) തമിഴ് മാസങ്ങൾ ഏതൊക്കെ എന്ന് പറയാമോ? (ചോദ്യാവലിയിലെ ബി. 28–ാം നമ്പർ ചോദ്യം)

(2) ഒരു തമിഴൻ താങ്കളോട് ഏതു ഭാഷയിൽ സംസാരിക്കുന്നതാണ് താങ്കൾക്കിഷ്ടം? (ചോദ്യാവലിയിലെ ബി. 29–ാം നമ്പർ ചോദ്യം)

(3) താങ്കളുടെ വീടിനടുത്ത് ഒരു തമിഴ് മീഡിയം സ്കൂൾ തുടങ്ങുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്ത്? (ബി. 31–ാം നമ്പർ ചോദ്യം)

ഈ മൂന്നു ചോദ്യങ്ങൾക്കും ലഭിച്ച ഉത്തരങ്ങളാണ് ഭാഷാമനോഭാവത്തിന്റെ പ്രത്യക്ഷോദാഹരണങ്ങളായി സ്വീകരിച്ചത്. അതിനു പുറമേ, വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണാദേശാദികളിലൂടെ വ്യക്തമാകുന്ന മനോഭാവം കൂടി ചേർത്താണ് ഭാഷാമനോഭാവമെന്തെന്ന് കണ്ടെത്താൻ ശ്രമിച്ചത്.

### 5.2.3.1. അധിവാസകാലദൈർഘ്യ വ്യത്യാസമനുസരിച്ച് ഭാഷാമനോഭാവത്തിൽ വരുന്ന വ്യത്യാസം

പട്ടിക 107

| | തമിഴരോട് സംസാരിക്കാ നാഗ്രഹിക്കുന്ന ഭാഷ | തമിഴ് മാസങ്ങളെക്കു റിച്ചുള്ള അറിവ് | തമിഴ് സ്കൂളിനെക്കു റിച്ചുള്ള അഭിപ്രായം | ആകെ | ആകെത്തുകഭാഷാമേഖലകളിലെ മനോഭാവത്തിന്റെ | ആകെ മനോഭാവങ്ങ ളുടെ ആകെത്തുക | ശരാശരി |
|---|---|---|---|---|---|---|---|
| 100 വർഷത്തനിപ്പുറം | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| തമിഴ് | 100 | 31 | 44 | 175 | 343 | 518 | 27.26 |
| മലയാളം, തമിഴ് | – | 38 | – | 38 | 831 | 869 | 45.74 |
| മലയാളം | – | 31 | 56 | 87 | 263 | 350 | 18.42 |
| **100 വർഷത്തിനപ്പുറം** | | | | | | | |
| തമിഴ് | 56 | 3 | 9 | 68 | 84 | 152 | 8.0 |
| മലയാളം, തമിഴ് | 6 | 12 | – | 18 | 550 | 568 | 29.90 |
| മലയാളം | 38 | 85 | 91 | 214 | 803 | 1017 | 53.53 |

നൂറു വർഷത്തിനിപ്പുറം കുടിയേറിയവരിൽ എല്ലാവരും തമിഴരോട് സംസാരിക്കാനാഗ്രഹിക്കുന്ന ഭാഷ തമിഴാണ്. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 56% പേർ തമിഴരോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുമ്പോൾ 6% തമിഴിലോ മലയാളത്തിലോ ആവാം എന്നു കരുതുന്നവരാണ്. 38% പേർ മലയാളത്തിലാണ് സംസാരിക്കാനാഗ്രഹിക്കുന്നത്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 31% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് കൃത്യമായ അറിവ്. 38% പേർക്ക് ഏകദേശ ജ്ഞാനമ്. 31% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് പറയത്തക്ക അറിവൊന്നും ഇല്ല. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 3% ആളുകൾക്ക് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ അറിവ്. 12% പേർക്ക് ഏകദേശ ജ്ഞാനമ്. 85% പേർക്ക് പറയത്തക്ക അറിവൊന്നും അക്കാര്യത്തിലില്ല.

നൂറുവർഷത്തിനിപ്പുറം കുടിയേറിയവരിൽ 44% പേർക്ക് വീടിനടുത്ത് തമിഴ് സ്കൂൾ തുടങ്ങുന്നതിനേക്കുറിച്ച് നല്ലത് എന്ന അഭിപ്രായമാണുള്ളത്. വിപരീത അഭിപ്രായമുള്ളവർ 56% ആണ്. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 9% പേരാണ് അക്കാര്യത്തിൽ അനുകൂല അഭിപ്രായമുള്ളവർ. 91% പേർക്ക് തമിഴ് സ്കൂൾ ആവശ്യമില്ല എന്ന അഭിപ്രായമാണുള്ളത്.

### 5.2.3.2. അധിവാസരീതിയനുസരിച്ച് ഭാഷാമനോഭാവത്തിൽ പ്രകടമാകുന്ന വ്യത്യാസം

കൂട്ടമായി താമസിക്കുന്നവരിൽ 82% പേർ തമിഴരോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്. 18% പേർ മലയാളത്തിലാണ് സംസാരിക്കാൻ ആഗ്രഹിക്കുന്നത്. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 55% പേർ തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ 45% പേർ മലയാളത്തിൽ സംസാരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

പട്ടിക 108

| | തമിഴരോട് സംസാരിക്കാനുപയോഗിക്കുന്ന ഭാഷ | തമിഴ് മാസങ്ങളെക്കുറിച്ചുള്ള അറിവ് | തമിഴ് സ്കൂളിനെക്കുറിച്ചുള്ള അഭിപ്രായം | ആകെ | ആകെത്തുകഭാഷാമേഖലകളിലെ മനോഭാവത്തിന്റെ | ആകെ മനോഭാവങ്ങളുടെ ആകെത്തുക | ശരാശരി |
|---|---|---|---|---|---|---|---|
| **കൂട്ടമായി താമസിക്കുന്നവർ** | | | | | | | |
| തമിഴ് | 82 | 18 | 21 | 121 | 221 | 342 | 18.0 |
| മലയാളം, തമിഴ് | – | 18 | – | 18 | 754 | 772 | 40.63 |
| മലയാളം | 18 | 64 | 79 | 161 | 461 | 622 | 32.74 |
| **വേർതിരിഞ്ഞ് താമസിക്കുന്നവർ** | | | | | | | |
| തമിഴ് | 55 | 5 | 18 | 78 | 119 | 197 | 10.37 |
| മലയാളം, തമിഴ് | – | 23 | – | 23 | 491 | 514 | 27.05 |
| മലയാളം | 45 | 72 | 82 | 199 | 849 | 1048 | 55.16 |

കൂട്ടമായി കഴിയുന്നവരിൽ 18% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയു്. വേറൊരു 18%-ന് ഏകദേശ ധാരണയു്. 64%-ന് പറയത്തക്ക ധാരണ പ്രസ്തുത കാര്യത്തിൽ ഇല്ല. കൂട്ടത്തിൽനിന്നും മാറി താമസിക്കുന്നവരിൽ 5%-ന് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയു്. 23%-ന് അവ്യക്തമായ ധാരണയാണുള്ളത്. 72% പേർക്ക് പറയത്തക്ക ധാരണയില്ല.

കൂട്ടമായി കഴിയുന്നവരിൽ 21% പേർക്ക് തങ്ങളുടെയടുത്ത് ഒരു തമിഴ് മീഡിയം സ്കൂൾ തുടങ്ങുന്നതിനേക്കുറിച്ച് അനുകൂല അഭിപ്രായമാണുള്ളത്. 79% പേരുടെ അഭിപ്രായം അക്കാര്യത്തിൽ അനുകൂലമല്ല. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 18% പേർക്കാണ് പ്രസ്തുത കാര്യത്തിൽ അനുകൂലാഭിപ്രായമുള്ളത്. 82% പേരുടെ അഭിപ്രായം പ്രതികൂലമാണ്.

### 5.2.3.3. ഭാഷാമനോഭാവത്തിലെ ലിംഗവ്യത്യാസം

പട്ടിക 109

| | തമിഴരോട് സംസാരിക്കാനാഗ്രഹിക്കുന്ന ഭാഷ | തമിഴ് മാസങ്ങളെക്കുറിച്ചുള്ള അറിവ് | തമിഴ് സ്കൂളിനെക്കുറിച്ചുള്ള അഭിപ്രായം | ആകെ | ആകെത്തുകഭാഷാമേഖലകളിലെ മനോഭാവത്തിന്റെ | ആകെ മനോഭാവങ്ങളുടെ ആകെത്തുക | ശരാശരി |
|---|---|---|---|---|---|---|---|
| **ആൺ** | | | | | | | |
| തമിഴ് | 80 | 12 | 24 | 116 | 148 | 264 | 17.6 |
| മലയാളം, തമിഴ് | 4 | 24 | – | 28 | 584 | 612 | 40.8 |
| മലയാളം | 16 | 64 | 76 | 156 | 352 | 508 | 33.87 |
| **പെൺ** | | | | | | | |
| തമിഴ് | 60 | 12 | 16 | 88 | 100 | 188 | 12.53 |
| മലയാളം, തമിഴ് | 4 | 16 | – | 20 | 560 | 580 | 38.67 |
| മലയാളം | 36 | 72 | 84 | 192 | 424 | 616 | 41.07 |

ആണുങ്ങളിൽ 80% തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. 4% ഏതു ഭാഷയിലും സംസാരിച്ചോട്ടെ എന്ന മനോഭാവക്കാരാണ്. 16% തമിഴർ തങ്ങളോട് മലയാളത്തിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്. സ്ത്രീകളിൽ 60% പേരാണ് തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. 4% ഏതു ഭാഷയിലും ആകാമെന്ന മനോഭാവക്കാരാണ്. 36% സ്ത്രീകൾ, തമിഴർ തങ്ങളോട് മലയാളത്തിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്.

ആണുങ്ങളിൽ 12% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ അറിവു ്. 24% പേർക്ക് ഏകദേശ ധാരണയു്. 64% പേർക്ക് പറയത്തക്ക അറിവ് അക്കാര്യത്തിലില്ല. പെണ്ണുങ്ങളിൽ 12% പേർക്ക് തമിഴിൽ വ്യക്തമായ ധാരണയു്. 16% പേർക്ക് ഏകദേശ ധാരണയു്. 72% പേർക്ക് വ്യക്തമായ ധാരണയില്ല.

ആണുങ്ങളിൽ 24% പേർക്ക് തമിഴ് സ്കൂളിനെക്കുറിച്ച് അനുകൂല നിലപാടാണുള്ളത്. 76% പേരുടെ നിലപാട് പ്രതികൂലമാണ്. പെണ്ണുങ്ങളിൽ 16% പേരുടെ നിലപാട് അനുകൂലവും 84% പേരുടേത് പ്രതികൂലവുമാണ്.

### 5.2.3.4. ഭാഷാമനോഭാവത്തിലെ പ്രായവ്യത്യാസം

പട്ടിക 110

| | തമിഴരോട് സംസാരിക്കാ | അറിവ്തമിഴ് മാസങ്ങളെക്കുറിച്ചുള്ള | തമിഴ് സ്കൂളിനെക്കുറിച്ചുള്ള | ആകെ | ഭാഷാമനോഭാവങ്ങളിലെ | ആകെ മനോഭാവങ്ങളുടെ | ശരാശരി |
|---|---|---|---|---|---|---|---|

| | ആഗ്രഹിക്കുന്ന ഭാഷ | | അഭിപ്രായം | | ആകെത്തുകമനോഭാവത്തിന്റെ | ആകെത്തുക | |
|---|---|---|---|---|---|---|---|
| **1–30** | | | | | | | |
| തമിഴ് | 53 | 5 | 21 | 79 | 94 | 173 | 11.53 |
| മലയാളം, തമിഴ് | 5 | 16 | – | 21 | 561.5 | 582.5 | 38.83 |
| മലയാളം | 42 | 79 | 79 | 200 | 458.5 | 658.5 | 45.7 |
| **31–60** | | | | | | | |
| തമിഴ് | 81 | 14 | 10 | 105 | 143 | 248 | 16.53 |
| മലയാളം, തമിഴ് | 5 | 19 | – | 24 | 680.5 | 704.5 | 46.97 |
| മലയാളം | 14 | 67 | 90 | 171 | 304.5 | 475.5 | 31.7 |
| **60–ന് മുകളിൽ** | | | | | | | |
| തമിഴ് | 80 | 20 | 40 | 140 | 140 | 280 | 18.67 |
| മലയാളം, തമിഴ് | – | 30 | – | 30 | 490 | 520 | 34.67 |
| മലയാളം | 20 | 50 | 60 | 130 | 430 | 560 | 37.33 |

ചെറുപ്പക്കാരിൽ 53% തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്. 5% പേർ ഏതു ഭാഷയിലുമാകാം എന്ന മനോഭാവക്കാരാണ്. 42% പേർ തമിഴർ തങ്ങളോട് മലയാളത്തിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്. മധ്യവയസ്കരിൽ 81% പേർ, തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. 5% പേർ ഏതു ഭാഷയായാലും കുഴപ്പമില്ല എന്ന മനോഭാവക്കാരാണ്. 14% പേർ മലയാളത്തിൽ സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്. പ്രായമായവരിൽ 80% തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. ബാക്കി 20% തമിഴർ തങ്ങളോട് മലയാളത്തിൽ സംസാരിക്കാനാണ് ആഗ്രഹിക്കുന്നത്.

ചെറുപ്പക്കാരിൽ 5% പേർക്കാണ് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ളത്. 16% പേർക്ക് ഏകദേശ ധാരണയു്. 79% പേർക്ക് ധാരണ വളരെ കുറവാണ്. മധ്യവയസ്കരിൽ, തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ യുള്ളവർ 14% ആണ്. 19% പേർ ഏകദേശ ധാരണയുള്ളവരാണ്, 67% പേർ പ റയത്തക്ക ധാരണയില്ലാത്തവരാണ്. വൃദ്ധരിൽ 20% പേർ തമിഴ് മാസങ്ങളെ ക്കുറിച്ച് വ്യക്തമായ ധാരണയുള്ളവരാണ്; 30% പേർ ഏകദേശ ധാരണയുള്ള വരും, 50% പേർ ധാരണ വളരെ കുറഞ്ഞവരുമാണ്.

ചെറുപ്പക്കാരിൽ 21% പേർക്ക് തമിഴ് സ്കൂൾ തുടങ്ങുന്നതിനെക്കുറിച്ച് അനുകൂല അഭിപ്രായമാണുള്ളത്. 79% പേരുടെ അഭിപ്രായം പ്രതികൂലമാണ്. മധ്യവയസ്കരിൽ 10% പേരുടെ അഭിപ്രായം അനുകൂലവും 90% പേരുടേത് പ്രതികൂലവുമാണ്. വൃദ്ധരിൽ 40% പേരുടേത് അനുകൂലവും 60% പേരുടേത് പ്രതികൂലവുമാണ്.

## 5.2.3.5. വിദ്യാഭ്യാസനിലവാരത്തിനനുസൃതമായി ഭാഷാമനോഭാവത്തിലുള്ള വ്യത്യാസം

പട്ടിക 111

| | തമിഴരോട് സംസാരിക്കാ നാഗ്രഹിക്കുന്ന ഭാഷ | തമിഴ് മാസങ്ങളെക്കു റിച്ചുള്ള അറിവ് | തമിഴ് സ്കൂളിനെക്കുറി ച്ചുള്ള അഭിപ്രായം | ആകെ | ആകെത്തുകഭാഷാമേഖലകളിലെ മനോഭാവത്തിന്റെ | ആകെ മനോഭാവങ്ങ ളുടെ ആകെത്തുക | ശരാശരി |
|---|---|---|---|---|---|---|---|
| **എസ്.എസ്.എൽ. സി. യോ അതിൽ കൂടുതലോ** | | | | | | | |
| തമിഴ് | 56 | 7 | 11 | 74 | 118 | 192 | 10.11 |
| മലയാളം, തമിഴ് | – | 15 | – | 15 | 515.5 | 530.5 | 27.92 |
| മലയാളം | 44 | 78 | 89 | 211 | 828.5 | 1039.5 | 54.71 |
| **എസ്.എസ്.എൽ. സി. യിൽ താഴെ** | | | | | | | |
| തമിഴ് | 87 | 17 | 30 | 134 | 245 | 379 | 19.95 |
| മലയാളം, തമിഴ് | 9 | 26 | – | 35 | 781 | 816 | 42.95 |
| മലയാളം | 4 | 57 | 70 | 131 | 400 | 531 | 27.95 |

ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 56% തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവരാണ്. 44% ആഗ്രഹിക്കുന്നത് മലയാളത്തിൽ സംസാരിക്കാനാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 87% തമിഴർ തങ്ങളോട്

തമിഴിൽ സംസാരിക്കാനാഗ്രഹിക്കുന്നു. 9% ഏതു ഭാഷയിലായാലും കുഴപ്പമില്ല എന്ന മനോഭാവക്കാരാണ്. 4% ആണ് മലയാളത്തിൽ സംസാരിക്കാനാഗ്രഹിക്കുന്നത്.

വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്നവരിൽ 7% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയു്. 15% പേർക്ക് ഏകദേശ ധാരണയു്. 78% പേർക്ക് പറയത്തക്ക ധാരണയില്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 17% പേർക്ക് തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയു്. 26% പേർക്ക് ഏകദേശ ധാരണയു്. 57% തമിഴ് മാസങ്ങളെക്കുറിച്ച് വളരെ കുറഞ്ഞ അറിവുള്ളവരോ തീരെ അറിവില്ലാത്തവരോ ആണ്.

ഉന്നത വിദ്യാഭ്യാസം നേടിവരിൽ 11% തങ്ങളുടെയടുത്ത് തമിഴ് സ്കൂൾ തുടങ്ങുന്നതിനെക്കുറിച്ച് അനുകൂല അഭിപ്രായമുള്ളവരാണ്. ബാക്കി 89% പേരും പ്രതികൂല അഭിപ്രായക്കാരാണ്. താണ വിദ്യാഭ്യാസം ലഭിച്ചവരിൽ 30% അനുകൂല അഭിപ്രായക്കാരും 70% പ്രതികൂല അഭിപ്രായക്കാരുമാണ്.

### 5.2.3.6. സാമ്പത്തിക നിലവാരത്തിനനുസരിച്ച് ഭാഷാമനോഭാവത്തിൽ വരുന്ന വ്യത്യാസം

പട്ടിക 112

| | സംസാരിക്കാതമിഴരോട് | തമിഴ് മാസങ്ങളെക്കു | തമിഴ് സ്കൂളിനെക്കുറി | ആകെ | ഭാഷാമേഖലകളിലെ | ആകെ മനോഭാവങ്ങ | ശരാശരി |
|---|---|---|---|---|---|---|---|

| | നാഗ്രഹിക്കുന്ന ഭാഷ | റിച്ചുള്ള അറിവ് | ച്ചുള്ള അഭിപ്രായം | | ആകെത്തുകമനോഭാവത്തിന്റെ | ളുടെ ആകെത്തുക | |
|---|---|---|---|---|---|---|---|
| **കീഴ്വർഗ്ഗം** | | | | | | | |
| തമിഴ് | 77 | 15 | 30 | 122 | 207 | 329 | 17.32 |
| മലയാളം, തമിഴ് | 15 | 8 | – | 23 | 800 | 823 | 43.32 |
| മലയാളം | 8 | 77 | 70 | 155 | 393 | 548 | 28.84 |
| **മധ്യവർഗ്ഗം** | | | | | | | |
| തമിഴ് | 69 | 14 | 31 | 114 | 188 | 302 | 15.90 |
| മലയാളം, തമിഴ് | – | 28 | – | 28 | 637 | 665 | 35.0 |
| മലയാളം | 31 | 58 | 69 | 158 | 628 | 786 | 41.37 |
| **ഉന്നതവർഗ്ഗം** | | | | | | | |
| തമിഴ് | 63 | – | – | 63 | 75 | 138 | 7.26 |
| മലയാളം, തമിഴ് | – | 12 | – | 12 | 398.5 | 410.5 | 21.58 |
| മലയാളം | 37 | 88 | 100 | 225 | 1025.5 | 1250.5 | 65.82 |

സാമ്പത്തികമായി താഴെ നിൽക്കുന്നവരിൽ 77% തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാനാഗ്രഹിക്കുന്നവരാണ്. 15% ഏതു ഭാഷയായാലും കുഴപ്പമില്ലാത്തവരാണ്. 8% പേർ മലയാളത്തിൽ സംസാരിക്കാനാണ് ആഗ്ര ഹിക്കുന്നത്. മധ്യവർഗ്ഗത്തിലുള്ളവരിൽ 69% പേർ, തമിഴർ തങ്ങളോട് തമിഴിൽ സംസാരിക്കാനാഗ്രഹിക്കുന്നു. 31% പേർ മലയാളത്തിലുള്ള സംസാരമാണ് ആഗ്രഹിക്കുന്നത്. സമ്പന്നരിൽ 63% പേർ തമിഴിലും 37% പേർ മലയാളത്തിലും സംസാരിക്കാനാഗ്രഹിക്കുന്നു.

സാമ്പത്തിക പിന്നോക്കക്കാരിൽ 15% തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്ത മായ അറിവുള്ളവരാണ്. 8% അവ്യക്തമായ അറിവുള്ളവരാണ്. 77% അറിവില്ലാ

ത്തവരാണ്. മധ്യവർഗ്ഗത്തിലുള്ള 14% പേർ തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ളവരും 28% അവ്യക്തമായ അറിവുള്ളവരും 58% അറിവില്ലാത്ത വരുമാണ്. സമ്പന്നരിൽ തമിഴ് മാസങ്ങളെക്കുറിച്ച് വ്യക്തമായ അറിവുള്ള ആരുമില്ല. അവ്യക്തമായ അറിവുള്ളവരാണ് 12%. 88% പേർക്ക് തമിഴ് മാസങ്ങ ളെക്കുറിച്ചുള്ള അറിവ് നന്നേ കുറവാണ്.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 30% പേർക്ക് തങ്ങളുടെ പ്രദേശത്ത് ഒരു തമിഴ് സ്കൂൾ തുടങ്ങുന്നതിനേക്കുറിച്ച് അനുകൂല അഭിപ്രായമാണുള്ളത്. 70% പേർക്ക് പ്രതികൂല അഭിപ്രായമാണുള്ളത്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 31% പേർ തമിഴ് സ്കൂൾ തുടങ്ങുന്നതിൽ താല്പര്യമുള്ളവരും 69% താല്പര്യമില്ലാ ത്തവരുമാണ്. സമ്പന്നരിൽ 100% പേർക്കും തമിഴ് സ്കൂളിനോട് വിരുദ്ധ നിലപാടാണുള്ളത്.

ഭാഗം 5.3

# സംഗ്രഹം

## 5.3.1. വ്യത്യസ്ത ഭാഷാമേഖലകളിലെ സംരക്ഷണവും ആദേശവും

### 5.3.1.1. വൈയക്തികം

#### 5.3.1.1.1. ഗാനാസ്വാദനം

പട്ടിക 113

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| ഇല്ല | 4 | 2 |
| തമിഴ്, മലയാളം | 48 | 24 |
| തമിഴ്, മലയാളം, ഹിന്ദി | 76 | 38 |
| മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് | 56 | 28 |
| മലയാളം | 16 | 8 |

ആകെ ആവേദകരിൽ ഗാനാസ്വാദനശീലമില്ലാത്തവർ 2% ആണ്. 24% പേർ തമിഴിലും മലയാളത്തിലും 38% പേർ തമിഴ്മലയാളങ്ങളിലും ഹിന്ദിയിലും 28% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുമുള്ള ഗാനങ്ങൾ ആസ്വദിക്കുന്നവരാണ്. 8% പേർ മലയാളഗാനങ്ങൾ മാത്രം ആസ്വദിക്കുന്ന വരാണ്.

ചിത്രം 1




ഭാഷ–ആദേശം പൂർണ്ണമായും സംഭവിച്ചു കഴിഞ്ഞവർ ആകെ ആവേദകരിൽ 8% വരും. ശേഷിക്കുന്ന 92% പേരിൽ ഗാനാസ്വാദകരല്ലാത്ത 2% പേരെ ഒഴിവാക്കിയാൽ 90% പേരെങ്കിലും ഭാഷ–ആദേശപ്രക്രിയയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നവരാണെന്നും വരുന്നു.

കുടിയേറ്റ കാലദൈർഘ്യം കുറഞ്ഞവരിൽ ഭാഷ–ആദേശം പൂർണ്ണമായും സംഭവിച്ച ആരെയും ഈ ഭാഷാമേഖലയിൽ കാണുന്നില്ല. കുടിയേറ്റ കാലദൈർഘ്യം കുറഞ്ഞവരിൽനിന്ന് കൂടിയവരിലേക്കെത്തുമ്പോൾ സംഭവിക്കുന്ന ഭാഷ–ആദേശം അനുക്രമമാണ്. കൂട്ടായ്മയിൽ കഴിയുന്നവരിൽ ആരിലും ഭാഷ–ആദേശം പൂർണ്ണമായിട്ടില്ല എന്ന് കണക്കുകൾ കാണിക്കുന്നു. കൂട്ടംവിട്ടു പാർക്കുന്നവരിലാകട്ടെ 18% പേരിൽ ആദേശം പൂർണ്ണമായതായും കണക്കുകൾ കാണിക്കുന്നു്. സ്ത്രീപുരുഷന്മാരിൽ സംരക്ഷണാദേശാദികളിൽ പ്രകടമായ അന്തരം കാണുന്നു്. പ്രായത്തിന്റെ കാര്യവും വ്യത്യസ്തമല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ ആദേശം പൂർണ്ണമായ ആരുമില്ല എന്നത് വിദ്യാഭ്യാസം ഭാഷ–ആദേശത്തിന് അനുകൂലമാണെന്ന് കാണിക്കുന്നു. സാമ്പത്തികസ്ഥിതി താണവരിൽ ഉയർന്നവരെക്കാൾ സംരക്ഷണത്തിന്റെ തീവ്രത കൂടുതലാണെന്നതും കണക്കുകളിലൂടെ വ്യക്തമാകുന്നു്.

### 5.3.1.2. കുടുംബപരം

#### 5.3.1.2.1. വീടുകളിലെ സംരക്ഷണവും ആദേശവും

പട്ടിക 114

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 40 | 20 |
| തമിഴ്, മലയാളം | 80 | 40 |
| മലയാളം | 80 | 40 |

ആകെ ആവേദകരിൽ 20% പേർ മാത്രമാണ് വീട്ടിൽ തമിഴ് മാത്രം സംസാരിക്കുന്നത്. 40% പേർ തമിഴും മലയാളവും സംസാരിക്കുമ്പോൾ മറ്റൊരു 40% മലയാളം മാത്രം സംസാരിക്കുന്നു. തമിഴ് മാത്രം സംസാരിക്കുന്നവരുടെ ഇരട്ടിയാണ് മലയാളം മാത്രം സംസാരിക്കുന്നവരുടെ അംഗബലം. അതായത്, ഗാർഹികമേഖലയിലെ ഭാഷാവസ്ഥ മാത്രം നോക്കിയാൽ, തമിഴ് ഏകഭാഷി കളുടെ അവസ്ഥയിൽ തുടരുന്നത് ആകെ ആവേദകരിൽ 20% പേർ മാത്രമാണ്. 40% പേർ തമിഴ്-മലയാള ദ്വിഭാഷികളായി മാറിയിട്ടു്. ശേഷിച്ച 40% പേർ ദ്വിഭാഷി അവസ്ഥയിൽനിന്ന് വീും ഭാഷ-ആദേശം സംഭവിച്ച് മലയാള ഏക ഭാഷികളായി മാറിയിരിക്കുന്നു.

കുടിയേറ്റ കാലദൈർഘ്യം കുറഞ്ഞവരിൽ തമിഴ് ഉപയോഗം കൂടുതൽ നിലനിൽക്കുന്നതായും കാലദൈർഘ്യം ഏറുന്നതിനനുസരിച്ച് തമിഴ് കുറഞ്ഞ് മലയാളം കൂടുന്നതായും ആണ് കാണുന്നത്. കൂട്ടമായി പാർക്കുന്നവരിൽ തമിഴ് ഉപയോഗം ഒറ്റതിരിഞ്ഞ് പാർക്കുന്നവരെ അപേക്ഷിച്ച് കൂടുതലാണ്. ഒറ്റതിരിഞ്ഞ് താമസിക്കുന്നവരിൽ മലയാളത്തിന്റെ ഉപയോഗമാണ് കൂടുതൽ.

ആണുങ്ങൾ പെണ്ണുങ്ങളെ അപേക്ഷിച്ച് തമിഴ് കൂടുതൽ ഉപയോഗിക്കുന്നതായി കാണുന്നു. ഇത്, സ്ത്രീകളിൽ ഭാഷാസംരക്ഷണം കൂടുതലാണ് എന്ന പൊതുതത്വത്തിൽനിന്ന് വ്യതിരിക്തവും അതുകൊുതന്നെ ശ്രദ്ധേയവുമാണ്.

ചെറുപ്പക്കാരിൽ തമിഴ് കുറഞ്ഞ് മലയാളം കൂടുന്നതായും പ്രായമേറിയവരിൽ തിരിച്ചും കാണുന്നെങ്കിലും മധ്യവയസ്കരിൽ, പ്രായംകൂടിയവരെ അപേക്ഷിച്ച് ഗാർഹികദ്വിഭാഷികളുടെ അംഗസംഖ്യ വളരെ കൂടുതലായി കാണുന്നു. മധ്യവയസ്കർ, മുതിർന്നവരോട് തമിഴിലും കുട്ടികളോട് മലയാളത്തിലും സംസാരിക്കുക പതിവായതാണ് ഈ വ്യത്യാസത്തിന് കാരണം. മലയാള മാധ്യമത്തിലൂടെ വിദ്യാഭ്യാസം നേടുന്ന കുട്ടികൾ വിദ്യാഭ്യാസത്തിൽ പിന്തള്ളപ്പെടാതിരിക്കാൻ മലയാളപരിജ്ഞാനം അനിവാര്യമാണ് എന്നതുകൊും പല കുട്ടികളും പൊതുസമൂഹത്തിനിടയിൽ തമിഴ്സ്വത്വം വഹിക്കാനാഗ്രഹിക്കാത്തതിനാലുമാണ് കുട്ടികളോട് മധ്യവയസ്കർ മലയാളം സംസാരിക്കാൻ നിർബന്ധിതരാകുന്നത്. ഇത്തരം പ്രായോഗിക പ്രശ്നങ്ങളിൽ വേവലാതിപ്പെടാത്ത പ്രായം കൂടിയവർ, ഗൃഹാതുരത്വത്തോടെ തമിഴ് തന്നെ തുടരുകയും ചെയ്യുന്നു.

വിദ്യാഭ്യാസം കൂടുന്തോറും തമിഴ് പ്രയോഗം കുറയുന്നതായി കാണുന്നതും സ്വാഭാവികമാണ്.

സാമ്പത്തികസ്ഥിതി ഉയരുന്നതനുസരിച്ച് തമിഴ് കുറഞ്ഞു വരുന്നതായും മലയാളത്തിന്റെ പ്രയോഗം കൂടിവരുന്നതായും കാണുന്നു്. ഇതും സാമൂഹിക ഭാഷാശാസ്ത്രത്തിന്റെ പൊതുനിയമത്തിന് അനുസൃതമാണ്.

ശ്രദ്ധേയമായ മറ്റൊരു വസ്തുത, ആരും ഗാർഹികമേഖലയിൽ ഇംഗ്ലീഷ് സംസാരിക്കുന്നില്ല എന്നതാണ്. തമിഴരും മലയാളികളും വിദ്യാഭ്യാസപരമായി ഉയരുമ്പോൾ വീട്ടിൽ ഇംഗ്ലീഷ് സംസാരിക്കുക പതിവാണ് എന്നിരിക്കെ, ഒരു ആവേദകനും അപ്രകാരം ചെയ്യാത്തത്, കേരളത്തിലെ തമിഴ് വാണിയർക്കിടയിൽ

തമിഴിൽനിന്ന് മലയാളത്തിലേക്കുള്ള ചുവടുമാറ്റത്തിൽ ഇതരഭാഷാ ന്യൂനപക്ഷ ങ്ങളിൽ സംഭവിക്കുന്നതുപോലെ ഇംഗ്ലീഷിന് പ്രാധാന്യം കിട്ടുന്നില്ല എന്നാണ്.

### 5.3.1.2.2. താരാട്ടും സാമൂഹികചരങ്ങളും

പട്ടിക 115

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 44 | 22 |
| തമിഴ്, മലയാളം | 24 | 12 |
| മലയാളം | 132 | 66 |

ആകെ ആവേദകരിൽ 22% പേരുടെ വീടുകളിൽ തമിഴിൽ മാത്രമാണ് താരാട്ടുപാടുന്നത്. 12% പേരുടെ വീടുകളിൽ മലയാളത്തിലും തമിഴിലും താരാട്ടു പാടുന്ന പതിവ്. 66% പേരുടെ വീടുകളിൽ മലയാളത്തിലുള്ള താരാട്ടു പാട്ടുകൾ മാത്രമാണ് പാടുന്നത്.

കുടിയേറ്റ കാലദൈർഘ്യം, വിദ്യാഭ്യാസം, സാമ്പത്തികസ്ഥിതി എന്നിവ ഉയരുന്നതിനനുസൃതമായി ഭാഷാസംരക്ഷണത്തിന്റെ തീവ്രത കുറയുന്നത് ഇതരമേഖലകളിലെ ഭാഷാസംരക്ഷണാവസ്ഥകളോട് പൊരുത്തപ്പെടുന്നു; കൂട്ട ത്തിൽ കഴിയുന്നവരിലേതിനേക്കാൾ ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ ഭാഷാ സംരക്ഷണ തീവ്രത കുറഞ്ഞുവരുന്നതിന്റെ സ്ഥിതിയും അപ്രകാരം തന്നെ.

### 5.3.1.2.3. കഥകളും സാമൂഹികചരങ്ങളും

പട്ടിക 116

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 32 | 16 |
| തമിഴ്, മലയാളം | 24 | 12 |

| | | |
|---|---|---|
| മലയാളം | 144 | 72 |

ആകെ ആവേദകരിൽ 16% പേരുടെ വീടുകളിൽ മാത്രമാണ് കുട്ടികൾക്ക് തമിഴിൽ മാത്രം കഥകൾ പറഞ്ഞുകൊടുക്കുന്നത്. 12% പേരുടെ വീടുകളിൽ തമിഴിലും മലയാളത്തിലും കഥകൾ പറഞ്ഞുകൊടുക്കുന്നു. 72% പേരുടെ വീടുകളിൽ മലയാളത്തിൽ മാത്രമാണ് കഥകൾ പറഞ്ഞുകൊടുക്കുന്നത്.

കുടിയേറ്റ കാലദൈർഘ്യം ഏറുന്നതിനനുസരിച്ച് ഭാഷാസംരക്ഷണ ത്തിന്റെ തീവ്രത കുറയുന്നു.

ഒറ്റപ്പെട്ടു താമസിക്കുന്നവരിലെ ഭാഷ-ആദേശം ഒന്നുചേർന്ന് താമസി ക്കുന്നവരിലേതിനേക്കാൾ കൂടുതലാണ്. ഒന്നിച്ചുതാമസിക്കുന്നവരിൽ തമിഴ്, തമിഴ്-മലയാളം, മലയാളം എന്നിങ്ങനെ മൂന്ന് അവസ്ഥകളും പ്രകടമാണ്. എന്നാൽ ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ തമിഴ്, മലയാളം എന്നിങ്ങനെ ര് അവസ്ഥകളേ കാണുന്നുള്ളു. ഒന്നിച്ചു താമസിക്കുന്നവർ തമിഴിൽനിന്ന് മലയാള ത്തിലേക്ക് ഭാഷ മാറ്റുന്നതിനിടയ്ക്ക് കുറേക്കാലം രു ഭാഷകളും ഉപയോഗി ക്കുന്നുണ്ടെന്നും ഒറ്റപ്പെട്ടു താമസിക്കുന്നവരിൽ ഇത്തരത്തിലുള്ള സാധ്യത കുറവാണെന്നും ആദേശത്തിന്റെ വേഗം കൂടുതലാണെന്നുമാണ് ഇത് സൂചി പ്പിക്കുന്നത്.

വിദ്യാഭ്യാസ ഔന്നത്യം നേടിയവരിലെ ഭാഷ-ആദേശം വിദ്യാഭ്യാസം കുറഞ്ഞവരിലേതിൽനിന്ന് കൂടുന്നതായി കാണുന്നു്. സമ്പന്നരെ അപേക്ഷിച്ച് ദരിദ്രരിൽ ഭാഷ-ആദേശം കുറഞ്ഞു കാണുന്നു എന്ന പൊതുവസ്തുതയ്ക്കു പ ുറമെ ശ്രദ്ധേയമായ മറ്റൊരു കാര്യം ദരിദ്രരേക്കാൾ മധ്യവർഗ്ഗത്തിനിടയ്ക്ക് തമിഴിന്റെ ഉപയോഗം കൂടുതലായി കാണുന്നു എന്നതാണ്.

**5.3.1.2.4. മതഗ്രന്ഥങ്ങൾ**

പട്ടിക 117

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 20 | 10 |
| തമിഴ്, മലയാളം | 12 | 6 |
| ഇല്ല | 80 | 40 |
| മലയാളം | 52 | 26 |
| മലയാളം, ഇംഗ്ലീഷ് | 36 | 18 |

ആകെ ആവേദകരിൽ 40% പേർ യാതൊരു മതഗ്രന്ഥവും സൂക്ഷിക്കാത്തവരാണ്. 10% പേരാണ് തമിഴിലുള്ള മതഗ്രന്ഥങ്ങൾ മാത്രം കാത്തുസൂക്ഷിക്കുന്നത്. 6% പേർ തമിഴിലും മലയാളത്തിലുമുള്ള മതഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നു. 26% പേർ മലയാളത്തിലുള്ള മതഗ്രന്ഥങ്ങൾ മാത്രമാണ് സൂക്ഷിച്ചുവെച്ചിരിക്കുന്നത്. 18% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള മതഗ്രന്ഥങ്ങൾ സൂക്ഷിച്ചുവെക്കുന്നവരാണ്.

ചിത്രം 2



നൂറു വർഷത്തിനിപ്പുറം കുടിയേറിയവരിൽ ആരും മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള ഒരു മതഗ്രന്ഥവും സൂക്ഷിച്ചുവെക്കുന്നില്ല; അതുപോലെ നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ, തമിഴിലുള്ള മതഗ്രന്ഥങ്ങൾ മാത്രം സൂക്ഷിച്ചുവെക്കുന്നവരായി ആരും ഇല്ല. അധിവാസകാലത്തിന് ഭാഷയിലുള്ള സ്വാധീനത്തിന്റെ വ്യക്തമായ സൂചനയാണിത്. കുടിയേറ്റ ന്യൂനപക്ഷ സമൂഹ ങ്ങൾക്ക് വിദ്യാഭ്യാസപുരോഗതി നേടാനാകാത്തതിനാൽ ഇംഗ്ലീഷ് പോലുള്ള വിദേശഭാഷകളിൽ കഴിവുനേടാനാകുന്നില്ല എന്നതിന്റെ കൂടി സൂചന ഇതിലു്. കാലക്രമേണ പൊതുസമൂഹത്തിൽ ലയിക്കുന്ന ഇവർ പൊതുസമൂഹത്തോ ടൊപ്പം വിദ്യഭ്യാസപരമായി ഉയരുകയും സ്വത്വം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു എന്നതിന്റെ സൂചനയാണ്, നൂറു വർഷത്തിനു മുമ്പ് കുടിയേറിയ വരിലെ തമിഴിന്റെ അസാന്നിധ്യവും മലയാളത്തിന്റെയും ഇംഗ്ലീഷിന്റെയും സാന്നിധ്യവും വ്യക്തമാക്കുന്നത്. കൂട്ടായ അധിവാസം സ്വത്വസംരക്ഷണത്തിന് സഹായകമാണെന്ന പൊതുനിഗമനം ശരിവെക്കുന്നതാണ് പ്രസ്തുത സാമൂഹിക ചരത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൾ. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ കുടിയേറ്റകാല അടിസ്ഥാനത്തിലുള്ള തിനോട് പൊരുത്തപ്പെടുന്നു്. സാമ്പത്തികസ്ഥിതി ഉയരുന്നതിനനുസൃതമായി തമിഴിൽനിന്ന് മലയാളത്തിലേക്ക് സംഭവിക്കുന്ന പരിണാമം അനുക്രമമാണ്. ആകെ ആവേദകരിൽ 10% പേർ മാത്രമാണ് മതഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഏകഭാഷികളായി നിലനിൽക്കുന്നത്. പൂർണ്ണമായും ഭാഷാ-ആദേശം വന്നവർ 44% പേരാണ്. 40% പേർ മതഗ്രന്ഥങ്ങൾ സൂക്ഷിക്കാത്തതിനാൽ അവരുടെ ഭാഷാവസ്ഥ അവ്യക്തമാണ്. തമിഴിൽനിന്ന് മലയാളത്തിലേക്കുള്ള പ രിണാമത്തി നിടയ്ക്കുള്ള തമിഴ്മലയാള ദ്വിഭാഷാവസ്ഥയിലുള്ളവർ ഇക്കാര്യത്തിൽ 6% മാത്രമാണ്.

### 5.3.1.3. സാമുദായികം

### 5.3.1.3.1. മന്ത്രോച്ചാരണം (പൂജാവേള)

പട്ടിക 118

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 32 | 16 |
| സംസ്കൃതം | 52 | 26 |
| തമിഴ്, സംസ്കൃതം, മലയാളം | 32 | 16 |
| അജ്ഞാതം | 72 | 36 |
| സംസ്കൃതം, മലയാളം | 12 | 6 |

ആകെ ആവേദകരിൽ പ്രാർത്ഥനയ്ക്കായി ഇന്നും പ്രധാനമായി തമിഴ് മാത്രം ഉപയോഗിക്കുന്നവർ 16% ആണ്. സംസ്കൃതം മാത്രം പ്രധാനമായി ഉപയോഗിക്കുന്നവർ ആകെ 26% ആണ്. തമിഴും സംസ്കൃതവും മലയാളവും ഉപയോഗിക്കുന്നവർ 16% ആണ്. പ്രസ്തുത വിഷയത്തേക്കുറിച്ച് ബോധവാന്മാരല്ലാത്തവർ 36% ആണ്. തമിഴിന്റെ ഉപയോഗം തീർത്തും ഉപേക്ഷിച്ച് സംസ്കൃതവും മലയാളവും മാത്രം ഉപയോഗിക്കുന്നവർ 6% ആണ്.

ചിത്രം 3



കുടിയേറ്റ കാലദൈർഘ്യം കുറയുന്നതിനനുസരിച്ച് തമിഴ് സ്വാധീനം കൂടുതൽ നിലനിൽക്കുന്നതായും ദൈർഘ്യം ഏറുന്നതിനനുസരിച്ച് തമിഴ് സ്വാധീനം കുറയുകയും സംസ്കൃത മലയാളങ്ങളുടെ സ്വാധീനം കൂടുകയും ചെയ്യുന്നതായും കാണുന്നു. 100 വർഷത്തിനകം കുടിയേറിയവരിൽ ആരുംതന്നെ ഈ വിഷയത്തിൽ അജ്ഞരായവരില്ല എന്നതും തമിഴ് തീർത്തും ഉപേക്ഷിച്ച വരായി ആരും ഇല്ല എന്നതും 100 വർഷത്തിനുമുമ്പ് കുടിയേറിയവരിൽ തമിഴ് മാത്രമായി ഉപയോഗിക്കുന്ന ആരുമില്ല എന്നതും പ്രത്യേകം പരിഗണിക്കേ വസ്തുതകളാണ്.

അധിവാസകാലദൈർഘ്യത്തിന്റെ സ്വാധീനവും അപ്രകാരം തന്നെ. കൂട്ട മായി താമസിക്കുന്നവരിൽ തമിഴ് ഒട്ടും ഉപയോഗിക്കാത്ത ആരുമില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ആണുങ്ങളെ അപേക്ഷിച്ച് പെണ്ണുങ്ങളിൽ ഭാഷാസംരക്ഷണം കുറവായി കാണുന്നത് ഇതരമേഖലകളിലെ ഭാഷാസംരക്ഷണതോതിന് അനുപൂരകമാണ്.

പ്രായമേറിയവരിൽ തമിഴ് കൂടുതൽ നിലനിൽക്കുന്നതായും പ്രായം കുറയുന്നതനുസരിച്ച് തമിഴ് കുറഞ്ഞ് സംസ്കൃത-മലയാളങ്ങൾ കൂടുന്നതായും കാണുന്നത് ഭാഷാശാസ്ത്രതത്വങ്ങൾക്കു നിരക്കുന്നതാണ്.

വിദ്യാഭ്യാസം കുറഞ്ഞവരിൽ തമിഴ് കൂടുതൽ നിലനിൽക്കുന്നതായും ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ താരതമ്യേന തമിഴ് കുറഞ്ഞ് മലയാള സംസ്കൃതങ്ങൾ കൂടിയതായും കാണുന്നു. വിദ്യാഭ്യാസം കുറഞ്ഞവരിൽ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ച ആരും ഇല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരിൽ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചവരായും, ഉന്നതസാമ്പത്തികനിലയിലുള്ളവരിൽ തമിഴ് മാത്രം ഉപയോഗിക്കുന്നവരായും ആരുമില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇതരഭാഷാമേഖലകളെ അപേക്ഷിച്ച് പ്രാർത്ഥനാവേളയിൽ തമിഴ് സംരക്ഷണം പ്രായേണ വളരെ കൂടുതലായി കാണുന്നു്. ആരാധനയും ആചാരാനുഷ്ഠാനങ്ങളും വളരെ സാവകാശം മാത്രം പരിണാമവിധേയമാകുന്ന സാംസ്കാരികതലങ്ങളാണ് എന്ന വസ്തുതയിലേക്കാണ് ഇത് വിരൽചൂന്നത്.

### 5.3.1.3.2. സാമൂഹിക ആരാധനാലയങ്ങളിൽ പൊതുവിഷയങ്ങൾ സംസാരി ക്കുന്ന ഭാഷ

പട്ടിക 119

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | | |
| മലയാളം, തമിഴ് | 144 | 72 |
| മലയാളം | 56 | 28 |

ഇതര ഭാഷാമേഖലകളെ അപേക്ഷിച്ച് ഭാഷാസംരക്ഷണത്തോത് വളരെ കൂടുതലായും ആദേശം കുറവായും കാണുന്നത് ഈ ഭാഷാമേഖല ഭാഷാ സംരക്ഷണത്തിന്റെ തീവ്രത കൂടിയ മേഖലയാണെന്നതിന്റെ സൂചനയാണ്. 28% പേർ മാത്രമാണ് പൂർണ്ണമായും ഭാഷ–ആദേശത്തിന് വിധേയമായതായി കാണുന്നത്. ശേഷിച്ച 72% പേരും ദ്വിഭാഷികളാണ്. അന്യഭാഷാ സമൂഹത്തിനിടയിൽ വർത്തിക്കേിവരുന്ന ഭാഷാന്യൂനപക്ഷങ്ങൾ ദ്വിഭാഷികളാവേത് അനിവാര്യതയാണ് എന്നതിന്റെ വെളിച്ചത്തിൽ നോക്കിയാൽ തമിഴ് മാത്രം ഉപയോഗിക്കുന്നവരുടെ അസാന്നിധ്യം തികച്ചും സ്വാഭാവികമാണ്. ഭാഷ–ആദേശത്തിന്റെ നിർബന്ധിത സാഹചര്യത്തിൽ തികഞ്ഞ ആദേശത്തിനു വിധേയമാകാതെ ദ്വിഭാഷികളായിത്തന്നെ 72% പേർ നിൽക്കുന്നു എന്നത് ഭാഷാ സംരക്ഷണത്തിന്റെ തീവ്രതയുടെ സൂചനയാണ്.

അധിവാസകാലദൈർഘ്യം കൂടുന്നതനും വിദ്യാഭ്യാസം ഏറുന്നതിനും സാമ്പത്തികസ്ഥിതി ഉയരുന്നതിനും അധിവാസക്കൂട്ടായ്മയിൽനിന്ന് അകലുന്നതിനും പ്രായം കുറയുന്നതിനും എല്ലാമനുസൃതമായി ഭാഷ–ആദേശത്തിന്റെ തോത് കൂടുതലായിക്കാണുന്നത് സാമൂഹിക ഭാഷാശാസ്ത്രതത്വാനുസൃതം തന്നെയാണ്. ഇക്കാര്യത്തിൽ ലിംഗഭേദത്തിന് യാതൊരു പ്രാധാന്യവും കാണുന്നില്ല എന്നത് പ്രത്യേക പരാമർശം അർഹിക്കുന്നു. എല്ലാ ഭാഷാമേഖലയിലും ലിംഗഭേദം ഒരുപോലെ പ്രയോഗിക്കാവുന്നതല്ല എന്നതിന്റെ സൂചനകൂടിയാണ്

ലിംഗഭേദാനുസൃതമായി ഭാഷാസംരക്ഷണാദേശാദികൾ പ്രസ്തുത മേഖലയിൽ വ്യത്യാസപ്പെടുന്നില്ല എന്ന വസ്തുത.

### 5.3.1.4. സാമൂഹികം

#### 5.3.1.4.1. തമിഴരോട് സംസാരിക്കുന്ന അവസരങ്ങളിലെ ഭാഷാസംരക്ഷണം

പട്ടിക 120

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 140 | 70 |
| മലയാളം | 60 | 30 |

70% ആവേദകരും തമിഴരോട് തമിഴിൽ സംസാരിക്കുന്നു; 30% മലയാള ത്തിലും. കുടിയേറ്റ കാലദൈർഘ്യം ഏറുന്നതനുസരിച്ച് തമിഴ് കുറഞ്ഞുവരുന്നത് ഭാഷാശാസ്ത്രനിയമനങ്ങൾക്കനുസൃതമാണ്, കൂടിക്കഴിയുന്നവരിൽ ഒറ്റയ്ക്ക് കഴി യുന്നവരേക്കാൾ തമിഴ് കൂടുതലായി കാണുന്നതിന്റെ വസ്തുതകളും അപ്രകാരം തന്നെ.

ആണുങ്ങളിലെ ഭാഷാസംരക്ഷണത്തോതിന്റെ ആപേക്ഷിക വർധനവ് ഗൃഹഭാഷയിലെ സംരക്ഷണത്തോതിനോട് പൊരുത്തപ്പെടുന്നു.

ചെറുപ്പക്കാരിൽ തമിഴ് കുറഞ്ഞതായും മലയാളം കൂടിയതായും കാണു ന്നതും മധ്യവയസ്കരിലും പ്രായമായവരിലും തിരിച്ചും കാണുന്നതും സ്വാഭാ വികമാണ്.

വിദ്യാഭ്യാസം കൂടിയവരേക്കാൾ കുറഞ്ഞവരിൽ തമിഴ് കൂടുതലായി കാണുന്നത്, വിദ്യാഭ്യാസം കുറഞ്ഞവരിൽ ഭാഷാസംരക്ഷണത്തോത് കൂടിയി രിക്കും എന്ന ഭാഷാശാസ്ത്രതത്വത്തിനു നിരക്കുന്നതാണ്; സാമ്പത്തികനില

ഉയരുന്നതനുസരിച്ച് തമിഴ് കുറഞ്ഞുവരുന്നതായി കാണുന്നതും അപ്രകാരം തന്നെയാണ്.

#### 5.3.1.4.2. ഭാഷാസങ്കലനം

പട്ടിക 121

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| ഇല്ല | 8 | 4 |
| തമിഴ്, മലയാളം | 92 | 46 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 44 | 22 |
| തമിഴ്, മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 8 | 4 |
| മലയാളം, ഇംഗ്ലീഷ് | 48 | 24 |

ആകെ ആവേദകരിൽ 4% പേരാണ് ഒരു ഭാഷ (മലയാളം) മാത്രം സംസാരിക്കുന്നവരായുള്ളത്. 46% പേർ തമിഴ്മലയാളങ്ങൾ ഇടകലർത്തി സംസാരിക്കുന്നവരാണ്. 22% പേർ തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും ഇടകലർത്തുന്നവരാണ്. 4% പേർ തമിഴ്മലയാളങ്ങളും ഇംഗ്ലീഷും ഹിന്ദിയും ഇടകലർത്തുന്നവരായു്. 24% പേർ മലയാളവും ഇംഗ്ലീഷും ഇടകലർത്തുന്നവരാണ്.

ചിത്രം 4




തമിഴ് ഏകഭാഷികളായി ആരും ആവേദകർക്കിടയിൽ ഇല്ല എന്നതും മലയാള ഏകഭാഷികൾ 4% ഉ് എന്നതും എടുത്തുപറയേ വസ്തുതയാണ്. സ്വത്വാദേശം സംഭവിക്കാത്തവരായി ആരുമില്ല എന്നും സംരക്ഷണത്തേക്കാൾ ആദേശത്തിനാണ് പഠിതസമൂഹത്തിൽ കൂടുതൽ പ്രസക്തി എന്നുമുള്ളതിന്റെ തെളിവാണിത്.

രുഭാഷകൾ ഇടകലർത്തി സംസാരിക്കുന്നവരിൽ ഏറ്റവുമധികം വരു ന്നത് തമിഴ്മലയാളങ്ങൾ ഇടകലർത്തുന്നവരാണെന്നതും മറ്റൊരു പ്രധാന വസ്തുതയാണ്.

കുടിയേറ്റ കാലദൈർഘ്യം, വിദ്യാഭ്യാസം, സമ്പത്ത് എന്നിവ ഉയരുന്ന തിനനുസരിച്ച് ഭാഷ–ആദേശ പ്രവണതയും കൂടിവരുന്നു. സ്വസമുദായാംഗ ങ്ങളുമായി ചേർന്നു കഴിയുന്നവരേക്കാൾ വേർതിരിഞ്ഞു കഴിയുന്നവരിൽ ആദേശം കൂടുതലായി കാണുന്നതും അപ്രകാരം തന്നെ. ബഹുഭാഷിത്വത്തിന്റെ കാര്യത്തിൽ സ്ത്രീപുരുഷന്മാർ ഒരേ നിലവാരമാണ് പുലർത്തുന്നതെങ്കിലും ഇംഗ്ലീഷ് ഭാഷാജ്ഞാനത്തിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നിലാണ്. പ്രായം കൂടിയവരിൽ കുറഞ്ഞവരെ അപേക്ഷിച്ച് തമിഴിന്റെ സ്വാധീനം കൂടു തലായി കാണുന്നു്.

### 5.3.1.4.3. വിവാഹക്ഷണക്കത്ത്

പട്ടിക 122

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ്, ഇംഗ്ലീഷ് | 8 | 4 |
| തമിഴ്, മലയാളം | 44 | 22 |
| തമിഴ്, ഇംഗ്ലീഷ്, മലയാളം | 28 | 14 |
| മലയാളം, ഇംഗ്ലീഷ് | 100 | 50 |
| മലയാളം | 20 | 10 |

ആകെ ആവേദകരിൽ 4% പേർ തമിഴിലും ഇംഗ്ലീഷിലും ക്ഷണക്കത്ത് തയ്യാറാക്കുമ്പോൾ 22% പേർ തമിഴ്മലയാളങ്ങളിലും 14% പേർ തമിഴ്, ഇംഗ്ലീഷ്, മലയാളം എന്നിവയിലും 50% പേർ മലയാളത്തിലും ഇംഗ്ലീഷിലും 10% പേർ മലയാളത്തിൽ മാത്രവും ക്ഷണക്കത്ത് തയ്യാറാക്കുന്നവരാണ്.

ചിത്രം 5




കുടിയേറ്റ കാലദൈർഘ്യം ഏറുന്നതിനനുസൃതമായി തമിഴ് കുറഞ്ഞു വരികയും മലയാളം കൂടിവരികയും ചെയ്യുന്നു. കൂട്ടമായി താമസിക്കുന്നവരിൽ

ഒറ്റതിരിഞ്ഞ് താമസിക്കുന്നവരിലേക്കാൾ തമിഴ് കൂടുതലായി കാണുന്നതും അപ്ര കാരം തന്നെ. ഉയർന്ന വിദ്യാഭ്യാസനിലവാരം പുലർത്തുന്നവരിൽ അല്ലാത്ത വരിലേതിനേക്കാൾ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം കൂടിയിരിക്കുന്നത് ശ്രദ്ധേ യമാണ്. താരതമ്യേന തമിഴിനും മലയാളത്തിനും ഒരുപോലെ പ്രാധാന്യം കുറയുന്നതായും കാണുന്നു. വിദ്യാഭ്യാസം കുറഞ്ഞവരിൽ തമിഴിന്റെയും മലയാളത്തിന്റെയും ഉപയോഗം ഒരുപോലെ കൂടുതലാണ്. വിദ്യാഭ്യാസം കൂടിയവരിൽ രു ഭാഷയ്ക്കും പ്രാധാന്യം കുറയുകയും ഇംഗ്ലീഷിന് പ്രാധാന്യം ഏറിയുമിരിക്കുന്നു. സാമ്പത്തികസ്ഥിതിയുടെ കാര്യവും ഏറെ വ്യത്യ സ്തമല്ല. താഴ്ന്ന സാമ്പത്തികസ്ഥിതിയിലുള്ളവരിൽ ഇംഗ്ലീഷിന്റെ ഉപയോഗം കുറഞ്ഞിരിക്കുകയും തമിഴിന്റെയും മലയാളത്തിന്റെയും സ്വാധീനം കൂടിയിരി ക്കുകയും ചെയ്യുന്നു. സാമ്പത്തികസ്ഥിതി ഉയർന്നവരിൽ ഇംഗ്ലീഷിനും മലയാള ത്തിനും സ്വാധീനം വളരെ കൂടുകയും തമിഴ് അപ്രത്യക്ഷമാവുകയും ചെയ്യു ന്നു്.

### 5.3.1.5. മാധ്യമങ്ങളും സാമൂഹികചരങ്ങളും

#### 5.3.1.5.1. ദിനപത്രങ്ങളും ആനുകാലികങ്ങളും

പട്ടിക 123

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| ഇല്ല | 4 | 2 |
| തമിഴ് | 4 | 2 |
| തമിഴ്, മലയാളം | 28 | 14 |
| തമിഴ്, മലയാളം, ഇംഗ്ലീഷ് | 8 | 4 |
| മലയാളം, ഇംഗ്ലീഷ് | 76 | 38 |
| മലയാളം | 80 | 40 |

ആകെ ആവേദകരിൽ 2% പേരാണ് പത്രങ്ങളും ആനുകാലികങ്ങളും സ്ഥിരമായി വായിക്കാത്തത്. 2% പേർ തമിഴിലുള്ളവ മാത്രം വായിക്കുന്നവരാണ്. 14% പേർ തമിഴിലും മലയാളത്തിലുമുള്ളവ വായിക്കുന്നു. 4% പേർ തമിഴ്മല

യാളങ്ങളോടൊപ്പം ഇംഗ്ലീഷിലുള്ളവകൂടി വായിക്കുന്നവരാണ്. 38% പേർ മലയാളത്തിലും ഇംഗ്ലീഷിലുമുള്ളവ വായിക്കുന്നു. ശേഷിച്ച 40% പേർ മലയാള പത്രങ്ങളും ആനുകാലികങ്ങളും മാത്രം വായിക്കുന്നവരാണ്.

ചിത്രം 6




കുടിയേറ്റ കാലദൈർഘ്യം കുറഞ്ഞവരിൽ കൂടിയവരിലേക്കാൾ 44% പേർ കൂടുതലാണ് തമിഴ് പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നവർ. ഒറ്റയ്ക്കു താമസിക്കുന്നവരേക്കാൾ കൂട്ടമായി താമസിക്കുന്ന 8% പേർ തമിഴിന് പ്രാമുഖ്യം നൽകുന്നു. സ്ത്രീകളേക്കാൾ പുരുഷന്മാരിൽ 24% പേർ തമിഴ് പ ത്രങ്ങളും ആനു കാലികങ്ങളും വായിക്കുന്നു എന്നത് സ്ത്രീകൾ പ്രായേണ വീട്ടിൽ ഒതുങ്ങിക്കഴി യുന്നതിനാൽ പുറത്തിറങ്ങുന്ന പുരുഷന്മാർക്കുള്ളത്ര മാധ്യമസാഹചര്യം ലഭിക്കാ ത്തതുകൊു കൂടിയാണ്. ചെറുപ്പക്കാരേക്കാൾ പ്രായമായവരിൽ 8% പേർ തമിഴ് പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നു്. എന്നാൽ മധ്യവയസ്കർ ഈ രു വിഭാഗത്തേക്കാൾ തമിഴ് വായിക്കുന്നത് താരതമ്യേന കുറവായി കാണുന്നത് കൂടുതൽ അന്വേഷണത്തിന് വക നൽകുന്നു ്. വിദ്യാഭ്യാസം കൂടി യവരിലേക്കാൾ കുറഞ്ഞവരിൽ 27% പേർ അധികമാണ് തമിഴ് വായിക്കുന്നവർ.

സാമ്പത്തിക കീഴ്വർഗ്ഗത്തേക്കാൾ മധ്യവർഗ്ഗം 1% കൂടുതലായി തമിഴ് വായിക്കുന്നു എന്നത് നേരിയ വ്യത്യാസമെന്നു കരുതാം. സമ്പന്നരിൽ ആരും തന്നെ തമിഴ് ഒട്ടും വായിക്കുന്നില്ല എന്നത് സാമ്പത്തികനില ഉയരുന്നതനുസരിച്ച്

കേരളത്തിലെ തമിഴ് വാണിയരിൽ ഭാഷ–ആദേശ തീവ്രത കൂടുന്നതിന്റെ വ്യക്തമായ തെളിവാണ്. ഉന്നതവർഗ്ഗത്തിന്റെ ഇംഗ്ലീഷിലുള്ള വർധനവും ശ്രദ്ധേയമാണ്. ഇവരിൽ 88% പേരാണ് ഇംഗ്ലീഷ് പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നത്. കീഴ്സ്ഥിതിയിലുള്ളവരെക്കാൾ മലയാളം വായിക്കുന്ന സമ്പന്നർ 65% കുറവാണ്.

ആകെ ആവേദകരിൽ തമിഴ് ദിനപത്രങ്ങളും ആനുകാലികങ്ങളും മാത്രം വായിക്കുന്നത് രും തമിഴ്മലയാളങ്ങളിലുള്ളവ വായിക്കുന്നത് 18–ഉം മലയാളം മാത്രം വായിക്കുന്നത് 78–ഉം ശതമാനം ആണ്.

### 5.3.1.5.2. സിനിമാസ്വാദനത്തിലെ ഭാഷാസംരക്ഷണം

പട്ടിക 124

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| ഇല്ല | 8 | 4 |
| തമിഴ്, മലയാളം | 24 | 12 |
| തമിഴ്, മലയാളം, ഹിന്ദി | 56 | 28 |
| തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 80 | 40 |
| മലയാളം | 20 | 10 |
| മലയാളം, ഹിന്ദി, ഇംഗ്ലീഷ് | 12 | 6 |

ആകെ ആവേദകരിൽ 4% പേർ സിനിമ കാണുന്ന പതിവുള്ളവരല്ല. 12% പേർ തമിഴിലും മലയാളത്തിലുമുള്ള സിനിമകൾ മാത്രം കാണുന്നവരാണ്. 28% പേർ തമിഴിലും മലയാളത്തിലും ഹിന്ദിയിലുമുള്ള സിനിമകൾ കാണുന്നവരാണ്. 40% പേർ തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സിനിമകൾ കാണുന്നവരാണ്. 10% പേർ മലയാള സിനിമകൾ മാത്രം കാണുന്നവരാണ്. 6% പേർ മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സിനിമകൾ കാണുന്ന വരാണ്.

ചിത്രം 7




2, 3, 4 എന്നീ അക്ക ഉത്തരങ്ങൾ പറഞ്ഞവരെ ഭഷ–ആദേശ പ്രക്രിയയിലൂടെ കടന്നുപോയിക്കൊറിരിക്കുന്നവരായും, 5, 6 അക്ക ഉത്തരങ്ങൾ പറഞ്ഞവരെ ഭാഷ–ആദേശം പൂർണ്ണമായവരായും കണക്കാക്കാം. അതിന്റെ വെളിച്ചത്തിൽ, നൂറു വർഷത്തിനകം കുടിയേറിയവരിൽ ആരിലും ഭാഷ–ആദേശം പൂർണ്ണമായിട്ടില്ലെന്നും മുഴുവൻ പേരും ഭാഷ–ആദേശ പ്രക്രിയയിലൂടെ കടന്നുപോയിക്കൊറിരിക്കുകയാണെന്നും വരുന്നു. നൂറു വർഷം മുമ്പ് കുടിയേറിയവരിൽ 70% പേരും ഭാഷ–ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നവരാണെന്നും, 24% പേർ പൂർണ്ണമായ ഭാഷ–ആദേശം സംഭവിച്ചവരായും കണക്കാക്കണം. സിനിമാസ്വാദന ശീലമില്ലാത്തതിനാൽ 6% പേരുടെ ചിത്രം ഇക്കാര്യത്തിൽ അവ്യക്തമാണ്. കൂട്ടമായി താമസിക്കുന്നവരിൽ 7% പേരുടെ ചിത്രം അവ്യക്തമാണ്. 75% പേരും ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നു. 18% പേരാണ് ആദേശപ്രക്രിയ പൂർത്തിയായവർ. കൂട്ടംവിട്ട് താമസിക്കുന്നവരിൽ 86% പേർ ആദേശപ്രക്രിയയിലുള്ളവരും 14% പേർ ആദേശം പൂർണ്ണമായവരുമാണ്. ആണുങ്ങളിൽ 4% പേരുടെ ചിത്രം വ്യക്തമല്ല. 84% പേർ ആദേശപ്രക്രിയയ്ക്കിടയിലുള്ളവരും 12% പേർ ആദേശപ്രക്രിയ പൂർത്തിയാക്കിയവരുമാണ്. പെണ്ണുങ്ങളിൽ 4% പേരുടെ ചിത്രം അവ്യക്തവും 76% പേർ ആദേശ

പ്രക്രിയയിലുള്ളവരും 20% പേർ ആദേശപ്രക്രിയ പൂർത്തിയാക്കിയവരുമാണ്. ചെറുപ്പക്കാരിൽ 78.5% പേർ ആദേശപ്രക്രിയയിലുള്ളവരും 21.5% പേർ ആദേശപ്രക്രിയ പൂർത്തിയാക്കിയവരുമാണ്. മധ്യവയസ്കരിൽ 90.5% പേരും ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നവരും 9.5% പേർ പ്രക്രിയ പൂർത്തിയാക്കിയവരുമാണ്. പ്രായം ചെന്നവരിൽ 20% പേരുടെ സ്ഥിതി വ്യക്തമല്ല. 60% പേർ ആദേശപ്രക്രിയയിലുള്ളവരാണ്. ശേഷിച്ച 20% പേരിൽ ആദേശപ്രക്രിയ പൂർണ്ണമാണ്. വിദ്യാഭ്യാസം കൂടിയവരിൽ 77.5% പേർ ആദേശപ്രക്രിയയിലുള്ളവരാണ്. 22.5% പേരിൽ പ്രക്രിയ പൂർണ്ണമാണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 9% പേരുടെ സ്ഥിതി അവ്യക്തവും 82% പേർ ആദേശപ്രക്രിയയിലുള്ളവരും 9% പേർ പ്രക്രിയ പൂർത്തിയാക്കിയവരുമാണ്. സാമ്പത്തിക കീഴ്വർഗ്ഗത്തിൽപ്പെട്ടവരിൽ 86% പേർ ആദേശപ്രക്രിയയിലുള്ളവരും 14% പേർ പ്രക്രിയ പൂർത്തിയാക്കിയവരുമാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിൽ ഉള്ളതിൽ 7% പേരുടെ നില അവ്യക്തമാണ്. 76% പേർ ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നു. 17% പേരിൽ ആദേശപ്രക്രിയ പൂർണ്ണമാണ്. ഉന്നത സാമ്പത്തിക നിലയിലുള്ളവരിൽ 87% പേർ ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നു്. 13% പേർ പ്രക്രിയ പൂർത്തിയാക്കിയവരാണ്.

പൂർണ്ണമായും ഭാഷാസംരക്ഷണം ചെയ്യുന്ന ആരുമില്ല എന്നത് ശ്രദ്ധേയമാണ്. 4% പേരുടെ നില അവ്യക്തമാണ്. ആകെ ആവേദകരിൽ 80% പേരും ആദേശപ്രക്രിയയിൽ നിൽക്കുന്നവരാണ്. 16% പേരിൽ ആദേശപ്രക്രിയ പൂർണ്ണമാണ്.

#### 5.3.1.5.3. റേഡിയോ

പട്ടിക 125

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| കേൾക്കാത്തവർ | 80 | 40 |
| തമിഴ് | | |
| തമിഴ്, മലയാളം | 92 | 46 |
| മലയാളം | 28 | 14 |

ആകെ ആവേദകരിൽ 40% പേർ റേഡിയോ കേൾക്കാത്തവരാണ്. 46% പേർ തമിഴ്, മലയാളം പരിപാടികൾ കേൾക്കുന്നവരാണ്. 14% പേർ മലയാള പരിപാടികൾ മാത്രം കേൾക്കുന്നവരാണ്.

ചിത്രം 8




100 വർഷത്തിനിപ്പുറം കുടിയേറിയവരിൽ 50%, നൂറുവർഷത്തിനപ്പുറം കുടിയേറിയവരിൽ 35%, കൂട്ടമായി താമസിക്കുന്നവരിൽ 32%, ഒറ്റതിരിഞ്ഞു താമസിക്കുന്നവരിൽ 50%, ആണുങ്ങളിൽ 36%, പെണ്ണുങ്ങളിൽ 44%, ചെറുപ്പക്കാരിൽ 37%, മധ്യവയസ്കരിൽ 38%, പ്രായംകൂടിയവരിൽ 50%, വിദ്യാഭ്യാസം കൂടിയവരിൽ 44%, കുറഞ്ഞവരിൽ 35%, സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽ പെട്ട

വരിൽ 38%, മധ്യവർഗ്ഗത്തിൽ 41%, ഉന്നതവർഗ്ഗത്തിൽ 38% വീതം സാധാര ണയായി റേഡിയോ കേൾക്കാത്തവരാണ്. ആകെ ആവേദകരിൽ റേഡിയോ ശ്രവണശീലമില്ലാത്തവർ 40% വരും.

തമിഴ് പരിപാടികൾ മാത്രം ശ്രദ്ധിക്കുന്ന ഒരാൾ പോലും ആവേദക ർക്കിടയിൽ ഇല്ല എന്നത് പ്രത്യേകം പറയേതു്.

100 വർഷത്തിനുള്ളിൽ കുടിയേറിയവരിൽ റേഡിയോ കേൾക്കുന്ന ശീലമുള്ളവരിൽ എല്ലാവരും തമിഴിലും മലയാളത്തിലുമുള്ള പരിപാടികൾ കേൾക്കുന്നവരാണ്. 100 വർഷത്തിനു മുമ്പ് കുടിയേറിയവരിൽ മലയാള പരിപാടി കൾ മാത്രം കേൾക്കുന്നവർ 21% ഉ്.

കൂട്ടമായി താമസിക്കുന്നവരിലേക്കാൾ തമിഴിലും മലയാളത്തിലുമുള്ള പ രിപാടികൾ കേൾക്കുന്നവർ ഒറ്റയ്ക്കു താമസിക്കുന്നവരിൽ 41% കുറവാണ്. മലയാള പരിപാടികൾ മാത്രം കേൾക്കുന്നവർ കൂട്ടമായി താമസിക്കുന്ന വരിലേക്കാൾ ഒറ്റയ്ക്കു താമസിക്കുന്നവരിൽ 23% കൂടുതലാണ്.

ലിംഗഭേദത്തിന് ഇക്കാര്യത്തിൽ വലിയ പ്രസക്തി കാണുന്നില്ല. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യത്യാസം നാമമാത്രമാണ്. അതായത്, തമിഴ്-മലയാള പരിപാടികൾ കേൾക്കുന്നവരിൽ ആണുങ്ങളിലേക്കാൾ പെണ്ണുങ്ങ ളിൽ 4 ശതമാനമാണ് വ്യത്യാസം. മലയാളം മാത്രം കേൾക്കുന്നവരിലും സ്ത്രീപുരുഷ അന്തരം 4% മാത്രമാണ്. ചെറുപ്പക്കാരിൽ 37-ഉം മധ്യവയസ്കരിൽ 38-ഉം പ്രായംചെന്നവരിൽ 50-ഉം ശതമാനം റേഡിയോ ശ്രോതാക്കളല്ല. ചെറുപ്പക്കാരും മധ്യവയസ്കരും തമ്മിൽ ഭാഷയുടെ കാര്യത്തിൽ സാരമായ വ്യത്യാസമില്ല. എന്നാൽ പ്രായംചെന്നവരിൽ മലയാളം കൂടുതൽ കേൾക്കുന്നതാ യാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന്റെ കാരണം അന്വേഷിക്കേതു്. ഒരുപക്ഷേ, തമിഴ് പരിപാടികൾ തേടിപ്പിടിക്കുന്നത് എങ്ങനെയാണെന്നതിനെ

ക്കുറിച്ചുള്ള അറിവില്ലായ്മയാകാം കാരണം. വിദ്യാഭ്യാസപരമായും സാമ്പത്തിക മായും പിന്നോക്കം നിൽക്കുന്നവർ മുന്നോക്കക്കാരെ അപേക്ഷിച്ച് തമിഴിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു്.

### 5.3.1.5.4. ദൂരദർശൻ

പട്ടിക 126

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| കാണാത്തവർ | 4 | 2 |
| തമിഴ് | | |
| തമിഴ്, മലയാളം | 188 | 94 |
| മലയാളം | 8 | 4 |

ആകെ ആവേദകരിൽ 2% പേർ ദുരദർശൻ കാണാത്തവരാണ്. 94% പേർ തമിഴ്–മലയാള പരിപാടികൾ കാണുന്നവരാണ്. 4% പേർ മലയാളം മാത്രം കാണുന്നവരാണ്.

ചിത്രം 9



നൂറ്റാനകം കുടിയേറിയവരേക്കാൾ തമിഴിന് പ്രാധാന്യം കൊടുക്കു ന്നവർ നൂറ്റാനുമുമ്പ് കുടിയേറിയവരിൽ 9% കുറവാണ്. കൂട്ടമായി താമസി ക്കുന്നവരിലേക്കാൾ കൂട്ടംവിട്ട് താമസിക്കുന്നവരിൽ തമിഴ് പരിപാടികൾ കാണുന്നവർ 5% കുറവാണ്. ആണുങ്ങളിലേക്കാൾ തമിഴ് പരിപാടികൾ കാണു ന്നവർ പെണ്ണുങ്ങളിൽ 4% കൂടുതലാണ് എന്നത് സ്ത്രീകളിൽ ഭാഷാസംരക്ഷണം കൂടുതലായതുകൊല്ല. എന്തെന്നാൽ ആണുങ്ങളിൽ 4% പേർ ടിവി കാണാത്തവരാണ്. എന്നാൽ പെണ്ണുങ്ങളിൽ എല്ലാവരും ടിവി കാണുന്നവരാണ്. ചെറുപ്പക്കാരും മധ്യവയസ്കരുമായ എല്ലാവരും തമിഴ്-മലയാള പരിപാടികൾ കാണുമ്പോൾ പ്രായം കൂടിയവരിൽ 70% പേർ മാത്രമാണ് തമിഴ് പ്രേക്ഷകർ മാത്രമല്ല, 20% പേർ മലയാളം മാത്രം കാണുന്നവരുമാണ് എന്നത് കൂടുതൽ പ ഠനത്തിന് വകനൽകുന്നു. വിദ്യാഭ്യാസം കൂടിയവരിലേക്കാൾ തമിഴ് പ്രേക്ഷകർ വിദ്യാഭ്യാസം കുറഞ്ഞവരിൽ കൂടുതലാണ്. സാമ്പത്തിക കീഴ്വർഗ്ഗത്തിലും ഉന്നതവർഗ്ഗത്തിലുമുള്ള എല്ലാവരും ഭാഷയ്ക്ക് തുല്യ പ്രാധാന്യമാണ് നൽകു ന്നത്. മധ്യവർഗ്ഗത്തിനാണ് ഭാഷാസംരക്ഷണത്തിൽ താല്പര്യം കുറഞ്ഞതായി കാണുന്നത്.

തമിഴ് മാത്രം കാണുന്ന ആരും ആവേദകരിലില്ല എന്നത് എടുത്തു പറയേ വസ്തുതയാണ്. ഭാഷാസംരക്ഷണം പൂർണ്ണമായും നിലനിർത്തുന്ന ആരുമില്ല എന്നതാണ് ഇത് നൽകുന്ന സൂചന. ദൂരദർശൻ കാണുന്ന കാര്യത്തിൽ 94% പേർ ഭാഷ-ആദേശ പ്രക്രിയയിലൂടെ കടന്നുപോകുന്നതായും 4% പേരിൽ പ്രക്രിയ പ ൂർണ്ണമായതായും വിലയിരുത്തേിയിരിക്കുന്നു.

മറ്റു ഭാഷാചരങ്ങളെ അപേക്ഷിച്ച് ടിവി കാണുന്ന കാര്യത്തിൽ ഭാഷാ സംരക്ഷണത്തിന്റെ തോത് വളരെ കൂടുതലായി കാണുന്നു. ടിവിയിൽ കാഴ്ച യ്ക്ക് കേൾവിയേക്കാൾ പ്രാധാന്യമേറിയതുകൊും ഭാഷാജ്ഞാനമില്ലാ ത്തവർക്കും ടിവി കാണാമെന്നതുകൊുമാകാം ഇങ്ങനെ സംഭവിക്കുന്നത്.

### 5.3.1.6. വ്യത്യസ്ത സാമൂഹികചരങ്ങളുടെയും ഭാഷാമേഖലകളുടെയും ഭാഷാ സംരക്ഷണവും ആദേശവും

#### 5.3.1.6.1. അധിവാസ-കുടിയേറ്റ കാലദൈർഘ്യം

മേൽപ്പറഞ്ഞ ഭാഷാമേഖലകളിൽ ആവേദകർ സംരക്ഷിക്കുന്ന ഭാഷയുടെ ശരാശരിയനുസരിച്ച് നൂറുവർഷത്തിനകം കുടിയേറിയവരിൽ 21.44% പേർ തമിഴ് പൂർണ്ണമായും സംരക്ഷിക്കുന്നതായും 51.94% പേർ തമിഴ് ഏറെക്കുറെ സംരക്ഷിക്കുന്നതോടൊപ്പം മലയാളത്തെ ആവുന്നത്ര സ്വാംശീകരിച്ചതായും 16.44% പേർ തമിഴ് പൂർണ്ണമായും നഷ്ടപ്പെടുത്തിക്കൊ് മലയാളത്തെ എല്ലാ മേഖലകളിലും സ്വാംശീകരിച്ചതായും കണക്കുകൾ കാണിക്കുന്നു. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 5.25% പേരാണ് തമിഴ് പൂർണ്ണമായും സംരക്ഷിക്കുന്നത്. 34.38% പേർ തമിഴ് സംരക്ഷിക്കുന്നതോടൊപ്പം മലയാളത്തെ സ്വാംശീകരിക്കുകയും ചെയ്തിരിക്കുന്നു. 50.19% പേർ തമിഴ് പൂർണ്ണമായും ഉപേക്ഷിക്കുകയും മലയാളത്തെ എല്ലാ ഭാഷാമേഖലകളിലും സ്വാംശീകരിക്കുകയും ചെയ്തവരാണ്. അതായത് അടുത്തകാലത്ത് കുടിയേറിയവരേക്കാൾ തമിഴ് സംരക്ഷിക്കുന്നവർ മുമ്പ് കുടിയേറിയവരിൽ 16.19% കുറവാണ്. മുമ്പ് കുടിയേറിയവരേക്കാൾ ഭാഷ-ആദേശപ്രക്രിയയിലൂടെ കടന്നുപോയിക്കൊിരിക്കുന്നവർ അടുത്തകാലത്ത് കുടിയേറിയവരിൽ 17.56% കൂടുതലാണ്. ഭാഷ-ആദേശപ്രക്രിയ പൂർത്തിയായവർ അടുത്തകാലത്ത് കുടിയേറിയവരിലേക്കാൾ മുമ്പ് കുടിയേറിയവരിൽ 33.75% കൂടുതലാണ്.

#### 5.3.1.6.2. കൂട്ടമായും ഒറ്റതിരിഞ്ഞും അധിവസിക്കുന്നവരിലെ സംരക്ഷണവും ആദേശവും

കൂട്ടമായി താമസിക്കുന്നവരിൽ വ്യത്യസ്ത ഭാഷാമേഖലകളിൽ തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നത് 13.81% പേരാണ്. 47.13% പേർ തമിഴും മലയാളവും

സാഹചര്യാനുസൃതം ഉപയോഗിക്കുന്നു. 28.81% പേർ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞു. തൽസ്ഥാനത്ത് അവർ മലയാളമോ ഇംഗ്ലീഷോ ആണ് ഉപയോഗിക്കുന്നത്. കൂട്ടത്തിൽ നിന്നു മാറി താമസിക്കുന്നവരിൽ 7.44% പേരാണ് പൂർണ്ണമായും തമിഴ് സംരക്ഷിക്കുന്നത്. 30.69% പേർ തമിഴും മലയാളവും സാഹചര്യാനുസൃതം ഉപയോഗിക്കുന്നു. 53.06% പേർ പൂർണ്ണമായും മലയാള മാണ് എല്ലാ മേഖലകളിലും ഉപയോഗിക്കുന്നത്. അതായത് തമിഴ് മാത്രം ഉപയോഗിക്കുന്നവർ അഥവാ ഭാഷാസംരക്ഷണം പൂർണ്ണമായും നിലനിർത്തുന്നവർ കൂട്ടംവിട്ടു താമസിക്കുന്നവരിലേക്കാൾ കൂട്ടത്തിൽ താമസിക്കുന്നവരിൽ 6.37% കൂടുതലാണ്. ഭാഷ–ആദേശ പ്രക്രിയയിലൂടെ കടന്നുപോകുന്നവരും കൂട്ടത്തിൽനിന്ന് മാറിനിൽക്കുന്നവരിലേക്കാൾ കൂട്ടത്തിൽ നിൽക്കുന്നവരിൽ 16.44% കൂടതലാണ്. ഭാഷ–ആദേശപ്രക്രിയ പൂർത്തിയാക്കിയവർ കൂട്ടംവിട്ടു നിൽക്കുന്നവരിലേക്കാൾ കൂട്ടത്തിൽ നിൽക്കുന്നവരിൽ 24.25% പേർ കുറവാണ്.

#### 5.3.1.6.3. ഭാഷാവസ്ഥകളിലെ സ്ത്രീപുരുഷ വ്യത്യാസം

വ്യത്യസ്ത ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണാദേശാദികളുടെ ശരാശരിയനുസരിച്ച് ആണുങ്ങളിൽ 12.33% തമിഴ് പൂർണ്ണമായും സംരക്ഷിക്കുന്നവരാണ്. 48.67% ആണുങ്ങൾ ആദേശപ്രക്രിയയിലൂടെ കടന്നുപോയി ക്കൊിരിക്കുന്നവരാണ് അഥവാ തമിഴും മലയാളവും സാഹചര്യാനുസൃതം മാതൃഭാഷയെന്നപോലെ മാറിമാറി ഉപയോഗിക്കുന്നവരാണ്. 29.33% ആണുങ്ങൾ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞു അഥവാ പൂർണ്ണമായ ഭാഷ–ആദേശത്തിനു വിധേയരായവരാണ്. പെണ്ണുങ്ങളിൽ 8.42 ശതമാനമാണ് തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ. 46.67% സ്ത്രീകൾ തമിഴും മലയാളവും ഉപയോഗിക്കുന്നു. അഥവാ ഭാഷ–ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നു. 35.33% സ്ത്രീകളിൽ ഭാഷ–ആദേശപ്രക്രിയ പൂർണ്ണമായിക്കഴിഞ്ഞു.

തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ സ്ത്രീകളിലേക്കാൾ പുരുഷ ന്മാരിൽ 3.9% കൂടുതലാണ്. ഭാഷ–ആദേശപ്രക്രിയയിലൂടെ കടന്നുപോകുന്നവരും പെണ്ണുങ്ങളിലേക്കാൾ ആണുങ്ങളിൽ 2% കൂടുതലാണ്. പൂർണ്ണമായ ഭാഷ–ആദേശത്തിന് വിധേയരായവർ സ്ത്രീകളിലേതിനെ അപേക്ഷിച്ച് പുരുഷന്മാരിൽ 6% കുറവാണ്. അതായത് കേരളത്തിലെ തമിഴ് വാണിയരിലെ സ്ത്രീകൾ ഭാഷാസംരക്ഷണത്തിന്റെ കാര്യത്തിൽ പുരുഷന്മാരേക്കാൾ പിന്നിലാണ്. ഇത് ഭാഷാശാസ്ത്രത്തിന്റെ പൊതുനിയമങ്ങൾക്കനുസൃതമായി രൂപപ്പെട്ട, സ്ത്രീക ളിൽ പുരുഷന്മാരെ അപേക്ഷിച്ച് ഭാഷാസംരക്ഷണ പ്രവണത കൂടുതലായിരിക്കും എന്ന വസ്തുത തെറ്റാണ് എന്ന് തെളിയിക്കുന്നു. കൂടുതൽ വിശദീകരണം അർഹിക്കുന്ന വസ്തുതയാണിത്.

സാധാരണ ഭാഷാന്യൂനപക്ഷങ്ങളിലെ സ്ത്രീകൾ പുരുഷന്മാരേക്കാൾ മാതൃഭാഷാസംരക്ഷകരായാണ് കുവരുന്നത്. സ്ത്രീകളുടെ പെരുമാറ്റം മിക്കവാറും വീട്ടിൽ ഒതുങ്ങുന്നതിനാൽ സമ്പർക്കസമൂഹവുമായി ഇടപെട്ട് സ്വഭാഷ നഷ്ടപ്പെടാനുള്ള സാഹചര്യം കുറവായതാണ് ഇതിന് പ്രധാന കാരണമായി നിരീക്ഷിച്ചിട്ടുള്ളത്. ബാംഗ്ലൂരിലെ തമിഴ് സ്ത്രീകൾ തമിഴിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതായി ബേയറും നിരീക്ഷിക്കുന്നു് (1986: 79). സ്ത്രീകളുടെ സാമൂഹികബന്ധം സ്ത്രീകളിലും സമുദായത്തിലും ഒതുങ്ങി നിൽക്കുന്നതാണ് കാരണമായി ചൂിക്കാട്ടുന്നത്. ജീവനോപാധി തേടുന്നതിൽ മുഖ്യപങ്കു വഹിക്കുന്ന പുരുഷന്മാർക്ക് സാമൂഹികവും സാമ്പത്തികവുമായ വ്യത്സ്ത സമൂഹങ്ങളുമായി ഇടപഴകേി വരുന്നത് ഭാഷാ ആദേശത്തിന് വേഗം കൂടാൻ കാരണമാകുന്നു (ibid). എന്നാൽ ഇതേ കാരണങ്ങൾ തന്നെ കേരള ത്തിലെ തമിഴ് വാണിയരിൽ നേർവിപരീത ഫലമാണ് ഉളവാക്കുന്നത് എന്നാണ് നിരീക്ഷണങ്ങളിൽ വ്യക്തമാകുന്നത്. ഇതിന് കാരണങ്ങൾ പലതാണ്.

(1) കേരളീയ സമൂഹവുമായി വിവിധ മേഖലകളിൽ ഏറ്റവുമധികം സഹവർത്തിക്കുന്ന സമൂഹമാണ് തമിഴരുടേത്. 1973–ൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കേരളത്തിൽ 1961–ൽ 5,27,708–ഉം (3.12%), 1971–ൽ 5,05,340–ഉം (2.37%) തമിഴർ ഉായിരുന്നു. അതേകാലത്ത് തമിഴ്നാട്ടിൽ യഥാക്രമം 4,04,346–ഉം (1.20%) 5,59,186–ഉം (1.36%) മലയാളികളും ഉായിരുന്നു (Distribution of Languages in India in States and Various Territories, 1973). അന്യസംസ്ഥാനങ്ങളിലുള്ള മലയാളികളിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ തമിഴ്നാട്ടിലാണ് എന്നും അന്യനാട്ടിലുള്ള തമിഴരിൽ മൈസൂരും ആന്ധ്രയും കഴിഞ്ഞാൽ ഏറ്റവുമധികമുള്ളത് കേരളത്തിലാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു (ibid). ഇന്നും കേരളത്തിൽ തമിഴരുടെയും തമിഴ്നാട്ടിൽ മലയാളിയുടെയും സാന്നിധ്യം വളരെ കൂടുതലാണ്.

അന്യനാടുകളിൽ പോയി പാർക്കുന്നവരിൽ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാർ കൂടുതൽ ആവുക തികച്ചും സ്വാഭാവികമാണ്. സ്വന്തം നാട്ടിലുള്ള അന്യനാട്ടുകാരുമായി സമ്പർക്കം പുലർത്തുന്നവരിലും ആണുങ്ങളായിരിക്കും കൂടുതൽ.

(2) തമിഴ്നാടുമായി നിരന്തരം വാണിജ്യബന്ധത്തിലേർപ്പെട്ടിരിക്കുന്ന ധാരാളം പേർ കേരളത്തിലെ തമിഴ്വാണിയരിൽ ഉ്. പുരുഷാധിപത്യം നിലനിൽക്കുന്ന മേഖലയായതിനാൽ ഈ സാഹചര്യവും ആണുങ്ങളുടെ ഭാഷാസംരക്ഷണത്തെയാണ് സഹായിക്കുന്നത്.

(3) തങ്ങൾ തമിഴരാണെന്ന ബോധം നിലനിർത്തുന്നതിൽ പുരുഷന്മാർ തുല്യരാകാമെങ്കിലും ഗൃഹാതുരത്വത്തോടെ മാതൃരാജ്യസന്ദർശനം നട

ത്താനുള്ള സ്വാതന്ത്ര്യവും സാഹചര്യവും ഇന്ത്യൻ സാഹചര്യങ്ങളിൽ പുരുഷനാണ് കൂടുതൽ ലഭിക്കുന്നത്.

(4) ലൈബ്രറികളിലും പൊതുസ്ഥലങ്ങളിലും ലഭ്യമായ തമിഴ് മാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സ്ത്രീയെ അപേക്ഷിച്ച് പുരുഷന് കൂടുതൽ സാധിക്കുന്നു.

(5) മറ്റു പലതിലുമുപരി സ്ത്രീകളേക്കൾ പുരുഷന് ഇന്ത്യൻ സാഹചര്യത്തിൽ ഒഴിവു സമയം ലഭിക്കുന്നത് താരതമ്യേന കൂടുതലാണ്. ഇത്തരം അവസരങ്ങൾ ഗൃഹാതുരസ്മരണകൾ അയവിറക്കാനും നഷ്ടസ്വത്വം വീണ്ടെക്കാനും പ്രയോജനപ്പെടുത്താൻ പുരുഷന് സാധിക്കുന്നു. സാമുദായിക സ്വത്വത്തേക്കുറിച്ച് പഠിക്കുന്നതിലും അനുബന്ധ പ്രവൃത്തികളിൽ ഏർപ്പെടുന്നതിലും സ്ത്രീകളെ അപേക്ഷിച്ച് ആണുങ്ങൾ വളരെ കൂടുതലാണ്.

ഈ കാരണങ്ങളാൽ സ്ത്രീകളുടെ സാമൂഹികസമ്പർക്കം വീട്ടിലും സ്വസമുദായത്തിലും പരിമിതപ്പെടുന്നത്, ഇതര ഭാഷാന്യൂനപക്ഷങ്ങളിലേതിൽ നിന്ന് നേർവിപരീതമായി സ്ത്രീകളുടെ ഭാഷാസംരക്ഷണത്തെ പ്രതികൂലമായാണ് ബാധിക്കുന്നത്. അതിനാൽ കേരളത്തിലെ തമിഴ്വാണിയത്തികൾ വാണിയന്മാരേക്കാൾ ഭാഷാസംരക്ഷണത്തിൽ പിന്നിലാണ്.

### 5.3.1.6.4. വ്യത്യസ്ത പ്രായക്കാരിലെ ഭാഷാവസ്ഥകൾ

വിവിധ ഭാഷാമേഖലകളിലെ ഭാഷാവസ്ഥകളുടെ ശരാശരിയനുസരിച്ച് ചെറുപ്പക്കാരിൽ 7.83% പേരാണ് തമിഴ് പൂർണ്ണമായി കാത്തുസൂക്ഷിക്കുന്നത്. 40.11% ചെറുപ്പക്കാർ തമിഴും മലയാളവും ഉപയോഗിക്കുന്നവരാണ് അഥവാ തമിഴ് പൂർണ്ണമായി ഉപേക്ഷിക്കാതെ എന്നാൽ ഭാഗികമായി ഉപേക്ഷിക്കുകയും ഭാഗികമായി ഉപയോഗിക്കുകയും ചെയ്തുകൊ് മലയാളവും ഉപയോഗിക്കുന്ന

വരാണ്. അതായത് ഭാഷ–ആദേശ പ്രക്രിയയിലൂടെ കടന്നുപോയിക്കൊിരിക്കുന്നവരാണ്. 38.21% ചെറുപ്പക്കാരിൽ ആദേശപ്രക്രിയ പൂർണ്ണമാണ്. അതായത് തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചുകൊ് എല്ലാ മേഖലകളിലും മലയാളം സ്വീകരിച്ചുകഴിഞ്ഞു. മധ്യവയസ്കരിൽ 11.92% പേരാണ് തമിഴ് പൂർണ്ണമായി സംരക്ഷിച്ചുപോരുന്നത്. 56.71% പേർ തമിഴും മലയാളവും ഉപയോഗിക്കുന്ന വരാണ് അഥവാ ആദേശപ്രക്രിയയ്ക്ക് വിധേയരായിക്കൊിരിക്കുന്നവരാണ്. 27.38% മധ്യവയസ്കരിൽ ആദേശപ്രക്രിയ പൂർണ്ണമായിക്കഴിഞ്ഞിരിക്കുന്നു. പ്രായംകൂടിയവരിൽ 11.67% പേരാണ് തമിഴ് പൂർണ്ണമായും സംരക്ഷിക്കുന്നത്. 40.83% പ്രായംകൂടിയവർ ആദേശപ്രക്രിയയിലൂടെ കടന്നുപോയിക്കൊി രിക്കുന്നു. 35.83% പ്രായംകൂടിയവരിൽ ആദേശപ്രക്രിയ പൂർണ്ണമായിക്കഴിഞ്ഞു.

തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ ചെറുപ്പക്കാരിലേതിനെ അപേക്ഷിച്ച് മധ്യവയസ്കരിൽ 4.09 ശതമാനവും പ്രായംചെന്നവരിൽ 3.84 ശതമാനവും കൂടുതലാണ്. ഭാഗികമായി തമിഴ് സംരക്ഷിക്കുന്നവർ അഥവാ ആദേശപ്രക്രിയ യിലൂടെ കടന്നുപോകുന്നവർ ചെറുപ്പക്കാരിലേക്കാൾ മധ്യവയസ്കരിൽ 16.6 ശതമാനവും പ്രായംകൂടിയവരിൽ 0.72 ശതമാനവും കൂടുതലാണ്. പൂർണ്ണമായും മലയാളം സ്വീകരിച്ചവർ ചെറുപ്പക്കാരിൽ മധ്യവയസ്കരേക്കാൾ 10.83 ശതമാനവും പ്രായംകൂടിയവരിലേക്കാൾ 2.38 ശതമാനവും കൂടുതലാണ്. അതായത്, ചെറുപ്പക്കാരിലേക്കാൾ പ്രായം ചെന്നവരിൽ ഭാഷയ്ക്ക് കൂടുതൽ സംരക്ഷണം ലഭിക്കുന്നു എന്ന പരികൽപ്പന ഭാഗികമായി സാധുവാണെന്ന് കണക്കുകൾ പറയുന്നു.

ഭാഷാന്യൂനപക്ഷ സമൂഹാംഗങ്ങളിൽ പ്രായമേറുന്തോറും ഭാഷാസംരക്ഷണത്തോത് കൂടുന്നതാണ് പതിവു പ്രവണത. അധിവാസ കാലദൈർഘ്യം ഏറുന്നതനുസരിച്ച് ഭാഷാസംരക്ഷണ തീവ്രത കുറയുന്നു എന്ന സ്വാഭാവിക പ്രക്രിയയുടെ ഭാഗമാണിത്. പ്രായമേറുന്തോറും സ്വസമൂഹത്തിന്റെ തനിമ യോടുള്ള

ആഭിമുഖ്യം ഏറിവരികയും ഗൃഹാതുരത്വത്തോടെ അതിലേക്ക് വിലയം പ്രാപിക്കാനുള്ള ആഗ്രഹം ശക്തമാകുകയും ചെയ്യാനുള്ള സാധ്യതയും ഇവിടെ പരിഗണിക്കേതു്. ഈ പതിവു പ്രവണതയിൽനിന്ന് അല്പം വ്യത്യസ്തമാണ് കേരളത്തിലെ തമിഴ് വാണിയരിൽ 60–ന് മുകളിൽ പ്രായമായ വരിൽ മധ്യവയസ്കരിലേതിനേക്കാൾ ഭാഷാസംരക്ഷണ തീവ്രതയിൽ കാണുന്ന കുറവ്. ഇതിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണം താഴെപ്പറയുന്ന വസ്തു തകളിലേക്ക് വെളിച്ചംവീശുന്നു.

(1) മറ്റു സമൂഹങ്ങളുമായി കൂടുതൽ സമ്പർക്കത്തിലേർപ്പെടുന്നത് മധ്യവ യസ്കരാണ്. കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടുന്നത് മിക്കവാറും സഹപാഠികളും കൂട്ടുകാരും വീട്ടുകാരും മാത്രമാണ്. വൃദ്ധരുടേത് വീട്ടുകാരും അയൽക്കാരുമായിരിക്കും. ഈ സാഹചര്യങ്ങൾ ഇരുകൂട്ട ർക്കും തമിഴ് സമൂഹങ്ങളുമായുള്ള സമ്പർക്കത്തിന് നൽകുന്ന സാധ്യത കൾ വിരളമാണ്. കേരളത്തിന്റെ പൊതുസമൂഹത്തിൽ തമിഴരുടെ സാന്നിധ്യം ഇതര ഭാഷകരേക്കാൾ വളരെ കൂടുതലാണ്. പൊതുസമൂഹ വുമായി സമ്പർക്കത്തിലേർപ്പെടുന്നത് കൂടുതലും മധ്യവയസ്കരായ തിനാൽ പൊതുസമൂഹത്തിൽ സാന്നിധ്യം പുലർത്തുന്ന തമിഴരുമായി മറ്റുള്ളവരേക്കാൾ കൂടുതലായി ഇടപെടാനും തമിഴ് കൂടുതൽ നിലനിർ ത്താനും മധ്യവയസ്കർക്ക് സാധിക്കുന്നു.

(2) ചിലർ തമിഴ്നാട്ടിലുള്ളവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്ന പതി വ്. ഇതും ഗതാഗതസൗകര്യം കൂടുതലായതിനാലാകാം. ഇന്ന് മുമ്പ ത്തേക്കാൾ കൂടുതലാണ്. മധ്യവയസ്കർക്കാണ് ഈ സൗകര്യവും ലഭിച്ചത്.

(3) മധ്യവയസ്കരാകുമ്പോഴാണ് സാമുദായിക അംഗീകാരവും പരിഗണനയും ലഭിച്ചുതുടങ്ങുന്നത്. സാമുദായിക ഉത്സവങ്ങൾ, ചടങ്ങുകൾ, സംഘടനാപ്രവർത്തനങ്ങൾ എന്നിവയിൽ വ്യാപരിക്കുന്നത് വൃദ്ധരേക്കാളും ചെറുപ്പക്കാരേക്കാളും മധ്യവയസ്കരാണ്. ഈ സാഹചര്യവും സാമുദായിക-സാംസ്കാരിക സ്വത്വവുമായും ഭാഷാസ്വത്വവുമായും കൂടുതൽ അടുക്കാൻ മധ്യവയസ്കരെ സഹായിക്കുന്നു.

(4) മുമ്പത്തേക്കാൾ തമിഴ് മാധ്യമങ്ങളുടെ സാന്നിധ്യം ഇന്ന് കൂടുതലാണ്. തമിഴിലുള്ള പത്രമാധ്യമങ്ങളും ഇതര ആനുകാലികങ്ങളും ദൂരദർശൻ പരിപാടികളും ഇന്ന് കേരളത്തിൽ കൂടുതൽ ലഭ്യമാണ്. പഠനവേളയിൽ സമയക്കുറവു കാരണം കുട്ടികളും താല്പര്യക്കുറവും പുതിയ കാര്യങ്ങൾ പഠിച്ചെടുക്കാനുള്ള ശ്രദ്ധക്കുറവും കാരണം വൃദ്ധരും ഈ സാഹചര്യം ഉപയോഗിക്കുന്നത് താരതമ്യേന കുറവാണ്.

### 5.3.1.6.5. വിദ്യാഭ്യാസനിലവാരത്തിലെ വ്യത്യാസമനുസരിച്ച് ഭാഷാവസ്ഥയിലുള്ള വ്യത്യാസം

വ്യത്യസ്ത മേഖലകളിലെ ഭാഷാവസ്ഥകളുടെ ശരാശരിയനുസരിച്ച്, ഉന്നതവിദ്യാഭ്യാസമുള്ളവരിൽ തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ 7.38 ശതമാനമാണ്. തമിഴ് ഭാഗികമായി സംരക്ഷിക്കുന്നവർ 32.22 ശതമാനമാണ്. 51.78 ശതമാനം പേർ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞു. താഴ്ന്ന വിദ്യാഭ്യാസ നിലവാരത്തിലുള്ളവരിൽ 15.31 ശതമാനമാണ് തമിഴ് പൂർണ്ണമായും സംരക്ഷി ക്കുന്നത്. 48.81% പേർ തമിഴ് ഭാഗികമായി സംരക്ഷിക്കുന്നു്. 25% പേർ തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞവരാണ്.

പൂർണ്ണമായും തമിഴ് സംരക്ഷിക്കുന്നവർ വിദ്യാഭ്യാസം കുറഞ്ഞവരിലാണ് കൂടുതൽ. വിദ്യാഭ്യാസം കൂടിയവരിലേക്കാൾ 7.93% കൂടുതലാണ് വിദ്യാഭ്യാസം

കുറഞ്ഞവരിൽ. തമിഴ് ഭാഗികമായി സംരക്ഷിക്കുന്നവരും വിദ്യാഭ്യാസം കുറഞ്ഞ വരിലാണ് കൂടുതൽ. വിദ്യാഭ്യാസം കൂടിയവരിലേക്കാൾ ഇവർ 16.59% കൂടുത ലാണ്. തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചു കഴിഞ്ഞവർ അഥവാ ഭാഷ–ആദേശം പ ൂർണ്ണമായവർ കൂടുതൽ വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്നവരാണ്. വിദ്യാഭ്യാസപരമായി പിന്നിൽ നിൽക്കുന്നവരിലേക്കാൾ 26.78% കൂടുതലാണിവർ.

വിദ്യാഭ്യാസനിലവാരത്തിലുള്ള അന്തരം ഭാഷാവസ്ഥയെ സ്വാധീനിക്കും എന്ന വസ്തുത സാധുവാണെന്നാണ് സ്ഥിതിവിവരക്കണക്കുകളിലൂടെ വ്യക്തമാ കുന്നത്. കേരളത്തിലെ തമിഴ് വാണിയർക്ക് തമിഴ് മാധ്യമവിദ്യാഭ്യാസം ലഭ്യമല്ല. അതുകൊ് വിദ്യാഭ്യാസപരമായി ഉയർന്നുവരുന്നവർ തമിഴ് ഭാഷയിൽ നിന്ന് അകന്നുപോവുകയാണ് ചെയ്യുന്നത്. അതായത് വിദ്യാഭ്യാസപരമായി ഉയരു േ ന്താറും കേരളത്തിലെ തമിഴ് വാണിയർക്കിടയിൽ ഭാഷാസംരക്ഷണ തീവ്രത കുറയുകയും ഭാഷ–ആദേശ തീവ്രത കൂടുകയും ചെയ്യുന്നു.

#### 5.3.1.6.6. സാമ്പത്തികം

വിവിധ ഭാഷാമേഖലകളിലെ ഭാഷാസംരക്ഷണാദേശാദികളുടെ ശരാശരി യനുസരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ 12.94% തമിഴ് ഭാഷ പൂർണ്ണമായി സംരക്ഷിക്കുന്നവരാണ്. 50% പേർ ഭാഗികമായി സംരക്ഷിക്കുന്നു്. 24.56% പേർ തമിഴ് പൂർണ്ണമായി ഉപേക്ഷിച്ചവരാണ്. മധ്യവർഗ്ഗത്തിലുള്ള 11.75% പേർ തമിഴ് പൂർണ്ണമായും 39.81% പേർ ഭാഗികമായും സംരക്ഷിക്കുന്നവരാണ്. 39.25% പേർ തമിഴ് പൂർണ്ണായി ഉപേക്ഷിച്ചു കഴിഞ്ഞവരാണ്. ഉന്നത വർഗ്ഗത്തിലുള്ള 4.69% പേർ തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവരാണ്. 24.91% ഭാഗികമായി സംരക്ഷിക്കുന്നവരാണ്. 64.09% പേർ തമിഴ് പൂർണ്ണമായി ഉപേക്ഷിച്ചു കഴിഞ്ഞവരാണ്.

സാമ്പത്തിക പിന്നോക്കക്കാരിൽ തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ മധ്യവർഗ്ഗക്കാരിലേക്കാൾ 1.19% കൂടുതലാണ്. മധ്യവർഗ്ഗക്കാരിൽ ഉന്നതവർഗ്ഗക്കാരിലേക്കാൾ തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നവർ 7.06% കൂടുതലാണ്. തമിഴ് ഭാഗികമായി സംരക്ഷിക്കുന്നവർ ഉന്നത സാമ്പത്തികനിലയിലുള്ളവരിലേക്കാൾ മധ്യവർഗ്ഗത്തിലുള്ളവരിൽ 14.9% കൂടുതലാണ്. താഴ്ന്ന സ്ഥിതിയിലുള്ള വരിലാകട്ടെ മധ്യവർഗ്ഗത്തിലുള്ളവരിലേക്കാൾ 10.19% കൂടുതലാണ് തമിഴ് പ ൂർണ്ണമായി സംരക്ഷിക്കുന്നവർ. തമിഴ് പൂർണ്ണമായും നഷ്ടമായവർ താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിലേക്കാൾ മധ്യവർഗ്ഗക്കാരിൽ 14.69% കൂടുതലാണ്. ഉന്നതവർഗ്ഗക്കാരിൽ ഇത് മധ്യവർഗ്ഗക്കാരിലേക്കാൾ 24.84% കൂടുതലാണ്.

സാമ്പത്തിക സ്ഥിതിയിലുള്ള വ്യതിയാനം ഭാഷാവസ്ഥയിലും വ്യതിയാനം വരുത്തിയിട്ടുാകും എന്ന പരികല്പന സാധൂകരിക്കുന്ന തെളിവുക ളാണ് സ്ഥിതിവിവരക്കണക്കുകളിലൂടെ ലഭിക്കുന്നത്. കേരളത്തിലെ തമിഴ് വാണിയർ സാമ്പത്തിക പുരോഗതി നേടുന്നതിനനുസരിച്ച് ഭാഷാസ്വത്വത്തിൽ നിന്ന് കൂടുതൽ അകന്നുപോവുകയാണ് ചെയ്യുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിലാണ് ഭാഷാസംരക്ഷണതീവ്രത കൂടുതൽ ശക്ത മായി കാണുന്നത് എന്നാണ് പഠനത്തിൽ വ്യക്തമാകുന്നത്.

**5.3.1.6.7. വൈയക്തികം**

ചിത്രം 14




തികച്ചും വൈയക്തികമായ ഭാഷാമേഖലയിൽപ്പോലും (ഉദാഹരണം: സംഗീതാസ്വാദനം) കേരളത്തിലെ തമിഴ് വാണിയർ ഭാഷാസംരക്ഷണത്തോട് അനുകൂലമനോഭാവമല്ല വെച്ചുപുലർത്തുന്നത്. ഇക്കാര്യത്തിൽ 90% പേർ ഉദാസീനഭാവവും 8% പ്രതികൂലഭാവവും വെച്ചുപുലർത്തുന്നവരാണ്. ആരും അനുകൂലഭാവക്കാരല്ല.

### 5.3.1.6.8. കുടുംബപരം

ചിത്രം 15



ഭാഷാസംരക്ഷണത്തിന് ഏറ്റവും അനുകൂലമായ ഭാഷാമേഖല കുടുംബ മാണ്. വീടുകളിൽ പാടുന്ന താരാട്ടുകൾ, കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന കഥകൾ, വീടുകളിൽ സൂക്ഷിച്ചുവെക്കുന്ന മതഗ്രന്ഥങ്ങൾ, കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം എന്നിവയുടെ ഭാഷയുടെ കാര്യത്തിലും കേരള ത്തിലെ തമിഴ് വാണിയർ ഭാഷാസംരക്ഷണത്തിന് പ്രതികൂല മനോഭാവമാണ് വ്യക്തമാക്കുന്നത്. പ്രസ്തുത കുടുംബപരമായ മേഖലകളിൽ വിധേയ സമൂഹത്തിൽ 17% പേരാണ് അനുകൂലമനോഭാവം പ്രകടിപ്പിക്കുന്നത്. 17.5% പേർ ഉദാസീനഭാവം പ്രകടിപ്പിക്കുന്നു. ശേഷിച്ച 54.5% പേർ ഭാഷാസംരക്ഷണത്തോട് പ്രതികൂലഭാവം വച്ചുപുലർത്തുന്നവരാണെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്ത മാക്കുന്നു.

### 5.3.1.6.9. സാമുദായികം

ചിത്രം 16




കുടുംബസാഹചര്യം കഴിഞ്ഞാൽ ഭാഷാസംരക്ഷണത്തിന് അനുകൂലമായ സാഹചര്യം സാമുദായികമാണ്. സാമുദായികാരാധനാലയങ്ങളിലെ പ്രാർത്ഥന യ്ക്കും പൂജയ്ക്കും ലൗകിക സംഭാഷണത്തിനും ഉപയോഗിക്കുന്ന ഭാഷകൾ

പ്രസ്തുത സാഹചര്യത്തിലെ മനോഭാവം വ്യക്തമാക്കുന്നു്. വിധേയസമൂഹം ഈ സാഹചര്യത്തിലും ഭാഷാസംരക്ഷണത്തിന് അനുകൂലമായ മനോഭാവമല്ല പ്രകടിപ്പിക്കുന്നത്. ഈ മേഖലകളിൽ ആവേദകരിൽ 8% മാത്രമാണ് ഭാഷാ സംരക്ഷണത്തോട് അനുകൂലമനോഭാവം പ്രകടിപ്പിച്ചത്. 57% ഉദാസീനഭാവമാണ് പ്രകടിപ്പിച്ചത്. 17% പ്രതികൂലഭാവം പ്രകടിപ്പിച്ചു.

### 5.3.1.6.10. സാമൂഹികം

ചിത്രം 17




സാമൂഹിക സാഹചര്യങ്ങളിലെ ഭാഷാമേഖലകളിൽ കേരളത്തിലെ തമിഴ് വാണിയർ ഭാഷാസംരക്ഷണത്തോട് പ്രതികൂലമനോഭാവമാണ് പ്രകടിപ്പിക്കുന്നത്. ആകെ ആവേദകരിൽ 27.5% അനുകൂലവും 21.5% ഉദാസീനവും 51% പ്രതികൂലവുമായ ഭാഷാമനോഭാവമാണ് വ്യക്തമാക്കുന്നത്.

### 5.3.1.6.11. മാധ്യമ ഉപയോഗം

ചിത്രം 18



മാധ്യമങ്ങളുടെ ഉപയോഗത്തിലും വിധേയസമൂഹത്തിന്റെ മനോഭാവം ഭാഷാസംരക്ഷണത്തിന് അനുകൂലമല്ല. 0.5% ആണ് അനുകൂലഭാവം പ്രകടിപ്പിക്കുന്നത്. 59.5% ഉദാസീനരാണ്. 28% പ്രതികൂലഭാവം വ്യക്തമാക്കുന്നു. ശേഷിച്ച 12% പേരുടെ ചിത്രം വ്യക്തമല്ല.

**5.3.1.6.12. ഭാഷാമേഖലകളിലെ ഭാഷാവസ്ഥാസംഗ്രഹം**

ചിത്രം 19




പഠനവിധേയമാക്കിയ എല്ലാ ഭാഷാമേഖലകളിലെയും ഭാഷാസംരക്ഷണത്തിന്റെ സംഗ്രഹത്തിൽനിന്ന് വ്യക്തമാകുന്നത് 11% പേർ ഭാഷാസംരക്ഷണത്തോട് അനുകൂലവും 49% ഉദാസീനവും 32% പ്രതികൂലവുമാണ് എന്നാണ്. 8% ആവേദകരുടെ സ്ഥിതി അവ്യക്തവുമാണ്.

### 5.3.2. ഭാഷാമനോഭാവം

### 5.3.2.1. പ്രത്യക്ഷ ഭാഷാമനോഭാവ വിശകലനം

### 5.3.2.1.1. തമിഴരോടുള്ള സംസാരത്തിൽ പ്രകടിപ്പിക്കുന്ന ഭാഷാമനോഭാവം

പട്ടിക 127

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 140 | 70 |
| തമിഴ്, മലയാളം | 8 | 4 |
| മലയാളം | 52 | 26 |

ചിത്രം 10




ആകെ ആവേദകരിൽ 70% പേർ തമിഴാണ് തെരഞ്ഞെടുത്തത്. 26% പേർ മലയാളത്തിൽ താല്പര്യം പറഞ്ഞു. 4% പേർ രുഭാഷയോടും ഇക്കാര്യത്തിൽ ഒരേ താല്പര്യമാണ് പ്രകടിപ്പിച്ചത്.

## 5.3.2.1.2. തമിഴ് സ്കൂളിന്റെ ആവശ്യകതയെക്കുറിച്ചുള്ള അഭിപ്രായപ്രകടന ത്തിലെ ഭാഷാമനോഭാവം

പട്ടിക 128

| അഭിപ്രായം | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| അനുകൂലം | 40 | 20 |
| പ്രതികൂലം | 160 | 80 |

ചിത്രം 11




ആകെ ആവേദകരിൽ 20% പേർ തമിഴ് സ്കൂൾ തുടങ്ങുന്നതിനോട് അനുഭാവം പുലർത്തുമ്പോൾ 80% പേർ പ്രതികൂലഭാവമാണ് വെച്ചുപുലർത്തുന്നത്. അതായത് മൊത്തത്തിൽ നോക്കിയാൽ നഷ്ടമായ ഭാഷാസ്വത്വം വീടെടുക്കാൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന ഒരു സമൂഹമല്ല കേരളത്തിലെ തമിഴ് വാണിയരുടേത്. ഏതൊരു സമൂഹത്തിന്റെയും ഭാവി ഇളംതലമുറകളുടെ കൈകളിലാണ്. തലമുറകളെ വാർത്തെടുക്കുന്നത് പ്രധാനമായും അവർക്ക് അവരുടെ സമൂഹത്തിൽനിന്ന് ലഭിക്കുന്ന വിദ്യാഭ്യാസത്തിലൂടെയാണ്. മാതൃഭാഷ

യിലൂടെ ലഭിക്കുന്ന വിദ്യാഭ്യാസം പരമാവധി ഫലദായകമായിരിക്കുമെന്നിരിക്കേ, പഠനവിധേയസമൂഹം തമിഴ് വിദ്യാലയസാന്നിധ്യം ആഗ്രഹിക്കുന്നില്ല എന്നത് ഏറെ ശ്രദ്ധേയമാണ്.

സാമൂഹികചരങ്ങളിലൊന്നുംതന്നെ അഭിപ്രായവ്യത്യാസത്തിനു കാരണമായിട്ടില്ല. അതായത്, എല്ലാ സാമൂഹികചരങ്ങളിലും പെട്ട ആവേദകരുടെ മനോഭാവം തമിഴ് വിദ്യാലയത്തിന്റെ കാര്യത്തിൽ ഏകസ്വഭാവമുള്ളതാണ്.

### 5.3.2.1.3. മലയാളമറിയാവുന്ന തമിഴരോടുള്ള സംസാരം

പട്ടിക 129

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 32 | 16 |
| മലയാളം, തമിഴ് | 88 | 44 |
| മലയാളം | 80 | 40 |

ചിത്രം 12



ആകെ ആവേദകരിൽ 16% പേർ തമിഴാണ് തെരഞ്ഞെടുത്തത്. 44% പ്രത്യേകിച്ച് ഒരു ഭാഷയോടും താല്പര്യമില്ല എന്നും മലയാളം അറിയുന്ന തമിഴരോട് സംസാരിക്കുമ്പോൾ അപരൻ ഏതു ഭാഷയിലാണോ സംസാരിക്കുന്നത് ആ ഭാഷയിൽ തിരിച്ചും സംസാരിക്കും എന്നുമാണ് പ്രതികരിച്ചത്. 40% ആവേദകർ മലയാളം അറിയുന്ന തമിഴരോട് മലയാളത്തിൽ സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു.

അടുത്ത കാലത്ത് കുടിയേറിയവരിലേക്കാൾ ദീർഘകാലം മുമ്പ് കുടിയേറിയവരിൽ ഭാഷ–ആദേശത്തിന് പ്രാമുഖ്യം നൽകുന്നവർ 31% കൂടുതലാണ്. ഒന്നിച്ചു കഴിയുന്നവരിലേക്കാൾ ഒറ്റതിരിഞ്ഞു കഴിയുന്നവരിൽ ആദേശ പ്രവണത 50% കൂടുതലാണ്. പ്രായം ഏറുന്നതിനനുസൃതമായി ഭാഷാസംരക്ഷണ തീവ്രത അനുക്രമമായി കൂടുന്നതായി കാണുന്നു. ഉദാസീനഭാവം പ്രായംചെന്നവരിൽ വളരെ കുറവാണ്. പ്രായംചെന്നവരിൽ മിക്കവരും ഏതെങ്കിലും ഒരു ഭാഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നവരാണ്. 30% പേർ തമിഴിനും 50% പേർ മലയാളത്തിനും പ്രാമുഖ്യം നൽകുന്നതിൽനിന്ന്, പ്രായമായവരിലും ആദേശപ്രവണതയാണ് കൂടുതൽ എന്നു കരുതാമെങ്കിലും ഇതര പ്രായപരിധിക്കാരെ അപേക്ഷിച്ച് തമിഴിന് പ്രാധാന്യം കൊടുക്കുന്നവരുടെ സംഖ്യ അക്കൂട്ടരിൽ വളരെ കൂടുതലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്നവരിൽ താഴ്ന്നു നിൽക്കുന്നവരിലേക്കാൾ മലയാളത്തിന് പ്രാധാന്യം നൽകുന്നവരാണ് 34% പേർ. രുഭാഷയ്ക്കും തുല്യ പ്രാധാന്യം നൽകുന്നവർ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരിൽ മുന്നോക്കക്കാരേക്കാൾ 40% കൂടുതലാണ്. അതായത് വിദ്യാഭ്യാസം കുറഞ്ഞവരിൽ ഉദാസീനഭാവം പ്രകട മായി കാണുമ്പോൾ വിദ്യാഭ്യാസം കൂടിയവരിൽ ഭാഷാസംരക്ഷണത്തിന് പ്രതികൂലമായ മനോഭാവം അതിശക്തമാണെന്നു കാണുന്നു. സാമ്പത്തിക സ്ഥിതിയുടെ കാര്യവും

വ്യത്യസ്തമല്ല. കീഴ്‌വർഗ്ഗത്തിൽ ഉദാസീനഭാവമാണ് ശക്തം. മധ്യവർഗ്ഗത്തിലേക്കെത്തുമ്പോൾ ഔദാസീന്യത്തിനു തീവ്രത കുറയുന്ന തായും സംരക്ഷണത്തിനോ ആദേശത്തിനോ അനുകൂലമാംവിധം ഭൂരിപക്ഷം പേരും ചേരിതിരിയുകയും ചെയ്യുന്നതായും കാണുന്നു. പ്രായംകൂടിയവരിലേ ക്കെത്തുമ്പോൾ ഈ അന്തരത്തിന് വീും ആക്കംകൂടുന്നതായി വ്യക്തമാകു ന്നു്. അക്കൂട്ടരിൽ ഉദാസീനഭാവം പുലർത്തുന്ന ആരുമില്ല എന്നത് ശ്രദ്ധേ യമാണ്.

ആകെ ആവേദകരിൽ 16% ഭാഷാസംരക്ഷണത്തിന് അനുകൂലമനോഭാവം പുലർത്തുന്നു. ഉദാസീനഭാവക്കാരെയും ആദേശമനോഭാവക്കാരെയുംകാൾ വളരെ കുറഞ്ഞ സംഖ്യയാണിത്. ശേഷിക്കുന്ന 84% പേരിൽ 44% പേർ ഉദാസീന ഭാവം പുലർത്തുന്നു. 40% പേർ തികഞ്ഞ സംരക്ഷണവിരുദ്ധ മനോഭാവ ക്കാരാണ്. അതായത് കേരളത്തിലെ തമിഴ്‌വാണിയരിൽ 44% പേർ ഭാഷാമനോ ഭാവത്തിന്റെ കാര്യത്തിൽ നിസ്സംഗരും 40% പേർ ഭാഷാസംരക്ഷണ മനോഭാവം ഇല്ലാത്തവരുമാണ്. കേവലം 16% പേർ മാത്രമാണ് ഭാഷാസംരക്ഷണത്തോട് അനുകൂലമായ മനോഭാവം വെച്ചുപുലർത്തുന്നത്.

### 5.3.2.1.4. തമിഴ് മാസങ്ങളിലുള്ള അറിവിൽ വ്യക്തമാകുന്ന ഭാഷാമനോഭാവം

പട്ടിക 130

| തമിഴ് മാസങ്ങളിലുള്ള അറിവ് | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| കൃത്യമായ അറിവുള്ളവർ | 24 | 12 |
| കൃത്യമല്ലാത്ത അറിവുള്ളവർ | 40 | 20 |
| അറിയാത്തവർ | 136 | 68 |

ചിത്രം 13




ആകെ ആവേദകരിൽ 12% പേർ കൃത്യമായ അറിവുള്ളവരാണ്. കൃത്യമല്ലാത്ത അറിവുള്ളവർ 20% ആണ്. 68% പേർ അല്പം പോലും അറിവില്ലാത്തവരാണ്.

അധിവാസകാലം കുറഞ്ഞവരിൽ കൂടിയവരിലേക്കാൾ 28% പേർ ശരിയായ അറിവുള്ളവർ കൂടുതലാണ്. ഏകദേശം അറിവുള്ളവരാകട്ടെ 26% കൂടുതലാണ്. അറിവില്ലാത്തവർ 54% കുറവുമാണ്. ഒന്നിച്ചു കഴിയുന്നവരിൽ ഒറ്റയ്ക്കു കഴിയുന്നവരിലേക്കാൾ കൃത്യമായ അറിവുള്ളവർ 13% കൂടുതലാണ്. അറിവില്ലാത്തവർ 12% കുറവുമാണ്. കൃത്യമായ അറിവുള്ളവർ ആണുങ്ങളിലും പെണ്ണുങ്ങളിലും തുല്യമാണ്. ഒട്ടും അറിവില്ലാത്തവർ സ്ത്രീകളിൽ പുരുഷന്മാരെ അപേക്ഷിച്ച് 8% കൂടുതലാണ്. കൃത്യമായ അറിവുള്ളവർ ചെറുപ്പക്കാരിലേക്കാൾ 9% കൂടുതലാണ് മധ്യവയസ്കരിൽ. പ്രായംകൂടിയവരിൽ മധ്യവയസ്കരിലേക്കാൾ 6% കൂടുതലാണ്. അല്പസ്വല്പം അറിവുള്ളവരും ചെറുപ്പക്കാരിലേക്കാൾ മധ്യവയസ്കരിലും (3%) അതിനേക്കാൾ പ്രായംകൂടിയവരിലും (11%) കൂടുതലായി കാണുന്നു. ഒട്ടും അറിവില്ലാത്തവർ ചെറുപ്പക്കാരിലാണ് കൂടുതൽ (79%). അതിനേക്കാൾ 12% കുറവാണ് മധ്യവയസ്കരിൽ. പ്രായമായവരിലെത്തുമ്പോൾ

വീും 17% കുറയുന്നു. വിദ്യാഭ്യാസം കൂടിയവരിലേക്കാൾ കുറഞ്ഞവരിൽ 10% കൂടുതൽ പേർ കൃത്യമായ അറിവുള്ളവരാണ്. അല്പം അറിവുള്ളവരും ഇവരിൽ 11% കൂടുതലാണ്. അറിവില്ലാത്തവർ 21% കുറവുമാണ്. സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽ കൃത്യമായ അറിവുള്ളവർ 15% വരും. ഇടത്തരക്കാരിൽ ഇത് ഒരു ശതമാനം കുറവാണ്. ഉന്നതരിൽ ഇത് 0% ആണ്. അറിവില്ലാത്തവർ ഏറ്റവും കൂടുതൽ ഉന്നതസാമ്പത്തിക സ്ഥിതിയുള്ളവരാണ്. ഇവരുടെ അംഗബലം 88% ആണ്. ഇടത്തരക്കാരിൽ ഇത് 30% കുറവാണ്. കീഴ്‌വർഗ്ഗത്തിൽ ഇടത്തരക്കാരേക്കാൾ കൂടുതലാണെങ്കിലും ഉന്നതരിലേക്കാൾ 11% കുറവാണ്. ആകെ ആവേദകരിൽ തമിഴ് മാസങ്ങളെക്കുറിച്ച് ശരിയായ അറിവുള്ളവർ 12% മാത്രമാണ്. 20% പേർക്ക് ഏകദേശജ്ഞാനം മാത്രമാണുള്ളത്. 68% പേരും തികഞ്ഞ അജ്ഞാനികളാണ്. അതായത്, തമിഴ് മാസങ്ങളെക്കുറിച്ചുള്ള അറിവിന്റെ കാര്യത്തിൽ ഭാഷാസംരക്ഷണാനുകൂല മനോഭാവം കേരളത്തിലെ തമിഴ് വാണിയരിൽ പ്രതികൂലഭാവത്തേക്കാൾ 56% കുറവാണ്.

### 5.3.2.2. വ്യത്യസ്ത സാമൂഹികചരങ്ങളുടെ ഭാഷാമനോഭാവം

#### 5.3.2.2.1. അധിവാസകാലദൈർഘ്യ വ്യത്യാസമനുസരിച്ച് ഭാഷാമനോഭാവത്തിൽ വരുന്ന വ്യത്യാസം

നൂറുവർഷത്തിനകം കുടിയേറിയവരിൽ 27.26% പേർ തമിഴ് ഭാഷാസംരക്ഷണത്തോട് അനുകൂലഭാവം പുലർത്തുന്നു എന്നു കാണുന്നു. 45.74% പേർ ഇരുഭാഷകൾക്കും തുല്യ പ്രാധാന്യം നൽകുന്നു. 18.42% പേർ പ്രതികൂലഭാവം പുലർത്തുന്നു. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 8% പേരാണ് തമിഴ് ഭാഷാസംരക്ഷണത്തോട് അനുകൂലഭാവം പുലർത്തുന്നത്. 29.90% പേർ ഇരുഭാഷകൾക്കും തുല്യപ്രാധാന്യമാണ് നൽകുന്നത്. 53.53% പേർ പ്രതികൂലഭാവം പുലർത്തുന്നു.

തമിഴ് ഭാഷാസംരക്ഷണത്തോട് അനുകൂലഭാവം പുലർത്തുന്നവർ സമ്പർക്ക സമൂഹത്തിനിടയ്ക്കുള്ള അധിവാസകാലദൈർഘ്യം കൂടിയവരിലേക്കാൾ കുറഞ്ഞവരിൽ 19.26% കൂടുതലാണ്. ഇരു ഭാഷയ്ക്കും തുല്യ പ്രാധാന്യം നൽകുന്നവരും അധിവാസ കാലദൈർഘ്യം കൂടിയവരിലേക്കാൾ കുറഞ്ഞവരിൽ 15.84% കൂടുതലാണ്. ഭാഷാസംരക്ഷണത്തോട് പ്രതികൂലഭാവം പുലർത്തുന്നവർ അധിവാസ കാലദൈർഘ്യം കുറഞ്ഞവരിൽ കൂടിയവരിലേക്കാൾ 35.11% കുറ വാണ്. അതായത്, സമ്പർക്ക സമൂഹവുമായി സമ്പർക്കത്തിലേർപ്പെട്ട കാലദൈർ ഘ്യത്തിലുള്ള വ്യത്യാസം, ഭാഷാമനോഭാവത്തെ സാരമായി സ്വാധീനിക്കുന്ന ഒരു സാമൂഹിക സാഹചര്യമാണ്. അധിവാസകാലദൈർഘ്യം ഏറുന്നതനുസരിച്ച് വിധേയസമൂഹത്തിന്റെ വിധേയത്വം വർദ്ധിക്കുകയും ഭാഷാനഷ്ടത്തിന് ആക്കം വർദ്ധിക്കുകയും ചെയ്യുന്നു്. കാലദൈർഘ്യം കുറഞ്ഞവരിൽനിന്ന് കൂടിയവരി ലേക്കെത്തുമ്പോൾ സംഭവിക്കുന്ന ഭാഷ–ആദേശാനുകൂല മനോഭാവത്തിന്റെ തീവ്രതയിൽ വരുന്ന വ്യത്യാസം വളരെ പ്രകടമാണ്.

### 5.3.2.2.2. അധിവാസരീതിയനുസരിച്ച് ഭാഷാമനോഭാവത്തിൽ പ്രകടമാകുന്ന വ്യത്യാസം

ഭാഷാമേഖലകളിലെ ഭാഷാവസ്ഥകൾ കൂടി പരിഗണിച്ചാൽ, കൂടി കഴിയുന്നവരിൽ 18% പേരുടെ മനോഭാവം തമിഴ് ഭാഷാസംരക്ഷണത്തിന് അനുകൂലവും 32.74% പേരുടേത് പ്രതികൂലവുമാണെന്ന് കാണുന്നു. 40.63% പേർ ഇരുഭാഷയ്ക്കും തുല്യപ്രാധാന്യമാണ് നൽകുന്നത്. കൂട്ടത്തിൽനിന്ന് മാറി കഴിയുന്നവരിൽ തമിഴ് ഭാഷാ സംരക്ഷണത്തോട് ആഭിമുഖ്യം പുലർത്തുന്നവർ 10.37 ശതമാനമാണ്; പ്രതികൂലഭാവം പുലർത്തുന്നവർ 55.16% പേരും. 27.05% പേർ ഇരുഭാഷയ്ക്കും തുല്യ പ്രാധാന്യം നൽകുന്നവരാണ്.

തമിഴിനോട് അനുകൂലമനോഭാവം പുലർത്തുന്നവർ, വേർതിരിഞ്ഞു കഴിയുന്നവരിലേക്കാൾ കൂടിക്കഴിയുന്നവരിൽ 7.63% കൂടുതലാണ്. തമിഴിനും മലയാളത്തിലും തുല്യ പ്രാധാന്യം നൽകുന്നവർ കൂടിക്കഴിയുന്നവരിൽ 13.58% കൂടുതലാണ്. ഭാഷ–ആദേശപ്രവണതയ്ക്ക് അനുകൂലമനോഭാവം പുലർത്തു ന്നവർ കൂടിക്കഴിയുന്നവരിൽ വേർതിരിഞ്ഞു കഴിയുന്നവരിലേക്കാൾ 22.42% കുറവാണ്.

അധിവാസരീതി ഭാഷാമനോഭാവത്തെ സാരമാംവിധം സ്വാധീനിക്കു ന്നു് എന്നാണ് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത്. സ്വസമുദായാംഗ ങ്ങളുടെ കൂട്ടായ്മയിലുള്ള അധിവാസം ഭാഷാസംരക്ഷണത്തെ എന്നപോലെ മാതൃഭാഷോന്മുഖമനോഭാവത്തെയും ഗുണകരമാംവിധം സ്വാധീനിക്കുന്നു്. വേർതിരിഞ്ഞുള്ള അധിവാസം മാതൃഭാഷാസംരക്ഷണത്തേയും മാതൃഭാഷാ മനോഭാവത്തെയും പ്രതികൂലമായാണ് സ്വാധീനിക്കുന്നത്. കേരളത്തിലെ തമിഴ് വാണിയർക്കിടയിൽ സമുദായക്കൂട്ടായ്മയിൽ അധിവസിക്കുന്നവരിൽ കൂട്ടത്തിൽ നിന്നു മാറിക്കഴിയുന്നവരിലേക്കാൾ ഭാഷാസംരക്ഷണത്തിന്റേതെന്ന പോലെ ഭാഷാനുകൂല മനോഭാവത്തിന്റെയും തീവ്രത വളരെ കൂടുതലാണ്.

### 5.3.2.2.3. ഭാഷാമനോഭാവത്തിലെ ലിംഗവ്യത്യാസം

നേരിട്ട് വ്യക്തമാക്കിയ ഭാഷാമനോഭാവത്തോട് വ്യത്യസ്ത മേഖലകളിലെ ഭാഷാവസ്ഥയിലൂടെ വ്യക്തമാകുന്ന മനോഭാവംകൂടി ചേർത്തു വെച്ചാൽ ആണുങ്ങളിൽ 17.6 ശതമാനത്തിന്റേത് തമിഴ് ഭാഷാ സംരക്ഷണത്തിന് അനുകൂല മനോഭാവമാണെന്ന് കാണുന്നു. 40.8% ആണുങ്ങൾ ഇരു ഭാഷയ്ക്കും തുല്യപ്രാധാന്യമാണ് നൽകുന്നത്. 33.87% ആണുങ്ങളുടെ മനോഭാവം തമിഴ് ഭാഷയ്ക്ക് അനുകൂലമല്ല. പെണ്ണുങ്ങളിൽ 12.8% പേരുടെ മനോഭാവം തമിഴ് ഭാഷയ്ക്ക് അനുകൂലമാണ്. 38.67% പേരുടേത് ഇരു ഭാഷയ്ക്കും തുല്യപ്രാധാന്യം നൽകുന്നു. 41.07% സ്ത്രീകളുടെ ഭാഷാമനോഭാവം തമിഴിന് അനുകൂലമല്ല.

മാതൃഭാഷാനുകൂലമനോഭാവം പുരുഷന്മാരിലാണ് സ്ത്രീകളിലേതിനേക്കാൾ ശക്തമായി കാണുന്നത്. തമിഴ് ഭാഷയോട് അനുകൂലമായ ശക്തമായ മനോഭാവം പ്രകടിപ്പിക്കുന്നവർ സ്ത്രീകളിലേതിനെ അപേക്ഷിച്ച് പുരുഷന്മാരിൽ 4.8% കൂടുതലാണ്. ഇരു ഭാഷയേയും തുല്യഭാവത്തോടെ കാണുന്നവർ സ്ത്രീകളിലേതിനേക്കാൾ പുരുഷന്മാരിൽ 2.13% കൂടുതലാണ്. മലയാളത്തോട് അനുകൂലഭാവം പുലർത്തുന്നവർ സ്ത്രീകളിലാണ് കൂടുതൽ. പുരുഷന്മാരിലേക്കാൾ 7.2% കൂടുതലാണത്.

സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് ഭാഷാസംരക്ഷണ മനോഭാവം കൂടുതൽ പ്രദർശിപ്പിക്കുന്നവരാണ് എന്ന തത്വത്തിനെതിരാണ് കേരളത്തിലെ തമിഴ് വാണിയരിൽനിന്ന് കിട്ടുന്ന തെളിവുകൾ. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ ഭാഷാസംരക്ഷണത്തിന്റെ തോത് കേരളത്തിലെ തമിഴ് വാണിയരിൽ താരതമ്യേന കുറവാണ്. ഭാഷാമനോഭാവത്തിന്റെ കാര്യവും വ്യത്യസ്തമല്ല. കേരളത്തിലെ തമിഴ് വാണിയത്തികൾ വാണിയന്മാരേക്കാൾ ഭാഷ–ആദേശത്തിന് അനുകൂല മനോഭാവമാണ് പ്രദർശിപ്പിക്കുന്നത്. ഇതര ഭാഷാശാസ്ത്ര പഠനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള പൊതുതത്വങ്ങൾക്കു വിരുദ്ധമായ ഈ പ്രവണത കൂടുതൽ വിശകലന വിധേയമാകേതു്.

**5.3.2.2.4. പ്രായം**

ഭാഷാമേഖലകളിലെ ഭാഷാവസ്ഥകൾ കൂടി പരിഗണിച്ചാൽ ചെറുപ്പക്കാരിൽ ശരാശരി 11.53% പേർ തമിഴനുകൂല ഭാഷാമനോഭാവം പുലർത്തുന്നവരാണെന്ന് കാണുന്നു. 38.83% ചെറുപ്പക്കാർ ഇരുഭാഷകളോടും തുല്യമായ അടുപ്പം പ്രദർശിപ്പിക്കുന്നവരാണ്. ചെറുപ്പക്കാരിൽ 45.7% പേരുടെ ഭാഷാമനോഭാവം തമിഴിന് അനുകൂലമല്ല. മധ്യവയസ്കരിൽ, തമിഴ് അനുകൂല ഭാഷാമനോഭാവം പുലർത്തുന്നവർ 16.53% ആണ്. 46.97% പേർ തമിഴ്മലയാളങ്ങളോട് ഒരേ

മനോഭാവം പുലർത്തുന്നു. 31.7% മധ്യവയസ്കരുടെ ഭാഷാമനോഭാവം തമിഴിന് അനുകൂലമല്ല. പ്രായംചെന്നവരിൽ 18.67% പേരുടേത് തമിഴ് അനുകൂല മനോഭാവമാണ്. 34.67% പേരുടേത് അനുകൂലമോ പ്രതികൂലമോ അല്ല. 37.33% പേരുടേത് തമിഴിനോട് അനുകൂലമല്ല.

തമിഴ് ഭാഷാനുകൂല മനോഭാവം പുലർത്തുന്നവർ ചെറുപ്പക്കാരിലേതിനേക്കാൾ മധ്യവയസ്കരിൽ 5%-വും പ്രായമാവയരിൽ മധ്യവയസ്കരിലേക്കാൾ 2.14%-വും കൂടുതലാണ്. തമിഴ്മലയാളങ്ങൾക്ക് തുല്യ പ്രാധാന്യം കൊടുക്കുന്നവർ ചെറുപ്പക്കാരിലേക്കാൾ മധ്യവയസ്കരിൽ 8.14%-വും പ്രായമായവരിൽ 4.16%-വും കുറവാണ്. ഭാഷ-ആദേശത്തിനനുകൂലമായ മനോഭാവം പുലർത്തുന്നവർ ചെറുപ്പക്കാരിലേക്കാൾ മധ്യവയസ്കരിൽ 4.16%-വും പ്രായംചെന്നവരിൽ 1.5%-വും കുറവാണ്.

പ്രായഭേദം ഭാഷാമനോഭാവത്തെ വ്യത്യാസപ്പെടുത്തുന്നു് എന്ന വസ്തുതയെ സാധൂകരിക്കുന്നതാണ് സ്ഥിതിവിവരക്കണക്കുകൾ. കേരളത്തിലെ തമിഴ് വാണിയരിൽ ചെറുപ്പക്കാരിലേക്കാൾ തമിഴ് ഭാഷാനുകൂല മനോഭാവം പുലർത്തുന്നവരാണ് മധ്യവയസ്കരും പ്രായമായവരും. എന്നാൽ ഭാഷ-ആദേശാ നുകൂല മനോഭാവത്തിന്റെ കാര്യത്തിൽ മധ്യവയസ്കർ പ്രായംചെന്നവരേക്കാൾ തീവ്രത കുറഞ്ഞവരായി കാണുന്നു്. ഇത് കാലഘട്ടത്തിനനുസരിച്ച് ഭാഷാ സാമൂഹിക സാഹചര്യങ്ങളിലുായ വ്യത്യാസത്തിന്റെ പ്രതിഫലനമാണോ എന്നത് കൂടുതൽ വിശകലനത്തിലൂടെ വ്യക്തമാകേതാണ്.

### 5.3.2.2.5. വിദ്യാഭ്യാസനിലവാരത്തിനനുസൃതമായി ഭാഷാമനോഭാവത്തിലുള്ള വ്യത്യാസം

ഭാഷാമേഖലകളിലെ സംരക്ഷണത്തിലൂടെ വ്യക്തമാകുന്ന മനോഭാവം കൂടി പരിഗണിച്ചാൽ ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 10.11% പേർ തമിഴിനോട് അനുകൂലഭാവം പുലർത്തുന്നവരും 54.71% പ്രതികൂലഭാവം പുലർത്തുന്നവരുമാണെന്നു കാണാം. 27.92% പേരുടെ മനോഭാവം അനുകൂലമോ പ്രതികൂലമോ അല്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 19.95% പേർ അനുകൂല മനോഭാവവും 27.95% പേർ പ്രതികൂലമനോഭാവവും പുലർത്തുന്നു. 42.95% പേരുടെ മനോഭാവം അനുകൂലമോ പ്രതികൂലമോ അല്ല.

മാതൃഭാഷയായ തമിഴിനോട് അനുകൂലമനോഭാവം പുലർത്തുന്നവർ വിദ്യാഭ്യാസം കൂടിയവരിൽ കുറഞ്ഞവരിലേക്കാൾ 9.84% കുറവാണ്. ഇരു ഭാഷയ്ക്കും തുല്യപ്രാധാന്യം കൊടുക്കുന്ന മനോഭാവമുള്ളവരും വിദ്യാഭ്യാസം കൂടിയവരിൽ കുറഞ്ഞവരിലേക്കാൾ 15.03% കുറവാണ്. മാതൃഭാഷയ്ക്ക് അനുകൂലമല്ലാത്ത മനോഭാവക്കാർ വിദ്യാഭ്യാസം ഉയർന്നവരിൽ താണവരിലേക്കാൾ 26.76% കൂടുതലാണ്.

വിദ്യാഭ്യാസ നിലവാരത്തിലുള്ള വ്യത്യാസം ഭാഷാമനോഭാവത്തെയും വ്യത്യാസപ്പെടുത്തുന്നു് എന്നാണ് വിശകലനത്തിൽനിന്ന് വ്യക്തമാകുന്നത്. കേരളത്തിലെ തമിഴ് വാണിയരിൽ വിദ്യാഭ്യാസനിലവാരം ഉയരുന്നതനുസരിച്ച് മാതൃഭാഷയായ തമിഴിനോടുള്ള അനുകൂല മനോഭാവത്തിന്റെ തീവ്രത കുറയുകയും സമ്പർക്ക ഭാഷയായ മലയാളത്തോടുള്ള അനുഭാവതീവ്രത കൂടുകയുമാണ് ചെയ്യുന്നത്.

### 5.3.2.2.6. സാമ്പത്തിക നിലവാരത്തിനനുസരിച്ച് ഭാഷാമനോഭാവത്തിൽ വരുന്ന വ്യത്യാസം

സാമ്പത്തിക പിന്നോക്കക്കാരിൽ മധ്യവർഗ്ഗത്തിലേതിനേക്കാൾ 1.42%-വും സമ്പന്നരിലേക്കാൾ 10.06%-വും കൂടുതലാണ് മാതൃഭാഷാനുകൂല മനോഭാ

വമുള്ളവർ. സമ്പർക്കഭാഷയ്ക്കും സ്വഭാഷയ്ക്കും തുല്യപ്രാധാന്യം കൊടുക്കുന്നവരും സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽ മധ്യവർഗ്ഗത്തിലേക്കാൾ 8.32%-വും സമ്പന്നരിലേക്കാൾ 21.74%-വും കൂടുതലാണ്. സമ്പർക്ക ഭാഷയോട് അനുഭാവം പുലർത്തുന്നവർ സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ളവരിൽ മധ്യവർഗ്ഗക്കാരിലേക്കാൾ 6.16%-വും സമ്പന്നരിലേക്കാൾ 36.98%-വും കുറവാണ്.

സാമ്പത്തിക നിലവാരത്തിലുള്ള വ്യത്യാസം ഒരു സമൂഹത്തിലെ അംഗങ്ങളിൽ ഭാഷാസ്വത്വത്തോടുള്ള മനോഭാവത്തെ വ്യത്യസ്തമാക്കും എന്നാണ് വിശകലനത്തിൽ നിന്ന് മനസ്സിലാകുന്നത്. കേരളത്തിലെ തമിഴ് വാണിയരിൽ സാമ്പത്തികമായി പുരോഗതി നേടുന്നതനുസരിച്ച് മാതൃഭാഷയായ തമിഴിനോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയും സമ്പർക്കഭാഷയായ മലയാളത്തോടുള്ള ആഭിമുഖ്യം കൂടുതൽ ശക്തമാവുകയുമാണ് ചെയ്യുന്നത് എന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു.

### 5.3.2.2.7. പ്രത്യക്ഷഭാഷാമനോഭാവ സംഗ്രഹം

ഭാഷാമനോഭാവം വ്യക്തമാക്കാനായുള്ള ഏകോദ്ദേശ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സമഗ്രമായി വിശകലനം ചെയ്താൽ കിട്ടുന്ന കണക്കുകൾ ഇപ്രകാരമാണ്:

പട്ടിക 131

| | **അനുകൂലം** | **ഉദാസീനം** | **പ്രതികൂലം** |
|---|---|---|---|
| മലയാളമറിയുന്ന തമിഴരോട് സംസാരിക്കാൻ ആഗ്രഹിക്കുന്ന ഭാഷ | 16 | 44 | 40 |
| തമിഴ് മാസങ്ങളിലുള്ള അറിവ് | 12 | 20 | 68 |
| തമിഴ് സ്കൂളിനേക്കുറിച്ചുള്ള അഭിപ്രായം | 20 | – | 80 |
| ആകെ | 48 | 64 | 188 |
| ശരാശരി | 16 | 21 | 63 |

തമിഴരോട് സംസാരിക്കാൻ ആഗ്രഹിക്കുന്ന ഭാഷ ഏത് എന്ന ചോദ്യത്തിന് ലഭിച്ച പ്രതികരണം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. മലയാളികൾ പോലും തമിഴരോട് സംസാരിക്കാൻ ആഗ്രഹിക്കുന്നത് തമിഴിലായിരിക്കും എന്നതിനാൽ, കൃത്യമായ ഭാഷാമനോഭാവമായിരിക്കില്ല ലഭിക്കുന്നത്. മാത്രവുമല്ല, മലയാളികളോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്ന ഭാഷ ഏത് എന്ന ചോദ്യത്തിനുള്ള പ്രതികരണം കൂടി ഉൾപ്പെടുത്തിയാലേ സന്തുലിതാവസ്ഥ കൈവരൂ.

ചിത്രം 20




പ്രത്യക്ഷഭാഷാമനോഭാവ വിശകലനത്തിലൂടെ വ്യക്തമാകുന്നത് 16% ആവേദകർ ഭാഷാസംരക്ഷണത്തിന് അനുകൂലവും 21% ഉദാസീനവും 63% പ്രതികൂലവുമായ ഭാഷാമനോഭാവമുള്ളവരാണ് എന്നാണ്.

**നിഗമനം**

മേൽ വിശദീകരിച്ച ഭാഷാമനോഭാവം വ്യക്തമാകുന്ന എല്ലാ സാഹചര്യങ്ങളുടെയും ശരാശരി ഭാഷാമനോഭാവത്തിന്റെ വിഹഗവീക്ഷണത്തിന് സഹായകമാണ്.

പട്ടിക 132

| | അനുകൂലം | ഉദാസീനം | പ്രതികൂലം |
|---|---|---|---|
| ബഹുദ്ദേശ്യ ചോദ്യങ്ങളിലൂടെ വ്യക്തമായത് അഥവാ പരോക്ഷ ഭാഷാമനോഭാവ സംഗ്രഹം | 11 | 49 | 32 |
| ഏകോദ്ദേശ്യചോദ്യങ്ങളിലൂടെ വ്യക്തമായത് അഥവാ പ്രത്യക്ഷ ഭാഷാമനോഭാവ സംഗ്രഹം | 16 | 21 | 63 |
| ആകെ | 27 | 70 | 95 |
| ശരാശരി | 13.5 | 35 | 47.5 |

കുറിപ്പ്: വ്യത്യസ്തഭാഷാമേഖലകളിലെ ഭാഷാസംരക്ഷണാദേശാദികളുടെ സംഗ്രഹം ആണ് പരോക്ഷഭാഷാമനോഭാവസംഗ്രഹം.

ചിത്രം 21




കേരളത്തിലെ തമിഴ് വാണിയരിൽ 13.5% ഭാഷാസംരക്ഷണത്തിന് അനുകൂലവും 35% നിസ്സംഗവും 47.5% പ്രതികൂലവുമായ മനോഭാവം ഉള്ളവരാണ്. അതായത് കേരളത്തിലെ തമിഴ് വാണിയർ ഭൂരിഭാഗവും ഭാഷ–ആദേശത്തിന്

അനുകൂലമായ മനോഭാവമാണ് വെച്ചുപുലർത്തുന്നത്. ശരാശരി 4%–ന്റെ ചിത്രം അവ്യക്തമാണ്.

അധ്യായം 6

# ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും

അധ്യായം 6

# ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും

## 6.1 ആമുഖം

ഭാഷാനൈപുണികളിൽ പ്രധാനപ്പെട്ട ആറെണ്ണമാണ് ഭാഷാനൈപുണികളുടെ സംരക്ഷണവും ആദേശവും കത്തൊൻ തെരെഞ്ഞെടുത്തത്

1. കേട്ടു മനസ്സിലാക്കൽ അഥവാ ശ്രവണം
2. ഭാഷണത്തിലൂടെ ആശയം പ്രകടിപ്പിക്കൽ അഥവാ ഭാഷണം
3. വായിച്ച് ആശയം മനസ്സിലാക്കൽ അഥവാ വായന
4. എഴുതി ആശയം പ്രകടിപ്പിക്കൽ അഥവാ ലേഖനം
5. ഇതരഭാഷകളിലേക്കും ഇതര ഭാഷകളിൽനിന്നും വിവർത്തനം ചെയ്യൽ അഥവാ വിവർത്തനം
6. സാഹിത്യരചന അഥവാ സർഗ്ഗാത്മകരചന

ഇവയിൽ ഒന്നിൽനിന്ന് ആറിലേക്കുള്ള അനുക്രമഗതി ലാളിത്യത്തിൽനിന്ന് സങ്കീർണ്ണതയിലേക്കും ഉപരിതലത്തിൽനിന്ന് ആഴത്തിലേക്കും ലാളിത്യത്തിൽ നിന്ന് സങ്കീർണ്ണത്തിലേക്കുമുള്ള അനുക്രമഗതിയാണ്. അതായത് ശ്രവണം എന്ന നൈപുണി, ഭാഷാനൈപുണ്യത്തിൽ ഏറ്റവും ലളിതവും ഉപരിതലസ്പർശിയും കൃത്യത അനനിവാര്യവുമായ ഒന്നാണ്. രാമത്തെ നൈപുണിയായ ഭാഷണത്തിന്റെ സ്ഥിതി ശ്രവണത്തെ അപേക്ഷിച്ച്. സങ്കീർണ്ണവും ആഴമുള്ളതും കൃത്യത ആവശ്യമായതുമായ ഒന്നാണ്. ഗഹനത ഏറ്റവും ആവശ്യപ്പെടുന്നതാണ്

ആറാമത്തെ നൈപുണിയായ സർഗ്ഗാത്മകരചന. ഭാഷാനൈപുണികളിൽ പരമോന്നത സ്ഥാനം ഇതിനു കല്പിക്കപ്പെട്ടിരിക്കുന്നു. ഏതു ഭാഷാസമൂഹത്തിലും സർഗ്ഗാത്മകരചനാനൈപുണി സ്വായത്തമാക്കിയവർ നന്നേ കുറയും. എങ്കിലും നൈപുണിയുടെ പ്രാധാന്യം പരിഗണിച്ചാണ് പ്രസ്തുത നൈപുണിക്കുകൂടി ചോദ്യാവലിയിൽ ഇടംകൊടുത്തത്. ഒരു ആവേദകൻ മാത്രമാണ് പ്രസ്തുത നൈപുണി സ്വായത്തമാണെന്ന് വ്യക്തമാക്കിയത്. അതുകൊുതന്നെ സ്ഥിതിവിവരക്കണക്കുകളിൽ പ്രസ്തുത നൈപുണിക്ക് പ്രസക്തിയില്ലെന്നതിനാൽ സ്ഥാനം നൽകിയിട്ടില്ല.

താങ്കൾക്ക് ഏതൊക്കെ ഭാഷകൾ അറിയാം? എന്നതായിരുന്നു നൈപുണികളുമായി ബന്ധപ്പെട്ട ചോദ്യം (ബി. 27). ചോദ്യത്തിനു താഴെ ഒരു ചതുരത്തിൽ മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾക്ക് ഉപചതുരങ്ങൾ അടയാളപ്പെടുത്തിയിട്ട് ആ ഉപചതുരങ്ങളെ വീും കേട്ടാൽ മനസ്സിലാകുന്നത്, സംസാരിക്കാൻ പറ്റുന്നത്, വായിച്ചാൽ മനസ്സിലാകുന്നത്, എഴുതാൻ അറിയുന്നത്, വിവർത്തനം ചെയ്യാനാകുന്നത്, സർഗ്ഗാത്മകരചനക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ വീും ഉപചതുരങ്ങളായി തിരിക്കുകയാണുായത്. ഓരോ ചെറുചതുരത്തിലും, അതാതു ചതുരത്തിൽ സൂചിതമായ നൈപുണി ആവേദകൻ സ്വായത്തകമാക്കിയിട്ടുങ്കിൽ ശരി അടയാളം (✓) ഇടുക എന്നതാണ് പ്രതികരണം രേഖപ്പെടുത്താൻ സ്വീകരിച്ച രീതി. ഇത്തരത്തിൽ എല്ലാ ആവേദകരും രേഖപ്പെടുത്തിയ കാര്യങ്ങൾ സംഖ്യകളായി സംഗ്രഹിച്ച് സാമൂഹികചരങ്ങളുടെ അടിസ്ഥാ നത്തിലാണ് വിശകലനം ചെയ്യുന്നത്.

## 6.2 ശ്രവണം

ഏറ്റവും ലളിതവും ഏറ്റവും ആദ്യം ഭാഷകൻ നേടിയെടുക്കുന്നതും ഏറ്റവും അവസാനം നഷ്ടപ്പെടുന്നതുമായ നൈപുണിയാണ് ശ്രവണം. ഒരു

ഭാഷ കേട്ടുമനസ്സിലാക്കാൻ ആവില്ല എന്നതിന്റെ അർത്ഥം ആ ഭാഷ അറിയുകയേ ഇല്ല എന്നതാണ്. കേരളത്തിലെ തമിഴ്വാണിയരിൽ വ്യത്യസ്ത സാമൂഹികചരങ്ങളിൽ പെട്ടവരിൽ എത്രത്തോളം പേർ തമിഴ്മലയാളങ്ങൾ കേട്ടു മനസ്സിലാക്കാൻ കഴിയുന്നവരു് എന്നതാണ് കണ്ടെത്താൻ ഉദ്ദേശിച്ചത്. ഇതരഭാഷകൾക്ക് അനുവദിച്ച ചതുരങ്ങൾ പ്രധാനമായും ചോദ്യത്തിന്റെ സ്വാഭാവികതയുദ്ദേശിച്ച് ചെയ്തതാണ്.

### 6.2.1. അധിവാസകാലദൈർഘ്യം

പട്ടിക 133

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷത്തിന് മുകളിൽ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം, തമിഴ് | 40 | 63 | 36 | 26 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | | | 80 | 59 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 24 | 37 | 20 | 15 |

നൂറ്റാനകം കുടിയേറിയവരിൽ 63%-ത്തിന് തമിഴ്മലയാളങ്ങളും 37%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും. നൂറ്റാനു മുമ്പ് കുടിയേറിയവരിൽ 26%-ത്തിന് തമിഴ്മലയാളങ്ങളും 59%- ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 15%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും.

### 6.2.2. അധിവാസരീതി

പട്ടിക 134

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം, തമിഴ് | 60 | 54 | 16 | 18 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 20 | 18 | 60 | 68 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 32 | 28 | 12 | 14 |

കൂട്ടായ്മയിൽ പാർക്കുന്നവരിൽ 54%-ത്തിന് തമിഴ്മലയാളങ്ങളും 18%-ത്തിന് മലയാളവും തമിഴും ഇംഗ്ലീഷും 28%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും കേട്ടാൽ മനസ്സിലാകും. വേർതിരിഞ്ഞ് പ ാർക്കുന്നവരിൽ 18%-ത്തിന് തമിഴ്മലയാളങ്ങളും 68%-ത്തിന് മലയാളവും തമിഴും ഇംഗ്ലീഷും 14%-ത്തിന് മലയാളം, ഹിന്ദി, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളും കേട്ടാൽ മനസ്സിലാകും.

### 6.2.3. ലിംഗഭേദം

പട്ടിക 135

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം, തമിഴ് | 36 | 36 | 40 | 40 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 28 | 28 | 52 | 52 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 36 | 36 | 8 | 8 |

ആണുങ്ങളിൽ 36%-ത്തിന് തമിഴ്മലയാളങ്ങളും 28%-ത്തിന് മലയാളവും തമിഴും ഇംഗ്ലീഷും 36%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും

കേട്ടാൽ മനസ്സിലാകും. പെണ്ണുങ്ങളിൽ 40%-ത്തിന് തമിഴ്മലയാളങ്ങളും 52%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും.

**6.2.4. പ്രായഭേദം**

പട്ടിക 136

| ഭാഷ | 1 – 30 | | 31 – 60 | | 60-ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം, തമിഴ് | 20 | 26 | 44 | 52 | 12 | 30 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 28 | 37 | 32 | 38 | 20 | 50 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 28 | 37 | 8 | 10 | 8 | 20 |

ചെറുപ്പക്കാരിൽ 26%-ത്തിന് തമിഴ്മലയാളങ്ങളും 37%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 37%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും. മധ്യവയസ്കരിൽ 52%-ത്തിന് തമിഴ്മലയാളങ്ങളും 38%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 10%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും. വൃദ്ധരിൽ 30%-ത്തിന് തമിഴ്മലയാളങ്ങളും 50%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 20%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും.

### 6.2.5. വിദ്യാഭ്യാസനിലവാരം

പട്ടിക 137

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം, തമിഴ് | | | 76 | 82 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 76 | 70 | 4 | 5 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 32 | 30 | 12 | 13 |

ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ 70%-ത്തിന് മലയാളവും തമിഴും ഇംഗ്ലീഷും 30%-ത്തിന് മലയാളം, തമിഴ്, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളും കേട്ടാൽ മനസ്സിലാകും. വിദ്യാഭ്യാസം കുറഞ്ഞവരിൽ 82%-ത്തിന് തമിഴ്മലയാളങ്ങളും 5%-ത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നിവയും 13%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും കേട്ടാൽ മനസ്സിലാകും.

### 6.2.6. സാമ്പത്തികനില

പട്ടിക 138

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം, തമിഴ് | 48 | 92 | 28 | 24 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | | | 60 | 52 | 20 | 63 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 8 | 28 | 24 | 12 | 37 |

സാമ്പത്തിക നിമ്നവർഗ്ഗത്തിൽ 92%-ത്തിന് തമിഴ്മലയാളങ്ങളും 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും കേട്ടാൽ മനസ്സിലാകും. മധ്യവർഗ്ഗത്തിലെ 24%-ത്തിന് തമിഴ്മലയാളങ്ങളും 52%-ത്തിന്

മലയാളവും ഇംഗ്ലീഷും തമിഴും 24%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും. സമ്പന്നരിൽ 63%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 37%-ത്തിന് നാലു ഭാഷകളും കേട്ടാൽ മനസ്സിലാകും.

### 6.2.7. ശ്രവണനൈപുണിയുടെ സമഗ്രവിശകലനം

പട്ടിക 139

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| മലയാളം, തമിഴ് | 76 | 38 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 80 | 40 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 44 | 22 |

ആകെ ആവേദകരിൽ 38%-ത്തിന് തമിഴ്മലയാളങ്ങളും 40%-ത്തിന് തമിഴും മലയാളവും ഇംഗ്ലീഷും 22%-ത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളും കേട്ടാൽ മനസ്സിലാകും.

നൂറ്റാിനകം കുടിയേറിയവരിൽ തമിഴ് കേട്ടാൽ മനസ്സിലാകാത്ത ആരുമില്ല. നൂറ്റാിനു മുമ്പിൽ കുടിയേറിയവരിൽ 59% തമിഴ് കേട്ടാൽ മനസ്സി ലാകാത്തവരാണ്. നൂറ്റാിനകം കുടിയേറിയവരിൽ 63%-ത്തിന് തമിഴ്മലയാ ളങ്ങൾ മാത്രമേ അറിയൂ; നൂറ്റാിനുമുമ്പ് കുടിയേറിയവരിൽ 74%-ത്തിന് ഇംഗ്ലീഷ്കൂടി അറിയാം. 15% പേർക്ക് ഹിന്ദികൂടി കേട്ടാൽ മനസ്സിലാകും.

കൂട്ടമായി താമസിക്കുന്ന 54%-ത്തിന് തമിഴ്മലയാളങ്ങളേ അറിയൂ. വേർതിരിഞ്ഞു താമസിക്കുന്നവരിൽ തമിഴ്മലയാളങ്ങൾ മാത്രമറിയുന്നവർ 18% മാത്രമാണ്; 82%-വും പ്രാദേശിക ഭാഷകളുടെ അതിർത്തി ഭേദിച്ച് ഹിന്ദിയും ഇംഗ്ലീഷും സ്വായത്തമാക്കിയവരാണ്.

സ്ത്രീകളിൽ തമിഴ് കേട്ടാൽ മനസ്സിലാകാത്തവർ 52% ഉ്; പുരുഷ ന്മാരിൽ ഇത് 28% മാത്രമാണ്. ഹിന്ദി കേട്ടാൽ മനസ്സിലാകുന്നവർ സ്ത്രീകളിൽ 8-ഉം പുരുഷന്മാരിൽ 36-ഉം ശതമാനമാണ്. തമിഴ്മലയാളങ്ങൾ മാത്രം അറിയുന്നവർ സ്ത്രീകളിൽ 40% ആണ്. ആണുങ്ങളിൽ ഇത് 4% കുറവാണ്.

മലയാളവും തമിഴും മാത്രം അറിയുന്നവർ ചെറുപ്പക്കാരിൽ 26-ഉം മധ്യവയസ്കരിൽ 52-ഉം വൃദ്ധരിൽ 30-ഉം ശതമാനമാണ്. ചെറുപ്പക്കാരിൽ 37-ഉം മധ്യവയസ്കരിൽ 38-ഉം വൃദ്ധരിൽ 50-ഉം ശതമാനത്തിന് ഇംഗ്ലീഷ് അറിയാം. ഹിന്ദി അറിയുന്നവർ ചെറുപ്പക്കാരിൽ 37-ഉം മധ്യവയസ്കരിൽ 10-ഉം വൃദ്ധരിൽ 20-ഉം ശതമാനമാണ്.

ഉന്നതവിദ്യാഭ്യാസം നേടിയവരിൽ 30%-ത്തിന് മാത്രമാണ് തമിഴ് അറിയുന്നത്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 5%-ത്തിന് മാത്രമാണ് തമിഴ് അറിയാത്തത്. വിദ്യാഭ്യാസം കുറഞ്ഞവരിൽ 18%-ത്തിന് മാത്രമാണ് ഇംഗ്ലീഷ് അറിയുന്നത്; ഹിന്ദി അറിയുന്നവരാകട്ടെ 13% മാത്രമാണ്.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 8% പേർക്ക് മാത്രമാണ് ഇംഗ്ലീഷും ഹിന്ദിയും അറിയാവുന്നത്. മധ്യവർഗ്ഗത്തിലെ 76%-ത്തിന് ഇംഗ്ലീഷ് അറിയാം; 24%-ത്തിന് ഹിന്ദികൂടി അറിയാം. സമ്പന്നരിൽ തമിഴ്മലയാളങ്ങൾ മാത്രം അറിയുന്ന ആരുമില്ല; ഏവർക്കും തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും അറിയാം. 37%-ത്തിന് ഹിന്ദികൂടി അറിയാം.

### 6.3. ഭാഷണം

ഭാഷാർജ്ജനത്തിന്റെ ദ്വിതീയഘട്ടമാണ് ഭാഷണം. സമ്പർക്കസമൂഹം ഉപയോഗിക്കുന്ന വാചികചിഹ്നങ്ങൾക്ക് അർത്ഥവുമായുള്ള പ്രതീകാത്മകബന്ധം ഇഴപിരിച്ചു മനസ്സിലാക്കിയ വ്യക്തി, പ്രസ്തുത പ്രതീകാത്മകബന്ധത്തോടെ

വാചികചിഹ്നങ്ങൾ ഉപയോഗിക്കുന്നതാണ് ഭാഷണം. ഒരു ശിശു പ്രഥമഭാഷ പറയാൻ പഠിക്കുന്നതും വിധേയഭാഷാസമൂഹം സമ്പർക്കഭാഷ പറയാൻ പഠിക്കുന്നതും വളരെ സമാനമായ പ്രക്രിയാണ്. ദ്വിതീയ ഭാഷാർജ്ജനത്തിൽ, പ്രഥമ ഭാഷയുടെ പ്രതീകാർത്ഥബോധം ഭാഷാർജ്ജനത്തെ സഹായിക്കുമെന്ന വ്യത്യാസം മാത്രമേ പ്രധാനവ്യത്യാസമെന്ന് എടുത്തു പറയാനാകൂ. ശ്രവണ നൈപുണിക്കു ശേഷം സ്വായത്തമാക്കേതും ശ്രവണ നൈപുണി നഷ്ട മാകുന്നതിന് തൊട്ടുമുമ്പ് നഷ്ടമാകുന്നതുമായ നൈപുണിയാണ് ഭാഷണം.

### 6.3.1. അധിവാസകാലദൈർഘ്യം

പട്ടിക 140

| **ഭാഷ** | **100 വർഷത്തിൽ താഴെ** | | **100 വർഷത്തിന് മുകളിൽ** | |
|---|---|---|---|---|
| | **ആവേദകരുടെ എണ്ണം** | **ശതമാനം** | **ആവേദകരുടെ എണ്ണം** | **ശതമാനം** |
| മലയാളം | | | 4 | 3 |
| മലയാളം, ഇംഗ്ലീഷ് | | | 24 | 18 |
| മലയാളം, തമിഴ് | 48 | 75 | 36 | 26 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 12 | 19 | 64 | 47 |
| മലയാളം, തമിഴ്, ഹിന്ദി | 4 | 6 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 8 | 6 |

നൂറു വർഷത്തിനകം കുടിയേറിയവരിൽ 75%-ന് മലയാളവും തമിഴും സംസാരിക്കാൻ സാധിക്കും. 19%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. ശേഷിച്ച 6%-ത്തിന് മലയാളവും തമിഴും ഹിന്ദിയും സംസാരിക്കാനാകും. 100 വർഷത്തിനുമുമ്പ് കുടിയേറിയവരിൽ 3%-ത്തിന് മലയാളം മാത്രമേ സംസാരിക്കാനാകൂ. 18%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 26%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും.

47%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. ശേഷിച്ച 6%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും സംസാരിക്കാനാകും

### 6.3.2. അധിവാസരീതി

പട്ടിക 141

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ് | | | 24 | 27 |
| മലയാളം, തമിഴ് | 64 | 57 | 20 | 23 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 44 | 39 | 32 | 36 |
| മലയാളം, തമിഴ്, ഹിന്ദി | | | 4 | 5 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 8 | 9 |

ഒന്നിച്ചു താമസിക്കുന്നവരിൽ 4% പേർക്ക് മലയാളം മാത്രമേ സംസാരിക്കാനാകൂ. 57%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 39%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകൾ സംസാരിക്കാനാകും. സമുദായാംഗങ്ങളുടെ കൂട്ടായ്മയിൽനിന്നും മാറി താമസിക്കുന്നവരിൽ 27% പേർക്ക് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 23%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 36%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. 5%-ത്തിന് മലയാളവും തമിഴും ഹിന്ദിയും സംസാരിക്കാനാകും. അവശേഷിക്കുന്ന 9%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനാകും.

### 6.3.3. ലിംഗഭേദം

പട്ടിക 142

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ് | 8 | 8 | 16 | 16 |
| മലയാളം, തമിഴ് | 40 | 40 | 44 | 44 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 40 | 40 | 36 | 36 |
| മലയാളം, തമിഴ്, ഹിന്ദി | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 8 | 8 | | |

ആണുങ്ങളിൽ 4%-ത്തിന് മലയാളം മാത്രമാണ് സംസാരിക്കാനാകുന്നത്. 8%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 40%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. വേറൊരു 40%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. ശേഷിച്ച 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനാകും. പെണ്ണുങ്ങളിൽ 16%-ത്തിന് മലയാ ളവും ഇംഗ്ലീഷും സംസാരിക്കാനാകും. 44%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 36%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാ നാകും. ബാക്കി 4%-ത്തിന് മലയാളവും തമിഴും ഹിന്ദിയും സംസാരിക്കാ നാകും.

**6.3.4. പ്രായഭേദം**

പട്ടിക 143

| ഭാഷ | 1 – 30 | | 31 – 60 | | 60-ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം | 4 | 5 | | | | |
| മലയാളം, ഇംഗ്ലീഷ് | 20 | 26 | 4 | 5 | | |
| മലയാളം, തമിഴ് | 20 | 26 | 44 | 52 | 20 | 50 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 28 | 38 | 32 | 38 | 16 | 40 |
| മലയാളം, തമിഴ്, ഹിന്ദി | | | 4 | 5 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 5 | | | 4 | 10 |

ചെറുപ്പക്കാരിൽ 5%-ത്തിന് മലയാളം മാത്രമേ സംസാരിക്കാനാകൂ. 26%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. വേറൊരു 26%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 38%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. 5%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനാകും. മധ്യവയസ്കരിൽ 5%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 52%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 38%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരി ക്കാനാകും. 5%-ത്തിന് മലയാളം, തമിഴ്, ഹിന്ദി എന്നിവ സംസാരിക്കാനാകും. പ്രായംചെന്നവരിൽ 50%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 40%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. ശേഷിച്ച 10%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ സംസാരിക്കാനാകും.

### 6.3.5. വിദ്യാഭ്യാസനിലവാരം

പട്ടിക 144

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ് | 20 | 19 | 4 | 4 |
| മലയാളം, തമിഴ് | 4 | 4 | 80 | 88 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 72 | 65 | 4 | 4 |
| മലയാളം, തമിഴ്, ഹിന്ദി | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 8 | 8 | | |

ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ 19%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 4%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 65%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ സംസാരിക്കാനാകും. 4%-ത്തിന് മലയാളം, തമിഴ്, ഹിന്ദി എന്നിവയും ബാക്കി 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ നാലുഭാഷകളും സംസാരിക്കാനാകും. വിദ്യാഭ്യാസം കുറഞ്ഞവരിൽ 4%-ത്തിന് മലയാളം മാത്രവും വേറൊരു 4%-ത്തിന് മലയാളത്തോടൊപ്പം ഇംഗ്ലീഷും സംസാരിക്കാനാകും. ബാക്കിയുള്ളതിൽ 88%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും.

### 6.3.6. സാമ്പത്തികനില

പട്ടിക 145

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം | 4 | 8 | | | | |
| മലയാളം, ഇംഗ്ലീഷ് | | | 12 | 10 | 12 | 38 |
| മലയാളം, തമിഴ് | 44 | 84 | 40 | 34 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 8 | 60 | 53 | 12 | 38 |
| മലയാളം, തമിഴ്, ഹിന്ദി | | | 4 | 3 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | | | 8 | 24 |

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള 8%-ത്തിന് മലയാളം മാത്രമാണ് സംസാരിക്കാനാവുക. 84%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. ശേഷിച്ച 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകൾ സംസാരിക്കാനാകും. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ടവരിൽ 10%-ത്തിന് മലയാളവും ഇംഗ്ലീഷും, 34%-ത്തിന് മലയാളവും തമിഴും 53%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 3%-ത്തിന് മലയാളവും തമിഴും ഹിന്ദിയും സംസാരിക്കാനാകും. സാമ്പത്തിക ഉന്നതവർഗ്ഗത്തിൽപ്പെട്ടവരിൽ 38%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. വേറൊരു 38%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. ശേഷിച്ച 24%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും സംസാരിക്കാനാകും.

### 6.3.7. ഭാഷണനൈപുണിയുടെ സമഗ്രവിശകലനം

പട്ടിക 146

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| മലയാളം | 4 | 2 |
| മലയാളം, ഇംഗ്ലീഷ് | 24 | 12 |
| മലയാളം, തമിഴ് | 84 | 42 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 76 | 38 |
| മലയാളം, തമിഴ്, ഹിന്ദി | 4 | 2 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 8 | 4 |

ആകെ ആവേദകരിൽ 2%-ത്തിന് ആണ് മലയാളം മാത്രം സംസാരിക്കാനാകുന്നത്. 12%-ത്തിന് മലയാളവും ഇംഗ്ലീഷും സംസാരിക്കാനാകും. 42%-ത്തിന് മലയാളവും തമിഴും സംസാരിക്കാനാകും. 38% പേർക്ക് മലയാളവും ഇംഗ്ലീഷും തമിഴും സംസാരിക്കാനാകും. 2%-ത്തിന് മലയാളവും തമിഴും ഹിന്ദിയും സംസാരിക്കാനാകും. 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും സംസാരിക്കാനാകും.

നൂറുവർഷത്തിനകം കുടിയേറിയവരിൽ തമിഴ് സംസാരിക്കാനാകാത്ത ആരുമില്ല. നൂറുവർഷം മുമ്പ് കുടിയേറിയവരിൽ 21% പേർ തമിഴ് സംസാരിക്കാൻ അറിയാത്തവരാണ്. അതിൽത്തന്നെ 3%-ത്തിന് മലയാളം മാത്രമാണ് സംസാരിക്കാനറിയുക.

നൂറു വർഷത്തിനകം കൂടിയേറിയവരിൽ 75%-ത്തിന് തമിഴ്മലയാളങ്ങൾ മാത്രമാണ് സംസാരിക്കാനറിയുന്നത്. മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും സംസാരിക്കാനറിയുന്ന ആരും ഇക്കൂട്ടത്തിൽ ഇല്ല. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ തമിഴ്മലയാളങ്ങൾ മാത്രം സംസാരിക്കാനറിയുന്നവർ 26%

ആണ്. 47%-നു തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷും സംസാരിക്കാനാകും. നൂറു വർഷത്തിനിപ്പുറം കൂടിയേറിയവരിൽ ഇംഗ്ലീഷ് സംസാരിക്കുന്നവർ 19% മാത്രമാണ്

കൂട്ടമായി താമസിക്കുന്നവരിൽ 4%-ത്തിന് തമിഴ് സംസാരിക്കാനാവില്ല. ഒറ്റയ്ക്ക് താമസിക്കുന്നവരിൽ 27% പേർക്കും തമിഴ് സംസാരിക്കാനാവില്ല. കൂട്ടത്തിൽ താമസിക്കുന്നവരിൽ തമിഴ്മലയാളങ്ങൾ മാത്രം സംസാരിക്കാനാവുന്നവരാണ് ബഹുഭൂരിപക്ഷവും. ഇത് 57% വരും. കൂട്ടംവിട്ടു താമസിക്കുന്നവരിലാകട്ടെ തമിഴ്മലയാളങ്ങൾ മാത്രം സംസാരിക്കാനാവുന്നവർ 23% മാത്രമേ ഉള്ളൂ. കൂട്ടത്തിൽ താമസിക്കുന്ന ആർക്കും ഹിന്ദി സംസാരിക്കാനാകില്ല. എന്നാൽ കൂട്ടംവിട്ടു കഴിയുന്നവരിൽ 14%-ത്തിന് ഹിന്ദി വഴങ്ങും.

തമിഴ് സംസാരിക്കാനറിയാത്തവർ ആണുങ്ങളിൽ 12% വരും. പെണ്ണുങ്ങളിൽ ഇവരുടെ ശതമാനം 16 ആണ്. തമിഴ്മലയാളങ്ങൾ മാത്രം വഴങ്ങുന്നവർ ആണുങ്ങളിൽ 40-ഉം പെണ്ണുങ്ങളിൽ 44-ഉം ശതമാനമാണ്.

ചെറുപ്പക്കാരിൽ തമിഴ് സംസാരിക്കാനറിയാത്തവർ 31-ഉം മധ്യവയസ്കരിൽ 5-ഉം ശതമാനമാണ്. തമിഴ്മലയാളങ്ങൾ മാത്രം സംസാരിക്കാനാകുന്നവർ ചെറുപ്പക്കാരിൽ 26-ഉം മധ്യവയസ്കരിൽ 52-ഉം വൃദ്ധരിൽ 50-ഉം ശതമാനമാണ്. തമിഴ്മലയാളങ്ങളോടൊപ്പം ഇംഗ്ലീഷ് കൂടി സംസാരിക്കുന്നവർ എല്ലാ പ്രായക്കാരിലും ഏതാ് തുല്യമാണ്; യഥാക്രമം 38, 38, 40.

ഉയർന്ന വിദ്യാഭ്യാസം ലഭിച്ചവരിൽ തമിഴ് സംസാരിക്കാനറിയാത്തവർ 19% ആണ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ ഇത് 8% ആണ്. തമിഴ്മലയാളങ്ങൾ മാത്രം സംസാരിക്കാൻ സാധിക്കുന്നവർ ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ 4%-ഉം വിദ്യാഭ്യാസം കുറഞ്ഞവരിൽ 88%-ഉം ആണ്. ഇംഗ്ലീഷ് സംസാരിക്കാനറിയുന്നവർ വിദ്യാഭ്യാസം കൂടിയവരിൽ 92%-ഉം വിദ്യാഭ്യാസം കുറഞ്ഞവരിൽ

8%-ഉം ആണ്. ഹിന്ദി സംസാരിക്കാനാവുന്നവർ വിദ്യാഭ്യാസം കൂടിയവരിൽ 12% ഉ്. വിദ്യാഭ്യാസം കുറഞ്ഞവരിൽ ഹിന്ദി പറയാനറിയാവുന്ന ആരും ഇല്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മലയാളം മാത്രം സംസാരിക്കാനാകുന്നവർ 8% ഉ്. മധ്യവർഗ്ഗത്തിലും ഉന്നതവർഗ്ഗത്തിലും മലയാളം മാത്രം സംസാരിക്കാനാകുന്ന ആരും ഇല്ല. മലയാളവും തമിഴും മാത്രം സംസാരിക്കാനാവുന്നവർ പിന്നോക്കക്കാരിൽ 84% ആണ്; മധ്യവർഗ്ഗത്തിൽ 34%-ഉം. ഇക്കൂട്ടത്തിൽ സമ്പന്നരിൽ ആരുമല്ല. തമിഴ്മലയാളങ്ങൾ മാത്രം സ്വായത്തമായവർ കീഴ്‌വർഗ്ഗത്തിൽ 84%-ഉം മധ്യവർഗ്ഗത്തിൽ 34%-ഉം ഉന്നതവർഗ്ഗത്തിൽ 0%-ഉം ആണ്. ഇംഗ്ലീഷ് സംസാരിക്കാനാവുന്നവർ കീഴ്‌വർഗ്ഗത്തിൽ 8%-ഉം മധ്യവർഗ്ഗത്തിൽ 63%-ഉം ഉന്നതരിൽ 100%-ഉം ആണ്.

ആകെ ആവേദകരിൽ തമിഴ് മാത്രം സംസാരിക്കാനാകുന്ന ആരുമില്ല; മലയാളം മാത്രം സംസാരിക്കാനാകുന്ന 2% പേർ ഉ്; തമിഴ് സംസാരിക്കാനാവാത്തവരാകട്ടെ 14 ശതമാനവും.

### 6.4 വായന

ഭാഷാനൈപുണികളിൽ അനുക്രമത്തിൽ മൂന്നാം സ്ഥാനമാണ് വായനയുടേത്. വാചികചിഹ്നങ്ങളും പ്രതീകാത്മക അർത്ഥവും തമ്മിലുള്ള പാരസ്പര്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രയോഗതലങ്ങളാണ് ശ്രവണവും ഭാഷണവുമെങ്കിൽ പ്രസ്തുതചിഹ്നങ്ങളുമായി പ്രതീകാത്മകബന്ധം പുലർത്തുന്ന ലിഖിതചിഹ്നങ്ങളുടെ പ്രായോഗതലങ്ങളാണ് വായനയും എഴുത്തും. സാർവ്വത്രികവിദ്യാഭ്യാസം വളരെ പ്രസക്തമായ ഇക്കാലത്ത് ഈ ഭാഷാനൈപുണികൾക്ക് ഭൂതകാലഘട്ടത്തെ അപേക്ഷിച്ച് പ്രചാരവും പ്രസക്തിയും വളരെ കൂടുതലാണ്.

**6.4.1. അധിവാസകാലദൈർഘ്യം**

പട്ടിക 147

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷത്തിന് മുകളിൽ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | 12 | 19 | 28 | 20 |
| തമിഴ് | 4 | 6 | | |
| മലയാളം, തമിഴ് | 12 | 19 | 8 | 6 |
| മലയാളം, ഇംഗ്ലീഷ് | 4 | 6 | 64 | 47 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 6 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 8 | 13 | 12 | 9 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | 12 | 9 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 20 | 31 | 12 | 9 |

100 വർഷത്തിനകം കൂടിയേറിയവരിൽ 19% മലയാളം മാത്രം വായിക്കാനറിയുന്നവരാണ്. 6% പേർക്ക് തമിഴ് മാത്രമാണ് വായിക്കാൻ അറിയുന്നത്. 19%-ത്തിന് മലയാളവും തമിഴും വായിക്കാൻ അറിയാം. 6%-ത്തിന് മലയാളവും ഇംഗ്ലീഷും വായിക്കാനറിയാം. വേറൊരു 6%-ത്തിന് ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനറിയാം. 13% പേർക്ക് മലയാളവും ഇംഗ്ലീഷും തമിഴും വായിക്കാനറിയാം. 31%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കാനറിയാം. 100 വർഷത്തിനു മുമ്പ് കുടിയേറിയവരിൽ 20%-ത്തിന് മലയാളം മാത്രമാണ് വായിക്കാനറിയുന്നത്. 6%-ത്തിന് മലയാളവും തമിഴും വായിക്കാൻ അറിയാം. 47%-ത്തിന് മലയാളവും ഇംഗ്ലീഷും വായിക്കാനറിയാം. 9%-ത്തിന് മലയാളവും ഇംഗ്ലീഷും തിമിഴും എന്നപോലെ വേറൊരു 9%-ത്തിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകളും മറ്റൊരു 9%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും വായിക്കാൻ അറിയാം.

### 6.4.2. അധിവാസരീതി

പട്ടിക 148

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | 32 | 29 | 8 | 9 |
| തമിഴ് | 4 | 4 | | |
| മലയാളം, തമിഴ് | 16 | 14 | 4 | 5 |
| മലയാളം, ഇംഗ്ലീഷ് | 20 | 19 | 48 | 53 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 4 | 5 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 16 | 14 | 4 | 5 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 12 | 10 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 12 | 10 | 20 | 23 |

കൂട്ടമായി താമസിക്കുന്നവരിൽ 29%-ത്തിന് മലയാളം മാത്രമാണ് വായിക്കാനറിയുക; 4%-ത്തിന് തമിഴ് മാത്രവും. 14%-ത്തിന് മലയാളവും തമിഴും വായിക്കാനറിയാം. 19%-ത്തിന് മലയാളവും ഇംഗ്ലീഷും വായിക്കാനാകും. 14%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും വായിക്കാനറിയാം. ശേഷിക്കുന്നവരിൽ ഒരു 10%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും മറ്റൊരു 10%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും വായിക്കാനറിയാം. ഒറ്റപ്പെട്ടു താമസിക്കുന്നവരിൽ 9%-ത്തിന് മലയാളം മാത്രവും 5%-ത്തിന് മലയാളവും തമിഴും 53%-ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 5%-ത്തിന് ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും മറ്റൊരു 5%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളും ശേഷിച്ച 23%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകളും വായിക്കാനറിയാം.

### 6.4.3. ലിംഗഭേദം

പട്ടിക 149

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | 12 | 12 | 28 | 28 |
| തമിഴ് | | | 4 | 4 |
| മലയാളം, തമിഴ് | 12 | 12 | 8 | 8 |
| മലയാളം, ഇംഗ്ലീഷ് | 24 | 24 | 44 | 44 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 16 | 16 | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 12 | 12 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 24 | 24 | 8 | 8 |

ആണുങ്ങളിൽ 12%-ത്തിന് മലയാളം മാത്രവും വേറൊരു 12%-ത്തിന് മലയാളവും തമിഴും 24%-ത്തിന് മലയാളവും ഇംഗ്ലീഷും 16%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 12%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും ശേഷിക്കുന്ന 24%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനറിയാം. പെണ്ണുങ്ങളിൽ 28%-ത്തിന് മലയാളം മാത്രമാണ് വായിക്കാനറിയുക; 4%-ത്തിന് തമിഴ് മാത്രവും. 8%-ത്തിന് മലയാളവും തമിഴും വായിക്കാനറിയാം. 44%-ത്തിന് മലയാളവും ഇംഗ്ലീഷും വായിക്കാനറിയാം. 4%-ത്തിന് ഇംഗ്ലീഷും തമിഴും ഹിന്ദിയും വേറൊരു 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും വായിക്കാനാകും. ബാക്കിവരുന്ന 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ വായിക്കാനാകും.

### 6.4.4. പ്രായഭേദം

പട്ടിക 150

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം | 4 | 5 | 28 | 33 | 8 | 20 |
| തമിഴ് | | | 4 | 5 | | |
| മലയാളം, തമിഴ് | 8 | 11 | 8 | 10 | 4 | 10 |
| മലയാളം, ഇംഗ്ലീഷ് | 24 | 31 | 32 | 37 | 12 | 30 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 4 | 5 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 12 | 16 | | | 8 | 20 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 8 | 11 | | | 4 | 10 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 20 | 26 | 8 | 10 | 4 | 10 |

ചെറുപ്പക്കാരിൽ 5%–ത്തിന് മലയാളവും 11%–ത്തിന് മലയാളവും തമിഴും 31%–ത്തിന് മലയാളവും ഇംഗ്ലീഷും 16%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 11%–ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും 26%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനാകും. മധ്യവയസ്കരിലാകട്ടെ 33%–ത്തിന് മലയാളം മാത്രവും 5%–ത്തിന് തമിഴ് മാത്രവും 10%–ത്തിന് മലയാളവും തമിഴും 37%–ത്തിന് മലയാളവും ഇംഗ്ലീഷും 5%–ത്തിന് ഇംഗ്ലീഷും തമിഴും ഹിന്ദിയും ബാക്കി 10%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീഭാഷകളും വായിക്കാനറിയാം. പ്രായമായവരിൽ 20%–ത്തിന് മലയാളവും 10%–ത്തിന് മലയാളവും തമിഴും 30%–ത്തിന് മലയാളവും ഇംഗ്ലീഷും, 20%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളും 10%–ത്തിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നിവയും വേറൊരു 10%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവയും വായിക്കാനറിയാം.

## 6.4.5. വിദ്യാഭ്യാസനിലവാരം

പട്ടിക 151

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| മലയാളം | | | 40 | 44 |
| തമിഴ് | | | 4 | 4 |
| മലയാളം, തമിഴ് | | | 20 | 22 |
| മലയാളം, ഇംഗ്ലീഷ് | 64 | 59 | 4 | 4 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 16 | 15 | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 4 | 8 | 9 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 20 | 18 | 12 | 13 |

ഉന്നതവിദ്യാഭ്യാസം നേടിയവരിൽ 59%-ത്തിന് മലയാളവും ഇംഗ്ലീഷും 4%-ത്തിന് ഇംഗ്ലീഷ്-തമിഴ്-ഹിന്ദി ഭാഷകളും 15%-ത്തിന് മലയാളം-ഇംഗ്ലീഷ്-തമിഴ് ഭാഷകളും 4%-ത്തിന് മലയാളം-ഇംഗ്ലീഷ്-ഹിന്ദി ഭാഷകളും 18%-ത്തിന് മലയാളം-ഇംഗ്ലീഷ്-തമിഴ്-ഹിന്ദി ഭാഷകളും വായിക്കാൻ അറിയാം. വിദ്യാഭ്യാസം കുറഞ്ഞവരിൽ 44%-ത്തിന് മലയാളം മാത്രവും 4%-ത്തിന് തമിഴ് മാത്രവും 22%-ത്തിന് മലയാളവും തമിഴും 4%-ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 9%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും 13%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവയും വായിക്കാനാകും.

### 6.4.6. സാമ്പത്തികനില

പട്ടിക 152

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| മലയാളം | 20 | 37 | 20 | 17 | | |
| തമിഴ് | | | 4 | 3 | | |
| മലയാളം, തമിഴ് | 16 | 31 | 4 | 3 | | |
| മലയാളം, ഇംഗ്ലീഷ് | 4 | 8 | 44 | 39 | 20 | 63 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 4 | 3 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 8 | 16 | 14 | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 8 | | | 8 | 25 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 8 | 24 | 21 | 4 | 12 |

സാമ്പത്തിക കീഴ് വർഗ്ഗത്തിൽപ്പെട്ട 37%-ത്തിന് മലയാളം മാത്രവും 31%-ത്തിന് മലയാളവും തമിഴും 8%-ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 8%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും മറ്റൊരു 8%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും ബാക്കി 8%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനാകും. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള 17%-ത്തിന് മലയാളവും 3%-ത്തിന് തമിഴും വേറൊരു 3%-ത്തിന് മലയാളവും തമിഴും 39%-ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 3%-ത്തിന് ഇംഗ്ലീഷും തമിഴും ഹിന്ദിയും 14%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ബാക്കി 21%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനറിയാം. സമ്പന്നരിൽ 63%-ത്തിന് മലയാളവും ഇംഗ്ലീഷും 25%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും 12%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനറിയാം.

### 6.4.7. വായനാനൈപുണിയുടെ സമഗ്രവിശകലനം

പട്ടിക 153

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| മലയാളം | 40 | 20 |
| തമിഴ് | 4 | 2 |
| മലയാളം, തമിഴ് | 20 | 10 |
| മലയാളം, ഇംഗ്ലീഷ് | 68 | 34 |
| ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 2 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 20 | 10 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 12 | 6 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 32 | 16 |

ആകെ ആവേദകരിൽ 20% പേർക്ക് മലയാളം മാത്രമാണ് വായിക്കാനറിയുക; 2%–ത്തിന് തമിഴ് മാത്രവും. 10%–ത്തിന് മലയാളവും തമിഴും വായിക്കാനറിയാം. 34%–ത്തിന് മലയാളവും ഇംഗ്ലീഷും 2%–ത്തിന് ഇംഗ്ലീഷും തമിഴും ഹിന്ദിയും 10%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 6%–ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും 16%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും വായിക്കാനറിയാം.

തമിഴ് വായിക്കാനറിയാത്തവർ നൂറു വർഷത്തിനകം കുടിയേറിയവരിൽ 31 ശതമാനവും നൂറു വർഷത്തിനു മുമ്പ്കൂടിയേറിയവരിൽ 76 ശതമാനവുമാണ്. തമിഴ് മാത്രം വായിക്കാനറിയുന്നവർ നൂറുവർഷത്തിനകം കൂടിയേറിയവരിൽ 6 ശതമാനമു്. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ ആരുമില്ല. തമിഴും മലയാളവും മാത്രം വായിക്കാനറിയുന്നവർ നൂറു വർഷത്തിനകം കുടിയേറിയവരിൽ 19 ശതമാനവും നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 6 ശതമാനവുമാണ്. മലയാളവും ഇംഗ്ലീഷും വായിക്കാനറിയുന്നവർ നൂറുവർഷത്തിനകം

കുടിയേറിയവരിൽ 6 ശതമാനവും നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 47 ശതമാനവും ആണ്.

കൂട്ടമായി താമസിക്കുന്നവരിൽ 58%-ത്തിന് തമിഴ് വായിക്കാനറിയില്ല. കൂട്ടംവിട്ടു താമസിക്കുന്നവരിൽ ഇത് 62% ആണ്. മലയാളം മാത്രം വായിക്കാനറിയുന്നവർ കുട്ടത്തിൽ താമസിക്കുന്നവരിൽ 29%-ഉം കുട്ടംവിട്ടു താമസിക്കുന്നവരിൽ 9%-ഉം ആണ്. കൂട്ടമായി താമസിക്കുന്നവരിൽ 4%-ത്തിന് തമിഴ് മാത്രമാണ് വായിക്കാനറിയുക. സംഘംവിട്ടു താമസിക്കുന്നവരിൽ തമിഴ് മാത്രം വായിക്കാനറിയുന്നവർ ആരുമില്ല.

തമിഴ് വായിക്കാനറിയാത്തവർ ആണുങ്ങളിൽ 48%-ഉം പെണ്ണുങ്ങളിൽ 72%-ഉം ആണ്. അതിൽത്തന്നെ മലയാളം മാത്രം അറിയുന്നവർ ആണുങ്ങളിൽ 12%-ഉം പെണ്ണുങ്ങളിൽ 28%-ഉം ആണ്.

പ്രായം കുറഞ്ഞവരിൽ 47-ഉം മധ്യവയസ്കരിൽ 70-ഉം വൃദ്ധരിൽ 60-ഉം ശതമാനം പേർക്ക് തമിഴ് വായിക്കാൻ അറിയില്ല. എന്നാൽ മധ്യവയസ്കരിലെ 10% മാത്രമാണ് ആവേദകരിൽ മലയാളം വായിക്കാനറിയാത്തവർ. ബാക്കി 90%-പേരും മലയാളം വായിക്കാൻ അറിയുന്നവരാണ്. ചെറുപ്പക്കാരിലും വൃദ്ധരിലും പെട്ട എല്ലാവർക്കും മലയാളം വായിക്കാൻ അറിയാം.

ഉയർന്ന വിദ്യാഭ്യാസം കിട്ടിയവരിൽ 63%-ത്തിന് തമിഴ് വായിക്കാനറിയില്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 57%-നാണ് തമിഴ് വായിക്കാനറിയാത്തത്. മലയാളം വായിക്കാനറിയാത്തവർ ഉയർന്ന വിദ്യാഭ്യാസമുള്ളവരിലും വിദ്യാഭ്യാസം കുറഞ്ഞവരിലും 4% വീതമാണ്.

സാമ്പത്തിക കീഴ്വർഗ്ഗത്തിലുള്ള 53%-ത്തിന് തമിഴ് വായിക്കാനറിയില്ല; മധ്യവർഗ്ഗത്തിൽ 56%-നും. ഉന്നത സാമ്പത്തികനിലയിലുള്ളവരിൽ തമിഴ്

വായിക്കാനറിയാത്തവർ 88% ആണ്. മലയാളം വായിക്കാനറിയാത്തവരാകട്ടെ കീഴ്വർഗ്ഗത്തിൽ 8%-ഉം മധ്യവർഗ്ഗത്തിൽ 7%-ഉം ഉന്നതരിൽ 0%-ഉം ആണ്.

ആകെ ആവേദകരിൽ തമിഴ് വായിക്കാനറിയാത്തവർ 60-ഉം മലയാളം വായിക്കാനറിയാത്തവർ 4-ഉം ശതമാനമാണ്. 96%-നും മലയാളം വായിക്കാനറിയാം. തമിഴ് വായിക്കാനറിയുന്നവർ 40% ആണ്.

## 6.5 ലേഖനം

ഭാഷാനൈപുണികളിൽ അനുക്രമപ്രകാരം നാലാമത്തേതും ഒരു ഭാഷക സമൂഹത്തിലെ അംഗങ്ങൾ സ്വായത്തമാക്കുന്നതിൽ അവസാനത്തേതുമാണ് ലേഖനനൈപുണി. ജനസാമാന്യത്തെ സംബന്ധിച്ചിടത്തോളം ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നാലു നൈപുണികൾ സ്വായത്തമെങ്കിൽ ആ ഭാഷയുടെ പ്രധാന നൈപുണികളെല്ലാം സ്വായത്തമായെന്നോ അഥവാ ആ ഭാഷ സാമാന്യമായി സ്വായത്തമായി എന്നോ പറയാം.

### 6.5.1. അധിവാസകാലദൈർഘ്യം

പട്ടിക 154

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷത്തിന് മുകളിൽ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 4 | 6.25 | | |
| മലയാളം | 16 | 25 | 32 | 24 |
| ഇംഗ്ലീഷ്, തമിഴ് | 4 | 6.25 | | |
| മലയാളം, ഇംഗ്ലീഷ് | 4 | 6.25 | 72 | 53 |
| മലയാളം, തമിഴ് | 16 | 25 | 4 | 3 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 6.25 | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | 4 | 3 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 16 | 25 | 24 | 17 |

നൂറുവർഷത്തിനകം കൂടിയേറിയവരിൽ 6.25%-ത്തിന് തമിഴ് മാത്രവും 25%-ത്തിന് മലയാളം മാത്രവും 6.25%-ത്തിന് ഇംഗ്ലീഷും തമിഴും വേറൊരു 6.25%-ത്തിന് മലയാളവും ഇംഗ്ലീഷും എഴുതാനറിയാം. വേറൊരു 25%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ എഴുതാനറിയാം. നൂറു വർഷത്തിനുമുമ്പ് കുടിയേറിയവരിൽ 24%-ത്തിന് മലയാളം മാത്രവും 53%-ത്തിന് മലയാളവും ഇംഗ്ലീഷും 3%-ത്തിന് മലയാളവും തമിഴും വേറൊരു 3%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും ബാക്കി 17%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവയും എഴുതാനറിയാം.

### 6.5.2. അധിവാസരീതി

പട്ടിക 155

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | 4 | 4 | | |
| മലയാളം | 40 | 35 | 8 | 9 |
| ഇംഗ്ലീഷ്, തമിഴ് | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ് | 20 | 17 | 56 | 64 |
| മലയാളം, തമിഴ് | 12 | 11 | 8 | 9 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 28 | 25 | 12 | 14 |

കൂട്ടമായി താമസിക്കുന്നവരിൽ 4%-ത്തിന് തമിഴ് മാത്രവും 35%-ത്തിന് മലയാളം മാത്രവും 17%-ത്തിന് മലയാളവും ഇംഗ്ലീഷും 11%-ത്തിന് മലയാളവും തമിഴും 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും വേറൊരു 4%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും ബാക്കി 25%-ത്തിന് മലയാളം. ഇംഗ്ലീഷ്,

തമിഴ്, ഹിന്ദി എന്നിവയും എഴുതാനറിയാം. കൂട്ടത്തിൽനിന്നു മാറി താമസിക്കുന്നവരിൽ 9%-ത്തിന് മലയാളവും 5%-ത്തിന് ഇംഗ്ലീഷും തമിഴും 63%-ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 9%-ത്തിന് മലയാളവും തമിഴും ബാക്കി 14%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും എഴുതാനറിയാം.

### 6.5.3. ലിംഗഭേദം

പട്ടിക 156

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | 4 | 4 |
| മലയാളം | 16 | 16 | 32 | 32 |
| ഇംഗ്ലീഷ്, തമിഴ് | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ് | 32 | 32 | 44 | 44 |
| മലയാളം, തമിഴ് | 16 | 16 | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 28 | 28 | 12 | 12 |

ആണുങ്ങളിൽ 16%-ത്തിന് മലയാളവും 32%-ത്തിന് മലയാളവും ഇംഗ്ലീഷും 16%-ത്തിന് മലയാളവും തമിഴും 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും വേറൊരു 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 28%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും എഴുതാനറിയാം. പെണ്ണുങ്ങളിൽ 4%-ത്തിന് തമിഴ് മാത്രവും 32%-ത്തിന് മലയാളം മാത്രവും 4%-ത്തിന് മലയാളവും തമിഴും 44%-ത്തിന് മലയാളവും ഇംഗ്ലീഷും 4%-ത്തിന് മലയാളവും തമിഴും ബാക്കി 12%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവയും എഴുതാനറിയാം.

### 6.5.4. പ്രായഭേദം

പട്ടിക 157

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | | | 4 | 5 | | |
| മലയാളം | 8 | 11 | 32 | 38 | 8 | 20 |
| ഇംഗ്ലീഷ്, തമിഴ് | | | 4 | 5 | | |
| മലയാളം, ഇംഗ്ലീഷ് | 28 | 37 | 32 | 38 | 16 | 40 |
| മലയാളം, തമിഴ് | 4 | 5 | 8 | 9 | 8 | 20 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 5 | | | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 5 | | | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 28 | 37 | 4 | 5 | 8 | 20 |

ചെറുപ്പക്കാരിൽ 11%–ത്തിന് മലയാളവും 37%–ത്തിന് മലയാളവും ഇംഗ്ലീഷും 5%–ത്തിന് മലയാളവും തമിഴും വേറൊരു 5%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 5%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും മറ്റൊരു 5%–ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും 37%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് ഹിന്ദി എന്നിവയും എഴുതാനറിയാം. മധ്യവയസ്കരിൽ 5%–ത്തിന് തമിഴ് മാത്രവും, 38%–ത്തിന് മലയാളം മാത്രവും വേറൊരു 5%–ത്തിന് മലയാളവും തമിഴും 38%–ത്തിന് മലയാളവും ഇംഗ്ലീഷും 9%–ത്തിന് മലയാളവും തമിഴും ബാക്കി 5%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും എഴുതാനറിയാം. പ്രായമായവരിൽ 20%–ത്തിന് മലയാളവും 40%–ത്തിന് മലയാളവും ഇംഗ്ലീഷും വേറൊരു 20%–ത്തിന് മലയാളവും തമിഴും ശേഷിക്കുന്ന 20%–ത്തിന് നാലു ഭാഷകളും എഴുതാനറിയാം.

### 6.5.5. വിദ്യാഭ്യാസനിലവാരം

പട്ടിക 158

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| തമിഴ് | | | 4 | 4 |
| മലയാളം | | | 48 | 53 |
| ഇംഗ്ലീഷ്, തമിഴ് | 4 | 4 | | |
| മലയാളം, ഇംഗ്ലീഷ് | 68 | 63 | 8 | 9 |
| മലയാളം, തമിഴ് | | | 20 | 22 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | | | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 36 | 33 | 4 | 4 |

ഉന്നത വിദ്യാഭ്യാസം നേടിയവരിൽ 4%-ത്തിന് മലയാളവും തമിഴും 63%-ത്തിന് മലയാളവും ഇംഗ്ലീഷും 33%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവയും എഴുതാനറിയാം. വിദ്യാഭ്യാസം കുറഞ്ഞവരിൽ 4%-ത്തിന് തമിഴും 53%-ത്തിന് മലയാളവും 9%-ത്തിന് മലയാളവും ഇംഗ്ലീഷും 22%-ത്തിന് മലായാളവും തമിഴും 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും വേറൊരു 4%-ത്തിന് മലയാളവും ഇംഗ്ലീഷും ഹിന്ദിയും മറ്റൊരു 4%-ത്തിന് നാലു ഭാഷകളും എഴുതാൻ സാധിക്കും.

### 6.5.6. സാമ്പത്തികനില

പട്ടിക 159

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| തമിഴ് | | | 4 | 3 | | |
| മലയാളം | 28 | 53 | 20 | 17 | | |
| ഇംഗ്ലീഷ്, തമിഴ് | | | 4 | 3 | | |
| മലയാളം, ഇംഗ്ലീഷ് | 4 | 8 | 44 | 39 | 28 | 88 |
| മലയാളം, തമിഴ് | 12 | 23 | 8 | 7 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | | | 4 | 3 | | |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 8 | | | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 8 | 32 | 28 | 4 | 12 |

സാമ്പത്തികമായി കീഴ്‌വർഗ്ഗത്തിൽപ്പെട്ട 53%-ത്തിന് മലയാളം മാത്രവും 8%-ത്തിന് മലയാളവും ഇംഗ്ലീഷും 23%-ത്തിന് മലായാളവും തമിഴും 8%-ത്തിന് മലായാളവും ഇംഗ്ലീഷും ഹിന്ദിയും വേറൊരു 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നിവയും എഴുതാനാകും. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 3%-ത്തിന് തമിഴ് മാത്രവും 17%-ത്തിന് മലയാളം മാത്രവും 3%-ത്തിന് മലായളവും തമിഴും, 39%-ത്തിന് മലയാളവും ഇംഗ്ലീഷും 7%-ത്തിന് മലയാളവും തമിഴും 3%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും 28%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും എഴുതാനറിയാം. സമ്പന്നരിൽ 88%-ത്തിന് മലയാളവും ഇംഗ്ലീഷും 12%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീഭാഷകളും എഴുതാനാകും.

### 6.5.7. ലേഖനനൈപുണിയുടെ സമഗ്രവിശകലനം

പട്ടിക 160

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 4 | 2 |
| മലയാളം | 48 | 24 |
| ഇംഗ്ലീഷ്, തമിഴ് | 4 | 2 |
| മലയാളം, ഇംഗ്ലീഷ് | 76 | 38 |
| മലയാളം, തമിഴ് | 20 | 10 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 4 | 2 |
| മലയാളം, ഇംഗ്ലീഷ്, ഹിന്ദി | 4 | 2 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 40 | 20 |

ആകെ ആവേദകരിൽ 2%-ത്തിന് തമിഴ് എഴുതാനാകും, 24%-ത്തിന് മലയാളം മാത്രമേ എഴുതാനാകൂ, വേറൊരു 2%-ത്തിന് ഇംഗ്ലീഷും തമിഴും എഴുതാനാകും. മറ്റൊരു 2%-ത്തിന് മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നിവ എഴുതാ നാകും. 20%പേർക്ക് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ എഴുതാനാകും. നൂറുവർഷത്തിനകം കുടിയേറയവരിൽ 6.25%-ത്തിന് തമിഴ് മാത്രം എഴുതാനറിയാം; 25%-ത്തിന് മലയാളം മാത്രവും. തമിഴ് എഴുതാന റിയാത്തവർ ഇക്കൂട്ടത്തിൽ 31.25% ആണ്; മലയാളം എഴുതാനറിയാത്തവർ 12.5%-വും. നൂറുവർഷങ്ങൾക്കുമുമ്പ് കുടിയേറിയവരിൽ മലയാളം എഴുതാന റിയത്ത ആരുമില്ല, തമിഴ് എഴുതാനറിയാത്തവർ 80% ആണ്.

കൂട്ടമായി താമസിക്കുന്നവരിൽ തമിഴ് മാത്രം എഴുതാനറിയുന്നവർ 4-ഉം മലയാളം മാത്രം അറിയുന്നവർ 35-ഉം ശതമാനമാണ്. തമിഴ് എഴുതാന റിയാത്തവർ 56% ആണ്. കൂട്ടം വിട്ടു താമസിക്കുന്നവരിൽ മലയാളം എഴുതാനറിയാത്തവർ 4% ഉ്. തമിഴ് എഴുതാനറിയാത്തവർ 73% ആണ്.

ആണുങ്ങളിൽ 52%-ത്തിന് തമിഴ് എഴുതാനറിയില്ല. മലയാളം എല്ലാവർക്കും എഴുതാനറിയാം. സ്ത്രീകളിൽ 4%-ത്തിന് മലയാളം എഴുതാനറിയില്ല; ബാക്കി 96%-ത്തിന് അറിയാം. തമിഴ് എഴുതാനറിയാത്തവർ സ്ത്രീകളിൽ 76% വരും. ചെറുപ്പക്കാരിൽ എല്ലാവർക്കും മലയാളം എഴുതാനറിയാം. 53% പേർക്ക് തമിഴ് അറിയില്ല. മധ്യവയസ്കരിൽ തമിഴ് അറിയാത്തവർ 76% ആണ്; മലയാളം അറിയാത്തവർ 5 ശതമാനവും. വൃദ്ധരിൽ മലയാളം എല്ലാവർക്കും എഴുതാനറിയാം. എന്നാൽ 60%-ത്തിന് തമിഴ് അറിയില്ല. ഉയർന്ന വിദ്യാഭ്യാസം നേടിയവരിൽ എല്ലാവർക്കും മലയാളം എഴുതാനറിയാം; 63%-ത്തിന് തമിഴ് അറിയില്ല. വിദ്യാഭ്യാസം കുറഞ്ഞവരിൽ 4%-ത്തിന് മലയാളം എഴുതാനറിയില്ല; 66%-ത്തിന് തമിഴും.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിലുള്ള എല്ലാവർക്കും മലയാളം എഴുതാനറിയാം; 69%-ത്തിന് തമിഴ് അറിയില്ല. മധ്യവർഗ്ഗത്തിലുള്ള 3%-ത്തിന് മലയാളം എഴുതാനറിയില്ല; 56%-ത്തിന് തമിഴും. ഉന്നത സാമ്പത്തിക സ്ഥിതിയിലുള്ളവരിൽ എല്ലാവർക്കും മലയാളം എഴുതാനാകും; 88%-ത്തിന് തമിഴ് എഴുതാനാകില്ല.

ആകെ ആവേദകരിൽ മലയാളം എഴുതാനാകാത്തവർ 4% ആണ്; തമിഴ് എഴുതാനറിയാത്തവർ 64-ശതമാനവും.

## 6.6 ഭാഷാന്തരണശേഷി

ദ്വിഭാഷാസമൂഹത്തിലെ അംഗങ്ങൾ തമ്മിൽ മാതൃഭാഷയിലേക്കോ സമ്പർക്കഭാഷയിലേക്കോ സാഹചര്യത്തിനനുസൃതമായി സാമാന്യവ്യവഹാരത്തിൽ നടത്തുന്ന വിവർത്തനശേഷിയാണ് ഭാഷാന്തരണശേഷി എന്നതുകൊ് ഇവിടെ ഉദ്ദേശിക്കുന്നത്. സാധാരണ ഭാഷാർജ്ജനത്തിന്റെ ഭാഗമായി വിവർത്തനശേഷി പരിഗണിക്കാറില്ല. ഭാഷയുടെ താരതമ്യേന സങ്കിർണ്ണമായൊരു മേഖലയാണിത്. ഭാഷയുടെ

സങ്കീർണ്ണവ്യവഹാരങ്ങളിൽ ഭാഷാന്യൂനപക്ഷമെന്ന നിലയ്ക്ക് കേരള ത്തിലെ തമിഴ്വാണിയരുടെ അവസ്ഥയെന്തെന്ന് മനസ്സിലാക്കാൻ ഭാഷാന്തരണ ശേഷി വിശകലനം ചെയ്യേതു്.

### 6.6.1. അധിവാസകാലദൈർഘ്യം

പട്ടിക 161

| ഭാഷ | 100 വർഷത്തിൽ താഴെ | | 100 വർഷത്തിന് മുകളിൽ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അറിയില്ല | 4 | 6 | 20 | 15 |
| മലയാളം, തമിഴ് | 48 | 75 | 20 | 15 |
| മലയാളം, ഇംഗ്ലീഷ് | | | 68 | 49 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 8 | 13 | 20 | 15 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 6 | 8 | 6 |

നൂറുവർഷത്തിനുള്ളിൽ കുടിയേറിയവരിൽ 6%-ത്തിന് വിവർത്തനക്ഷമത തീരെ കാണുന്നില്ല. 75%-ത്തിന് തമിഴ്-മലയാള വിവർത്തനം സാധിക്കും. 13%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിൽ വിവർത്തനം ചെയ്യാനാകും. 6% പേർക്ക് മലയാളം-ഇംഗ്ലീഷ്-തമിഴ്-ഹിന്ദി ഭാഷകൾ പരസ്പരം വിവർത്തനം ചെയ്യാനാകും. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 15%-ത്തിന് മലയാ ളവും തമിഴും വിവർത്തനം ചെയ്യാനാകില്ല. വേറെരു 15%-ത്തിന് മലയാളവും തമിഴും തമ്മിൽ വിവർത്തനം ചെയ്യാനാകും. 49%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലാണ് വിവർത്തനം സാധിക്കുക. വേറൊരു 15%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിൽ വിവർത്തനം സാധിക്കും. 6%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിൽ വിവർത്തനം സാധിക്കും.

### 6.6.2. അധിവാസരീതി

പട്ടിക 162

| ഭാഷ | കൂട്ടമായി താമസിക്കുന്നവർ | | വേർതിരിഞ്ഞ് താമസിക്കുന്നവർ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അറിയില്ല | 20 | 18 | 4 | 5 |
| മലയാളം, തമിഴ് | 44 | 39 | 24 | 27 |
| മലയാളം, ഇംഗ്ലീഷ് | 20 | 18 | 48 | 54 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 20 | 18 | 8 | 9 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 8 | 7 | 4 | 5 |

കൂട്ടമായി കഴിയുന്നവരിൽ 18%-ത്തിന് ഭാഷാന്തരണശേഷിയില്ല. 39%-ത്തിന് മലയാളവും തമിഴും തമ്മിലും. 18%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും വേറൊരു 18%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിലും ബാക്കി 7%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിലും വിവർത്തനം ചെയ്യാനാകും. കൂട്ടത്തിൽനിന്നും മാറിതാമസിക്കുന്നതിൽ 5%-പേർക്ക് വിവർത്തനം ചെയ്യാനാകില്ല. 27%-ത്തിന് മലയാളവും തമിഴും തമ്മിലും 54%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 9%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിലും 5%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിലും വിവർത്തനം സാധിക്കും.

### 6.6.3. ലിംഗഭേദം

പട്ടിക 163

| ഭാഷ | ആൺ | | പെൺ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അറിയില്ല | 8 | 8 | 16 | 16 |
| മലയാളം, തമിഴ് | 36 | 36 | 32 | 32 |
| മലയാളം, ഇംഗ്ലീഷ് | 28 | 28 | 40 | 40 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 20 | 20 | 8 | 8 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 8 | 8 | 4 | 4 |

ആണുങ്ങളിൽ 8%-ത്തിന് ഭാഷാന്തരണശേഷിയില്ല. 36%-ത്തിന് മലയാളവും തമിഴും തമ്മിലും 28%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 20%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നീ ഭാഷകൾ തമ്മിലും വിവർത്തനം സാധ്യമാണ്. പെണ്ണുങ്ങളിൽ 16%-ത്തിന് ഒരു ഭാഷയിൽനിന്നും മറ്റൊരു ഭാഷയിലേക്കും വിവർത്തനം ചെയ്യാനാകില്ല. 32%-ത്തിന് മലയാളവും തമിഴും തമ്മിലും 40%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 40%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 8%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിലും ബാക്കി 4%-ത്തിന് നാലു ഭാഷകൾ തമ്മിലും ഏകദേശ പ്രവർത്തനം സാധിക്കും.

### 6.6.4. പ്രായഭേദം

പട്ടിക 164

| ഭാഷ | 1 – 30 | | 31 – 60 | | 60–ന് മുകളിൽ | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| അറിയില്ല | 4 | 5 | 16 | 19 | 4 | 10 |
| മലയാളം, തമിഴ് | 20 | 26 | 36 | 43 | 12 | 30 |
| മലയാളം, ഇംഗ്ലീഷ് | 28 | 38 | 24 | 28 | 16 | 40 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 20 | 26 | 4 | 5 | 4 | 10 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 4 | 5 | 4 | 5 | 4 | 10 |

ചെറുപ്പക്കാരിൽ 5%–ത്തിന് വിവർത്തനം സാധിക്കില്ല. 26%–ത്തിന് മലയാളവും തമിഴും തമ്മിലും 38%–ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 26%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നിവ തമ്മിലും 5%–ത്തിന് നാലു ഭാഷകൾ തമ്മിലും വിവർത്തനമാകും. മധ്യവയസ്കരിൽ 19%–ത്തിന് വിവർത്തനം ചെയ്യാനാകില്ല. 43%–ത്തിന് മലയാളവും തമിഴും തമ്മിലും 28%–ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 5%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും വേറൊരു 5%–ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവതമ്മിലും വിവർത്തനം സാധിക്കും. പ്രായമായവരിൽ 10%–ത്തിന് വിവർത്തനം സാധിക്കില്ല. 30%–ത്തിന് മലയാളവും തമിഴും തമ്മിലും 40%–ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 10%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും വേറൊരു 10%–ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും ഹിന്ദിയും തമ്മിലും വിവർത്തനം സാധിക്കും.

### 6.6.5. വിദ്യാഭ്യാസനിലവാരം

പട്ടിക 165

| ഭാഷ | പത്താംതരമോ അതിൽ കൂടുതലോ | | പത്താംതരത്തിൽ താഴെ | |
|---|---|---|---|---|
| | ആവേദകരുടെ എണ്ണം | ശതമാനം | ആവേദകരുടെ എണ്ണം | ശതമാനം |
| അറിയില്ല | | | 24 | 26 |
| മലയാളം, തമിഴ് | 12 | 11 | 56 | 61 |
| മലയാളം, ഇംഗ്ലീഷ് | 60 | 56 | 8 | 9 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 24 | 22 | 4 | 4 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 12 | 11 | | |

ഉന്നതവിദ്യാഭ്യാസം നേടിയവരിൽ 11%-ത്തിന് മലയാളവും തമിഴും തമ്മിലും 56%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 22%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും 11%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിലും വിവർത്തനം സാധിക്കും. വിദ്യാഭ്യാസം കുറഞ്ഞവരിൽ 26%-ത്തിന് വിവർത്തനം ചെയ്യാനാകില്ല. 61%-ത്തിന് മലയാളവും തമിഴും തമ്മിൽ വിവർത്തനമാകും. 9%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 4%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും വിവർത്തനം സാധിക്കും.

### 6.6.6. സാമ്പത്തികനില

പട്ടിക 166

| ഭാഷ | കീഴ്‌വർഗ്ഗം | | മധ്യവർഗ്ഗം | | ഉന്നതവർഗ്ഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| അറിയില്ല | 12 | 23 | 12 | 10 | | |
| മലയാളം, തമിഴ് | 36 | 69 | 28 | 24 | 4 | 12.5 |
| മലയാളം, ഇംഗ്ലീഷ് | 4 | 8 | 40 | 35 | 24 | 75 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | | | 28 | 24 | | |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | | | 8 | 7 | 4 | 12.5 |

സാമ്പത്തികമായി കീഴ്വർഗ്ഗത്തിൽപ്പെട്ട 23%-ത്തിന് ഭാഷാന്തരണ ശേഷിയില്ല. 69%-ത്തിന് മലയാളവും തമിഴും തമ്മിലും ബാക്കി 8%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും വിവർത്തനമാകും. സാമ്പത്തിക മധ്യവർഗ്ഗത്തിൽപ്പെട്ട 10%-ത്തിന് വിവർത്തനം സാധിക്കില്ല. 24%-ത്തിന് മലയാളവും തമിഴും തമ്മിലും 35%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 24%-ത്തിന് മലയാളവും ഇംഗ്ലീഷും തമിഴും തമ്മിലും 7%-ത്തിന് നാലു ഭാഷകൾ തമ്മിലും വിവർത്തനം സാധിക്കും. ഉന്നത സാമ്പത്തിക നിലയിലുള്ളവരിൽ 12.5%-ത്തിന് മലയാളവും തമിഴും തമ്മിലും 75%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിലും 12.5%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിലും വിവർത്തനം സാധിക്കും.

### 6.6.7. ഭാഷാന്തരണനൈപുണിയുടെ സമഗ്രവിശകലനം

പട്ടിക 167

| ഭാഷ | ആവേദകരുടെ എണ്ണം | ശതമാനം |
|---|---|---|
| അറിയില്ല | 24 | 12 |
| മലയാളം, തമിഴ് | 68 | 34 |
| മലയാളം, ഇംഗ്ലീഷ് | 68 | 34 |
| മലയാളം, ഇംഗ്ലീഷ്, തമിഴ് | 28 | 14 |
| മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി | 12 | 6 |

ആകെ ആവേദകരിൽ 12%-ത്തിന് ഭാഷാന്തരണശേഷിയില്ല. 34%-ത്തിന് മലയാളവും തമിഴും തമ്മിൽ വിവർത്തനം ചെയ്യാനാകും. അതിനാൽ ഭാഷാന്തരണശേഷിയു്. വേറെരു 34%-ത്തിന് മലയാളവും ഇംഗ്ലീഷും തമ്മിൽ വിവർ ത്തനം സാധിക്കും. 14%-ത്തിന് മലയാളവും ഇംഗ്ലീഷും, തമിഴും തമ്മിലും ബാക്കി 6%-ത്തിന് മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി എന്നിവ തമ്മിലും വിവർത്തനം സാധിക്കും.

നൂറുവർഷത്തിനകം കുടിയേറിയവരിൽ തമിഴും ഇതരഭാഷകളും തമ്മിൽ വിവർത്തനം ചെയ്യാനാകുന്നവർ 94% ആണ്. നൂറുവർഷങ്ങൾക്കുമുമ്പ് കുടിയേറിയവരിൽ ഇത് 36% ആണ്. മലയാളവും ഇതരഭാഷകളും തമ്മിൽ വിവർത്തനം സാധിക്കുന്നവർ യഥാക്രമം 94–ഉം 85–ഉം ശതമാനം ആണ്.

കുട്ടത്തിൽ താമസിക്കുന്നവരിൽ തമിഴുമായി വിവർത്തനം സാധിക്കുന്നവർ 64-ശതമാനവും കുട്ടംവിട്ടു താമസിക്കുന്നവരിൽ 41-ശതമാനവുമാണ്. മലയാളവും ഇതരഭാഷകളുമായി വിവർത്തനം സാധിക്കുന്നവർ യഥാക്രമം 82–ഉം 95–ഉം ശതമാനമാണ്.

തമിഴും ഇതരഭാഷകളും തമ്മിൽ വിവർത്തനം ചെയ്യാനാകുന്നവർ ആണുങ്ങളിൽ 64–ഉം പെണ്ണുങ്ങളിൽ 44–ഉം ശതമാനമാണ്. മലയാളത്തിന്റെ കാര്യത്തിൽ ഇത് ആണുങ്ങളിൽ 92–ഉം പെണ്ണുങ്ങളിൽ 84–ഉം ശതമാനമാണ്.

തമിഴും ഇതരഭാഷകളും തമ്മിൽ വിവർത്തനം സാധിക്കുന്നവർ ചെറുപ്പക്കാരിൽ 57–ഉം മധ്യവയസ്കരിൽ 53–ഉം വൃദ്ധരിൽ 50–ഉം ശതമാനമാണ്. മലയാളവും ഇതരഭാഷകളുമായി വിവർത്തനം ചെയ്യാനാകുന്നവർ ചെറുപ്പക്കാരിൽ 95–ഉം മധ്യവയസ്കരിൽ 81–ഉം വൃദ്ധരിൽ 90–ഉം ശതമാനമാണ്.

ഉയർന്ന വിദ്യാഭ്യാസമുള്ളവരിൽ തമിഴുമായി വിവർത്തനം സാധിക്കുന്നവർ 44–ഉം മലയാളവുമായി സാധിക്കുന്നവർ 100–ഉം ശതമാനമാണ് വിദ്യാഭ്യാസം കുറഞ്ഞവരിൽ ഇവരുടെ ശതമാനം യഥാക്രമം 65–ഉം 74–ഉം ആണ്.

തമിഴുമായി വിവർത്തനം സാധിക്കുന്നവർ താഴ്ന്ന സാമ്പത്തികനിലയിലുള്ളവരിൽ 69–ഉം മധ്യവർഗ്ഗക്കാരിൽ 55–ഉം സമ്പന്നരിൽ 25–ഉം ശതമാനമാണ്. മലയാളവുമായി വിവർത്തനം സാധിക്കുന്നവരുടെ ശതമാനം യഥാക്രമം 77–ഉം 90–ഉം 100–ഉം ആണ്.

ആകെ ആവേദകരെ പരിഗണിച്ചാൽ തമിഴുമായി വിവർത്തനം സാധിക്കുന്നവർ 54–ഉം മലയാളവുമായി സാധിക്കുന്നവർ 88–ഉം ശതമാനമാണ്.

## 6.7. സംഗ്രഹം

### 6.7.1. ശ്രവണം

പട്ടിക 168

| ഭാഷ | എണ്ണം | ശതമാനം |
|---|---|---|
| മലയാളം | – | – |
| മലയാളവും തമിഴും | 200 | 100 |

എല്ലാവരും തമിഴിലും മലയാളത്തിലും ഈ ശേഷി സംരക്ഷിക്കുന്നവരാണ്. അഥവാ ആശയം ഗ്രഹിക്കുക എന്ന നൈപുണിയുടെ കാര്യത്തിൽ ഏവരും തമിഴ് സംരക്ഷിക്കുന്നതോടൊപ്പം മലയാളം സ്വാംശീകരിക്കുകകൂടി ചെയ്തിരിക്കുന്നു.

കുടിയേറ്റ കാലദൈർഘ്യം കൂടുന്നതനുസരിച്ച് ഭാഷാസംരക്ഷണതോത് കുറയുന്നു. സമ്പർക്കസമൂഹത്തിനിടയ്ക്കുള്ള അധിവാസം മാതൃഭാഷാനഷ്ടത്തിനും സമ്പർക്ക ഭാഷാസ്വീകരണത്തിനും പുറമെ ഔദ്യോഗികഭാഷയായ ഹിന്ദിയും അന്താരാഷ്ട്രഭാഷയായ ഇംഗ്ലീഷും വിധേയസമൂഹം സ്വീകരിക്കുന്നു. കൂട്ടായ അധിവാസം ഭാഷാസംരക്ഷണത്തിന് സഹായകമായാണ് വർത്തിക്കുന്നത്. സ്ത്രീകളിൽ പുരുഷന്മാരെ അപേക്ഷിച്ച് ഭാഷാസംരക്ഷണതീവ്രത കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുപ്പക്കാരെ അപേക്ഷിച്ച് പ്രായമായവർ തമിഴ് കൂടുതലായി സംരക്ഷിക്കുന്നു. വിദ്യാഭ്യാസം കൂടുന്നതനുസരിച്ച് തമിഴ് കുറഞ്ഞുവരുന്നു എന്നത് വിദ്യാഭ്യാസപുരോഗതി സ്വത്വസംരക്ഷണത്തിന് എതിരായാണ് പ്രവർത്തിക്കുന്നത് എന്ന് കാണിക്കുന്നു. സാമ്പത്തിക പുരോഗതിയും ഭാഷാസംരക്ഷണത്തിന് പ്രതികൂലമായാണ് വർത്തിക്കുന്നത്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയർന്നുവരുന്നവർ സാമുദായികവും പ്രാദേശിക

വുമായ സ്വത്വപരിമിതികളിൽനിന്ന് മോചനംനേടി ദേശീയമോ അന്തർദേശീയമോ ആയ മേഖലകളിലേക്ക് ഉയരുന്നതിന്റെ അടയാളമാണ് അത്തരക്കാരിൽ കാണുന്ന ഹിന്ദി, ഇംഗ്ലീഷ് ഭാഷകളുടെ സ്വാധീനം.

### 6.7.2. ഭാഷണം

പട്ടിക 169

| ഭാഷ | എണ്ണം | ശതമാനം |
|---|---|---|
| മലയാളം | 28 | 14 |
| മലയാളവും തമിഴും | 172 | 86 |

മലയാളം എല്ലാവർക്കും സംസാരിക്കാനറിയാം. എന്നാൽ 14% പേർക്ക് തമിഴ് സംസാരിക്കാനാവില്ല. അതായത് ഭാഷണനൈപുണിയുടെ കാര്യത്തിൽ ആകെ ആവേദകരിൽ 14% പേരിൽ ഭാഷ–ആദേശം സംഭവിച്ചിരിക്കുന്നു. ശേഷിച്ച 86% പേർ തമിഴ് സംരക്ഷിക്കുകകൂടി ചെയ്തിട്ടു്. അതായത് ആവേദക സമൂഹത്തിൽ ഭാഷണനൈപുണിയുടെ കാര്യത്തിൽ ഭാഷാദേശ പ്രവണതയാണ് കൂടുതൽ പ്രകടിപ്പിക്കുന്നത്.

കുടിയേറ്റ കാലദൈർഘ്യം ഏറുന്നതനുസരിച്ച് മാതൃഭാഷയായ തമിഴ് നഷ്ടമാവുകയും മലയാളം സ്വായത്തമാവുകയും ചെയ്യുന്നു്. കൂട്ടമായി താമസിക്കുന്നവരിലേക്കാൾ ആദേശപ്രവണത കൂട്ടംവിട്ടു താമസിക്കുന്നതിൽ ശക്തമാണ്. ആണുങ്ങളെ അപേക്ഷിച്ച് പെണ്ണുങ്ങളിൽ സംരക്ഷണ പ്രവണത അല്പം കൂടുതലായി കാണുന്നു. പ്രായം കുറയുന്നതനുസരിച്ച് ആദേശപ്രവണത കൂടിവരുന്നു്. വിദ്യാഭ്യാസപരവും സാമ്പത്തികവുമായി ഉയരുന്നതനുസരിച്ച് ഭാഷ–ആദേശപ്രവണതക്ക് ആക്കംകൂടുന്നതായി കാണുന്നു്.

### 6.7.3. വായന

പട്ടിക 170

| ഭാഷ | എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 8 | 4 |
| മലയാളവും തമിഴും | 72 | 36 |
| മലയാളം | 120 | 60 |

വായനാനൈപുണിയുടെ കാര്യത്തിൽ 4% പേർ ഇന്നും തമിഴ് പൂർണ്ണമായി സംരക്ഷിക്കുന്നു്. തമിഴ് നഷ്ടപ്പെടാതെ മലയാളം സ്വാംശീ കരിച്ചവർ 36% ആണ്. പൂർണ്ണമായും തമിഴ് നഷ്ടപ്പെടുത്തിക്കൊ് മലയാളം സ്വാംശീകരിച്ചവർ 60% ആണ്. അതായത് കേരളത്തിലെ തമിഴ് വാണിയർ വായനാനൈപുണിയുടെ കാര്യത്തിൽ ശക്തമായ ഭാഷ–ആദേശ പ്രവണതയാണ് പ്രകടമാക്കുന്നത്.

അധിവാസകാലദൈർഘ്യം ഏറുന്നതിനനുസരിച്ച് ആവേദകർക്കിടയിലെ തമിഴ് കുറഞ്ഞുവരുന്നത് പ്രകടമാണ്. കൂട്ടമായി താമസിക്കുന്നവരിൽ കൂട്ടംവിട്ട് താമസിക്കുന്നവരിലേതിനേക്കാൾ ഭാഷാസംരക്ഷണപ്രവണത താരതമ്യേന കൂടുതൽ ശക്തമാണ്. ആണുങ്ങളിലേക്കാൾ ആദേശപ്രവണത പെണ്ണുങ്ങളിലാണ് വായനാശേഷിയുടെ കാര്യത്തിൽ കൂടുതൽ ശക്തമായി കാണുന്നത്. പ്രായം കുറഞ്ഞവരിലേക്കാൾ മധ്യവയസ്കരിൽ സംരക്ഷണപ്രവണത കൂടുതലാണെങ്കിലും മധ്യവയസ്കരിലേക്കാൾ കുറവാണ് വൃദ്ധരിൽ കാണുന്ന തമിഴ് വായനാശേഷി. ഭാഷാചരം വായനാനൈപുണി ആയതിനാൽ സാർവ്വത്രികവിദ്യാഭ്യാസത്തിന്റെ കാലപരമായ അന്തരത്തിന്റെ പ്രതിഫലമാണോ എന്നത് അന്വേഷിക്കേതു്. വിദ്യാഭ്യാസനിലവാരം കുറഞ്ഞവരിലാണ് കൂടിയവരിലേക്കാൾ

ഭാഷാസംരക്ഷണപ്രവണത കൂടുതൽ ശക്തം. സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനനുസരിച്ച് ആവേദകരിലെ തമിഴ് സംരക്ഷണ പ്രവണത കുറഞ്ഞവരുന്നു.

### 6.7.4. ലേഖനം

പട്ടിക 171

| ഭാഷ | എണ്ണം | ശതമാനം |
|---|---|---|
| തമിഴ് | 8 | 4 |
| മലയാളവും തമിഴും | 64 | 32 |
| മലയാളം | 128 | 64 |

ആവേദകരിൽ 4% തമിഴിലുള്ള ഭാഷാനൈപുണി സംരക്ഷിക്കുന്നു; 32% തമിഴ് സംരക്ഷിക്കുന്നതോടൊപ്പം മലയാളം സ്വാംശീകരിച്ചിരിക്കുന്നു. 64% പേർ പൂർണ്ണമായും മലയാള ആദേശത്തിനു വിധേയരായിരിക്കുന്നു. അതായത്, കേരള ത്തിലെ തമിഴ് വാണിയർ ലേഖനശേഷിയുടെ കാര്യത്തിലും ഭാഷാ ആദേശ പ്രവണതയാണ് പ്രകടിപ്പിക്കുന്നത്.

കുടിയേറ്റ കാലദൈർഘ്യം കൂടുന്നതനുസരിച്ച് ഭാഷ-ആദേശപ്രവണത ശക്തമാകുന്നു്. ഒന്നിച്ചുതാമസിക്കുന്നവരിലേക്കാൾ കൂട്ടംവിട്ടുകഴിയുന്നവരിൽ കാണുന്ന ഭാഷ-ആദേശപ്രവണത ഇവിടെയും പ്രകടമാണ്. തമിഴിലും മലയാളത്തിലും എഴുതാനുള്ള കഴിവ് സ്ത്രീകളിൽ പുരുഷന്മാരിലേക്കാൾ കൂടുതലായി കാണുന്നത് ഇതര സാമൂഹികചരങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യേണ്ടതാണ്. ചെറുപ്പക്കാരെ അപേക്ഷിച്ച് പ്രായമായവരിൽ തമിഴിലുള്ള അറിവ് കൂടുതലാണ്. വിദ്യാഭ്യാസനിലവാരവും സാമ്പത്തികസ്ഥിതിയും ഉയരുന്നതിനനുസൃതമായി ഭാഷാസംരക്ഷണത്തിന്റെ തീവ്രതകുറയുന്നതാവും ആദേശതീവ്രത കൂടുന്നതായും കണക്കുകൾ വ്യക്തമാക്കുന്നു്.

### 6.7.5. ഭാഷാന്തരണശേഷി

പട്ടിക 172

| ഭാഷ | എണ്ണം | ശതമാനം |
|---|---|---|
| അജ്ഞാതം | 24 | 12 |
| തമിഴ് | 0 | 0 |
| മലയാളവും തമിഴും | 108 | 54 |
| മലയാളം | 68 | 34 |

ആവേദകരിൽ 12% പേർ, തങ്ങൾക്ക് ഇരു ഭാഷകൾ തമ്മിൽ വിവർത്തനം ചെയ്യാ നാകുമോ എന്നതിനെക്കുറിച്ച് സ്വയം അവബോധമുള്ളവരല്ല. തമിഴ് പ ൂർണ്ണ മായും സംരക്ഷിക്കുന്നവർ ആരുമില്ല. തമിഴിലും മലയാളത്തിലും പ്രസ്തുത നൈപൂണി നിലനിർത്തുന്നവർ അഥവാ ആദേശപ്രക്രിയയിലൂടെ കടന്നുപോകു ന്നവർ 54% ആണ്. മലയാളത്തിൽ ഈ നൈപുണി നിലനിർത്തുകയും തമിഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തവർ അഥവാ പ ൂർണ്ണമായ ഭാഷാദേശത്തിന് വിധേയരായവർ 34% ആണ്.

കുടിയേറ്റകാലം കുടുന്നതനുസരിച്ച് ഭാഷാസംരക്ഷണതീവ്രത കുറഞ്ഞവരുന്നു. കൂട്ടത്തിൽ താമസിക്കുന്നവരിൽനിന്ന് കൂട്ടത്തിൽനിന്നു മാറി താമസിക്കുന്നവരിലേക്കെത്തുമ്പോൾ ഭാഷ–ആദേശത്തിന് ശക്തി കൂടുന്നു്. ഭാഷാന്തരണശേഷി സ്ത്രീകളിൽ പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെങ്കിലും തമിഴ്–മലയാള ആപേക്ഷികമായി സ്ത്രീകളിലാണ് ഭാഷാസംരക്ഷണ പ്രവണത കൂടുതലായി കാണുന്നത്. പഠനവിധേയമായ എല്ലാ മേഖലകളിലും ചെറുപ്പക്കാർ ഭാഷാന്തരണശേഷി മറ്റു പ്രായക്കാരേക്കാൾ കുടുതൽ പ്രദർശിപ്പിക്കുന്നു്. എന്നാൽ ആപേക്ഷികമായ അന്തരത്തിന്റെ അടിസ്ഥാനത്തിൽ, ചെറുപ്പക്കാ രേക്കാൾ പ്രായമേറിയവർ തമിഴുമായി ബന്ധപ്പെട്ട ഭാഷാന്തരണശേഷിയാണ് കൂടുതൽ നിലനിർത്തുന്നത് എന്നുകാണാം. വിദ്യാഭ്യാസം കൂടിയവരിലേക്കാൾ

തമിഴുമായി ബന്ധപ്പെട്ട ഭാഷാന്തരണശേഷി വിദ്യാഭ്യാസം കുറഞ്ഞവരിൽ വളരെ കൂടുതലായി കാണുന്നു. സാമ്പത്തികസ്ഥിതി കൂടുന്നതനുസരിച്ചും തമിഴ് സംരക്ഷണ പ്രവണത കുറയുന്നതായാണ് കണക്കുകൾ പറയുന്നത്.

### 6.7.6. സർഗ്ഗാത്മകശേഷി

ഒരു ഭാഷ പൂർണ്ണമായി വഴങ്ങും എന്നതിന്റെ ലക്ഷണം സർഗ്ഗാത്മക രചനാനൈപുണിയാണ്. ആവേദകരിൽ ഒരു വ്യക്തിക്കു മാത്രമാണ് സർഗ്ഗാത്മക രചനാശേഷിയുള്ളതായി ദത്തസംഭരണത്തിൽനിന്ന് വ്യക്തമായത് എന്നതിനാൽ സ്ഥിതിവിവരക്കണക്കുകളുടെ സഹായം കൂടാതെയാണ് ഇവിടെ വിലയിരുത്തുന്നത്. പ്രസ്തുത വ്യക്തിക്ക് മലയാളത്തിലാണ് സർഗ്ഗാത്മക രചനാനൈപുണി സ്വായത്തമായിട്ടുള്ളത്. ആവേദകരിൽ ആർക്കും തമിഴിൽ ഈ നൈപുണിയുള്ളതായി അറിയാൻ സാധിച്ചില്ല. അതിനാൽ സർഗ്ഗാത്മക രചനാനൈപുണിയിൽ കേരളത്തിലെ തമിഴ് വാണിയർ പൂർണ്ണമായും ഭാഷാദേശത്തിനു വിധേയരായിക്കഴിഞ്ഞിരിക്കുന്നുവെന്ന് വിലയിരുത്തേിയിരിക്കുന്നു.

### 6.7.7. ഭാഷാനൈപുണികളും കുടിയേറ്റ കാലദൈർഘ്യവും

പട്ടിക 173

| നൈപുണികൾ | 100 വർഷത്തിൽ താഴെ | | | | 100 വർഷമോ അതിൽ കൂടുതലോ | | | |
|---|---|---|---|---|---|---|---|---|
| | തമിഴ് | തമിഴ് – മലയാളം | മലയാളം | അറിയില്ല | തമിഴ് | മലയാളംതമിഴ് – | മലയാളം | അറിയില്ല |
| ശ്രവണം | | 64<br>100% | | | | 136<br>100% | | |
| ഭാഷണം | | 64<br>100% | | | | 108<br>79% | 28<br>21% | |
| വായന | 8<br>12% | 40<br>63% | 16<br>25% | | | 32<br>24% | 104<br>76% | |
| ലേഖനം | 8<br>12.5% | 36<br>56.25% | 20<br>31.25 | | | 28<br>20% | 108<br>80% | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | % | | | | | | |
| ഭാഷാന്തരണം | | 60<br>94% | | 4<br>6% | | 48<br>36% | 68<br>49% | 20<br>15% | |

നൂറുവർഷത്തിനകം കുടിയേറിയവരിൽ എല്ലാവരും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകുന്നവരാണ്. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിലും എല്ലാവരും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകുന്നവരാണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ എല്ലാവരും തമിഴും മലയാളവും സംസാരിക്കാൻ കഴിയുന്നവരാണ്. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 79% പേർ തമിഴും മലയാളവും സംസാരിക്കാൻ കഴിയുന്നവരും 21% പേർ മലയാളം സംസാരിക്കുവാൻ കഴിയുന്നവരാണെങ്കിലും തമിഴ് സംസാരിക്കാൻ കഴിയാത്തവരുമാണ്.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 12% തമിഴ് മാത്രവും 63% പേർ തമിഴും മലയാളവും 25% പേർ മലയാളം മാത്രവും വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാണ്. നൂറുവർഷത്തിനുമുമ്പ് കുടിയേറിയവരിൽ 24% പേർ തമിഴും മലയാളവും വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാണ്. 76% പേർക്ക് മലയാളം വായിക്കാൻ സാധിക്കുമെങ്കിലും തമിഴ് വായിക്കാൻ സാധിക്കില്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 56.25%-വും നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ 20%-വും തമിഴും മലയാളവും എഴുതാൻ സാധിക്കുന്ന വരാണ്. നൂറുവർഷത്തിനകം കുടിയേറിയവരിൽ 31.25% പേർക്കും നൂറുവർഷ ത്തിനു മുമ്പ് കുടിയേറിയവരിൽ 80% പേർക്കും മലയാളം എഴുതാനറിയാമെ ങ്കിലും തമിഴ് എഴുതാൻ അറിയില്ല. നൂറുവർഷത്തിനകം കുടിയേറിയവരിൽ ശേഷിച്ച 12.5% പേർക്ക് തമിഴ് എഴുതാനറിയാമെങ്കിലും മലയാളം എഴുതാൻ അറിയില്ല.

നൂറുവർഷത്തിനകം കുടിയേറിയവരിൽ 94% പേർക്ക് തമിഴ്-മലയാള ഭാഷാന്തരണം സാധ്യമാണ്. ശേഷിച്ച 6% പേർ ഈ ശേഷി തങ്ങൾക്കുോ എന്നതിനെക്കുറിച്ച് സ്വയം ബോധവാന്മാരല്ല നൂറുവർഷത്തിനു മുമ്പ് കുടിയേറിയ വരിൽ 36% പേർക്ക് തമിഴ്-മലയാള ഭാഷാന്തരണം സാധ്യമാണ്. 49% പേർ മലയാളവും തമിഴിതര ഭാഷകളുമായി (ഉദാ: ഇംഗ്ലീഷ്, ഹിന്ദി) ഭാഷാന്തരണം കഴിയുന്നവരാണെങ്കിലും തമിഴും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണശേഷി ഉള്ളവരല്ല. നൂറ്റാിനുമുമ്പ് കുടിയേറിയവരിൽ 15% പേർ തങ്ങൾക്ക് ഭാഷാന്ത രണശേഷിയുോ എന്നതിനെക്കുറിച്ച് സ്വയം ബോധവാന്മാരല്ലാത്തതിനാൽ 15% പേരുടെ അവസ്ഥ ഇക്കാര്യത്തിൽ അവ്യക്തമാണെന്നു വരുന്നു.

### 6.7.8. ഭാഷാനൈപുണികളും അധിവാസരീതിയും

പട്ടിക 174

| നൈപുണികൾ | കൂട്ടമായി താമസിക്കുന്നവർ | | | | വേർതിരിഞ്ഞ് താമസിക്കുന്നവർ | | | |
|---|---|---|---|---|---|---|---|---|
| | തമിഴ് | തമിഴ് - മലയാളം | മലയാളം | അറിയില്ല | തമിഴ് | തമിഴ് - മലയാളം | മലയാളം | അറിയില്ല |
| ശ്രവണം | | 112<br>100% | | | | 88<br>100% | | |
| ഭാഷണം | | 108<br>96% | 4<br>4% | | | 64<br>73% | 24<br>27% | |
| വായന | 4<br>4% | 44<br>38% | 64<br>58% | | 4<br>5% | 28<br>33% | 56<br>62% | |
| ലേഖനം | 4<br>4% | 44<br>40% | 64<br>56% | | 4<br>4% | 20<br>23% | 64<br>73% | |
| ഭാഷാന്തരണം | | 72<br>64% | 20<br>18% | 20<br>18% | | 36<br>41% | 48<br>54% | 4<br>5% |

കൂട്ടമായി താമസിക്കുന്നവരിലും കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്ന വരിലും എല്ലാവർക്കും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകും.

കൂട്ടമായി താമസിക്കുന്നവരിൽ 96% പേർക്കും തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും. ശേഷിച്ച 4% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 73% പേർക്ക് തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും. ബാക്കി 27% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല.

കൂട്ടമായി താമസിക്കുന്നവരിൽ 38% പേർ തമിഴും മലയാളവും വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാണ്. 58% പേർക്ക് മലയാളം വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുണ്ടെങ്കിലും തമിഴിൽ ഈ കഴിവില്ല. ശേഷിച്ച 4% പേർക്ക് തമിഴ് വായിച്ച് ആശയം ഗ്രഹിക്കാനുള്ള കഴിവുണ്ടെങ്കിലും മലയാള ത്തിൽ ഈ കഴിവില്ല. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 33% പേർ തമിഴും മലയാളവും വായിച്ചാൽ മനസ്സിലാകുന്നവരാണ്. 62% പേർക്കും മലയാളം വായിച്ചാൽ മനസ്സിലാകുമെങ്കിലും തമിഴ് വായിച്ചാൽ മനസ്സിലാകില്ല. ശേഷിച്ച 5% പേർക്ക് തമിഴ് വായിക്കാൻ സാധിക്കുമെങ്കിലും മലയാളം വായിക്കാൻ സാധിക്കില്ല.

കൂട്ടമായി താമസിക്കുന്നവരിൽ 40% പേർ തമിഴും മലയാളവും എഴുതാൻ കഴിവുള്ളവരാണ്. 56% പേർക്ക് മലയാളം എഴുതാൻ കഴിയുമെങ്കിലും തമിഴ് എഴുതാൻ കഴിയില്ല. ശേഷിച്ച 4% പേർക്ക് തമിഴ് എഴുതാൻ സാധിക്കുമെങ്കിലും മലയാളം എഴുതാൻ സാധിക്കില്ല. കൂട്ടംവിട്ടു താമസിക്കുന്നവരിൽ 73% പേർക്കും മലയാളം എഴുതാൻ സാധിക്കുമെങ്കിലും തമിഴ് എഴുതാൻ സാധിക്കില്ല. 23%

പേർക്ക് തമിഴും മലയാളവും എഴുതാൻ സാധിക്കും. ശേഷിച്ച 4% പേർക്ക് തമിഴ് എഴുതാൻ സാധിക്കുമെങ്കിലും മലയാളം എഴുതാൻ സാധിക്കില്ല.

കൂട്ടായ്മയിൽ അധിവസിക്കുന്ന 18% പേരും കൂട്ടത്തിൽനിന്നു മാറി താമസിക്കുന്നവരിൽ 5% പേരും തങ്ങളുടെ ഭാഷാന്തരണശേഷിയെക്കുറിച്ച് സ്വയം ബോധമില്ലാത്തവരാണ്. കൂട്ടായ്മയിൽ താമസിക്കുന്ന 64% പേർ തമിഴ് മലയാളങ്ങൾ തമ്മിൽ ഭാഷാന്തരണം സാധിക്കുന്നവരാണ്. കൂട്ടത്തിൽനിന്ന് മാറി താമസിക്കുന്നവരിൽ 41% പേർക്കാണ് തമിഴ്-മലയാള ഭാഷാന്തരണം സാധിക്കുക. കൂട്ടായ്മയിൽ കഴിയുന്നവരിൽ 18% പേർക്കും കൂട്ടായ്മയിൽനിന്ന് വിട്ടു താമസിക്കുന്നവരിൽ 54% പേർക്കും മലയാളവും തമിഴിതര ഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കുമെങ്കിലും തമിഴും ഇതര ഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കില്ല.

### 6.7.9. ഭാഷാനൈപുണികളും ലിംഗഭേദവും

പട്ടിക 175

| നൈപുണികൾ | ആൺ | | | | പെൺ | | | |
|---|---|---|---|---|---|---|---|---|
| | തമിഴ് | തമിഴ് – മലയാളം | മലയാളം | അറിയില്ല | തമിഴ് | മലയാളംതമിഴ് – | മലയാളം | അറിയില്ല |
| ശ്രവണം | | 100<br>100% | | | | 100<br>100% | | |
| ഭാഷണം | | 88<br>88% | 12<br>12% | | | 84<br>84% | 16<br>16% | |
| വായന | | 52<br>52% | 48<br>48% | | 8<br>8% | 20<br>20% | 72<br>72% | |
| ലേഖനം | | 48<br>48% | 52<br>52% | | 8<br>8% | 16<br>16% | 76<br>76% | |
| ഭാഷാന്തരണം | | 64<br>64% | 28<br>28% | 8<br>8% | | 44<br>44% | 40<br>40% | 16<br>16% |

ആണുങ്ങളിലും പെണ്ണുങ്ങളിലും എല്ലാവരും തമിഴ് മലയാളങ്ങൾ കേട്ടാൽ മനസ്സിലാകുന്നവരാണ്.

ആണുങ്ങളിൽ 88% പേർക്ക് തമിഴ് മലയാളങ്ങൾ സംസാരിക്കാൻ സാധിക്കും. ശേഷിച്ച 12% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല. പെണ്ണുങ്ങളിൽ 84% പേർക്ക് തമിഴ് മലയാളങ്ങൾ സംസാരിക്കാൻ സാധിക്കും. ശേഷിച്ച 16% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല.

ആണുങ്ങളിൽ 52% പേരും പെണ്ണുങ്ങളിൽ 20% പേരും തമിഴും മലയാളവും വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാണ്. ആണുങ്ങളിൽ 48% പേർക്കും പെണ്ണുങ്ങളിൽ 72% പേർക്കും മലയാളം വായിച്ചാൽ മനസ്സിലാകുമെങ്കിലും തമിഴ് വായിച്ചാൽ മനസ്സിലാകില്ല. പെണ്ണുങ്ങളിൽ ശേഷിച്ച 8% പേർക്ക് തമിഴ് വായിച്ചാൽ മനസ്സിലാകുമെങ്കിലും മലയാളം വായിച്ചാൽ മനസ്സിലാകില്ല.

ആണുങ്ങളിൽ 48% പേർക്കും പെണ്ണുങ്ങളിൽ 16% പേർക്കും മലയാളവും തമിഴും എഴുതാൻ സാധിക്കും. ആണുങ്ങളിൽ 52% പേർക്കും പെണ്ണുങ്ങളിൽ 76% പേർക്കും മലയാളം എഴുതാൻ സാധിക്കുമെങ്കിലും തമിഴ് എഴുതാൻ സാധിക്കില്ല. പെണ്ണുങ്ങളിൽ ശേഷിച്ച 8% പേർക്ക് തമിഴ് എഴുതാൻ സാധിക്കുമെങ്കിലും മലയാളം എഴുതാൻ സാധിക്കില്ല.

ആണുങ്ങളിൽ 8–ഉം പെണ്ണുങ്ങളിൽ 16–ഉം ശതമാനം പേർ തങ്ങളുടെ ഭാഷാന്തരണശേഷിയെക്കുറിച്ച് സ്വയം ബോധവാന്മാരല്ല. ആണുങ്ങളിൽ 64–ഉം പെണ്ണുങ്ങളിൽ 44–ഉം ശതമാനം പേർ തമിഴ്മലയാളങ്ങൾ തമ്മിൽ ഭാഷാന്തരണം ചെയ്യാനാകുന്നവരാണ്. ആണുങ്ങളിൽ 28–ഉം പെണ്ണുങ്ങളിൽ 40–ഉം ശതമാനം പേർ മലയാളവും തമിഴിതര ഭാഷകളുമായി ഭാഷാന്തരണം സാധിക്കുന്നവരാ

ണെങ്കിലും തമിഴും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കാത്ത വരാണ്.

### 6.7.10. ഭാഷാനൈപുണികളും പ്രായഭേദവും

പട്ടിക 176

| നൈപുണികൾ | 1–30 | | | | 31–60 | | | | 61–ന് മുകളിൽ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല |
| ശ്രവണം | | 76 100% | | | | 84 100 % | | | | 40 100% | | |
| ഭാഷണം | | 52 69% | 24 31% | | | 80 95% | 4 5% | | | 40 100% | | |
| വായന | | 40 53% | 36 47% | | 8 10% | 16 20% | 60 70% | | | 16 40% | 24 60% | |
| ലേഖനം | | 36 47% | 40 53 % | | 8 10% | 12 14% | 64 76% | | | 16 40% | 24 60% | |
| ഭാഷാന്തരണം | | 44 57% | 28 38 % | 4 5% | | 44 53% | 24 28% | 16 19% | | 20 50% | 16 40% | 4 10% |

30 വയസ്സിന് താഴെയുള്ളവരിലും 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള വരിലും 60–ന് മുകളിൽ പ്രായമുള്ളവരിലും എല്ലാവർക്കും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകും.

30 വയസ്സിന് താഴെയുള്ളവരിൽ 69% പേർക്ക് തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും. ശേഷിച്ച 31% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 95% പേർക്ക് തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും. ശേഷിച്ച 5% പേർക്ക് മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല. 60–ന് മുകളിൽ പ്രായമുള്ള എല്ലാവർക്കും തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും.

30 വയസ്സിന് താഴെയുള്ളവരിൽ 53% പേർക്കും 31–നും 60–നും ഇടയിൽ പ്രായമുള്ള 20% പേർക്കും 60–ന് മുകളിൽ പ്രായമുള്ള 40% പേർക്കും തമിഴും മലയാളവും വായിച്ചാൽ മനസ്സിലാകും. 30–ന് താഴെ പ്രായമുള്ളവരിൽ 47%–ത്തിനും 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള 70%–ത്തിനും 60–ന് മുകളിൽ പ്രായമുള്ള 60%–ത്തിനും മലയാളം വായിച്ചാൽ മനസ്സിലാകുമെങ്കിലും തമിഴ് വായിച്ചാൽ മനസ്സിലാകില്ല. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള ശേഷിച്ച 10% പേർക്ക് തമിഴ് വായിച്ചാൽ മനസ്സിലാകുമെങ്കിലും മലയാളം വായിച്ചാൽ മനസ്സിലാകില്ല.

30 വയസ്സിന് താഴെയുള്ളവരിൽ 47% പേർക്കും 31–നും 60–നും ഇടയ്ക്ക് പ്രായമുള്ളവരിൽ 14% പേർക്കും 60–ന് മുകളിൽ പ്രായമുള്ളവരിൽ 40% പേർക്കും തമിഴും മലയാളവും എഴുതാനറിയും. 30 വയസ്സിന് താഴെയുള്ള 53% പേർക്കും 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള 76% പേർക്കും 60–ന് മുകളിൽ പ്രായമുള്ള 60% പേർക്കും മലയാളം എഴുതാൻ അറിയാമെങ്കിലും തമിഴ് എഴുതാൻ അറിയില്ല. 31–നും 60–നും ഇടയ്ക്ക് പ്രായമുള്ള ശേഷിച്ച 10% പേർക്ക് തമിഴ് എഴുതാനറിയാമെങ്കിലും മലയാളം എഴുതാൻ അറിയില്ല.

ചെറുപ്പക്കാരിൽ 5–ഉം മധ്യവയസ്കരിൽ 19–ഉം പ്രായംകൂടിയവരിൽ 10–ഉം ശതമാനം പേർ തങ്ങളുടെ ഭാഷാന്തരണശേഷിയെക്കുറിച്ച് സ്വയം അറിവുള്ളവരല്ല. ചെറുപ്പക്കാരിൽ 57–ഉം മധ്യവയസ്കരിൽ 53–ഉം പ്രായംകൂടിയവരിൽ 50–ഉം ശതമാനം പേർ തമിഴ്മലയാളങ്ങൾ തമ്മിൽ ഭാഷാന്തരണം സാധിക്കുന്നവരാണ്. ചെറുപ്പക്കാരിൽ 38–ഉം മധ്യവയസ്കരിൽ 28–ഉം പ്രായംകൂടിയവരിൽ 40–ഉം ശതമാനം പേർ മലയാളവും തമിഴിതര ഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കുന്നവരാണെങ്കിലും തമിഴും ഇതരഭാഷകളുമായി ഭാഷാന്തരണം സാധിക്കുന്നവരല്ല.

### 6.7.11. ഭാഷാനൈപുണികളും വിദ്യാഭ്യാസവും

പട്ടിക 177

| നൈപുണികൾ | പത്താംതരമോ അതിൽ കൂടുതലോ | | | | പത്താംതരത്തിൽ താഴെ | | | |
|---|---|---|---|---|---|---|---|---|
| | തമിഴ് | തമിഴ് - മലയാളം | മലയാളം | അറിയില്ല | തമിഴ് | തമിഴ് - മലയാളം | മലയാളം | അറിയില്ല |
| ശ്രവണം | | 108<br>100% | | | | 92<br>100% | | |
| ഭാഷണം | | 88<br>81% | 20<br>19% | | | 84<br>92% | 8<br>8% | |
| വായന | 4<br>4% | 36<br>33% | 68<br>63% | | 4<br>4% | 36<br>39% | 52<br>57% | |
| ലേഖനം | 4<br>4% | 36<br>33% | 68<br>63% | | 4<br>4% | 28<br>30% | 60<br>66% | |
| ഭാഷാന്തരണം | | 48<br>44% | 60<br>56% | | | 60<br>65% | 8<br>9% | 24<br>26% |

വിദ്യാഭ്യാസനിലവാരം കൂടിയവർക്കും കുറഞ്ഞവർക്കുമെല്ലാം തമിഴും മലയാളവും കേട്ടാൽ മനസ്സിലാകും.

വിദ്യാഭ്യാസം കൂടിയവരിൽ 81% പേർക്കും കുറഞ്ഞവരിൽ 92% പേർക്കും തമിഴും മലയാളവും സംസാരിക്കാൻ സാധിക്കും. വിദ്യാഭ്യാസം കൂടിയവരിൽ 19%-ത്തിനും കുറഞ്ഞവരിൽ 8%-ത്തിനും മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല.

വിദ്യാഭ്യാസം കൂടിയവരിൽ 33%-ത്തിനും കുറഞ്ഞവരിൽ 39%-ത്തിനും തമിഴും മലയാളവും വായിച്ചാൽ മനസ്സിലാകും. വിദ്യാഭ്യാസം കൂടിയവരിൽ 63% പേർക്കും കുറഞ്ഞവരിൽ 57% പേർക്കും മലയാളം വായിക്കാൻ കഴിയുമെങ്കിലും തമിഴ് വായിക്കാൻ കഴിയില്ല. വിദ്യാഭ്യാസം കൂടിയവരിലും കുറഞ്ഞവരിലും 4%

വീതം പേർക്ക് തമിഴ് വായിക്കാൻ അറിയാമെങ്കിലും മലയാളം വായിക്കാൻ അറിയില്ല.

വിദ്യാഭ്യാസം കൂടിയവരിൽ 33% പേർക്കും കുറഞ്ഞവരിൽ 30% പേർക്കും മലയാളവും തമിഴും എഴുതാൻ സാധിക്കും. വിദ്യാഭ്യാസം കൂടിയവരിൽ 63% പേർക്കും കുറഞ്ഞവരിൽ 66% പേർക്കും മലയാളം എഴുതാൻ സാധിക്കുമെങ്കിലും തമിഴ് എഴുതാൻ സാധിക്കില്ല. വിദ്യാഭ്യാസം കൂടിയവരിലും കുറഞ്ഞവരിലും 4% വീതം പേർക്ക് തമിഴ് എഴുതാൻ സാധിക്കുമെങ്കിലും മലയാളം എഴുതാൻ സാധിക്കില്ല.

വിദ്യാഭ്യാസം കുറഞ്ഞവരിൽ 26% പേർക്ക് തങ്ങളുടെ ഭാഷാന്തരണ ശേഷിയെക്കുറിച്ച് സ്വയം ബോധമില്ല.വിദ്യാഭ്യാസം കൂടിയവരിൽ 44-ഉം കുറഞ്ഞവരിൽ 65-ഉം ശതമാനം പേർ തമിഴ്-മലയാള ഭാഷാന്തരണശേഷിയുള്ളവരാണ്. വിദ്യാഭ്യാസം കൂടിയവരിൽ 56-ഉം കുറഞ്ഞവരിൽ 9-ഉം ശതമാനം പേർ മലയാളവും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കുന്നവരാണെങ്കിലും തമിഴും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കുന്നവരല്ല.

### 6.7.12. ഭാഷാനൈപുണികളും സാമ്പത്തികനിലവാരവും

പട്ടിക 178

| നൈപുണികൾ | കീഴ്‌വർഗ്ഗം | | | | മധ്യവർഗ്ഗം | | | | ഉന്നതവർഗ്ഗം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല | തമിഴ് | മലയാളം-തമിഴ് | മലയാളം | അറിയില്ല |
| ശ്രവണം | | 52<br>100% | | | | 116<br>100% | | | | 32<br>100% | | |
| ഭാഷണം | | 48<br>92% | 4<br>8% | | | 104<br>90% | 12<br>10% | | | 20<br>62% | 12<br>38% | |
| വായന | | 24<br>47% | 28<br>53% | | 8<br>6% | 44<br>38% | 64<br>56% | | | 4<br>12% | 28<br>88% | |
| ലേഖനം | | 16<br>31% | 36<br>69% | | 8<br>6% | 44<br>38% | 64<br>56% | | | 4<br>12% | 28<br>88% | |
| ഭാഷാന്തരണം | | 36 | 4 | 12 | | 64 | 40 | 12 | | 8 | 24 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 69% | 8% | 23% | | 55% | 35% | 10% | | 25% | 75% | |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിലും മുന്നോക്കം നിൽക്കുന്നവരിലും മധ്യവർഗ്ഗത്തിലും ഉള്ള എല്ലാവർക്കും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകും.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരിൽ 62%-ത്തിനും ഇടത്തരക്കാരിൽ 90%-ത്തിനും പിന്നോക്കം നിൽക്കുന്നവരിൽ 92%-ത്തിനും തമിഴും മലയാളവും സംസാരിക്കാൻ സാധിക്കുന്നു. സാമ്പത്തിക കീഴ്വർഗ്ഗത്തിൽ ശേഷിച്ച 8%-ത്തിനും മധ്യവർഗ്ഗത്തിൽ ശേഷിച്ച 10%-ത്തിനും ഉന്നതവർഗ്ഗത്തിൽ ശേഷിച്ച 38%-ത്തിനും മലയാളം സംസാരിക്കാൻ സാധിക്കുമെങ്കിലും തമിഴ് സംസാരിക്കാൻ സാധിക്കില്ല.

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ** 47%-ത്തിനും മധ്യവർഗ്ഗ ത്തിൽ 38%-ത്തിനും മുന്നോക്കം നിൽക്കുന്നവരിൽ 12%-ത്തിനും തമിഴും മലയാ ളവും വായിച്ച് ആശയം ഗ്രഹിക്കാൻ സാധിക്കുന്നു. സാമ്പത്തിക പിന്നോക്ക ക്കാരിൽ 53% പേരും ഇടത്തരക്കാരിൽ 56% പേരും മുന്നോക്കക്കാരിൽ 88% പേരും മലയാളം വായിക്കാൻ അറിയുന്നവരാണെങ്കിലും തമിഴ് വായിക്കാൻ അറിയാത്തവരാണ്. സാമ്പത്തിക മധ്യവർഗ്ഗത്തിലുള്ള ശേഷിച്ച 6% പേർക്ക് തമിഴ് വായിക്കാൻ സാധിക്കുമെങ്കിലും മലയാളം വായിക്കാൻ സാധിക്കില്ല.

സാമ്പത്തിക പിന്നോക്കക്കാരിൽ 31%-ത്തിനും ഇടത്തരക്കാരിൽ 38%-ത്തിനും മുന്നോക്കക്കാരിൽ 12%-ത്തിനും തമിഴും മലയാളവും എഴുതാൻ അറിയാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ 69% പേർക്കും മധ്യവർഗ്ഗത്തിൽ 56% പേർക്കും മുന്നോക്കം നിൽക്കുന്നവരിൽ 88% പേർക്കും മലയാളം എഴുതാൻ അറിയാമെങ്കിലും തമിഴ് എഴുതാനറിയില്ല. മധ്യവർഗ്ഗത്തിൽ

ശേഷിച്ച 6% പേർക്ക് തമിഴ് എഴുതാൻ അറിയാമെങ്കിലും മലയാളം എഴുതാൻ അറിയില്ല.

സാമ്പത്തിക കീഴ്‌വർഗ്ഗത്തിൽ 23-ഉം മധ്യവർഗ്ഗത്തിൽ 10-ഉം ശതമാനം പേർക്ക് ഭാഷാന്തരണനൈപുണിയെക്കുറിച്ച് വ്യക്തമായ അവബോധമില്ല. കീഴ്‌വർഗ്ഗത്തിൽ 69-ഉം മധ്യവർഗ്ഗത്തിൽ 55-ഉം ഉന്നതരിൽ 25-ഉം ശതമാനം പേർക്ക് തമിഴ് മലയാള ഭാഷാന്തരണനൈപുണി സ്വായത്തമാണ്. കീഴ്‌വർഗ്ഗത്തിൽ 8-ഉം മധ്യവർഗ്ഗത്തിൽ 35-ഉം ഉന്നതവർഗ്ഗത്തിൽ 75-ഉം ശതമാനം പേർക്ക് മലയാളവും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണം സാധിക്കുമെങ്കിലും തമിഴും ഇതരഭാഷകളും തമ്മിൽ ഭാഷാന്തരണം അസാധ്യമാണ്.

### 6.7.13. സംഗ്രഹം

പട്ടിക 179

| **നൈപുണികൾ** | **തമിഴ്** | **തമിഴ് - മലയാളം** | **മലയാളം** | **അജ്ഞാതം** |
|---|---|---|---|---|
| ശ്രവണം | | 200<br>100% | | |
| ഭാഷണം | | 172<br>86% | 28<br>14% | |
| വായന | 8<br>4% | 72<br>36% | 120<br>60% | |
| ലേഖനം | 8<br>4% | 64<br>32% | 128<br>64% | |
| ഭാഷാന്തരണം | | 108<br>54% | 68<br>34% | 24<br>12% |
| ആകെ | 16<br>8% | 616<br>308% | 344<br>172% | 4.8<br>2.4% |
| ശരാശരി | 3.2<br>1.6% | 4.8<br>2.4% | 123.2<br>61.6% | 68.8<br>34.4% |

സ്ഥിതിവിവരക്കണനുസരിച്ച് വിശകലനവിധേയമാക്കിയ എല്ലാ ഭാഷാനൈപുണികളുടെയും സംരക്ഷണാദേശാദികളുടെ സമഗ്രവിശകലനത്തിലൂടെ കണ്ടെത്തിയ ശരാശരിയനുസരിച്ച് ഇങ്ങനെ പറയാം: കേരളത്തിലെ വാണിയ

ച്ചെട്ടികൾ ഭാഷാനൈപുണികളുടെ കാര്യത്തിൽ 1.6% പേർ മാത്രമാണ് തമിഴ് ഭാഷ പൂർണ്ണമായി സംരക്ഷിക്കുന്നത്. 2.4% പേരുടെ സ്ഥിതി ഇക്കാര്യത്തിൽ അജ്ഞാതമാണ്. തമിഴ് സംരക്ഷിച്ചുകൊ് മലയാളം സ്വാംശീകരിച്ചത് 61.6% ആണ്. തമിഴ് ഉപേക്ഷിക്കുകയും മലയാളം സ്വീകരിക്കുകയും ചെയ്തവർ 34.4% ആണ്. അതായത് ആവേദകരിൽ ഭാഷാ ആദേശപ്രക്രിയ വളരെ ശക്തമാണ്.

അധ്യായം 7

# ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും

## അധ്യായം 7

# ഭാഷാഘടകങ്ങളുടെ സംരക്ഷണവും ആദേശവും

### 7.1 ആമുഖം

സ്വനിമം, പദം, വാക്യം എന്നീ ഭാഷാഘടകങ്ങളിലെ സംരക്ഷണവും ആദേശവും വിശകലനം ചെയ്യുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

നൂറ്റിയെട്ട് അടിസ്ഥാന പദങ്ങൾ തെരഞ്ഞെടുത്ത്, ആവേദകർ പ്രസ്തുത പദങ്ങൾക്ക് ഉപയോഗിക്കുന്ന രൂപിമങ്ങളും അവയുടെ ഉച്ചാരണഭേദങ്ങളും ശേഖരിച്ച്, അവയിൽ തമിഴ്മലയാള പദങ്ങളും സമ്മിശ്രസ്വഭാവികളായ പദങ്ങളും വേർതിരിച്ച് വിശകലനം ചെയ്താണ് രൂപിമതലത്തിലുള്ള ഭാഷാസംരക്ഷണവും ആദേശവും കത്തെിയത്.

പതിനൊന്ന് ലഘുവാക്യങ്ങൾക്ക് ആവേദകരുടെ പ്രയോഗഭേദങ്ങൾ കത്തി, തമിഴ്മലയാളങ്ങൾ തമ്മിൽ വ്യാകരണസംബന്ധിയായുള്ള വ്യത്യാസങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്താണ് വ്യാകരണതലത്തിലെ സംരക്ഷണവും ആദേശവും കത്തൊൻ ശ്രമിച്ചത്.

അടിസ്ഥാന പദങ്ങളുടെയും വ്യാകരണാവസ്ഥയുടെ നിർധാരണത്തിനായി തെരഞ്ഞെടുത്ത വാക്യങ്ങളുടെ ഭാഷണത്തിലെ പദങ്ങളുടെയും ഉച്ചാരണഭേദങ്ങൾ തമിഴിലെയും മലയാളത്തിലെയും സ്വനിമങ്ങളുടെ അടിസ്ഥാന

ത്തിൽ വിശകലനം ചെയ്താണ് സ്വനിമങ്ങളുടെ സംരക്ഷണവും ആദേശവും കെ ത്തിയത്.

## 7.2. സ്വനിമങ്ങൾ

### 7.2.1. മലയാളത്തിലെ സ്വനിമങ്ങൾ

പരസ്പരാന്വിതമായ വ്യത്യയശ്രേണിയിലെ ഘടകമായി വർത്തിക്കുന്ന ഒരു സ്വനമേഖലയാണ് സ്വനിമം (സുകുമാരൻ, 1990: 81). വ്യത്യയമാണ് സ്വനിമത്തിന് അടിസ്ഥാനമെന്നർത്ഥം. അതനുസരിച്ചുള്ള പട്ടിക താഴെ സ്വനലിപി സഹിതം കൊടുക്കുന്നു.

**സ്വരസ്വനിമങ്ങൾ**

| | | | | | | | |
|---|---|---|---|---|---|---|---|
| അ | a | ആ | ¡ | ഇ | i | ഈ | ¢ |
| ഉ | u | ഊ | £ | ഋ | ¤ | എ | e |
| ഏ | ® | ഐ | ai | ഒ | o | ഓ | ° |
| ഔ | au | അം | am | | | | |

**വ്യഞ്ജനസ്വനിമങ്ങൾ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | k | ഖ | kh | ഗ | g | ഘ | gh | ങ | ´ |
| ച | c | ഛ | ch | ജ | j | ഝ | jh | ഞ | µ |
| ട | ¶ | ഠ | ¶h | ഡ | · | ഢ | ·h | ണ | ¸ |
| ത | t | ഥ | th | ദ | d | ധ | dh | ന | n |
| പ | p | ഫ | ph | ബ | b | ഭ | bh | മ | m |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| യ | y | ര | r | ല | l | വ | v | ശ | ¿ |
| ഷ | À | സ | s | ഹ | h | ള | ½ | ഴ | « |
| റ | ¼ | ഺ | ÉÉ | | | | | | |

(Grierson G.A., 1967: 352)

### 7.2.2. തമിഴ് സ്വനിമങ്ങൾ

| | | | | | | | |
|---|---|---|---|---|---|---|---|
| അ | a | ആ | ¡ | ഇ | i | ഈ | ¢ |
| ഉ | u | ഊ | £ | എ | e | ഏ | ® |
| ഐ | ai | ഒ | o | ഓ | ° | ഔ | au |

| | | | |
|---|---|---|---|
| ക | k | ങ | ´ |
| ച | c | ഞ | µ |
| ട | ¶ | ണ | ¸ |
| ത | t | ന | n |
| പ | p | മ | m |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| യ | y | ര | r | ല | l | വ | v | ള | ½ |
| ഴ | « | റ | ¼ | | | | | | |

(Grierson G.A., 1967: 307)

മലയാള–തമിഴ് സ്വനിമങ്ങൾ തമ്മിലുള്ള പ്രധാനപ്പെട്ട വ്യാവർത്തക സ്വഭാവങ്ങൾ ഇവിടെ വിശദീകരിക്കുന്നു.

### (1) ഐ/അ:

പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ വരുന്ന ഐകാരം ചുരുങ്ങി അകാരമാകും എന്ന് രാജരാജവർമ്മ (1999: 20) വ്യക്തമാക്കുന്നു്. ഉദാ: മഴൈ – മഴ, ഇലൈ – ഇല, വിലൈ – വില, ഉടൈയ – ഉടയ, ആടൈ ഞാൻ – ആടെ ഞാൻ.

‘‘തമിഴിലെ ഐ(അയ്) മലയാളത്തിൽ അകാരമായിത്തീരുന്നു’’ എന്ന് ‘പൂർവ്വകേരളഭാഷ’ എന്ന ഗ്രന്ഥത്തിൽ പ്രഭാകരവാര്യർ പ്രസ്താവിക്കുന്നു (പ്രഭാകരവാര്യർ, 1982: 71).

ആവേദകരുടെ തമിഴിൽ ഐകാരസ്ഥാനത്ത് പലപ്പോഴും അകാരം ആദേശം ചെയ്തിട്ടു്. എന്നാൽ പ്രസ്തുത ആദേശം പൂർണ്ണമല്ല. ആദേശം വരാത്ത രൂപങ്ങളും ആവേദകർ ഉപയോഗിക്കുന്നു്. ഉദാ:

| **ഐകാരസഹിതരൂപം** | **അകാരസഹിതരൂപം** |
|---|---|
| സേലൈ | സേല |
| സീലൈ | ശീല |
| സൈ | ച |
| കച്ചറൈ | കച്ചറ |
| പറവൈ | പറവ |
| കുളത്തൈ | |
| കൊളത്തൈ | |
| കാളെയിലൈ | |
| ജലഡൈ | ജല്ലഡ |
| സന്തൈ | |

പദാന്തങ്ങളിൽ ചിലേടത്ത് ഐകാരം അകാരമാകുന്നതിനു പകരം എകാരമാകുന്നതായും ആവേദകരുടെ ഭാഷയിൽ കാണുന്നു.

കാലൈ – കാലെ

പറവൈ – പറവെ

പറവൈ എന്ന തമിഴ് രൂപത്തിന് സമമായ മലയാളരൂപം പറവ എന്നാണ്. ഇതിനിടയ്ക്കുള്ള സമ്മിശ്രരൂപമാണ് ആവേദകരുടെ 'പറവെ' എന്ന രൂപം. പ ുലർച്ചെ, പുലർകാലെ എന്നീ മലയാളപദങ്ങളുടെ അർത്ഥത്തിലാണ് 'കാലെ' എന്ന പദത്തിന്റെ പ്രയോഗം. ഇതും തമിഴ്മലയാളങ്ങളുടെ സമ്മിശ്ര സ്വഭാവിയാണ്.

## 2. കേന്ദ്രസ്വരം

മലയാളത്തിലെ കേന്ദ്രസ്വരമായ സംവൃതോകാരം മലയാളവും തമിഴും തമ്മിലുള്ള സ്വനിമപരമായ മറ്റൊരു വ്യാവർത്തകലക്ഷണമാണ്.

'സ്വരസംവരണം' എന്ന ഭാഷാനയം വിശദീകരിക്കുന്ന അവസരത്തിൽ രാജരാജവർമ്മ (1999) 'ഉ്'കാര ഉച്ചാരണത്തിൽ തമിഴ്മലയാളങ്ങളിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു്. സംവരണം ചെയ്ത് (മൂടിപ്പിടിച്ച്) ഉച്ചരിക്കുന്ന ഉകാരം സംവൃത ഉകാരവും തുറന്നച്ചരിക്കുന്നത് വിവൃത ഉകാരവും എന്ന് അദ്ദേഹം പറയുന്നു. ഈ വ്യത്യാസം തമിഴിലും ഉണ്ടെന്നും എന്നാൽ തമിഴിൽ ഇത് ഒരു ഉച്ചാരണ വൈലക്ഷണ്യം എന്നു മാത്രമല്ലാതെ വ്യാകരണ പ്രക്രിയയെയോ അർത്ഥത്തെയോ ബാധിക്കുന്നില്ലെന്നും മലയാളത്തിൽ മുൻവിനയെച്ചത്തിനും മുറ്റുവിനയ്ക്കും ഉള്ള ഭേദം കുറിക്കുന്നതു പലേടത്തും ഉകാരധ്വനിഭേദത്താലാണെന്നും തുടർന്ന് വിശദീകരിക്കുന്നു് (1999: 19). സംവൃത ഉകാരത്തിന് മലയാളത്തിൽ സ്വനിമത്വം സിദ്ധിച്ചു എന്ന് പ്രഭാകര വാര്യരും പ്രസ്താവിക്കുന്നു് (പ്രഭാകരവാര്യർ, 1982: 72).

ആവേദകരുടെ തമിഴിൽ സംവൃതവും വിവൃതവുമായ ഉകാരങ്ങൾ ഉ്. അവ തമിഴ് രീതിയിൽ അർത്ഥവ്യത്യാസവും വ്യാകരണവ്യത്യാസവും കൂടാതെയും മലയാളരീതിയിൽ അർത്ഥവ്യാകരണാദി വ്യത്യാസത്തോടെയും ഉപയോഗിക്കുന്നു്. ഉദാ:

| **അർത്ഥവ്യത്യാസത്തോടെ** | **അർത്ഥവ്യത്യാസമില്ലാതെ** |
|---|---|
| വന്നു | വന്ത് - വന്തു |
| വന്തു | പിടിത്ത് - പിടിത്തു |
| അറിഞ്ചു | അറിഞ്ച് - അറിഞ്ചു |
| അറിഞ്ഞു | |

### 3. 'ച'

വർത്സ്യതാലവ്യവിരാമഘർഷസ്വനിമമായ 'ച'യുടെ ഉച്ചാരണവ്യതിയാന മാണ് തമിഴ്മലയാളങ്ങൾ തമ്മിലുള്ള സ്വനിമപരമായ മറ്റൊരു സവിശേഷത.

'ച'കാരം ഒറ്റയായി നിൽക്കുന്ന അവസരങ്ങളിൽ സകാരമായാണ് തമിഴർ സാധാരണ ഉച്ചരിക്കാറ്. മലയാളത്തിൽ 'ച' എന്നു തന്നെയാണ് ഉച്ചാരണം.

> ചകാരത്തിന്റെ ഉച്ചാരണത്തിലും തമിഴ്മലയാളങ്ങളിൽ വ്യത്യാസം കാണാൻ കഴിയും. ഇരട്ടിപ്പിലേ തമിഴിൽ ചകാരത്തിന് സ്പർശ ഘർഷിയുടെ ഉച്ചാരണമുള്ളു. ഒറ്റയായി നിൽക്കുമ്പോൾ ചകാ രത്തെ സകാര(പൂർണ്ണ സംഘർഷി)മായാണ് ഉച്ചരിച്ചു വന്നത്. ചിരിപ്പ് (എഴുത്തിൽ) > സിരിപ്പ് (ഉച്ചാരണം); പചുമൈ (എഴു ത്തിൽ) > പസുമൈ (ഉച്ചാരണം) (പ്രഭാകരവാര്യർ, 1982: 74).

ആവേദകരുടെ ഭാഷയിൽ ചകാരത്തിന് മലയാള നിയമാനുസൃതം ചകാര മായിത്തന്നെയും തമിഴ് രീതിയനുസരിച്ച് 'സ'കാര ഉച്ചാരണവും ഉ്. അതായത് 'ച'കാരത്തിന്റെ ഉച്ചാരണത്തിൽ ആവേദകരുടെ ഭാഷ തമിഴ്മലയാളങ്ങളുടെ സമ്മിശ്രസ്വഭാവം പ്രദർശിപ്പിക്കുന്നു. ഉദാ:

| | | |
|---|---|---|
| ചീല | – | സീല |
| ചേല | – | സേല |
| ച | – | സൈ |
| ചായങ്കാലം | – | സായങ്കാലം |
| ചൊകപ്പ് | – | സിവപ്പ് |
| ചത്തുപോച്ച് | – | സെത്തുപോവുക |

ചകാര സകാരങ്ങൾക്കു പകരം തൽസ്ഥാനത്ത് അവയ്ക്കു രിനും മധ്യസ്ഥമായ ശകാര ഉച്ചാരണവും കാണുന്നു്. ഉദാ: ചൊകപ്പ് – ശുവപ്പ് – സിവപ്പ്, കസുവി – കശുവി.

'ചൊല്ലിയാച്ച്' എന്നതിലെ ചകാരത്തിന് തമിഴർക്ക് സകാര ഉച്ചാരണം പ തിവുങ്കെിലും ആവേദകരാരും അങ്ങനെ ഉച്ചരിക്കുന്നതായി കാണുന്നില്ല.

**4. വിരാമഘർഷങ്ങൾ**

ഊഷ്മാക്കൾക്ക് (ശ, ഷ, സ) തമിഴിൽ ലിപി ഇല്ല. എന്നാൽ 'സ', 'ശ' എന്നിവയ്ക്ക് ഉച്ചാരണമു്. ശകാരത്തിന് വ്യക്തിനാമങ്ങളിലാണ് പ്രധാനമായും പ്രയോഗമുള്ളത്. 'ഷ'യ്ക്ക് പ്രയോഗം ഇല്ല. എന്നാൽ ഇംഗ്ലീഷ്, സംസ്കൃതം മുതലായ ഭാഷയുമായുള്ള പരിചയത്തിലൂടെ തമിഴർ ഷകാര ഉച്ചാരണവും സ്വായത്തമാക്കിയിട്ടു്. എങ്കിലും തമിഴ് ഭാഷണത്തിൽ ഷകാരത്തിന് പ്രയോഗം ഇല്ല.

ആവേദകരുടെ ഭാഷയിൽ ഇക്കാര്യത്തിൽ തികഞ്ഞ അവ്യവസ്ഥ പ്രകട മാണ്. ഒരേ വാക്കിൽത്തന്നെ ശകാര സകാര ഷകാരങ്ങൾക്ക് പ്രയോഗമു്. ഉദാ: വേശ്റ്റി – വേസ്റ്റി – വേഷ്ടി; വീശുക – വീസുക – വീഷുക.

സ, ശ എന്നിവ പലയിടത്തും സ്വതന്ത്രവിനിമയം നടത്തുന്നു. ഉദാ:

സീലൈ – ശീല

സലൈ – ശണ്ഠ

സിവപ്പ് – ശുവപ്പ്

കസുവി – കശുവി

ഷ, സ എന്നിവ തമ്മിലുള്ള സ്വതന്ത്ര വിനിമയവും പ്രകടമാണ്. ഉദാ: മനുഷ്യൻ – മന്സൻ.

ഊഷ്മാക്കൾ ചേർത്ത രൂപങ്ങൾ ഉപയോഗിക്കുമ്പോൾത്തന്നെ അതേ പദങ്ങളുടെ ഉഷ്മാക്കളല്ലാത്ത ശുദ്ധ തമിഴ് രൂപങ്ങളും പ്രയോഗത്തിലുു്. ഉദാ: വേട്ടി (വേസ്റ്റി - വേഷ്ടി), ചോപ്പ് (സിവപ്പ് - ശുവപ്പ്), പുത്തകം (പുസ്തകം), മനിതൻ (മനുഷൻ - മന്സൻ), ചക്കര (ശർക്കര - സക്കരൈ), ചൊന്നു/ ചൊല്ലിയാച്ച് (ശൊന്നാച്ച്).

**5. ത്രാസം**

വർത്സ്യ-ത്രാസ സ്വനിമങ്ങളുടെ കാര്യത്തിലും വ്യത്യാസമുു്.

തമിഴിലും മലയാളത്തിലും രകാര റകാരങ്ങൾ വ്യത്യസ്ത സ്വനിമങ്ങളാണ്. എന്നാൽ പൊതുപദങ്ങളിൽ പലപ്പോഴും മലയാളത്തിൽ രകാര ഉച്ചാരണ സ്ഥാനത്ത് തമിഴിൽ റകാര ഉച്ചാരണമാണ് പതിവ്. ഉദാ: രാമൻ (മലയാളം) > റാമൻ (തമിഴ്).

ആവേദകരുടെ ഭാഷയിൽ തമിഴിലും മലയാളത്തിലുമുള്ള ഭേദങ്ങൾ പ്രകടമാണ്. ഉദാ:

| | | |
|---|---|---|
| കരൾ | - | കറൾ |
| ചോര | - | ചോറ |
| രോമം | - | റോമം |
| കുരുമൊളഹ് | - | കുറുമൊളക് |
| ഉരുളക്കിഴങ്ങ് | - | ഉറുളക്കിഴങ്ക് |
| തോരൻ | - | തോറൻ |
| രസം | - | റസം |
| ഉരുക്കുക | - | ഉറുക്കുക |
| വരട്ടുക | - | വറട്ടുക |

| | | |
|---|---|---|
| മരിക്കുക | – | മറിക്കുക |
| രാവിലെ | – | റാവിലെ |

**6. 'ഴ', 'ള'**

'ഴ' എന്ന ഉൽക്ഷിപ്ത-മാർധന്യ സ്വനിമവും 'ള' എന്ന പാർശ്വിക-മൂർധന്യ സ്വനിമവും തമിഴിലും മലയാളത്തിലും വ്യത്യസ്ത സ്വനിമങ്ങളാണ്. എന്നാൽ മലയാളത്തിൽ 'ഴ' ഉച്ചരിക്കുന്നിടത്ത് പല പദങ്ങളിലും തമിഴിൽ 'ള' എന്നാണ് ഉച്ചരിക്കുന്നത്. ഉദാ:

| | | |
|---|---|---|
| പഴം | – | പളം |
| മഴ | – | മള |

ആവേദകരുടെ ഭാഷണത്തിൽ രു രീതിയിലുള്ള ഉച്ചാരണവും നിലനിൽക്കുന്നു്. ഉദാ:

| | | |
|---|---|---|
| കഴുത്ത് | – | കളുത്ത് (കള്ത്ത്) |
| പഴയ | – | പളയ |
| ഉരുളക്കിഴങ്ങ് | – | ഉരുളക്കിളങ്ക് |
| | | മരവള്ളിക്കിളങ്ക് |
| | | കുളമ്പ് (കൊളമ്പ്) |
| ഒഴിക്കുക | | |
| പുഴുങ്ങുക | – | പുളുങ്കുക |
| വീഴുക | – | വീളുക |

**7. ഞ/ന**

മലയാളത്തിൽ പദാദിയിൽ വരുന്ന അനുനാസിക-താലവ്യ സ്വനിമമായ 'ഞ'കാരത്തിന്റെ സ്ഥാനത്ത് തമിഴിൽ 'ന'കാരമാണ് പതിവ്. പൂർവ്വകേരളഭാഷ എന്ന ഗ്രന്ഥത്തിൽ പ്രഭാകരവാര്യർ ഇങ്ങനെ പ്രസ്താവിക്കുന്നു:

> പദാദിയിൽ മലയാളത്തിലെ താലവ്യാനുനാസിക('ഞ')ത്തിന് സമാനമായി തമിഴിൽ വർത്സ്യാനുനാസികമാണുള്ളത്. ഞാൻ : നാൻ, ഞ് : ന്, ഞാവൽ : നാവൽ, ഞരമ്പ് : നരമ്പ് (ibid, 75).

ഇത്തരത്തിലുള്ള രു പദങ്ങളാണ് നിരീക്ഷണവിധേയമാക്കിയത്; ഞാൻ, ഞങ്ങൾ എന്നിവ. അവയ്ക്ക് ആവേദകർ ഉപയോഗിക്കുന്ന വ്യത്യസ്ത രൂപങ്ങൾ ഇവയാണ്:

| | | |
|---|---|---|
| ഞാൻ | – | ഞങ്ങൾ |
| നാ | – | നാങ്കൾ |
| | | ഞങ്കൾ |
| | | നാങ്ക |

അതായത് മലയാളത്തിലെ പദാദിയിൽ വരുന്ന താലവ്യാനുനാസികം അതുപോലെതന്നെയും തമിഴ് രീതിയനുസരിച്ച് വർത്യാനുനാസികമായ നകാര മായും ആവേദകർ ഉപയോഗിക്കുന്നു്.

## 8. അനുനാസികാതിപ്രസരം

അനുനാസികവർണ്ണത്തിന്റെ അനുനാസികത്വം തൊട്ടടുത്തു വരുന്ന ഖരമൃദുക്കളിലേക്ക് അതിപ്രസരിച്ച് അവയേക്കൂടി അനുനാസികമാക്കി മാറ്റുന്ന പ്രക്രിയ തമിഴിൽനിന്ന് മലയാളം വേർപിരിഞ്ഞ പ്രക്രിയകളിൽ പ്രധാനപ്പെട്ട ഒന്നാണെന്ന് രാജരാജവർമ്മ എ.ആർ. പ്രസ്താവിക്കുന്നു് (1999: 18). ഇന്നും തമിഴ്മലയാളങ്ങളെ വ്യത്യസ്തമാക്കുന്നതിൽ പ്രധാന പങ്ക് ആ പ്രക്രിയക്കു്. എ.ആർ. അതിന് അനുനാസികാതിപ്രസരമെന്ന് നാമകരണം ചെയ്തിരിക്കുന്നു.

ഉദാ:

| | | |
|---|---|---|
| നിങ്കൾ | – | നിങ്ങൾ |
| നെഞ്ച് | – | നെഞ്ഞ് |
| തിന്താൻ | – | തിന്നാൻ |
| ചിമ്പുക | – | ചിമ്മുക |
| മാങ്കായ് | – | മാങ്ങാ |
| പഞ്ചം | – | പഞ്ഞം |
| വന്താൻ | – | വന്നാൻ |
| തിരുമ്പുക | – | തിരുമ്മുക |
| പഞ്ചി | – | പഞ്ഞി |
| ചെന്റാൻ | – | ചെന്നാൻ |
| ഒന്റു | – | ഒന്ന് |
| കന്റു | – | ക് |
| മങ്ഗലം | – | മങ്ങലം |
| മണ്ഡപം | – | മണ്ണപം |
| അമ്ബാ | – | അമ്മ |
| അഞ്ജനം | – | അഞ്ഞനം |
| ചന്ദനം | – | ചന്നനം |

ആവേദകരുടെ ഭാഷയിൽ അനുനാസികാതിപ്രസരം വന്ന രൂപങ്ങളും വരാത്ത രൂപങ്ങളും ഉ്. ഉദാ:

| | | |
|---|---|---|
| പടിഞ്ചാറ് | – | പടിഞ്ഞാറ് |
| ചീഞ്ച | – | ചീഞ്ഞ |
| ചീഞ്ചത് | – | ചീഞ്ഞത് |
| അളിഞ്ച | – | അളിഞ്ഞ |

| | | |
|---|---|---|
| പടവലങ്കായ് | – | പടവലങ്ങ |
| മുരിങ്ക | – | മുരിങ്ങ |
| മുരിങ്കക്കായ് | – | മുരിങ്ങക്കായ് |
| ഉരുളക്കിഴങ്ക് | – | ഉരുളക്കിഴങ്ങ് |
| തേങ്ക | – | തേങ്ങ |
| കഞ്ചി | – | കഞ്ഞി |
| പുളുങ്കുക | – | പുളുങ്ങുക |
| ഉറങ്കിയാച്ച്, ഉറങ്കുക | – | ഉറങ്ങുക |
| തൂങ്കുക, തൂങ്കിയാച്ച് | – | ഉറങ്ങുക |
| നാങ്കൾ | – | ഞങ്ങൾ |
| അറിഞ്ചിത് | – | അറിഞ്ഞു |
| വാങ്കണം | – | വാങ്ങണം |

ഇതിൽ പടിഞ്ചാറ്, അറിഞ്ചിത് എന്നിവ തമിഴ്മലയാള സമ്മിശ്രരൂപമാണ്. തമിഴിൽ യഥാക്രമം അവയ്ക്ക് മേൽക്ക്, തെരിഞ്ചിത് എന്നിവയാണ് മാനക രൂപങ്ങൾ.

## 9. താലവ്യാദേശം

തമിഴ്മലയാളങ്ങളെ വ്യത്യസ്തമാക്കുന്ന മറ്റൊരു കാര്യം തവർഗ്ഗോപമർദ്ദം അഥവാ താലവ്യാദേശം ആണ്.

> തവർഗ്ഗം എന്നു പറഞ്ഞാൽ തമിഴക്ഷരമാല പ്രകാരം 'ത', 'ന' എന്ന് രു വർണ്ണങ്ങളേ ഉള്ളല്ലോ. ഇവയെ യഥായോഗം കൂടിച്ചേർത്താൽ 'ത്ത', 'ന്ന', 'ന്ത' എന്നു മൂന്നു കൂട്ടക്ഷരം കൂടിയു ാകും. ഇതുകൾക്കു മുൻ വരുന്ന സ്വരം 'അ', 'ഇ', 'എ', 'ഐ' എന്ന താലവ്യങ്ങളിൽ ഏതെങ്കിലുമായാൽ അതിന്റെ താലവ്യധർമ്മം ഈ ദന്ത്യങ്ങളിൽക്കൂടി വ്യാപിച്ച് അതുകളെക്കൂടി താലവ്യങ്ങളാക്കും (രാജരാജവർമ്മ ഏ.ആർ, 1999: 19).

ഉദാ:

അലൈന്താൻ – അലഞ്ചാൻ

അറിന്താൻ – അറിഞ്ചാൻ

പിടിത്താൻ – പിടിച്ചാൻ

വൈത്താൻ – വൈച്ചാൻ

ആവേദകരുടെ ഭാഷണത്തിൽ താലവ്യാദേശം വന്നതും വരാത്തതുമായ രൂപങ്ങൾ നിലനിൽക്കുന്നു്. ഉദാ: വെത്തെന്ന് – വെച്ചെന്ന്.

തമിഴ്മലയാള സ്വനിമഘടനയിൽ ആവേദകരിൽ എത്രത്തോളം ആദേശവും സംരക്ഷണവും നടന്നിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 180

| **തമിഴ്–മലയാള സ്വനിമവ്യത്യാസം** | **ആദേശം** | | **സംരക്ഷണം** |
|---|---|---|---|
| | **പൂർണ്ണം** | **ഭാഗികം** | |
| ഐ/അ സ്വനിമവ്യത്യാസം | +100 | −100 | |
| സംവൃതോകാരം | +100 | −100 | |
| സ/ച ഉച്ചാരണവ്യത്യാസം | +100 | −100 | |
| ശ–ഷ–സ സ്വനിമങ്ങൾ | +100 | −100 | |
| ര/റ വിനിമയം | | −100, +100 | |
| ള/ഴ ഉച്ചാരണം | +100 | | −100 |
| ന/ഞ ഉച്ചാരണം | +100 | −100 | |
| അനുനാസികാതിപ്രസരം | | −100, +100 | |
| താലവ്യാദേശം | +100, −100 | | |

കുറിപ്പ്: +100 – നൂറ്റാിന് മുമ്പ് കുടിയേറിയവർ, −100 – നൂറ്റാിനകം കുടിയേറിയവർ

വിശദീകരണം

നൂറുവർഷം മുമ്പ് കുടിയേറിയവരിൽ എല്ലാവരും തമിഴിൽ ഐകാര സ്ഥാനത്ത് മലയാളത്തിന്റെ അകാര ആദേശത്തിന് വിധേയരാണ്. എന്നാൽ നൂറ്റാ ിനകം കുടിയേറിയവരിൽ ഈ ആദേശം ഭാഗികമായേ സംഭവിച്ചിട്ടുള്ളു.

അർത്ഥവ്യത്യാസസഹിതമായ സംവൃതോകാര ഉച്ചാരണത്തിൽ നൂറ്റാ ിനു മുമ്പ് കുടിയേറിയവരിൽ ആദേശം സമ്പൂർണ്ണവും നൂറ്റാിനകം കുടിയേറിയവരിൽ ഭാഗികവുമാണ്.

നൂറ്റ് മുമ്പ് കുടിയേറിയവർ ചകാരം എപ്പോഴും ചകാരമായിത്തന്നെ ഉച്ചരിക്കുമ്പോൾ നൂറ്റാിനകം കുടിയേറിയവരിൽ ഈ ആദേശം ഭാഗികമായി സംഭവിച്ചിട്ടുണ്ടെന്ന് വസ്തുതകളിൽനിന്ന് വ്യക്തമാകുന്നു.

തമിഴിലെ 'റ'കാരസ്ഥാനത്ത് 'ര'കാരത്തിന്റെ ആദേശം അധിവാസ കാല ദൈർഘ്യവ്യത്യാസമന്യേ കേരളത്തിലെ തമിഴ് വാണിയരിൽ നിലനിൽക്കുന്നുവെന്ന് വസ്തുതകളിൽനിന്ന് വ്യക്തമാകുന്നു.

നൂറ്റാിനുമുമ്പ് കുടിയേറിയവർക്ക് 'ഴ'കാരം നന്നായി വഴങ്ങിയിട്ടു ങ്കിലും നൂറ്റാിനകം കുടിയേറിയവർക്ക് 'ഴ'കാരം വഴങ്ങിയിട്ടില്ല. അതായത് മലയാളത്തിലെ ഴകാരസ്ഥാനത്ത് അടുത്തകാലത്ത് കുടിയേറിയവർ പൂർണ്ണമായും തമിഴ് സ്വഭാവം സംരക്ഷിക്കുമ്പോൾ നൂറ്റാിനുമുമ്പ് കുടിയേറിയവരിൽ ഈ ആദേശം പൂർണ്ണമാണ്.

പദാദിയിലെ നകാരത്തിന് സംഭവിക്കുന്ന ഞകാര ആദേശം നൂറ്റാിനു മുമ്പ് കുടിയേറിയവരിൽ പൂർണ്ണവും നൂറ്റാിനകം കുടിയേറിയവരിൽ ഭാഗികവുമാണ്.

കുടിയേറ്റ-അധിവാസ കാലദൈർഘ്യവ്യത്യാസമെന്യേ അനുനാസികാതിപ്രസരത്തിന്റെ ആദേശം കേരളത്തിലെ തമിഴ് ചെട്ടികളുടെ ഭാഷയിൽ ഭാഗികമായാണ് സംഭവിച്ചിരിക്കുന്നത്.

താലവ്യാദേശം കുടിയേറ്റ-അധിവാസ കാലദൈർഘ്യമെന്യേ ആവേദക സമൂഹത്തിൽ പൂർണ്ണമായിക്കഴിഞ്ഞു എന്നാണ് വസ്തുതകളിൽനിന്ന് വിലയിരു ത്താനാകുന്നത്.

### 7.3. പദതലം

അറുപത്തിയാറ് ഗാർഹിക പദങ്ങളും 42 പൊതു പദങ്ങളുമടങ്ങിയ 108 അടിസ്ഥാനപദങ്ങളാണ് പദതലത്തിലുള്ള ഭാഷാസംരക്ഷണവും ആദേശവും വിശകലനം ചെയ്യാനായി തെരഞ്ഞെടുത്തത്. അറുപത്താറ് ഗാർഹിക പദങ്ങളിൽ 29 എണ്ണം ചാർച്ചപ്പേരുകളാണ്. അവയുടെ സംബോധനാരൂപങ്ങളും പരിഗണിക്കു ന്നു. ഇരുപത്തി ഒൻപത് ഗാർഹിക വസ്തു നാമങ്ങളും എട്ട് ഗാർഹിക ക്രിയാപദങ്ങളുമാണ് മറ്റ് ഗാർഹികപദങ്ങൾ. ഭാഷ-ആദേശത്തിന് വിധേയമാ കുന്ന സമൂഹത്തിന്റെ ഭാഷയിൽ അവസാന ഘട്ടത്തിൽ മാത്രം ആദേശത്തിന് വിധേയമാകുന്ന ഭാഷാഘടകങ്ങൾ എന്ന നിലയ്ക്കാണ് വിശകലനത്തിനായി അടിസ്ഥാനപദങ്ങൾ തെരഞ്ഞെടുത്തത്. അതിൽത്തന്നെ, ഗാർഹികപദാവലി ഏറ്റവും പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ, ഭാഷാപരിരക്ഷണത്തിന്റെ തീവ്രത ഏറ്റവും കൂടിയ മേഖലയായി പരിഗണിക്കുന്നത് ഗാർഹികമേഖലയാണ് എന്നു നിരീക്ഷിക്കപ്പെട്ടിട്ടു്. വീട്ടിലും മറ്റും സംസാരിക്കുമ്പോൾ ഓരോരുത്തരുടെയും ചിന്തയും തോന്നലും അവനവന്റെ അഹത്തിനോട് അടുത്തുനിൽക്കുന്ന ഭാഷയി ലാവും പുറത്തു വരിക. അതുകൊ് ഭാഷാപരിരക്ഷണത്തിന്റെ തീക്ഷ്ണത യായി ഈ തലങ്ങളിലെ ഭാഷാപ്രയോഗത്തെ എടുക്കാം (Bayer, 1986: 15).

### 7.3.1. ചാർച്ചപ്പേരുകളും വിളിരൂപങ്ങളും

രക്തബന്ധമുള്ളവർ തമ്മിൽ സംബോധനയ്ക്കായും പരാമർശത്തിനായും പ്രയോഗിക്കുന്ന പദരൂപങ്ങളാണ് ചാർച്ചപ്പേരുകൾ. ഒരു ഭാഷകസമൂഹത്തിന്റെ സാംസ്കാരികസ്വത്വത്തെ പ്രതിഫലിപ്പിക്കാനാവുമെന്ന നിലയ്ക്ക് ഭാഷാദേശ–സംരക്ഷണ പഠനമേഖലയിൽ ഇവയ്ക്ക് പ്രാധാന്യമു്.

ആകെ 29 ചാർച്ചപ്പേരുകളാണ് തെരഞ്ഞെടുത്തത്:

| | | | |
|---|---|---|---|
| 1 | അച്ഛന്റെ അച്ഛൻ | 16 | ജ്യേഷ്ഠൻ |
| 2 | അച്ഛന്റെ അമ്മ | 17 | അനുജത്തി |
| 3 | അമ്മയുടെ അച്ഛൻ | 18 | ജ്യേഷ്ഠത്തി |
| 4 | അമ്മയുടെ അമ്മ | 19 | പെങ്ങളുടെ ഭർത്താവ് |
| 5 | അച്ഛൻ | 20 | ഭാര്യ |
| 6 | അച്ഛന്റെ മൂത്ത സഹോദരൻ | 21 | ഭർത്താവ് |
| 7 | അച്ഛന്റെ ഇളയ സഹോദരൻ | 22 | ഭാര്യാപിതാവ് |
| 8 | അച്ഛന്റെ മൂത്ത സഹോദരി | 23 | ഭാര്യാമാതാവ് |
| 9 | അച്ഛന്റെ ഇളയ സഹോദരി | 24 | ഭാര്യയുടെ മൂത്ത സഹോദരൻ |
| 10 | അമ്മ | 25 | ഭാര്യയുടെ സഹോദരി |
| 11 | അമ്മയുടെ മൂത്ത സഹോദരൻ | 26 | അനുജന്റെ ഭാര്യ |
| 12 | അമ്മയുടെ ഇളയ സഹോദരൻ | 27 | ജ്യേഷ്ഠന്റെ ഭാര്യ |
| 13 | അമ്മയുടെ മൂത്ത സഹോദരി | 28 | പെങ്ങളുടെ മകൻ |
| 14 | അമ്മയുടെ ഇളയ സഹോദരി | 29 | പെങ്ങളുടെ മകൾ |
| 15 | അനുജൻ | | |

മലയാള ചാർച്ചപ്പേരുകളും അവയുടെ വിളിരൂപങ്ങളും ഇപ്രകാരമാണ്.

| | ചാർച്ചപ്പേരുകൾ | വിളിരൂപങ്ങൾ |
|---|---|---|
| 1. | അച്ഛച്ഛൻ, മുത്തച്ഛൻ | അച്ചച്ചാ, മുത്തച്ചാ, മുത്തശ്ശാ |
| 2. | അച്ഛമ്മ, മുത്തശ്ശി | അച്ചമ്മേ, മുത്തശ്ശീ |
| 3. | അമ്മച്ഛൻ, മുത്തച്ഛൻ | അമ്മച്ചാ, മുത്തശ്ശാ, മുത്തച്ചാ |
| 4. | അമ്മമ്മ, അമ്മൂമ്മ, മുത്തശ്ശി | അമ്മമ്മേ, അമ്മൂമ്മേ, മുത്തശ്ശീ |
| 5. | അച്ഛൻ | അച്ചാ |
| 6. | വല്യച്ഛൻ | വല്യച്ചാ |
| 7. | ചെറിയച്ഛൻ | ചെറ്യച്ചാ |
| 8. | അമ്മായി, വല്യമ്മായി | അമ്മായീ, വല്യമ്മായീ |
| 9. | അമ്മായി, ചെറ്യമ്മായി | അമ്മായീ, ചെറ്യമ്മായീ |
| 10. | അമ്മ | അമ്മേ |
| 11. | അമ്മാവൻ, വല്യമ്മാവൻ | മാമാ, അമ്മാവാ, വല്യമ്മാവാ |
| 12. | അമ്മാവൻ, ചെറ്യമ്മാവൻ | മാമാ, അമ്മാവാ, ചെറ്യമ്മാവാ |
| 13. | വല്യമ്മ | വല്യമ്മേ |
| 14. | ചെറ്യമ്മ | ചെറ്യമ്മേ |
| 15. | അനുജൻ, അനിയൻ | പേര് |
| 16. | ജ്യേഷ്ഠൻ, ഏട്ടൻ, ചേട്ടൻ | ഏട്ടാ, ചേട്ടാ |
| 17. | അനുജത്തി, അനിയത്തി | പേര് |
| 18. | ജ്യേഷ്ഠത്തി, ചേട്ടത്തി, ഏട്ത്തി, ഏട്ടത്തി | ചേട്ത്തീ, ചേട്ടത്തീ, ഏട്ത്തീ, ഏട്ടത്തീ |
| 19. | അളിയൻ | അളിയാ |
| 20. | ഭാര്യ, പെണ്ണ്ങ്ങൾ, ഓൾ(ള്) | പേര് |
| 21. | ഭർത്താവ്, ആണ്ങ്ങൾ, ഓൻ(ന്) | ഏട്ടാ, ചേട്ടാ |
| 22. | അമ്മാവൻ, അമ്മായിഅച്ഛൻ, അമ്മോച്ഛൻ | മാമാ, അമ്മാവാ, അമ്മോച്ചാ |
| 23. | അമ്മായിഅമ്മ | അമ്മായീ, അമ്മേ |

| | | |
|---|---|---|
| 24. | അളിയൻ | അളിയാ, ഏട്ടാ, ചേട്ടാ |
| 25. | ജ്യേഷ്ഠത്തി, അനുജത്തി | ചേട്ടത്തീ, ഏച്ചീ, ഏടത്തീ, ഏട്ടത്തീ, പേർ |
| 26. | അനുജത്തി | പേർ |
| 27. | ജ്യേഷ്ഠത്തി | ഏച്ചീ, ഏടത്തീ, ഏട്ടത്തീ, ചേട്ടത്തീ, ചേട്ത്തീ |
| 28. | മരുമകൻ | പേര് |
| 29. | മരുമകൾ | പേര് |

തമിഴ് ചാർച്ചപ്പേരുകളെയും വിളിരൂപങ്ങളെയും ഇങ്ങനെ പട്ടികപ്പെടുത്താം.

| | ബന്ധസൂചകങ്ങൾ | വിളിരൂപങ്ങൾ |
|---|---|---|
| **1.** | താത്ത, പാട്ടൻ | താത്താ, പാട്ടാ |
| 2. | പാട്ടി | പാട്ടീ |
| 3. | താത്ത, പാട്ടൻ | താത്താ, പാട്ടാ |
| 4. | ആയ | ആയാ |
| 5. | അപ്പ, അയ്യ | അപ്പാ, അയ്യാ |
| 6. | പെരിയപ്പ | പെരിയപ്പാ |
| 7. | ചിന്നയ്യാ, ചിത്തപ്പ, ചിറ്റപ്പ, സിത്തപ്പ | ചിന്നയ്യാ, ചിത്തപ്പാ, സിത്തപ്പാ, ചിറ്റപ്പാ |
| 8. | അത്ത, പെരിയത്ത | അത്തേ, പെരിയത്താ, അത്താ, പെരിയത്തേ |
| 9. | അത്ത, ചിന്നത്ത | അത്താ, അത്തേ, ചിന്നത്താ, ചിന്നത്തേ |
| 10. | അമ്മ | അമ്മാ |
| 11. | മാമ, മാമനാർ | മാമാ, മാമനാരെ, മാമനാരേ |
| 12. | പെരിയമ്മ | പെരിയമ്മാ, പെരിയമ്മേ |

| | | |
|---|---|---|
| 13. | ചിന്നമ്മ, ചിത്തി | ചിന്നമ്മാ, ചിത്തീ, ചിന്നമ്മേ |
| 14. | തമ്പി | തമ്പീ |
| 15. | അണ്ണൻ | അണ്ണാ |
| 16. | തങ്കച്ചി | തങ്കച്ചീ (പേർ) |
| 17. | അക്ക | അക്കാ |
| 18. | മച്ചാ, സഹലാ | മച്ചാ, മച്ചാനേ, സഹലാ |
| 19. | പൊാട്ടി | പേർ |
| 20. | മച്ചാൻ | മച്ചാ, മച്ചാനേ |
| 21. | മാമ, മാമനാർ | മാമാ, മാമനാരെ, മാമനാരേ |
| 22. | അത്ത, മാമിയാർ | അത്താ, ആത്തേ, മാമിയാരേ |
| 23. | മച്ചാൻ | മച്ചാ, മച്ചാനേ |
| 24. | നാത്തൂൻ, കൊളുന്ത്യാ, നാത്തനാർ, നങ്കയാ | നാത്തൂനേ, കൊളുന്ത്യാ, നാത്തനാരേ, നങ്കയാ |
| 25. | തങ്കച്ചി | തങ്കച്ചീ |
| 26. | അണ്ണി, മദ്നി, മൈനി, അക്കാൾ, അക്ക | അണ്ണീ, മദ്നീ, മൈനീ, അക്കാ, അക്കാളേ |
| 27. | മരുമകൻ, മാപ്പിളൈ | മരുമകനേ, മാപ്പിളേ |
| 28. | മരുമകൾ | മരുമകളേ |
| 29. | വല്യത്താൻ, അണ്ണൻ, മച്ചാൻ, പെരിയത്താൻ | അണ്ണാ, മച്ചാ, മച്ചാനേ, പരിയത്താനേ |

കേരളത്തിലെ തമിഴ് വാണിയർ പൊതുവെ എല്ലാ തമിഴ് ചാർച്ചപ്പേരുകളും സംബോധനാരൂപങ്ങളും ഉപയോഗിക്കുന്നുവെന്നാണ് ദത്തവിശകലനത്തിൽനിന്ന് വ്യക്തമാകുന്നത്. ഒരു നൂറ്റാിനിടയ്ക്ക് കുടിയേറിയവരിൽ ഇക്കാര്യത്തിൽ ഭാഷ–ആദേശം നാമമാത്രമാണ്. നൂറ്റാിനുമുമ്പ് കുടിയേറിയവരിൽത്തന്നെ ചില രിൽ മാത്രമാണ് ആദേശം സംഭവിച്ചതായി കാണുന്നത്. ആകെ ആവേദകരിൽ 30% പേരിൽ മാത്രമാണ് ഇത്തരം ആദേശം പ്രകടമായി കാണുന്നത്. പൂർണ്ണമായ

ആദേശം സംഭവിച്ച ആരെയും കണ്ടെത്താനായില്ല. ആദശം സംഭവിച്ചിരിക്കുന്ന 30% പേരിൽത്തന്നെ സംഭവിച്ചിരിക്കുന്ന ആദേശം നാമമാത്രമാണ്.

ആദേശം സംഭവിച്ച ചാർച്ചപ്പേരുകളേയും വിളിരൂപങ്ങളേയും ഇങ്ങനെ പട്ടികപ്പെടുത്താം:

| | **തമിഴ് വാണിയരുടെ മലയാളപദങ്ങൾ** | **വിളിരൂപങ്ങൾ** |
|---|---|---|
| **1.** | *അപ്പാമ്മ* | *അപ്പാമ്മാ, അപ്പാമ്മേ* |
| 2. | അമ്മമ്മ | അമ്മമ്മേ |
| 3. | അച്ഛൻ | അച്ഛാ |
| 4. | വല്യച്ഛൻ, *വല്യപ്പ, വല്ലിയ്യ* | വല്യച്ഛാ, *വല്യപ്പാ, വല്ലിയ്യാ* |
| 5. | ചെറിയച്ഛൻ, *കൊച്ചപ്പ* | ചെറ്യച്ഛാ, *കൊച്ചപ്പാ* |
| 6. | അമ്മാവൻ | മാമാ |
| 7. | അമ്മാവൻ | മാമാ |
| 8. | അമ്മായി | അമ്മായീ |
| 9. | അമ്മായി | അമ്മായീ |
| 10. | അനുജൻ | പേര് |
| 11. | ഏട്ടൻ, ജ്യേഷ്ഠൻ | ഏട്ടാ |
| 12. | *അക്കാൾ* | *അക്കാളേ* |
| 13. | ഏട്ത്തി, ജ്യേഷ്ഠത്തി | ഏടത്തി, ഏച്ചീ, *അക്കച്ചീ* |
| 14. | അളിയൻ | ഏട്ടാ, അളിയാ |
| 15. | അമ്മായി | അമ്മായീ |
| 16. | അളിയൻ | അളിയാ, ഏട്ടാ |
| 17. | സഹോദരി | ഏച്ചീ, പേര് |
| 18. | ഏട്ത്തി, *അക്കാൾ* | ഏട്ത്തീ, ഏച്ചീ |
| 19. | *വല്യത്താൻ* | *വല്യത്താനേ* |

കുറിപ്പ്: തമിഴ്മലയാളങ്ങളുടെ സമ്മിശ്രസ്വഭാവം വ്യക്തമാക്കുന്ന പദങ്ങൾ ചരിച്ച് എഴുതിയിരിക്കുന്നു.

**(1) അപ്പാമ്മ (അപ്പാമ്മാ/അപ്പാമ്മേ):** അച്ഛന്റെയും അമ്മയുടെയും അമ്മമാരെ തമിഴിൽ 'പാട്ടി' എന്നാണ് പറയാറ്. അന്ത്യത്തിലുള്ള ഇകാരം നീട്ടി 'പാട്ടീ' എന്നാക്കിയാൽ വിളിരൂപമായി. ആവേദകരിൽ പലരും ഇതേ രീതി പി ന്തുടരുന്നുവെങ്കിലും ചിലർ അമ്മയുടെ അമ്മയെ 'അമ്മമ്മ' എന്നും അച്ഛന്റെ അമ്മയെ 'അപ്പാമ്മ' എന്നും പറയുന്നു. 'അമ്മ' എന്ന പദം തമിഴ്മലയാളങ്ങളിൽ ഒരേ അർത്ഥസൂചികമായതുകൊാണ് അമ്മയുടെ അമ്മ മലയാളത്തിലും തമിഴിലും ഒരേപോലെ 'അമ്മമ്മ' എന്നായത്. എന്നാൽ 'അച്ഛൻ' എന്ന മലയാള പ ദം തമിഴിൽ ഇല്ല. പകരം 'അപ്പാ' എന്നാണ് പ്രയോഗം. അതിനാലാണ് അച്ഛന്റെ അമ്മ 'അപ്പാമ്മ' ആയത്. 'അപ്പാമ്മാ', 'അപ്പാമ്മേ' എന്നിങ്ങനെ ര് വിളിരൂപ ങ്ങളും ഇതിനു്. ആദ്യത്തെ അകാരം ദീർഘിപ്പിക്കൽ തമിഴ് സ്വഭാവവും രാ മത്തെ എകാര ദീർഘീകരണം മലയാളസ്വഭാവവുമാണ്. 'അമ്മമ്മാ', 'അമ്മമ്മേ' എന്നീ വിളിരൂപങ്ങളും തത്സമങ്ങളാണ്.

**(2) അച്ഛൻ (അച്ഛാ):** 'അപ്പ്' എന്ന തമിഴ് രൂപത്തിന്റെ മലയാള പ ദമാണ് 'അച്ഛൻ' എന്നത്. ദീർഘകാലം മുമ്പ് കുടിയേറിയവരിലെ ഇളംതലമുറയ്ക്കിട യ്ക്കും മലയാളികളായ ഇതര സമുദായക്കാരുമായി വിവാഹബന്ധത്തിലേർപ്പെട്ട വരുടെ മക്കളിലുമാണ് ഇത്തരം പദങ്ങൾ പ്രചാരത്തിലുള്ളതായി കാണാനായത്. 'അച്ഛാ' എന്നതാണ് ഇതിന്റെ വിളിരൂപം. ഏറ്റവും കുറഞ്ഞ ആവേദകർ മാത്രമാണ് ഈ പദം ഉപയോഗിക്കുന്നതായി കത്.

**(3) വല്ലിയ്യാ/വല്യപ്പാ/വല്യച്ഛൻ (വല്ലിയാ/വല്യപ്പാ/വല്യച്ഛാ):** മലയാളിക്ക് അച്ഛന്റെ ജ്യേഷ്ഠൻ 'വല്യച്ഛൻ' ആണ്. വലിയ + അച്ഛൻ ആണ് 'വല്യച്ഛൻ'. അച്ഛന്റെ മൂത്ത ആൾ എന്നർത്ഥം. ഇതിലെ വലിയ എന്ന മലയാള പ

ദത്തോട് 'അപ്പ്', 'അയ്യ' എന്നീ തമിഴ് പദങ്ങൾ ചേരുമ്പോഴാണ് യഥാക്രമം 'വല്യപ്പ്', 'വല്ലിയ്യ' എന്നീ പദങ്ങൾ രൂപപ്പെടുന്നത്. 'അപ്പ്' എന്നത് 'അച്ഛൻ' എന്നതിനു സമാനമായി തമിഴിൽ സാർവ്വത്രികമായി പ്രയോഗമുള്ള പദമാണ്. 'അയ്യാ' എന്നും തമിഴിൽ 'അച്ഛനെ' വിളിക്കാറു്. 'വല്യപ്പ്', 'വല്ലിയാ' എന്നീ പദങ്ങൾ തമിഴ് – മലയാള ഭാഷാപദങ്ങൾ ചേർന്ന സംയുക്ത പദമാണ്. 'വലിയ', 'വല്യ' എന്നത് മലയാളവും 'അയ്യാ', 'അപ്പ്' എന്നിവ തമിഴും ആണ്. 'വല്യച്ഛൻ' എന്നതിന് തമിഴ് പദം 'പെരിയപ്പാ' എന്നതാണ്. ഈ വസ്തുതകളുടെ അടിസ്ഥാ നത്തിൽ പെരിയപ്പ എന്നത് ഭാഷ സംരക്ഷിക്കുന്നു എന്നതിനും 'വല്ലിയാ', 'വല്യപ്പാ' എന്നിവ അപൂർണ്ണമായ ആദേശത്തിന്റെയും 'വല്യച്ഛൻ' എന്നത് പൂർണ്ണമായ ആദേശത്തിന്റെയും അടയാളമായി പരിഗണിക്കാവുന്നതാണ്. വലിയ + അപ്പ – 'വലിയപ്പ്', 'വല്യപ്പ്', വലിയ + അയ്യ – 'വലിയയ്യാ', 'വല്യയ്യാ', 'വല്ലിയ്യാ', 'വല്ലിയാ' എന്നിങ്ങനെ പ്രസ്തുത പദങ്ങളുടെ നിഷ്പത്തി ഊഹിക്കാം.

ആവേദകർ ഈ പദങ്ങളെല്ലാം ഉപയോഗിക്കുന്നു്. അതായത് ഭാഷാ പരിണാമം വരാത്ത രൂപങ്ങളും ഭാഗിക മാറ്റത്തിനു വിധേയമായ രൂപങ്ങളും പൂർണ്ണമായും മാറിയ രൂപങ്ങളും ആവേദകർക്കിടയിൽ പ്രചാരത്തിലു്.

**(4) ചെറിയച്ഛൻ/കൊച്ചപ്പ (ചെറിയച്ഛാ, കൊച്ചപ്പാ):** അച്ഛന്റെ അനുജനെ തമിഴിൽ 'ചിത്തപ്പ്' (ഉച്ചാരണം – സിത്തപ്പ) എന്നും മലയാളത്തിൽ 'ചെറിയച്ഛൻ' എന്നും പറയുന്നു. 'ചെറിയച്ഛാ', 'കൊച്ചപ്പാ' എന്നിങ്ങനെ വിളിക്കുകയും ചെയ്യും. ഈ രുരൂപങ്ങളും കേരളത്തിലെ തമിഴ് വാണിയർ ഉപയോഗിക്കുന്നു്.

**(5) അമ്മാവൻ:** അമ്മയുടെ ആങ്ങളയെ തമിഴർ 'മാമ', 'മാമനാർ' എന്നിങ്ങനെ പറയുകയും 'മാമാ', 'മാമനാരേ' എന്നിങ്ങനെ വിളിക്കുകയും

ചെയ്യുന്നു. മലയാളികൾ ‘അമ്മാവൻ’ എന്ന പദമാണ് പ്രസ്തുത ബന്ധം സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത്. ‘അമ്മാവാ’ എന്നതാണ് സംബോധനാ രൂപം. ആവേദകരിൽ ചിലർ പ്രത്യേകിച്ച് ഇളംതലമുറയിൽ പെട്ടവരും തമിഴ്-മലയാള വാണിയ ദമ്പതികളുടെ മക്കൾ – ‘അമ്മാവൻ’ എന്ന പദം തന്നെ ഉപയോഗിച്ചുവരുന്നു്.

(6) **അമ്മായി:** അച്ഛന്റെ സഹോദരിമാരെ മലയാളികൾ ‘അമ്മായി’ എന്നു പറയുന്നു. ഇകാരം ദീർഘിപ്പിച്ച ‘അമ്മായീ’ എന്ന പദം സംബോധനാ രൂപമാണ്. സഹോദരിമാർ ഇരുവരുങ്കെിൽ പ്രായഭേദാനുസൃതം ‘ചെറിയമ്മായി’, ‘വല്യ മ്മായി’ എന്നിങ്ങനെ ഭേദസൂചന ചെയ്യും. ‘അമ്മായി’ എന്നതിന്റെ തമിഴ് രൂപം ‘അത്ത’ എന്നാണ്. ‘അത്തേ’ എന്നതാണ് സംബോധനാരൂപം. ആവേദകർ ഈ രു രൂപങ്ങളും ഉപയോഗിക്കുന്നു്.

(7) **അനുജൻ:** ‘തമ്പി’ എന്നതാണ് ‘അനുജൻ’ എന്നതിന് സമമായ തമിഴ് പദം. ‘തമ്പീ’ എന്ന് സംബോധനാരൂപം ഉങ്കെിലും ഭൂരിപക്ഷവും പേരാണ് വിളിക്കുക പതിവ്. ആവേദകരിൽ ഭൂരിപക്ഷവും ‘അനുജൻ’ എന്ന പദമാണ് തൽസ്ഥാനത്ത് ഉപയോഗിച്ചുപോരുന്നത്.

(8) **ഏട്ടൻ/ജ്യേഷ്ഠൻ (ഏട്ടാ):** ജ്യേഷ്ഠസഹോദരനെ സൂചിപ്പിക്കുന്ന ‘അണ്ണൻ’ എന്ന തമിഴ് പദത്തിന് മലയാളപദം ‘ഏട്ടൻ’ എന്നതാണ്. ‘ചേട്ടാ’, ‘ജ്യേഷ്ഠാ’, ‘ഏട്ടാ’ എന്നിങ്ങനെ അന്ത്യത്തിൽ ദീർഘമായ അകാരം ചേർത്ത താണ് സംബോധനാരീതി. ആവേദകർ ഈ രൂപങ്ങളെല്ലാം ഉപയോഗിക്കുന്നു്.

(9) **അക്കച്ചി/ജ്യേഷ്ഠത്തി/ഏട്ത്തി (അക്കച്ചീ/ജ്യേഷ്ഠത്തീ, ഏട്ത്തീ):** ജ്യേഷ്ഠസഹോദരിയെ സൂചിപ്പിക്കുന്ന മലയാളപദങ്ങളാണ് ‘ജ്യേഷ്ഠത്തി’, ‘ഏട്ത്തി’ എന്നിവ. അന്ത്യ ഇ കാരം ദീർഘിപ്പിച്ചാൽ സംബോധനാരൂപമായി. ഈ രു രൂപങ്ങൾക്കു പുറമെ ആവേദകരിൽ ചിലർ

'അക്കച്ചീ' എന്ന രൂപം ഉപയോഗിച്ചു കാണുന്നു. 'അക്ക' എന്ന തമിഴ് രൂപത്തോട് 'ജ്യേഷ്ഠത്തി', 'ഏടത്തി' എന്നിവയിലുള്ള 'ത്തി' പ്രത്യയം ചേർന്ന 'അക്കത്തി' എന്ന രൂപം താലവ്യാദേശനയപ്രകാരം 'അക്കച്ചി' എന്ന് പരിണമിച്ചതാകാം. അല്ലെങ്കിൽ 'അക്ക' എന്ന പദത്തോട് 'ചേച്ചി' എന്ന മലയാള പദത്തിലെ അന്ത്യാക്ഷരമായ 'ച്ചി' ചേർന്ന് അക്കച്ചി ആയതാകാം. എങ്ങനെയായാലും ഈ പദം തമിഴ്-മലയാള സ്വഭാവരീതി കലർന്നതാണ്.

**(10) അളിയൻ (അളിയാ):** പെങ്ങളുടെ ഭർത്താവ്, ഭാര്യയുടെ ആങ്ങള എന്നിവരെ സൂചിപ്പിക്കുന്ന മലയാളപദം 'അളിയൻ' ആണ്. 'അളിയാ' എന്നതാണ് സംബോധനാരൂപം. 'അത്താൻ', 'മച്ചാ', 'മച്ചാൻ' എന്നീ ചാർച്ചപ്പേരുകളും 'അത്താനേ', 'മാച്ചാ', 'മച്ചാനേ' എന്നീ സംബോധനാരൂപങ്ങളുമാണ് തമിഴിന്റേത്. ആവേദകർക്കിടയിൽ ഈ രൂപങ്ങളെല്ലം പ്രചാരത്തിലുണ്ട്.

**(11) അമ്മായിഅമ്മ:** ഭാര്യയുടെ അമ്മയാണ് 'അമ്മായിഅമ്മ'. 'അമ്മായീ' എന്നാണ് വിളിരൂപം. 'അത്ത' എന്നതാണ് തമിഴ്‌രൂപം. 'അത്തേ' എന്നത് വിളിരൂപവും. 'മാമിയാർ' എന്ന പരാമർശകപദവും തമിഴിൽ കാണാം. ആവേദകർ ഈ രൂപങ്ങളെല്ലാം ഉപയോഗിച്ചുവരുന്നുണ്ട്.

**(12) ഭാര്യാസഹോദരി:** ഭാര്യയുടെ സഹോദരനെ സൂചിപ്പിക്കാൻ 'അളിയൻ', 'മച്ചാ' എന്നീ രൂപങ്ങൾ മലയാളത്തിൽ ഉണ്ടെങ്കിലും ഭാര്യാസഹോദരിയെ സൂചിപ്പിക്കാനുള്ള പദങ്ങൾ പ്രചാരത്തിലില്ല. ഭാര്യാസഹോദരിമാരെ സ്വസഹോദരിമാരായി പരിഗണിക്കുകയാണ് മലയാളികളുടെ പൊതുരീതി. ഭാര്യയുടെ ജ്യേഷ്ഠത്തിയാണെങ്കിൽ 'ജ്യേഷ്ഠത്തി' എന്നും അനുജത്തി ആണെങ്കിൽ 'അനുജത്തി' എന്നും പരിഗണിക്കുന്നു. ഭാര്യയുടെ ജ്യേഷ്ഠത്തി തന്നേക്കാൾ പ്രായം കുറഞ്ഞവളാണെങ്കിലും 'ജ്യേഷ്ഠത്തി' എന്ന പരിഗണന തന്നെയാണ് കൊടുക്കാറ്. തമിഴിൽ ഭാര്യയുടെ ജ്യേഷ്ഠത്തിയെ 'നങ്കയ' എന്നും അനുജ

ത്തിയെ 'കൊളുന്തിയ' എന്നും സൂചിപ്പിക്കുന്നു. അന്ത്യ അകാരം ദീർഘിപ്പിച്ചാൽ വിളിരൂപവുമായി. ഈ രൂപങ്ങളെല്ലാം ആവേദകർ ഉപയോഗിക്കുന്നു്.

(13) **ജ്യേഷ്ഠഭാര്യ:** മലയാളികൾ 'ജ്യേഷ്ഠത്തിയമ്മ' എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത്. 'ഏട്ത്ത്യമ്മ' എന്നാണ് വാമൊഴി. 'ഏട്ത്തീ', 'ഏച്ചീ' എന്നിവ വിളിരൂപങ്ങളാണ്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു്. ജ്യേഷ്ഠ ഭാര്യയെ സൂചിപ്പിക്കുന്ന തമിഴ് പദം 'അണ്ണി' ആണ്. അന്ത്യ ഇ കാരം ദീർഘിപ്പിച്ച 'അണ്ണീ' എന്നത് വിളിരൂപമാണ്. 'അക്കാൾ' എന്ന സംജ്ഞാരൂപവും 'അക്കാളേ' എന്ന വിളിരൂപവും കൂടി പ്രചാരത്തിലു്.

### 7.3.2. ഗാർഹിക പദാവലി

സംബോധനാരൂപങ്ങളും പരാമർശകപദങ്ങളും കൂടാതെ പൊതുവെ ഗൃഹത്തിനുള്ളിൽ വ്യവഹരിക്കപ്പെടുന്ന അടുക്കള ഉപകരണനാമങ്ങളും പാചക–ഭക്ഷണ സൂചകപദങ്ങളുമാണ് ഗാർഹികപദാവലിയായി ഇവിടെ പരിഗണിക്കുന്നത്. സാംസ്കാരികമായ സ്വത്വത്തിന്റെ ഭാഷാപ്രകടനോപാധികൾ കൂടിയാണിവ എന്നതിനാൽ സവിശേഷ പരിഗണന അർഹിക്കുന്നു.

ആകെ ഇരുപത്തി ഒൻപത് ചാർച്ചപ്പേരുകളും അവയുടെ സംബോധനാരൂപങ്ങളും ഉള്ളതിൽ പതിനേഴ് എണ്ണത്തിൽ മലയാളപദങ്ങൾ കൂടി ഉപയോഗിക്കുന്നു്. ഒന്നിൽപ്പോലും തമിഴ് പദങ്ങൾ ഉപയോഗിക്കാത്തതായി ഇല്ല.

ഗാർഹിക പദാവലിയിലെ രാമത്തെ ഉപവിഭാഗം ഇരുപത്തി ഒൻപത് ഗാർഹിക വസ്തുനാമങ്ങളാണ്:

| | | | |
|---|---|---|---|
| 1 | അടുക്കള | 16 | അരി |
| 2 | ചെപ്പുകുടം | 17 | പച്ചക്കറി |
| 3 | അരിപ്പ | 18 | പടവലം |

4 ആട്ടുകല്ല്

5 സേവനാഴി

6 അപ്പക്കാര

7 പാചകം

8 മസാല

9 മുളക്

10 കുരുമുളക്

11 കായം

12 ചെറിയുള്ളി

13 സവാള

14 പഞ്ചസാര

15 ശർക്കര

19 മുരിങ്ങ

20 ഉരുളക്കിഴങ്ങ്

21 കപ്പ

22 തേങ്ങ

23 കശുവി

24 കഞ്ഞി

25 കറി

26 തോരൻ

27 അച്ചാർ

28 രസം

29 നൂൽപ്പുട്ട്

ഈ പദങ്ങൾക്ക് ആവേദകർ ഉപയോഗിക്കുന്ന ഉച്ചാരണഭേദങ്ങൾ ഇവയാണ്:

1. കിച്ചൻ, സമയൽ, അടുക്കള, അട്ക്കള
2. കൊടം, കുടം, തണ്ണിക്കു(ക്കൊ)ടം, ചെപ്പ്(പ്പു)കു(കൊ)ടം
3. ചല്ലഡ, ജല്ലഡ, ജല്ലഡൈ, തരി(ര്)പ്പ, അരി(ര്)പ്പ
4. ആട്ടാങ്കല്ല്, ആട്ടുകല്ല്, ആട്ട്അല്ല്
5. സേമിയ അച്ച്, പുടി, സേമ്യാപ്പുടി, സേവനാഴി
6. അപ്പക്കാര, സോഡാപ്പ്, പണിയാരക്കുളി
7. ചമക്കൽ, സമയിൽ, പാചകം, കുക്കിംഗ്
8. മസാല
9. മൊളഹായ്, മൊളഹ്, മൊളക്, മുളക്

10. കുരുമൊളഹ്, കുറുമൊ(മു)ളക്, കുരു(ര്)മു(മൊ)ളക്(വ്)

11. കായം, പെരുങ്കായം

12. വെങ്കായം, ചിന്നവെങ്കായം, ചെറിയ വെങ്കായം, ഉള്ളി, ചെറിയുള്ളി, ചെറ്യുള്ളി

13. വലിയ വെങ്കായം, വലിയുള്ളി, വല്യുള്ളി, സവാള, ബോംബായുള്ളി, ബംബായുള്ളി

14. ചീനി, പഞ്ചസാര, പഞ്ചാര, പൻസാര, ഷുഗർ

15. ചക്കര, ശർക്കല, വെല്ലം

16. അരിശി, അരി

17. കായ്കറി, പച്ചക്കറി

18. പൊടലങ്കാ, പൊടലങ്ക, പടവൊലങ്ക, പടവലങ്കായ്, പടവലങ്ങ

19. മുരി(ര്)ങ്ക, മുരി(ര്)ങ്കക്കായ്, മുരി(ര്)ങ്ങക്കായ്, മുരി(ര്)ങ്ങ

20. ഉറു(ർ)ളക്കി(ക്കെ)ഴ(ള)ങ്ക്, ഉരു(ര്)ളക്കി(ക്കെ)ഴങ്ങ്

21. മരവള്ളിക്കി(ക്കെ)ളങ്ക്, പൂള, കപ്പ

22. തേങ്കായ്, തേങ്ക, തേങ്ങ, നാളികേരം

23. അിപ്പരി(റ്)പ്പ്, കസൂവി, കശുവി

24. കഞ്ചി, കഞ്ഞി

25. കു(കൊ)ളമ്പ്, കറി, കൂട്ടാൻ

26. തോററ(ര)ൻ, ഉപ്പേരി, പൊരിയൽ

27. ഊറ്കാ, അച്ചാർ

28. രസം, റസം

29. സന്തനൈ, ഇടിയപ്പം, നൂൽപ്പു(പ്പ്/പ്പി)ട്ട്

ഇതിൽനിന്ന് മലയാളരൂപങ്ങളെ ഇപ്രകാരം പട്ടികപ്പെടുത്താം.

1. അടുക്കള, അട്ക്കള

2. കൊടം, കുടം, ചെപ്പ്(പ്പു,മ്പ്,മ്പു)കൊ(കു)ടം, ചെമ്പ്

3. തരി(ര്)പ്പ, അരി(ര്)പ്പ

4. ആട്ടുകല്ല്, ആട്ട്അല്ല്

5. സേവനാഴി

6. അപ്പക്കാര

7. പാചകം

8. മസാല

9. മു(മൊ)ളക്

10. കുരു(ര്)മു(മൊ)ളക്(വ്)

11. കായം

12. ഉള്ളി, ചെറിയുള്ളി, ചെറ്യുള്ളി

13. വലിയുള്ളി, വല്യുള്ളി, സവാ(ബോ)ള, ബോം(ബം)ബായുള്ളി

14. പഞ്ചസാര, പഞ്ചാര, പൻസാര

15. ശർക്കര

16. അരി

17. പച്ചക്കറി

18. പടവലങ്ങ

19. മുരി(ര്)ങ്ങ, മുരി(ര്)ങ്ങക്കായ(യ്)

20. ഉരു(ര്)ളക്കി(ക്കെ)ഴങ്ങ്

21. പൂള, കപ്പ

22. തേങ്ങ, നാളികേരം

23. അിപ്പരി(ര്)പ്പ്, കശുവി

24. കഞ്ഞി

25. കറി, കൂട്ടാൻ

26. തോരൻ, ഉപ്പേരി

27. അച്ചാർ

28. രസം

29. ഇടിയപ്പം, നൂൽപ്പു(പ്പ്/പ്പി)ട്ട്

തമിഴ് രൂപങ്ങൾ ഇവയാണ്:

1. സമയൽ

2. കൊടം, തണ്ണിക്കൊടം, ചെപ്പ്കൊ(ക്കൊ,ക്കു)ടം

3. ചല്ലഡ, ജല്ലഡ, ജല്ലഡൈ

4. ആട്ടാങ്കല്ല്

5. സേമിയ അച്ച്, പുടി, സേമ്യാപ്പുടി

6. സോഡാപ്പ്, പണിയാരക്കുളി

7. ചമക്കൽ, സമയിൽ

8. മസാല

9. മൊളഹായ്, മൊളക്

10. കുറുമൊളഹായ്, കുറുമൊളഹ്

11. പെരുങ്കായം

12. വെങ്കായം, ചിന്നവെങ്കായം

13. വലിയ വെങ്കായം, ബോം(ബം)ബായുള്ളി

14. ചീനി

15. ചക്കര, വെല്ലം

16. അരിശി

17. കായ്കറി

18. പൊടലങ്കാ(ങ്ക), പടവലങ്കായ്

19. മുർങ്ക, മുർങ്കക്കായ്

20. ഉറ്(ർ)ളക്കി(ക്കെ)ളങ്ക്

21. മരവള്ളിക്കിളങ്ക്

22. തേങ്കായ്, തേങ്ക

23. അിപ്പറ്പ്പ്

24. കഞ്ചി

25. കു(കൊ)ളമ്പ്

26. പൊരിയൽ

27. ഊറ്കാ

28. റസം

29. സന്തൈനെ

ഇരുപത്തി ഒൻപത് ഗാർഹിക വസ്തുനാമങ്ങളിൽ മൂന്ന് എണ്ണത്തിനാണ് ആംഗലേയ പദങ്ങൾ ഉപയോഗിക്കുന്നതായി കാണുന്നത്:

(1) കിച്ചൻ

(2) കുക്കിംഗ്

(3) ഷുഗർ

തമിഴ് സമ്മിശ്ര സ്വഭാവികളായ പദങ്ങളെ ഇങ്ങനെ പട്ടികപ്പെടുത്താം:

1.

2. തണ്ണിക്കുടം, ചെപ്പുകുടം

3.

4.

5.

6.

7.

8.

9.

10. കുരുമൊളഹ്, കുറുമൊ(മു)ളക്

11.

12. ചെറിയ വെങ്കായം

13. വലിയ വെങ്കായം

14.

15.

16.

17.

18. പടവലങ്കായ(യ്)

19. മുരിങ്ക, മുരിങ്കക്കാ, മുരിങ്കക്കായ(യ്)

20. ഉറുളക്കി(ക്കെ)ഴ(ള)ങ്ക്

21.

22. തേങ്ക

23. അിപ്പരിപ്പ്, കസുവി

24.

25. കുളമ്പ്

26. തോറൻ

27.

28.

29.

'അടുക്കള' എന്നതിന് സമമായ തമിഴ് പദം 'സമയൽ' ആണ്. ഈ രു പദങ്ങൾക്കു പുറമെ 'കിച്ചൻ' എന്ന ആംഗലേയ പദവും ആവേദകർ ഉപയോഗിക്കുന്നു്.

‘ചെപ്പുകുടം’ എന്ന മലയാളപദത്തിന് പുറമെ ‘കൊടം’, ‘ചെപ്പുകൊടം’ എന്നീ പദങ്ങളും തമിഴിൽ ഉപയോഗിച്ചുവരുന്നു്. തമിഴിലും മലയാളത്തി ലുമുള്ള പദങ്ങളെല്ലാം ആവേദകർക്കിടയിൽ നിന്ന് ശേഖരിക്കാൻ സാധിച്ചിട്ടു്.

‘അരിപ്പ്’, ‘തരിപ്പ്’ എന്നിവ ഒരേ പദത്തിന്റെ മലയാള രൂപഭേദങ്ങളാണ്. ‘ജല്ലഡ’ എന്നതാണ് സമമായ തമിഴ് പദം. ഇവയെല്ലാം ആവേദകർ ഉപയോഗിച്ചു വരുന്നു്.

‘ആട്ടുകല്ല്’ എന്നതിന് അതേ മലയാള പദവും ‘ആട്ടാങ്കല്ല്’ എന്ന തമിഴ് പ ദവും ഉപയോഗത്തിലു്. ‘ആട്ടുറൾ’ എന്നതാണ് തമിഴിൽ സാർവ്വത്രികമായ പദം. അത് ആവേദകർ ഉപയോഗിച്ചു കാണുന്നില്ല.

സേവനാഴിക്ക് മലയാളത്തിൽ മറ്റു പദങ്ങൾ കാണുന്നില്ല. ‘പുടി’, ‘സേമ്യാപ്പുടി’, ‘സേമിയ അച്ച്’ എന്നിവ തമിഴിലെ പദങ്ങളാണ്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു്.

‘പാചകം’ എന്ന മലയാള വാക്കിന് തമിഴ് പദം ‘ചമക്കൽ’ ആണ്. ‘സമയിൽ’ എന്നും പ്രയോഗമു്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കു ന്നു്.

‘മസാല’ എന്നത് തമിഴിന്റെയും മലയാളത്തിന്റെയും പൊതു പദമാണ്.

‘മുളക്’ എന്ന പദം മലയാളവും ‘മൊളഹ്’ എന്നത് തമിഴും ആണ്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു. ‘മുളവ്’, ‘മൊളവ്’, ‘മൊളക്’ എന്നീ രൂപഭേദങ്ങൾ മലയാളത്തിൽ പ്രചാരത്തിലുങ്കെിലും ആവേദകർ ഉപയോഗിച്ചു കാണുന്നില്ല. ‘കായം’, ‘പെരുങ്കായം’ എന്നിവ ആവേദകർ ഉപയോഗിക്കുന്ന പ ദങ്ങളാണ്. ‘കായം’ മലയാളവും ‘പെരുങ്കായം’ തമിഴുമാണ്.

‘ഉള്ളി’, ‘ചെറിയുള്ളി’ എന്നിവ മലയാള രൂപങ്ങളാണ്. ‘വെങ്കായം’, ‘ചിന്ന വെങ്കായം’ എന്നിവയാണ് തമിഴ് രൂപങ്ങൾ. ‘ചെറിയ വെങ്കായം’ സമ്മിശ്ര

സ്വഭാവിയാണ്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു. 'വലിയുള്ളി', 'സവാള' എന്നീ മലയാള പദങ്ങളും 'ബോംബായുള്ളി' എന്ന പൊതുപദവും 'വലിയ വെങ്കായം' എന്ന തമിഴ് പദവും ആവേദകർ ഉപയോഗിക്കുന്നു്.

'പഞ്ചസാര', 'പൻസാര', 'പഞ്ചാര' എന്നിവ മലയാള രൂപങ്ങളാണ്. 'ചീനി' എന്നത് തമിഴ് പദവും. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു്. 'സക്കരൈ' എന്നത് തമിഴിൽ 'പഞ്ചസാര' എന്ന അർത്ഥത്തിൽ സാർവ്വത്രികമായി ഉപയോഗിക്കുന്ന പദമാണ്. എന്നാൽ ആവേദകരുടെ ഉപയോഗത്തിൽ കാണുന്നില്ല. മലയാളത്തിലെ സദൃശപദമായ 'ശർക്കര' എന്ന പദത്തിന് അർത്ഥം വ്യത്യസ്തമാണ്. ആ അർത്ഥത്തിലേക്കുള്ള ബോധപരിണാമമാണ് പഞ്ചസാരയ്ക്ക് 'സക്കരൈ' എന്ന പദപ്രയോഗത്തിന്റെ അഭാവത്തിൽനിന്ന് വ്യക്തമാകുന്നത്. 'ശർക്കര' എന്ന പദത്തിന്റെ സ്ഥാനത്തും 'സക്കരൈ' പ്രയോഗിക്കുന്നില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

'ശർക്കര' എന്ന മലയാളപദത്തിന് തമിഴ് പദം 'ചക്കര' എന്നാണ്. മലയാളത്തിൽ 'ചക്കര' കള്ളിൽനിന്നുാക്കുന്ന മധുരം ചേർക്കാനുപയോഗിക്കുന്നതായ വസ്തുവാണ്. തെങ്ങിൻകള്ളിൽനിന്നും പനങ്കള്ളിൽ നിന്നും ഇതു ാക്കാം. ഇതിന് തമിഴ് പദം 'കരിപ്പൊട്ടി' ആണ്. തെക്കൻ കേരളത്തിൽ 'കരിപ്പൊട്ടി', 'ചക്കര' എന്നീ രു പദങ്ങളും പ്രചാരത്തിലു്. വടക്കൻ കേരളത്തിൽ വേത്ര പ്രചാരത്തിലില്ലാത്ത വസ്തുവാണത്. 'കരിപ്പൊട്ടി' എന്ന പദത്തിനും വടക്ക് വേത്ര പ്രചാരം ഇല്ല; 'ചക്കര'യ്ക്കാണ് പ്രചാരമുള്ളത്. ആവേദകർക്കിടയിൽ 'ചക്കര' ഉഭയാർത്ഥ സൂചകമാണ്; 'കരിപ്പൊട്ടി', 'ശർക്കര' എന്നീ അർത്ഥങ്ങളിൽ ഇതിന് ഭാഷാസങ്കലനം സംഭവിച്ചിട്ടു്.

അരിക്ക് 'അരിശി', 'അരിസി' എന്നീ പ്രയോഗങ്ങൾ തമിഴിൽ സാധുവാണെങ്കിലും 'അരിശി' എന്നേ ആവേദകരുടെ ഉപയോഗത്തിൽ കാണുന്നുള്ളു. 'അരിസി' കാണുന്നില്ല.

'പച്ചക്കറി' എന്ന മലയാള പദവും 'കായ്കറി' എന്ന തമിഴ് പദവും ആവേദകർ ഉപയോഗിക്കുന്നു്.

'പടവലങ്ങ' എന്ന മലയാള പദത്തിന് തമിഴിൽ 'പൊടലങ്കാ', 'പടവലങ്കായ്' എന്നീ പ്രയോഗങ്ങൾ പതിവു്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു്.

ആവേദകരുപയോഗിക്കുന്ന 'മുരിങ്ക', 'മുരിങ്കക്കായ്' എന്നിവ തമിഴ്രൂപങ്ങളും 'മുരിങ്ങ', 'മുരിങ്ങക്കായ്' എന്നിവ മലയാള രൂപങ്ങളുമാണ്.

ഉരുളക്കിഴങ്ങ് എന്നതിന് തമിഴ്മലയാളങ്ങളിൽ ഉച്ചാരണഭേദമേ ഉള്ളു. ആവേദകരുടെ ഭാഷയിലും ഉച്ചാരണഭേദങ്ങൾ പ്രകടമാണ്.

'കപ്പ', 'പൂള' എന്നിവ മലയാളരൂപങ്ങളും 'മരവള്ളിക്കിളങ്ക്' തമിഴ് രൂപവുമാണ്. ഇവ മൂന്നും ആവേദകർ ഉപയോഗിക്കുന്നു്. 'മരച്ചീനി' എന്ന തെക്കൻ മലയാള പ്രയോഗവും 'ആല്വള്ളിക്കിളങ്ക്' എന്ന തമിഴ് പ്രയോഗവും ആവേദകരുടെ ഭാഷയിൽ കാണുന്നില്ല.

'തേങ്ങ', 'തേങ്ക', 'തേങ്കായ്' എന്നീ പ്രയോഗങ്ങൾ ഉപയോഗിക്കുന്നതായി കാണുന്നു്. 'നാളികേരം' എന്ന മാനകരൂപത്തിന് പ്രയോഗം ഉള്ളതായി കാണുന്നില്ല. 'തേങ്ങ' മലയാളവും 'തേങ്കായ്' തമിഴുമാണ്. 'തേങ്ക' സങ്കലിതരൂപമാണ്.

'കശുവി' എന്ന മലയാള പദത്തോടൊപ്പം 'അിപ്പരിപ്പ്' എന്ന തമിഴ് മലയാള പൊതുപദവും ഉപയോഗത്തിലു്. ചിലർ 'ദ്രാക്ഷെ' എന്ന പദവും ഉപയോഗിക്കുന്നു്.

‘കഞ്ഞി’, ‘കഞ്ചി’ എന്നീ പദങ്ങൾ പ്രചാരത്തിലു്.

കറിക്ക് ‘കറി’, ‘കൊളമ്പ്’ എന്നീ രൂപഭേദങ്ങൾ ഉപയോഗിക്കുന്നു. ‘കറി’ എന്നത് മലയാളവും ‘കൊളമ്പ്’ എന്നത് തമിഴുമാണ്.

തോരന് ‘ഉപ്പേരി’, ‘തോരൻ’ എന്നീ മലയാള പദങ്ങളും ‘പൊരിയൽ’ എന്ന തമിഴ് പദവും ഉപയോഗിക്കുന്നു്.

അച്ചാറിന് ‘അച്ചാർ’ എന്ന മലയളപദവും ‘ഊറുകാ’ എന്ന തമിഴ് പദവും പ്രചാരത്തിലു്.

‘രസം’ പൊതുപദമാണ്. ‘റസം’ എന്ന ഉച്ചാരണഭേദമാണ് തമിഴിലേത്. ഈ രു ഭേദങ്ങളും ഉപയോഗിക്കുന്നു്.

‘ഇടിയപ്പം’ എന്നതിന് ‘ഇടിയപ്പം’, ‘നൂൽപ്പുട്ട്’ എന്നീ മലയാളപദങ്ങളും ‘സന്തൈനെ’ എന്ന തമിഴ് പദവും പ്രചാരത്തിലു്.

മലയാളപദങ്ങളുടെ വാച്യാർത്ഥഗ്രഹണത്തിലെ വിപര്യയങ്ങളാണ് അർത്ഥസങ്കീർണ്ണത എന്നതുകൊ് ഉദ്ദേശിക്കുന്നത്. ഇവ നാമരൂപങ്ങളിലും ക്രിയാ രൂപങ്ങളിലും കാണപ്പെടുന്നു്. ദ്വിഭാഷാഗ്രഹണത്തിലെ അപര്യാപ്തത കൂടി ഇവ വ്യക്തമാക്കുന്നു്.

ഉണ്ണിയപ്പം എന്ന പലഹാരം ഉാക്കുന്ന പാത്രത്തിന് മലയാളത്തിലുള്ള പേരാണ് ‘അപ്പക്കാര’. ‘പണിയാരക്കുളി’, ‘സോഡാപ്പ്’ എന്നിവ തമിഴ് പദങ്ങളാണ്. ഇവയ്ക്കു പുറമെ ‘അപ്പക്കാരം’ എന്നൊരു പദവും ആവേദകർക്കിടയിൽ പ്രചാരത്തിലുള്ളതായി കാണുന്നു്. ‘അപ്പക്കാര’ എന്ന മലയാളപദത്തിന്റെ തെറ്റായ പ്രയോഗമാണിത്. പക്ഷേ ‘അപ്പക്കാരം’ എന്നതിന് മലയാളത്തിൽ മാവ് പുളിക്കാനും പലഹാരങ്ങൾ പൊള്ളിവരാനുമായി മാവിൽ ചേർക്കുന്ന ഒരു രാസപദാർത്ഥമാണ്.

**7.3.3. ഗാർഹിക ക്രിയാപദങ്ങൾ**

തെരഞ്ഞെടുത്ത ഗാർഹിക ക്രിയാ പദങ്ങളും അവയ്ക്ക് ആവേദകർ ഉപയോഗിക്കുന്ന രൂപഭേദങ്ങളും ഇവയാണ്:

| | ഗാർഹികക്രിയാപദങ്ങൾ | ആവേദകരുടെ രൂപഭേദങ്ങൾ |
|---|---|---|
| 1. | തിളപ്പിക്കുക | തെളപ്പിക്കുക, തെളപ്പിക്ക്യ, തെളപ്പിക്കറ്റ് |
| 2. | വേവിക്കുക | വേവിക്കുക, വേവിക്ക്യ, വെന്താച്ച് |
| 3. | തൂവുക | തൂവുക, ഒഴിക്കുക |
| 4. | ഉരുക്കുക | ഉരുക്കുക, കാച്ചുക, ഉറുക്കുക, ഉറുക്ക്അ |
| 5. | ചെരകുക | ചിരകുക, ചെരകുക, ചെരവുക, ചെറകുക |
| 6. | വാർക്കുക | വാർക്കുക, വടിക്യ |
| 7. | വരട്ടുക | വര(റ)ട്ടുക, വര(റ)ട്ട്അ, വറക്കുക, വറക്ക്അ, ഫ്രൈയാക്കുക, ഫ്രൈയാക്ക്അ |
| 8. | പുഴുങ്ങുക | പുഴുങ്ങുക, പുഴുങ്ങ്അ, പുളുങ്ങു(ങ്കു)ക, വേവിക്കുക, വേവിക്ക്യ |

ഇതിൽനിന്ന് തമിഴ്‌രൂപഭേദങ്ങളേയും മലയാളരൂപഭേദങ്ങളെയും ഇങ്ങനെ വേർതിരിക്കാം:

| | തമിഴ് രൂപഭേദങ്ങൾ | മലയാള രൂപഭേദങ്ങൾ |
|---|---|---|
| 1. | | തെളപ്പിക്കുക, തെളപ്പിക്ക്യ |
| 2. | വെന്താച്ച് | വേവിക്കുക, വേവിക്ക്യ |
| 3. | | തൂവുക, ഒഴിക്കുക |
| 4. | ഉറുക്കുക | ഉരുക്കുക, കാച്ചുക |
| 5. | ചെറകുക | ചിരകുക, ചെരകുക, ചെരവുക |
| 6. | വടിക്ക്യ | വാർക്കുക |
| 7. | | വര(റ)ട്ടുക, വര(റ)ട്ട്അ, വറക്കുക, |

വറക്ക്അ

8. പുഴുങ്ങുക, പുഴുങ്ങ്അ

തമിഴ്മലയാള സമ്മിശ്രപദങ്ങൾ:

1. തെളപ്പിക്കററ്ത്
2. വെന്താച്ച്
3. ഒഴിക്കുക
4. ഉറുക്കുക, ഉറുക്ക്അ
5. ചെറകുക
6. വടിക്ക്യ
7. വററ്റു(ക്കു)ക, വററ്റ്(ക്ക്)അ
8. വേവിക്കുക, വേവിക്ക്അ, പുളുങ്ങു(ങ്ങ്/ങ്കു/ങ്ക്)ക, പുള്ങ്ങ്(ങ്ക്)അ

'തെളപ്പിക്കുക' എന്നതിന് തമിഴിൽ പ്രചാരമുള്ള പദം 'കൊതിക്ക വെക്കററ്ത്' എന്നാണ്. ആവേദകരാരും ഈ പദം ഉപയോഗിച്ചു കാണുന്നില്ല. 'തെളപ്പിക്കുക' എന്ന മലയാളപദവും 'തെളപ്പിക്കററ്ത്' എന്ന സങ്കലിതരൂപവും കൂടാതെ 'ചൂടാക്കുക' എന്നുമാണ് ഉപയോഗിക്കുന്നതായി കാണുന്നത്.

'വേവിക്കുക' എന്ന മലയാളപദത്തോടൊപ്പം 'വെന്താച്ച്' എന്ന രൂപവും ഉപയോഗിക്കുന്നു്. 'വെന്താച്ച്' എന്നത് തമിഴിൽ ഭൂതകാല ക്രിയാരൂപമാണു താനും.

'തൂവുക' എന്ന ക്രിയാപദവും 'ഒഴിക്കുക' എന്ന ക്രിയാപദവും മലയാളി കൾ അർത്ഥമാക്കുന്ന തരത്തിലല്ല ആവേദകർ ഉപയോഗിച്ചുകത്. 'തൂവുക' എന്ന

മലയാളപദവും 'ഒഴിക്കുക' എന്ന തെറ്റായ അർത്ഥത്തിലുള്ള പ്രയോഗവും നിലവിലു്. 'പൊങ്ക്റ്ത്' എന്നും മറ്റുമുള്ള തമിഴ് പ്രയോഗങ്ങൾ ആവേദകർ ഉപയോഗിച്ചുകാണുന്നില്ല.

'അരി വാർക്കുക' എന്ന അർത്ഥത്തിൽ ആവേദകർ 'അരി വടിക്ക്യ' എന്ന തമിഴ് രൂപവും ഉപയോഗിക്കുന്നു്. 'വരട്ടുക' എന്നതിന്റെ തമിഴ് സ്വഭാവ ത്തിലുള്ള ഉച്ചാരണമാണ് വറട്ടുക എന്നത്. 'ഫ്രൈയാക്കുക' എന്ന ഇംഗ്ലീഷ് പദവും ആവേദകർ ഉപയോഗിക്കുന്നതായി കു. എങ്കിലും വറക്കലും വരട്ടലും ആർഥികമായി വ്യാവർത്തിപ്പിക്കുന്നില്ല. 'പുഴുങ്ങുക' എന്നത് ആവേദകർക്ക് 'പുഴുങ്ങുക'യാണ്. 'വേവിക്കുക' എന്ന പദവും അതേ അർത്ഥത്തിൽ ഉപയോഗി ക്കുന്നു.

#### 7.3.4. പൊതുപദങ്ങൾ

tNmZymhenbnte¡p sXcsªSp¯ ASnØm\ ]Zmhenbnse s]mXp(KmÀlntIXc) ] Z§fpw BthZIÀ¡nSbnÂ {]NmcapÅ cq]t`Z §fpw:

| | പൊതുപദങ്ങൾ | ആവേദകർ ഉപയോഗിക്കുന്ന രൂപഭേദങ്ങൾ |
|---|---|---|
| 1. | തുണി | ചീല, ജൗളി, തുണി |
| 2. | മു് | വേഷ്ടി, വേശ്റ്റി, വേസ്റ്റി, വേട്ടി, മു് |
| 3. | തോർത്ത് | തു്, തോർത്ത് |
| 4. | സാരി | സേലൈ, സേല, സീലൈ, ശീല, ചേല, സാരി |
| 5. | ലുങ്കി | കൈലി, ലുങ്കി |
| 6. | തൂവാല | കർച്ചീഫ്, ടവൽ, ടവ്വൽ, തൂവാല |
| 7. | യുദ്ധം | സൈ, ശണ്ഠ, ലഹള, കച്ചറ, യുദ്ധം, കച്ചറൈ, ഫൈറ്റ്, പോർ, ച |

| | | |
|---|---|---|
| 8. | മത്സ്യം | മീൻ, മീന്, ഫിഷ്, മത്സ്യം |
| 9. | പക്ഷി | പറവൈ, പറവെ, കിളി, പക്ഷി |
| 10. | കുട്ടി | കു(കൊ)ളന്തൈ, കുട്ടി |
| 11. | മനുഷ്യൻ | മനുഷ(ഷ്യ)ൻ, മന്സൻ, മൻസൻ, മനിതൻ |
| 12. | ചന്ദ്രൻ | നി(ന്)ലാ, ചന്ദ്രൻ, ചന്ദ്റൻ |
| 13. | പുലർച്ചെ | കാലൈ(ലെ), കാലൈയിലെ, റാ(രാ)വിലെ, കാലമ്പ്ര, വെളിയകാലം(ലെ), പു(പൊ)ലർച്ചെ |
| 14. | പടിഞ്ഞാറ് | മേൽക്ക്, പടിഞ്ഞാ(ഞ്ചാ)റ് |
| 15. | വൈകുന്നേരം | സായങ്കാലം, ചായങ്കാലം, വൈകു(ക്)ന്നേരം, വൈന്നേരം, സന്ധ്യ |
| 16. | മുടി | മൈർ, മുടി |
| 17. | പുരികം | പുറ്കം, പിരുവം, പുരിഹം, പ ു(പി)രു(ര്)കം |
| 18. | കഴുത്ത് | കയ്ത്ത്, കള്ത്ത്, കളുത്ത്, കഴുത്ത് |
| 19. | തോൾ | തോള്, തോല്, തോൽപ്പട്ടൈ, തോൾ |
| 20. | തള്ളവിരൽ | കട്ടവി(വെ)രൽ, പെരുവി(വെ)രൽ, ആൾക്കാട്ടിവി(വെ)രൽ, തള്ളവി(വെ)രൽ |
| 21. | എല്ല് | എലു(ല്)മ്പ്, എല്ല് |
| 22. | നട്ടെല്ല് | നടുമുതു(ത്)വ്, നട്ടെല്ല് |
| 23. | ഹൃദയം | നെഞ്ച്, ഹൃന്തയം, ലിവർ, ഹാർട്ട്, ഹൃദയം |
| 24. | കരൾ | ഈരൽ, കറൾ, ലിവർ, കരൾ |
| 25. | ചോര | റ(ര)ത്തം(ക്തം), ചോറ(ര), ബ്ലഡ് |
| 26. | ഗർഭപാത്രം | ഗർഭപൈ, ഗർഭപാത്രം |
| 27. | രോമം | മുടി, റോമം, മൈർ, രോമം |
| 28. | തണുത്ത | തണു(ണ്)ത്തത്, തണു(ണ്)ത്ത, ആറ്ണത്, കുള്ർന്ത |

| | | |
|---|---|---|
| 29. | നീളമുള്ള | നീത്, നീട്ടമായ്റ്ക്കും, നീ, നീളമുള്ള, നീള്ള |
| 30. | പുതിയ | പുതിയത്, പുതുസ്, പുതിയ |
| 31. | പഴയ | പഴയത്, പഴസ്, പളസ്, പളയ, പഴയ |
| 32. | ചുവന്ന | ചോന്നത്, ശുവപ്പ്, സിവപ്പ്, ചൊകപ്പ്, റെഡ്, ചോപ്പ്, ചോന്ന, ചുവന്ന |
| 33. | ചീഞ്ഞ | ചീഞ്ച(ഞ്ഞ)ത്, ചീഞ്ച(ഞ്ഞ), കെട്ട, കെട്ടത്, അളിന്ത, അളിഞ്ച, അളിഞ്ഞ |
| 34. | മരിക്കുക | മറി(രി)ക്കുക, മറി(രി)ക്ക്യ, മറി(രി)ക്ക്യ, ചാവ്അ, ചത്തുപോച്ച്, സെത്തുപോവുക, എരന്ത്പോഹൽ |
| 35. | വീഴുക | വീഴ്ന്താച്ച്, വീളുക, വീഴു(ഴ്)ക, വീഴ്അ |
| 36. | കേൾക്കുക | കേൽക്കുക, കേൽക്ക്അ, കേട്ടാച്ച്, കേൾക്കുക, കേൾക്ക്അ |
| 37. | കൊല്ലുക | കൊള്ളുക, കൊന്നാച്ച്, കൊന്നു, കൊല്ലുക, കൊല്ല്അ |
| 38. | കളിക്കുക | കൾക്ക്യ, വിളയാട്അ, വിളയാട്ക, കളിക്കുക, കളിക്യ |
| 39. | ഉറങ്ങുക | ഉറങ്കിയാച്ച്, തൂങ്കുക, തൂങ്ക്അ, തൂങ്കിയാച്ച്, ഉറങ്കുക, ഒറങ്ക്അ, ഉറങ്ങുക, ഉറങ്ങ്അ |
| 40. | മണക്കുക | മനക്കുക, മണത്താച്ച്, മണക്കുക, മണക്ക്അ |
| 41. | പിളർക്കുക | മുറിക്കുക, പിളക്കുക,  പിളന്താച്ച്, പ ിളർക്കുക, പിളർക്ക്അ |
| 42. | വീശുക | വീഷുക, വീസുക, വീശുക, വീശ്അ |

ഇതിൽനിന്ന് തമിഴ്മലയാള പദങ്ങളെ ഇങ്ങനെ വേർതിരിക്കാം:

| | **തമിഴ് രൂപങ്ങൾ** | **മലയാള രൂപങ്ങൾ** |
|---|---|---|
| 1. | ചീല, ജൗളി | തുണി |

| | | |
|---|---|---|
| 2. | വേശ്റ്റി, വേസ്റ്റി, വേട്ടി | വേഷ്ടി, വേശ്റ്റി, വേസ്റ്റി, മു് |
| 3. | തു് | തോർത്ത് |
| 4. | സേലൈ, സേല, സീലൈ, സീല, ചേല | സാരി |
| 5. | കൈലി, ലുങ്കി | കൈലി, ലുങ്കി |
| 6. | കർച്ചീഫ്, ട(ടൗ)വ(വ്വ)ൽ | കർച്ചീഫ്, ട(ടൗ)വ(വ്വ)ൽ, തൂവാല |
| 7. | പോർ | യുദ്ധം |
| 8. | മീൻ, മീന് | മീൻ, മീന്, മത്സ്യം |
| 9. | പറവൈ, പറവെ | കിളി, പക്ഷി |
| 10. | കുളന്തൈ, കൊളന്തൈ | കുട്ടി |
| 11. | മനിതൻ | മനുഷ(ഷ്യ)ൻ, മൻ(ന്)സൻ |
| 12. | നി(ന്)ലാ | ചന്ദ്രൻ |
| 13. | വെളിയകാലം(ലെ), കാലൈ(ലെ), കാളൈയിലെ | പു(പൊ)ലർച്ചെ, രാവിലെ |
| 14. | മേൽക്ക് | പടിഞ്ഞാറ് |
| 15. | സാ(ചാ)യങ്കാലം | വൈകു(ക്)ന്നേരം, വൈന്നേരം, സന്ധ്യ |
| 16. | മൈർ | മുടി |
| 17. | പുരി(ര്)ഹം | പിരു(ര്)വം, പു(പി)രു(ര്)കം |
| 18. | കളു(ള്)ത്ത് | കയ്ത്ത്, കഴു(ഴ്)ത്ത് |
| 19. | തോൽപ്പട്ടൈ, തോല് | തോള്, തോൾ |
| 20. | ആൾക്കാട്ടിവി(വെ)രൽ, കട്ടവി(വെ)രൽ | തള്ളവി(വെ)രൽ, പെരുവി(വെ)രൽ |
| 21. | എലു(ല്)മ്പ് | എല്ല് |
| 22. | നടുമുതു(ത്)വ് | നട്ടെല്ല് |
| 23. | ഹൃന്തയം | ഹൃദയം |
| 24. | ഈരൾ | കരൾ |
| 25. | രത്തം | ചോര |

| | | |
|---|---|---|
| 26. | ഗർഭപൈ | ഗർഭപാത്രം |
| 27. | മൈർ | രോമം |
| 28. | കുള്ർന്ത | തണു(ണ്)ത്ത, തണു(ണ്)ത്തത് |
| 29. | നീട്ടമായ്റ്ക്കും | നീ, നീത്, നീളമുള്ള, നീളമുള്ളത് |
| 30. | പുതുസ് | പുതിയ, പുതിയത് |
| 31. | പളയ, പളസ് | പഴയ, പഴയത് |
| 32. | സിവപ്പ് | ചുവന്നത്, ചോപ്പ്, ചോന്ന, ചോന്നത്, ചുവന്ന |
| 33. | ചീഞ്ച, അളിഞ്ച, കെട്ട | ചീഞ്ഞ, ചീഞ്ഞത്, അളിഞ്ഞ, അളിഞ്ഞത്, കെട്ടത് |
| 34. | എരന്ത്പോഹൽ | മരിക്കുക, മരിക്ക്യ, ചാവുക, ചാവ്അ |
| 35. | വിള്ന്താച്ച് | വീഴുക, വീഴ്അ |
| 36. | കേട്ടാച്ച് | കേൾക്കുക, കേൾക്ക്അ |
| 37. | | കൊല്ലുക, കൊല്ല്അ |
| 38. | വിളയാട്അ | കളിക്കുക, കളിക്യ |
| 39. | ഉറങ്കിയാച്ച്, തൂങ്കിയാച്ച് | ഉ(ഒ)റങ്ങുക, ഉ(ഒ)റങ്ങ്അ |
| 40. | മണത്താച്ച് | മണക്കുക, മണക്ക്അ |
| 41. | പിളന്താച്ച് | പിളർക്കുക, പിളർക്ക്അ |
| 42. | വീസ്അ | വീശുക, വീശ്അ |

ആവേദകരുടെ ഗാർഹികേതര അടിസ്ഥാന പദാവലിയിലെ ഭാഷാസങ്കലനം സംഭവിച്ച രൂപങ്ങൾ ഇവയാണ്:

1.

2. വേശ്റ്റി, വേസ്റ്റി

3.

4.

5.

6.

7. സൈ, സ, ച, കച്ചറൈ, കച്ചറ

8.

9. പറവെ

10.

11. മന്സൻ, മൻസൻ

12. ചന്ദ്റൻ

13. റാവിലെ, കാലമ്പ്ര

14. പടിഞ്ചാറ്

15.

16.

17. പുറ്കം

18. കളുത്ത്

19. തോല്

20.

21.

22.

23. ഹൃന്തയം

24. കറൾ

25. റക്തം, ചോറ

26.

27. റോമം

28.

29.

30.

31.

32. ശുവപ്പ്, ചൊകപ്പ്

33. അളിന്ത

34. സെത്തുപോവുക, മറിക്കുക, മറിക്ക്യ

35. വീള്ക

36.

37. കൊള്ളുക, കൊന്നാച്ച്

38. കൾക്ക്യ, വിളയാട്അ

39. ഉറങ്കിയാച്ച്, ഒറങ്ക്അ, ഉറങ്കുക, ഒറങ്കു(ങ്ക്)ക

40.

41.

42. വീഷുക

ആവേദകരുടെ തെറ്റായ പദപ്രയോഗങ്ങൾ: (ബ്രായ്ക്കറ്റിൽ ശരിയായ പദങ്ങൾ)

| ഇംഗ്ലീഷ് | മലയാളം |
|---|---|
| ലിവർ (ഹൃദയം) | സ൦, കച്ചറൈ/കച്ചറ, ച, ലഹള (യുദ്ധം) |
| ഫ്രൈ (വരട്ടുക, റോസ്റ്റ് ചെയ്യുക) | നെഞ്ച് (ഹൃദയം) |
| | അപ്പക്കാരം (അപ്പക്കാര) |
| | ചക്കര (ശർക്കര) |
| | ഒഴിക്കുക (തൂവുക) |
| | കാച്ചുക (ഉരുക്കുക) |
| | വറക്കുക (വരട്ടുക) |
| | വേവിക്കുക (പുഴുങ്ങുക) |
| | മറിക്കുക (മരിക്കുക) |
| | കൊള്ളുക (കൊല്ലുക) |
| | മുറിക്കുക (പിളർക്കുക) |

സമ്മിശ്ര ഭാഷാരൂപം: കാലമ്പ്ര (പുലർച്ചെ)

'തുണി' എന്ന മലയാള പദത്തിന് അതേ പദത്തിനു പുറമെ 'ചീല', 'ജൗളി' എന്നീ തമിഴ് പദങ്ങളും ആവേദകർ ഉപയോഗിക്കുന്നു്.

'മു്' എന്ന മലയാളപദത്തിന് സമമായ തമിഴ് പദം 'വേട്ടി' എന്നതാണ്. 'വേഷ്ടി' എന്ന മലയാളപദത്തിനു സമമാണിത്. ഈ പദങ്ങൾ എല്ലാം ആവേദകർ ഉപയോഗിക്കുന്നു.

'തോർത്ത്' എന്ന മലയാളപദവും 'തു്' എന്ന തമിഴ് പദവും പ്രചാരത്തിലു്.

'സാരി' എന്ന മലയാള പദത്തിന് തമിഴ് പദം 'ചേല' ആണ്. 'ശീല' എന്ന് സാരിയെ കുറിക്കാൻ ഉപയോഗിക്കുന്നതായി കു. ഇതിന്റെ ശരിയായ മലയാള അർത്ഥം 'തുണി' എന്നാണ്.

'കൈലി', 'ലുങ്കി' എന്നിവ രും തമിഴ്മലയാളങ്ങളുടെ പൊതുപദമാണ്. ഇവ രും ആവേദകർ ഉപയോഗിക്കുന്നു്.

'തൂവാല' എന്ന മലയാളപദത്തിന്റെ സമമായ തമിഴ് പദം 'കൈക്കുട്ടൈ' എന്നാണ്. എന്നാൽ ഈ പദം ആരും ഉപയോഗിച്ചു കാണുന്നില്ല. 'കർച്ചീഫ്', 'ടവ്വൽ' എന്നീ പൊതുപദങ്ങളാണ് 'തൂവാല' എന്നതു കൂടാതെ ആവേദകർ ഉപയോഗിക്കുന്നതായി കാണുന്നത്.

'യുദ്ധം' എന്നതിന്റെ തമിഴ് രൂപം 'പോർ' ആണ്. 'സൈ', 'കച്ചറൈ', 'ലഹള' എന്നിവ നിഷ്കൃഷ്ടാർത്ഥത്തിൽ ശരിയല്ല. 'ഫൈറ്റ്' എന്ന ഇംഗ്ലീഷ് പദവും ആവേദകർ ഉപയോഗിക്കുന്നു്. കൃത്യമായ ആംഗലേയപദം 'വാർ' ആണ്.

'മത്സ്യം' എന്നതിന് 'മീൻ' എന്ന തമിഴ് പദത്തിനു പുറമെ 'ഫിഷ്' എന്ന ആംഗലേയ പദവും പ്രചാരത്തിലു്.

'പക്ഷി', 'കിളി' എന്നീ മലയാളപദങ്ങളുടെ നേർ തമിഴ് പദം 'പറവൈ' ആണ്. ഇവയെല്ലാം ആവേദകർ ഉപയോഗിക്കുന്നു്.

'കുട്ടി' എന്നതിന് അതേ മലയാളപദവും 'കൊളന്തൈ' എന്ന തമിഴ് പദവും ഉപയോഗിച്ചുവരുന്നു്.

'മനുഷ്യൻ' എന്നതിന് 'മനിതൻ' ആണ് തമിഴ്പദം. ഇവ രിനും പുറമേ ആവേദകർ ഉപയോഗിക്കുന്ന 'മൻസൻ' മലയാളത്തിൽത്തന്നെയുള്ള പ്രാദേശിക ഭേദമാണ്.

'ചന്ദ്രൻ' എന്ന മലയാളപദത്തിനു സമമാണ് തമിഴിലെ 'നിലാ'.

'രാവിലെ' എന്നതിന് ശരിയായ തമിഴ് പദങ്ങളാണ് 'കാലെ', 'കാലമ്പ്ര', 'വെളിയകാലെ' എന്നിവ. 'കാലൈ', 'കാളെയിലെ', 'വെളിയകാലം' എന്നീ ഉച്ചാരണഭേദങ്ങളും ഉ്.

'പടിഞ്ഞാറ്' എന്ന മലയാളപദവും സമാനാർത്ഥത്തിലുള്ള 'മേൽക്ക്' എന്ന തമിഴ് പദവും ആവേദകർ ഉപയോഗിക്കുന്നു്.

'ചായങ്കാലം' എന്നതാണ് വൈകുന്നേരം എന്ന മലയാളപദത്തിന് സമാനമായ തമിഴ് പദം. ഈ പദങ്ങൾ രും ആവേദകരുടെ ഭാഷയിൽ ഉ്. പുറമെ, 'സന്ധ്യ' എന്ന പദവും ഉപയോഗിച്ചുകാണുന്നു. ഇത് പ്രസ്തുത മലയാള പ ദത്തിന്റെ കൃത്യമായ അർത്ഥം അറിയാതെയുള്ള ഉപയോഗമാണ്. ഉച്ചയ്ക്കും സന്ധ്യയ്ക്കും നടുക്കുള്ള സമയമാണ് വൈകുന്നേരം. സന്ധ്യയാവട്ടെ വൈകു ന്നേരത്തിനും രാത്രിക്കുമിടയ്ക്കുള്ള ഇരവുപകലുകളുടെ സംഗമസമയവും.

മുടിക്ക് 'മുടി', 'മൈര്' എന്നീ രു പദങ്ങളും ഉപയോഗിക്കുന്നു്. 'മുടി' മലയാളവും 'മൈര്' തമിഴുമാണ്. എന്നാൽ മലയാളത്തിൽ 'മൈര്' തെറിപ്പദമാണ്. ഈ വസ്തുതയെക്കുറിച്ച് വ്യക്തമായ ബോധം ആവേദകർ നേടി യിട്ടു്. അതിനാൽ സന്ദർഭാനുസരണമേ 'മൈര്' അവർ ഉപയോഗിക്കാറുള്ളൂ.

'പുരികം' എന്ന വാക്കിന് തമിഴ്മലയാളങ്ങളിൽ ഉച്ചാരണഭേദമേ ഉള്ളൂ. ഉച്ചാരണഭേദങ്ങൾ ആവേദകരുടെ ഭാഷയിലും ഉ്.

'കഴുത്ത്' എന്ന മലയാളപദത്തിനും 'കളുത്ത്' എന്ന ഉച്ചാരണ വ്യത്യാസമേ തമിഴിൽ ഉള്ളൂ.

'തോൾ' എന്ന മലയാളപദത്തിന്റെ സമമായ തമിഴ് പദം 'തോൽപ്പട്ടൈ' ആണ്. ഈ രു ഭാഷാരൂപങ്ങളും ഉപയോഗത്തിലു്. 'തോല്' എന്ന പദവും അതേ അർത്ഥത്തിൽ ഉപയോഗിക്കുന്നു്. 'തോല്' എന്നതിന് 'തൊലി' എന്നാണ്

മലയാളത്തിൽ അർത്ഥം. ഈ അർത്ഥവ്യത്യാസത്തെക്കുറിച്ചുള്ള അറിവ് ആവേദകരിൽ പൂർണ്ണമല്ല എന്നതിന്റെ തെളിവാണ് ഈ പദപ്രയോഗം.

'തള്ളവിരൽ' എന്നതിന് 'പെരുവിരൽ' എന്നും മലയാളത്തിൽ പ്രയോഗ മു്. 'കട്ടവിരൽ', 'ആൾക്കാട്ടിവിരൽ' എന്നിവയാണ് തമിഴ് പദങ്ങൾ. ഇതു രും ആവേദകർ ഉപയോഗിക്കുന്നു്.

'എല്ലി'നു സമമായ തമിഴ് പദം 'എലുമ്പ്' ആണ്. ഇതു രും ആവേദ കരുടെ ഭാഷയിൽ നിലനിൽക്കുന്നു്.

'നട്ടെല്ല്' എന്നതിന് തമിഴ് പദമാണ് 'നടുമുത്വ്' എന്നത്.

'ഹൃദയം' എന്നതിന് അതേ പദവും 'ഹൃന്തയം', 'നെഞ്ച്', 'ലിവർ', 'ഹാർട്ട്' എന്നീ പദങ്ങളും ഉപയോഗിക്കുന്നു. 'ഇദയം'/'ഇരുദയം' എന്നൊരു ഉച്ചാരണഭേദം തമിഴിലുങ്കെിലും ആവേദകർ ഉപയോഗിക്കുന്നില്ല. 'ഹൃന്തയം' എന്നത് തമിഴ് പ്രാദേശിക ഭേദങ്ങളിൽ ഒന്നാണ്. 'ഹാർട്ട്' എന്നത് പൊതുപദമായി ഉപയോഗിക്കുന്ന ആംഗലേയപദമാണ്. 'ലിവർ' എന്ന ആംഗലേയപദം അർത്ഥമ റിയാതെ ഉപയോഗിക്കുന്നതാണ്. 'നെഞ്ച്' എന്ന മലയാളപദവും കൃത്യമായ അർത്ഥബോധം കൂടാതെ ഉപയോഗിക്കുന്നതാണ്. 'മാറിടം' എന്ന അർത്ഥമാണ് നെഞ്ചിന്റേത്.

'കരൾ' എന്നതിന് അതേ പദത്തിനു പുറമെ 'ഈരൽ' എന്ന തമിഴ് പദവും നിലവിലു്.

'ചോര' എന്ന മലയാളമാനകപദവും അതിന്റെ തന്നെ തമിഴ് സ്വഭാവിയായ ഉച്ചാരണഭേദമായ 'ചോറ' എന്ന രൂപവും 'രത്തം' എന്ന തമിഴ് പദവും 'റത്തം' എന്ന ഉച്ചാരണഭേദവും 'ബ്ലഡ്' എന്ന ആംഗലേയപദവും ആവേദകർ ഉപയോ ഗിക്കുന്നു.

'ഗർഭപാത്രം' എന്ന മലയാളപദവും തമിഴിൽ സമാനാർത്ഥദായകമായ 'ഗർഭപൈ' എന്ന പദവും ഉപയോഗിക്കുന്നു.

'രോമം' എന്ന മലയാളപദത്തിന് 'രോമം', 'റോമം', 'മൈർ', 'മുടി' എന്നീ രൂപങ്ങളാണ് ഉപയോഗിക്കുന്നത്. 'രോമം' എന്നതിന്റെ തമിഴ് ചുവയുള്ള ഉച്ചാരണഭേദമാണ് 'റോമം'. ശരിയായ തമിഴ് പദം 'മൈർ' ആണ്. 'മുടി' എന്നത് തെറ്റായ അർത്ഥത്തിലുള്ള പ്രയോഗമാണ്. 'മുടി' എന്നത് തലയിൽ ഉള്ളത് മാത്രമാണ്, 'രോമം' എന്നത് ദേഹത്തും. ഈ അർത്ഥവ്യത്യാസം തമിഴിലില്ല. തമിഴർക്ക് രിനുമുള്ളത് 'മൈർ' എന്ന സംജ്ഞ മാത്രമാണ്. തമിഴിന്റെ ഈ വ്യവസ്ഥയിലൂടെ മലയാളപദങ്ങളെ അറിയുകയും പ്രയോഗിക്കുകയും ചെയ്യുന്ന തുകൊ് സംഭവിക്കുന്ന അബദ്ധമാണിത്.

'തണുത്ത' എന്ന അർത്ഥത്തിൽ 'തണുത്ത' എന്ന മലയാളപദത്തിനു പ ുറമെ 'കുളിർന്ത' എന്ന തമിഴ് പദവും ആവേദകർ ഉപയോഗിക്കുന്നു. 'ആറ്ണത്' എന്നൊരു പദവും ഉപയോഗത്തിലു്.

'നീളമുള്ള', 'നീ', 'നീത്' എന്നിവ ഒരേ അർത്ഥത്തിലുപയോഗി ക്കുന്ന മലയാളപദങ്ങളാണ്. തമിഴ് പദങ്ങളിൽ 'നീട്ടമായ്റ്ക്കും' എന്നതു മാത്രമാണ് ഉപയോഗിക്കുന്നത്.

'പുതിയ', 'പുതിയത്' എന്നീ മലയാളരൂപങ്ങളും 'പുതുസ്' എന്ന തമിഴ്രൂ പവും ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു.

'പഴയ', 'പഴയത്' എന്നീ മലയാളരൂപങ്ങളും 'പഴസ്' എന്ന തമിഴ് രൂപവും 'പഴയ' എന്ന മലയാളപദത്തിന്റെ തമിഴ് ചുവയിലുള്ള ഉച്ചാരണഭേദമായ 'പളയ' എന്ന രൂപവും ഉപയോഗത്തിലു്.

'ചോന്നത്', 'ചൊകപ്പ്', 'ചോപ്പ്', 'ചോന്ന', 'ചുവന്ന' എന്നിവ മലയാള രൂപഭേദങ്ങളാണ്. 'സിവപ്പ്' എന്നതാണ് ശരിയായ തമിഴ് പദം. 'റെഡ്' എന്ന ആംഗലേയപദവും പൊതുപദമായി ഉപയോഗിക്കുന്നു.

'ചീഞ്ഞ', 'ചീഞ്ഞത്', 'അളിഞ്ഞ' എന്നിവ ഒരേ അർത്ഥസൂചകമായ മലയാളപദമാണ്. 'ചീഞ്ചത്', 'ചീഞ്ച', 'അളിഞ്ച' എന്നിവ തമിഴ് രൂപഭേദങ്ങളാണ്. 'കെട്ടത്' എന്ന പൊതുപദവും പ്രചാരത്തിലു്.

'മരിക്കുക' എന്ന മലയാളപദത്തിന്റെ അർത്ഥത്തിലുള്ള ശരിയായ തമിഴ് പദങ്ങൾ 'എരന്ത് പോഹത്', 'സത്തുപോഹൽ' എന്നിവയാണ്. 'ചാവുക' എന്നത് നിഷ്കൃഷ്ടാർത്ഥത്തിൽ സാധുവല്ലെങ്കിലും മലയാളത്തിൽ പ്രയോഗസാധു വാണ്. 'ചത്തുപോച്ച്' എന്നത് തെറ്റായ പ്രയോഗമാണ്. 'ചത്തുപോച്ച്' എന്ന തിന്റെ കൃത്യമായ അർത്ഥം 'മരിച്ചു' എന്നാണ്.

'വീഴുക' എന്നതിന് 'വീളുക' എന്ന തമിഴ് പദവും ഉപയോഗിക്കുന്നു്. പ റമെ 'വീഴ്ന്താച്ച്' എന്ന തെറ്റായ പ്രയോഗവും ു്. 'വീഴ്ന്താച്ച്' എന്നതിന്റെ ശരിയായ അർത്ഥം 'വീണു' എന്നാണ്.

'കേൾക്കുക' എന്നതിന് അതേ പദവും 'കേട്ടാച്ച്' എന്ന തെറ്റായ പ്രയോ ഗവും ആവേദകർ ഉപയോഗിക്കുന്നു്. 'കേക്കറ്ത്' എന്നുംമറ്റുമുള്ള പദങ്ങൾ പ്രയോഗത്തിലില്ല.

'കൊല്ലുക' എന്ന പദത്തോടൊപ്പം 'കൊള്ളുക', 'കൊന്നാച്ച്', 'കൊന്നു' എന്നീ തെറ്റായ രൂപങ്ങളും ഉപയോഗിക്കുന്നു്. 'കൊന്നാച്ച്', 'കൊന്നു' എന്നിവ സൂചിപ്പിക്കുന്നത് ഭൂതകാല രൂപത്തെയാണ്. 'കൊള്ളുക' എന്നതാവട്ടെ തമിഴ് സ്വഭാവിയായ ഉച്ചാരണഭേദമാണെങ്കിലും മലയാളത്തിൽ 'ഉൾക്കൊള്ളുക' എന്ന

അർത്ഥത്തിൽ ഉപയോഗിക്കുന്ന പദമാണ്. ഈ അർത്ഥവ്യത്യാസത്തെക്കുറിച്ചുള്ള അറിവിലേക്ക് എത്തിച്ചേർന്നിട്ടില്ല എന്നതിന്റെ സൂചനയാണത്.

'കളിക്കുക', 'വിളയാടുക' എന്നീ രൂപഭേദങ്ങൾ ഉപയോഗിക്കുന്നതിൽ ആദ്യത്തേത് മലയാളവും മറ്റേത് ഭാഷാസങ്കലനം സംഭവിച്ച പദവുമാണ്. 'വിളയാടറ്ത്' എന്നും മറ്റുമുള്ള ശരിയായ തമിഴ് രൂപത്തിന്റെ പ്രയോഗം ആവേദകർ ഉപയോഗിക്കുന്നതായി കാണുന്നില്ല.

'ഉറങ്ങുക' എന്ന മലയാളപദത്തിനു പുറമെ അതേ അർത്ഥത്തിൽ ആവേദകർ ഉപയോഗിക്കുന്നത് 'ഉറങ്കിയാച്ച്', 'തൂങ്കുക', 'തൂങ്കിയാച്ച്', 'ഉറങ്കുക' എന്നീ രൂപങ്ങളാണ്. ഇതിൽ 'ഉറങ്കിയാച്ച്', 'തൂങ്കിയാച്ച്' എന്നിവയുടെ അർത്ഥം വ്യത്യസ്തമാണ്. 'തൂങ്കുക' എന്നത് 'തൂങ്കറ്ത്' എന്ന തമിഴ് പ്രയോഗത്തിനും 'ഉറങ്കുക' എന്നത് 'ഉറങ്ങുക' എന്ന മലയാളപദത്തിനും യഥാക്രമം മലയാളതമിഴ് ഭാഷകളുടെ സ്വഭാവത്താൽ സങ്കലനം വന്നതാണ്.

'മണക്കുക' എന്ന പദവും 'മണത്താച്ച്' എന്ന തെറ്റായ പ്രയോഗവുമാണ് നിലവിലുള്ളത്. 'മൂന്ത്പാക്കറ്ത്' എന്നുംമറ്റുമുള്ള പ്രയോഗങ്ങൾ ആവേദകരുടെ ഭാഷയിൽ കാണുന്നില്ല.

'പിളർക്കുക' എന്ന പദവും 'മുറിക്കുക', 'പിളന്താച്ച്' എന്ന തെറ്റായ പ്രയോഗവും ആവേദകർ ഉപയോഗിക്കുന്നു്. കൃത്യമായ തമിഴ് പദം ഉപയോഗിക്കുന്നതായി കാണുന്നില്ല.

'വീശുക' എന്നത് ഉച്ചാരണഭേദങ്ങളോടുകൂടിയ പൊതുപദമാണ്. 'വീഷുക', 'വീസുക' എന്നീ തമിഴ് സ്വഭാവിയായ ഉച്ചാരണഭേദങ്ങളും 'വീശുക', 'വീശ്അ' എന്നീ മലയാള സ്വഭാവിയായ ഉച്ചാരണഭേദങ്ങളും ആവേദകരുടെ ഭാഷയിൽ നിലവിലു്.

## 7.4. വാക്യതലം

വാക്യതലത്തിലുള്ള ഭാഷാസംരക്ഷണം കണ്ടെത്താൻ പതിനൊന്ന് മലയാളവാക്യങ്ങൾ കൊടുത്തിട്ട്, അവ നിത്യജീവിതത്തിൽ പറയുന്നതുപോലെ പറയാൻ ആവേദകരോട് ആവശ്യപ്പെട്ടു. ഇവയാണ് പ്രസ്തുത വാക്യങ്ങൾ:

1. അവൻ വന്നു
2. അവൾ വന്നു
3. അവർ വന്നു
4. നീ വന്നു
5. നിങ്ങൾ വന്നു
6. ഞാൻ വന്നു
7. ഞങ്ങൾ വന്നു
8. ഇരിക്കാൻ പറഞ്ഞു
9. കുളിക്കാൻ പോയി
10. അവനെ പിടിച്ചുവെച്ചെന്നറിഞ്ഞു
11. അവനു കൊടുത്ത എന്റെ പുസ്തകം തിരിച്ചുവാങ്ങണം

ഈ പ്രതികരണ വാക്യങ്ങൾ, തമിഴ്മലയാളങ്ങൾ തമ്മിലുള്ള വ്യാകരണ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്താണ് വ്യാകരണതലത്തിലെ സംരക്ഷണവും ആദേശവും വിലയിരുത്തിയത്.

ഭൂരിപക്ഷം ആവേദകരും മലയാളത്തിന്റെ എല്ലാ വ്യാകരണനിയമങ്ങ ൾക്കും വിധേയമായ വാകൃങ്ങളാണ് ഉപയോഗിക്കുന്നത്. സാധാരണ മലയാളി കൾക്ക് അറിയാവുന്ന തമിഴിനേക്കാൾ ഏറെയൊന്നും വ്യത്യസ്തമല്ല മിക്കവരു ടെയും ഭാഷ എന്ന് വ്യക്തമാക്കുന്നതായിരുന്നു പ്രസ്തുത വാകൃങ്ങൾ. തമിഴ് നിയമങ്ങൾക്കനുസൃതമായ വാകൃങ്ങൾ പറഞ്ഞവർ താരതമ്യേന കുറവാണ്. പ ൂർണ്ണമായും തമിഴ് നിയമങ്ങളനുസരിച്ച് സംസാരിച്ചവർ ആരുമില്ല. തമിഴ് വാകൃങ്ങൾ പറഞ്ഞവരുടെ വാകൃങ്ങളിൽനിന്ന് വ്യക്തമാകുന്ന ഒരു വസ്തുത അതിലെ ശിഥില സ്വഭാവമാണ്. വ്യക്തമായ വ്യാകരണബോധത്തിന്റെ അഭാ വവും അബോധപൂർണ്ണമായ മലയാള വ്യാകരണനിയമങ്ങളുടെ ആദേശവുമാണ് അവയിൽ വ്യക്തമാകുന്നത്.

### 7.4.1. ഭൂതകാല പ്രത്യയം

ഭൂതകാല ക്രിയകളെ സൂചിപ്പിക്കാൻ 'ഇ' പ്രത്യയം ചേർക്കുകയാണ് മലയാളത്തിന്റെ പൊതുരീതി. ഉദാ: ഇളകി, മിന്നി, തട്ടി, ചിന്തി, ഏശി, വിലസി.

ധാതു സ്വരാന്തമോ ചില്ലന്തമോ ആണെങ്കിൽ 'ഇ' പ്രത്യയത്തിനു പകരം 'തു' പ്രത്യയം വരും. ഉദാ: തൊഴുതു, കു, ു, തിന്നു, തോറ്റു, കേട്ടു, പെട്ടു.

'വന്നു' എന്ന ഭൂതകാലക്രിയാരൂപം ഉദാഹരണമായി സ്വീകരിച്ച്, ആവേദ കരുടെ ഭാഷയിൽ ഭൂതകാലരൂപത്തിൽ ഏത് ഭാഷാസ്വഭാവമാണ് നിലനിൽക്കു ന്നതെന്നാണ് കത്തൊൻ ശ്രമിച്ചത്.

'വന്തു' എന്നതിലെ നകാരം തകാരസ്ഥാനത്തേക്ക് അതിപ്രസരിച്ചാണ് 'വന്നു' എന്നായത്.

തമിഴിൽ തൽസ്ഥാനത്ത് 'വന്താച്ച്' എന്ന രൂപമാണ് സാർവ്വത്രികം. തൽ സ്ഥാനത്ത് ആവേദകർ ഉപയോഗിക്കുന്ന രൂപങ്ങൾ ഇങ്ങനെ പട്ടികപ്പെടുത്താം:

വന്നു

വന്തു

വന്തിരുന്ത്

വന്തിര്ന്ത്

വന്തത്

വന്താച്ച്

ഇതിൽ 'വന്തത്', 'വന്തിരുന്ത്' എന്നീ രൂപങ്ങൾ തമിഴ് വ്യാകരണജ്ഞാനം നഷ്ടമായി എന്ന് വ്യക്തമാക്കുന്നു. 'വന്തിര്ന്ത്' എന്നത് 'വന്തിരുന്ത്' എന്നതിന്റെ ഉച്ചാരണഭേദമായേ ഗണിക്കേതുള്ളു. 'വന്തു' എന്നത് അനുനാസികാതി പ്രസരം സംഭവിച്ച് മലയാളത്തിന്റെ സ്വഭാവത്തോട് പൂർണ്ണമായും യോജിക്കുന്ന തിന് തൊട്ടുമുൻപുള്ള രൂപമാണ്.

ഇത്തരം വ്യത്യാസങ്ങൾ അടുത്തകാലത്ത് (50-60 വർഷം) കുടിയേറിയവരിലാണ് പ്രകടമായിരിക്കുന്നത്. നൂറുവർഷത്തിനു മുമ്പ് കുടിയേറിയവരിൽ ഈ അന്തരം പ്രകടമല്ല അവർ 'വന്നു' എന്നുതന്നെ വ്യക്തമായി ഉപയോഗിക്കുന്നു.

### 7.4.2. പിൻവിനയെച്ചം

പിൻവിനയെച്ച രൂപങ്ങൾക്കുള്ള പ്രത്യയങ്ങൾ തമിഴിൽ 'അ'യും (പോക ചൊന്നേൻ) മലയാളത്തിൽ 'ആൻ'-ഉം (പോകാൻ പറഞ്ഞു) ആണ്.

ഉദാ:

| **തമിഴ്** | **മലയാളം** |
|---|---|
| കുളിക്കവന്തേൻ | കുളിക്കാൻ വന്നു |
| വായിക്കപ്പോകിറേൻ | വായിക്കാൻ പോകുന്നു |
| ഇരുക്കച്ചൊന്നാർ | ഇരിക്കാൻ ചൊന്നാർ (പറഞ്ഞു) |

(രാജരാജവർമ്മ, ഏ.ആർ., 1999: 24)

ഇരിക്കാൻ പറഞ്ഞു, കുളിക്കാൻ പോയി എന്നിങ്ങനെ രു വാക്യങ്ങ ളുടെ സ്ഥാനത്ത് ആവേദകർ ഉപയോഗിക്കുന്ന വാക്യങ്ങൾ ശേഖരിച്ചാണ് പ്രസ്തുത വ്യാകരണാവസ്ഥ വിലയിരുത്തിയത്. 'ഇരിക്കാൻ പറഞ്ഞു' എന്ന വാക്യത്തിന് ആവേദകർ ഉപയോഗിക്കുന്ന വാക്യഭേദങ്ങളെ ഇങ്ങനെ ചുരുക്കാം:

1. ഇരിക്കാൻ പറഞ്ഞു
2. ഇര്ക്കച്ചൊന്നേൻ
3. ഉക്കാരച്ചൊന്നാച്ച്
4. ഉക്കാരച്ചൊല്ലിയാച്ച്
5. ഇരിക്കച്ചൊന്നു
6. ഇരിക്കച്ചൊല്ലിയാച്ച്
7. ഇരിക്കാൻ ചൊന്നു
8. ഉക്കാര്ന്ന് ചൊന്നു
9. ഇരിക്കാൻ പറഞ്ചാച്ച്
10. ഇരിക്കാൻ ചൊല്ലിയാച്ച്
11. ഉക്കാരശൊന്നാച്ച്

'ഇരിക്കാൻ പറഞ്ഞു' എന്ന വാക്യത്തിന് താഴെ പറയുന്ന സമാന വാക്യങ്ങൾ വ്യാകരണസാധുക്കളാണ്:

1. ഇരിക്കെന്ന് പറഞ്ഞു
2. ഇരിക്കൂന്ന് പറഞ്ഞു
3. ഇരിക്കാൻവേി പറഞ്ഞു

അതുപോലെ മുമ്പുദ്ധരിച്ച തമിഴ് വാക്യങ്ങളിൽ 3, 4, 11 എന്നീ വാക്യങ്ങൾ വ്യാകരണസാധുക്കളാണ്. മറ്റുള്ളവ നിഷ്കൃഷ്ടാർത്ഥത്തിൽ വ്യാകരണ സാധു ക്കളല്ല.

തമിഴ്മലയാളങ്ങളുടെ വ്യാകരണനിയമങ്ങളുടെ ശൈഥില്യം സംഭവിച്ച മിശ്രണമാണ് പ്രസ്തുത വാക്യങ്ങൾ.

'കുളിക്കാൻ പോയി' എന്ന വാക്യത്തിന് ആവേദകർ ഉപയോഗിക്കുന്ന വാക്യങ്ങൾ ഇവയാണ്:

1. കുളിക്കപ്പോയി
2. കുളിക്കപ്പോയാച്ച്
3. കുളിക്കത്ക്ക് പോയി
4. കുളിക്കാൻ പോയാച്ച്
5. കുളിക്കത്ക്ക് പോച്ച്
6. കുളിക്കപ്പോച്ച്

ഇതിൽ 6, 2 എന്നീ വാക്യങ്ങൾ തമിഴിൽ പ്രയോഗസാധുക്കളാണ്. എന്നാൽ മറ്റുള്ളവ തമിഴിലോ മലയാളത്തിലോ സാധുവല്ല. തമിഴ്മലയാള സ്വഭാവങ്ങൾ കലർന്നതും രു ഭാഷയിലെയും വ്യാകരണ നിയമങ്ങളുടെ ശൈഥില്യം വന്നതുമായ വാക്യങ്ങളാണ് അവ.

### 7.4.3. വിഭക്തി പ്രത്യയങ്ങൾ

''മറ്റു പദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനു വേി നാമ ങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് 'വിഭക്തി' എന്നു പേർ'' (രാജരാജ

വർമ്മ, 1999: 141). മലയാളവിഭക്തികൾ ഇവയാണ്: നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക

സംബോധന അടക്കം എട്ടു വിഭക്തിയാണ് തമിഴിൽ ഉായിരുന്നത് എന്നും ഇന്ന് സംബോധനയെ വിഭക്തിയായി ഗണിക്കുന്നില്ല എന്നും ലെഹ്മാൻ (Lehman, 1989: 24) പറയുന്നു. അതു പ്രകാരം തമിഴ്മലയാള വിഭക്തികളെയും പ്രത്യയങ്ങളെയും ഇങ്ങനെ പട്ടികപ്പെടുത്താം:

| | **മലയാളം** | | **തമിഴ്** | |
|---|---|---|---|---|
| | **വിഭക്തി** | **പ്രത്യയം** | **വിഭക്തി** | **പ്രത്യയം** |
| 1. | നിർദ്ദേശിക | – | Nominative | – |
| 2. | പ്രതിഗ്രാഹിക | എ | Accusative | ഐ |
| 3. | സംയോജിക | ഓട് | Sociative | ഓടു |
| 4. | ഉദ്ദേശിക | ക്ക്, ഉ് | Dative | കു(ഉ), ക്കു |
| 5. | പ്രയോജിക | ആൽ | Instrumental | ആൽ |
| 6. | സംബന്ധിക | ഉടെ, ന്റെ | Genetive | ഉടയ, ഓടെ, ഉടെ |
| 7. | ആധാരിക | ഇൽ, കൽ | Locative | ഇൽ |

ഇതിൽ രും നാലും ആറും വിഭക്തികളുടെ പ്രത്യയങ്ങൾ തമിഴ്മലയാളങ്ങളിൽ വ്യത്യസ്തമാണ്. രാം വിഭക്തിയായ പ്രതിഗ്രാഹികയ്ക്ക് മലയാളത്തിലെ പ്രത്യയം 'എ'യും തമിഴിൽ സമാനപ്രത്യയം 'ഐ'യും ആണ്. ഉദാഹരണം – 'രാമനൈ' (തമിഴ്), 'രാമനെ' (മലയാളം). നാലാം പ്രത്യയമായ ഉദ്ദേശികയ്ക്ക് മലയാളത്തിൽ 'ക്ക്', 'ഉ്' എന്നിവയാണ് പ്രത്യയങ്ങൾ. ('ഉ്' എന്നത് സംവൃത ഉകാരമാണ്). ഉദാ: സീതയ്ക്ക്, രാമന്. ആറാം പ്രത്യയമായ സംബന്ധികയ്ക്ക് മലയാളത്തിൽ 'ന്റെ', 'ഉടെ' എന്നിവ പ്രത്യയങ്ങളാണ്. തമിഴിൽ

'ഓടെ', 'ഉടെ', 'ഉടയ' എന്നിവ പ്രത്യയങ്ങളാണ്. ഉദാ: 'അന്റെ', 'അവളുടെ' (മലയാളം), 'അവനോടെ', 'അവനുടെ', 'അവനുടയ' (തമിഴ്).

ഈ പ്രത്യയങ്ങളിലുള്ള വ്യത്യാസം ആവേദകർ എത്രത്തോളം സംരക്ഷിക്കുന്നുവെന്ന് മനസ്സിലാക്കാൻ ര് വാക്യങ്ങൽ നൽകി, അവ ആവേദകർ എങ്ങനെയാണ് പറയുക എന്നു പറയാൻ ആവശ്യപ്പെട്ടു. ഇവയാണ് പ്രസ്തുത വാക്യങ്ങൾ:

1. അവനെ പിടിച്ചുവെച്ചെന്നറിഞ്ഞു
2. അവനു കൊടുത്ത എന്റെ പുസ്തകം തിരിച്ചുവാങ്ങണം

ഇവയ്ക്ക് ആവേദകർ തന്ന മറുപടി യഥാക്രമം ഇങ്ങനെയാണ്:

1. അവനെ പിടിച്ചുവെച്ചെന്നറിഞ്ഞു
2. അവനെ പിടിത്തുവെത്തെന്തറിഞ്ചിത്
3. അവനെ പിടിച്ചുവെച്ചൂന്ന് തെരിഞ്ചിത്
4. അവനെ പിടിച്ചുവെച്ചെന്തറിഞ്ചു
5. അവനെ പിടിത്ത് വെച്ചന്തറിഞ്ച്
6. അവനെ പിടിത്തുവെത്തെന്തറിഞ്ചു
7. അവനെ പിടിച്ചുവെച്ചെന്നറിഞ്ചു
8. അവനെ പിടിച്ചുവെച്ചെന്തറിഞ്ചാച്ച്
9. അവനെ പിടിത്തുവെച്ചെന്ന് തെരിഞ്ചിത്
10. അവനെ പിടിത്തുവെത്തെന്ന് തെരിഞ്ചിത്

2

1. അവനു കൊടുത്ത എന്റെ പുസ്തകം തിരിച്ചുവാങ്ങണം
2. അവനു കൊടുത്ത ഏം പുത്തകം തിരുമ്പി വാങ്കണം

3. അവന്ക്ക് കൊടുത്ത ഏം പുസ്തകം തിരുമ്പി വാങ്കണം

4. അവന് കൊടുത്ത എന്നോട പുത്തകം തിര്മ്പി വാങ്കണം

5. അവനു കൊടുത്ത എമ്പുസ്തകം തിരുമ്പി വാങ്കണം

6. അവനു കൊടുത്ത എൻപുസ്തകം തിരിച്ചു വാങ്കണം

7. അവനു കൊടുത്ത എന്നുടെ പുസ്തകം തിരിച്ചുവാങ്കണം

8. അവനു കൊടുത്ത എന്റെ പുസ്തകം തിരിച്ചു വാങ്കണം

9. അവന്ക്ക് കൊടുത്ത ഏൻ പുസ്തകം തിരുമ്പിവാങ്കണം

10. അവന്ക്ക് കൊടുത്ത എൻ പുസ്തകം തിരുമ്പിവാങ്കണം

**പ്രതിഗ്രാഹിക**

'എ' എന്ന മലയാളപ്രതിഗ്രാഹിക വിഭക്തിയാണ് എല്ലാ ആവേദകരും ഉപയോഗിച്ചത്. തമിഴ് വിഭക്തിയായ 'ഐ' ആരും ഉപയോഗിക്കുന്നതായി കാണുന്നില്ല. അതായത് ആവേദകരുടെ പ്രതിഗ്രാഹിക വിഭക്തി പൂർണ്ണമായും മലയാളമായി മാറിക്കഴിഞ്ഞു. ഉദാഹരണം 'അവനെ'.

**ഉദ്ദേശിക**

'അവന്' എന്ന പദത്തിലെ 'ഉ്' (സംവൃത ഉകാരം) പ്രത്യയത്തിന്റെ സ്ഥാനത്ത് ആവേദകർ ഉപയോഗിക്കുന്ന പ്രത്യയം ഏതെന്നാണ് കത്തൊൻ ശ്രമിച്ചത്.

'ക്കു' പ്രത്യയം ചേർന്ന 'അവനുക്ക്' എന്നതാണ് ആവേദകരുടെ ഭാഷയിലെ പ്രത്യയം ചേർന്ന രൂപം. 'അവനുക്ക്', 'അവന്ക്', 'അവന്ക്ക്' എന്നിവ ഉച്ചാരണഭേദങ്ങളായി ഉ്. ഭൂരിപക്ഷം ആവേദകരും 'അവനു', 'അവന്' എന്നീ രൂപങ്ങളാണ് ഉപയോഗിക്കുന്നത്. ഇതു രും 'ഉ്' പ്രത്യയത്തിന്റെ

ഉച്ചാരണഭേദങ്ങളാണ്. എന്നാൽ ഈ ഭേദങ്ങളൊന്നും കൂടാതെ 'അവന്ക്ക്' എന്ന രൂപം മാത്രമാണ് തമിഴ് രീതിയിൽ ആവേദകർ പറഞ്ഞത്. അതായത്, ഉദ്ദേശിക വിഭക്തിക്ക് മലയാളത്തിലെ പ്രത്യയങ്ങളും തമിഴ് പ്രത്യയങ്ങളും കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷയിൽ നിലനിൽക്കുന്നു്.

**സംബന്ധിക**

'അവന്റെ' എന്ന പദത്തിന് ആവേദകർ ഉപയോഗിക്കുന്ന വ്യത്യസ്ത രൂപങ്ങളാണ് പഠനത്തിന് സ്വീകരിച്ചത്. ഇതിലെ 'ന്റെ'യ്ക്കു സമമായ തമിഴ് പ്രയോഗം 'ഉടെ' എന്നതാണ്.

ആവേദകരുടെ വാക്യങ്ങളിൽ കാണുന്ന രൂപങ്ങൾ ഇവയാണ്:

1. 'ഏം' (ഏം പുത്തകം)
2. 'എം' (എമ്പുത്തകം)
3. 'എൻ' (എൻ പുസ്തകം)
4. 'ഏൻ' (ഏൻ പുത്തകം)
5. 'ഓട' (എന്നോട പുത്തകം)
6. 'ഉടെ' (എന്നുടെ പുസ്തകം)
7. 'ന്റെ' (എന്റെ പുസ്തകം)

ഇതിൽ ഒന്നുമുതൽ നാലുവരെ രൂപങ്ങളെ ഒരു വിഭാഗമായും അഞ്ച്, ആറ്, ഏഴ് രൂപങ്ങളെ മറ്റൊരു വിഭാഗമായും തിരിക്കാവുന്നതാണ്. ആദ്യഭാഗ ത്തിലെ രൂപങ്ങൾ 'എൻ' എന്നതിന്റെയും രാംവിഭാഗത്തിലെ രൂപങ്ങൾ 'എന്നുടയ' എന്നതിന്റെയും ഉച്ചാരണങ്ങളായി കാണാം. ഇതിൽ അഞ്ചും (ഉടെ) ആറും (ന്റെ) രൂപങ്ങളാണ് മലയാളത്തിൽ പ്രചാരത്തിലുള്ളത്. മറ്റുള്ളവ തമിഴ്

വ്യാകരണ സാധുക്കളാണ്. അതായത്, കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷയിൽ, സംബന്ധികാ വിഭക്തിയുടെ പ്രയോഗത്തിൽ തമിഴ്മലയാള പ്രത്യയങ്ങൾ ഒരുപോലെ നിലനിൽക്കുന്നു.

## 7.5. സംഗ്രഹം

കേരളത്തിലെ തമിഴ് വാണിയരുടെ മാതൃഭാഷയായ തമിഴിലെ സ്വനിമ- പ ദ-വാക്യതലങ്ങളിൽ സമ്പർക്കഭാഷയായ മലയാളത്തിന്റെ സ്വാധീനത്തിന് വലിയ അളവിൽ വഴങ്ങിയിട്ടുന്നെ് ഇവയുടെ അപഗ്രഥനം കാണിക്കുന്നു.

ദീർഘകാലം മുമ്പ് കുടിയേറിയവർക്ക് എല്ലാ മലയാളസ്വനിമങ്ങളും നന്നായി വഴങ്ങുന്നുങ്കെിലും അടുത്തകാലത്ത് കുടിയേറിയവർക്ക് വഴക്കം കുറവാണ്. തമിഴിലില്ലാത്തതും മലയാളത്തിലുള്ളതുമായ സ്വനിമങ്ങളുടെ ഉച്ചാര ണത്തിൽ അവർ വ്യവസ്ഥയില്ലായ്മയാണ് പ്രകടിപ്പിക്കുന്നത്.

ചാർച്ചപ്പേരുകളുടെയും അവയുടെ സംബോധനകളുടെയും കാര്യത്തിൽ ഭാഷ-ആദേശം നാമമാത്രമാണ്. അടുത്ത കാലത്ത് കുടിയേറിയവരിൽ ചാർച്ച പ്പേരുകളുടെ ആദേശം സംഭവിച്ചിട്ടേയില്ല. നൂറ്റാിനു മുമ്പ് കുടിയേറിയവരുടെ ഭാഷണത്തിൽ മാത്രമാണ് ചാർച്ചപ്പേരുകളുടെ ആദേശം സംഭവിച്ചിട്ടുള്ളത്. അതുതന്നെ നാമമാത്രമാണ്. ആകെ 29 ചാർച്ചപ്പേരുകളും അവയുടെ സംബോ ധനാരൂപങ്ങളും വിശകലനം ചെയ്തതിൽനിന്ന് വ്യക്തമായത് ഇപ്പോഴും ആവേദ കർ എല്ലാ തമിഴ് ചാർച്ചപ്പേരുകളും സംബോധനാരൂപങ്ങളും സംരക്ഷിക്കുന്നു് എന്നാണ്. പതിനേഴ് ചാർച്ചപ്പേരുകളുടെയും അവയുടെ സംബോധനാ രൂപങ്ങളുടെയും മലയാള പദങ്ങൾ വിധേയസമൂഹത്തിൽ ചിലർ മാത്രം ഉപയോഗിക്കുന്നു്.

ചാർച്ചപ്പേരുകൾ ഒഴിച്ചുള്ള അടിസ്ഥാനപദങ്ങളുടെ ഉപയോഗത്തിൽ വിധേയസമൂഹത്തിന്റെ ഭാഷയിൽ വ്യവസ്ഥയില്ലായ്മ പ്രകടമാണ്.

എല്ലാ അടിസ്ഥാനപദങ്ങളുടെയും മലയാളരൂപങ്ങൾ സമൂഹത്തിലെ ഭൂരിഭാഗവും ശരിയായി ഉപയോഗിക്കുന്നു്. എന്നാൽ ചിലർ തെറ്റായ അർത്ഥ ത്തിൽ മലയാളപദങ്ങൾ ഉപയോഗിക്കുന്നു.

ചില പദങ്ങളിൽ തമിഴ്മലയാള പദങ്ങളുടെ സമ്മിശ്രസ്വഭാവം വ്യക്ത മാണ്.

തമിഴ്പദങ്ങളിൽ മിക്കതും മിക്കപേരും മറന്നുപോയിട്ടു്. അത്തരക്കാ രുടെ തമിഴ് പദാവലീജ്ഞാനം സാധാരണ മലയാളിയുടേതിൽനിന്ന് ഏറെ യൊന്നും വ്യത്യസ്തമല്ല.

തമിഴ് പദമാണെന്ന ബോധത്തോടെ മലയാളപദങ്ങളുടെ തമിഴ് സ്വഭാവി യായ ഉച്ചാരണഭേദങ്ങൾ വിധേയസമൂഹത്തിന്റെ ഭാഷയിൽ ധാരാളമു്. ഉദാ: ചന്ദ്റൻ, റാവിലെ, പുറ്കം, ആട്ടാങ്കല്ല്.

കൃത്യമായ അർത്ഥം നൽകുന്ന പദത്തേക്കുറിച്ചുള്ള അറിവില്ലായ്മയും പ്രയോഗവേളകളിൽ ഓർമ്മയില്ലാതെ വരുമ്പോഴും ഇരുഭാഷാസമൂഹാംഗങ്ങ ളോടും ഒരേസമയം സംവദിക്കേ സാഹചര്യത്തിലും പ്രയോഗലാളിത്യത്തിനു വേ ിയും സമ്പർക്കസമൂഹം പൊതുസമൂഹത്തിൽ നിന്ന് വ്യത്യസ്തമായി ആംഗലേയ പദങ്ങൾ കൂടുതൽ ഉപയോഗിക്കുന്നു്. ആംഗലേയ പദങ്ങളും തെറ്റായ അർത്ഥത്തിൽ ഉപയോഗിക്കുന്നു്.

ഉച്ചാരണസാദൃശ്യത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത അർത്ഥമുള്ള മലയാളപദങ്ങളുടെ തെറ്റായ അർത്ഥത്തിലുള്ള ഉപയോഗവും ആവേദകരുടെ

ഭാഷയിൽ ഉ്. ഉദാ: അപ്പക്കാരം (അപ്പക്കാര എന്ന അർത്ഥത്തിൽ), തോല് (തോൾ എന്ന അർത്ഥത്തിൽ), ഹൃന്തയം (ഹൃദയം എന്ന അർത്ഥത്തിൽ).

ചില തമിഴ് പദങ്ങളുടെ സാന്നിധ്യം തീർത്തും ഇല്ലാതായിക്കഴിഞ്ഞിട്ടു്. ഉദാ: കൈക്കുട്ടൈ, ഇരുദയം, ആലുവള്ളിക്കിളങ്ക്, പൊങ്കറ്ത് (തൂവുക എന്ന അർത്ഥത്തിൽ), മൂന്ത് പാക്കത്.

തമിഴ് പദങ്ങൾ പലതിനേക്കുറിച്ചും ശരിയായ അറിവ് നഷ്ടമാകുകയും ഭാഗികജ്ഞാനം മാത്രം നിലനിൽക്കുകയും ചെയ്യുന്നു. ഉദാ: ഉറങ്ങുക എന്ന അർത്ഥത്തിലുള്ള ഉറങ്കിയാച്ച്, തൂങ്കുക എന്നീ പദങ്ങളുടെ ഉപയോഗം.

കാലപ്രത്യയം ചേർക്കാത്ത പദത്തെക്കുറിച്ചുള്ള വ്യക്തമായ ബോധമില്ലായ്മ വളരെ പ്രകടമാണ്. അത്തരം പദപ്രയോഗവേളകളിൽ മിക്കപ്പോഴും ഭൂതകാല രൂപങ്ങളാണ് ഉപയോഗിക്കുന്നത്. ഉദാ: തൂങ്കിയാച്ച്, ഉറങ്കിയാച്ച്, ചത്തുപോച്ച്, വീഴ്ന്താച്ച്, കേട്ടാച്ച്, കൊന്നു, വിള്ന്താച്ച്, ഈ അപാകത രുഭാഷയിലുമുള്ള പദപ്രയോഗങ്ങളിലും ഉ്.

ആവേദകരുടെ ഭാഷ തമിഴ്മലയാള വ്യാകരണ നിയമങ്ങൾ കൂടിക്കലർന്ന ശിഥിലസ്വഭാവമാണ് പ്രകടിപ്പിക്കുന്നത്.

- തമിഴ് വ്യാകരണവും മലയാള വ്യാകരണവും സംരക്ഷിക്കുന്നവർ കേരളത്തിലെ തമിഴ് വാണിയരിൽ ഉ്.

- രു ഭാഷയുടെയും വ്യകാരണനിയമങ്ങൾ സംരക്ഷിക്കാതെ ശിഥില സ്വഭാവികളായവർ ആവേദകർക്കിടയിൽ ധാരാളമു്. തമിഴിലും മലയാളത്തിലുമുള്ള വ്യാകരണനിയമങ്ങൾ പാലിക്കാതെ രിനുമിടയ്ക്കുള്ള ശൈഥില്യം സംഭവിച്ച രൂപങ്ങളാണ് അത്തരക്കാർ ഉപയോഗിക്കുന്നത്.

- ശൈഥില്യം വ്യക്തമാക്കുന്നവരിൽ താരതമ്യേന തമിഴ് സ്വഭാവം കൂടി ക്കാണുന്നവരും (ഉദാ: വന്തിര്ന്ത്, വന്തിരുന്ത്) മലയാളത്തോട് അടുത്ത സ്വഭാവം പ്രകടിപ്പിക്കുന്നവരും (ഉദാ: വന്തു) ഉ്.

- വിധേയസമൂഹത്തിന്റെ ഭാഷയിലെ സ്വനിമങ്ങളുടെ ഉപയോഗത്തിലും വ്യവസ്ഥയില്ലായ്മ നിലനിൽക്കുന്നു്. തമിഴ്മലയാളങ്ങൾ തമ്മി ലുള്ള സ്വനിമ വ്യത്യാസം ഏതാക്കെ ഉൾക്കൊതും എന്നാൽ ശരിയാംവിധം ഉൾക്കൊിട്ടില്ലാത്തതുമാണ് വിധേയഭാഷയിലെ സ്വനിമവ്യവസ്ഥ.

അധ്യായം 8

# സാംസ്കാരിക സമന്വയം

## അധ്യായം 8

# സാംസ്കാരിക സമന്വയം

സംസ്കാരത്തിന്റെ ഭാഗമാണ് ഭാഷ. ഭാഷയും ഇതര സാംസ്കാരിക ഘടകങ്ങളും തമ്മിലുള്ള പാരസ്പര്യം ഇന്നും ഭാഷാശാസ്ത്രജ്ഞരുടെ തർക്ക വിഷയമാണ്. അവ തമ്മിൽ അഭേദ്യമായ പരസ്പരബന്ധമുണ്ടെന്നും ഇല്ലെന്നു മുള്ള വ്യത്യസ്താഭിപ്രായങ്ങൾ നിലവിലു്. (c.f. 2.3). എന്നാൽ ഒരു സമൂഹ ത്തിന്റെ സാംസ്കാരികസ്വത്വം നഷ്ടമാകുന്നതോടൊപ്പമാണ് അതിന്റെ ഭാഷയും നഷ്ടമാകുന്നത് എന്ന് കേരളത്തിലെ തമിഴ് ചെട്ടികളുടെ സംസ്കാരത്തിന്റെയും ഭാഷയുടെയും താരതമ്യത്തിൽനിന്ന് വ്യക്തമാകും. ഇതര അധ്യായങ്ങളിൽ വിശകലനം ചെയ്ത ഭാഷാവസ്ഥയോടെ ചേർത്ത് ഇത്തരമൊരു താരതമ്യത്തിനു സഹായകമാംവിധം വിധേയസമൂഹത്തിന്റെ സംസ്കാര മുദ്രകളിൽ സംഭവിച്ച പരിണാമത്തിന്റെ വിശദീകരണമാണ് ഈ അധ്യായം.

മലയാളികളുടേതിൽനിന്നു വ്യത്യസ്തമായ തമിഴ് വാണിയരുടെ ഭാഷേ തര സാംസ്കാരിക ഘടകങ്ങളിൽ പ്രധാനം ഇവയാണ്:

1. ഭക്ഷണം
2. വസ്ത്രം
3. ആഭരണങ്ങൾ
4. അലങ്കാരങ്ങൾ
5. ആചാരങ്ങൾ

6. ആരാധന

7. ഉത്സവാഘോഷങ്ങൾ

8. അധിവാസരീതി

9. കലയും സാഹിത്യവും

10. ജാതിപ്പേര്

11. പാത്രങ്ങൾ

## 8.1 ഭക്ഷണം

ഹോട്ടലിൽനിന്നോ ബേക്കറികളിൽനിന്നോ ഭക്ഷണം വാങ്ങി കഴിക്കുന്നതിനേക്കാൾ താല്പര്യം സ്വന്തം വീടുകളിൽനിന്നുാക്കി കഴിക്കുവാനാണ് എന്ന് പല ആവേദകരും അഭിപ്രായപ്പെട്ടു.

മുന്തിരിക്കൊത്ത്, വട എന്നിവ വീട്ടിൽത്തന്നെ ഉാക്കുന്ന പതിവ് അഞ്ചു ശതമാനം വീടുകളിലേ ഇന്നുള്ളൂ. 'വടപായസച്ചോറ്' എന്ന സദ്യ മിക്കവാറും മാറിക്കഴിഞ്ഞു. കേരളീയ സദ്യ തന്നെയാണ് 90% വീടുകളിലും പതിവ്. രസം ഉാക്കുന്നത് വിശേഷവേളകളിലേക്കും കുടുംബാംഗങ്ങളിൽ ആർക്കെങ്കിലും പനി, ജലദോഷം, ദഹനക്കുറവ് എന്നീ അസുഖങ്ങൾ വരുന്ന അവസരങ്ങളിലേക്ക് ഒതുങ്ങിക്കഴിഞ്ഞു. 'വടപരിപ്പ്' ഉപയോഗിക്കുന്ന വീടുകൾ രു ശതമാനമേ വരൂ. ദോശയ്ക്കും ഇഡ്ഢലിക്കും വടയ്ക്കും പ്രാധാന്യം കുറഞ്ഞു. പുട്ട്, നൂൽപ്പുട്ട്, ചപ്പാത്തി എന്നിവയോടൊപ്പമേ അവയ്ക്ക് ഇന്ന് പ്രാധാന്യമുള്ളു. വീട്ടിൽ വരുന്നവർക്ക് ഭക്ഷണം കൊടുത്തേ പറഞ്ഞയക്കാവൂ എന്ന നിർബന്ധവും ഇന്നില്ല. മധുരം വിളമ്പുന്ന പതിവും നന്നേ കുറഞ്ഞു. 'സാപ്പിട്ടാച്ചാ' എന്ന ഉപചാരവാക്കും വളരെ അപൂർവ്വമായേ കേൾക്കൂ.

## 8.2 വസ്ത്രം

പ്രായംകൂടിയ സ്ത്രീകളിൽ അഞ്ചു ശതമാനത്തിൽ കൂടുതൽ ചേല ഉടുക്കുന്നതായി കാണുന്നില്ല. ചിലർ നായന്മാരെ അനുകരിച്ചുകൊ് പ്രായമായാൽ വേഷ്ടിയും മുും ഉപയോഗിക്കുന്നു്. അല്ലാത്തവർ സാധാരണ സാരി തന്നെ ഉടുക്കുന്നു. എന്നാൽ കടുത്ത നിറമുള്ള വസ്ത്രങ്ങൾ ഉപയോഗിക്കുന്നവർ നന്നേ കുറവാണ്. 'ഹാഫ് സാരി'/ദാവിണി ഉപയോഗിക്കുന്ന പെൺകുട്ടികൾ ഒട്ടും ഇല്ല. ആണുങ്ങളുടെ വസ്ത്രം 95% മലയാളികളുടേതുതന്നെ ആയിക്ക ഴിഞ്ഞു. പ്രായംചെന്നവരിൽ ചിലർ മാത്രം മുും ജുബ്ബയും തോളത്ത് ടർക്കി ത്തൂവാലയും ഉപയോഗിക്കുന്നു്.

## 8.3 ആഭരണങ്ങൾ

മൂക്കുത്തിയും കാലിൽ മിഞ്ചിയും ഉപയോഗിക്കുന്നവരുടെ എണ്ണം മലയാളികളിലേതിൽനിന്ന് ഏറെയൊന്നും വ്യത്യസ്തമല്ല. താലി മാലയിൽ കോർക്കാതെ ചരടിൽ കോർത്തിടുന്ന സ്ത്രീകളെ ആരെയും കാണാൻ കഴിഞ്ഞില്ല. വളരെ പ്രായം ചെന്ന ചില പുരുഷന്മാരുടെ കാതുകളിൽ ചെറുപ്പത്തിൽ കടുക്കനിട്ട ദ്വാരം മാത്രം ഇന്നു്. ഒരാൾ മാത്രം കടുക്കൻ ഇട്ടതു കു.

## 8.4 അലങ്കാരങ്ങൾ

സാർവ്വത്രികമായി ഇന്നും തുടരുന്ന ഒന്നാണ് വീടിനു മുന്നിലുള്ള കോലമിടൽ. കോലമിടാനുപയോഗിക്കുന്ന അരിപ്പൊടിക്കു പകരം ചുണ്ണാമ്പും ചോക്കും ഇക്കാലത്ത് ഉപയോഗിക്കുന്നു്.

വിധവകളല്ലാത്ത തമിഴ് സ്ത്രീകളെ പൂ ചൂടാതെ കാണുക പ്രയാസമാണ്. മുല്ല, പിച്ചി, ജമന്തി, റോസ്, ചെട്ടി എന്നിവയാണ് മുടിയിൽ ചൂടാനു പയോഗിക്കുന്ന പൂക്കളിൽ പ്രധാനം. കേരളത്തിൽ തമിഴ് വാണിയ സ്ത്രീകൾ തമിഴ്നാട്ടിലെ സ്വസമുദായക്കാരെപ്പോലെ സാർവ്വത്രികമായി പൂ ചൂടുന്നില്ല.

മലയാളികളുടേതുപോലെ തന്നെയാണ് ഇക്കാര്യത്തിൽ ഇവരും. തമിഴരും മലയാളികളും കൂടുതലായി ചൂടുന്നത് മുല്ലപ്പൂവാണെങ്കിലും പിച്ചിയും ജമന്തിയും പനിനീർപ്പൂവും തമിഴരെപ്പോലെ വിധേയസമൂഹം ചൂടുന്നില്ല; ചെട്ടിപ്പൂവാകട്ടെ തീരെ ഉപയോഗിക്കുന്നില്ല.

തമിഴ് സ്ത്രീകൾ ചർമ്മ ആരോഗ്യത്തിനും സൗന്ദര്യത്തിനുമായി സാർവ്വത്രികമായി ചെയ്യുന്ന ഒന്നാണ് മഞ്ഞൾതേക്കൽ. കുളിക്കുന്നതിനു മുൻപ് മഞ്ഞൾ തേച്ചുപിടിപ്പിച്ച് കഴുകിക്കളയുന്നവരും കുളിച്ചശേഷം തേക്കുന്നവരുമുു്. എന്നാൽ കേരളത്തിലെ തമിഴ്വാണിയസ്ത്രീകളിൽ ഈ പതിവ് തുടരുന്നവർ രു ശതമാനം മാത്രമാണ്.

## 8.5 ആചാരങ്ങൾ

മൂന്നു ദിവസം നീുനിന്നിരുന്ന വിവാഹ ചടങ്ങുകൾ മിക്കവരും ഒരു ദിവസംകൊ് അവസാനിപ്പിക്കുന്നു. വധൂവരന്മാരുടെ കൈ ചേർത്തുപിടിച്ച് നീർ വീഴ്ത്തിക്കൊ് വിരുത്തംപാടുന്ന പതിവ് ഇന്ന് വളരെ കുറവാണ്. പാടുന്നവർതന്നെ ഒന്നോ രോ മിനിറ്റിലേക്ക് അത് ചുരുക്കുന്നു.

സാർവ്വത്രികമായി ആചരിച്ചുപോന്നിരുന്ന പുളികുടി ഇന്ന് അപൂർവ്വം ചിലരേ ആചരിക്കുന്നുള്ളു. തെരുകുളി അമ്പതുശതമാനം പേർ ആചരി ക്കുന്നു.

കുഞ്ഞുങ്ങൾ ജനിച്ചാൽ ഒരു വയസ്സിനോടടുപ്പിച്ച് ക്ഷേത്രത്തിൽചെന്ന് (പഴനി, തിരുപ്പതി, തൃച്ചന്തിരൂർ തുടങ്ങിയ ക്ഷേത്രങ്ങൾ പ്രധാനം) തല മുണ്ഡനം ചെയ്യുന്ന പതിവ് 90% പേരും ഇന്നും ആചരിക്കുന്നു്.

ദാമ്പത്യം അമ്പതുവർഷം തികഞ്ഞാൽ ഭാര്യാഭർത്താക്കന്മാർ സകല ചടങ്ങുകളോടും കൂടി ഒരു പ്രാവശ്യം കൂടി വിവാഹം കഴിക്കുകയും

അതിനുശേഷം ഭാര്യ രുതാലി കഴുത്തിലണിയുകയും ചെയ്യുന്ന ചടങ്ങ് തമിഴർക്കുണ്ടെങ്കിലും കേരളത്തിലെ തമിഴ് വാണിയർ ഇത് ആചരിക്കുന്നില്ല.

ആകെ ര് പുരുഷന്മാർ മാത്രമാണ് ഇന്ന് പൂണൂൽ ധരിക്കുന്നതായി കാണാനായത്.

## 8.6 ആരാധന

ഒരു ശതമാനം പേർ പോലും സാമുദായിക ആരാധനാകേന്ദ്രമായ മാരിയമ്മൻ കോവിലുകളുമായി സ്ഥിരമായ ബന്ധം പുലർത്തുന്നില്ല. എങ്കിലും എല്ലാവരും നാമമാത്രബന്ധം പുലർത്തുന്നു്. മിക്കപേർക്കും പളനി പോലെ തന്നെ പ്രധാനക്ഷേത്രമാണ് ഗുരുവായൂരും. മധുര മീനാക്ഷി ക്ഷേത്രം, രാമേശ്വരം എന്നീ തീർത്ഥാടനകേന്ദ്രങ്ങൾക്ക് പ്രാധാന്യം നന്നേ കുറഞ്ഞു. അത്യപൂർവ്വമായി മാത്രമാണ് സമുദായാംഗങ്ങൾ അവിടങ്ങൾ സന്ദർശിക്കുന്നത്.

മാടൻചിത്തൻ വളരെക്കാലമായി ആരാധിക്കപ്പെടുന്ന ഒരു സമുദായ ദേവനാണ്. പല വീടുകളിലും മാടൻചിത്തന് വിളക്കും പൂണൂലും നേർച്ചയും പ തിവുായിരുന്നു. എന്നാൽ ഇന്ന് മാടൻചിത്തന്റെ സാന്നിധ്യം മാരിയമ്മൻ കോവിലുകളിലെ ഉപപ്രതിഷ്ഠ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. മാടൻചിത്തൻ പല കാരണവന്മാരിലും വെളിച്ചപ്പെടുന്ന പതിവ് ഇന്ന് തീർത്തും ഇല്ലാതായിട്ടു്. പ ലരും ശൈവ-വൈഷ്ണവ ആരാധനയാണ് പിന്തുടരുന്നത്. പൂർവ്വികാരാധനാ രീതികൾ നാമമാത്രമായാണ് അവശേഷിക്കുന്നത്.

പിതൃക്കളെ ആരാധിക്കുന്ന പതിവ് സമുദായത്തിൽ നിലവിലുാ യിരുന്നു. മരിച്ചുപോയവരുടെ ആത്മാക്കൾ ജീവിച്ചിരിക്കുന്നവരിൽ ചിലരിലൂടെ പ്രവചനവും കല്പനയും നടത്തുമെന്ന വിശ്വാസവും അതനുസരിച്ച് പ്രവർത്തി ക്കുന്ന പതിവും ഉായിരുന്നു. ഈ പതിവ് ഇന്ന് കാണുന്നില്ല.

## 8.7 ഉത്സവാഘോഷങ്ങൾ

മലയാളികളുടെ ഓണത്തിന്റെ സ്ഥാനത്ത് തമിഴർക്ക് ദീപാവലിയും പൊങ്കലും ആണ് ഉത്സവങ്ങൾ. വിധേയസമൂഹം ഇവ മൂന്നും ആഘോഷിക്കുന്നു എങ്കിലും ഓണത്തിന് മലയാളികൾ നൽകുന്നതോ ദീപാവലിക്കും പൊങ്കലിനും തമിഴർ നൽകുന്നതോ ആയ പ്രാധാന്യം നൽകിക്കാണുന്നില്ല. കുടിയേറ്റത്തിന്റെ കാലദൈർഘ്യം ഏറുന്നതനുസരിച്ച് പൊങ്കലിനും ദീപാവലിക്കും പ്രാധാന്യം കുറയുകയും ഓണത്തിനും വിഷുവിനും പ്രാധാന്യം കൂടുകയും ചെയ്തുവരുന്ന തായി കാണാം.

തൈപ്പൊങ്കൽ (മകരപ്പൊങ്കൽ), മാട്ടുപ്പൊങ്കൽ, പൂപ്പൊങ്കൽ (കന്യകമാരുടെ), കാണുംപൊങ്കൽ എന്നിങ്ങനെ തമിഴർക്ക് നാലുതരം പൊങ്കൽ ഉ്. എന്നാൽ സമുദായാംഗങ്ങളിൽ ഭൂരിഭാഗം പേർക്കും മകരപ്പൊങ്കൽ, മാട്ടുപ്പൊങ്കൽ എന്നിങ്ങനെ ര് ഇനത്തേക്കുറിച്ചേ അറിയൂ. അതിൽത്തന്നെ മാട്ടുപ്പൊങ്കൽ ആചരിക്കുന്നുമില്ല. പൂപ്പൊങ്കൽ, കാണുംപൊങ്കൽ എന്നിവയേക്കുറിച്ച് കേട്ടറിവു പോലും പലർക്കും ഇല്ല.

അമ്മൻകൊടയാണ് തമിഴ് വാണിയരുടെ മറ്റൊരു പ്രധാനം ഉത്സവം. ഇതിൽ പങ്കെടുക്കുന്നവർ സമുദായാംഗങ്ങളിൽ പകുതിപോലും വരില്ല. നാട്ടിലുള്ള കേരളീയ ക്ഷേത്രോത്സവങ്ങളിൽ പങ്കെടുക്കാനുള്ള താല്പര്യം പോലും ഇക്കാര്യത്തിൽ സമുദായാംഗങ്ങൾ മിക്കപേരും പ്രകടിപ്പിക്കുന്നില്ല.

## 8.8 അധിവാസരീതി

മാരിയമ്മൻ കോവിലുകളെ കേന്ദ്രീകരിച്ചുകൊുള്ള കൂട്ടായ അധി വാസം സാംസ്കാരികസ്വത്വസംരക്ഷണത്തിന് ഏറെ സഹായകമായിരുന്നു. എന്നാൽ ഇന്ന് അഞ്ചു ശതമാനംപേർ മാത്രമാണ് അപ്രകാരം താമസിക്കുന്നത്.

സമ്പർക്ക സമൂഹാംഗങ്ങളുമായി ഇടകലർന്ന അധിവാസരീതിയാണ് 95% പേരും അനുവർത്തിക്കുന്നത്.

## 8.9 കലയും സാഹിത്യവും

കേരളത്തിലെ തമിഴ് വാണിയരുടെ സാംസ്കാരിക സ്വത്വവുമായി ഏറെ ബന്ധമുള്ള കലാരൂപങ്ങളാണ് വില്ലടിച്ചാൻപാട്ടും മാരിയമ്മൻപാട്ടും. തെക്കൻ ജില്ലകളിൽ വില്ലടിച്ചാൻപാട്ടും പാലക്കാട്, തൃശൂർ ജില്ലകളിൽ മാരിയമ്മൻപാട്ടും പ്രചാരം നേടിയിരിക്കുന്നു. മുൻകാലങ്ങളിൽ മിക്ക സമുദായാംഗങ്ങളും ഈ കലാരൂപങ്ങളുടെയും അതിന്റെ സാഹിത്യത്തിന്റെയും അവതാരകരോ ആസ്വാദ കരോ ആയിരുന്നു. രിന്റെയും സാഹിത്യരൂപം കഥാഗാനങ്ങളാണ്. കലാകാര ന്മാർ അവ പൂർണ്ണമായും ഹൃദിസ്ഥമാക്കിയിരുന്നു. ഈ രു കലാരൂപങ്ങ ളുമായും ബന്ധപ്പെട്ട പ്രശസ്തരും പ്രഗത്ഭരുമായ കലാകാരന്മാരും മുമ്പ് ഉ ായിരുന്നു. എന്നാലിന്ന് മറ്റു പല നാടൻ കലാകാരന്മാരേയും പോലെ ഈ കലാകാരന്മാരുടെയും എണ്ണം വിരലിൽ എണ്ണാവുന്നതു മാത്രമാണ്. ആസ്വാദക രുടെ എണ്ണവും കുറവാണ്. സമുദായത്തിൽ വളരെ കുറച്ചുപേർക്കു മാത്രമേ ഈ കലാരൂപങ്ങളെയും അവയുടെ സാഹിത്യരൂപങ്ങളെയും കുറിച്ച് വ്യക്തമായ രൂപമുള്ളു. മാരിയമ്മൻപാട്ടും വിൽപ്പാട്ടിലെ കണ്ണകി-കോവിലൻ കഥയും മറ്റും വാണിയരുടെ സാംസ്കാരിക സ്വത്വവുമായി ഇഴപിരിക്കാനാവാത്തവിധം ബന്ധ പ്പെട്ടിരിക്കുന്നതുകൊുതന്നെ ആ സാഹിത്യത്തേക്കുറിച്ചുള്ള അറിവ് സ്വത്വ ബോധം തന്നെയാണ്; ആ അറിവിന്റെ നഷ്ടം സ്വത്വബോധത്തിന്റെ നഷ്ടവും.

## 8.10 ജാതിപ്പേര്

നൂറ്റാുകൾക്കു മുമ്പ് വാണിയരുടെ പേരോടൊത്ത് വാണിയൻ എന്ന ജാതിപ്പേര് ചേർത്തിരുന്നു. സ്കറിയാ സക്കറിയയുടെ 'തലശ്ശേരി രേഖകൾ' (1996: 371, 372, 385) എന്ന ഗ്രന്ഥത്തിൽ ഇത്തരം ജാതിപ്പേരിന്റെ പ്രയോഗം ധാരാളമായി കാണാം. ചെട്ടി, ചെട്ട്യാർ എന്നീ പദങ്ങളും ചേർത്തുകാണുന്നു്. ഇന്ന് ചെട്ട്യാർ എന്ന പദമേ ചേർക്കുന്ന പതിവുള്ളു. ചെറുപ്പക്കാരിൽ ആരും ഈ പതിവു തുടരുന്നില്ല. പലരും നായരോ തത്തുല്യരോ നായരേക്കാൾ ഉയർന്ന സവർണ്ണരോ ആണെന്ന നിലയ്ക്കാണ് സ്വയം വിശേഷിപ്പിക്കാറ്. നായർ എന്ന് അറിയ പ്പെടുന്നവർ പലരും ഇന്നു്. നായർ എന്ന മേൽവിലാസം ഉപയോഗിക്കാൻ കഴിയാത്തവർ ജാതിസ്വത്വം മറച്ചുവെക്കാനാണ് ശ്രമിക്കുന്നത്. കേരളീയ സവർണജാതിയായ നായർ സ്വത്വത്തിലേക്ക് മാറാനോ അവരേക്കാൾ ഉയർന്ന കുലജാതരെന്ന് വരുത്തിത്തീർക്കാനോ അത് രിനുമായില്ലെങ്കിൽ ജാതിസ്വത്വം മറച്ചുപിടിക്കാനോ ആണ് കേരളത്തിലെ തമിഴ് വാണിയർ ജാതിസ്വത്വത്തിന്റെ കാര്യത്തിൽ ശ്രമിക്കുന്നത്. സാമൂഹികവും സാംസ്കാരികവുമായ സ്വത്വശൈഥി ല്യത്തിന്റെ വ്യക്തമായ സൂചനയാണിത് കാണിക്കുന്നത്.

### 8.11 പാത്രങ്ങൾ

തമിഴർ വീട്ടിൽ ഉപയോഗിക്കുന്ന പല ലോഹപ്പാത്രങ്ങളും മലയാളികളു ടേതിൽനിന്ന് വ്യത്യസ്തവും തമിഴ് സംസ്കാരത്തിന്റെ ഭാഗവുമാണ് കൂടുതൽ വെള്ളം ശേഖരിച്ചു വെക്കാനുള്ള അാവ്, ചെപ്പുകുടം, കുത്തിപ്പൂണി, മുരട, തൂക്കുമൊന്ത, കിണ്ണം, തമല, ലോട്ട എന്നിവയാണ് അതിൽ പ്രധാനം. മിക്ക വരുടെയും വീടുകളിൽ ഇവ ഉായിരുന്നു. ഇത്തരം പാത്രങ്ങൾ വീടിന്റെ പ്രൗഢിയുടെ ഭാഗമായിരുന്നു. വിവാഹം കഴിഞ്ഞ് വധൂബന്ധുക്കൾ വരന്റെ വീടു കാണാൻ പോകുന്ന ചടങ്ങാണ് 'അടുക്കള കാണൽ'. തദവസരത്തിൽ വധൂഗൃ ഹത്തിൽ നിന്ന് വാഴക്കുല, പച്ചക്കറികൾ, കിടക്ക എന്നിവയോടൊപ്പം പാത്ര ങ്ങളും കൊുനടക്കുക പതിവു്. വധൂപക്ഷത്തിന് പ്രൗഢി കാട്ടാനുള്ള ഒരു

അവസരംകൂടിയാണിത്. ഈ പാത്രങ്ങൾ മിക്കതും ഇന്നും കേരളത്തിലെ തമിഴ് വാണിയരിൽ പലരുടെയും വീട്ടിലുു്. ഇവ ഇല്ലെങ്കിൽ സാമ്പത്തിക പരാധീനത മാത്രമാണ് 'ഇല്ലായ്മ'യ്ക്ക് കാരണം.

## 8.12 സംഗ്രഹം

കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാവസ്ഥയിലെന്നപോലെ ഇതര സാംസ്കാരിക സവിശേഷതകളിലും സമ്പർക്ക സമൂഹമായ മലയാളികളുടെ സംസ്കാരത്തിന്റെ സ്വാധീനം വ്യക്തമാണ്. ഇതിന്റെ ഫലമായി ഭാഷയിലെ ന്നപോലെ ഇതര സാംസ്കാരിക ഘടകങ്ങളിലും ശൈഥില്യം സംഭവിച്ചിട്ടുു്. ഭക്ഷണം, വസ്ത്രം, ആഭരണം എന്നിവ സാധാരണ മലയാളികളുടേതിന് മിക്കവാറും തുല്യമായിക്കഴിഞ്ഞു. കോലമിടുന്നതിൽ പറയത്തക്ക മാറ്റം പ്രകട മല്ല. എന്നാൽ മഞ്ഞൾ തേപ്പ് സ്ത്രീകൾ മിക്കവാറും നിർത്തിക്കഴിഞ്ഞു. പ ൂചൂടുന്ന അളവും സ്വഭാവവും ഏറെ മലയാളികളുടേതിന് സമമായിക്കഴിഞ്ഞു. ആചാരങ്ങളിൽ വൈവാഹികചടങ്ങുകൾ ഏറെ കുറയുകയും മാറുകയും ചെയ്തു. പുളികുടി എന്ന ചടങ്ങ് അത്യപൂർവ്വമായി; പൂണൂൽധാരികളുടെ എണ്ണം വളരെ കുറഞ്ഞു. മാരിയമ്മ, മാടൻ ചിത്തൻ, പിതൃക്കൾ എന്നിവരുടെ ആരാധനയ്ക്ക് പ്രാധാന്യം വളരെ കുറഞ്ഞു. ഉത്സവാഘോഷങ്ങളിലും ശൈഥില്യം വളരെയേറെ സംഭവിച്ചുകഴിഞ്ഞു. അധിവാസരീതിയിൽ മാറ്റം ഏതാ് പൂർണ്ണമാണ്. കലയും സാഹിത്യവും ഭൂരിപക്ഷ സമൂഹത്തിന്റെ സ്വാധീനത്തിൽനിന്ന് മുക്തമല്ല. ജാതിപ്പേരിന്റെ ഉപയോഗവും വളരെ കുറഞ്ഞു. എന്നാൽ തമിഴർ ഉപയോഗിക്കുന്ന പ്രത്യേക ഇനം പാത്രങ്ങൾ ഇന്നും വിധേയസമൂഹം മിക്കവാറും ഉപയോഗിക്കുന്നു്.

ചുരുക്കത്തിൽ ഭാഷയിലെന്നപോലെ ഇതര സാംസ്കാരിക സവിശേഷതകളിലും വിധേയസമൂഹത്തിൽ വ്യവസ്ഥയില്ലായ്മയാണ് നിലനിൽക്കുന്നത്. ഏതാനും തമിഴക സവിശേഷതകൾ നിലനിർത്തുന്നതോടൊപ്പം പല കാര്യങ്ങളിലും തനി മലയാളികളായി മാറിക്കഴിഞ്ഞിട്ടു് വിധേയസമൂഹം.

അധ്യായം 9

# ഉപസംഹാരം

## അധ്യായം 9

# ഉപസംഹാരം

### 9.1 ആമുഖം

ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ഒരു സമൂഹത്തിന്റെ ഭാഷാനഷ്ടം എന്നത് സാംസ്കാരികസ്വത്വനഷ്ടം തന്നെയാണ്. നിലവിലുായിരുന്ന സാമൂഹികവും സാംസ്കാരികവുമായ സ്വത്വത്തിൽനിന്ന് സമ്പർക്കസമൂഹത്തിനിടയ്ക്കുള്ള നിലനിൽപ്പ് സുരക്ഷിതമാക്കാൻ നടത്തുന്ന ബോധപൂർവ്വവും അബോധപൂർവ്വവുമായ നിരവധി പരിശ്രമങ്ങളുടെ ഭാഗമാണ് ഭാഷാപരവും ഭാഷേതരവുമായ ആദേശത്തിനടിസ്ഥാനം. മാതൃഭാഷ നഷ്ടപ്പെട്ട് മറ്റൊരു ഭാഷ മാതൃഭാഷയായി സ്വീകരിക്കുന്ന സമൂഹങ്ങൾ ആ പ്രക്രിയ പൂർണ്ണമാകുന്നതിനിടയ്ക്ക് സങ്കീർണ്ണമായ നിരവധി അവസ്ഥകളിലൂടെ കടന്നു പോകുന്നു്. ഭാഷാപരവും ഭാഷേതരവുമായ സാംസ്കാരികശൈഥില്യമാണ് അതിൽ പ്രധാനം. സമ്പർക്കത്തിലേർപ്പെട്ടിരിക്കുന്ന പൊതുസമൂഹത്തിനിടയ്ക്ക് സുരക്ഷിതത്വവും മാന്യതയും ലഭിക്കാൻ മാതൃഭാഷ സഹായകമാണെങ്കിൽ ആ ഭാഷ നഷ്ടപ്പെടാതിരിക്കാനും അതിലുള്ള പ്രാവീണ്യം നേടാനും നിലനിർ ത്താനും സമൂഹം ജാഗ്രത പുലർത്തുന്നു. മാതൃഭാഷ സാമൂഹിക മാന്യതയ്ക്കും സുരക്ഷിതത്വത്തിനും ഭീഷണിയാകുമ്പോൾ സമൂഹത്തിന്റെ മനോഭാവം നേർവിപരീതമായിരിക്കും.

കേരളത്തിലെ തമിഴ് വാണിയരുടെ സാമൂഹികാവസ്ഥ വ്യത്യസ്ത കാല ദേശങ്ങളിൽ വിഭിന്നമായിരുന്നു. (c.f. 3.9 & 3.19). കേരളത്തിലെ തമിഴ് വാണിയർക്ക് സ്വസമുദായത്തെക്കുറിച്ച് വ്യത്യസ്താഭിപ്രായവും മനോഭാവവു മാണുള്ളത്. സവർണരായ വൈശ്യരും പൂണൂലിനും വേദാധ്യയനത്തിനും അവകാശമുള്ള ഉന്നതകുലജാതരുമാണ് തങ്ങൾ എന്നും പൂർവ്വികരായ കണ്ണകിയേപ്പോലുള്ളവർ അക്കാല രാജാക്കന്മാരേക്കാൾ സമ്പന്നരായിരുന്നു വെന്നും പിൽക്കാലത്ത് പലവിധ അധഃപതനം നേരിട്ടെങ്കിലും കുലമഹിമയിൽ തങ്ങൾ ഒട്ടും പിന്നിലല്ലെന്നും വിശ്വസിക്കുന്നവരും തങ്ങൾ പലതരത്തിലും പ ിന്നോക്കജാതിയാണെന്നു വിശ്വസിക്കുന്നവരും ഇവർക്കിടയിൽ ഉ്. ഈ വ്യത്യസ്ത വിശ്വാസം വിരുദ്ധവും വ്യത്യസ്തവുമായ മനോഭാവത്തിനും വഴിവെ ച്ചിട്ടു്. ഈ അവസ്ഥ ഇതര ഭാഷാന്യൂനപക്ഷ സമൂഹങ്ങളിൽനിന്ന് കേരള ത്തിലെ തമിഴ് വാണിയരെ തികച്ചും വ്യത്യസ്തരാക്കുന്നു. നൂറ്റാനകം കുടി യേറിയവരിൽ 36% ഇന്നും ഗൃഹാന്തരീക്ഷത്തിൽ തമിഴാണ് ഉപയോഗിക്കുന്നത്; നൂറ്റാനു മുമ്പ് കുടിയേറിയവരിൽ മൂന്നു ശതമാനവും. ചാർച്ചപ്പേരുകളു ടെയും ബന്ധസംബോധനകളുടെയും കാര്യത്തിലാകട്ടെ പഴയ കുടിയേറ്റക്കാ രിലും മാറ്റം നാമമാത്രമാണ്.

## 9.2. നിഗമനങ്ങൾ

തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് കുടിയേറിപ്പാർക്കുന്ന തമിഴ് വാണി യരുടെ ഭാഷയിലും സംസ്കാരത്തിലും എത്രത്തോളം ആദേശവും സംരക്ഷ ണവും നടന്നിരിക്കുന്നുവെന്ന് അന്വേഷിക്കുന്ന ഈ പഠനത്തിൽനിന്നും ഉരുത്തി രിഞ്ഞുവന്ന നിഗമനങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

1. മിക്ക ന്യൂനപക്ഷ ഭാഷാസമൂഹങ്ങളുടേതുമെന്നപോലെ കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷയും സംസ്കാരവും സമ്പർക്കത്തിലേർപ്പെട്ടി

രിക്കുന്ന ഭൂരിപക്ഷസമൂഹമായ മലയാളികളുടേതിനോട് ഉന്മുഖമായ പരിണാമത്തിന് വിധേയമായിട്ടു്.

2. കേരളീയ സമൂഹത്തിൽ തമിഴ് വാണിയരുടെ സാമൂഹികനില കാലദേശാന്തരങ്ങളിൽ വ്യത്യസ്തമായതിനാൽ ഭാഷാമനോഭാവത്തിലും സംരക്ഷണത്തിലും മറ്റു ഭാഷാന്യൂനപക്ഷങ്ങളുടേതിനോട് വ്യത്യസ്തത പുലർത്തുന്നു്; ഭാഷാസ്വത്വവും സാമൂഹികസ്വത്വവും ചിലർക്ക് അഭിമാനകരവും മറ്റു ചിലർക്ക് അപമാനകരവുമായതിനാൽ മനോഭാവത്തിന്റെയും സംരക്ഷണത്തിന്റെയും തീവ്രത ചിലരിൽ കൂടിയും ചിലരിൽ കുറഞ്ഞുമിരിക്കുന്നു. അതിനാൽ സമൂഹത്തിന്റെ ആകെ അവസ്ഥ മധ്യസ്ഥിതമാണ്.

3. കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാസ്വത്വവും ഭാഷേതര സാംസ്കാരിക സ്വത്വവും ഒരുപോലെ ശിഥിലാവസ്ഥയിലാണ്. ഈ സമൂഹം പലനിലയ്ക്കും മലയാളിസമൂഹത്തോട് സ്വത്വൈക്യം പ്രാപിച്ചിട്ടുെങ്കിലും പല വ്യതിരിക്തസ്വത്വാംശങ്ങളും നിലനിർത്തുന്നുമു്. അതുപോലെ അവരുടെ മാതൃഭാഷയും മിക്കവാറും മലയാളമായി മാറിയിട്ടുെങ്കിലും തമിഴ് ഭാഷയുടെ ചില അംശങ്ങൾ ഇന്നും അവർ നിലനിർത്തുന്നു്. (c.f. 1.2 & 8.12)

4. തികച്ചും വ്യക്തിപരമായ ഭാഷാമേഖലയായ സംഗീതാസ്വാദനത്തിൽ കേരളത്തിലെ തമിഴ്വാണിയരുടെ ഭാഷയിൽ ആദേശം പ്രകടമാണ്. (c.f. 5.3.1.1.1)

5. കുടുംബപരമായ ഭാഷാമേഖലകളിൽപ്പെടുന്ന കുടുംബാംഗങ്ങളുമായുള്ള ആശയവിനിമയം, താരാട്ട്, കുട്ടികളോട് പറയുന്ന കഥകൾ, വീടുകളിലെ

മതഗ്രന്ഥങ്ങൾ എന്നിവയിൽ ഭാഷ–ആദേശ പ്രവണത നിലനിൽക്കുന്നു. (c.f. 5.3.1.2)

6. സാമുദായികാരാധനാലയങ്ങളിലെ പൂജയും പ്രാർത്ഥനയും, ലൗകികവിഷ യങ്ങളിലുള്ള ആശയവിനിമയം എന്നീ സാമുദായിക ഭാഷാമേഖലകളിൽ വിധേയസമൂഹം വ്യക്തമായ ഭാഷ–ആദേശപ്ര ക്രിയയ്ക്ക് വിധേയമായിക്ക ഴിഞ്ഞിട്ടു്. (c.f. 5.3.1.3)

7. മലയാളികളോടുള്ള ആശയവിനിമയം, തമിഴരോടുള്ള ആശയവിനിമയം, ഭാഷാസങ്കലനം, വിവാഹക്ഷണക്കത്ത് എന്നീ സാമൂഹികഭാഷാമേഖല കളിലും വിധേയസമൂഹം പ്രകടമായ ഭാഷ–ആദേശത്തിന് വിധേയമായി ട്ടു്. (c.f. 5.3.1.4)

8. പത്രങ്ങൾ, ആനുകാലികങ്ങൾ, സിനിമ, റേഡിയോ, ടിവി എന്നിവ ഉപയോ ഗിക്കുന്ന ഭാഷാമേഖലകളിലും ഭാഷ–ആദേശപ്രവണതയ്ക്കാണ് മുൻ തൂക്കം. (c.f. 5.3.1.5)

9. കുടിയേറ്റ കാലദൈർഘ്യം കുറഞ്ഞവരിൽ കൂടിയവരിലേതിനേക്കാൾ ഭാഷാമനോഭാവം മാതൃഭാഷയായ തമിഴിന് അനുകൂലവും സംരക്ഷണ ത്തോത് കൂടുതലുമാണ്. (c.f. 5.3.1.6.1)

10. സ്വസമുദായാംഗങ്ങളുടെ കൂടെ കൂട്ടമായി അധിവസിക്കുന്നവർക്കിടയിൽ ഒറ്റതിരിഞ്ഞു താമസിക്കുന്നവരിലേക്കാൾ നൈപുണികളുടെ അളവും ഭാഷാനുകൂല മനോഭാവത്തിന്റെ തീവ്രതയും കൂടുതലാണ്. (c.f. 5.3.1.6.2)

11. 1-നും 30-നും ഇടയിൽ പ്രായമുള്ളവരിലേക്കാൾ 60-ന് മുകളിൽ പ്രായമായവരിൽ ഭാഷാസംരക്ഷണത്തിന്റെ അളവും ഭാഷാനുകൂല മനോഭാവ തീവ്രതയും കൂടുതലാണ്. എന്നാൽ 31-നും 60-നും ഇടയിൽ പ്രായമുള്ളവർ 60-നു മുകളിൽ പ്രായമായവരേക്കാൾ മനോഭാവത്തിലും സംരക്ഷണത്തിലും മുന്നിൽ നിൽക്കുന്നു. (c.f. 5.3.1.6.4)

12. സാധാരണ ഭാഷാ ന്യൂനപക്ഷങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ തമിഴ് വാണിയരിലെ സ്ത്രീകളിൽ പുരുഷന്മാരിലേക്കാൾ ഭാഷാ സംരക്ഷണത്തിന്റെയും മനോഭാവത്തിന്റെയും തീവ്രത കുറവാണ്. (c.f. 5.3.1.6.3)

13. വിദ്യാഭ്യാസ നിലവാരത്തിലുള്ള വ്യത്യാസം ഭാഷാസംരക്ഷണം, ആദേശം, മനോഭാവം, നൈപുണികൾ എന്നിവയിൽ പ്രകടമായ സ്വാധീനം ചെലുത്തിയിട്ട്; വിദ്യാഭ്യാസപരമായി ഉയരുന്തോറും കേരളത്തിലെ തമിഴ് വാണിയർക്കിടയിൽ ഭാഷാസംരക്ഷണതീവ്രത കുറയുകയും ഭാഷ-ആദേശ തീവ്രത കൂടുകയും ചെയ്യുന്നു. (c.f. 5.3.1.6.5 & 6.7.11)

14. സാമ്പത്തിക-സാമൂഹിക സ്ഥിതിയിലുള്ള വ്യത്യാസം കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാവസ്ഥയിലും വ്യത്യാസം വരുത്തുന്നു; സാമ്പത്തിക പുരോഗതി നേടുന്നതിനനുസരിച്ച് ഭാഷാസ്വത്വത്തിൽനിന്ന് സമൂഹം കൂടുതൽ അകന്നുപോകുന്നു; സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിലാണ് ഭാഷാസംരക്ഷണ തീവ്രത കൂടുതൽ ശക്തമായി കാണുന്നത്. (5.3.1.6.6 & 6.7.12)

15. കേരളത്തിലെ തമിഴ് വാണിയർ സാമൂഹിക സാഹചര്യങ്ങളിൽ പലതിലും മാതൃഭാഷയായിരുന്ന തമിഴ് പൂർണ്ണമായും ഉപേക്ഷിച്ചു കഴിഞ്ഞു. എന്നാൽ ഗാർഹിക സാഹചര്യങ്ങളിൽ ഇന്നും ചിലർ തമിഴ് നിലനിർത്തുന്നു്. (c.f. 5.3.1.2 & 7.3.1)

16. സാധാരണ മലയാളിക്ക് അറിയുന്നതിനേക്കാൾ കൂടുതലായി തമിഴ് വശമില്ലാത്തവരും തങ്ങളുടെ മാതൃഭാഷ തമിഴല്ല മലയാളമാണെന്ന് അവകാശപ്പെടുന്നവരുമായവർ പോലും ഇന്നും ചാർച്ചപ്പേരുകളിലും ബന്ധസംബോധനകളിലും മിക്കവാറും തമിഴ് സംരക്ഷിക്കുന്നു്. (c.f. 7.3.1)

17. കേരളത്തിലെ തമിഴ് വാണിയർ വീടുകളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നില്ല. എന്നാൽ മറ്റു മേഖലകളിൽ പലപ്പോഴും ഉപയോഗിക്കുന്നു്. മലയാളികളോടും തമിഴരോടും ഒരേസമയം സംവദിക്കാൻ ഇംഗ്ലീഷിന്റെ സഹായം പലപ്പോഴും തേടുന്നു്; ഭാഷാപ്രയോഗലാളിത്യത്തിനും ഇംഗ്ലീഷ് പ്രയോജനപ്പെടുത്തുന്നു. (c.f. 5.3.1.4.3 & 7.3)

18. ഭാഷാഘടകങ്ങളായ സ്വനിമ-രൂപിമ-വ്യാകരണ തലങ്ങളിൽ ഭാഷ-ആദേശം സുവ്യക്തമാണ്. (c.f. 72., 7.3 & 7.4)

19. മലയാളത്തിന്റെ സ്വനിമങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളാനായിട്ടുങ്കിലും പലയിടങ്ങളിലും തമിഴ്മലയാള സ്വനിമങ്ങൾ പരസ്പരം വ്യാപനം ചെയ്ത് മിശ്രണം സംഭവിച്ച സ്ഥിതി നിലനിൽക്കുന്നു്. (c.f. 7.2)

20. പദതലത്തിലും വിധേയസമൂഹത്തിന്റെ ഭാഷയിൽ സങ്കലനം നിലനിൽക്കുന്നു. മലയാളത്തിന്റെ എല്ലാ പദങ്ങളുടെയും സൂക്ഷ്മാർത്ഥം ഉൾക്കൊ

ള്ളാൻ ഇനിയും സാധിച്ചിട്ടില്ല. തമിഴ് പദങ്ങളിൽ പലതിന്റെയും സൂക്ഷ്മാർത്ഥബോധം നഷ്ടപ്പെട്ടിട്ടുമുണ്ട്. (c.f. 7.3)

21. വ്യാകരണത്തിലും സ്വത്വശൈഥില്യം വ്യക്തമാണ്. മലയാള വ്യാകരണം മിക്കവാറും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ചില അവസരങ്ങളിൽ തമിഴ് വ്യാകരണത്തനിമ കൂടിക്കലരുന്നത് ഒഴിവാക്കാൻ സാധിച്ചിട്ടില്ല. (c.f. 7.4)

22. ഭാഷാസ്വത്വത്തിലും ഭാഷേതരസ്വത്വത്തിലും സംഭവിച്ചിട്ടുള്ള ശൈഥില്യം പരസ്പരം അനുപൂരകങ്ങളാണ്. (c.f. 8.12)

23. കേരളത്തിലെ തമിഴ് വാണിയരുടെ ഭാഷാനൈപുണികളിലും ശൈഥില്യം സംഭവിച്ചിട്ടുണ്ട്. ഒരു ഭാഷയിലും പ്രാവീണ്യം ലഭിക്കാത്തവരാണ് പലരും. (c.f. 6.7.13)

24. ഭാഷാനൈപുണികളുടെ സംരക്ഷണാദേശാദികളിലും സാമൂഹിക ചരങ്ങൾക്കനുസൃതമായ വ്യത്യാസം ദൃശ്യമാണ്. ഏവർക്കും തമിഴും മലയാളവും കേട്ടാൽ മനസ്സിലാകുമെങ്കിലും 86% പേർക്കേ തമിഴ് സംസാരിക്കാനറിയൂ. എന്നാൽ മലയാളം സംസാരിക്കാൻ എല്ലാവർക്കും അറിയാം. 40% പേർക്കേ തമിഴ് വായിക്കാനറിയൂ. എന്നാൽ 96% പേർക്ക് മലയാളം വായിക്കാനറിയാം. തമിഴ് എഴുതാനറിയുന്നവർ 36%-വും മലയാളം എഴുതാനറിയുന്നവർ 96%-വുമാണ്. തമിഴും ഇതരഭാഷകളുമായി ഭാഷാന്തരണം സാധിക്കുന്നവർ 54%-വും മലയാളവും ഇതരഭാഷകളുമായി ഭാഷാന്തരണം സാധിക്കുന്നവർ 88%-വുമാണ്. (c.f. 6.7.13)

25. സർഗ്ഗാത്മകരചനാശേഷിയാണ് ഒരു ഭാഷയിലെ ഏറ്റവും ഉന്നതമായ ശേഷിയായി കണക്കാക്കാവുന്നത്. തമിഴിലോ മലയാളത്തിലോ സർഗ്ഗാത്മക രചനാശേഷിയുള്ള ആരും വിശേഷപഠനത്തിന് വിധേയരായവരിലില്ലെങ്കിലും മലയാളത്തിൽ സർഗ്ഗാത്മക രചനാശേഷി സ്വായത്തമാക്കിയ പലരെയും മറ്റിടങ്ങളിൽ കാണാനായി. ഇതിന്റെ വെളിച്ചത്തിൽ കേരളത്തിലെ തമിഴ് വാണിയരുടെ മാതൃഭാഷ മിക്കവാറും മലയാളമായി മാറിക്കഴിഞ്ഞു എന്ന നിഗമനത്തിലാണ് പഠനത്തിൽനിന്ന് എത്തിച്ചേരാനാകുന്നത്. ഇതര വസ്തുതകളും ഈ നിരീക്ഷണത്തെ സാധൂകരിക്കു ന്നു്. (c.f. 6.7.6 & 6.7.13)

## 9.3. പഠനപരിമിതി

കേരളത്തിലെ തമിഴ് വാണിയർ തമിഴകത്തിന്റെ പല പ്രദേശങ്ങളിൽനിന്ന് കുടിയേറിയവരാണ്. മുമ്പുായിരുന്ന തമിഴ്നാടൻ പ്രദേശത്തിന്റെയും ഇന്ന് അധിവസിക്കുന്ന പ്രദേശത്തിന്റെയും യഥാക്രമം തമിഴ്-മലയാള ഭാഷകളിലുള്ള പ്രാദേശികവ്യത്യാസം അവരുടെ ഭാഷയെ സ്വാധീനിച്ചിരിക്കും. ഈ വ്യത്യാസങ്ങൾ പരിഗണിച്ചുകൊുള്ള പഠനം ദുഷ്കരമാണ് എന്നതിനാൽ ഭാഷേതര സാംസ്കാരികസ്വത്വം പഠിക്കാൻ കേരളത്തിന്റെ മിക്കവാറും ജില്ലകൾ പരിഗണിച്ചെങ്കിലും ഭാഷാപരമായ സൂക്ഷ്മപഠനത്തിന് കോഴിക്കോട് ജില്ലയിലെ തമിഴ് വാണിയരെ മാത്രമാണ് തെരഞ്ഞെടുത്തത്.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


അഭയദേവ്. 1985(1969). ***ഹിന്ദി മലയാളം നിഘു***. കോട്ടയം: എൻ.ബി.എസ്.

അയ്യർ, എ.എസ്.പി. 1949. ***മണിമേഖല***. വിവ: സി.എസ്. സുബ്രഹ്മണ്യൻ പോറ്റി. തിരുവനന്തപുരം: ഡി.സി. ബുക്സ് ഡിപ്പോ.

ഉഷാ നമ്പൂതിരിപ്പാട്. 1994. ***സാമൂഹികഭാഷാവിജ്ഞാനം***. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കരുണാകരൻ, തിരുനല്ലൂർ. 1965. ***മലയാളഭാഷാപരിണാമം - സിദ്ധാന്തങ്ങളും വസ്തുതകളും***. തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്.

കർത്താ, പി.സി. 2001. ***പഴഞ്ചൊൽ പ്രബന്ധം***. കോട്ടയം: ഡി.സി.ബുക്സ്.

കുഞ്ഞൻപിള്ള, പി.എൻ. ഇളംകുളം. 1967. ***കേരളം അഞ്ചും ആറും നൂറ്റാ കളിൽ***. കോട്ടയം: എൻ.ബി.എസ്.

----------. 1969. ***കേരളഭാഷയുടെ വികസനപരിണാമങ്ങൾ***. കോട്ടയം: നാഷ ണൽ ബുക്സ്റ്റാൾ.

----------. 1970/1965/1959. ***അന്നത്തെ കേരളം***. കോട്ടയം: എൻ.ബി.എസ്.

----------. 1984. ***കേരളഭാഷയുടെ വികാസപരിണാമങ്ങൾ***. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം.

കുറുപ്പ്, കെ.കെ.എൻ. 2004. ***പഴശ്ശി സമരരേഖകൾ***. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

കൃഷ്ണൻചെട്ടിയാർ, വി. 1984. വിൽപ്പാട്ട് പുനരുദ്ധരിക്കപ്പെടേ ഒരു കലാരൂപം, ***കേരള വണികവൈശ്യസംഘം - സ്മരണിക***. തിരുവനന്തപുരം.

കൃഷ്ണൻചെട്ടിയാർ, പി.എൻ. 1984. വണികവൈശ്യരും ഗരുഡക്കൊടിയും, ***കേരള വണികവൈശ്യസംഘം - സ്മരണിക***. തിരുവനന്തപുരം.

കൃഷ്ണപിള്ള, എൻ. 1975. ***കൈരളിയുടെ കഥ***. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ഗണേശ്, കെ.എൻ. 1990. ***കേരളത്തിന്റെ ഇന്നലെകൾ***. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്.

ഗിരീഷ്, പി.എം. 1992. മലയാളത്തിലെ ആചാരഭാഷ, ***അപ്രകാശിത എം.ഫിൽ. പ്രബന്ധം***. കോഴിക്കോട്: കാലിക്കറ്റ് സർവ്വകലാശാല.

----------. 1998. ***കേരളത്തിലെ ആചാരഭാഷ***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗുർട്ട്, ഹെർമൻ. 1962. ***മലയാളഭാഷാവ്യാകരണം***. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

ഗോപാലകൃഷ്ണൻ, പി.കെ. 1987/1974. ***കേരളത്തിന്റെ സാംസ്കാരികചരിത്രം***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപാലപിള്ള, കെ.എൻ. 1948. ***കേരളമഹാചരിത്രം ഒന്നാംഭാഗം***. തിരുവനന്തപുരം: ടി സുബ്ബയ്യറെഡ്യാർ പ്രസ്സ് & ബുക്ക് ഡിപ്പോ.

----------. 1949. ***കേരളമഹാചരിത്രം രാംഭാഗം***. തിരുവനന്തപുരം: ടി. സുബ്ബയ്യാ റൈഡ്യാർ പ്രസ്സ് & ബുക്ക് ഡിപ്പോ.

ഗോവിന്ദൻനായർ, ഇടശ്ശേരി. 1980. ***പദ്യമഞ്ജരി***, രാംഭാഗം. കോഴിക്കോട് സർവ്വകലാശാല.

ചന്ദ്രൻ കോട്ടച്ചേരി. 1993. ജാതി ഒന്ന്; പേര് പലത്, ***കേരള വണികവൈശ്യ സംഘം - കനകജൂബിലി സ്മരണിക***. തിരുവനന്തപുരം.

ചന്ദ്രൻ നാലാപ്പാടം. 1993. ഉത്തരകേരളത്തിലെ വാണിയരും മുച്ചിലോടും സംഘത്തിന്റെ രൂപീകരണവും, ***കേരള വണികവൈശ്യസംഘം - കനകജൂബിലി സ്മരണിക***. തിരുവനന്തപുരം.

ചെട്ടിയാർ, എസ്.സി. 1993. സമുദായാചാരങ്ങളും അവയുടെ ഏകീകരണവും, ***കേരള വണികവൈശ്യസംഘം - കനകജൂബിലി സ്മര***ണിക. തിരുവ നന്തപുരം.

ചെന്താരശ്ശേരി, റ്റി.എച്ച്.പി. 1983/1970. ***കേരളചരിത്രത്തിലെ അവഗണിക്കപ്പെടുന്ന ഏടുകൾ***. തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്.

ജോണി, ഒ.കെ. 2004/2002/2001. ***വയനാട് രേഖകൾ***. കോഴിക്കോട്: പാപ്പിയോൺ.

ജോൺ പി. കോശി. 1967. ***വിദ്യാർത്ഥിമിത്രം മലയാളം എൻസൈക്ലോപീഡിയ***. കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്ക് ഡിപ്പോ.

ജോസഫ്, ഇടമറുക്. 1971. ***കേരളസംസ്കാരം***. കോട്ടയം: വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ.

ജോസഫ്, പി.എം. 1984. ***മലയാളത്തിലെ പരകീയപദങ്ങൾ***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ്ജ്, സി.ജെ. 1991. മലബാറിലെ തിരുവിതാംകൂർ കുടിയേറ്റക്കാരുടെ വാമൊഴിയിലെ സംരക്ഷണവും പരിണാമവും: ഒരു സാമൂഹികഭാഷാ ശാസ്ത്രപഠനം, ***അപ്രകാശിത എം.ഫിൽ പ്രബന്ധം***. കാലിക്കറ്റ് സർവ്വകലാശാല.

തമ്പുരാൻ, ആർ.ആർ. 1982. ***കേരളത്തിലെ കൊങ്കിണികളുടെ ഭാഷ***. ഗവേഷണ പ്രബന്ധം, അപ്രകാശിതം.

----------. 1990. ***പാലക്കാട്, തൃശൂർ, തിരുവനന്തപുരം ജില്ലകളിലെ തമിഴരുടെ ഭാഷ***. ഗവേഷണപ്രബന്ധം, അപ്രകാശിതം.

നാരായണൻകുട്ടി മേലങ്ങത്ത്. 2003. ***സംഘസാഹിത്യചരിത്രം***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാരായണൻ, കെ.വി. 1984. മുച്ചിലോട്ട് ഭഗവതി, ***കേരള വണികവൈശ്യസംഘം സ്മരണിക***. തിരുവനന്തപുരം.

പത്മനാഭൻ ചെട്ടിയാർ, എം. 1993. സംഘം പ്രവർത്തനം - ഒരു തിരിഞ്ഞുനോട്ടം, ***കേരള വണികവൈശ്യസംഘം കനകജൂബിലി സ്മരണിക***. തിരുവനന്തപുരം.

പദ്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം. 1991. ***ശബ്ദതാരാവലി***. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം.

പദ്മനാഭമേനോൻ, കെ.പി. 1989. ***കൊച്ചിരാജ്യചരിത്രം***. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

പരമേശ്വരൻ ചെട്ടിയാർ, കെ.കെ. 1993. സംഘം പ്രവർത്തനം - ഒരവലോകനം, ***കേരള വണികവൈശ്യസംഘം കനകജൂബിലി സ്മരണിക***. തിരുവനന്തപുരം.

പാർവ്വതി, എസ്. 1994. വിഭക്തി മലയാളത്തിൽ. ***വിജ്ഞാനകൈരളി*** 4(3).

പ്രഭാകരവാര്യർ, കെ.എം. 1982. ***ഗവേഷണപദ്ധതി***. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

----------. 1982. ***പൂർവ്വ കേരളഭാഷ***. മദിരാശി: മദിരാശി സർവ്വകലാശാല.

----------. 1983. ***സ്വനിമവിജ്ഞാനം***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

----------. 1988. ***മൊഴിയും പൊരുളും***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

----------. 1999. ***ഭാഷാവലോകനം***. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

പ്രബോധചന്ദ്രൻ, വി.ആർ. 1980. ***സ്വനവിജ്ഞാനം***. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാബു പയ്യന്നൂർ. 1993. ശ്രീ മുച്ചിലോട്ട് ഭഗവതി, ***കേരള വണികവൈശ്യസംഘം കനകജൂബിലി സ്മരണിക***. തിരുവനന്തപുരം.

ബാബുരാജ് കെ.കെ. 1993. പാണന്മാരുടെ ഗൂഢഭാഷ, ***അപ്രകാശിത എം.ഫിൽ. പ്രബന്ധം***. കോഴിക്കോട് സർവ്വകലാശാല.

ബാലകൃഷ്ണൻ, പി.കെ. 1983. ***ജാതിവ്യവസ്ഥയും കേരളചരിത്രവും***. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ബാലകൃഷ്ണൻ, ബി.സി. 1985. ***മലയാളമഹാനിഘണ്ടു***. കേരള സർവ്വകലാശാല.

ബാലകൃഷ്ണൻ, വി. (എഡി.) . ***വിദ്യാർത്ഥിമിത്രം: മലയാളം എൻസൈക്ലോപീഡിയ***. കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്ക് ഡിപ്പോ.

ബാലകൃഷ്ണൻ, വി. & ലീലാദേവി, ആർ. 1973. ***സംസ്കൃതമലയാള നിഘണ്ടു***. കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ് & ബുക്ക് ഡിപ്പോ.

ബുക്കാനൻ, ഫ്രാൻസിസ്. 1981. ***ബുക്കാനന്റെ കേരളം***. വിവ: സി.കെ. കരിം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബുൽക്കെ കാമിൽ. 1978. ***രാമകഥ ഉത്ഭവവും വളർച്ചയും***. വിവ: അഭയദേവ്. തൃശൂർ: കേരള സാഹിത്യ അക്കാദമി.

ബേബി, എം.എ. 2002/2001. ***നോം ചോംസ്കി***. കോട്ടയം: ഡി.സി.ബുക്സ്.

ഭാസ്കരനുണ്ണി, പി. 1998. ***പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം***. തൃശൂർ: കേരള സാഹിത്യ അക്കാദമി.

ഭാസ്കരപ്പണിക്കർ, പി.ടി. 1972. ***വിശ്വവിജ്ഞാനകോശം***. വാള്യം 9. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

മാണി, വെട്ടം. 1989/1964. ***പുരാണിക് എൻസൈക്ലോപീഡിയ***. തൃശൂർ: കറന്റ് ബുക്സ്.

മാർക്കോസ്, വി.പി. 1992. കോഴിക്കോട് നഗരത്തിലെ തമിഴ് ബ്രാഹ്മണരുടെ ഭാഷാപരിരക്ഷണവും ഭാഷാമാറ്റവും, ***അപ്രകാശിത എം.ഫിൽ. പ്രബന്ധം***, മലയാളവിഭാഗം. കോഴിക്കോട് സർവ്വകലാശാല.

മുഹമ്മദ്കോയ, പരപ്പിൽ. 1994. ***കോഴിക്കോട്ടെ മുസ്ലീംകളുടെ ചരിത്രം***. കോഴിക്കോട് സർവ്വകലാശാല, പ്രസിദ്ധീകരണവിഭാഗം.

രാഘവൻ പയ്യനാട്. 1986. ***ഫോക്‌ലോർ***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാഘവവാര്യർ, എം.ആർ. & രാജൻ ഗുരുക്കൾ. 1991. ***കേരളചരിത്രം***. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാജരാജവർമ്മ, ഏ.ആർ. 1999. ***കേരളപാണിനീയം***. കോട്ടയം: ഡി.സി. ബുക്സ്.

രാമകൃഷ്ണൻ ദേശമംഗലം; റഷീദ്; & ഹേമലത ജി. 1974. ***ഭാഷാശാസ്ത്ര ദർപ്പണം***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ലോഗൻ, വില്യം. 1985. ***ലോഗന്റെ മലബാർ മാന്വൽ***. കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്.

വിശ്വനാഥൻനായർ, പി. (വ്യാഖ്യാനം) 1975. ***ചിലപ്പതികാരം***. തൃശൂർ: കേരള സാഹിത്യ അക്കാദമി.

വിഷ്ണുനമ്പൂതിരി, എം.വി. 1989. ***ഫോക്‌ലോർ നിഘണ്ടു***. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വേണുഗോപാലപ്പണിക്കർ, ടി.ബി. 1970. ആചാരഭാഷ, ***വിശ്വവിജ്ഞാനകോശം***, വാല്യം 1. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

വേലായുധൻ, ഏ.ആർ. 2000. വാണിയസമുദായം പാലക്കാട് ജില്ലയിൽ, ***കേരള വണികവൈശ്യസംഘം സ്മരണിക***. തിരുവനന്തപുരം.

ശങ്കുണ്ണി കൊട്ടാരത്തിൽ. 1964. ***ഐതിഹ്യമാല*** (അഞ്ചാംഭാഗം). തൃശ്ശിവപേരൂർ: മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്.

ശിവശങ്കരപ്പിള്ള, പി.കെ. 1979. ***കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ***, (സംശോധിത സംസ്കരണം). തൃശൂർ: കേരള സാഹിത്യ അക്കാദമി.

ശിവാനന്ദൻ ചെട്ടിയാർ. 1984. വണികവൈശ്യരുടെ പ്രാദേശിക മനസ്ഥിതി ഒരു വിപത്ത്, ***കേരള വണികവൈശ്യസംഘം സുവനീർ***. തിരുവനന്തപുരം.

ശ്രീധരമേനോൻ, വൈലോപ്പിള്ളി. 1980. ***കടൽക്കാക്കകൾ***. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

ശ്രീനിവാസൻ, ജി.എസ്. 1963. ***ശ്രീമദ്വാല്മീകി രാമായണം***. പാലക്കാട്: രാമായണ പബ്ലിഷിംഗ് ഹൗസ്.

സുകുമാരൻ വി. 1990. മലയാളത്തിലെ സ്വനിമങ്ങളും അക്ഷരങ്ങളും, ***മലയാള ഭാഷാപഠനങ്ങൾ.*** പ്രഭാകരവാര്യർ, കെ.എം. & രവീന്ദ്രൻ, പി.എൻ. (എഡി.) തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സുബ്രഹ്മണ്യൻ, എൻ. 2003. ***സംഘകാല ഭരണസംവിധാനം***. കോട്ടയം: ഡി.സി. ബുക്സ്/ഐ.സി.എസ്.ആർ.

സോമശേഖരൻനായർ, പി. 1973. ***ഭാഷാഭേദവിജ്ഞാനം***. കോട്ടയം: നാഷണൽ ബുക്സ്.

----------. 1985. ഭാഷയും സമൂഹവും. ***ഭാഷാപോഷിണി*** 7(5).

സോമനാഥൻ, പി. 1991. കുടുംബബന്ധങ്ങളും സംബോധനാരൂപങ്ങളും അടിസ്ഥാനമാക്കി ഒരു സാമൂഹ്യശ്രേണീപഠനം, ***അപ്രകാശിത എം.ഫിൽ. പ്രബന്ധം***. കോഴിക്കോട് സർവ്വകലാശാല.

സ്കറിയാ സക്കറിയ. 1994. ***പഴശ്ശിരേഖകൾ***. കോട്ടയം: ഡി.സി. ബുക്സ്.

----------. 1996. ***തലശ്ശേരി രേഖകൾ***. കോട്ടയം: ഡി.സി. ബുക്സ്.

സ്വാമി, വി.വി. 2005. ***മാതൃഭൂമി ആഴ്ചപ്പതിപ്പ്***, ആഗസ്റ്റ് 7-13.

ഹരിദാസ് കെ. കാവശ്ശേരി. 2000.പാലക്കാട് ജില്ല – ഒരു എത്തിനോട്ടം, ***കേരള വണികവൈശ്യസംഘം സ്മരണിക***. തിരുവനന്തപുരം.

ഹരിശർമ്മ. (എഡി.) 1992. ***അധ്യാത്മരാമായണം***. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

**ENGLISH BOOKS**

Ajit K. Mohanthy. 1994. ***Bilingualism in a Multilingual Society***. Mysore: CIIL.

Aroknathan S. 1995. Spiral Bilingualism: An Unique Indian Situation, ***PILC (Pondichery Institute of Linguistics and Culture) Journal of Dravidic Studies***, 5(1), January.

Bal, Govind Misra. 1976. ***Studies in Bilingualism***. Mysore: CIIL.

Balasubramanian, G. 1995. Language and Power in Qural Context of Tamil Nadu, ***Paper presented in the 8th International Conference Seminar of Tamil Studies***. Thanjavoor.

----------. 2006. ***Studies in Linguistics***. Calicut University Press.

Banerji, S.C. 1976. ***Indian Society in the Mahabharatha***. Varanasi: Bharata Manisha, D28/171, Paule, Haveli.

Bayer, Jennifer Marie. 1986. ***Dynamics of Language Maintenance Among Linguistic Minorities: A Socio-linguistic Investigation of the Tamil Communities in Bangalore.*** Mysore: CIIL.

Bean S. Susan. 1983. Women and Language Use in a South Indian Village, ***IJDL**,* XII(2), June.

Bell, R. 1976. ***Sociolonguistics: Goals, Approaches and Problems****.* London: Bastford.

Bernard Spolsky. 1998/2003. ***Sociolinguistics****.* Oxford University Press.

Bright William. 1971. ***Sociolinguistics****.* Paris: Mouton and Co.

Bright, William and Ramanujan, A.K. 1964. Sociolinguistic Variation and Language Change, ***Proceedings of the Ninth International Congress of Linguistics****.* The Hague: Mounton.

----------. 1972. Sociolinguistic Variation and Language Change, *in* Pride J.B. and Holmes J. (eds.), ***Sociolinguistics.*** England: Penguin Books.

Chitra, G. 1999. Critical Study of the Place Names in Palakkad District and Their Relations to Sangam Literature,

***Unpublished Ph.D. Preliminary Thesis***. Calicut University.

Crystal, David. 2005. ***The Language Revolution***. New Delhi: Foundation Books.

***Distribution of Languages in India in States and Union Territories***. Mysore: CIIL.

Dua, R. Hans. 1986. ***Language Use, Attitudes and Identity Among Linguistic Minorities***. Mysore: CIIL.

Edward, Sapir. 1929. The Status of Linguistics as a Science, ***Language***, 5: 207-14.

Emeneau, M.B. 1967. ***India as a Linguistic Area, Collected Papers: Dravidian Linguistics, Ethnology, Folktales***. Annamalai Nagar: Annamalai University.

Fasold, R. 1987. ***The Socio-linguistics of Society***. Oxford: Basil Blackwell Ltd.

----------. ***Sociolinguistics of Language***. Cambridge: Basil Blackwell.

Ferguson, C.A., Diaglossia, D.H. Hymes (eds.) 1964. ***Language in Culture and Society: A Reader in Linguistics and Anthropology***. New York: Harper & Row.

Fischer. 1958. Social Influence on the Choice of a Linguistic Variety, *in* Hymes Dell (ed.), ***Language in Culture in Society****.* New York: Harper and Row.

Fishman, Joshna A. (ed.) 1970. ***Readings in Sociolinguistics****.* Paris: Mounton and Co.

----------. (ed.) 1977. ***Language, Ethnicity and Communication****.* London: Academic Press.

----------. 1964. Language Maintenance and Language Shift as Fields of Inquiry, ***Linguistics****,* 9: 32-70.

----------. 1967. Bilingualism With and Without Diglossia; Diglossia With and Without Bilingualism, *in* J. Macnamara, (ed.), Problems of Bilingualism, ***Journal of Social Issues****,* 23, 22: 29-38.

----------. 1968b. Sociolinguistic Perspective on the Study of Bilingualism, ***Linguistics****,* 39: 21-49.

----------. 1971. ***Sociolinguistics: A Brief Introduction****.* Rouley, Mass.

----------. 2001. ***Can Threatened Languages be Saved?*** Toronto: Multilingual Matters Ltd.

Grierson, G.A. 1967. ***Linguistic Survey of India***. Vol. IV. Delhi: Motilal Banarsidass.

Halbar, B.G. 1981. Bilingualism in a Karnataka Border Village, ***IJDL***, X(1), January.

Haugen, Einar. 1953. ***The Norwegian Language in America: A Study in Bilingual Behaviour***. Philadelphia: LV.

----------. 1956. ***Bilingualism in the Americas: A Bibliography and Research Guide***. American Dialect Society.

Herbert, Lander. 1966. ***Language and Culture***. New Oxford University Press.

Hocket, F. Charles. 1976. ***A Course in Modern Linguistics***. Delhi: Oxford IBH Publishing Co.

Hymes, Dell. 1911. On Communicative Competence, *in* Pride J.B. and Holmes J. (eds.), ***Sociolinguistics***. England: Penguin Books.

----------. 1961b. Linguistic Aspects of Cross-cultural Personality Study, *in* Bert Kaplan (ed.), ***Studying Personality Cross-culturally***, pp. 313-359. New York: Harper and Row.

----------. 1971. ***Creolization and Pidgimization of Language.*** London: Cambridge University Press.

----------. 1971. Sociolinguistics and Ethnography of Speaking, *in* Edwin Ardner (ed.), ***Social Anthropology and Language.*** London: Tamslock Publications.

Innes, C.A. & Evans, F.B. 1908. ***Madras District Gazetteers.***

Jesperson, Otto. 1922. ***Language - Its Nature, Development and Origin.*** London: Allen and Unwin.

***Kerala Government Gazette,*** XXXIX (39), August 16, 1994.

Kirsten, Malmkjaer. (ed.) 1991. ***The Linguistics Encyclopedia.*** London & New York: Routledge.

Kochhar, S.K. 1995/1979. ***Teaching of History.*** Sterling Publishers Pvt. Ltd.

Kothari, C.R. 1990. ***Research Methodology - Methods and Techniques.*** New Delhi: V.S. John Wiley Eastern Ltd.

Krishnamurthy, K. 1980. Theories of Migration: A Review, ***IJDL,*** 18(1), January.

Kunhali, V. (ed.) 2004. ***Calicut in History.*** Publication Division, University of Calicut.

Labov, William. 1966. ***The Social Stratification of English in New York City***. Washington DC: Centre for Applied Linguistics, George Watson University Press.

Lambort, W. 2001. A Psychology of Bilingualism, *in* John Macnamara (ed.), Problems of Bilingualism***, Journal of Social Issues***, 23(2): 91-109.

Lehman, P. Winfred. 1966. ***Historical Linguistics: An Introduction***. Delhi: The University of Texas, Oxford and IBH Publishing Co.

Lehmann, Thomas. 1989. ***A Grammar of Modern Tamil***. Pondichery: PILC.

Mackey, William F. 1965. Bilingual Interference: Its Analysis and Measurement, ***Journal of Communication***, 15: 239-249.

Macnamara, John. (ed.) 1967. Problems of Bilingualism, ***Journal of Social Issues***, 23(2).

Mohammed Koya, S.M. 1983. ***Mappilas of Malabar***. Calicut University: Sandhya Publications.

Mohanlal Sam. 1986. ***Convergence and Language Shift in a Linguistic Minority: A Case Study of Tamils in Bangalore City***. Mysore: CIIL.

Parvathy, E. 1997. Folklore of Vaniya Community in Trivandrum Taluk, ***Unpublished M.Phil Thesis***, Department of Tamil, University of Kerala.

Pattanayak, D.P. 1975. Caste and Language, ***IJDL***, IV(1), January.

----------. 1976. Reply to Comments on Caste and Language, ***IJDL***, V(1).

Paulman and Martha Raltiff (eds.) 2001. ***Linguistic Fieldwork***. Cambridge University Press.

Pride, J.B. and Holmes, J. (eds.) 1972. ***Sociolinguistics***. England: Penguin Books.

Rajamarthandan, C. 1984. Phonology of Kinship Terms in Tamil, ***IJDL***, XIII(2), June.

Rajend Mesthrie, John Swann, Andrea Denmert & William L. Leap. 2000. ***Introducing Sociolinguistics***. Edinburg, George Square: Edinburg University Press.

Rajyasree, K.S. 1986. ***An Ethnolinguistic Survey of Dharani: A Slum in Bombay***. Mysore: CIIL.

Ram Gopal. 1966. ***Linguistic Affairs of India***. Delhi: Asia Publishing House.

Ranjit Singh, Rangila. 1986. ***Maintenance of Panjabi Language in Delhi: A Sociolinguistic Study.*** Mysore: CIIL.

Rao Sahib M. & Raghava Aiyangar. 1948. ***Some Aspects of Kerala and Tamil Literature.*** Trivandrum: The University of Travancore.

Regu, K. 1988. The Language Problem in India (Review), ***IJDL,*** XVIII(2), June.

Robert A. & Hall, J.R. 1969. ***Introductory Linguistics***. Delhi: Motilal Banarsidass.

Robins, R.H. 1964(1991). ***General Linguistics: An Introductory Survey***. USA: Longman Linguistic Library (UK).

Roy, C.J. 1976. ***The Thiyya Dialect***. Madurai: Madurai Kamaraj University.

Sama, J.W. 1967. ***Field Linguistics***. New York: Holt, Rinehard and Linston, INC.

Samaria, J. William. 1967. ***Field Linguistics***. New York: Holt, Rinehard and Linston.

Sapir, Edward. 1949/1921. ***Language***. New York: A Harvest Book, Harcourt, Brace Inc.

Saratchandran Nair. 1993. Migrant Malayalees in Mysore: A Case Study of Language Related Issues, ***CIIL Journal of Dramatic Studies***, 3(1), January.

Sharma, Gopal & Suresh Kumar. 1979. ***Indian Bilingualism***. Agra: Kendriya Hindu Sansthan.

Southworth, F.C. 1980. Functional Aspects of Bilingualism, ***IJDL***, IX(1), January.

Sreedevi, B. 1979. Indian Bilingualism, ***IJDL***, VIII(1), January.

Sreedhar, M.V. *et al.* 1984. ***Questionnaire Bank for Sociolinguistic Surveys in India***. Mysore: CIIL.

Sreedhara Menon. 1967. ***A Survey of Kerala History.*** Kottayam: NBS.

Sreevalsan, T. 1999. Linguistic Convergence: Konkani-Malayalam Contact Situation, ***Unpublished Ph.D. Thesis***, Dept of Malayalam, University of Calicut.

Subramonian, V.I. 1977. Speech Variation and Social Stratification, ***IJDL***, VI(2), June.

Thampuran, R.R. 1982. ***A Sociolinguistic Study of Konkani in Kerala***. Mysore: CIIL.

----------. 1990. ***Language Maintenance/Shift Among Linguistic Minorities: A Sociolinguistic Investigation of Kerala Situation***. Mysore: CIIL.

Thurston, Edgar. 1975. ***Castes and Tribes of Southern India***. New Delhi: Cosmo Publications.

Tiwari, R.K. & Gopinathan, B. 1975. Pattanayaka's Paper on Caste and Language, ***IJDL***, IV(2).

Trudgill, Peter. 1974/1983. ***Sociolinguistics - An Introduction to Language and Society***. England: Penguin Books.

Walmough, Joshna A. 1956. ***Language A Modern Synthesis***. New York and Toronto: A Mentor books Published by The American Library, London: The New English Library Ltd.

Wardhangh, R. 1990. ***An Introduction to Sociolinguistics***. Oxford: Basil Blackwell Ltd.

William, J. Samarin. 1967. ***Field Linguistics - A Guide to Linguistic Fieldwork***. New York: Halt, Binehart & Winston.

# അഭിമുഖം നൽകിയവരുടെ പേരുവിവരങ്ങൾ

1. നാരായണൻ, എം.ജി.എസ്. (ചരിത്രകാരൻ)
2. ദൈവസുന്ദരം, എൻ. (തമിഴ് വിഭാഗം, മദ്രാസ് സർവ്വകലാശാല)
3. ഗിരീഷ്, പി.എം. (മലയാളവിഭാഗം, മദ്രാസ് സർവ്വകലാശാല)
4. വേണുഗോപാലപ്പണിക്കർ (ഭാഷാശാസ്ത്രജ്ഞൻ)
5. പ്രഭാകരവാര്യർ (ഭാഷാശാസ്ത്രജ്ഞൻ)
6. നാരായണൻ, എസ്. (റിട്ട., മലയാളവിഭാഗം, കോഴിക്കോട് സർവ്വകലാശാല)
7. മേരി ബെയർ ജെന്നിഫർ (സി.ഐ.ഐ.എൽ., മൈസൂർ)
8. ശരത്ചന്ദ്രൻ നായർ. (സി.ഐ.ഐ.എൽ., മൈസൂർ)
9. ശിവാനന്ദൻ ചെട്ട്യാർ (മാവേലിക്കര)
10. കുട്ടപ്പൻ ചെട്ട്യാർ (തിരുവനന്തപുരം)

# പദസൂചി

| | | |
|---|---|---|
| അതിഥിത്തൊഴിലാളികൾ | - | Guest workers |
| വ്യത്യയം | - | Contrast |
| സ്വനിമം | - | Phoneme |
| സ്വനം | - | Phone |
| വർത്സ്യഖരം | - | Fricactive |
| താലവ്യം | - | Alvealor |
| അനുക്രമം | - | Gradation |
| ഭാഷാനൈപുണികൾ | - | Language skills |
| ആന്തരികോന്മുഖം | - | Inward looking |
| അഹംകേന്ദ്രിതം | - | Idio syncratic |
| അർധഭാഷാവസ്ഥ | - | Semi-lingualism |
| സാംഖ്യികം | - | Statistical |
| ജാതിഭാഷാഭേദം | - | Caste dialect |

## അനുബന്ധം 1

# ചോദ്യാവലി

## എ. കുടുംബചോദ്യങ്ങൾ

1. മേൽവിലാസം

2. താങ്കളുടെ കുടുംബം തമിഴ്നാട്ടിൽ നിന്ന് കുടിയേറിയതാണോ?

3. ആണെങ്കിൽ കുടുംബത്തിൽ ആരാണ് ആദ്യം കുടിയേറിയത്?

4. അദ്ദേഹം കുടിയേറിയ കാലം?

5. കുടിയേറാനുള്ള കാരണം?

6. കുടിയേറ്റം ഒറ്റയ്ക്കായിരുന്നോ സംഘമായിട്ടായിരുന്നോ? സംഘമായിട്ടായിരുന്നെങ്കിൽ സംഘത്തിൽ എത്ര അംഗങ്ങളും കുടുംബങ്ങളും ഉ ായിരുന്നു?

7. ഇപ്പോഴത്തെ സ്ഥലത്തെത്തുംമുമ്പ് കുടുംബം വേറെ ഏതെങ്കിലും സ്ഥലങ്ങളിൽ താമസിച്ചിരുന്നോ? ഉങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്രകാലം വീതം താമസിച്ചിരുന്നു?

8. സമുദായത്തിൽ ഇത്തരം കുടിയേറ്റങ്ങൾ ഇപ്പോഴും നടക്കുന്നുോ? ഉ ങ്കിൽ നിങ്ങൾക്കറിയാവുന്ന കുടിയേറ്റങ്ങൾ ഏതൊക്കെ?

9. നിങ്ങളുടേത് ഒറ്റ കുടുംബമാണോ കൂട്ടുകുടുംബമാണോ?

10. നിങ്ങളുടെ അടുത്ത് സ്വസമുദായാംഗങ്ങളായ കുടുംബങ്ങൾ ഉോ? ഉ ങ്കിൽ എത്ര കുടുംബങ്ങൾ ്?

11. സ്വസമുദായാംഗങ്ങളായ കുടുംബങ്ങൾ ഒന്നിച്ചുകഴിയുന്ന പ്രദേശങ്ങൾ ഉോ? ഉങ്കിൽ എവിടെയൊക്കെ?

12. തമിഴ്നാട്ടിൽ ബന്ധുക്കളുോ? ഉങ്കിൽ എവിടെയൊക്കെയാണ്?

13. തമിഴ്നാട്ടിൽ പോകാറുോ? ഉങ്കിൽ എപ്പോഴൊക്കെ/എന്തി നൊക്കെ?

14. സമുദായാംഗങ്ങൾക്ക് പരസ്പരം ഇടപെടാനുള്ള സാഹചര്യം നിലവി ലുോ? ഉങ്കിൽ എന്തു സാഹചര്യം?

15. നിങ്ങളുടെ സമുദായത്തിന്റേതായ ആരാധനാലയങ്ങൾ ഉോ? ഉെങ്കിൽ എവിടെയൊക്കെ?

16. അവിടെ പോകാറുോ? ഉെങ്കിൽ എപ്പോഴൊക്കെ?

17. നിങ്ങളുടെ സമുദായത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന സംഘടനകളോ സ്ഥാപനങ്ങളോ ഉോ? ഉെങ്കിൽ ഏതൊക്കെ?

18. വീട്ടിൽ ചെറിയ കുട്ടികൾക്കുവേി ഏതൊക്കെ ഭാഷകളിൽ താരാട്ടു പാടാറു്?

19. ചെറിയ കുട്ടികൾക്ക് മുതിർന്നവർ ഏതൊക്കെ ഭാഷകളിൽ കഥകൾ പറഞ്ഞുകൊടുക്കാറു്?

20. നിങ്ങളുടെ വീട്ടിലെ കുട്ടികൾക്ക് തമിഴ് പഠിക്കാൻ എന്തെങ്കിലും സൗകര്യം ലഭിക്കുന്നുോ?

21. വീട്ടിൽ ഒരു വിവാഹം നടക്കുകയാണെങ്കിൽ ഏതു ഭാഷയിലായിരിക്കും ക്ഷണക്കത്ത് തയ്യാറാക്കുന്നത്?

22. സമുദായത്തിന്റേതായ ആരാധനാലയങ്ങളിൽ ആരാധനാവേളയിൽ മന്ത്രോച്ചാരണത്തിനും പ്രാർത്ഥനയ്ക്കും മറ്റും ഉപയോഗിക്കുന്ന ഭാഷ?

23. മറ്റു വിഷയങ്ങൾ സംസാരിക്കുന്ന ഭാഷ?

24. വീട്ടിൽ മതഗ്രന്ഥങ്ങൾ ഉോ? ഉെങ്കിൽ ഏതൊക്കെ ഭാഷകളി ലാണുള്ളത്?

25. സ്വസമുദായവുമായി ബന്ധപ്പെട്ട ഏതെങ്കിലും കഥകൾ/പുരാണങ്ങൾ/ ഐതിഹ്യങ്ങൾ/ചരിത്രസംഭവങ്ങൾ എന്നിവ ഏതെങ്കിലും അറിയുമോ?

26. സമുദായത്തിന്റേതെന്നു പറയാവുന്ന ഏതെങ്കിലും കലാരൂപങ്ങൾ ഉോ?

27. നിങ്ങളുടേത് മുന്നോക്കസമുദായമോ പിന്നോക്കസമുദായമോ?

28. സർക്കാരിന്റെ സംവരണപ്പട്ടികയിൽ നിങ്ങളുടെ സമുദായത്തിന് സ്ഥാനമുോ? ഉെങ്കിൽ എന്തു സ്ഥാനം?

29. നിങ്ങളുടെ സമുദായത്തിന് ഉ് എന്ന് നിങ്ങൾ കരുതുന്ന പ്രത്യേകതകൾ എന്തൊക്കെയാണ്?

## ബി. വൈയക്തിക ചോദ്യങ്ങൾ

1. പേര്

2. സ്ത്രീ/പുരുഷൻ

3. വയസ്സ്

4. മേൽവിലാസം

5. വിദ്യാഭ്യാസം

6. ജോലി

7. പ്രതിമാസ വരുമാനം

8. ജനിച്ച സ്ഥലം

9. ജാതിപ്പേര്

10. പൂണൂൽധാരിയാണോ?

11. വിവാഹിതനാണോ? ആണെങ്കിൽ ഭാര്യ/ഭർത്താവ് ഏതു സമുദായാം ഗമാണ്?

12. സാമുദായികാഘോഷങ്ങളിൽ തല്പരനാണോ?

13. സ്വസമുദായത്തിലെ കുടുംബങ്ങൾ അടുത്തായി താമസിക്കുന്നതിൽ നിങ്ങൾക്ക് താല്പര്യമുേ?

14. വീട്ടിൽ ഉപയോഗിക്കുന്ന ഭാഷ?

15. മലയാളികളോട് സംസാരിക്കാനുപയോഗിക്കുന്ന ഭാഷകൾ?

16. തമിഴനായ ഒരാൾ വീട്ടിൽ വന്നാൽ താങ്കൾ ഏതുഭാഷയിൽ സംസാ രിക്കും?

17. മലയാളമറിയുന്ന തമിഴനോട് ഏതുഭാഷകളിൽ സംസാരിക്കും?

18. ഒന്നിൽക്കൂടുതൽ ഭാഷകൾ ഇടകലർത്തി സംസാരിക്കാറുേ? ഉ ങ്കിൽ ഏതൊക്കെ അവസരങ്ങളിൽ ഏതൊക്കെ ഭാഷകൾ ഇടകലർത്തി സംസാരിക്കാറു്?

19. ഏതൊക്കെ ഭാഷകളിലുള്ള ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വായിക്കാറു്?

20. പാട്ട് കേൾക്കാറുേ? ഏതെല്ലാം ഭാഷകളിലെ പാട്ടുകളാണ് കേൾ ക്കാറ്?

21. റേഡിയോ പരിപാടികൾ കേൾക്കാറുേ? ഏതൊക്കെ ഭാഷകളിൽ?

| | വാർത്ത | ഗാനങ്ങൾ | മറ്റു പരിപാടികൾ |
|---|---|---|---|
| തമിഴ് | | | |
| മലയാളം | | | |
| ഇംഗ്ലീഷ് | | | |
| ഹിന്ദി | | | |

22. ഏതൊക്കെ ഭാഷകളിലുള്ള ടെലിവിഷൻ പരിപാടികൾ കാണാറു്?

| | | മലയാളം | തമിഴ് | ഹിന്ദി | ഇംഗ്ലീഷ് | മറ്റു ഭാഷകൾ |
|---|---|---|---|---|---|---|
| 1 | വാർത്ത | | | | | |
| 2 | സിനിമാ ഗാനങ്ങൾ | | | | | |
| 3 | സീരിയൽ | | | | | |
| 4 | സിനിമ | | | | | |
| 5 | മറ്റു പരിപാടികൾ | | | | | |

23. ഏതൊക്കെ ഭാഷകളിലുള്ള സിനിമകൾ കാണാറു്?

24. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഭാഷ?

25. ആദ്യം പഠിച്ച ഭാഷ ഏത്?

26. വിദ്യാലയത്തിൽ ഏതൊക്കെ ഭാഷകൾ പഠിച്ചിട്ടു്?

27. താങ്കൾക്ക് ഏതൊക്കെ ഭാഷകൾ അറിയാം?

| | **കേട്ടാൽ മനസ്സിലാകുന്നത്** | **സംസാരിക്കാൻ പറ്റുന്നത്** | **വായിച്ചാൽ മനസ്സിലാകുന്നത്** | **എഴുതാൻ അറിയുന്നത്** | **വിവർത്തനം ചെയ്യാനാകുന്നത്** | **സർഗ്ഗാത്മക രചനയ്ക്ക്** |
|---|---|---|---|---|---|---|
| തമിഴ് | | | | | | |
| മലയാളം | | | | | | |
| ഇംഗ്ലീഷ് | | | | | | |
| ഹിന്ദി | | | | | | |

28. തമിഴ് മാസങ്ങൾ ഏതൊക്കെ എന്ന് പറയാമോ?

29. ഒരു തമിഴൻ താങ്കളോട് ഏതുഭാഷയിൽ സംസാരിക്കാനാണ് താങ്കൾക്കിഷ്ടം?

30. ഭാരതസർക്കാർ തമിഴിനെ ക്ലാസിക് ഭാഷയായി അംഗീകരിച്ചത് അറിയാമോ? അറിയുമെങ്കിൽ അതേക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

31. താങ്കളുടെ വീടിനടുത്ത് ഒരു തമിഴ് മീഡിയം സ്കൂൾ തുടങ്ങു ന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്ത്?

32. താഴെ പറയുന്ന ബന്ധുക്കളെ താങ്കൾ എന്താണ് വിളിക്കുക?

| | | | |
|---|---|---|---|
| 1 | അച്ഛന്റെ അച്ഛൻ | 16 | ജ്യേഷ്ഠൻ |
| 2 | അച്ഛന്റെ അമ്മ | 17 | അനുജത്തി |
| 3 | അമ്മയുടെ അച്ഛൻ | 18 | ജ്യേഷ്ഠത്തി |
| 4 | അമ്മയുടെ അമ്മ | 19 | പെങ്ങളുടെ ഭർത്താവ് |
| 5 | അച്ഛൻ | 20 | ഭാര്യ |
| 6 | അച്ഛന്റെ മൂത്ത സഹോദരൻ | 21 | ഭർത്താവ് |
| 7 | അച്ഛന്റെ ഇളയ സഹോദരൻ | 22 | ഭാര്യാപിതാവ് |
| 8 | അച്ഛന്റെ മൂത്ത സഹോദരി | 23 | ഭാര്യാമാതാവ് |
| 9 | അച്ഛന്റെ ഇളയ സഹോദരി | 24 | ഭാര്യയുടെ മൂത്ത സഹോദരൻ |
| 10 | അമ്മ | 25 | ഭാര്യയുടെ സഹോദരി |
| 11 | അമ്മയുടെ മൂത്ത സഹോദരൻ | 26 | അനുജന്റെ ഭാര്യ |
| 12 | അമ്മയുടെ ഇളയ സഹോദരൻ | 27 | ജ്യേഷ്ഠന്റെ ഭാര്യ |
| 13 | അമ്മയുടെ മൂത്ത സഹോദരി | 28 | പെങ്ങളുടെ മകൻ |
| 14 | അമ്മയുടെ ഇളയ സഹോദരി | 29 | പെങ്ങളുടെ മകൾ |
| 15 | അനുജൻ | | |

33. താങ്കൾ എങ്ങനെ പറയും?

| | | |
|---|---|---|
| തുണി | മത്സ്യം | വൈകുന്നേരം |
| മുഴ് | പക്ഷി | മുടി |
| തോർത്ത് | കുട്ടി | പുരികം |
| സാരി | മനുഷ്യൻ | കഴുത്ത് |
| ലുങ്കി | ചന്ദ്രൻ | തോൾ |
| തൂവാല | പുലർച്ചെ | തള്ളവിരൽ |
| യുദ്ധം | പടിഞ്ഞാറ് | എല്ല് |
| നട്ടെല്ല് | മുളക് | നൂൽപ്പുട്ട് |
| ഹൃദയം | കുരുമുളക് | തിളപ്പിക്കുക |
| കരൾ | കായം | വേവിക്കുക |

| | | |
|---|---|---|
| ചോര | ചെറിയുള്ളി | തൂവുക |
| ഗർഭപാത്രം | സവാള | ഉരുക്കുക |
| രോമം | പഞ്ചസാര | ചിരകുക |
| തണുത്ത | ശർക്കര | വാർക്കുക |
| നീളമുള്ള | അരി | വരട്ടുക |
| പുതിയ | പച്ചക്കറി | പുഴുങ്ങുക |
| പഴയ | പടവലം | മരിക്കുക |
| ചുവന്ന | മുരിങ്ങ | വീഴുക |
| ചീഞ്ഞ | ഉരുളക്കിഴങ്ങ് | കേൾക്കുക |
| അടുക്കള | കപ്പ | കൊല്ലുക |
| ചെപ്പുകുടം | തേങ്ങ | കളിക്കുക |
| അരിപ്പ | കശുവി | ഉറങ്ങുക |
| ആട്ടുകല്ല് | കഞ്ഞി | മണക്കുക |
| സേവനാഴി | കറി | പിളർക്കുക |
| അപ്പക്കാര | തോരൻ | വീശുക |
| പാചകം | അച്ചാർ | |
| മസാല | രസം | |

| |
|---|
| അവൻ വന്നു |
| അവൾ വന്നു |
| അവർ വന്നു |
| നീ വന്നു |
| നിങ്ങൾ വന്നു |
| ഞാൻ വന്നു |
| ഞങ്ങൾ വന്നു |
| ഇരിക്കാൻ പറഞ്ഞു |
| കുളിക്കാൻ പോയി |
| അവനെ പിടിച്ചുവെച്ചെന്നറിഞ്ഞു |
| അവനുകൊടുത്ത എന്റെ പുസ്തകം തിരിച്ചുവാങ്ങണം |

അനുബന്ധം 2

# തടത്തിൽ ചീരയും കുടത്തിൽ മത്തങ്ങയും

## (തമിഴ്വാണിയരുടെ പലായനവുമായി ബന്ധപ്പെട്ട ഐതിഹ്യം)

ചോളരാജാവിന്റെ മന്ത്രി ഒരു വാണിയൻ ആയിരുന്നു. ഒരിക്കൽ രാജാവ് മന്ത്രിയെ വിളിച്ച് നാൽപ്പത്തിയൊന്ന് നാൾക്കകം 'തടത്തിൽ ചീരയും കുടത്തിൽ മത്തങ്ങയും' തന്റെ മുന്നിൽ കാഴ്ചവെയ്ക്കണമെന്ന് കല്പിച്ചു. അസാധ്യമായ കാര്യം ആജ്ഞാപിച്ചതുകേട്ട് ഭയചകിതനായ മന്ത്രി വീട്ടിൽ ചെന്ന് കാര്യം പറഞ്ഞു. മന്ത്രിയുടെ ബുദ്ധിമതിയായ മകൾ അച്ഛനെ ആശ്വസിപ്പിച്ചു.

മന്ത്രിപുത്രി പറമ്പിലെ ഒരു മത്തന്റെ പൂവ് കായായിത്തുടങ്ങിയത് ഒരു കുടത്തിനുള്ളിലാക്കുകയും ഒരു മുറത്തിൽ മണ്ണിട്ട് ചീര പാകി മുളപ്പിക്കുകയും ചെയ്തു. നാല്പതുനാൾകൊ് മത്തൻ കുടത്തിനുള്ളിലിരുന്ന് വളർന്ന് വലുതായി; ചീര മുറത്തിൽ വളർന്നു വലുതായി.

നാൽപ്പത്തിഒന്നാം നാൾ മന്ത്രി രാജാവിന്റെ മുന്നിൽ പറഞ്ഞതുപ്രകാരം കാഴ്ചവെച്ചു.

മന്ത്രിപുത്രിയുടെ ബുദ്ധിസാമർത്ഥ്യം അറിഞ്ഞ രാജാവ് അവളെ വിവാഹം കഴിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടു.

ചോളരാജൻ ഹീനജാതിക്കാരനായിരുന്നതിനാൽ വാണിയസമുദായം അത് അംഗീകരിച്ചില്ല. രാജകോപം ഭയന്ന് അവർ നാടുവിടാൻ തീരുമാനിച്ചു. വിവാഹത്തിനുള്ള ഒരുക്കങ്ങൾ എല്ലാം മുറപോലെ നടത്തി രാജാവിനെ ബോധ്യപ്പെടുത്തി. വിവാഹത്തലേന്ന്, ഒരു ചട്ടിയിൽ എണ്ണ തെളപ്പിച്ച്, അതിനു മുകളിൽ ഒരു പട്ടിയുടെ കഴുത്തറുത്ത് തലകീഴാക്കി കെട്ടിത്തൂക്കി പട്ടിയുടെ ശരീരത്തിൽനിന്ന് ചോരവാർന്ന് തിളച്ച എണ്ണയിൽ വീണ് ഉാകുന്ന ശബ്ദം കേട്ട് വിവാഹത്തിന് വേ പലഹാരങ്ങളും മറ്റും ഉാക്കുകയാണെന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കാനാണ് ഇങ്ങനെ ചെയ്തത്. എന്നിട്ട് അവർ നാടുവിട്ടു.

നിറഞ്ഞൊഴുകിയിരുന്ന കാവേരിനദി മുറിച്ചുകടക്കാൻ മാർഗ്ഗമില്ലായിരുന്നു. പരിശുദ്ധയായ പെൺകുട്ടി മുന്നിൽ നടന്നപ്പോൾ നദി വഴിമാറുകയും കൂട്ടത്തിലുള്ളവരെല്ലാം കടന്നുപോകുന്ന മുറയ്ക്ക് നദി പൂർവ്വസ്ഥിതിയിലാവുകയും ചെയ്തു. പിന്തുടർന്ന രാജാവിന് നദി കടക്കാനായില്ല. രാജാവ് വാണിയരെ ശപിച്ചു; വാണിയന് മുന്നേ മുക്കാൽ നാഴികയേ വളർച്ചയുാകൂ എന്ന്. രാജശാപത്താലാണത്രേ കേരളത്തിലെ തമിഴ് വാണിയർക്ക് അധഃപതിക്കാനിടയായത്.

### അനുബന്ധം 3

## കൈപ്പിടിശാസ്ത്രം

### (വിവാഹവേളയിൽ വധൂവരന്മാരുടെ കൈ ചേർത്തുപിടിച്ച് നീർവീഴ്ത്തിക്കൊണ്ട് ചൊല്ലുന്നത്)

ഓം ഹരിശ്രീ ഗണപതയേ നമഃ

മൂഷികവാഹന – മോദകഹസ്താ

താമരക്കണ്ണാ വിളങ്കിയ സൂത്രാ

വായ്മന്നരൂപാ മഹേശരപുത്രാ

വിഘ്നവിനായകാ പാദംനമസ്തേ

ശുക്ലാംബരധരം വിഷ്ണും

ശശിവർണം ശശിപ്രിയം

പ്രസന്നവദനം ധ്യായേത്

സർവ്വവിഘ്നോപശാന്തയേ

ഹരിഓം മഹാഗണപതിയേ

വെറ്റിവിനായകാ ഒറ്റമരിപ്പാ

ഓർദിതിങ്കയ്യാ പാർസ്തുതിചെയ്യും

ഐന്തുകരത്താ ആനൈമുകവാ

അങ്കുശപാശകാ അടിയനേ കാപ്പായ്

വന്ത് മുമ്പിരുന്ത് വാക്കുത്തന്തരുൾവായ്

ചിന്തയിൽ ഉൻപാകും തെളിവുരക്കൊനേൻ

സന്തോഷമാക ഉൻ ശരണിതപണിന്തേൻ

ആലിലമേൽ തുകിൽ അച്ചുതൻ മരുകാ

കാലനൈ ഉദൈത്ത കങ്കാളരശേ

വാണിനാർ മകൾക്ക് വിരുന്തിടു ദർപ്പയായ്

വേണിയേ ഉനത് പെരിമയേ സ്തുതിപ്പേൻ

വള്ളിമണവാളരുക്ക് വന്തുമുൻ ഉദിത്ത

വെള്ളിയങ്കിരിയിൽ ആശശൊൽപ്പടിയേ

ഭാരതംതന്നെ വൻപുടനമരുവായ്

ശീർപരമെളുതും സിദ്ധിവിനായകാ

അവൽപൊരി കടലൈ അതിനൊടുശർക്കരൈ

തുവരൈയെള്ളുമൈ തോശയാൻതരുവേൻ

വെടലിവിളാംകനി മിക്മുക്കനിയും

കടലകരിമുകവാ കരുത്തുടൻ തരുവേ

എന്നുടയനാവിൽ ഇമ്പമായ് വന്ത്

പന്നിശൊൽതന്നെ ഭയന്തറെ ശെയ്‌വായ്

വിഘ്നവിനായകാ പാദം നമസ്തേ

സ്വർണ്ണപ്പൊന്നമ്പലത്തിൽ ശിവനാരെന്റും

തിരുനടം പുരുകയിൽ തിരുമാലും ഉമയവളും

ശതർമുകപ്പെരുമാളും ഇന്ദിരൻ ചന്തിരൻ

ഇമയവർ വാനവർ മുപ്പത്തിമുക്കോടി ദേവർകളും

അറുപത്തിനാൽക്കോടി ഇർഷികളും

അഷ്ടദിക്പാലകരും ആദിവൈരവരും

കിന്നർകിണനാഥരും സിദ്ധിവിദ്യാദികളും

വിഘ്നേശരരും ഇവർകൾ മുതലാകിയ

ദേവാതിമാർകൾ എഴുന്നേരിയിര്ക്ക്റാം

ദൈവസഭയിലെ ദീപവെളിയുാകവേണുമെന്റ്

ഉമയവൾ പരമേശരന്ക്ക് ഉരക്കാ

പരമേശരരും നാന്മുഖന്ക്ക് ശെപ്പ്

നാന്മുഖനും വക്വാമുനിക്കുരയ്ക്ക്

വക്വാമുനിയും വാണിയാകിയ സരസ്വതിയും

മകിഴ്ന്തേയിരുന്ത് ആയിരം ദർപ്പയേയിടിത്ത്

ആയിരം പേരെയും പടൈത്ത്

ആയിരത്തിന്റാം ദർപ്പയേ മുടിത്ത്

അമ്പിപ്പെരിയാളെയും പടെയ്ത്ത്

ഇവർകള്ക്ക് ഓത്തിരം പവുക്കവേണമെന്റ്

അത്തിനീയപദാത്തിനി – കാശികൻ കൗശികൻ

വസിഷ്ഠൻ വിശ്വാമിത്തിരൻ ഇവർകൾകൂടി

കോത്തിരവും പവ്ത്ത് വേദമാമുനിവർ

വെള്ളിമാമലയിലെ കൈലയിലേയെത്തി

ശിവൻതിരുമുൻപിൽ ചെന്റ്

ശിവനും ഉമയും ചിന്തെമകിഴ്ന്ത്

ദേവാദികളെ അളൈപ്പിത്ത്

തിരുപ്പൂട്ടി വൈത്ത് – തിരുമംഗല്യദാനംചെയ്ത്

അമ്പുലിചാത്തം – മാതേവൻ പെരുമാൾ

പരിശയുംനൽകി പച്ചപ്പുരവിയും പകിടവെള്ളാനയും

പാങ്കാനമുരിതും കമലകീയത്തേരും

കിഷ്കിന്താമലയും വെള്ളപ്പിള്ളയാരും

ഗരുഡക്കൊടിയും കാഞ്ചിമാനകരവും

കതിരൊളിദീപവും സ്തുതികറന്തമാലയും

ഈവകപത്തും ഇവർകളുക്കാകെ

ഇന്റേ കൊടുത്ത് കാവേരിശുത്താകാഞ്ചിമാനഗരിൽ

ആയിരത്തലൈവരും അളൈവരും കൂടി

ഇരിക്കും പൊഴുതിലേ

ചോളനുക്ക് നാട് – പോളവനാട്

വാണിയനുക്ക് നാട് – വൈകുണ്ഠവളനാട്

ചോളനുക്ക് പുരവി – കരുമാപ്പുരവി

വാണിയനുക്ക് പുരവി – കരിമാതളപ്പുരവി

ചോളനുക്ക് വങ്കിശം – സൂര്യകുലവങ്കിശം

വാണിയനുക്ക് വങ്കിശം – വൈശ്യകുലവങ്കിശം

ചോളനുക്കിട്ടപൂടം – വാണിയന്ക്കെതിർപൂടം

ചോളൻ ദേവനാരായണൻ – വാണിയൻ വശികനാരായണൻ

ഇപ്പടിയാക കുലവീതി ചൂഴ്ന്തിരിക്കും പൊഴുതിലെ

മന്നവൻ ചോളൻ മണവത് മുകിക്ക എന്നത് കേൾക്ക

പിശതലൈയെന്നി എന്നമാഇവർക്ക്

പെൺകൊടുപ്പോമെന്റ് പിശകിനേ നിനൈത്ത്

ആയിരത്തലൈവരും ആനൈപേരും കൂടി

വകയായിച്ചുണങ്കനേ

കാവണത്തും വാസലിലേ കെട്ടിവെയ്ത്ത്

തെൻതിശൈനോക്കി തികൈത്തോടിവരികയിൽ

പിന്നാകെ ചോളൻ പെരുംപടൈയെടുത്ത്

മുന്നേമറിന്ത് മുടികിപ്പോർ ശെയ്കയിൽ

അന്നേരമേതാൻ – അമ്പിപ്പെരിയാളെയും

മതിരമുടയാളെയും പടഭദ്രകാളിയെയും

നിനൈക്കും പൊഴുതിലെ നേരിളക്കാകവേ

വേതാളപൂതത്തിൻ കയ്യിൽ

ശൂലായുതത്തെ കൊടുത്തനുപ്പി

ചോളൻപടൈയെ ഇറുക്കിയേകുത്തി

നീളത്തിരുമ്പി വിരോടിവരികയിൽ

കാവേരിയാറ് കരപുരളവെള്ളം

കോവിത്ത് വരികയിൽ നേരുള്ള മടന്തൈ

മുന്നണിയിങ്കെ മുന്നീർവിലങ്ക

അക്കരൈ പുകിന്ത് നദിയേറും മധുരയിൽ

നഞ്ചുചൊക്കരുനാഥനാർ കോവിലിൽ

വലമതുചുറ്റി – വാസൽ പുകിന്ത്

മലർതൂവി തൊനിട്ട് അകമത്പുകുന്ത്

ചൊക്കരുക്ക് തേവിയുമാന അരനരുളാലേ

മധുരാപുരി പട്ടണത്തിൽ മികിഴ്ന്തങ്കിരിക്ക

ഇരിക്കുമ്പൊഴുതിലേ ഇര്ന്തവർകളിൽ

ഏതാനും പേർകൾ തിരുമ്പിയേ ചോളൻദേശത്തിച്ചെല്ല്

മുന്നിട്ട് പോനവരെല്ലാം മുന്നത്ത് ശെട്ടിയെന്റും

ഇരുന്തവർകളെല്ലാം പരിശംകെട്ടിയെന്റും

ജാതിയൊന്റ് വകുപ്പുരായ് താനേപിര്ന്ത്

ഇരിക്കുമ്പൊഴുതിലേ മധുരപ്പേർ വന്ത്

മകിഴ്ന്തൊരു പെങ്കൾക്ക് കൊടുക്ക്റോമെന്റ്

കൂറിയേവശികൻ ആയിരത്തലൈവരും

അനൈപേരുംകൂടി നല്ലനാൾകേട്ട്

കന്നിമൂലയിലേ കവണക്കാൽനാട്ടി

ധനുമൂലയിലേ തങ്കക്കാൽനാട്ടി

മീനമൂലയിലേ വെള്ളിക്കാൽനാട്ടി

മിഥുനമൂലയിലേ വെങ്കലക്കാൽനാട്ടി

കാവണംചമൈത്ത് മേക്കട്ടികെട്ടി

ധാനക്കയറോടി മല്ലികൈമുല്ലെ

മകിളോടിരുവാക്കി അരശിലൈദർപ്പൈ

മണക്കതൈപൂട്ടി

മണവിടപന്തൽ പൊന്നാലലങ്കരിത്ത്

പട്ടുവിതാനം പാങ്കാക അലങ്കരിത്ത്

മധുരപ്പേർതനക്ക് മാപ്പിളക്കോലം ചമൈത്ത്

വെള്ളാനതന്നെ മികവേ അലങ്കരിത്ത്

പട്ടണപ്രവേശം പാങ്കുടനമർന്ത്

കന്നിക്കുനല്ല കതർകുളിപ്പാട്ട്

കനകപ്പല്ലക്കിൽ വെയ്ത്ത് ഊരുവലംവൈത്ത്

കാവണത്തിലിരുത്തി ശടങ്കുകൾ ശെയ്ത്

വേതിയർവന്ത് യാഗം വളർത്ത

അഗ്നി ഭഗവാൻ ഒളിവിളങ്കേന്ത

വായുഭഗവാൻ പരിമളംവീശ

വരുണഭഗവാൻ വശങ്കനീർതളിക്ക

ഏകബ്രാഹ്മണൻ തേവാരമോത്

കന്നിമാപെങ്കൾ കവരികൾ വീശ

മങ്കയർനിന്റ് വാഴ്ത്തിരിക്കുംവായിട

ശങ്കുമുളങ്കതകില്മുളങ്ക

ശങ്കോട് നാദസ്വരം എക്കാണം പുരികൈ

ഇടിപോൽ മുളങ്ക

അഷ്ടമംഗല്യവും കുത്തുവിളക്കും

വിഘ്നേശരരും അമ്മിവലമാകെ

അരശാണിമുമ്പാകെ ബ്രഹ്മനിലയാകെ

പേക്കരിമ്പ്മുന്നാകെ അഗ്നിസാക്ഷിയാക

ഊര്‍കാരറിയ മധുരപ്പേര്‍ തനക്ക്

അമ്പിപ്പെരിയാളെ തിരുപ്പൂട്ടിവെയ്ത്ത്

ശിറുവിരല്‍ കോര്‍ത്ത് അമര്‍പുക്ന്ത്

ചൊര്‍ക്കര്‍ക്ക് തേവിയുമാനാള്‍

കൊല്ലം ---മ് --- മാസം

--- തിയ്യതി ---ല്‍ --- വീട്ടില്‍

---ന്റെ മകള്‍ ---യെ --- വീട്ടില്‍

---ന്റെ മകന്‍ --- ആള്‍ക്ക്

(ഇവിടെ വധൂവരന്മാരെക്കുറിച്ചും അതാതു വിവാഹദിവസത്തെക്കുറിച്ചുമുള്ള വിവരങ്ങള്‍ ചേര്‍ക്കുന്നു.)

കൈപ്പിടിത്ത് കൊടുക്ക്റോം

കൈപ്പിടിത്ത് കൊടത്തവരും കാവണത്തിലിര്ന്തവരും

പെണ്ണുടയമാപ്പിളയും പേര്‍പെറ്റ്വാഴ്ക

നാടുവാഴ്ക നഗര്വാഴ്ക തങ്കവും പൊന്നും

തളയ്ക്ക നീര്‍വാര്‍ക്ക്റോം

മുത്തുംപൊന്നും മുക്യാമെനീര്‍വാര്‍ക്റോം

കാശിയിലേ - കന്യാകുമാരിയിലേ തിരുകുറ്റാലത്തിലേ

തിരുവണ്ണാമലയിലേ മാമാങ്കത്തിലേ വര്‍ക്കലയിലേ

തയ്യമ്മാവാസിയിലേ - കുംഭകോണത്തിലേ

രാമേശ്വരത്തിലേ നദിയാടിനാല്‍ എന്നപ്പലനുാേ

അനപ്പലനാകവും ആലുപോല്‍തളൈത്ത്

അറ്ഹതുപോല്‍ വേരൂന്റ്റി

മുകില്‍പോല്‍ അന്നശുത്തം

മുകിയ നീര്‍വാഴ്ക വാഴ്ക വാഴ്ക...

**<u>ക്ലിഷ്ടപദങ്ങൾ</u>**

| | |
|---|---|
| ശെപ്പ് | പറയുക |
| ഓത്തിരം | ഗോത്രം |
| പവുക്ക | പകുക്കുക, ഭാഗംവയ്ക്കുക |
| അളൈപ്പിത്ത് | വിളിച്ചുവരുത്തി |
| വേദമാമുനി | നാരദർ |
| അനൈവരും | എല്ലാവരും |
| ചുണങ്കൻ | പട്ടി |
| അനുപ്പി | വിട്ടു |
| മടന്തൈ | സുന്ദരി |
| ചൊക്കര് | ദൈവം |

അനുബന്ധം 4

# കേരളത്തിലെ തമിഴ്‌വാണിയരുടെ സാന്നിധ്യം വ്യക്തമാക്കുന്ന ഭൂപടം




1. സജീവസാന്നിധ്യമുള്ള ജില്ലകൾ: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്
2. ദുർബ്ബലസാന്നിധ്യമുള്ള ജില്ല: മലപ്പുറം
3. തമിഴ്–മലയാള വാണിയരുടെ സംഗമസ്ഥാനം: കോഴിക്കോട്
4. വയനാടൻ ചെട്ടികൾ എന്ന് അറിയപ്പെടുന്ന പ്രദേശം: വയനാട്
5. സാന്നിധ്യം ഇല്ലാത്ത ജില്ലകൾ: കണ്ണൂർ, കാസർകോഡ്